# നാടും സാഹിത്യവും: തിരഞ്ഞെടുത്ത നോവലുകളെ ആധാരമാക്കിയുള്ള പഠനം

*കാലിക്കറ്റ് സർവ്വകലാശാലയിൽ*

*മലയാള-കേരളപഠനവിഭാഗത്തിൽ ഡോക്ടർ ഓഫ് ഫിലോസഫി*

*ബിരുദത്തിനായി സമർപ്പിക്കുന്ന പ്രബന്ധം*

**സൂര്യജ എം.**

**മലയാള-കേരളപഠനവിഭാഗം**

**കാലിക്കറ്റ് സർവ്വകലാശാല**

**2023**

# LAND AND LITERATURE: STUDY BASED ON SELECTED MALAYALAM NOVELS

*Thesis submitted to the*
*University of Calicut for the degree of*
*Doctor of Philosophy*


**SURYAJA M.**



**MALAYALAM AND KERALA STUDIES**
**UNIVERSITY OF CALICUT**

**2023**

# സത്യവാചകം

കാലിക്കറ്റ് സർവകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന **'നാടും സാഹിത്യവും: തിരഞ്ഞെടുത്ത നോവലുകളെ ആധാരമാക്കിയുള്ള പഠനം'** എന്ന ഈ ഗവേഷണപ്രബന്ധം ഇതിന് മുമ്പ് ഏതെങ്കിലും അംഗീകാരത്തിനോ പരീക്ഷയ്ക്കോ അസോസിയേറ്റ്ഷിപ്പിനോ ഫെല്ലോഷിപ്പിനോവേണ്ടി എഴുതപ്പെട്ടതല്ലെന്ന് ഇതിനാൽ ബോധിപ്പിക്കുന്നു.

കാലിക്കറ്റ് സർവകലാശാല **സൂര്യജ എം.**

തിയ്യതി:

**ഡോ. എൽ.തോമസ്കുട്ടി**

സീനിയർ പ്രൊഫസർ

മലയാള-കേരളപഠനവിഭാഗം

കാലിക്കറ്റ് സർവ്വകലാശാല

---

**സാക്ഷ്യപത്രം**

സൂര്യജ എം. സമർപ്പിച്ച **'നാടും സാഹിത്യവും: തിരഞ്ഞെടുത്ത നോവലുകളെ ആധാരമാക്കിയുള്ള പഠനം'** എന്ന പ്രബന്ധം പരീക്ഷകർ നിർദ്ദേശിച്ച ഭേദഗതികൾ വരുത്തി പരിഷ്ക്കരിച്ച കോപ്പിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവകലാശാല **ഡോ. എൽ.തോമസ്കുട്ടി**

തിയ്യതി:

**ഡോ. എൽ.തോമസ്കുട്ടി**

സീനിയർ പ്രൊഫസർ

മലയാള-കേരളപഠനവിഭാഗം

കാലിക്കറ്റ് സർവ്വകലാശാല

---

## സാക്ഷ്യപത്രം

സൂര്യജ എം. സമർപ്പിച്ച **'നാടും സാഹിത്യവും: തിരഞ്ഞെടുത്ത നോവലുകളെ ആധാരമാക്കിയുള്ള പഠനം'** എന്ന പ്രബന്ധം എന്റെ നിർദേശമനുസരിച്ച് നിർവഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കാലിക്കറ്റ് സർവകലാശാല **ഡോ. എൽ.തോമസ്കുട്ടി**

തിയ്യതി:

# കൃതജ്ഞത

കാലിക്കറ്റ് സർവകലാശാലയുടെ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കപ്പെടുന്ന ഈ പ്രബന്ധത്തിന്റെ രചനയിൽ എനിക്ക് മാർഗദർശിയായ ഡോ. എൽ.തോമസ്കുട്ടിയോടുള്ള കൃതജ്ഞത രേഖപ്പെടുത്താൻ ഈ അവസരം ഉപയോഗിക്കുന്നു. രചനാഘട്ടത്തിൽ പിന്തുണ നൽകിയ അച്ഛൻ, അമ്മ, ജീവിതപങ്കാളി എന്നിവരോടും പ്രബന്ധരചനക്ക് പ്രോത്സാഹിപ്പിച്ച അധ്യാപകർ, സുഹൃത്തുക്കൾ, മറ്റെല്ലാവരോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു.

കാലിക്കറ്റ് സർവകലാശാല **സൂര്യജ എം.**

തിയ്യതി:

**ഉള്ളടക്കം**


| | | |
|---|---|---|
| **ആമുഖം** | | **1 3** |
| **1** | **പഠനത്തിന്റെ ലക്ഷ്യവും പ്രസക്തിയും** | **1** |
| **2** | **പഠനരീതി** | **2** |
| **3** | **പഠനമേഖല** | **2** |
| **4** | **പൂർവപഠനങ്ങൾ** | **2** |
| **5** | **പ്രബന്ധസ്വരൂപം** | **3** |
| **അധ്യായം 1** | **നാടും സാഹിത്യവും** | **4 41** |
| **1** | **ഭൂമിയും മനുഷ്യനും** | **4** |
| 1.1 | വംശ-ഗോത്ര-വർഗരൂപീകരണം | 6 |
| 1.2 | ഇന്ത്യ എന്ന ഭൂമിശാസ്ത്ര ഭൂമിക | 7 |
| 1.3 | ആദ്യകാലകേരളം | 8 |
| 1.4 | മലയാളദേശം/കേരളം - പദനിഷ്പത്തിയും ഭൂപ്രകൃതിയും | 9 |
| 1.5 | ഭൂപ്രകൃതിയും കാലാവസ്ഥയും | 10 |
| 1.6 | കാർഷികസംസ്കാരം | 12 |
| 1.7 | സാംസ്കാരിക ഭൂമിശാസ്ത്രവും സംസ്കാരവും | 14 |
| 1.7.1 | നാട് | 15 |
| **2** | **വിശകലനത്തിന് സഹായകമായ ചിന്തകളും രീതികളും** | **16** |
| 2.1 | മിത്തോളജി | 16 |
| 2.2 | നരവംശശാസ്ത്രം | 17 |
| 2.3 | സാംസ്ക്കാരിക മനശാസ്ത്രം | 17 |
| 2.4 | പാരിസ്ഥിതിക സൗന്ദര്യശാസ്ത്രം | 17 |
| 2.5 | പാരിസ്ഥിതിക സ്ത്രീവാദം | 18 |
| 2.6 | ഹരിതഭാഷാവിജ്ഞാനീയം | 18 |
| 2.7 | തിണ സങ്കൽപം | 18 |
| **3** | **നാടും സാഹിത്യവും** | **21** |
| 3.1 | കേരളം ഉൽപത്തിയും കണ്ടെത്തലും | 21 |
| 3.2 | സാഹിത്യവും പ്രകൃതിയും | 22 |

| | | |
|---|---|---|
| 3.3 | സാഹിത്യവും സമൂഹവും | 24 |
| 3.4 | നോവലും സമൂഹവും | 24 |
| 3.5 | നോവലിന്റെ ചരിത്രം | 27 |
| 3.6 | മലയാള നോവലുകൾ ഒരു വിശകലനം | 28 |
| 3.6.1 | ആദ്യകാല നോവലുകൾ | 28 |
| 3.6.2 | പിൽക്കാല നോവലുകൾ | 29 |
| 3.6.3 | ആധുനിക നോവൽസാഹിത്യം | 30 |
| 3.6.4 | ഉത്തരാധുനിക നോവൽസാഹിത്യം | 32 |
| 3.7 | മിത്തും സാംസ്കാരിക ഇടങ്ങളും | 33 |
| 3.8 | കഥാപാത്രരൂപീകരണം | 36 |
| 3.9 | സ്ഥലസങ്കൽപം | 38 |
| 3.10 | ഫൂക്കോയുടെ അധികാരസങ്കൽപം | 39 |
| **അധ്യായം 2** | **മലനാട്** | **42 71** |
| **1** | **കേരളത്തിലെ ഭൂവിഭാഗങ്ങൾ** | **42** |
| **2** | **മലനാടൻ കുടിയേറ്റങ്ങൾ** | **42** |
| **3** | **മലനാട്ടിലെ ജീവിതം നോവലിൽ** | **44** |
| 3.1 | നാരായന്റെ ചെങ്ങാറും കുട്ടാളും | 45 |
| 3.1.1 | ചെങ്ങാറും കുട്ടാളും അനാവൃതമാക്കുന്ന ഭൂമിക | 50 |
| 3.2 | എസ്.കെ. പൊറ്റെക്കാടിന്റെ വിഷകന്യക | 53 |
| 3.2.1 | വിഷകന്യക അനാവൃതമാക്കുന്ന ഭൂമിക | 55 |
| 3.3 | മലനാടിന്റെ പ്രതിനിധാനം നോവലുകളിൽ ഒരുവിശകലനം | 58 |
| 3.3.1 | സ്ഥലം/ഭൂമിശാസ്ത്രം | 58 |
| 3.3.2 | കാലം/ചരിത്രഘട്ടം | 59 |
| 3.3.3 | നാട് - സൂക്ഷ്മസ്ഥലി - ആദിമനിവാസികൾ | 60 |
| 3.3.4 | സമൂഹഘടന | 60 |
| 3.3.5 | ഗോത്രസ്മൃതി/പാരമ്പര്യം | 61 |
| 3.3.6 | കുടുംബം - ദാമ്പത്യം - ദായക്രമം | 62 |
| 3.3.7 | ഭക്ഷണം - പാർപ്പിടം - വസ്ത്രം | 62 |
| 3.3.8 | തൊഴിൽ | 63 |

| | | |
|---|---|---|
| 3.3.9 | കുടിയേറ്റം | 64 |
| 3.3.10 | ലിംഗസമത്വം/ലിംഗഭേദം | 65 |
| 3.3.11 | അധികാര ഘടന/രാഷ്ട്രീയ പരിസരം | 66 |
| 3.3.12 | പാരിസ്ഥിതിക പ്രശ്നങ്ങൾ | 67 |
| 3.3.13 | മിത്ത്/വിശ്വാസം | 67 |
| 3.3.14 | ഭാഷ/ഭാഷാഭേദം | 69 |
| 3.3.15 | സമരം/ പ്രതിരോധം | 69 |
| 3.3.16 | കഥാപാത്രങ്ങളുടെ സ്വഭാവം | 69 |
| **അധ്യായം 3** | **ഇടനാട്** | **72 102** |
| **1** | **ഇടനാട്** | **72** |
| **2** | **ഇടനാടിന്റെ സംസ്കാരം** | **73** |
| **3** | **പ്രധാനപ്പെട്ട ഇടനാടൻ നോവലുകൾ** | **75** |
| 3.1 | ചെറുകാടിന്റെ 'മണ്ണിന്റെമാറിൽ' | 77 |
| 3.1.1 | നോവലിൽ അനാവൃതമാവുന്ന ഭൂമിക | 78 |
| 3.2 | സാറാജോസഫിന്റെ 'ആലാഹയുടെ പെൺമക്കൾ' | 84 |
| 3.2.1 | ആനിയുടെ സംശയങ്ങളുടെ ലോകം | 84 |
| 3.2.2 | പെണ്ണുങ്ങളുടെ അപരലോകം | 85 |
| 3.2.3 | അരികുവൽക്കരിക്കപ്പെട്ടവരുടെ യഥാർത്ഥ ലോകം | 86 |
| 3.2.4 | നോവലിൽ അനാവൃതമാവുന്ന ഭൂമിക | 87 |
| 3.3 | ഇടനാടിന്റെ പ്രതിനിധാനം നോവലുകളിൽ ഒരു വിശകലനം | 91 |
| 3.3.1 | സ്ഥലം/ഭൂമിശാസ്ത്രം | 91 |
| 3.3.2 | കാലം/ചരിത്രഘട്ടം | 92 |
| 3.3.3 | നാട് - സൂക്ഷ്മസ്ഥലി - ആദിമനിവാസികൾ | 92 |
| 3.3.4 | സമൂഹഘടന | 93 |
| 3.3.5 | കുടുംബം - ദാമ്പത്യം - ദായക്രമം | 94 |
| 3.3.6 | ഭക്ഷണം - പാർപ്പിടം - വസ്ത്രം | 95 |
| 3.3.7 | തൊഴിൽ | 96 |
| 3.3.8 | കുടിയേറ്റം | 96 |
| 3.3.9 | ലിംഗസമത്വം/ലിംഗഭേദം | 97 |

| | | |
|---|---|---|
| 3.3.10 | അധികാര ഘടന/രാഷ്ട്രീയ പരിസരം | 98 |
| 3.3.11 | പാരിസ്ഥിതിക പ്രശ്നങ്ങൾ | 99 |
| 3.3.12 | മിത്ത്/സ്വത്വബോധം | 99 |
| 3.3.13 | ഭാഷ/ഭാഷാഭേദം | 99 |
| 3.3.14 | സമരം/പ്രതിരോധം | 100 |
| 3.3.15 | കഥാപാത്രങ്ങളുടെ സ്വഭാവം | 101 |
| **അധ്യായം 4** | **തീരപ്രദേശം** | **103 128** |
| **1** | **കടലും മനുഷ്യനും** | **103** |
| **2** | **കടലും കേരളവും** | **104** |
| **3** | **കടൽ ബിംബം എന്ന നിലയിൽ** | **106** |
| **4** | **കടൽ എന്ന തൊഴിൽമേഖല** | **107** |
| **5** | **കടലും സാഹിത്യവും** | **108** |
| **6** | **തീരദേശ സംബന്ധിയായ നോവലുകൾ** | **109** |
| 6.1 | തകഴിയുടെ 'ചെമ്മീൻ' | 110 |
| 6.1.1 | നോവലിൽ അനാവൃതമാവുന്ന ഭൂമിക | 112 |
| 6.2 | അംബികാസുതൻ മാങ്ങാടിന്റെ 'മരക്കാപ്പിലെ തെയ്യങ്ങൾ' | 114 |
| 6.2.1 | നോവലിൽ അനാവൃതമാവുന്ന ഭൂമിക | 115 |
| 6.3 | തീരപ്രദേശത്തിന്റെ പ്രതിനിധാനം നോവലുകളിൽ ഒരു വിശകലനം | 117 |
| 6.3.1 | സ്ഥലം/ഭൂമിശാസ്ത്രം | 117 |
| 6.3.2 | കാലം/ചരിത്രഘട്ടം | 118 |
| 6.3.3 | നാട് - സൂക്ഷ്മസ്ഥലി - ആദിമനിവാസികൾ | 118 |
| 6.3.4 | സമൂഹഘടന | 119 |
| 6.3.5 | കുടുംബം - ദാമ്പത്യം - ദായക്രമം | 121 |
| 6.3.6 | ഭക്ഷണം - പാർപ്പിടം - വസ്ത്രം | 122 |
| 6.3.7 | തൊഴിൽ | 122 |
| 6.3.8 | കുടിയേറ്റം | 123 |
| 6.3.9 | ലിംഗസമത്വം/ലിംഗഭേദം | 123 |
| 6.3.10 | അധികാര ഘടന/രാഷ്ട്രീയ പരിസരം | 124 |
| 6.3.11 | പാരിസ്ഥിതിക പ്രശ്നങ്ങൾ | 124 |

| | | |
|---|---|---|
| 6.3.12 | മിത്ത്/വിശ്വാസം | 124 |
| 6.3.13 | ഭാഷ/ഭാഷാഭേദം | 126 |
| 6.3.14 | സമരം/പ്രതിരോധം | 126 |
| 6.3.15 | കഥാപാത്രങ്ങളുടെ സ്വഭാവം | 126 |
| **അധ്യായം 5** | **വിശകലനവും നിഗമനങ്ങളും** | **129 157** |
| **1** | **വിശകലനം** | **129** |
| 1.1 | ഭൂമിശാസ്ത്രവും സംസ്കാരവും | 129 |
| 1.2 | നോവൽ സാഹിത്യം | 129 |
| 1.3 | സ്ഥലം/ഭൂമിശാസ്ത്രം | 131 |
| 1.4 | കാലം/ചരിത്രഘട്ടം | 133 |
| 1.5 | നാട്/സൂക്ഷ്മസ്ഥലി/ആദിമനിവാസികൾ | 134 |
| 1.6 | സാമൂഹിക ഘടന | 135 |
| 1.7 | കുടുംബം - ദായക്രമം | 138 |
| 1.8 | ഭക്ഷണം -പാർപ്പിടം - വസ്ത്രം | 139 |
| 1.9 | തൊഴിൽ | 139 |
| 1.10 | കുടിയേറ്റം | 140 |
| 1.11 | ലിംഗഭേദം | 141 |
| 1.12 | രാഷ്ട്രീയ പരിസരം | 143 |
| 1.13 | പാരിസ്ഥിതിക പ്രശ്നങ്ങൾ | 144 |
| 1.14 | മിത്ത്, വിശ്വാസം | 145 |
| 1.15 | ഭാഷാഭേദം | 147 |
| 1.16 | കഥാപാത്ര സ്വഭാവം | 148 |
| 1.17 | ഉപസംഹാരം | 151 |
| **2** | **നിഗമനങ്ങൾ** | **154** |
| | **ഗ്രന്ഥസൂചി** | **158 164** |

# ആമുഖം

സാഹിത്യത്തിലെ പ്രധാന ആഖ്യാനോപകരണങ്ങളിലൊന്നാണ് നാട്. നാടുകളെ വൈവിധ്യത്തോടെ ആവിഷ്ക്കരിക്കാൻ എഴുത്തുകാർ എല്ലാക്കാലത്തും ശ്രമിക്കാറുണ്ട്. ആദ്യകാലനോവലുകളിൽ മുതൽ ആധുനികോത്തര നോവലുകളിൽ വരെ സവിശേഷമായി നാടുകൾ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്.

കേരളത്തെ ഭൂപ്രകൃതിക്കനുസരിച്ച് മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്നായി തിരിക്കുന്നുണ്ട്. കേരളത്തിന്റെ ഒരു വശത്ത് അറബിക്കടലും മറുഭാഗത്ത് പശ്ചിമഘട്ടവും സ്ഥിതിചെയ്യുന്നു. 580 കിലോമീറ്റർ നീളത്തിൽ കേരളത്തിന്റെ തീരപ്രദേശം നീണ്ടുകിടക്കുന്നു. കിഴക്കുഭാഗത്തുള്ള പശ്ചിമഘട്ടം 450 കിലോമീറ്റർ നീണ്ടുകിടക്കുന്നു. കേരളത്തിന്റെ 48 ശതമാനവും ശരാശരിയിൽ നിന്ന് ഉയർന്നുനിൽക്കുന്ന പ്രദേശങ്ങളാണ്. എന്നാൽ പശ്ചിമഘട്ടവും അടിവാരവും വനപ്രദേശവും ചേർന്ന പ്രദേശത്തെ മാത്രമാണ് മലനാടെന്ന് വിളിക്കുന്നത്. ബാക്കിഭാഗം ഇടനാടായി കണക്കാക്കുന്നു. ഈ വിഭജനമനുസരിച്ച് നോവലുകളെ വേർതിരിച്ച് പഠനത്തിന് അടിസ്ഥാനമാക്കുകയാണിവിടെ.

നാടുകളുടെ ഭൗതികപരിസരത്തിന്റെ രൂപപ്പെടലിന്റെയും ചരിത്രസ്വാധീനത്തിന്റെയും ഫലമായി സംസ്കാരങ്ങളിൽ പല മാറ്റങ്ങളും ഉണ്ടാവാം. നോവലുകളിൽ ഉൾച്ചേർന്നിരിക്കുന്ന നാടുകളുടെ ഭേദമനുസരിച്ച് കഥാപാത്ര സ്വഭാവത്തിലുണ്ടാവുന്ന പ്രത്യേകതകളാണ് ഈ പ്രബന്ധത്തിന്റെ സവിശേഷ പഠനമേഖല. നോവലിനകത്ത് നിന്നുകൊണ്ടുള്ള സാംസ്കാരിക ഘടകങ്ങളുടെ വിശകലനത്തിലൂടെ നാടുകളിൽ അധികാരം എങ്ങനെ പ്രവർത്തിക്കുന്നു എന്നും പരിശോധിക്കുന്നു. നോവലുകളിൽ രൂപപ്പെടുന്ന സാംസ്കാരിക ഭൂമികയ്ക്ക് കാലഘട്ടത്തിനനുസരിച്ച് വരുന്ന വ്യതിയാനവും ഇവിടെ അപഗ്രഥനവിധേയമാക്കുന്നുണ്ട്.

## 1. പഠനത്തിന്റെ ലക്ഷ്യവും പ്രസക്തിയും

നാടിന്റെ വ്യത്യസ്തതകൾ പുലർത്തുന്നതും കാലഘട്ടത്തെ സൂചിപ്പിക്കുന്നതുമായ നോവലുകൾ തിരഞ്ഞെടുത്ത് അതിലെ കഥാപാത്രങ്ങളുടെ സ്വഭാവത്തിലുണ്ടായ സാംസ്കാരിക സ്വാധീനം വിശകലനം ചെയ്യുകയാണ് ഈ പഠനത്തിന്റെ ലക്ഷ്യം. അവയുടെ സൂക്ഷ്മമായ അപഗ്രഥനത്തിലൂടെ നാടും സാഹിത്യവും തമ്മിലുള്ള ബന്ധം എങ്ങനെയാണെന്നും പരിശോധിക്കുന്നു.

സ്ഥലം എന്നതിനെ സൈദ്ധാന്തികമായി വിശദീകരിക്കുന്ന പഠനങ്ങൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. എങ്കിലും നോവലുകളെ നാടുകളുടെ അടിസ്ഥാനത്തിൽ തരംതിരിച്ച് പഠനത്തിന് വിധേയമാക്കിയിട്ടില്ല എന്നതാണ് ഈ പഠനത്തിന്റെ പ്രസക്തി. നാട് സങ്കൽപവും അതിന്റെ സാംസ്കാരിക ഭൂമിശാസ്ത്രവും കഥാപാത്രസൃഷ്ടിയിൽ ചെലുത്തുന്ന സ്വാധീനത്തെ കണ്ടെത്താനും ശ്രമിക്കുന്നു. നോവൽ സാഹിത്യത്തിനകത്തുനിന്ന് പ്രാതിനിധ്യസ്വഭാവമുള്ളതും നാടുകളുടെ സാംസ്കാരികാന്തരീക്ഷം വേറിട്ട രീതിയിൽ അവതരിപ്പിക്കുന്നതുമായ നോവലുകളെ തിരഞ്ഞെടുക്കുകയെന്നതായിരുന്നു മാനദണ്ഡം.

## 2. പഠനരീതി

മലയാള നോവലുകൾ പരിശോധിച്ച് അവയിൽ നിന്ന് അനുയോജ്യമായവ തിരഞ്ഞെടുക്കുകയും അവയെ അപഗ്രഥനാത്മകമായി പരിശോധിക്കുകയുമാണ് പഠനരീതി. വിശദപഠനത്തിനെടുക്കുന്ന ഘടകങ്ങൾ പഠിക്കാൻ സാന്ദർഭികമായി വിഷയാന്തര സ്വഭാവമുള്ള വിശകലനരീതികൾ ഉപയോഗിക്കുന്നുണ്ട്. തിരഞ്ഞെടുത്ത നോവലുകളിൽ കഥാപാത്രപെരുമാറ്റങ്ങളിൽനിന്നും എഴുത്തിലെ സൂചനകളിൽ നിന്നും ഉരുത്തിരിയുന്ന നാടിനെയാണ് പഠനവിധേയമാക്കുന്നത്.

### 3. പഠനമേഖല

വ്യവഹാരങ്ങളിൽ കൂടിയാണ് നാടുകളുടെ വൈവിധ്യം രേഖപ്പെടുത്തപ്പെടുന്നത്. എഴുത്തിലൂടെ ആവിഷ്ക്കരിക്കപ്പെടുന്ന നാടുകൾക്കനുസരിച്ച് മൂന്ന് അധ്യായങ്ങളായി തിരിച്ച് ഓരോന്നിലും രണ്ടുവീതം നോവലുകളെ വിശദപഠനത്തിനായി എടുത്തിരിക്കുന്നു. വിശദപഠനത്തിന് എടുത്ത നോവലുകൾ കൂടാതെ നാടുകളെ ചിത്രീകരിക്കുന്ന മറ്റു നോവലുകൾ സാമാന്യമായി പരാമർശിച്ച് പോകുന്നു.

### 4. പൂർവപഠനങ്ങൾ

ഇ.പി.രാജഗോപാലന്റെ 'കവിതയുടെ ഗ്രാമങ്ങൾ', സ്കാർലെറ്റ് മാത്യുവിന്റെ 'സ്ഥലാവിഷ്കരണം മലയാള നോവലിൽ', ഇ.വി. രാമകൃഷ്ണന്റെ 'ദേശീയതകളും സാഹിത്യവും', പി.കെ. രാജശേഖരന്റെ 'അന്ധനായ ദൈവം: മലയാളനോവലിന്റെ 100 വർഷങ്ങൾ' എന്നിങ്ങനെയുള്ള പഠനഗ്രന്ഥങ്ങൾ സ്ഥലം, സാഹിത്യം എന്നീ ആശയങ്ങളെ ആധാരമാക്കുന്നവയാണ്.

നോവലുകളിൽ ആഖ്യാനം ചെയ്യുന്ന സ്ഥലസങ്കൽപ്പങ്ങളെ അടിസ്ഥാനമാക്കിയുള്ള ഗവേഷണഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ട്. സോന പി. ആറിന്റെ 'നോവലും സ്ഥലവും - എം. മുകുന്ദൻ, സാറാജോസഫ്, എൻ. എസ്. മാധവൻ എന്നിവരുടെ നോവലുകൾ ആധാരമാക്കി ഒരു പഠനം' എന്ന പഠനത്തിൽ ദേശം, കാലം, ചരിത്രം, ഭാഷ, നാട്, നഗരം എന്നിങ്ങനെ വിവിധ സംവർഗ്ഗങ്ങളുമായി ബന്ധപ്പെട്ട സ്ഥലത്തെ നോവലുകളിൽ എപ്രകാരം ആഖ്യാനം ചെയ്തിരിക്കുന്നു എന്ന് വിലയിരുത്താനാണ് ശ്രമിക്കുന്നത്.

'മലയാളനോവലിലെ സ്ഥലനിർമ്മിതി: കോഴിക്കോടൻ നോവലുകളെ ആധാരമാക്കി ഒരു പഠനം' എന്ന ലിനീഷ് എമ്മിന്റെ പഠനം കോഴിക്കോടിനേയും അതിന്റെ പ്രാന്തപ്രദേശങ്ങളെയും എഴുത്തിലാവിഷ്ക്കരിച്ച നോവലുകളെ വിശകലനം ചെയ്യുന്നു.

അജിത്ത് ജി.കൃഷ്ണയുടെ 'നവോത്ഥാനകാല മലയാളനോവലിലെ സ്ഥലദർശനം' എന്ന പഠനം തകഴി, കേശവദേവ്, ബഷീർ, ഉറൂബ്, പൊറ്റക്കാട് എന്നിവരുടെ നോവലുകളിലെ സ്ഥലാഖ്യാനത്തെ കാലസങ്കൽപ്പവുമായി ബന്ധപ്പെടുത്താനാണ് ശ്രമിക്കുന്നത്.

'ഓണാട്ടുകരയുടെ സാഹിത്യസംഭാവനകൾ' എന്ന രാജേഷ് ആറിന്റെ പഠനത്തിൽ ഓണാട്ടുകര എന്ന സ്ഥലത്തെ അടിസ്ഥാനപ്പെടുത്തിയാണ് സാഹിത്യസംഭാവനകൾ പരിശോധിക്കുന്നത്.

'തകഴിയുടെ നോവലുകളിലെ സാമൂഹ്യപ്രതിഫലനം' എന്ന അന്നമ്മ ജേക്കബിന്റെ പഠനത്തിൽ തകഴി നോവലുകളിൽ കാണാവുന്ന കുട്ടനാടൻ ജീവിതവും അവിടുത്തെ കുടുംബബന്ധം, മനുഷ്യസങ്കൽപം, വർഗബന്ധങ്ങൾ, രാഷ്ട്രീയ വീക്ഷണം എന്നിവയും പഠനവിധേയമാവുന്നു.

സുരേഷ് പുത്തൻപറമ്പിലിന്റെ 'വള്ളുവനാട് എന്ന നിർമ്മിതി എം.ടി. വാസുദേവൻ നായരുടെ കൃതികളിൽ' എന്ന പഠനം വള്ളുവനാട് എന്ന ദേശത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് അവിടുത്തെ ദേശസങ്കൽപ്പം, സ്വത്വം, എഴുത്ത്, മിത്തുകൾ, ചരിത്രം എന്നിവയെ വിശകലനം ചെയ്യുന്നു.

കെ പദ്മനാഭന്റെ 'ഉത്തരകേരളത്തിലെ മുക്കുവരുടെ ജീവിതവും സംസ്കാരവും' ഗായത്രി കെ.പിയുടെ 'ആലപ്പാട്ടെ അരയ ജീവിതം സമകാലികതയും സ്വത്വരൂപീകരണവും' സുനിൽ മാർക്കോസ് എം.ജിയുടെ 'കടൽത്തീരജനതയുടെ സംസ്കാരം മലയാള നോവലിൽ - തകഴി, സാറാ തോമസ് എൻ. എസ്. മാധവൻ, കെ. എ. സെബാസ്റ്റ്യൻ എന്നിവരുടെ തിരഞ്ഞെടുത്ത നോവലുകളെ ആസ്പദമാക്കിയുള്ള പഠനം' എന്നിവ ഇതേ സമീപനത്തോടെ തീരദേശ നോവലുകളെ പരിശോധിക്കുന്ന പ്രബന്ധങ്ങളാണ്.

**5. പ്രബന്ധസ്വരൂപം**

ആമുഖം കൂടാതെ അഞ്ച് അധ്യായങ്ങളാണ് പ്രബന്ധത്തിലുള്ളത്. നാടും സാഹിത്യവും എന്ന ഒന്നാമത്തെ അധ്യായത്തെ മൂന്ന് ഭാഗങ്ങളാക്കി തിരിക്കുന്നുണ്ട്. ഭൂമിയുടെയും മനുഷ്യന്റെയും ഉൽഭവം മുതൽ കാലാന്തരത്തിൽ സംഭവിച്ച സാമൂഹിക മാറ്റങ്ങളെയും സാംസ്കാരിക പരിണാമത്തെയും സൂചിപ്പിക്കുന്നതാണ് ആദ്യഭാഗം. സാംസ്കാരികഭൂമികയുടെ പഠനത്തിനുള്ള സാധ്യതകൾ മുന്നോട്ട് വെക്കുന്ന ചിന്താധാരകളെ പരിചയപ്പെടുത്താൻ രണ്ടാം ഭാഗം ഉപയോഗിച്ചിക്കുന്നു. മൂന്നാം ഭാഗത്ത് നാടും സാഹിത്യവും തമ്മിലുള്ള ബന്ധവും നോവൽ ചരിത്രവും നാടുകളുടെ ആഖ്യാനത്തിൽ വന്ന മാറ്റങ്ങളും സാമാന്യമായി അടയാളപ്പെടുത്തുകയാണ് ചെയ്യുന്നത്.

മലനാട് എന്ന രണ്ടാമത്തെ അധ്യായത്തിൽ കേരളത്തിന്റെ മലനാടിനെ അടയാളപ്പെടുത്തുകയും അതിന്റെ ചരിത്ര വർത്തമാനങ്ങൾ പരിശോധിക്കുകയും ചെയ്യുന്നുണ്ട്. മലനാടിനെയും ഗോത്ര ജീവിതത്തെയും വിഷയമാക്കുന്ന മറ്റു നോവലുകളെ കുറിച്ച് അധ്യായത്തിൽ പരാമർശിക്കുന്നുണ്ട്. മലബാറിന്റെ കുടിയേറ്റ മേഖലയുടെ കഥ പറയുന്ന പൊറ്റെക്കാട്ടിന്റെ 'വിഷകന്യക'. ഇടമലക്കുടിയിലെ മുതുവാൻ ഗോത്രവിഭാഗത്തിന്റെ ജീവിതം ചിത്രീകരിക്കുന്ന നാരായന്റെ 'ചെങ്ങാറും കുട്ടാളും' എന്നിവയാണ് വിശദപഠനത്തിനെടുത്ത നോവലുകൾ. ഈ നോവലുകളെ തിരഞ്ഞെടുത്ത ഘടകങ്ങളുടെ അടിസ്ഥാനത്തിലും നോവലുകളിലെ ഭൗതിക സൂചനകളുടെ അടിസ്ഥാനത്തിലും വിശകലനം ചെയ്ത് കഥാപാത്രങ്ങളുടെ പെരുമാറ്റരീതികൾ കണ്ടെടുക്കുന്നു.

ഇടനാട് എന്ന മൂന്നാമത്തെ അധ്യായത്തിൽ പൊതുബോധം രൂപപ്പെടുത്തിയിട്ടുള്ള ഇടനാടൻ സങ്കൽപങ്ങളെയും പ്രധാനപ്പെട്ട ഇടനാടൻ നോവലുകളെയും സൂചിപ്പിക്കുന്നു.അത്തിക്കോടെന്ന കൃഷിയിടം സമരമുഖമായി മാറുന്ന ചെറുകാടിന്റെ 'മണ്ണിന്റെ മാറിൽ', അരികുവൽക്കരിക്കപ്പെട്ട കോക്കാഞ്ചറയുടെ കഥപറയുന്ന സാറാജോസഫിന്റെ 'ആലാഹയുടെ പെൺമക്കൾ' എന്നീ നോവലുകളെയാണ് ഈ അധ്യായത്തിൽ വിശദപഠനത്തിനായെടുക്കുന്നത്.ഈ നോവലുകളെയും തിരഞ്ഞെടുത്ത ഘടകങ്ങളുടെ അടിസ്ഥാനത്തിലും നോവലുകളിലെ ഭൗതിക സൂചനകളുടെ അടിസ്ഥാനത്തിലും വിശകലനം ചെയ്ത് കഥാപാത്ര സ്വഭാവങ്ങളിലെ സവിശേഷതകൾ കണ്ടെടുക്കുന്നു.

തീരപ്രദേശം എന്ന നാലാമത്തെ അധ്യായത്തിൽ കടലിന്റെയും തീരത്തിന്റെയും ചരിത്രവും ഭൂമികയും സൂചിപ്പിക്കുന്നു. മറ്റ് തീരദേശ നോവലുകളെ സൂചിപ്പിക്കുകയും അവയിലെ വിഷയ വൈവിധ്യം പരാമർശിക്കുകയും ചെയ്യുന്നു. നീർക്കുന്നത്ത് കടപ്പുറം കേന്ദ്രമാക്കുന്ന തകഴിയുടെ 'ചെമ്മീൻ', മരക്കാപ്പിന്റെ വികസന പശ്ചാത്തലത്തിൽ അവതരിപ്പിക്കപ്പെടുന്ന അംബികാസുതൻ മാങ്ങാടിന്റെ 'മരക്കാപ്പിലെ തെയ്യങ്ങൾ' എന്നിവയാണ് വിശദപഠനത്തിനായി തിരഞ്ഞെടുത്തിരിക്കുന്ന നോവലുകൾ.

വിശകലനവും നിഗമനങ്ങളും എന്ന അഞ്ചാമത്തെ അധ്യായത്തിൽ മൂന്ന് നാടുകളിലെയും നോവൽ പരിശോധനകളിൽനിന്നും ഉരുത്തിരിഞ്ഞ ചിന്തകളെ അപഗ്രഥിക്കുകയും നിഗമനത്തിലേക്കെത്തുകയും ചെയ്യുന്നു.

# അധ്യായം 1

# നാടും സാഹിത്യവും

## 1. ഭൂമിയും മനുഷ്യനും

ഭൂമിയുടെ ആവിർഭാവം ഏതാണ്ട് നാനൂറ്റിഅറുപത് കോടി വർഷങ്ങൾക്ക് മുമ്പാണ്. അതിനുശേഷം കാലക്രമത്തിൽ രൂപപ്പെട്ടുവന്ന ഭൗമോപരിതലത്തിൽ ഭൂരിഭാഗവും ജലമായിരുന്നുവെന്നും പിന്നീട് ജലം പിന്മാറിയിടത്ത് ഒരൊറ്റ ഭൂഖണ്ഡമായിരുന്നുവെന്നും അത് വേർതിരിഞ്ഞ് പല ഭൂഖണ്ഡങ്ങളായി മാറിയതാണെന്നും പഠനങ്ങൾ പറയുന്നു. പാൻജിയ എന്ന് ആ സൂപ്പർ കോണ്ടിനന്റിനെ ഗവേഷകർ പേരിട്ട് വിളിക്കുന്നു. പാൻജിയക്ക് ചുറ്റുമുള്ള കടലിനെ പന്തലാസ എന്നുംവിളിക്കുന്നു. പാൻജിയ രണ്ടായി തെക്ക് ഗ്വാണ്ടാനാലാന്റ് എന്നും വടക്ക് ലോറേഷ്യ എന്നും വേർപിരിഞ്ഞു. ആദ്യ പാലിയോസോയിക് കാലത്ത് ഭൂമി അത്തരത്തിലായിരുന്നു.

ആൽഫ്രഡ് വെഗനറിന്റെ[1] വൻകരാവിസ്ഥാപന സിദ്ധാന്തം (കോണ്ടിനന്റൽ ഡ്രിഫ്റ്റ് തിയറി) ഇത്തരത്തിൽ ഭൂഖണ്ഡങ്ങൾ വേർപ്പെട്ടതിനെ കുറിച്ചും അവയിൽ വന്ന കാലാവസ്ഥാ മാറ്റങ്ങളെ കുറിച്ചും പറയുന്നു. ഈ തിയറി അനുസരിച്ച് ഇന്ത്യാഭൂഖണ്ഡം ഗോണ്ട്വാനാലാന്റിന്റെ ഭാഗമാണ്. ഈ ഭാഗം പിന്നീട് ഏഷ്യാ വൻകരയുടെ ഭാഗത്തേക്ക് നീങ്ങി വരികയും അതുമായി കൂട്ടിയിടിക്കുകയും ചെയ്തുവെന്നും തത്ഫലമായി ഹിമാലയ പർവ്വതം രൂപം കൊണ്ടുവെന്നും ഭൂവിജ്ഞാനീയശാസ്ത്രം കണ്ടെത്തിയിട്ടുണ്ട്. തദ്ദേശീയരായ ഇന്ത്യക്കാർക്ക് ആഫ്രിക്കയിലെയും മറ്റും തദ്ദേശീയരുമായി നരവംശപരമായ സാദൃശ്യം കൂടുതൽ ഉണ്ടാവാൻ ഇതാണ് പ്രധാന കാരണം.

ആദിമമനുഷ്യന്റെ ആവിർഭാവം ഉഷ്ണമേഖലാപ്രദേശത്ത് ആയിരുന്നു എന്നാണ് പഠനങ്ങൾ കാണിക്കുന്നത്. പിൽക്കാലത്ത് ഭൂവിജ്ഞാനീയപരവും നരവംശപരവുമായ കാരണങ്ങളാൽ വിവിധ താപനിലയുള്ള പ്രദേശങ്ങളിലേക്ക് മനുഷ്യകുലങ്ങൾ എത്തിചേർന്നതിന്റെ ഫലമായാണ് മനുഷ്യരാശിയിൽ നാമിന്നുകാണുന്ന വൈവിധ്യങ്ങളുണ്ടായിവന്നത്. നരവംശപരമായ വൈവിധ്യങ്ങളും ഇരകളുടെയും ഇരതേടലിന്റെയും വ്യത്യസ്തതയും കാർഷികവൃത്തിയുടെ ആവിർഭാവവും മറ്റുമാണ് സാമൂഹ്യവും സാംസ്കാരികവുമായ വൈവിധ്യങ്ങളിൽ മനുഷ്യനെ എത്തിച്ചത്.

കാടത്തത്തിന്റെ ആദ്യഘട്ടത്തിൽ മനുഷ്യൻ ഉഷ്ണമേഖലയിലും മിതോഷ്ണമേഖലയിലുമുള്ള വനാന്തരങ്ങളിലായിരുന്നു ജീവിച്ചിരുന്നത്. ഫലമൂലാദികൾ കഴിക്കുകയും സംസാരിക്കാനുള്ള കഴിവ് നേടുകയും ചെയ്യുന്നത് ഈ ഘട്ടത്തിലാണ്. കാടത്തത്തിന്റെ മധ്യഘട്ടത്തിൽ തീരങ്ങളിലേക്ക് എത്തുകയും ജലജീവികളെ ആഹാരമാക്കുകയും തീയുടെ ഉപയോഗം തുടങ്ങുകയും ചെയ്തു. അവസാന ഘട്ടത്തിൽ അമ്പും വില്ലും പ്രധാന ആയുധമായി മാറുന്നു. നായാട്ട് സ്ഥിരമായുള്ള പ്രവൃത്തിയാവുകയും ജീവസന്ധാരണോപാധികളിൽ വൈദഗ്ദ്യം കാണിക്കുകയും ചെയ്യുന്നു.

ആദിമമനുഷ്യന്റെ ജീവിതരീതികൾ മൃഗങ്ങളുടെ ജീവിതരീതികളിൽ നിന്ന് വളരെയൊന്നും വ്യത്യസ്തമായിരുന്നിരിക്കാൻ സാധ്യതയില്ല. വേട്ടയാടാനും ഭക്ഷണം ശേഖരിക്കാനും ഏതെങ്കിലും തരത്തിലുള്ള ആയുധങ്ങൾ ഉപയോഗിക്കാനും തുടങ്ങുന്നതുമുതലാണ് അത്തരത്തിലൊരു വ്യത്യാസം പ്രകടമായിത്തുടങ്ങുന്നത്. അമേരിക്കൻ നരവംശശാസ്ത്രജ്ഞയായ മാർഗ്രറ്റ് മീഡ്[2] പറയുന്നത് മനുഷ്യസംസ്കൃതിയുടെ ആദ്യത്തെ ശേഷിപ്പായി കാണാവുന്നത് ഒടിഞ്ഞശേഷം കൂടിച്ചേർന്ന തുടയെല്ലിന്റെ അവശിഷ്ടത്തെയാണ് എന്നാണ്. മറ്റേതൊരു ജീവിവർഗവും പരിക്കേൽക്കുന്ന ഒരു സഹജീവിയെ ഉപേക്ഷിച്ച് കടന്നുകളയാൻ നിർബന്ധിതമാവുമ്പോൾ മനുഷ്യൻ ആദ്യമായി അതിനൊരപവാദമാവുകയും

തനിക്ക് വേണ്ടപ്പെട്ട മറ്റൊരു മനുഷ്യജീവിയെ ഇരപിടിയന്മാരിൽ നിന്ന് രക്ഷിച്ച് സുരക്ഷിതമായൊരു സ്ഥലത്ത് മാസങ്ങളോളം പരിപാലിക്കുകയും സംരക്ഷിക്കുകയും ചെയ്തതിന്റെ ആദ്യത്തെ ഉദാഹരണമാണ് അത്തരത്തിലൊരു തുടയെല്ല്.

കിരാതത്തത്തിന്റെ നിമ്നഘട്ടത്തിൽ കിഴക്ക് പടിഞ്ഞാറുമുള്ള പ്രകൃതി സാഹചര്യങ്ങൾ മനുഷ്യ വളർച്ചയെ വലിയ തോതിൽ ബാധിച്ചു. കിഴക്ക് മെരുക്കി വളർത്താൻ മൃഗങ്ങളും കൃഷിയോഗ്യമായ ധാന്യങ്ങളുമുണ്ടായിരുന്നു. പടിഞ്ഞാറ് ഈ സാഹചര്യങ്ങൾ വളരെ വിരളമായിരുന്നു. യൂറോപ്യന്മാരുടെ അധിനിവേശം വരെ പടിഞ്ഞാറേഅർധഗോളം ഇത്തരത്തിൽ മുന്നോട്ട് പോയി. വളർച്ചയുടെ ഘട്ടത്തിൽ തെക്കേ അമേരിക്കയും മധ്യ അമേരിക്കയുമാണ് ഏറ്റവും കൂടുതൽ സാംസ്കാരിക വൈജാത്യം കാണിച്ചത്. കാലാവസ്ഥയും ഭൂപ്രകൃതിയും അനുസരിച്ച് കൃഷിയിലും ശിലാലോഹ ആയുധങ്ങളുടെ ഉപയോഗത്തിലും മാറ്റം വന്നു. കിഴക്ക് പാലിനും ഇറച്ചിക്കുമായി മെരുക്കി വളർത്തിയിരുന്ന മൃഗങ്ങളെ പിന്നീട് കൃഷിക്കായി ഉപയോഗിച്ച് തുടങ്ങി. ആര്യന്മാരും സെമൈമ്മുകളും ഇതിൽ പ്രബല വിഭാഗമായി തുടർന്നു.

ശിലകളും ലോഹായുധങ്ങളും ഉപയോഗിക്കാൻ പഠിച്ച മനുഷ്യൻ കൂടുതൽ ശക്തനും സ്വതന്ത്രനുമായി. മൃഗങ്ങളിൽനിന്ന് രക്ഷനേടാനും തന്റെ പ്രതികൂലാവസ്ഥകളെ തരണം ചെയ്യാനും പഠിച്ച മനുഷ്യൻ ഭക്ഷണം തിരഞ്ഞുള്ള യാത്രകളിൽ പ്രകൃതിയുടെ ചട്ടങ്ങളെ മറികടന്ന് സ്വന്തമായി പ്രവർത്തനരീതികൾ ആവിഷ്ക്കരിക്കാൻ തുടങ്ങി. അന്നുവരെ പ്രകൃതിയുടെ ഒരുഘടകമെന്ന നിലയിൽ നിലനിന്ന മനുഷ്യൻ ചെറിയതോതിലാണെങ്കിലും പ്രകൃതിയെ മാറ്റിത്തീർക്കാൻ ആരംഭിക്കുന്നത് ഈ ഘട്ടത്തിലാണ്.

കിരാതത്തത്തിന്റെ ഉന്നത ഘട്ടത്തിൽ ഇരുമ്പിന്റെ കണ്ടുപിടിത്തത്തോടെ വൻ ഉൽപാദന പുരോഗതി കൈവന്നു. വനങ്ങൾ വെട്ടിത്തെളിച്ചു വയൽകൃഷിതുടങ്ങി. ചുറ്റും തിങ്ങിപ്പാർക്കുന്ന ഗ്രാമങ്ങൾ നിലവിൽവന്നു. ഈ കാലഘട്ടമാണ് ഹോമറിന്റെ രചനകളിൽ കാണുന്നത്. യവന പുരാണങ്ങളും ഇന്ത്യൻ വേദങ്ങളും ഇക്കാലത്താണ് ആവിർഭവിക്കുന്നത്.

ഇന്ന് മനുഷ്യന്റെ വളർച്ചയെക്കുറിച്ച് നമ്മൾ പറയുമ്പോൾ മനുഷ്യൻ സാംസ്കാരിക ജീവിതം ആരംഭിച്ച ഈ ഘട്ടം മുതലാണ് പരിശോധനാവിഷയമാവുന്നത്. കാരണം സംസ്കൃതരായ മനുഷ്യരുടെ എഴുത്തുകളാണ് വിഷയപരിസരത്ത് വരുന്നത്. ആയുധങ്ങൾ ധാരാളമായി നിർമ്മിക്കാൻ തുടങ്ങുകയും പുതിയ ഭക്ഷണരീതികൾ പരീക്ഷിക്കുകയും ചെയ്ത് മനുഷ്യൻ പുതിയൊരു സാംസ്കാരിക ജീവിതം തുടങ്ങി. മനുഷ്യ പ്രയത്നത്തിന്റെ കാഠിന്യം കുറക്കാൻ ശ്രമിക്കുകയും ചെയ്തു. ഭക്ഷണം തിരയലല്ലാതെ മറ്റു പ്രർത്തനങ്ങൾക്കും മനുഷ്യൻ സമയം കണ്ടെത്താൻ തുടങ്ങി. അതിലൂടെ കലയിലേക്ക് പതുക്കെ കാലെടുത്ത് വെച്ചു. അധ്വാനത്തിന്റെ ആക്കം കുറക്കുന്നതിന് തീയും ചക്രവും പോലുള്ള ഉപാധികളും ഉപകരണങ്ങളും കണ്ടെത്തി. ജീവിതം മെച്ചപ്പെടുത്തുന്നതിനെക്കുറിച്ച് ചിന്തിക്കാൻ തുടങ്ങി. കൃഷിയുടെ ആവിർഭാവത്തോടെ കുറച്ചുകാലത്തേക്കെങ്കിലും ഒരിടത്ത് തങ്ങാൻ തുടങ്ങി. ആദിമ താമസസ്ഥലങ്ങളുണ്ടാവുകയും അവ മോടിപിടിപ്പിക്കപ്പെടുകയും ചെയ്തു.

ചുറ്റുപാടും മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിച്ചപ്പോഴും പ്രകൃതിശക്തികളോട് അനുഭവപ്പെട്ട ഭയമാണ് കാലക്രമത്തിൽ ആരാധനയിലേക്കും മറ്റും നയിച്ചത് എന്ന് വ്യക്തമാണ്. അന്നും മനുഷ്യനുമേൽ സ്വാധീനം ചെലുത്താൻ പ്രകൃതിക്ക് കഴിഞ്ഞിരുന്നു. മനുഷ്യസംസ്കാരം രൂപപ്പെട്ടതിൽ പ്രകൃതി വഹിച്ച പങ്ക് വലുതാണ്. പ്രകൃതിയുടെ ഭാഗമായി നിലനിന്ന് മനുഷ്യൻ തന്റെ വളർച്ചയുടെ ഘട്ടങ്ങളിൽ സംസ്കാരത്തിന്റെ പലവിധ പരിണാമങ്ങളിലൂടെ കടന്നുപോയി. മണ്ണിനെയും പ്രകൃതിയെയും ഉപയോഗിക്കാനും തന്റെ ആവശ്യത്തിനായി ചൂഷണം ചെയ്യാനും ആരംഭിച്ചു. മണ്ണിനെയും കാടിനെയും കൈവശപ്പെടുത്തി അതിർത്തികൾ നിശ്ചയിച്ച് കൃഷി ആരംഭിച്ചു. മൃഗങ്ങളെയും മറ്റും ഇണക്കി വളർത്തി. നദീതടങ്ങൾ കേന്ദ്രമാക്കി സംസ്കാരകേന്ദ്രങ്ങൾ സ്ഥാപിച്ചു. പ്രകൃതിക്കുമേൽ മേൽക്കൈ നേടാനുള്ള പ്രാപ്തി നേടിയെടുത്തു.

ഇക്കാലത്താണ് ഗോത്രങ്ങളും ഗോത്ര സഖ്യങ്ങളും ക്രമേണ ഗോത്രമഹാസഖ്യങ്ങളും രൂപപ്പെടുന്നത്.ഗോത്രസഖ്യങ്ങളിലൂടെയും ഗോത്രമഹാസഖ്യത്തിലൂടെയും അവരുടെ പ്രശ്നങ്ങളെല്ലാം കൈകാര്യം ചെയ്യപ്പെട്ടിരുന്നു. കാടുകൾക്കിടയിലെ നായാട്ടുപ്രദേശങ്ങളിൽ വേട്ടയാടിയും ആൺ പെൺ പ്രവൃത്തി വിഭജനം നടത്തിയും സമൂഹരൂപീകരണം നടന്നു. കാട്ടിൽ പുരുഷനും വീട്ടിൽ സ്ത്രീയും അധികാരിയായി. വീട്, തോണി, കൃഷിയിടം എന്നിവ പൊതുവായ ഇടങ്ങളായിരുന്നു. ക്രമേണ കാലികൾ സ്വകാര്യസ്വത്തായി മാറി. ക്രയവിക്രയവും ചരക്ക് കൈമാറ്റവും നടന്നു. പണത്തിന്റെ ധർമ്മം കാലികൾ ചെയ്തു. സ്വർണം, വെള്ളി തുടങ്ങിയ ലോഹങ്ങൾ വന്നു. ഗണങ്ങൾക്കുള്ളിൽ തീർക്കാനാവാത്ത ജോലിഭാരം വന്നതോടെ യുദ്ധത്തടവും അടിമ സമ്പ്രദായവും കടന്നുവന്നു. ഒന്നാം ഘട്ടമായിസ്ത്രീകളുടെ വീടിനുള്ളിലെ നിർണയാവകാശം നഷ്ടപ്പെട്ടു. ഏകദാമ്പത്യവും പിതൃദായക്രമവും വന്നു. രണ്ടാം ഘട്ടമായി കൈത്തൊഴിലും കൃഷിയും വേർപെട്ടു. അടിമത്തം സാമൂഹിക വ്യവസ്ഥയുടെ ഭാഗമായി. അടിമകളും സ്വതന്ത്രരുമായി മനുഷ്യർ വിഭജിക്കപ്പെട്ടു. ഭൂവിസ്തൃതി കൂട്ടാനുള്ള യുദ്ധങ്ങൾ നടന്നു. രാജപ്രഭുവാഴ്ചകൾ നടന്നു. ഗോത്രമേധാവികൾ ജനങ്ങളെ ഭരിക്കുന്നതിലേക്ക് കടന്നു. വ്യാപാരത്തിന് പ്രഥമസ്ഥാനം വന്നു. കച്ചവടവർഗം അതിശക്തരായി എല്ലാവരെയും നിയന്തിക്കുന്ന വിധത്തിൽ രൂപപ്പെട്ടു. ചരക്ക്, അടിമകൾ, നാണയം എന്നിവ ക്രയവിക്രയത്തിന്റെ ഭാഗമായി. സ്വത്ത് ചെറിയൊരു വിഭാഗത്തിന്റെ കയ്യിൽ കേന്ദ്രീകരിക്കപ്പെട്ടു. ഗോത്രത്തിനകത്ത് കടന്നു വരവുകളുണ്ടായി. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഭരണകൂടങ്ങൾ ഇടപെട്ടു.

### 1.1. വംശ-ഗോത്ര-വർഗ രൂപീകരണം

സ്വന്തം ശാരീരിക പ്രത്യേകതകളുടെയോ ജീവശാസ്ത്രപരമായ പ്രത്യേകതകളുടെയോ പേരിൽ തിരിച്ചറിയപ്പെട്ട ഒരു കൂട്ടം ജനതയെ ഒരു വംശമായി കണക്കാക്കാം. മുടിയുടെ ഘടന, തൊലിയുടെ നിറം തുടങ്ങി ചുരുങ്ങിയ ഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് വംശങ്ങളെ ശാസ്ത്രീയമായി വേർതിരിച്ചിരിക്കുന്നത്. ഭാരതത്തിലെ ഗോത്രങ്ങളുടെ പലതരത്തിലുള്ള സ്വഭാവ സവിശേഷതകളെ മാൻഡൽബാം[3] എന്ന ഗവേഷകൻ പഠിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഗോത്രത്തിൽനിന്ന് ജാതിയിലേക്ക് മാറുന്ന ഘട്ടത്തിലാണ് വലിയതോതിൽ സാംസ്കാരിക ലക്ഷണങ്ങൾ കാണിച്ചുതുടങ്ങുന്നത്. ഗോത്രങ്ങളും ജാതി സമൂഹവും തമ്മിൽ സാംസ്കാരികവും രാഷ്ട്രീയവും സാമ്പത്തികവും മതപരവും മനശാസ്ത്രപരവുമായ സാമ്യവ്യത്യാസങ്ങൾ ഉണ്ടായിരുന്നതായി അദ്ദേഹംപറയുന്നു.

ഗോത്രങ്ങൾ ഒരു പ്രദേശത്ത് പ്രധാനമായും കേന്ദ്രീകരിക്കുകയും ആ ഭൂമിയെ ചുറ്റിപ്പറ്റി തങ്ങളുടെ സംസ്കാരം രൂപപ്പെടുത്തിയെടുക്കുകയും ചെയ്തു. ചുറ്റുപാടുമുള്ള സസ്യലതാദികൾ, ജീവിവർഗങ്ങൾ, ഭക്ഷണത്തിനായി ലഭ്യമായ വസ്തുക്കൾ, കൃഷി, കൈത്തൊഴിലുകൾ, സ്വയം രൂപപ്പെടുത്തിയെടുത്ത തൊഴിലുകൾ, ആ പ്രദേശത്തെ കാലാവസ്ഥയും തൊഴിലും ജീവിതവുമായി ബന്ധപ്പെടുന്ന ആരാധനാരൂപങ്ങൾ, എല്ലാം നിയന്ത്രിക്കുന്ന/അറിയുന്ന മുതിർന്ന ആളുകളുടെ സാന്നിധ്യം എന്നിവയും ഗോത്രത്തിന്റെ ഭാഗമായി. അതുവരെ കൃഷിയിടങ്ങൾക്കുവേണ്ടി താമസസ്ഥാനം മാറിക്കൊണ്ടിരുന്ന മനുഷ്യൻ സ്ഥിരതാമസം ആരംഭിക്കുന്നതോടെ ജന്മഭൂമി/താമസിക്കുന്ന സ്ഥലം എന്നത് മറ്റ് വികാരങ്ങൾ പോലെത്തന്നെ പ്രധാനപ്പെട്ടതായി മാറി.

ഗോത്രബോധത്തിന് പാരമ്പര്യസ്വഭാവമുണ്ട്. അത് മനുഷ്യൻ ജീവിക്കുന്ന ഭൂമിയെപ്പോലെത്തന്നെ സാംസ്കാരിക പൈതൃകം, ഉൽഭവത്തെ കുറിച്ചുള്ള മിത്ത്, ചരിത്രം, പ്രാചീനത, ഭാഷ, ആചാരങ്ങൾ, ഭക്ഷണം, വസ്ത്രരീതി, കല, ശാരീരിക പെരുമാറ്റം എന്നിങ്ങനെ മനുഷ്യനെ ഒരുമിച്ചുനിർത്തുന്ന ഘടകങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ ഒരു ഗോത്രത്തിൽപെട്ട മനുഷ്യന് മറ്റൊരു ഗോത്രത്തിലെ മനുഷ്യനിൽനിന്ന് വ്യത്യസ്തതകൾ കാണാനാവും. അത്തരം പ്രത്യേകതകളെ അവർ സവിശേഷമായിത്തന്നെ കൊണ്ടുനടക്കുകയും ചെയ്തിരുന്നു. ഗോത്രം സാംസ്കാരിക പ്രത്യേകതകളുടെ പേരിൽ രൂപപ്പെട്ടുവരുന്ന സമൂഹമായി തിരിച്ചറിയപ്പെടുന്നു. വംശത്തിന്റെ അടിസ്ഥാനം മനുഷ്യനിൽ ജൈവികമായി കൈമാറിവരുന്ന പല ഘടകങ്ങളാണെന്നും ഗോത്രത്തിന്റെ അടിസ്ഥാനം സ്വയം പഠിച്ച് നടപ്പാക്കുന്ന

ജീവിതരീതിയാണെന്നും അതിൽ ജന്മസ്ഥലം പ്രധാനമാണെന്നും കാണാം. ഇത് അവരിലെ സ്വത്വബോധത്തെ രൂപപ്പെടുത്തുന്ന പ്രധാന ഘടകമായി നില കൊള്ളുന്നു.

പാരിസ്ഥിതിക വ്യത്യാസങ്ങൾ ചില കൂട്ടങ്ങളെ വലിയതോതിലുള്ള സാംസ്കാരികമോ ജനിതകമോ ആയ മാറ്റങ്ങളിലേക്ക് നയിക്കാം. അവർ അവരുടേതായ പരിസരത്ത് വളരുകയും ഇടപഴകുകയും സന്താനോൽപാദനം നടത്തുകയും ചെയ്യുന്നതുകൊണ്ട് അവർക്കിടയിൽ മറ്റുള്ളവയ്ക്ക് സമാനമല്ലാത്ത സ്വഭാവങ്ങൾ രൂപപ്പെടാൻ സാധ്യതയുണ്ട്. പങ്കുവെക്കുന്ന പൊതുവായ സാമൂഹിക ഭൗതിക സാഹചര്യങ്ങളെ അടിസ്ഥാനമാക്കിയാണ് വർഗങ്ങൾ രൂപപ്പെടുന്നത്. വർഗം എന്നതിന് പാരമ്പര്യവുമായോ ജൈവാവസ്ഥയുമായോ ബന്ധം ഉണ്ടാകണമെന്നില്ല. അത് സാമൂഹിക നിർമ്മിതിയാണ്. ഒരു സമൂഹത്തിൽ നിലനിൽക്കുന്ന വിഭാഗം അവർക്ക് പൊതുവായി നിർമ്മിക്കുന്ന സ്വത്വങ്ങളിലൊന്നാണ് വർഗം. അങ്ങനെ നോക്കുമ്പോൾ കൂടുതൽ രാഷ്ട്രീയമായി ഉപയോഗിക്കപ്പെടുന്ന വാക്കാണ് വർഗം.

അധ്വാനത്തിന്റെ സോദ്ദേശപരമായ ഘട്ടം കൂട്ടായ പ്രവർത്തനങ്ങളിലേക്ക് നയിച്ചു എന്നുകാണാം. അത്തരം അവസരങ്ങളിൽ കൂട്ടായ ആശയ വിനിമയങ്ങൾക്ക് ഭാഷയും സ്വായത്തമായി. ആചാരവിശ്വാസങ്ങളുടെ ആദ്യത്തെ സൂചന നിയാണ്ടർതാൽ മനുഷ്യനിൽത്തന്നെ ഉണ്ടായിരുന്നു എന്നതിന് തെളിവുകളുണ്ട്. ആദ്യഘട്ടം പ്രകൃതിയിൽനിന്നും പലതും സ്വായത്തമാക്കി കഴിഞ്ഞുകൂടിയെങ്കിൽ അതിൽ വലിയ മാറ്റം വരുന്നത് ഉൽപാദനഘട്ടത്തോടെയാണ്.

നവീനശിലായുഗത്തിലാണ് മനുഷ്യൻ കൃഷി ആരംഭിക്കുന്നത്. ഒന്നുരണ്ടുതവണ കൃഷിചെയ്യുന്നിടത്ത് വിളവ് മോശമാകുമ്പോൾ അവർ മറ്റൊരിടത്തേക്ക് മാറുകയും അവിടെ താമസമുറപ്പിക്കുകയും ചെയ്തുവന്നു. പുതിയ സ്ഥലങ്ങളിൽ വനപ്രദേശം വെട്ടിത്തെളിച്ച് കൃഷിയിറക്കാൻ ആരംഭിച്ചു. ഭൂപരമായ സവിശേഷതകൾ സാമ്പത്തിക പ്രവർത്തനത്തിന്റെ തീവ്രതയെയും സാമ്പത്തിക കൂട്ടായ്മകളുടെ വലിപ്പത്തെയും നിർണയിച്ചിട്ടുണ്ട്. ഇത് മനസ്സിലാക്കുന്ന കൂട്ടങ്ങൾ തമ്മിൽ മൽസരങ്ങളും പ്രശ്നങ്ങളും സാധാരണമായിരുന്നിരിക്കണം. സ്ഥിരകർഷകരുടെ ഗ്രാമങ്ങൾക്കു സമീപം മുക്കുവന്മാരുടെയും വേടന്മാരുടെയും അർദ്ധനാടോടികളായ ഇടയന്മാരുടെയും സമൂഹങ്ങൾ ഉണ്ടായിരുന്നതായി കാണാം. സ്വന്തം ഉപയോഗത്തിലധികം ധാന്യം ഉൽപാദിപ്പിക്കുന്ന കർഷകസമൂഹം ധാന്യത്തിന് പകരമായി മറ്റു ഭക്ഷ്യസാധനങ്ങൾ വാങ്ങി വന്നു. സമൂഹങ്ങൾ തമ്മിലുള്ള പരസ്പരാശ്രയത്വം ആരംഭിക്കുന്നത് ഇത്തരത്തിലാണ്.

### 1.2. ഇന്ത്യ എന്ന ഭൂമിശാസ്ത്ര ഭൂമിക


സിന്ധുനദിയുടെ പേരിൽ നിന്നാണ് ഹിന്ദുസ്ഥാൻ, ഇന്ത്യ എന്നീ പേരുകൾ രാജ്യത്തിനുണ്ടായത് എന്ന് പറയുന്നു. സിന്ധുനദീതടത്തിനപ്പുറമുള്ള ഭൂപ്രദേശമെന്ന നിലയ്ക്ക് പേർഷ്യക്കാരാണ് ഹിന്ദുസ്ഥാൻ എന്ന് ആദ്യമായി ഉപയോഗിച്ചത്. സിന്ധുനദീതട സംസ്കാരമാണ് പ്രാചീനത വെളിവാക്കുന്ന പ്രധാന ഘടകം. വടക്ക് അതിരിൽ ഹിമാലയവും അതിന്റെ തെക്ക് സ്ഥിതിചെയ്യുന്ന സിന്ധുനദീതട സമതലങ്ങളും വടക്ക് പടിഞ്ഞാറ് ഭാഗത്തെ മരുഭൂമിയും പടിഞ്ഞാറൻ തീരത്തിന് സമാന്തരമായുള്ള പശ്ചിമഘട്ടവും അതുപോലെ കിഴക്കുഭാഗത്തുള്ള പൂർവ്വ ഘട്ടവും കൂടാതെ നദികൾ, ദ്വീപുകൾ, തീരദേശ സമതലങ്ങൾ എന്നിങ്ങനെ ഇന്ത്യയുടെ ഭൂപ്രകൃതി വ്യതിയാനങ്ങൾ നിറഞ്ഞതാണ്. ഇതുതന്നെയാണ് ഇന്ത്യയിൽ നിലനിൽക്കുന്ന കാലാവസ്ഥാ വ്യത്യാസത്തിനും സാംസ്കാരിക വൈവിധ്യത്തിനും കാരണമാവുന്നത്. മൗര്യ, ചോള, മുഗൾ തുടങ്ങി ഒട്ടനവധി ഭരണത്തിൻ കീഴിലായിരുന്നു ഭാരതം. തെക്കേ ഇന്ത്യയിൽ പ്രധാനമായും ചേരന്മാരും ചോളന്മാരും പാണ്ഡ്യന്മാരും കടന്നുവന്നു. പതിനാലാം നൂറ്റാണ്ടിൽ ഭരണം നടത്തിയ വിജയനഗര സാമ്രാജ്യം ഏറ്റവും ശക്തരായി അറിയപ്പെടുന്നു.

തെക്കേ ഇന്ത്യയിൽ പൊതുവെ ചൂടുള്ളതും ജല സാന്ദ്രതയുള്ളതുമായ കാലാവസ്ഥയാണ് കാണപ്പെടുന്നത്. പശ്ചിമഘട്ടത്തിന്റെയും കടലിന്റെയും സാമീപ്യം ഇതിന് കാരണമാണ്. പശ്ചിമഘട്ടത്തിലെ ജൈവവൈവിധ്യം തെക്കേ ഇന്ത്യയെ മൊത്തത്തിൽ ഒരു

പ്രത്യേക പ്രദേശമായി നിലകൊള്ളുന്നതിന് സഹായിക്കുന്നു. കൃഷി രീതിയിലുള്ള സാമ്യതയും ഭാഷകളുടെ പൊതു സവിശേഷതകളും ശ്രദ്ധിക്കപ്പെടേണ്ടതാണ്. പുഴകളും കായലുകളും നിറഞ്ഞ, ജലത്താൽ ആവൃതമായ പ്രദേശങ്ങൾ തെക്കേ ഇന്ത്യയുടെ സവിശേഷതയാണ്. കലാരൂപങ്ങളുടെ കാര്യത്തിലും വാസ്തുവിദ്യ, ആഘോഷങ്ങൾ, ഭക്ഷണ രീതികൾ എന്നിവയും ചില പൊതു സവിശേഷതകൾ പ്രകടമാണ്.

### 1.3. ആദ്യകാല കേരളം

പശ്ചിമഘട്ട മലനിരകളുടെ പടിഞ്ഞാറായി കിടക്കുന്ന പ്രദേശമാണ് കേരളം. സഹ്യാദ്രിയുടെയും അറബിക്കടലിന്റെയും ഇടയിലാണ് കേരളം സ്ഥിതിചെയ്യുന്നത്. ഈ ഭൂമിശാസ്ത്രം കാരണം കേരളത്തിന്റെ കാലാവസ്ഥയിൽ പല പ്രത്യേകതകളും ഉണ്ടായിട്ടുണ്ട്.




കേരളം

560 കി.മീ നീളവും ശരാശരി 60 കി.മീ വീതിയുമുള്ള കേരളത്തിന്റെ വിസ്തീർണം 38,863 ചതുരശ്ര കി.മീ ആണ്. സഹ്യപർവ്വതനിരകൾ ഉൾപ്പെട്ട മലമ്പ്രദേശം, മധ്യഭാഗത്ത് ഇടനാട് അഥവാ സമതലം, പടിഞ്ഞാറ് തീരഭൂമി. വടക്കും വടക്കുകിഴക്കും കർണാടകവും തെക്കും കിഴക്കും തമിഴ്നാടും പടിഞ്ഞാറ് അറബിക്കടലുമാണ് കേരളത്തിന്റെ അതിരുകൾ[4]. പൂർവ്വദിക്കിൽനിന്നും പശ്ചിമദിക്കിലേക്കാണ് മനുഷ്യവാസം വികസിച്ചുവന്നത് എന്നും അതിനാൽ പശ്ചിമദിക്കിനെ മേക്ക്-മേലെ ദിക്ക്, പൂർവ്വ ദിക്കിനെ കിഴക്ക്- കീഴേ ദിക്ക് എന്നു വിളിച്ചുപോന്നു എന്നതിന് സൂചനകളുണ്ട്[5].

മധ്യശിലായുഗത്തിൽ ആദിമനിവാസികൾ ഗോത്രങ്ങളായിട്ടാണ് ജീവിച്ചിരുന്നത്. ഗോത്രങ്ങൾ ചേർന്ന് ഗണങ്ങൾ ഉണ്ടാവുന്നു. ഗണങ്ങൾ ഓരോ ഗണചിഹ്നം സ്വീകരിക്കുകയും ആ ഗണചിഹ്നത്തിന്റെ കീഴിൽ സാമൂഹികമായ ഐക്യം നിലനിർത്തുകയും ചെയ്യുന്നു.

ഗോത്രത്തിലെ എല്ലാവരും തന്നെ ഒരു ഗണചിഹ്നപൂർവ്വികന്റെ (ടോട്ടം ആൻസെസ്റ്റർ) പിന്മുറക്കാരാണെന്ന മിഥ്യാബോധം നിലനിൽക്കുന്നു. ഗണചിഹ്നങ്ങൾ പലപ്പോഴും ഒരു മൃഗമോ പ്രാണിയോ ചെടിയോ ചിലപ്പോൾ ഒരു പ്രകൃതി പ്രതിഭാസമോ പ്രകൃതി ദൃശ്യമോ മനുഷ്യ നിർമ്മിത ഉപകരണമോ ആവാം[6]

അവരുപയോഗിക്കുന്ന പണിസ്ഥലങ്ങൾ പൊതു ഉടമസ്ഥതയിലുള്ളതായിരുന്നു. എന്നാൽ ആയുധങ്ങൾ, ആഭരണങ്ങൾ, പാത്രങ്ങൾ എന്നിവക്ക് സ്വകാര്യ ഉടമസ്ഥതയുണ്ടായിരുന്നു. രക്തബന്ധമാണ് ഗോത്രത്തിലെ അംഗങ്ങൾ തമ്മിലുള്ള അവകാശങ്ങളും ഉത്തരവാദിത്ത്വങ്ങളും നിർണയിച്ചിരുന്നത്. അത് മാതൃ-പിതൃ പാരമ്പര്യത്തിന്റെ ഭാഗമാണ്. മുറപ്പെണ്ണ്, തീണ്ടാരി, കുടിപ്പക, ശവം മറവു ചെയ്യൽ, പ്രേതാരാധന, ദേവീപൂജ, കളികൾ ഇത്തരത്തിൽ ഒരു ഗോത്രത്തിന്റെ ബന്ധം ഉറപ്പിക്കുന്ന ഘടകങ്ങൾ പലതാണ്. അവർ സംസ്കൃതരായി വരുന്നതിന്റെ സൂചനകളാണ് ഇവ.സ്ത്രീയുമായി ബന്ധപ്പെട്ട ചടങ്ങുകൾ, വിവാഹവുമായി ബന്ധപ്പെട്ട ആചാരങ്ങൾ, അരുതായ്മകൾ, ഗോത്രത്തിലെ ദേവവിശ്വാസം എന്നിവയിലെല്ലാം ഓരോ സംസ്കാരത്തിലും വ്യത്യസ്തതകൾ വലുതാണ്.

ഗോത്രങ്ങളിൽ ഗണാധിപത്യമാണ് നിലനിന്നിരുന്നത്. ഓരോ ഗോത്രത്തിലെയും അംഗങ്ങൾ എന്തെങ്കിലും ഒരു പ്രത്യേകതരം ഭക്ഷ്യപദാർത്ഥം ഉൽപാദിപ്പിക്കുന്നതിൽ പ്രാവീണ്യം നേടിയിരുന്നു. പല ഗോത്രങ്ങൾ കൂടിച്ചേർന്നാണ് ഗ്രാമം ഉണ്ടാകുന്നത്. ഗോത്രത്തിന് ഗോത്രസഭയും തലവനും എല്ലാമടങ്ങുന്ന നിയമവ്യവസ്ഥ ഉണ്ടായിരുന്നു. ബിസി നാലാം നൂറ്റാണ്ടോടെ ഉത്തരേന്ത്യക്കും ദക്ഷിണേന്ത്യക്കും തമ്മിൽ ചരക്കുകൈമാറ്റവും തുടർന്ന് സാംസ്കാരിക വിനിമയവും സാധ്യമായി. രാജാധിപത്യവും പ്രാചീന വർഗ സമുദായവും രൂപപ്പെട്ടുവന്നു. കുടുംബം പ്രധാനമാവുകയും കൃഷി പ്രധാന തൊഴിലായി മാറുകയും ചെയ്തു. എ.ഡി എട്ടാം നൂറ്റാണ്ടിലാണ് സംഘകാലത്തെക്കുറിച്ച് ആദ്യത്തെ തെളിവ് ലഭിക്കുന്നത്. സംഘകാലത്ത് തമിഴകം അഞ്ച് മണ്ഡലങ്ങളായാണ് വിഭജിക്കപ്പെട്ടിരുന്നത്: തൊണ്ടൈമണ്ഡലം, ചോളം, പാണ്ഡ്യം, ചേരം, കൊങ്ങുനാട്. കേരളത്തിന്റെ അതിർത്തിയിൽപെട്ട നാടുകളെയാണ് സംഘകാലത്ത് ചേരം എന്ന് വിളിച്ചിരുന്നത്. വേണാട്, കർക്കാനാട്, കുട്ടനാട്, കുടനാട്, പൂഴിനാട്, എന്നിവയായിരുന്നു ചേരനാട്ടിലെ പ്രദേശങ്ങൾ.

ചേര-ചോള-പാണ്ഡ്യ ഭരണത്തിൻ കീഴിലിരുന്ന തമിഴകത്തിന്റെ ഭാഗമായിരുന്നു ആദ്യകാല കേരളവും. ആദിദ്രാവിഡഭാഷയുടെ സ്വാധീനം, കലാരൂപങ്ങളിലുണ്ടായിരുന്ന സാമ്യത എന്നിവ ഇതിന് തെളിവാണ്. അന്ന് അറബിക്കടലിന് കുറുകെയുള്ള വ്യപാരാവശ്യങ്ങൾക്കായി കേരളത്തെ ചേരന്മാർ കേന്ദ്രമാക്കി. സ്വയംഭരണാവകാശമുള്ള നാട്ടുരാജാക്കന്മാർ കേരളത്തിന്റെ പദവി പങ്കിട്ടെടുത്തതോടെ കോഴിക്കോട് സാമൂതിരിമാരും കൊച്ചിയിൽ കൊച്ചിരാജകുടുംബവും തിരുവിതാംകൂറിൽ തിരുവിതാംകൂർ രാജകുടുംബവും ഭരണത്തിലെത്തി. കേരളത്തിന്റെ തമിഴ് ബന്ധവും കേരളത്തിലേക്ക് വന്നുപോയ യൂറോപ്യൻ ശക്തികളുടെ സ്വാധീനവും പലവഴി കേരളവുമായി ബന്ധപ്പെട്ട മതങ്ങൾ സൃഷ്ടിച്ച സാംസ്കാരികാന്തരീക്ഷവും കേരളത്തിന്റെ സംസ്കാരത്തിലുള്ള സങ്കര സ്വഭാവത്തിന് കാരണമായി.

### 1.4. മലയാള ദേശം/കേരളം - പദനിഷ്പത്തിയും ഭൂപ്രകൃതിയും

കേരം തിങ്ങിയ നാടായത് കൊണ്ടാണ് കേരളത്തിന് ആ പേര് വന്നത് എന്നത് ഒരു സാധ്യതയാണ്. പക്ഷെ, ചരിത്രകാരന്മാർ അത് വലിയതോതിൽ അംഗീകരിക്കുന്നില്ല. ഗുണ്ടർട്ടിന്റെ അഭിപ്രായത്തിൽ ചേരത്തിന്റെ കർണാടക ഉച്ചാരണമാണ് കേരം. പർവ്വതം സമുദ്രവുമായി ചേരുന്ന പ്രദേശമാകയാൽ ചേരൽ(മലഞ്ചെരിവ്) എന്നും ചേരളം (ചേരൽ പ്രദേശം) എന്നും ആ ഭൂവിഭാഗത്തിന് പേർ സിദ്ധിച്ചു. ചേർമ എന്നാണ് മെഗസ്തനീസ് അതിനെ വിളിച്ചത്. ചേരളം എന്ന പദത്തിന്റെ മറ്റൊരു രൂപമാണ് കേരളം[7]

തമിഴിൽ ചാരൽ എന്നവാക്കിനർത്ഥം മലഞ്ചെരിവ് എന്നാണ്. മലകളുടെ ആധിക്യമുള്ള സ്ഥലം എന്നും വിവരിക്കാം. പക്ഷെ പദനിഷ്പാദനം പ്രയാസമാണ്. ചേർ (ചളി) അളം (സ്ഥലം)

എന്നിവ ചേർന്നാണ് ചതുപ്പുനിലം എന്നർത്ഥം വരുന്ന ചേരലം എന്ന പേര് രൂപപ്പെട്ടത് എന്ന് കരുതുന്നവരുണ്ട്. ചേരലം എന്നവാക്കിന് കൂടിചേർന്ന ഭാഗം എന്നും അർത്ഥം വരുന്നുണ്ട്. അതായത് കടൽ മാറികരയോട് ചേരപ്പെട്ട സ്ഥലം എന്ന അർത്ഥം കേരളോൽപത്തി കഥയുമായി ബന്ധപ്പെട്ടിരിക്കുന്നു. പിന്നീട് സംസ്കൃതസ്വാധീനം മൂലമാണ് കേരളം ആയതെന്ന് പറയുന്നു. മലയോട് തൊട്ടുകിടക്കുന്ന പ്രദേശം എന്ന അർത്ഥത്തിലാണ് തമിഴർ കേരളത്തെ മലനാട് എന്നുവിളിച്ചത്. തമിഴിൽ ചാരൽ എന്ന പദത്തിന് അർത്ഥം മലഞ്ചെരിവ് എന്നാകുന്നു. ചേരൽ എന്ന പദത്തിന് ചതുപ്പുനിലം എന്നും അർത്ഥം ഉണ്ട്. എ. ശ്രീധരമേനോൻ[8] അവതരിപ്പിക്കുന്ന മറ്റൊരു സിദ്ധാന്തപ്രകാരം ചേർന്ത എന്നതിന് കൂട്ടിച്ചേർത്ത ഭാഗം എന്നർത്ഥം ഉണ്ട്. നേരത്തെ ഉണ്ടായിരുന്ന പർവ്വതത്തോട് കൂട്ടിച്ചേർത്ത ഭാഗം എന്നർത്ഥം. മലയാള - മണിപ്രവാളങ്ങളിൽ മലനാട് പ്രയോഗം സാധാരണമായിരുന്നു.

അറബി യാത്രികരും പലപേരുകളിൽ കേരളത്തെ അഭിസംബോധന ചെയ്യുന്നുണ്ട്. മലബാർ എന്നപേര് ആദ്യമായി വിളിച്ചത് അൽബറൂണിയാണ്. പിന്നീട് കോസ്മസ് ഇൻഡികസ് പ്ലൂതസിന്റെ കാലത്താണ് മലെ എന്ന പേര് അറബി നാവികർ ഉപയോഗിച്ച് കാണുന്നത്. മലിബാർ, മനിബാർ, മുലിബാർ, മുനിബാർ എന്നെല്ലാം വിളിച്ച് പോന്നിരുന്നു. മല എന്ന തദ്ദേശീയ പദവും ബാർ എന്ന (പേർഷ്യൻ/ അറബി പദം- രാജ്യം അഥവാ ഭൂഖണ്ഡം എന്നർത്ഥം) വിദേശീയ പദവും ചേർന്നതാവാം എന്ന് ലോഗൻ പറയുന്നു. മലൈവാരം എന്ന പദത്തിന്റെ രൂപാന്തരമായും മലബാർ എന്ന പദത്തെ കണക്കാക്കാം. വാരം എന്നതിന് മലഞ്ചെരിവ് എന്നും അർത്ഥം ഉണ്ട്. മലയുടെ ചരിവുള്ള പ്രദേശം-മലവാരംമലബാർ ആയതായും ഭാഷാഗവേഷകർ പറയുന്നു.എന്തായാലും കേരളത്തിന്റേത് അതിന്റെ പർവ്വത പ്രകൃതിയിൽനിന്നു കിട്ടിയ പേരാണ് എന്ന് ചരിത്രകാരന്മാർ സമ്മതിക്കുന്നു.

ദ്രാവിഡം എന്ന സംജ്ഞ ഭൂപരമായ പദമായിട്ടാണ് അടയാളപ്പെടുത്തി കാണുന്നത്. ആന്ധ്രദേശത്തിന് തൊട്ട് താഴെ കിടക്കുന്ന പ്രദേശം. ദ്രാവിഡർക്ക് മിശ്രവംശത്തിന്റെ ശരീരപ്രകൃതിയാണ്. തമിഴ്, തെലുങ്ക്, കർണാടകം, മലയാളം, തുളു എന്നീ ഭാഷകളുടെ ആവിർഭാവം ആദി ദ്രാവിഡഭാഷകളിൽനിന്നാണെന്ന് കരുതുന്നു.മലയും ആഴവും അല്ലെങ്കിൽ ആഴിയും ചേരുന്ന മലയാഴം, മലയാളം ഇത്തത്തിലുള്ള സംജ്ഞകളുടെ അടിസ്ഥാനവും പരിശോധിക്കാം. അക്കാലത്തെ നിരന്തരമായ കരവെക്കലും കടലെടുക്കലും കാരണം തീരദേശങ്ങളുടെ രൂപം കൃത്യമല്ലായിരുന്നു. കേരളത്തിന്റെ തുറമുഖങ്ങളുടെ ഇന്നത്തെ സാഹചര്യം ഇത്തരത്തിൽ രൂപപ്പെട്ട കരയോട് ചേർന്നതാണ്. കേരളത്തിന്റെ ജൈവസമ്പത്തിൽ പ്രധാനമാണ് തെങ്ങ്. എന്നാൽ പാശ്ചാത്യ രേഖകളിൽ തെങ്ങിന്റെ സാന്നിധ്യമില്ല. പിന്നീട് കേരളത്തിന്റെ ഭാഗമായിത്തീർന്ന സസ്യസമ്പത്തുകൾ പലതുണ്ട്. പറങ്കിമാവ്, ചീനമുളക്, കപ്പലണ്ടി തുടങ്ങി പല പേരുകളിൽ ഇവയെ വിളിച്ചു.

പ്രത്യേകതരം കാലാവസ്ഥയും അതിന്റെ ഭാഗമായുണ്ടായിവന്ന പരിസ്ഥിതിയുമാണ് കേരളത്തിന്റേത്. ഇപ്പോഴുള്ള വേനൽ/മഴക്കാലങ്ങൾ അക്കാലം മുതൽ പ്രബലമായിരുന്നു എന്ന് വേണം കരുതാൻ. ഇത്തരത്തിൽ വലിയ വനങ്ങൾ സംരക്ഷിക്കപ്പെട്ടു പോന്നു. അത് മനുഷ്യന് സുരക്ഷിതമായ ആവാസ വ്യവസ്ഥയായിത്തീർന്നു. ഗോത്ര സമൂഹങ്ങൾ വളരെക്കൂടുതൽ കാണപ്പെടുന്ന ഇടമാണ് കേരളം. പശ്ചിമ ഘട്ടത്തിന്റെ പ്രത്യേകതയാണ് ഇതിന് പ്രധാന കാരണം.

### 1.5. ഭൂപ്രകൃതിയും കാലാവസ്ഥയും

ഭൂമികയുമായി ബന്ധപ്പെട്ടതാണ് ദേശചരിത്രം. ഒരു പ്രദേശത്തെ ജനതയുടെ രാഷ്ട്രീയ സംവിധാനത്തിലും സാമൂഹിക ജീവിതത്തിലും സാഹിത്യാദികലകളിലും അവിടുത്തെ ഭൗതികപരിസരം സ്വാധീനം ചെലുത്തുന്നു. ജനങ്ങളുടെ ഭൗതികവും ആത്മീയവുമായ ജീവിതത്തിലും ഈ സ്വാധീനം പ്രകടമാവുന്നുണ്ട്. മലനാടും ഇടനാടും തീരഭൂമിയും ഒരുപോലെ പ്രാധാന്യമർഹിക്കുന്നു. പർവ്വതവും കടലും നദികളും കായലുകളും കേരളത്തിന്റെ അനുഗ്രഹീതസമ്പത്താണ്. പ്രകൃതിയും അതിന്റെ വൈവിധ്യപൂർണമായ അവസ്ഥകളും കലകളുടെ പ്രേരകഘടകങ്ങളിൽ പ്രധാനമാകുന്നു.

1956ൽ ഒരു ഭാഷാ സംസ്ഥാനമെന്ന നിലയ്ക്ക് കേരളം രൂപീകൃതമായി. മലനാട്, ഇടനാട്, സമതലം എന്നിങ്ങനെ കേരളത്തിന്റെ ഭൂപ്രദേശത്തെ സ്ഥൂലദൃഷ്ട്യാ മൂന്നുവിഭാഗങ്ങളായി തിരിക്കാം എന്ന് എ. ശ്രീധരമേനോൻ[9] അഭിപ്രായപ്പെടുന്നുണ്ട്. കിഴക്കേ അതിർത്തിയിൽ കിടക്കുന്ന സഹ്യപർവ്വതനിരയാണ് മലനാട്. പർവ്വതത്തിന്റെ ഉന്നതതലങ്ങൾ ഇടതൂർന്ന വനങ്ങളാൽ ആവൃതമാണ്. മലഞ്ചെരിവുകളിലെ വനഭൂമികളിൽ ഇടക്കിടെ തോട്ടങ്ങൾ കാണാം. പടിഞ്ഞാറ് കടൽത്തീരത്തോട് ചേർന്നു കിടക്കുന്ന പ്രദേശം സമതലമാണ്. മണൽ നിറഞ്ഞതാണ് ഈ ഭാഗത്തെ മണ്ണ്. മലനാടിനും സമതലത്തിനും ഇടയ്ക്കാണ് ഇടനാട്. മണ്ണിന് ചെങ്കല്ലിന്റെ കലർപ്പുള്ള ഈ മേഖലയിൽ ഒറ്റപ്പെട്ട കുന്നുകൾ താഴ്വരകളെ അവിടവിടെ തടഞ്ഞു നിർത്തുകയും സമഭൂമികൾ വനാച്ഛാദിതമായ ഗിരിപാർശ്വങ്ങളിൽ അവസാനിക്കുകയും ചെയ്യുന്നു.

കേരളത്തിലെ തീർത്ഥാടനകേന്ദ്രങ്ങൾ മലമുകളിലോ താഴ്വരകളിലോ ആണ്. ചുരങ്ങളിലൂടെയും കടലുവഴിയുമാണല്ലോ കേരളത്തിലേക്ക് വിദേശ യാത്രക്കാരുടെ വരവ്. വന്നവരിൽ ചിലർ യാത്രാവിവരണങ്ങൾ എഴുതി. അവയിലെല്ലാം കാടും മലയും കരയും മേടും, ചതുപ്പും മണൽത്തിട്ടയും കായലും ഉൾപ്പെട്ട പ്രദേശങ്ങളുടെ വിവരണങ്ങളും ഭാഗമായി[10].കേരളത്തിന്റെ ഭൂപരമായ സ്ഥാനം ഉത്തരേന്ത്യയിൽ നടന്ന പ്രക്ഷോഭങ്ങളിൽ നിന്നും കുടിയേറ്റങ്ങളിൽനിന്നും കേരളത്തെ മറച്ചുവെച്ചിരുന്നതായി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. വടക്കേ ഇന്ത്യയിൽ നിന്നും വളരെ കഴിഞ്ഞാണ് ആര്യബൗദ്ധജൈനൻമാർ കേരളത്തിലെത്തിയത്. അത് കേരളത്തിന്റെ തനതായ കല, സംസ്കാരം, രീതികൾ എന്നിവ രൂപപ്പെടാൻ സഹായകമായി. തമിഴ് കർണാടക ദേശങ്ങളുമായി അതിർത്തി പങ്കിടുന്നത് കേരളത്തിന്റെ സംസ്കാരത്തെ പിന്നീടുള്ള ഘട്ടങ്ങളിലും സ്വാധീനിച്ചിരുന്നു.

അതിപുരാതനകാലം തൊട്ടേ വിവിധ പ്രദേശങ്ങളുമായി കേരളത്തിന് വാണിജ്യബന്ധം നിലനിന്നിരുന്നു. അത് പ്രധാനമായും സമുദ്രം വഴി ആയിരുന്നു. മുസിരിസ്സ്, തിണ്ടിസ്, ബക്കരേ, നെൽക്കിണ്ട എന്നിവ അക്കാലത്തെ കേരളത്തിലെ പ്രധാന തുറമുഖങ്ങൾ ആയിരുന്നു. പിന്നീടാണ് കൊല്ലവും കോഴിക്കോടും കൊച്ചിയും അതിലേക്ക് കടന്നുവന്നത്. പോർച്ചുഗീസ്, ഡച്ച്, ഫ്രഞ്ച്, ഇംഗ്ലീഷ് ആധിപത്യത്തിന് കാരണമായത് ഈ തീരങ്ങളാണ്. വാണിജ്യത്തിനൊപ്പം സംസ്കാരവും സമുദ്രംവഴി കടന്നുവന്നു. യഹൂദ, ക്രിസ്ത്യൻ മതങ്ങൾ സമുദ്രം വഴിയാണ് വന്നത്. സഹ്യപർവ്വതം മൂലം നഷ്ടപ്പെട്ട വിദേശബന്ധം പടിഞ്ഞാറേ കടൽ വഴിയാണ് സ്ഥാപിക്കപ്പെട്ടത്. വെള്ളപ്പൊക്കങ്ങൾക്ക് കേരളത്തിന്റെ ചരിത്രം മാറ്റിമറിച്ചതിൽ പ്രധാനസ്ഥാനം ഉണ്ട്. 1341ലെ വെള്ളപ്പൊക്കത്തിലാണ് കൊടുങ്ങല്ലൂർ നശിക്കുകയും തുടർന്ന് കൊച്ചി പ്രധാനമാവുകയും ചെയ്യുന്നത്. 1789ൽ ടിപ്പു ആലുവക്കപ്പുറം ആക്രമിക്കാതിരുന്നത് അന്നുണ്ടായ വെള്ളപ്പൊക്കം മൂലമാണെന്ന് പറയുന്നു.

സുദീർഘമായ കാലയളവിൽ ഒരു പ്രദേശത്ത് കാണപ്പെടുന്ന അന്തരീക്ഷാവസ്ഥയെ കാലാവസ്ഥ എന്നു പറയുന്നു.കേരളത്തിലെ കാലാവസ്ഥ അതിന്റെ ഭൂപരമായ കിടപ്പുമായി ബന്ധപ്പെട്ടിരിക്കുന്നു. മലമ്പ്രദേശത്ത് താരതമ്യേന വലിയ തണുപ്പും ഇടനാട്ടിലും തീരപ്രദേശത്തും ചൂടും അനുഭവപ്പെടുന്ന കാലാവസ്ഥയാണ് കേരളത്തിന്റേത്. മൺസൂൺ കാറ്റുകൾ കേരളത്തിന്റെ കാലാവസ്ഥയെ കാര്യമായി നിയന്ത്രിക്കുന്നു. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള തെക്കുപടിഞ്ഞാറൻ മൺസൂൺ മൂലം കേരളത്തിൽ കാലവർഷവും ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള വടക്കു കിഴക്കൻ മൺസൂൺ മൂലം തുലാവർഷവും കേരളത്തിന് ലഭിക്കുന്നു.

കിഴക്കുഭാഗത്തുള്ള 450 കിലോമീറ്ററോളം നീളമുള്ള പർവ്വത നിരയാണ് പശ്ചിമഘട്ടം. കേരളത്തിലെ ഉയർന്നതും കൃത്യതയാർന്നതുമായ മഴക്കു കാരണം പശ്ചിമഘട്ടമാണ്. 50 ശതമാനം കേരളവും പശ്ചിമഘട്ടത്തിന്റെ ഭാഗമായുള്ള മലനാടാണ്. സമുദ്രനിരപ്പിൽനിന്നും 5000 അടി ഉയരത്തിലുള്ള 50 ഓളം പർവ്വത നിരകളാണുള്ളത്. ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ പർവ്വതമായ ആനമുടി സ്ഥിതി ചെയ്യുന്നത് പശ്ചിമഘട്ടത്തിലാണ്. ഉഷ്ണമേഖലാപ്രദേശത്താണ് കേരളത്തിന്റെ സ്ഥാനം. ഇന്ത്യയുടെ മഴക്കാടുകളിൽ കാണുന്ന ഈർപ്പം കൂടുതലുള്ള ഉഷ്ണമേഖലാ കാലാവസ്ഥയാണ് കേരളത്തിൽ കാണപ്പെടുന്നത്. കിഴക്കൻ കേരളത്തിൽ

പശ്ചിമഘട്ടത്തിന്റെ ഭാഗമായ മലകളും താഴ്വരകളും കാണപ്പെടുന്നു. കുറെ ഭാഗത്ത് തേയിലയും കാപ്പിയും മറ്റുതോട്ടങ്ങളുമാണ്. മലനാടിന് പടിഞ്ഞാറായി ഇടനാടൻ സമതലങ്ങൾ നിലകൊള്ളുന്നു.

ആഴത്തിലുള്ള ഇടങ്ങളിൽ നെൽപാടങ്ങൾ കാണുന്നു. ചരിവുകളിൽ റബ്ബറും മറ്റു ഫലവൃക്ഷങ്ങളും വളരുന്നു. കപ്പ, കുരുമുളക് എന്നിവയും മറ്റു ഇടവിളകളും കൃഷിചെയ്തുവരുന്നു. കേരളത്തിന്റെ തീരം താരതമ്യേന പരന്നതും തെങ്ങുകൾ വളരുന്നതും പരസ്പരം ബന്ധപ്പെട്ടു കിടക്കുന്ന കനാലുകളും പുഴകളും ഉള്ളതുമായ സ്ഥലമാണ്. കുട്ടനാടാണ് ജലശേഖരത്തിന്റെ പകുതിയും ഉൾക്കൊള്ളുന്നത്. 44 പുഴകളും ഉത്ഭവിക്കുന്നത് പശ്ചിമഘട്ടത്തിൽ നിന്നാണ്. കേരളത്തിലെ പുഴകളുടെ വലിപ്പവും നീളവും നീരുറവകളും വളരെ ചെറുതാണ്. വളരെ ചെറിയവയും അടിത്തട്ട് ആഴം കുറഞ്ഞവയുമാണ് അതുകൊണ്ടാണ് അവ വേനൽക്കാലത്ത് വറ്റുകയും മഴക്കാലത്ത് കവിഞ്ഞൊഴുകുകയും ചെയ്യുന്നത്.

പശ്ചിമഘട്ടവും കടലും തമ്മിലുള്ള അകലം വളരെ കുറവാണ്. കേരളം പലതരത്തിലുള്ള മണ്ണിടിച്ചിലുകൾ അഭിമുഖീകരിക്കാറുണ്ട്. മനുഷ്യപ്രവർത്തനത്തിന്റെ ഭാഗമായും അല്ലാതെയും രൂപപ്പെടുന്ന അസ്ഥിരതയാണ് മണ്ണിടിച്ചിലിന് കാരണമാവുന്നത്. പശ്ചിമഘട്ടത്തിന്റെ താഴ്വരകളിൽ നടക്കുന്ന അനധികൃത ഖനനങ്ങൾ വലിയതോതിലുള്ള പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു.

തീരപ്രദേശങ്ങളിൽ വലുതും ചെറുതുമായ വേലിയേറ്റങ്ങൾ സാധാരണമാണെങ്കിലും 2004ലുണ്ടായ സുനാമി കേരളത്തെയും സാരമായി ബാധിച്ചിരുന്നു. അതുപോലെ 2018 മുതലാണ് ആധുനിക കേരളത്തിൽ വലിയതോതിലുള്ള വെള്ളപ്പൊക്കങ്ങൾ ഉണ്ടാവാൻ തുടങ്ങിയത്. മനുഷ്യന്റെ അശാസ്ത്രീയമായ ഇടപെടലുകളും വെള്ളപ്പൊക്കത്തിന് കാരണമായി. ചതുപ്പുനിലങ്ങളുടെയും ജലശേഖരങ്ങളുടെയും നാശവും അവ നികത്തുന്നതും ഇത്തരം പ്രശ്നങ്ങൾക്ക് ആക്കം കൂട്ടി. സ്ഥലത്തിന്റെ ഉപയോഗത്തിലുണ്ടായ മാറ്റം, വലിയ തോതിലുള്ള റോഡ് വികസനം, ചതുപ്പുകളും പാടങ്ങളും നികത്തി വാസസ്ഥാനങ്ങളുടെ നിർമ്മാണം, വനനശീകരണം എന്നിവയും വെള്ളപ്പൊക്കത്തിന് കാരണമായ മനുഷ്യ ഇടപെടലുകളായി കണക്കാക്കാം.

സ്ഥലത്തിന്റെ കാര്യക്ഷമമല്ലാത്ത ഉപയോഗത്തിന്റെ ഭാഗമായുണ്ടാകുന്ന വരൾച്ച കുറച്ച് വർഷങ്ങളായി കേരളം അനുഭവിച്ചു പോരുന്നുണ്ട്. മഴക്കാലത്ത് നിറഞ്ഞ് കവിയുന്ന ജലസംഭരണികൾ വേനൽക്കാലത്തിന്റെ പകുതിയാവുന്നതോടെ വറ്റിപ്പോവുന്നു. ശുദ്ധജലത്തിന്റെ അഭാവം കാരണം കുടിവെള്ള ദൗർലഭ്യം ശക്തമാണ്. പുഴകളുടെ ജലത്തട്ട് താഴുന്നത് വലിയതോതിലുള്ള ജലക്ഷാമത്തിന് കാരണമാവാറുണ്ട്. ഇത് കൃഷിയെയും കുടിവെള്ള വിതരണത്തെയും ബാധിക്കും. ഗ്രാമങ്ങളിൽ പോലും ഇപ്പോൾ കുടിവെള്ള പദ്ധതികൾ വ്യാപകമായിക്കൊണ്ടിരിക്കുന്നു. ഇപ്പോഴത്തെ കൃഷികൾ മാറ്റി മഴക്കാലത്തെ മണ്ണിന്റെ ഈർപ്പത്തെ ആശ്രയിച്ച് കഴിയുന്ന വിളകൾ നടേണ്ടതായി വരുന്നു.

### 1.6. കാർഷിക സംസ്കാരം

മനുഷ്യസംസ്കാരം രൂപപ്പെട്ടതിൽ പ്രകൃതി വഹിച്ച പങ്ക് വലുതാണ്. പ്രകൃതിയുടെ ഭാഗമായി നിലനിന്ന് മനുഷ്യൻ തന്റെ വളർച്ചയുടെ ഘട്ടങ്ങളിൽ സംസ്കാരത്തിന്റെ പലവിധമായ പരിണാമങ്ങളിലൂടെ കടന്നുപോയി. മണ്ണിനേയും പ്രകൃതിയേയും ഉപയോഗിക്കാനും തന്റെ ആവശ്യത്തിനായി ചൂഷണം ചെയ്യാനും ആരംഭിച്ചു. നദീതടങ്ങൾ കേന്ദ്രമാക്കി സംസ്കാരകേന്ദ്രങ്ങൾ സ്ഥാപിച്ചു. മണ്ണും കാടും കൈവശപ്പെടുത്തി അതിർത്തികൾ നിശ്ചയിച്ച് കൃഷി ആരംഭിച്ചു. മൃഗങ്ങളെയും മറ്റും ഇണക്കി വളർത്തി. എല്ലാറ്റിനും മുകളിൽ മേൽക്കൈ നേടാനുള്ള പ്രാപ്തി നേടി.

കൃഷി മനുഷ്യ സംസ്കാരത്തിലെ പ്രധാനപ്പെട്ട ഏടാണ് ഭൂമിയോട് അടുക്കുന്ന ഘട്ടം. ഭൂമിയെ അറിയാനും കാലാവസ്ഥയും സ്വഭാവവും നോക്കി കൃഷി ചെയ്യാനും ഭൂമിയുടെ

ഘടനയെത്തന്നെ തിരിച്ചറിയാനും പ്രേരിപ്പിച്ച ഘടകമാണ് കൃഷി. കൃഷി തന്നെയാണ് കേന്ദ്രീകൃത ജീവിതം എന്ന ആശയത്തിലേക്ക് നയിച്ചതും. സാംസ്കാരിക ചരിത്രം കൃഷിയെ പിൻപറ്റുന്നു. പല ഇടങ്ങൾക്ക് അനുയോജ്യമായ കൃഷി രീതികൾ രൂപപ്പെട്ടുവന്നത് മനുഷ്യൻ ഭൂമിയെ അത്രത്തോളം അറിഞ്ഞു എന്നതിനുദാഹരണമാണ്.

താമസമുറപ്പിക്കലുമായി ബന്ധപ്പെട്ടാണ് ഗോത്രങ്ങളും അവയ്ക്കിടയിൽ പ്രശ്നങ്ങളുമുണ്ടായത്. അവ തമ്മിലുള്ള കൊടുക്കൽവാങ്ങലുകൾ കുറയുകയും വേറിട്ട സാംസ്കാരിക കേന്ദ്രങ്ങളായി മാറുകയും ചെയ്തു. അതിര് കാക്കാൻ വേണ്ടി ദേവതകളും ഉർവ്വരത നിലനിർത്താൻവേണ്ടി ആചാരങ്ങളും രൂപപ്പെട്ടു. കൃഷി ഉപകരണങ്ങൾ കാലഘട്ടത്തിനനുസരിച്ച് രൂപംകൊള്ളുകയും അത് കൃഷി രീതികളെ കൂടുതൽ സൗകര്യപ്രദമാക്കുകയും ചെയ്തു. കൃഷിയുമായി ബന്ധപ്പെട്ട് കേരള സംസ്കാരത്തിന്റെ ഭാഗമായി നിലനിൽക്കുന്നവയാണ് കൃഷിപ്പാട്ടുകൾ. അവ കൃഷിയിടങ്ങളിൽ രൂപംകൊണ്ടതും നാടിന്റെയും കൃഷിയുടെയും സവിശേഷതകൾ ഉൾക്കൊണ്ടതുമായിരിക്കും. ഗോത്രവിഭാഗങ്ങളുടെ പ്രധാന തൊഴിൽ കൃഷി തന്നെയായിരുന്നതിനാൽ അവരുടെ എല്ലാ വിശ്വാസങ്ങളും ആചാരങ്ങളും കൃഷിയുമായും ഉർവ്വരതയുമായും ബന്ധപ്പട്ടായിരുന്നു. കൃഷിയെ കാക്കുന്നതായിരുന്നു അവരുടെ ദേവതയുടെ ഉദ്ദേശ്യം.

കൃഷി കാലാന്തരത്തിൽ പ്രകൃതിയെ ചൂഷണം ചെയ്യുന്നതും നശിപ്പിക്കുന്നതുമായിത്തീർന്നു. കൂടുതൽ വിളകൾക്കുവേണ്ടി രാസകീടനാശിനികളുടെ അനിയന്ത്രിതമായ ഉപയോഗവും അതുമൂലമുണ്ടായ മണ്ണിന്റെ സ്വഭാവമാറ്റവും കൃഷിയെ ബാധിച്ചു. പ്രകൃതിയെ ചൂഷണം ചെയ്യുന്നതിന്റെ ഫലമായിത്തന്നെ കാലാവസ്ഥാമാറ്റവും ജലപ്രതിസന്ധിയും കടന്നുവന്നു. അടുത്തിടെയുണ്ടായ പ്രളയം പോലും കാലാവസ്ഥാമാറ്റത്തിന്റെ ഫലമാണ്. പ്രകൃതി ക്ഷോഭങ്ങൾ എല്ലാക്കാലത്തും ഉണ്ടാവാറുണ്ട്. എന്നാൽ അത് നാടിന്റെ എല്ലാ മേഖലകളെയും ഒരുമിച്ച് ബാധിക്കാറില്ല. എല്ലാ മഴക്കാലത്തും മലനാട്ടിൽ മലയിടിച്ചിലുകളും തീരദേശങ്ങളിൽ കടൽക്ഷോഭങ്ങളും ഉണ്ടാവാറുണ്ട്. എന്നാൽ ഇപ്പോൾ പ്രളയം പ്രധാനമായി ബാധിക്കുന്നത് ഇടനാട്ടിനെയാണ്. ഇടനാട്ടിന്റെ എല്ലാ സംവിധാനങ്ങളും തകിടം മറിക്കുന്ന തരത്തിൽ അത് ബാധിക്കുന്നു. മലനാട്ടിൽ ഉണ്ടാവാറുള്ള മലയിടിച്ചിലുകൾ നമ്മുടെ വാർത്തകളിലും ഓഖി പോലുള്ള ദുരന്തങ്ങൾ കടൽത്തീരങ്ങളിലും ഒതുങ്ങുകയാണ് പതിവ്. പ്രളയം മുഖ്യധാര എന്നു വിളിക്കപ്പെടുന്ന സമൂഹത്തെയാണ് ഇപ്പോൾ ബാധിക്കുന്നതെന്നത് അതിനുകിട്ടിയ വാർത്താപ്രാധാന്യം സൂചിപ്പിക്കുന്നു.

ഞാറ്റുവേല എന്ന സങ്കൽപം മനുഷ്യ നിർമ്മിതമാണ്. എന്നാൽ പ്രകൃതിയുടെ റിഥവുമായി അതിന് ബന്ധമുണ്ട്. കൃത്യമായ നിരീക്ഷണങ്ങളിലൂടെ മനുഷ്യന് പ്രകൃതിയുടെ ചാക്രികതയെ അനുകരിക്കാനാവും എന്നതിന് മാതൃകയാണിത്. പണ്ട് കാലം മുതലേ കൃഷിയുമായി ബന്ധപ്പെട്ട് കാലാവസ്ഥയെ കുറിച്ച് മനുഷ്യന് ബോധമുണ്ടായിരുന്നു. ഒരു കൊല്ലം ലഭ്യമാകുന്ന മഴയുടെ വിതരണത്തെ കൃഷിക്ക് വേണ്ടി ഏറ്റവും ശാസ്ത്രീയമായി നിർണയിച്ചിരുന്നു. ഇത്തരം അറിവുകൾ പല പഴഞ്ചൊല്ലുകളിലൂടെയും പ്രചരിക്കുന്നത് കാണാം (ഉദാ: വിത്ത് ഭരണിയിലിടണം, ചോതി പെയ്താൽ ചോറുറച്ചു).ഇത് ആദ്യകാല കർഷകരുടെ കാർഷിക ടൈംടേബിൾ ആയിരുന്നു എന്നതിന് സംശയമില്ല. അവർ നമ്മുടെ കുരുമുളക് തൈകളേ കൊണ്ടുപോകൂ, നമ്മുടെ തിരുവാതിര ഞാറ്റുവേല കൊണ്ടുപോകില്ലല്ലോ എന്ന പ്രസ്താവന പ്രസിദ്ധമാണ്. വാസ്കോഡഗാമയുടെ കാലത്ത് പോർത്തുഗലിലേക്ക് കുരുമുളക് തൈകൾ കൊണ്ടുപോയ ഘട്ടത്തിലാണ് മങ്ങാട്ടച്ചന്റെ പരിഭവത്തിന് മറുപടിയായി സാമൂതിരി ഇങ്ങനെ പറഞ്ഞത്. അതിനർത്ഥം കേരളത്തിന്റെ ഭൂപ്രകൃതിയും കുരുമുളകിന് അനുയോജ്യമായ കാലാവസ്ഥയും അവരുടെ നാട്ടിൽ കിട്ടില്ലല്ലോ എന്ന് തന്നെയായിരുന്നു.

ഞാറ്റുവേലയും അതിന്റെ ചാക്രികത അനുസരിച്ചുള്ള കൃഷിയും നിലനിൽക്കുന്നത് ഇടനാട്ടിലാണ്. തീരപ്രദേശത്ത് ഇതുപോലെ കടലുമായുള്ള നിരന്തര സമ്പർക്കത്തിൽ അവരുണ്ടാക്കിയെടുത്ത കാലാവസ്ഥാസൂചനകളും മുന്നൊരുക്കങ്ങളും നിലനിൽക്കുന്നുണ്ട്. കടലിലെ പോക്കുവരവുകളെയും മീനിന്റെ ലഭ്യതയെയും ഇത് ബാധിക്കുന്നു. ട്രോളിംഗ് നിയന്ത്രണം അതുപോലെ തീരദേശത്തെ ബാധിക്കുന്ന നിയന്ത്രണമാണ്. അത്

വറുതിക്കാലമായാണ് കണ്ടുവരുന്നത്. ഉണക്കമീനും ചെറുകിട മീൻപിടിത്തവും വല നന്നാക്കലുമായി ട്രോളിംഗ് കഴിയാനുള്ള കാത്തിരിപ്പിലായിരിക്കും അവർ. പ്രധാന തൊഴിൽമാർഗം നിലക്കുന്ന ജനതയെ ആ കാലത്തെ വറുതിയിൽ നിന്നും കരകയറ്റാൻ ഇതുവരെ അധികാരികൾക്ക് കഴിഞ്ഞിട്ടില്ല.

മലനാട്ടിൽ കാലാവസ്ഥയും പ്രകൃതിയുടെ സന്തുലിതാവസ്ഥയും മറ്റൊരു തരത്തിൽ ബാധിക്കുന്നതിനാൽ ഇടനാട്ടിൽ കണ്ടു വരുന്ന തരത്തിലുള്ള കൃഷികൾ സാധ്യമല്ല. അവിടെ എസ്റ്റേറ്റുകളും ദീർഘകാല വിളകളുമാണ് അധികവും.ഭൂപ്രകൃതിയിലെ മാറ്റവും കാലാവസ്ഥയും കൃഷിവിളകൾമാറ്റുന്നതിന് കാരണമാവുന്നുണ്ട്. മൂന്ന് നാടിന്റെയും പ്രകൃതി ഘടന വ്യത്യസ്തമായിത്തന്നെ പരിപാലിച്ച് പോരുന്നവയാണ്. ഒന്ന് മറ്റുള്ളവർക്ക് അപരിചിതവും എന്നാൽ വിദൂരമായി സ്വാധീനിക്കപ്പെടുന്നവതുമായിരിക്കും. കടലിന്റെ സ്വഭാവം മൽസ്യവിഭവങ്ങളുടെ ലഭ്യതയെ സ്വാധീനിക്കും. ട്രോളിംഗ് നിയന്ത്രണകാലം തീരപ്രദേശത്തെ എന്നപോലെത്തന്നെ മറ്റു നാടുകളെയും പരോക്ഷമായി സ്വാധീനിക്കുന്നുണ്ട്.

കേരളത്തിലുള്ള മൺതരങ്ങൾക്ക് തന്നെ വ്യത്യാസമുണ്ട്. കടലോരത്തെ മണൽ മണ്ണ്, ഉപ്പുകലർന്ന തീരദേശ മണ്ണ്, എക്കൽ മണ്ണ്, നദീതീരത്തുനിന്ന് ഒലിച്ചിറങ്ങുന്ന വളക്കൂറുള്ള മണ്ണ്, ഇടനാട്ടിലെ വെട്ടുകൽ മണ്ണ്,ചുവന്ന മണ്ണ്,ചുവപ്പും കറുപ്പും നിറത്തിലുള്ള വനമണ്ണ്, മലയോരങ്ങളിലെ കരിമണ്ണ്, എന്നിങ്ങനെ പല തരത്തിലുണ്ട്. വടക്കെ മലബാറിൽ കുന്നിൻ ചെരിവിൽ കാട് വെട്ടിത്തെളിച്ച് കരിച്ച് വെന്തമണ്ണിൽ വിത്തിറക്കി ചെയ്തുവന്ന കൃഷിരീതിയെയാണ് പുനം കൃഷി എന്നു വിളിക്കുന്നത്. മേടം മുതൽ ചിങ്ങം വരെയാണ് കൃഷിക്കാലം. പൂത്താട-പൂതാടി- എന്ന് വിളിക്കുന്നത് സമതലകൃഷിരീതിയെയാണ്. മേടം മുതൽ ചിങ്ങംവരെയാണ് ഇതിന്റെ കൃഷിക്കാലം. ഒന്നാംവിള വയൽ കൃഷി-വിരിപ്പ്മേടം മുതൽ കന്നിവരെയും രണ്ടാം വിള- മുണ്ടകൻ കന്നി മുതൽ മകരം വരെയും മുന്നാം വിള-പുഞ്ച മകരം മുതൽ മേടം വരെയും കൃഷി ചെയ്യും. കൂട്ടുമുണ്ടകൻ ഒന്നാംവിളക്കാലത്തെ വിത്തിനൊപ്പം കൃഷിയിറക്കി രണ്ടാംവിളക്കാലത്ത് മാത്രം കതിർക്കുന്ന വിത്തിനങ്ങൾ കലർത്തി കൃഷി ചെയ്യുന്നരീതിയാണ്. കുട്ടനാടൻ പ്രദേശത്തെ ബണ്ട് കെട്ടി കൃഷിചെയ്യുന്ന രീതിയാണ് കായൽ കൃഷി. പൊക്കാളി, കൈപ്പാട് എന്നിവ കടൽ സാമീപ്യമുള്ളതും ഉപ്പുവെള്ളം കയറുന്നതും വേലിയേറ്റവും വേലിയറക്കവും ഉള്ള ഇടങ്ങളിൽ പ്രത്യേകം ചെയ്യുന്ന കൃഷിയാണ്.

### 1.7. സാംസ്കാരിക ഭൂമിശാസ്ത്രവും സംസ്കാരവും

ഇടം, സ്ഥലം, ഭൂമിക, ആവാസവ്യവസ്ഥ, നാട്, ഭൂപ്രകൃതി എന്നിങ്ങനെ വ്യവഹരിക്കുന്നവയെല്ലാം ഭൂമിയിലെ ജീവനെ സ്വാധീനിക്കുന്ന ഘടങ്ങളാണ്. ചിലത് മനുഷ്യനിർമ്മിതവും ചിലത് പ്രകൃതിദത്തവുമാണ്. മറ്റു ജീവികളിൽനിന്നും മനുഷ്യർ വ്യത്യസ്തരായിരിക്കുന്നത് അവരുടെ സംസ്കാരംകൊണ്ടും സംസ്കാരരൂപങ്ങൾ കൊണ്ടുമാണ്. ഭൂമിയെപ്പറ്റിയും അതിന്റെ ഘടനയെപറ്റിയും അവിടുത്തെ ജീവജാലങ്ങളെപ്പറ്റിയും പലതരത്തിലുള്ള പ്രതിഭാസങ്ങളെക്കുറിച്ചുമുള്ള പഠനങ്ങൾ ജ്യോഗ്രഫി എന്ന ശാഖയുടെ കീഴിൽ നടക്കുന്നുണ്ട്. ജ്യോഗ്രഫിയെ ഭൗതികം എന്നും മാനുഷികം എന്നും രണ്ടായിതിരിക്കുന്നുണ്ട്. അതിൽ ഹ്യൂമൻ ജ്യോഗ്രഫിയുടെ ഉപവിഭാഗമായാണ് സാംസ്കാരികഭൂമിശാസ്ത്രം (കൾച്ചറൽ ജ്യോഗ്രഫി) വരുന്നത്.

സ്ഥലബന്ധിതമായി സാംസ്കാരിക നിയമങ്ങൾക്കും വസ്തുക്കൾക്കും വന്നുചേരുന്ന വ്യതിയാനങ്ങളെയും അതിരുകൾക്കപ്പുറത്ത് അവയ്ക്ക് വന്നുചേരുന്ന മാറ്റങ്ങളെയും കുറിച്ചുള്ള പഠനമാണ് സാംസ്കാരികഭൂമിശാസ്ത്രം. അതിനെ സാഹിത്യവുമായി ബന്ധപ്പെടുത്തുമ്പോൾ എഴുത്തുകാർ രൂപപ്പെടുത്തുന്ന ഏതൊരു ഇടത്തെയും വിശകലനം ചെയ്യാനാവുന്ന ടൂളായി അത് മാറുന്നു. ഭാഷ, മതം, ഭരണകൂടം തുടങ്ങിയവ പരിശോധിക്കുമ്പോൾ എത്രമാത്രം സ്ഥലപരമാണ് മനുഷ്യന്റെ പ്രവൃത്തികൾ എന്നുകാണാം. മനുഷ്യന്റെ എല്ലാ പ്രവൃത്തിയും ഒരു തരത്തിൽ സംസ്കാരം നിയന്ത്രിക്കുന്നുണ്ട്. അതിൽ നാടിനനുസരിച്ച് വ്യത്യാസങ്ങളും കാണാനാവും. ഭാഷ, മതം, വാസ്തുശാസ്ത്രം, ഭക്ഷണം, കല, സാമൂഹികഘടന എന്നിവയെ ഭൗതിക പ്രകൃതിയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുന്നു. മനുഷ്യപ്രവൃത്തികൾ എത്തരത്തിലാണ് ഭൗതിക

പ്രകൃതിയെ രൂപപ്പെടുത്തുന്നത് എന്ന് പരിശോധിക്കുന്നു. അതിനോടൊപ്പം തന്നെ ഭൗതിക പരിസരത്ത് അത് എങ്ങനെയൊക്കെ വിതരണം ചെയ്യപ്പെട്ടിരിക്കുന്നു എന്നും നോക്കുന്നു. വ്യക്തിയുടെ സ്വത്വത്തെ ബാധിക്കുന്ന ഒന്നായും അടിസ്ഥാന ധാരണകളെ രൂപപ്പെടുത്തുന്ന ഒന്നായും ഭൗതിക പ്രകൃതി പ്രവർത്തിക്കുന്നത് എങ്ങിനെയാണെന്ന് പരിശോധിക്കുന്നതും സങ്കരസംസ്കാരത്തിലൂടെയും മിശ്രസംസ്കാരത്തിലൂടെയും സംസ്കാരവ്യാപനം നടക്കുന്നതെങ്ങനെയെന്നു പരിശോധിക്കുന്നതും സാംസ്കാരിക പരിസരത്തിന്റെ പരിധിയിൽ വരും.

സാംസ്കാരിക പരിസ്ഥിതിശാസ്ത്രം പഠിക്കുന്നതിലൂടെ ഭൗതിക ഭൂപ്രകൃതിയും കാലാവസ്ഥയും സാംസ്കാരിക സമ്പ്രദായങ്ങളെ എങ്ങനെ രൂപപ്പെടുത്തുന്നു എന്ന് മനസ്സിലാക്കാം. ജീവജാലങ്ങൾ തമ്മിലും ജീവജാലങ്ങളും പരിസ്ഥിതിയും തമ്മിലുമുള്ള ബന്ധത്തെയാണ് പരിസ്ഥിതിശാസ്ത്രം എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രകൃതി എന്നത് ജീവജാലങ്ങളും അജൈവ വസ്തുക്കളും അടങ്ങിയ ഭൂമണ്ഡലം ആണ്. അവിടുത്തെ ഒരു ജീവിവർഗം മാത്രമാണ് മനുഷ്യൻ. മനുഷ്യന്റെ പ്രവൃത്തികൾകൊണ്ട് പ്രകൃതിക്കും ജീവജാലങ്ങൾക്കും നാശം സംഭവിക്കുകയും അത് പലവിധത്തിൽ മനുഷ്യനെത്തന്നെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുമ്പോൾ മാത്രം തിരുത്തപ്പെടുന്നു. മനുഷ്യന്റെ എല്ലാ പ്രവൃത്തികളും പ്രകൃതി സൗഹാർദ്ദപരമാക്കാനുള്ള ശ്രമങ്ങളും നയങ്ങളും ഇതിന്റെ ഭാഗമായി വരുന്നു. ഭാവിയിൽ പ്രകൃതിനാശം മൂലംപ്രതികൂലമായി സംഭവിക്കാവുന്ന പ്രശ്നങ്ങളുടെ സൂചനകൾ പലയിടങ്ങളിലും കണ്ടുതുടങ്ങിയിരിക്കുന്നു. മനുഷ്യന്റെ എല്ലാ പ്രകൃതിചിന്തകളും മനുഷ്യകേന്ദ്രീകൃതമായ നോട്ടങ്ങളാണെന്ന വാദം ശക്തമാവുന്നുണ്ട്. ഗാന്ധിയൻ ചിന്തകളിൽ പറഞ്ഞിരിക്കുന്നത് ഒരു മനുഷ്യന്റെ പോലും അത്യാഗ്രഹം പൂർത്തിയാക്കാനുള്ള വിഭവം പ്രകൃതിയിലില്ല എന്നാണ്.

**1.7.1. നാട്**

എഴുത്തിനകത്ത് രൂപപ്പെടുന്ന നാടിനെയാണ് ഈ പ്രബന്ധത്തിൽ വിശകലനം ചെയ്യുന്നത്. നാടിന്റെ ഭൂപരമായ വ്യതിയാനങ്ങൾ പരിശോധിക്കാനാവുക അത് ടെക്സ്റ്റായി മാറുമ്പോഴാണ്. ടെക്സ്റ്റ് ജൈവികമായ നാടിനെ സാംസ്കാരിക ചിഹ്നങ്ങളുടെ സഹായത്തോടെ പ്രവർത്തി നടക്കുന്ന ഇടമായി രേഖപ്പെടുത്തുന്നു. അങ്ങനെ അത് ചലനാത്മകതയുള്ള ചിന്തയായി നിലനിൽക്കുന്നു. ടെക്സ്റ്റിൽ രേഖപ്പെടുത്തുന്ന സവിശേഷതകളിൽ നാടിനെ കുറിച്ചുള്ള പൊതുബോധങ്ങളുടെ സ്വാധീനം ഉണ്ടായിരിക്കും. എഴുത്തുകാരുടെ വ്യക്തിപരമായ കൂട്ടിചേർക്കലുകളും സാധാരണമാണ്. എന്നാൽ ഇതിനൊക്കെയും ശേഷം ബാക്കിയാവുന്ന നാടെന്ന സാംസ്കാരിക ചിന്തയെയാണ് പഠനവിധേയമാക്കുന്നത്.

ഭൂമിപരമായ അതിരാണ് നാടിനുള്ളത്. ജന്മി വ്യവസ്ഥയുമായി ബന്ധപ്പെട്ട വേർതിരിവാണ് ആദ്യകാലങ്ങളിൽ അവിടെ നിലനിന്നിരുന്നത്. കഥാപാത്രങ്ങളിൽ ഒരേ സ്വഭാവങ്ങളും പെരുമാറ്റരീതികളിൽ സാമ്യവും കാണാം. പ്രാദേശികതയുടെ സ്വാധീനം കൂടുതലായിരിക്കും. ജാതി മത ചിന്തകൾ മുഖ്യ ധാരയിൽ പ്രകടമായിരിക്കും. മൊത്തത്തിൽ അധികാരി (നേതാവ്) ഉണ്ടായിരിക്കും. ജനങ്ങൾ അധികാരമില്ലാത്ത ഒരു കൂട്ടമായി നിലകൊള്ളും. ഐതീഹ്യം, മിത്ത്, ഇതിഹാസം എന്നിവ സമൂഹത്തിന്റെ ഭാഗമായിരിക്കും. മനുഷ്യ നിർമ്മിത ഇടത്തേക്കാളും ജൈവ പ്രകൃതിയുടെ സാന്നിധ്യം കൂടുതലായിരിക്കും. പരിസ്ഥിതി എന്നത് ജീവജാലങ്ങളാലും അജൈവ വസ്തുക്കളാലും ചുറ്റപ്പെട്ട മനുഷ്യ കേന്ദ്രീകൃതമായ കാഴ്ചയാണ്. അതിൽ നിന്ന് വ്യത്യസ്തമാണ് നാട് എന്ന സങ്കൽപം. നാടിനുള്ളിൽ സാമൂഹിക ബന്ധങ്ങൾ നിലനിൽക്കുന്നു. നാടിനെ സാംസ്കാരികഭൂമികയായി കാണുമ്പോഴാണ് അത് ചരിത്രത്തിന്റെ ഭാഗമാവുന്നത്.

ശബ്ദതാരാവലിയിൽ നാടിന് കൃഷി ഭൂമിയും ആൾപ്പാർപ്പുമുള്ള സ്ഥലം എന്നും ദിക്ക്, ദേശം, രാജ്യം, ഭൂവിഭാഗം എന്നിങ്ങനെയും അർത്ഥം കൊടുത്തിരിക്കുന്നു. നാട് എന്നത് ഒരു പ്രദേശികഖണ്ഡമാണ് (മൈക്രോ റീജിയൺ). നാടുകൾക്ക് എല്ലാക്കാലത്തും പൊതുവായ സംരക്ഷണ ശക്തി ഉണ്ടായിരുന്നു. അതിലുള്ള ഭേദം തീരുമാനിക്കുന്നത് നാടുകളുടെ ഭൗതികപരിസരവും തൊഴിലുമാണ്. തീരദേശത്തെ രക്ഷാശക്തിക്ക് കടപ്പുറത്തെ കടലിൽനിന്നും

ജനങ്ങളെ തിരകളിൽനിന്നും രക്ഷിക്കുക എന്നതായിരിക്കും കർത്തവ്യം.  കൃഷിയും മണ്ണുമായി ബന്ധപ്പെടുത്തിയും പ്രകൃതി പ്രതിഭാസങ്ങളിൽനിന്നു രക്ഷിക്കുന്നതിനും ഇത്തരം ശക്തികളെ ആരാധിച്ച് പോന്നിരുന്നു. സ്ത്രീരൂപമുള്ളവയായിരുന്നു അവയിലധികവും.

കുട്ടികളുടെ കളികളിലൂടെ ആ നാട്ടിൽ നിലനിൽക്കുന്ന സംസ്കാരത്തെക്കുറിച്ചുള്ള സൂചനകൾ നമുക്ക് ലഭിക്കും. കുട്ടികളുടെ ശ്രദ്ധയെ ആശ്രയിച്ചിരിക്കുന്നതും കുട്ടികളെ സ്വാഭാവികമായി രൂപപ്പെടുത്തുന്നതിന്റെ ഭാഗമായിട്ടുള്ളതുമായ വിനോദങ്ങൾ അതിൽ ഉൾപ്പെടും. ഓരോപ്രദേശത്തെയും വിനോദങ്ങൾ അവിടത്തെ ഭൂപ്രകൃതിയുടെ സൂചനകൾ തരും. അത് വ്യത്യസ്തമായൊരു ഭൗതികപരിസരത്ത് സാധ്യമായിക്കൊള്ളണമെന്നില്ല. അല്ലെങ്കിൽ അവ പ്രാദേശിക പരിണാമങ്ങൾക്ക് വിധേയമായിട്ടുണ്ടാവും. പരിണാമങ്ങൾ പരിശോധിക്കുക വഴി എത്തരത്തിലാണ് സ്ഥലത്തിന്റെ സ്വാധീനം നിലനിൽക്കുന്നതെന്ന് മനസ്സിലാക്കാനാവും. വിനോദത്തിനായി ഉപയോഗിക്കുന്ന പാട്ടുകൾ, വാക്കുകൾ, കളികളുടെ പേരുകൾ എന്നിവയ്ക്കും പ്രാദേശികമായി വ്യത്യാസങ്ങൾ കാണാം.

നാട്ടറിവുപഠനത്തിന്റെ ഭാഗമായി പലസ്ഥലങ്ങളിൽ ഒരേതരത്തിലുള്ള ഫോക് ലോറുകൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. അവയിൽ പലതരത്തിലുള്ള സാമ്യങ്ങൾ ഉണ്ടെങ്കിലും അത് കുടിയേറ്റമോ മറ്റേതെങ്കിലും തരത്തിലുള്ള ബന്ധങ്ങളോ കാരണമല്ല എന്ന് ഫോക് ലോർ പറയുന്നു. ഒരേകാലത്ത് വികാസം പ്രാപിക്കുന്ന മനുഷ്യരിൽ ഒരേതരത്തിലുള്ള വികാസഘട്ടങ്ങൾ കാണാം. അതാണ് അവയുടെ സംസ്കാരിക ഉൽപന്നങ്ങളിൽ സമാനത കാണാനുള്ള കാരണം. മനുഷ്യനും ഭൂമിയും തമ്മിലുള്ള ബന്ധം എല്ലായിടത്തും ഉണ്ട്. എന്നാലത് ഒരുപോലെയാവണമെന്നില്ല. പക്ഷെ ഭൂമിയുടെ സ്വാധീനം മനുഷ്യരിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾക്ക് പലപ്പോഴും സാമ്യതയും ഉണ്ടാവാം. നാടോടിക്കഥകളുടെ വികാസത്തിൽ ഇത്തരത്തിലുള്ള സാമനതകൾ കാണാം. ഋതുക്കൾ മനുഷ്യജീവിതത്തിൽ പ്രധാനപ്പെട്ടതാണ്. അത് കാലാവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു. കാലാവസ്ഥയ്ക്കനുസരിച്ചാണ് മനുഷ്യർഅവരുടെ സംസ്കാരത്തെ രൂപപ്പെടുത്തിയിരിക്കുന്നത് എന്നു പറയാം. അവരുടെ വേഷം, ഭാഷ, ഭക്ഷണം എല്ലാം കാലാവസ്ഥയുമായി ബന്ധപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ കൃഷിക്കും പ്രകൃതിയുമായി ബന്ധപ്പെട്ട മറ്റ് ഉപജീവനമാർഗങ്ങൾക്കും ഋതുമാറ്റം പ്രധാനമാണ്. മലയാളികളുടെ ആഘോഷങ്ങളായ  ഓണം, വിഷു, തിരുവാതിര, ഋതുസംക്രമണങ്ങൾ തുടങ്ങിയവ പ്രകൃതിയുമായി ബന്ധപ്പെട്ടിരിക്കുന്നു. കേരളത്തിൽ നിലനിന്നിരുന്ന അടിമഭൂവുടമ സമ്പ്രദായം ഉണ്ടാക്കിയ സാംസ്കാരികഭൂമിശാസ്ത്രത്തിന് കേരളത്തിന്റെ ചരിത്രത്തിലും കൃഷി ബന്ധങ്ങളിലും വലിയ സ്വാധീനം ഉണ്ട്. ജന്മിത്തം ഭൂകേന്ദ്രീകൃത വ്യവസ്ഥയാണ്. അതായത് എല്ലാ ക്രയങ്ങളിലും ഭൂമിയുടെ അധികാരമാണ് മുന്നിൽ നിൽക്കുന്നത്. ഭൂമിയുടെ ഉടമയായവർ എല്ലാത്തിനും ഉടമയാണ് എന്നാണ് ബോധ്യം. അത് ദായക്രമമനുസരിച്ച് കുടുംബത്തിലെ അടുത്ത തലമുറക്ക് കൈമാറ്റം ചെയ്യപ്പെടുന്നതുമാണ്.

## 2. വിശകലനത്തിന് സഹായകമായ ചിന്തകളും രീതികളും

### 2.1. മിത്തോളജി

മിത്തോളജി മനുഷ്യസംസ്കാരത്തെ ചിട്ടപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിച്ച ഘടകമാണ്. മിത്തും ഭൗതികപ്രകൃതിയും തമ്മിൽ വളരെയധികം ബന്ധങ്ങൾ കാണാം. മിത്തുകൾ തലമുറകൾ കൈമാറി സംസ്കാരത്തിന്റെ ഭാഗമായി മാറുന്നു. ഒരു സമൂഹത്തിന്റെ മതപരമായ ബോധം രൂപപ്പെടുത്തുന്നിലും ബലപ്പെടുത്തുന്നതിലും മിത്തുകളുടെ സ്ഥാനം വലുതാണ്. മിത്തുകൾ പലപ്പോഴും സമാന്തരമായ സാമൂഹിക മൂല്യങ്ങളായി പ്രവർത്തിക്കുന്നത് കാണാം. മിത്തുകൾ അവ നിലനിൽക്കുന്ന പരിസരത്ത് എങ്ങിനെ രൂപപ്പെട്ടു എന്നത് ആ സംസ്കാരത്തിന് പുറത്തുനിന്നു നോക്കുമ്പോൾ കൂടുതൽ സ്വീകാര്യത നൽകുന്ന ഒന്നായിരിക്കും. മിത്തുകളിൽ നിന്നും ജനങ്ങൾ എങ്ങനെയാണ് പരിസ്ഥിതിയെ ഉൾക്കൊണ്ടിരിക്കുന്നത് എന്നും അവിടെ നിലനിൽക്കുന്ന മൂല്യങ്ങൾ ഏത്തരത്തിലുള്ളതാണെന്നും മനസ്സിലാക്കാൻ സാധിക്കുന്നു.

## 2.2. നരവംശശാസ്ത്രം

നരവംശശാസ്ത്രം മനുഷ്യരെയും മനുഷ്യ സമൂഹങ്ങളെയും കുറിച്ച് സമഗ്രമായും താരതമ്യരീതിയിലും പഠനങ്ങൾ നടത്തുന്ന പഠന ശാഖയാണ്. പലയിടങ്ങളിലെ ജനജീവിതങ്ങളിൽ കണ്ടെത്തിയിട്ടുള്ള വലിയ തോതിലുള്ള സാമ്യങ്ങൾ പഠനങ്ങളിൽ പ്രധാനപ്പെട്ടതാണ്. മനുഷ്യ വളർച്ചയുടെ ആദ്യ ഘട്ടങ്ങളുടെ സൂചനകൾ കേരളത്തിൽ നിന്നും കണ്ടെത്താൻ ഇവർക്കായിട്ടുണ്ട്. സാംസ്കാരികനരവംശശാസ്ത്രം എന്നൊരു മേഖല തന്നെ ഇതിനൊപ്പം പ്രവർത്തിക്കുന്നു. മനുഷ്യന്റെ ഇടയിലെ സാംസ്കാരിക വ്യതിയാനങ്ങളെക്കുറിച്ചുള്ള പഠനമാണ് ഇത്. മനുഷ്യൻ സാമൂഹ്യവൽക്കരണത്തിലൂടെയും സാംസ്കാരികവൽക്കരണത്തിലൂടെയും സംസ്കാരം പഠിച്ചെടുക്കുകയാണ്. അതുകൊണ്ട് തന്നെ വ്യത്യസ്ത പ്രദേശങ്ങളിൽ ജീവിക്കുന്ന ജനങ്ങൾ വ്യത്യസ്തമായ സംസ്കാരങ്ങൾ രൂപപ്പെടുത്തുന്നു. മനുഷ്യൻ സംസ്കാരത്തിലൂടെ അവന്റെ പരിസ്ഥിതിയെകൂടി ഉൾക്കൊള്ളുന്നു എന്ന് നരവംശശാസ്ത്രജ്ഞർ പറയുന്നു. ജനിതകമല്ലാത്ത വഴികളിലൂടെ മനുഷ്യന് കിട്ടുന്ന ബന്ധമാണത്. അതിനാൽ വ്യത്യസ്ത സ്ഥലങ്ങളിൽ ജീവിക്കുന്നവർ വ്യത്യസ്തമായി പെരുമാറുക എന്നത് തികച്ചും സ്വാഭാവികമാണ്. അധികം നരവംശശാസ്ത്ര സിദ്ധാന്തങ്ങളും രൂപപ്പെട്ടിരിക്കുന്നത് മനുഷ്യന്റെ പ്രാദേശികമായതും യൂണിവേഴ്സൽ ആയതുമായ സംസ്കാരങ്ങളുടെ അടിസ്ഥാനത്തിലാണ്.

## 2.3.സാംസ്കാരിക മനശാസ്ത്രം

സംസ്കാരം എത്തരത്തിലാണ് അതിലെ ജനങ്ങളെ സ്വാധീനിക്കുന്നത് എന്നും രൂപപ്പെടുത്തുന്നത് എന്നും സാംസ്കാരികമനശാസ്ത്രം പഠിക്കുന്നു. മനസ്സും സംസ്കാരവും പരസ്പരം അത്രമേൽ ബന്ധപ്പെട്ടിരിക്കുന്നു. ജനങ്ങൾ സംസ്കാരം രൂപപ്പെടുത്തുകയും സംസ്കാരത്താൽ രൂപപ്പെടുകയും ചെയ്യുന്നു. മനുഷ്യന്റെ മനസിനെ ഇവ എത്തരത്തിൽ രൂപപ്പെടുത്തുകയും സ്വാധീനിക്കുകയും മാറ്റം വരുത്തുകയും ചെയ്യുന്നുണ്ടെന്ന് സാംസ്കാരിക മനശാസ്ത്രംപഠിക്കുന്നു.

സമൂഹത്തിനും വ്യക്തിക്കും പരസ്പരം ഒരു ബന്ധമുണ്ട്; കൊടുക്കൽ വാങ്ങലുകളുണ്ട്. സാമൂഹികാന്തരീക്ഷം പ്രധാനമാണ്. സ്റ്റീരിയോടൈപ്പുകളെ നിർമ്മിക്കുകയും വ്യക്തിഗത വിവരണങ്ങളിലൂടെയുള്ള നിഗമനങ്ങളിലെത്തുകയും ചെയ്യുന്നത് ഇതിന്റെ പരിമിതികളായി പറയാം.മനസും പരിസ്ഥിതിയും പരസ്പരം ബന്ധിതമാണ്; ആശ്രിതമാണ്. സംസ്കാരം എന്നും നിലനിൽക്കേണ്ടതും തകരാനാവാത്തതുമാണെന്ന വിശ്വാസത്തിൽനിന്നാണ് മനുഷ്യൻ സാംസ്കാരിക മാതൃകകൾ രൂപപ്പെടുത്തുന്നത്. ക്രോസ് കൾചറൽ സൈക്കോളജി എന്നത് ഒരു ഉപവിഭാഗമാണ്. സൈക്കോളജിയെ യൂണിവേഴ്സലായ ഒരു പ്രക്രിയയായി കണ്ടുകൊണ്ട് പഠിക്കുന്നതാണത്.

## 2.4. പാരിസ്ഥിതിക സൗന്ദര്യശാസ്ത്രം

മലയാള സാഹിത്യത്തിൽ പരിസ്ഥിതി സൗന്ദര്യശാസ്ത്രം എന്ന ആശയം രൂപംകൊള്ളുന്നത് ടി.പി സുകുമാരന്റെ 'പരിസ്ഥിതി സൗന്ദര്യശാസ്ത്രം ഒരു മുഖവുര' എന്ന കൃതിയിലൂടെയാണ്[11]. റൂസ്സോയുടെ 'പ്രകൃതിയിലേക്കു മടങ്ങുക' എന്ന ആശയത്തെ കേരളപശ്ചാത്തലത്തിൽ അവതരിപ്പിക്കുകയാണ് അദ്ദേഹം ചെയ്തത്. 1991ൽ ആനന്ദ്[12] തന്റെ 'ജൈവമനുഷ്യൻ' എന്ന കൃതിയിലൂടെ പുതിയ ലാവണ്യ ചിന്ത രൂപപ്പെടുത്താൻ ശ്രമിച്ചിരുന്നു. അവിടെ മനുഷ്യകേന്ദ്രീകൃത ചിന്തയുടെ പരിമിതികൾ അംഗീകരിച്ചുകൊണ്ടുതന്നെ മനുഷ്യനെ പ്രകൃതിക്കുള്ളിലെ ബോധപൂർവ്വമായ അസ്തിത്വമായി കണ്ടു. പ്രകൃതിയുടെ നാശോന്മുഖമായ സാഹചര്യത്തിൽ പ്രകൃതി സംരക്ഷണത്തിന്റെ പ്രാധാന്യത്തിൽ ഊന്നിയാണ് പരിസ്ഥിതി സൗന്ദര്യശാസ്ത്രം പ്രശസ്തിയാർജിച്ചത്. പ്രാദേശിക പരിസ്ഥിതിയും അതിന്റെ സവിശേഷതകളും വരെ പ്രധാനമായി. പ്രകൃതിയെ തനതായ അവസ്ഥയിൽനിലനിർത്താനുള്ള ശ്രമങ്ങൾ തുടർന്നു. മണ്ണ് എല്ലായ്പ്പോഴും പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന്റെ കാൽപനിക ബിംബമായി തുടർന്നു. അമിത ലാവണ്യവൽക്കരണവും അതിന്റെ ഭാഗമായി നടന്നു.

പ്രകൃതിയെ സംരക്ഷിക്കേണ്ടത് പ്രാധാനം തന്നെയാണ്. അത് കാലഘട്ടത്തിന്റെ ആവശ്യവുമാണ്. നിരന്തരമായി നടക്കുന്ന പരിസ്ഥിതി നാശത്തിനുകാരണമായ നടപടികൾക്ക് ബദൽ സംവിധാനങ്ങൾ കണ്ടെത്തേണ്ടത് അത്യാവശ്യമാണ്. അത് സാമൂഹികമായും ജൈവികമായും നടക്കുന്നു എന്നുവേണം കരുതാൻ. പരിസ്ഥിതി പ്രശ്നങ്ങൾ നേരിടുന്നവരും പരിസ്ഥിതി പ്രതികൂലമായി ബാധിക്കുന്നവരും സംഘടിക്കുകയും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരത്തിനായി സമരങ്ങൾ നടത്തുകയും ചെയ്യുന്നു.

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള ചിന്തകളാണ് ഡീപ് ഇക്കോളജി ഷാലോ ഇക്കോളജി എന്നീ വാക്കുകൾ മുന്നോട്ട് വെക്കുന്നത്. ഡീപ് ഇക്കോളജി പ്രകൃതിയോടുള്ള മനുഷ്യന്റെ ധാരണയിലും പെരുമാറ്റത്തിലും ആഴത്തിലുള്ള മാറ്റം വരുമെന്ന ചിന്തയാണ്. മനുഷ്യന്റെയും മനുഷ്യേതര ജീവികളുടെയും മൂല്യം, ആവാസ വ്യവസ്ഥയിലുള്ള പരസ്പര ബന്ധം, പാരിസ്ഥിതിക സുസ്ഥിരത, തുടങ്ങിയ ചിന്തകളെ മുന്നോട്ട് വെക്കുന്നു. ഷാലോ ഇക്കോളജി മനുഷ്യന്റെ ക്ഷേമത്തെ നേരിട്ടു ബാധിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളിൽ പ്രാഥമികമായി ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് പറയുന്ന മനുഷ്യ കേന്ദ്രിതമായ ചിന്തയാണ്. വിഭവങ്ങളുടെ സംരക്ഷണ ഫലമായി പരിസ്ഥിതി സംരക്ഷണം പ്രോൽസാഹിപ്പിക്കുന്നു. പ്രായോഗികമായ, മനുഷ്യ കേന്ദ്രിതമായ പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു.

## 2.5. പാരിസ്ഥിതിക സ്ത്രീവാദം

ഇവിടെപ്രകൃതിയോടൊപ്പം സ്ത്രീയെയും കേന്ദ്രത്തിൽ പ്രതിഷ്ഠിക്കുന്നു. രണ്ടു ഘടകങ്ങളും അനുഭവിക്കുന്ന ചൂഷണത്തിന് സാമ്യമുണ്ടെന്നതാണ് കാരണമായി പറയുന്നത്. സ്ത്രീയെയും പ്രകൃതിയെയും ഒരുപോലെ ചൂഷണത്തിനുവിധേയമാക്കുന്ന ഉപഭോഗനിലപാടിനെതിരെ അവർ മറു തിയറികൾ രൂപപ്പെടുത്തി. ചൂഷണമനുഭവിക്കുന്ന എന്തിനേയും സമാനതയോടുകൂടി കാണുന്ന സഹാനുഭൂതി ഇതിന്റെ ഭാഗമായി രൂപപ്പെട്ടതാണെന്ന് പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ വക്താക്കൾ വാദിക്കുന്നു.

## 2.6. ഹരിതഭാഷാ വിജ്ഞാനീയം

ഭാഷയിലെ സവിശേഷ ചിഹ്നങ്ങൾ അതു സംസാരിക്കുന്ന ഒരുകൂട്ടം മനുഷ്യരുടെ ഭൗതികവും സാമൂഹികവുമായ പരിസരങ്ങളെ പ്രതിഫലിപ്പിക്കുന്നുണ്ടാവുമെന്ന എഡ്വേർഡ് സപീറിന്റെ നിരീക്ഷണമാണ് ഇതിന് ആധാരം. ഉദാഹരണത്തിന് കടലോരവാസികൾക്ക് സമുദ്രത്തെക്കുറിച്ചും സമുദ്രജീവികളെക്കുറിച്ചും സൂക്ഷ്മതലത്തിലുള്ള അറിവുണ്ടാവും. അവർക്ക് പ്രത്യേകമായ ഭാഷാരൂപങ്ങളും ഉണ്ടാവും. അത് ആ സമൂഹത്തിന് പുറമെ നിൽക്കുന്ന ഒരാൾക്ക് അപരിചിതമായിരിക്കും.

## 2.7. തിണ സങ്കൽപം

ദ്രാവിഡ സൗന്ദര്യശാസ്ത്ര കാലമായിരുന്നു സംഘകാലം. അന്ന് അകം, പുറം രീതികളിൽ എഴുതപ്പെട്ട എല്ലാ സംഘകൃതികളിലും കൃത്യമായി തിണകളുടെ സാന്നിധ്യമുണ്ടായിരുന്നു. ഭൂപ്രകൃതികളുടെ ചിത്രീകരണത്തിനായി സംഘകൃതികളിൽ ഉപയോഗിച്ചുവന്ന സങ്കേതത്തെയാണ് തിണകൾ എന്നു വിളിക്കുന്നത്. കൃതികളെ പ്രകൃതിയും ഭൂപ്രകൃതിയും അനുസരിച്ച് പലവിധത്തിൽ തിണകളായി തിരിച്ചിരിക്കുന്നു. വ്യത്യസ്ത ഭൂപ്രദേശങ്ങളെയും അവയ്ക്ക് ഓരോന്നിനും സങ്കൽപിക്കപ്പെട്ട വ്യവഹാരസവിശേഷതകളെയുമാണ് തിണ എന്നു പറയുന്നത്.

ദ്രാവിഡ ലാവണ്യശാസ്ത്രത്തിൽ ആധികാരികരേഖ പൊരുളധികാരമാണ്. മനുഷ്യജീവിതത്തെ അതിന്റെ പശ്ചാത്തലവും പ്രേരകശക്തിയുമായ ഭൂപ്രകൃതിയോടും കാലാവസ്ഥകളോടും ബന്ധപ്പെടുത്തുന്ന സാകല്യദർശനമാണ് കാണാൻ കഴിയുന്നത്[13]. അകം ആത്മനിഷ്ഠവും പുറം വസ്തുനിഷ്ഠവും ആയിട്ടാണ് തിരിച്ചിരിക്കുന്നത്. തിണമയക്കം അവിടെ സ്വാഭാവികമാണെന്ന് പറയുന്നു. തൊൽകാപ്പിയർ തെക്കേ ഇന്ത്യൻ ഭൂപ്രകൃതി

ആധാരമാക്കിയാണ് ഇത്തരത്തിൽ ഭൂപ്രകൃതിയെ തിരിച്ചിരിക്കുന്നത്. ഒരോ തിണക്കും ഒരു ഭാവമേഖല കണ്ടെത്തിയിട്ടുണ്ട്.

മലയാളഭാഷ സംസാരിക്കുന്ന ജനങ്ങൾ അധിവസിക്കുന്ന ഭൂപ്രദേശമാണ് കേരളം എന്ന് വിവക്ഷിക്കുമ്പോഴും ചരിത്രത്തിന്റെ പല ഘട്ടങ്ങളിലും തമിഴ്നാടിന്റെ ഭാഗമായ നാട്ടുരാജ്യങ്ങളുടെ ഭാഗമായാണ് ഈ ഭൂപ്രദേശം നിലനിന്നത്. 2000 കൊല്ലം പഴക്കമുള്ള സംഘസാഹിത്യങ്ങൾ മലയാളക്കരയുടെ വിവരങ്ങൾ പകരുന്നുണ്ട്. തമിഴകത്തിന്റെ ഭാഗമായി വിവരിക്കപ്പെടുന്ന വസ്തുതകൾ മലയാളത്തിനും ബാധകമായിരുന്നു എന്ന് വേണം കരുതാൻ. തമിഴ് സാഹിത്യമാതൃകയായ തിണകൾ കേരള പരിസരത്തെയും ഉൾപ്പെടുത്തിയിരുന്നു. പതിറ്റുപ്പത്തിൽ കേരളത്തിലെ കൃഷി സമ്പ്രദായത്തെക്കുറിച്ച് പരാമർശമുണ്ട്. നെല്ല്, ചോളം, കരിമ്പ്, കുരുമുളക് എന്നീ വിളകളെക്കുറിച്ചും മണ്ണിനനുസരിച്ചുള്ള കൃഷിരീതി നിലനിന്നിരുന്നതായും പരാമർശിച്ചു കാണാം. പ്രാചീനകാലത്തുതന്നെ ഭൂമിയുടെ കിടപ്പും മണ്ണിന്റെ സ്വഭാവവും അനുസരിച്ച് കുറിഞ്ഞി (മലമ്പ്രദേശം), മുല്ല (കാട്ടുപ്രദേശം), പാല (തരിശായി കിടക്കുന്ന പ്രദേശം), മരുതം (കൃഷിസ്ഥലം), നെയ്തൽ (കടൽത്തീരം) എന്നിങ്ങനെ വിഭജിച്ചിട്ടുണ്ട്. അവയുടെ സ്വഭാവവും ഘടനയും അനുസരിച്ച് സാമൂഹിക സാമ്പത്തിക സാംസ്കാരികജീവിതത്തിന് പശ്ചാത്തലമൊരുങ്ങുകയും ചെയ്തു. ഇവയിൽ കാടുകളും സമുദ്രതീരവും വളരെ ചെറിയ തോതിലുള്ള വയലുകളും പശ്ചിമതീരത്തും കാണാമായിരുന്നു. ഇവയ്ക്കാണ് പിന്നീട് പശ്ചിമതീരത്ത് പ്രാധാന്യം ലഭിച്ചതും. പശ്ചിമതീരത്തെ നേരിട്ട് പരാമർശിക്കുന്ന മറ്റു പാട്ടുകൾ കുറവാണ്. നാടോടിപാട്ടുകളിലെന്ന പോലെ ഒരേ ശൈലിയിലല്ല സംഘകാല പാട്ടുകളുടെ രചന. അവയെ വിഷയത്തിന് അനുസരിച്ചും തിണക്കനുസരിച്ചും കൃത്യമായ ഘടനയോടെയാണ് തിരിച്ചിരിക്കുന്നത്.

കേരളചരിത്രം എന്ന പേരിൽ ഇതുവരെ എഴുതപ്പെട്ടത് ഒരു ഭരണദേശത്തിന്റെ ചരിത്രമാണ്. അത് തീർത്തും നിർമ്മിതവുമാണെന്ന് നമുക്കറിയാം. അവയിലൊന്നും പെടാത്ത ഉപവിഭാഗങ്ങൾ ഉണ്ടെന്നും അവയ്ക്കെല്ലാം ചരിത്രമുണ്ടെന്നും സമൂഹം അറിഞ്ഞു കഴിഞ്ഞു. അതിനായി അത്തരം വിഭാഗങ്ങളിലെ ആളുകളാണ് മുന്നോട്ടു വന്നത്. അവർ അവരുടെ ഭാഷയിൽ എഴുതി. അവരുടെ കുട്ടികൾ മലയാളം അന്യഭാഷയായി പഠിക്കുന്നു എന്ന് ഇന്ന് സമൂഹം തിരിച്ചറിഞ്ഞു കഴിഞ്ഞു. എന്നിരുന്നാലും അവരോടുള്ള അവഗണനയും സഹായമനോഭാവവും മാറിയിട്ടില്ല.

മലയാളി എന്നല്ല ഏതൊരു ജനതയും അവരുടെ പ്രകൃതി ബന്ധവും അതുമായുള്ള കൊടുക്കൽ വാങ്ങലുകളും തിരിച്ചറിയുമ്പോഴാണ് സംസ്കാരങ്ങൾ രൂപപ്പെടുന്നത്. രണ്ടുതരം പ്രകൃതികളുണ്ട.് മാനവിക പ്രകൃതിയും ജൈവിക പ്രകൃതിയും. മാനവിക പ്രകൃതി മനുഷ്യൻ തന്റെ നിരന്തര ഇടപെടലുകളുടെ ഭാഗമായി രൂപപ്പെടുത്തിയതാണ്. അവിടെ മനുഷ്യന്റെ മേൽക്കോയ്മ കാണാം. മനുഷ്യൻ തന്റെ ആവശ്യങ്ങൾ നിറവേറ്റാനായുള്ള ഉപാധിയായാണ് പ്രകൃതിയെ കാണുന്നത്. അവിടെ എല്ലാമനുഷ്യർക്കും തുല്യമായി ലഭിക്കേണ്ട വിഭവങ്ങൾ തുല്യമായി വീതിക്കപ്പെടുന്നില്ല. കാരണം അവിടെ സമ്പത്തിന്റെ അടിസ്ഥാനത്തിലാണ് ആ വിഭജനം നടക്കുന്നത്. വിഭവങ്ങൾ ചില വിഭാഗങ്ങളിൽ കൂടിനിൽക്കുകയും മറ്റുള്ളവരുടെ അടുത്തേക്കുള്ള അതിന്റെ ഒഴുക്കിനെ പണം എന്ന സാംസ്കാരിക ഉപാധി വച്ച് തടഞ്ഞ് നിർത്തുകയും ചെയ്യുന്നു. അത്തരത്തിൽ ആലോചിച്ചാൽ പണമാണ് മാനവ പ്രകൃതിയുടെ അടിസ്ഥാനം. അത് മനുഷ്യനെത്തന്നെ വിഭജിച്ചു നിർത്തുന്നതിൽ വിജയിക്കുന്നു.

ജൈവിക പ്രകൃതി എന്നത് മനുഷ്യനും മറ്റു ജീവജാലങ്ങളും ജനിച്ച, ഇപ്പോഴും ജീവിക്കുന്ന സജീവ പ്രകൃതിയാണ്. അവിടെ മനുഷ്യകോശത്തിലെന്ന പോലെ നിരന്തരം പുതുക്കലുകളും മാറ്റങ്ങളും സംഭവിക്കുന്നു. അത് ജൈവികമായ ആ പ്രക്രിയയുടെ ഭാഗം തന്നെയാണ്. അവിടെ മനുഷ്യനെന്നല്ല ഒരു ജീവിക്കും പ്രത്യേകമായ സ്ഥാനം ഇല്ല. ആവാസവ്യവസ്ഥയിലൂടെ ജൈവിക പ്രകൃതി അതിന്റെ സന്തുലനം നിലനിർത്തുന്നു. അതുകൊണ്ടാണ് ആവാസവ്യവസ്ഥയിൽ മനുഷ്യന്റെ ഇടപെടലുകൾ നടക്കുമ്പോൾ പ്രകൃതിസന്തുലനം താളം തെറ്റുന്നത്. ജൈവിക പ്രകൃതിയുടെ തുടക്കം ഇതുപോലെയായിരുന്നില്ല. അതുകൊണ്ടു തന്നെ ഒടുക്കത്തിലും ഇതുപോലെയാവില്ല. മാറ്റത്തിന് സ്ഥിരം വിധേയമായിക്കൊണ്ടിരിക്കുന്ന ജൈവിക പ്രക്രിയയാണ്

ജൈവിക പ്രകൃതിയെ നിലനിർത്തുന്നത്. 'സർവൈവൽ ഓഫ് ദ ഫിറ്റസ്റ്റ്' എന്ന പരിണാമ തിയറി അനുസരിച്ച് പ്രകൃതിയിൽ നിലനിൽക്കാൻ കൂടുതൽ കഴിവുള്ളവ നിലനിൽക്കുകയും കഴിവ് കുറഞ്ഞവ നശിപ്പിക്കപ്പെടുകയോ കൂടുതൽ കഴിവുള്ള മറ്റൊന്നായി രൂപാന്തരപ്പെടുകയോ ചെയ്യും. ഇന്ന് ജൈവപ്രകൃതിയുടെ ഏറ്റവും വലിയ എതിരാളി മനുഷ്യനാണെന്ന് പറയാം. മനുഷ്യന്റെ പ്രവൃത്തികൾ പ്രകൃതിയുടെ സാമാന്യാവസ്ഥക്ക് എതിരായി നിലകൊള്ളുന്നു.

കാട്, പുൽപ്രദേശം, തരിശ് ഭൂമി, ചതുപ്പുനിലം, മഴക്കാട്, തുരുത്ത്, വയൽ, ദ്വീപുകൾ,കടൽ, മരുഭൂമി, എന്നിങ്ങനെ ഓരോ പ്രദേശത്തിനും മലയാള സാഹിത്യത്തിൽ ഓരോ ഭാവം നൽകിയിട്ടുണ്ട്. കേരളത്തിലെ ഋതുക്കൾ അനുസരിച്ചാണ് അവയിൽ പലതും. കേരളത്തിൽ മരുഭൂമി ഇല്ലാത്തതിനാൽ ഊഷരഭൂമിയിൽ പോയി പണിയെടുക്കുന്ന പ്രവാസം എന്നത് കേരളീയന്റെ ഭാവമായി മാറിയിരിക്കുന്നു. കാടിന് നിഗൂഢതയുടെയും വന്യതയുടെയും ഭാവം വരുമ്പോൾ സമുദ്രത്തിന് ആഴത്തിന്റെയും അസ്ഥിരതയുടെയും ഭാവം വരുന്നു. എന്നാൽ ഇത്തരത്തിൽ അല്ലാതെയും ഇവയെ അടയാളപ്പെടുത്തിയതായി കാണാം.

സ്ഥലകാല ബോധം നമ്മിൽ സൃഷ്ടിക്കുന്നത് ആരാണ് എന്നു ചിന്തിച്ചു നോക്കാം. ഒരു കുട്ടി ജനിക്കുമ്പോൾ അത് സ്ഥലത്തെയും കാലത്തെയും കുറിച്ച് ബോധവതിയല്ല. വളർച്ചയുടെ ഘട്ടങ്ങളിൽ മാതാപിതാക്കൾ പകരുന്ന അറിവുകളിലൂടെയാണ് സ്ഥലകാല ബോധം കുട്ടിയിൽ തെളിയുന്നത്. ജീവിക്കുന്ന പ്രദേശം, നാട് തുടങ്ങിയ അടിസ്ഥാന വിവരങ്ങളിൽ തുടങ്ങി അത് ലോകം എന്ന മാനവിക പ്രകൃതിയെയും ഭൂമി എന്ന ജൈവിക പ്രകൃതിയെയും അറിയുന്നതിലേക്ക് നയിക്കുന്നു. ജൈവിക പ്രകൃതിയുമായായിരിക്കും ഒരു പക്ഷെ കുട്ടികൾ ആദ്യമായി കൊടുക്കൽ വാങ്ങലുകൾ നടത്തുന്നത്. കാരണം കുട്ടിയുമായി ഏറ്റവും സാമീപ്യമുള്ളത് അതിനാണ്. വിദ്യാഭ്യാസം കുട്ടിയെ സമൂഹവുമായി അടുപ്പിക്കുന്നു. പഠനത്തിലൂടെ നാടിന്റെയും ലോകത്തിന്റെയും ചരിത്രം അറിയുന്നു. മനുഷ്യന്റെ വളർച്ച പഠിക്കുന്നു. ഇതിനെല്ലാം ഇടയിൽ സംസ്കാരം അതിന്റെ പ്രവൃത്തികൾ ചെയ്യുന്നുണ്ട്. കുട്ടിയെ നാടുമായി അടുപ്പിക്കുമ്പോൾ നാടിന്റെ തനതായ പല ശീലങ്ങളും കുട്ടിയിലേക്ക് പകരുന്നു. അത് ആചാരങ്ങളിലൂടെയും വിശ്വാസങ്ങളിലൂടെയും ആവാം. മതപരമായ പലതും സമൂഹവും കുടുംബവുമാണ് കൈമാറുന്നത്.

മിത്തുകളെപ്പോലെ മനുഷ്യന്റെ മറ്റ് മേഖലകളെ നിയന്ത്രിക്കുന്ന സ്വാധീനിക്കുന്ന ഒന്നാണ് സാമൂഹിക സ്ഥാപനങ്ങൾ.ദിവസേനയുള്ള ഇടപെടലുകളിലൂടെ സാമൂഹിക സ്ഥാപനങ്ങൾ വ്യക്തിയെ രൂപപ്പെടുത്തുന്നു. സാമൂഹിക റോളുകളുടെയും നിയമങ്ങളുടെയും കൂട്ടമാണ് സാമൂഹിക സ്ഥാപനം. അത് ഒരു പ്രത്യേക സാമൂഹിക ആവശ്യം, പ്രവർത്തനം, നിറവേറ്റുന്നതിന് വേണ്ടി രൂപപ്പെടുന്നതാണ്. കുടുംബം, മതം, നിയമം, രാഷ്ട്രീയം, സാമ്പത്തികം, വിദ്യാഭ്യാസം, സയൻസ്, വൈദ്യശാസ്ത്രം, മിലിറ്ററി എന്നിവ സമൂഹത്തിൽ നിലനിൽക്കുന്ന, പ്രത്യക്ഷത്തിൽ കാണാനാവുന്ന സാമൂഹിക സ്ഥാപനങ്ങളാണ്.കുടുംബമാണ് ഏറ്റവും പ്രാഥമികമായ സാമൂഹിക സ്ഥാപനമായി നിലനിൽക്കുന്നത്.

അറിവ് മാത്രമല്ല സംസ്കാരം കൂടിയാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൈമാറുന്നത്. ഏറ്റവും പ്രാധാന്യമർഹിക്കുന്ന വ്യവസ്ഥയായി വിദ്യാഭ്യാസം മാറിക്കഴിഞ്ഞു. സാമ്പത്തികം സമൂഹത്തിൽ ഉൽപാദനം, വിതരണം, സേവനങ്ങളുടെയും വസ്തുക്കളുടെയും ഉപഭോഗം എന്നിവയുമായി ബന്ധപ്പെടുത്തിയാണ് അടയാളപ്പെടുത്തപ്പെടുന്നത്. മതം ചിഹ്നങ്ങളും വിശ്വാസങ്ങളും ചടങ്ങുകളും അടിസ്ഥാനപ്പെടുത്തി അതീതശക്തിയുള്ള വിശ്വാസ സമൂഹവുമായി ബന്ധപ്പെടുത്തിയുണ്ടായിവരുന്ന ഒന്നാണ്.് അത് മനുഷ്യന്റെ പെരുമാറ്റം, ജീവിത ലക്ഷ്യം എന്നിവയുമായി അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യന്റെ എക്കാലത്തെയും ചോദ്യങ്ങളായ ജീവിതം മരണം എന്നിവയ്ക്ക് ഉത്തരം കൊടുക്കുന്നത് മതമാണ.് വിശ്വാസം, ആരാധന, എന്നിവ ഇതിന്റെ ഭാഗമാണ്. രാഷ്ട്രീയ സ്ഥാപനങ്ങൾ അധികാരവുമായി ബന്ധപ്പട്ടതാണ്. സാമൂഹിക ഘടന അനുവർത്തിക്കാൻ ബാധ്യസ്ഥരാണെന്ന് അത് പഠിപ്പിക്കുന്നു.മനുഷ്യന്റെ സ്വഭാവത്തെയും പെരുമാറ്റത്തെയും നിയന്തിക്കുക എന്നതാണ് ഓരോ സ്ഥാപനവും ലക്ഷ്യമാക്കുന്നത്. വ്യക്തികളിൽക്കൂടിയാണ് ഇവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നത്.

സാംസ്കാരിക ഹെറിറ്റേജിന്റെ എക്കാലത്തെയും സൂക്ഷിപ്പുകാരും കൈമാറ്റക്കാരുമാണ് സമൂഹം.കൊടി, ബിംബം, യൂണിഫോം പോലുള്ള പല ചിഹ്നങ്ങൾ ഉപയോഗിക്കപ്പെടുന്നു. ഇത് സമൂഹത്തിൽ വ്യക്തികൾ എങ്ങനെ പെരുമാറണം, എത്തരത്തിൽ പ്രതികരിക്കാം, ഏത് ആഴം വരെ ഇടപെടാം എന്നീ പല തരത്തിലുള്ള സാമൂഹികവ്യവസ്ഥകളെ അടയാളപ്പെടുത്തുന്നു. ഇത്തരം സ്ഥാപനങ്ങളുടെ നിർമ്മിതി അടിയുറച്ച നിയമങ്ങളിൽ അധിഷ്ഠിതമായിരിക്കും.

കൊടുക്കൽ വാങ്ങലുകൾ, ആന്തരിക സംഘർഷങ്ങൾ, പരസ്പര സഹായം എന്നിവയാണ് പ്രധാനപ്പെട്ട സാമൂഹിക സ്വഭാവങ്ങളായി കണക്കാക്കപ്പെടുന്നത്.സമൂഹത്തിൽ അടിസ്ഥാന സാമൂഹികാവശ്യങ്ങളെ നിറവേറ്റുന്ന തരത്തിൽ സാമൂഹിക നിയമങ്ങളെയും സാമൂഹിക റോളുകളെയും തീർച്ചപ്പെടുത്തുകയെന്നതും പെരുമാറ്റത്തിനുള്ള പാറ്റേണുകൾ പഠിപ്പിക്കുക എന്നതും സാമൂഹിക സ്ഥാപനങ്ങളുടെ കടമയാണ്.അസ്ഥിരതകളെയും അനിശ്ചിതത്വത്തെയും ഒഴിവാക്കി മൊത്തത്തിലുള്ള സ്ഥിരതയാണ് സാമൂഹിക സ്ഥാപനങ്ങൾ ലക്ഷ്യം വെക്കുന്നത്. ഇത്തരത്തിലുള്ള സാമൂഹിക സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സ്ഥലങ്ങളിൽ സാമൂഹികജീവിതം വളരെ ചിട്ടയോടെ രൂപപ്പെട്ടതും വളരെ എളുപ്പത്തിൽ ക്രമപ്പെടുത്താൻ പറ്റുന്നതും ആണെന്ന് പറയപ്പെടുന്നു. എന്നാലിത്തരത്തിലുള്ള സാമൂഹിക സ്ഥാപനങ്ങളുടെ അശാസ്ത്രീയമായ പ്രവർത്തനങ്ങൾ വ്യക്തിയുടെ ആന്തരിക ചോദനകളെ അടിച്ചമത്തുന്നതായും അത് സാമൂഹികമായി പ്രതിഫലനങ്ങൾ ഉണ്ടാക്കുന്നതായും കാണാം. സാമൂഹിക സ്ഥാപനങ്ങളുടെ പ്രവർത്തനം ഫലവത്തല്ലാത്ത ഇടങ്ങളിലാണ് ക്രൈം, അസ്ഥിരത, അനിശ്ചിതത്വം, പരസ്പര സഹകരണമില്ലായ്മ എന്നിവ അധികമായി കാണുന്നത്.ഇവ നേരിട്ടും നേരിട്ടല്ലാതെയും സ്വാധീനം ചെലുത്തുന്നു. പുറമെ കാണുന്ന ഫലങ്ങളെ അഥവാ മാറ്റങ്ങളെനേരിട്ടും സമൂഹത്തിന്റെ സ്ഥാപിതതാൽപര്യങ്ങളെ അബോധതലത്തിലും വ്യക്തികളുടെ ബോധ്യങ്ങളിൽ എത്തിക്കുക എന്നതാണ് അവ ചെയ്യുന്നത്.

### 3. നാടും സാഹിത്യവും

#### 3.1. കേരളം ഉൽപത്തിയും കണ്ടെത്തലും

കേരളോൽപത്തിയെ സംബന്ധിച്ച കഥകളിൽ പ്രാചീന കേരളത്തിന്റെ ഭൗതികപരിസരത്തെ കുറിച്ച് ചിലത് കാണാനാവും. ഭഗീരഥന്റെ തപസ്സിനാൽ ഗംഗാനദി ഭൂമിയിലേക്ക് പതിച്ച് സമുദ്രത്തിലേക്ക് കുതിച്ചു. സമുദ്രം കരകവിഞ്ഞ് സഹ്യന് പടിഞ്ഞാറുള്ള പ്രദേശം ജലത്താൽ മുങ്ങി. ഗോകർണത്തിൽ തപസ്സുചെയ്തിരുന്ന മഹർഷിമാർക്കുവേണ്ടി ഈപ്രദേശത്തെ സമുദ്രത്തിൽനിന്നും വീണ്ടെടുത്തത് പരശുരാമനാണ്. വിഷ്ണുവിന്റെ അവതാരമായ പരശുരാമന് അറബിക്കടൽ നൽകിയ പാരിതോഷികമാണ് കേരളം. പരശുരാമൻ തന്റെ ആയുധമായ പരശു ഗോകർണത്തുനിന്ന് കന്യാകുമാരിയിലേക്ക് എറിഞ്ഞെന്നും അതു ചെന്നുവീണ ഭാഗം കടൽ പിൻവാങ്ങി എന്നും അങ്ങനെ കേരളം ഉണ്ടായി എന്നും പരാമർശമുണ്ട്. പ്രാചീനകാലത്ത് കേരളത്തിന്റെ വലിയൊരുഭാഗം കടലിനടിയിലായിരുന്നു എന്നും അറബിക്കടൽ സഹ്യപർവ്വതത്തിന്റെ അടിവാരത്തോളം വ്യാപിച്ചു കിടന്നിരുന്നു എന്നും ഈ കഥയിൽ സൂചിപ്പിക്കുന്നു. ബ്രഹ്മാണ്ഡപുരാണത്തിൽ തൂർപ്പാകാരം(ശൂർപ്പം-മുറം) എന്നാണ് കേരളത്തെ പരാമർശിക്കുന്നത്.

'കൃതമാലാ മലയാചല പശ്ചിമാംബോദിമദ്ധ്യേ' എന്ന് മൽസ്യപുരാണത്തിൽ വർണിക്കുന്നത് ഇപ്പോഴത്തെ കേരളം സ്ഥിതിചെയ്യുന്ന ഇടത്തെയാണ്. വായുപുരാണത്തിലും വിഷ്ണുപുരാണത്തിലും കേരളത്തെക്കുറിച്ച് പരാമർശമുണ്ട്. കാളിദാസന്റെ രഘുവംശകാവ്യത്തിലെ കേരളവർണ പ്രസിദ്ധമാണ്. രഘുവിന്റെ മഹത്വം വർണിക്കുന്നിടത്ത് രാജാവ് സഹ്യപർവ്വതം കടന്ന് കേരളത്തിൽ എത്തിച്ചേർന്നു എന്നും പരശുരാമസൃഷ്ടിയാണ് കേരളം എന്ന കാര്യവും പരാമർശിക്കുന്നു. അശോകചക്രവർത്തിയുടെ ശാസനത്തിൽ കേരളത്തെകുറിച്ച് പറയുന്നുണ്ട്.

### 3.2. സാഹിത്യവും പ്രകൃതിയും

പുരാണകഥകളിൽ പലതിലും പ്രകൃതിയെയും മനുഷ്യനെയും അവ തമ്മിലുള്ള ബന്ധത്തെയും കുറിച്ചുള്ള സൂചനകൾ കാണാം. ദുര്യോധനനും സംഘവും കാട്ടിൽ കഴിയുന്ന പാണ്ഡവരെ ഉപദ്രവിക്കാൻ വേണ്ടി അവരുടെ ജലസ്രോതസ്സായ പുഴയിൽ വിഷം കലക്കുന്നതിനെ കുറിച്ച് ആലോചിക്കുന്നുണ്ട്. ഒരു പ്രദേശത്തെ ജലസ്രോതസ്സിന് അവിടുത്തെ ജനങ്ങളുടെ ജീവിതവുമായി എത്രത്തോളം ബന്ധമുണ്ടെന്ന് ഇത് കാണിക്കുന്നു. ഒരു പ്രദേശത്തെ ആവാസവ്യവസ്ഥയുടെ ഭാഗമാണ് ജലസ്രോതസ്സും വനവിഭവങ്ങളും. അതിന്റെ ലഭ്യതയനുസരിച്ചാണ് ജനങ്ങളുടെ ജീവിതം ക്രമപ്പെട്ടിരിക്കുന്നത്.

കൃഷ്ണലീലയിൽ പ്രധാനപ്പെട്ട ഒന്നാണ് ഗോവർദ്ധനോദ്ധാരണം. അതിൽ മഴപെയ്യിക്കാനായി ഇന്ദ്രനെ പൂജചെയ്യാമെന്നു പറയുന്ന ആളുകളോട് കൃഷ്ണൻ ഇന്ദ്രനല്ല ഗോവർദ്ധനപർവ്വതമാണ് മഴപെയ്യിക്കുന്നത് എന്ന് പറയുന്നു. എന്നിട്ട് പർവ്വതത്തെ പൂജിക്കുന്നു. അതിന് പ്രതികാരമായി ഇന്ദ്രൻ വൻമഴയും കൊടുങ്കാറ്റും അഴിച്ചുവിടുമ്പോഴും പർവ്വതത്തെത്തന്നെയാണ് കൃഷ്ണൻ രക്ഷാമാർഗമാക്കുന്നത്. ഫാന്റെസി ആണെങ്കിലും പർവ്വതത്തെ എടുത്തുപൊക്കി സർവ്വജീവജാലങ്ങളെയും അതിന്റെ ചുവട്ടിൽ നിർത്തി രക്ഷിക്കുന്നു.

ഗോവർദ്ധനപർവ്വതമാണ് മഴപെയ്യിക്കുന്നത് എന്ന് പറയുന്നതിൽ ചില ശാസ്ത്രീയവശങ്ങളുണ്ട്. മഴയുണ്ടാകുന്നതിൽ കാടിന്റെയും പർവ്വതങ്ങളുടെയും പ്രാധാന്യം ചെറുതല്ല. മാത്രമല്ല ഒരു ആപത്ഘട്ടത്തിൽ ആശ്രയിക്കുന്നതും അതേ പർവ്വതത്തെത്തന്നെയാണ്. നമ്മുടെ ആവാസവ്യവസ്ഥയിൽത്തന്നെ എല്ലാത്തിനും വേണ്ട ഉപാധികൾ ഉണ്ടെന്നും അവ ജീവൻ നിലനിർത്താൻ പര്യാപ്തമായ മാർഗങ്ങളാണെന്നും വായിച്ചെടുക്കാം. ഒരു പ്രദേശത്തെ ഭൂപ്രകൃതി ആ പ്രദേശത്തെ എങ്ങനെ നിർണയിക്കുന്നു, അവിടുത്തെ കാലാവസ്ഥയെ എത്തരത്തിൽ സ്വാധീനിക്കുന്നു എന്നിവയുടെ സൂചനയും കാണാം.

പുരാണങ്ങളിലെല്ലാം ലോകത്തെ മൂന്നായി തിരിക്കുന്നു. അതായത് സ്വർഗം, ഭൂമി, പാതാളം എന്നിങ്ങനെ. സ്വർഗത്തിൽ ദേവന്മാരും, ഭൂമിയിൽ മനുഷ്യൻമാരും പാതാളത്തിൽ അസുരന്മാരും ജീവിക്കുന്നു. അവർ പലപ്പോഴും കീഴടക്കാനായി അങ്ങോട്ടും ഇങ്ങോട്ടും യാത്രചെയ്യാറുണ്ട്. പരസ്പരം വൈരികളാണെങ്കിലും അവരുടെ വാസസ്ഥാനവും അവിടുത്തെ ആവാസവ്യവസ്ഥയും നിർമ്മിക്കുന്നതാണ് അവരുടെ സ്വഭാവം എന്നു കാണാം. ഇവരുടെ ജീവിതശീലത്തെ രാജസം, താമസം എന്നിങ്ങനെ തിരിക്കാറുണ്ട്. അതിന് പ്രത്യേകമായ സ്വഭാവങ്ങളും ഭക്ഷണ ക്രമവും ജീവിതരീതികളും അനുശാസിക്കുന്നു.

എഴുത്തച്ഛന്റെ രാമായണം, മഹാഭാരതം എന്നിവയിലെല്ലാം തന്നെ ചേരരാജാവ് ഭരിച്ചിരുന്ന നാടിനെ കുറിച്ച് പരാമർശമുണ്ട്. സീതാന്വേഷണത്തിന് സുഗ്രീവൻ വാനരന്മാരെ കേരളത്തിലേക്കും അയക്കുന്നുണ്ട്:

-ആന്ദ്രവും പുണ്ഡ്രവും ചോളം പാണ്ഡ്യവും മലയാളവും

പൂകേണംധാതുവർഗത്തെയണിയും സഹ്യ ശേലവും-

(കിഷ്കിന്ധാകാണ്ഡം 41ആം സർഗം 13ആം ശ്ലോകം).

സീതയെ മലയാളം വരെ തിരയണം എന്നതിൽ വ്യക്തമായി പറയുന്നു.

മഹാഭാരതത്തിൽ സഹദേവൻ ദ്വിഗ്വിജയത്തിനിടെ കേരളത്തിൽ എത്തിയതായി പരാമർശമുണ്ട്:

-പാണ്ഡ്യദ്രാവിഢരേയും താനോ ചോള കേരളരേയുമേ

ആന്ധ്ര താലവന്മാരെ യുഷ്ടരകരോണി കലിംഗരെ-

എല്ലാം സഹദേവൻ തോൽപിച്ചു എന്ന് പറയുന്നു.

പാരിസ്ഥിതിക ദർശനം കൃതികളിൽ ആദ്യകാലങ്ങളിൽതന്നെ ദൃശ്യമായിരുന്നു. മനുഷ്യജീവിതം പ്രകൃതിയുമായി ഇണങ്ങിക്കഴിഞ്ഞിരുന്ന കാലത്തിന്റെ ബാക്കിപത്രങ്ങൾ പോലെ അതിന്റെ ഓർമകൾ എല്ലാ പാരിസ്ഥിതിക ചിന്തയുണർത്തുന്ന കൃതികളും പങ്കുവെച്ചിരുന്നു. മനുഷ്യ-പ്രകൃതി ബന്ധത്തിന്റെ അടിസ്ഥാനം എന്തെന്ന് അന്വേഷിച്ചാൽ അത് മനുഷ്യൻ പിന്തുടർന്നു പോരുന്ന സംസ്കാരം തന്നെയാണ്. ഏതൊരു പ്രാചീന സമൂഹവും പ്രകൃതിയുമായിണങ്ങിയിട്ടാണ് താമസിച്ചിട്ടുണ്ടാവുക. അവരുടെ പ്രധാന ആരാധനാ ഉപാധികളിൽ പ്രകൃതിബിംബങ്ങൾ ഉണ്ടായിരിക്കുകയും ചെയ്യും. അങ്ങനെ രൂപംകൊണ്ട സംസ്കാരങ്ങളിൽനിന്നാണ് ഇന്ന് ലോകത്ത് പലതരത്തിലുള്ള മതങ്ങളും വിഭാഗങ്ങളും ഉണ്ടായിരിക്കുന്നുത്. അവരുടെയെല്ലാം അടിസ്ഥാന വിശ്വാസങ്ങൾ പരിശോധിച്ചാൽ അവ പരിസ്ഥിതി സൗഹാർദപരമായിരിക്കും.

ഭാരതത്തിൽ പരിസ്ഥിതി ദർശനം സ്വാഭാവികമായ ജീവിതശൈലി തന്നെയായിരുന്നു. പ്രകൃതിയിലെ ഘടകങ്ങളിൽ ഈശ്വരാംശം കണ്ട് അവയെ ആരാധിക്കുകയും ജീവിതത്തോട് ഒപ്പം ചേർക്കുകയുംചെയ്ത് പോന്നു. കൃഷി, മൽസ്യബന്ധനം എന്നിവക്കെല്ലാം അവർക്ക് പ്രത്യേകം ദേവതകൾ ഉണ്ടായിരുന്നു.

'സമുദ്ര വസനേ ദേവീ

പർവ്വതസ്തന മണ്ഡലേ

വിഷ്ണു പതി നമസ്തുഭ്യം

പാദസ്പർശം ക്ഷമസ്വ മേ.'

അഥർവവേദത്തിലെ പാരിസ്ഥിതിക ബന്ധത്തെ കുറിച്ചുള്ള ശ്ലോകം ഇതിന് ഉദാഹരണമാണ്.

'യത്തേ ഭൂമേ വിഘ്നാമി

ക്ഷിപ്രം തദപി രോഹതു

മാ തേ മർമ്മ വിമൃഗിരി

മാ തേ ഹൃദയമർപ്പിതം'

നിന്നിൽ നിന്നും ഞാനെടുക്കുന്നതെന്തും വൈകാതെ തന്നെ മുളച്ചുവരണമേയെന്ന് പ്രാർത്ഥിക്കുന്ന വരികളാണിവ.

ഏതോ ഒരിടത്ത് നടന്നിരുന്ന കഥയിൽനിന്നും പ്രത്യേക സ്ഥലത്ത് പറയപ്പെടുന്ന കഥകൾ വരുന്നത് വാമൊഴിയിൽനിന്നും എഴുത്തിലേക്കുള്ള മാറ്റത്തിലൂടെയാണ്. ആദ്യകാല ഇതിഹാസങ്ങൾക്ക് വാമൊഴി പാഠങ്ങൾ അനവധിയാണ്. അത് ഏത് സ്ഥലത്തും പ്ലേസ് ചെയ്യാൻ കഴിയുമായിരുന്നു. എന്നാൽ രേഖപ്പെടുത്തപ്പെടുന്ന കഥകളിൽ സ്ഥലത്തിന് പ്രത്യേകം പ്രാധാന്യം നൽകപ്പെടുന്നു. ഏറ്റവും പ്രാചീനമായ പാരിസ്ഥിതിക സൂചനയുള്ള കാവ്യഭാഗമായി തൊൽക്കാപ്പിയത്തിലെ പൊരുളധികാരത്തെ പരിഗണിക്കാം. നാടൻപാട്ടുകൾ പരിസ്ഥിതിയെയും സംസ്കാരത്തെയും ഒരുപോലെ ബന്ധിപ്പിക്കാൻ ശ്രമിച്ച കാവ്യരീതിയായിരുന്നു. സാമൂഹികമായും ദേശചരിത്രപരമായും സ്ഥാനം കൽപ്പിക്കപ്പെടുന്ന കൃതികളാണ് അച്ചീ ചരിതങ്ങളും സന്ദേശകാവ്യങ്ങളും. അവയിൽ പരാമർശിച്ചിട്ടുള്ള നാടുകളും സ്ഥലങ്ങളും മാർഗങ്ങളും തിരിച്ചറിയാനായി ശ്രമങ്ങൾ നടന്നിരുന്നു. സാഹിത്യ ചർച്ചകളിൽ ഭൂമികയ്ക്ക് പ്രധാന്യം വന്ന കാലമായിരുന്നു അത്. സന്ദേശകാവ്യങ്ങളാണ് ഇതിൽ വലിയ സംഭാവനകൾ നൽകിയത്. പ്രാചീന കൃതികളിലെ നാടുകൾ വളരെ സമൃദ്ധവും ധനികരും ധനികരുടേതായ ആഘോഷങ്ങളും നിറഞ്ഞതുമായി കാണാം. എന്നാലവ രാജഭരണ

കാലത്തിന്റെ പ്രതാപങ്ങൾ മാത്രമാണെന്നും അവയിൽ പെടാത്ത ഒരു ജനത അവിടെ ജീവിച്ചിരുന്നു എന്നും അവരുടെ ഭാവുകത്വ ചിന്തകളും സാമൂഹിക സങ്കൽപങ്ങളും വേറെയായിരുന്നു എന്നും കാണാം.

ആദ്യകാലത്ത് പ്രകൃതിയുടെ ഭാഗമാണ് മനുഷ്യൻ എന്ന ബോധമാണ് കൈമാറിയിരുന്നതെങ്കിൽ പിന്നീട് മനുഷ്യൻ അതിന്റെ ഉടമയായും ചൂഷകനായും കടന്നുവന്നു. പിന്നീടാണ് പാരിസ്ഥിതിക ചിന്തകൾ, പരിസ്ഥിതിയുടെ അന്വേഷണങ്ങൾ എന്നിവ നടത്തുന്നത്. എല്ലാ ജീവജാലങ്ങളെയും പോലെ ഒരു ജീവിമാത്രമാണ് മനുഷ്യൻ എന്നും അവന് പ്രകൃതിയിൽ കൂടുതലായ അധികാരങ്ങൾ ഒന്നും ഇല്ല എന്നും മനസിലാക്കാൻ നാം പിന്നീടും കാലങ്ങൾ എടുത്തു എന്ന് പറയേണ്ടിവരുന്നു.

### 3.3. സാഹിത്യവും സമൂഹവും

ദേശവും കാലവും എല്ലാ സാഹിത്യരൂപങ്ങൾക്കും അടിത്തറയാണ്. പല സാമൂഹിക ഘട്ടങ്ങളിലാണ് സാഹിത്യരൂപങ്ങൾ രൂപംകൊള്ളുന്നത്. അക്കാലത്തെ സാമൂഹിക-സാംസ്കാരിക അവസ്ഥക്കൊപ്പം തന്നെ അന്നു നിലനിന്നിരുന്ന ഭൗതിക പരിസരവും അതിന്റെ സവിശേഷതകളും സാഹിത്യരൂപത്തെ സ്വാധീനിക്കും. എല്ലാ സാഹിത്യ കൃതികളിലും വ്യത്യസ്ത സമീപനത്തോടെ നാട് അടയാളപ്പെട്ടു കിടക്കുന്നുണ്ടാവും. ഭൂപരമായ അതിരുകൾക്കനുസരിച്ചും അതിനെ ലംഘിച്ചും സാഹിത്യരൂപങ്ങളിലെ നാടിനെ കണ്ടെത്താം. 'ദ എക്കോ ക്രിട്ടിസിസം റീഡർ: ലാന്റ് മാർക്സ് ഇൻ ലിറ്ററി എക്കോളജി' എന്ന ഗ്രന്ഥത്തിൽ ഷെറിൻ ഗ്ലോട്ട്ഫെൽട്ടിയും ഹരോൾഡ് ഫ്രോമും14 സാഹിത്യരചനകളിൽ പ്രകൃതി ചെലുത്തുന്ന സ്വാധീനത്തെ കുറിച്ച് പഠിച്ചിട്ടുണ്ട്.

### 3.4. നോവലും സമൂഹവും

പ്രാക്തന സമൂഹങ്ങൾ അടഞ്ഞതും സജാതീയവുമായിരുന്നു. അവിടെയാണ് ഇതിഹാസങ്ങൾ രൂപപ്പെട്ടത്. എന്നാൽ തുറന്ന ഒരു സമൂഹത്തിൽ വ്യത്യസ്തമായ ഉപസമൂഹങ്ങളും വ്യക്തികളും നിലനിൽക്കുന്നു. തുറന്ന സമൂഹത്തിന്റെ സ്വഭാവമുള്ള സാഹിത്യരൂപമാണ് നോവൽ[15]. സാംസ്കാരികഭൂമിശാസ്ത്രം പഠിക്കാൻ നോവലുകളെ തിരഞ്ഞെടുക്കുന്നതിന് പ്രധാനകാരണം ഇതുതന്നെയാണ്. നോവലിന്റെ ഘടനയ്ക്ക് സമൂഹത്തിന്റെ കാലത്തിന്റെ ഒരു ഭാവമുണ്ട്. അത് നിരന്തരം സമൂഹത്തോട് സംവദിക്കുകയും അതിന്റെ ഘടനയെ പുതുക്കുകയും ചെയ്യുന്നുണ്ട്. എല്ലാ സാഹിത്യരൂപത്തെക്കാളും ബൃഹത്തായ ഘടന സമൂഹത്തിന്റെ വൈവിധ്യത്തെ ഉൾക്കൊള്ളാൻ കൂടി പര്യാപ്തമായിരിക്കും എന്നും കരുതേണ്ടതാണ്. ഉത്തരാധുനിക നോവലിന്റെ പൊതു സ്വഭാവം ബഹുസ്വരതയാണ്. അത് മാറ്റിവയ്ക്കപ്പെട്ട പരീക്ഷണാത്മകമായ എല്ലാരീതികളെയും ഉൾക്കൊണ്ടുകൊണ്ട് എഴുത്തിനെ പ്രോത്സാഹിപ്പിക്കുന്നു.ഒരു നോവലിൽ തന്നെ വ്യത്യസ്ത സാംസ്കാരികഭൂമികയിൽ നിന്നുവരുന്ന കഥാപാത്രങ്ങളുണ്ടാവുക സ്വാഭാവികമാണ്.

യാൻവാട്ട്[16] റൈസ് ഓഫ് ദ നോവൽ എന്ന കൃതിയിൽ നോവലിലെ കഥാപാത്രങ്ങൾക്ക് വ്യക്തിത്വസവിശേഷതകൾ വേണമെങ്കിൽ അവയെ സ്ഥലകാലങ്ങളുടെ വിശേഷവൽക്കരിക്കപ്പെട്ട പശ്ചാത്തലത്തിൽ അവതരിപ്പിക്കണം എന്ന് നിരീക്ഷിക്കുന്നു. ദേശകാല സാഹചര്യ സ്വരൂപിതമാണ് നോവലിന്റെ ഘടന. നോവലിനെ മാനസിക നാടകമാക്കുന്ന ദസ്തയേവ്സ്കിയുടെ രചനാസങ്കേതങ്ങളിൽ സ്ഥലകാല പരിധി വല്ലാതെ ചുരുങ്ങുന്നു. അത് മാനസിക തലങ്ങളിലേക്ക് പോകുന്നു. നോവലിൽ പ്രധാനമായും അനുഭൂതി കാലവും സാമാന്യകാലവുമാണ് ഉണ്ടാകാറ്.

രാഷ്ട്രീയ ഭൂമിശാസ്ത്രവും ചരിത്രവും മുറ്റി നിൽക്കുന്ന ഇടങ്ങളിൽ നാട് ജൈവപരിസരമായി ഇടപെടുന്നു. ചരിത്രനോവലുകളിൽ അന്തരീക്ഷം സൃഷ്ടിക്കാൻ ഭൂമിക വളരെ പ്രധാനമാണ്. എന്നാൽ കഥാപാത്രത്തിന് ഭൂപരമായ സ്വഭാവസവിശേഷതകൾ ഉണ്ടാവണമെന്നില്ല. ആദ്യകാല നോവലുകളിൽതന്നെ കഥയുടെ പശ്ചാത്തലം വർണിക്കുക എന്ന

സങ്കൽപം നിലനിന്നിരുന്നു. സാമൂഹികമോ ഭൗതികമോ ആയ ഒരു അന്തരീക്ഷം സൃഷ്ടിക്കാനോ നിലനിന്നിരുന്ന രാഷ്ട്രീയ സാഹചര്യം രേഖപ്പെടുത്താനോ ആദ്യകാല നോവലുകൾ ശ്രമിച്ചിരുന്നു. നോവലിന്റെ ആഖ്യാനത്തിൽ എല്ലാക്കാലത്തും പഠനവിധേയമായിട്ടുള്ള ഘടകമാണ് അതിന്റെ സ്ഥലസങ്കൽപനം. സ്ഥലകാലങ്ങളാൽ രൂപപ്പെടുത്തുന്ന ചട്ടക്കൂട് ഓരോ നോവലിനെയും സവിശേഷമാക്കുന്നു. അതിനാൽതന്നെ സ്ഥലസങ്കൽപനങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ നോവൽ പ്രതിനിധീകരിക്കുകയോ പരാമർശിക്കുകയോ ചെയ്യുന്ന സാംസ്കാരിക പരിസരത്തിന്റെ വിശകലനമായിത്തീരുന്നു. നോവലുകൾക്ക് വിശാലമായൊരു ക്യാൻവാസാണ് ഉള്ളത്. അതിന്റെ ഭൂമിക വിശകലനം ചെയ്യുകയെന്നാൽ നോവലിന്റെ ആന്തരികവും ബാഹ്യവുമായ സ്ഥലബോധത്തെ കണ്ടെത്തുകയെന്നതാണ്. ഇത്തരം പഠനങ്ങൾക്ക് രീതിശാസ്ത്രം തിരഞ്ഞെടുക്കുന്നതിലും അവ ഒരേ അളവിൽ എല്ലാ കൃതികളിലും പ്രയോഗിക്കുന്നതിലും ജാഗ്രത ആവശ്യമാണ്.

പാഠത്തിന്റെ സ്ഥലപരത എന്നത് ഒരു പ്രദേശം സംഭവങ്ങളെ ഉൾക്കൊള്ളുന്നതിനായി പ്രവർത്തിക്കുന്ന പ്രതലം എന്ന നിലക്ക് മാത്രം കാണാനുള്ള ഒന്നല്ല. 'ട്രേസസ് ആൻ ആർക്ക് ഫ്രം നരേറ്റോളജി ടു ജ്യോഗ്രഫി ആന്റ് ബാക്ക്[17]' എന്ന പുസ്തകത്തിൽ സ്ഥലപരതയെ നാല് വിധത്തിലെങ്കിലും സമീപിക്കാൻ കഴിയുമെന്ന് വിശദീകരിക്കുന്നു.

1. കഥാസ്ഥലം (narrative space)- കഥാപാത്രങ്ങൾ ജീവിക്കുന്നതും കഥ മുന്നേറുന്നതുമായ ഇടം. അതിനെ പ്രത്യേകം പരാമർശിക്കണമെന്നില്ല. അതൊരു ബോധം ആയി നിലനിൽക്കുന്നു.

2. പാഠത്തിന്റെ സ്ഥലപരത (the spatial extension of the text)-അജൈവ കഥാപാത്രങ്ങൾ എന്ന നിലയിൽ ഓരോ വസ്തുക്കളും എങ്ങനെ കഥയുടെ ഭാഗമാവുന്നു എന്നത.് പരസ്പരമുള്ള കൊടുക്കൽവാങ്ങലിലൂടെ ജൈവികത നേടുന്ന അജൈവ വസ്തുക്കൾ.

3. സ്ഥലസന്ദർഭം (the space that serves as contest)-ഓരോ ഘട്ടങ്ങളും സ്ഥലവുമായുള്ള ബന്ധം. പ്രത്യേക സ്ഥലത്ത് നടക്കുന്നത് കൊണ്ടുള്ള പ്രത്യേകത.

4. പാഠ-സ്ഥലബന്ധം (the spatial form of the text)- പ്രദേശത്തെ നാട്ടുമൊഴിയും നാട്ടുവഴക്കങ്ങളും എല്ലാം കഥയുടെ ഭാഗമാവുകയും പ്രദേശത്തിന്റെ കഥയായി മാറുകയും ചെയ്യുന്ന അവസ്ഥ.

പാഠ-സ്ഥലബന്ധപഠനത്തിന്റെ ചരിത്രം പരിശോധിച്ചാൽ അവയെ പ്രധാനമായും മൂന്നായി പഠിക്കാമെന്ന് കാണുന്നു.

1. സ്ഥലത്തിന്റെ ബിംബവൽക്കരണം- ഓരോ സാഹിത്യ കൃതിക്കും പശ്ചാത്തലം ഉണ്ടാകും. സ്ഥലകാലങ്ങൾ സാഹിത്യത്തിന്റെ ഭാഗം തന്നെയാണ്. അത് യഥാർത്ഥമോ അയഥാർത്ഥമോ ആവാം. ഭൂമിയിലോ മറ്റു ഗ്രഹങ്ങളിലോ ആവാം. സ്വപ്നത്തിലോ ഭാവനയിലോ ആവാം. എന്നിരുന്നാലും അവയെല്ലാം ഏതെങ്കിലും തരത്തിൽ ഒരു പശ്ചാത്തലത്തെ ഉൾക്കൊള്ളുന്നുണ്ടാവും. അതിനെയാണ് നമുക്ക് ബിംബവൽക്കരണത്തിലൂടെ കാണാനാവുന്നത്.

2. സ്ഥലത്തിന്റെ പാഠവൽക്കരണം- പ്രദേശത്തെ സംസ്കാരത്തിനും ഭാഷക്കും പ്രാധാന്യം കൊടുത്തുള്ള എഴുത്തുകളാണ് ഇവിടെ കടന്നുവരുന്നത്. അതായത് സാഹിത്യകൃതിയിൽ ഒരു പ്രദേശത്തെ ഭാഷ കൊണ്ട് പ്രതിനിധാനം ചെയ്യുന്നു. ആ ഭാഷ പ്രദേശത്തിന്റെ സംസ്കാരത്തെയും ജീവിതത്തെയും തുറന്നു കാണിക്കാൻ പര്യാപ്തമായിരിക്കും.

3. സ്ഥലത്തിന്റെ പ്രമേയവൽക്കരണം- സ്ഥലം കഥാഗതിയെ വരെ സ്വാധീനിക്കുന്ന തരത്തിൽ ഇടപെടാം. ചരിത്രഗതിയെയും അതിന്റെ പരിണാമത്തെയും കഥയിൽ പ്രധാനമായി കാണാം.

നോവൽ സാഹിത്യത്തിൽ അധിനിവേശവും കുടിയേറ്റവും ഭ്രമാത്മകതയും എല്ലാം സവിശേഷമായിത്തന്നെ ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. ഓരോ എഴുത്തുകാരുടെയും ആഖ്യാന രീതിക്കും അവർ നൽകുന്ന മുൻഗണനകൾക്കും അടിസ്ഥാനമായാണ് നോവലിലെ ഭൂമിക വ്യത്യാസപ്പെടുന്നത്. വ്യക്തികൾക്കനുസരിച്ച് സ്ഥലകാലബോധം വ്യത്യാസപ്പെടാം. വ്യക്തികളുടെ സാമൂഹിക-രാഷ്ട്രീയ നിലപാടിനും സംസ്കാരത്തിനും അനുസരിച്ചായിരിക്കും ആ മാറ്റം. ഭൗതികമായി ഭൂമി ഉപയോഗിക്കുന്ന അവസരത്തിൽ ഉപയോഗിക്കുന്നവരുടെ മതം, ജാതി, ആവശ്യം, സ്ഥലഘടന എന്നിവക്കനുസരിച്ച് നിർമ്മിതികൾ മാറിവരാം. സാഹിത്യത്തിലും അത്തരത്തിൽത്തന്നെ വ്യക്തിഗതമായ മുൻഗണനകൾ സ്വാധീനശക്തിയായി വരാറുണ്ട്. പ്രകൃതിയോടുള്ള എഴുത്തുകാരുടെ സമീപനമനുസരിച്ചും നോവലിന്റെ കാഴ്ചപ്പാട് രൂപപ്പെടുന്നു. പരിസ്ഥിതി സൗഹാർദപരമായ കാഴ്ചപ്പാട് ഉള്ള വ്യക്തികളുടെ കൃതികളിൽ പ്രകൃതിയും മനുഷ്യനും തുല്യരായി പരിഗണിക്കപ്പെടും. 1978-80കാലത്ത് നടന്ന സൈലന്റ് വാലി സംരക്ഷണ പ്രതിരോധവും മറ്റും സാഹിത്യത്തിന് പുതിയ ദിശാബോധം നൽകിയിരുന്നു. എല്ലാ സാഹിത്യ മേഖലകളും പ്രകൃതി സൗഹാർദപരമായ സങ്കൽപനങ്ങൾ മുന്നോട്ടുവച്ചു. എന്നാലും ഗാഢമായ പ്രകൃതി പ്രശ്നങ്ങളെ പ്രതിനിധാനം ചെയ്യുന്ന നോവലുകൾ മലയാളത്തിൽ വന്നിട്ടില്ല എന്നുതന്നെ പറയേണ്ടിവരും.

റഷ്യൻ സാഹിത്യ പണ്ഡിതനായ ബക്തിൻ[18] ഭാഷയിലും വ്യവഹാരങ്ങളിലും കാണപ്പെടുന്ന സ്ഥലകാലങ്ങളുടെ ബാഹ്യാകാരത്തെ വിശകലനം ചെയ്തുകൊണ്ട് ക്രോണോടോപ്പ് എന്ന ആശയത്തിന് രൂപം നൽകി. പ്രാദേശികവും സ്ഥലപരവുമായ പ്രതിനിധാനങ്ങൾ ഭാഷയിൽ ആവിഷ്ക്കരിച്ചിരിക്കുന്നതിനെക്കുറിച്ച് പഠിക്കുന്നതിനുള്ള അടിസ്ഥാന ഘടകമാണിത്. സ്ഥലകാലങ്ങളെ വിവിധ സാഹിത്യരൂപങ്ങൾ പലതരത്തിലാണ് ഉപയോഗിക്കുന്നത് എന്ന ധാരണയുടെ അടിസ്ഥാനത്തിലാണിത് നിലനിൽക്കുന്നത്. കൃതികളിലെ വൈവിധ്യമാർന്ന ആഖ്യാനശൈലിയുടെ കാരണമായി കാണുന്നത് ഈ സ്ഥലകാല ബന്ധത്തെയാണ്.

സാഹിത്യത്തിൽ സ്ഥലകാലങ്ങൾ ചലനാത്മകമാണ്. സംഭവങ്ങൾ അരങ്ങേറുന്ന ഇടം എന്നതിലുപരിയായി നോവൽ ഘടനയോടു ചേർന്നു നിൽക്കുന്നതും ഇതര നോവൽ ഘടകങ്ങളുമായി പാരസ്പര്യം പുലർത്തുന്നതുമായ ഒന്നായി സ്ഥലസങ്കൽപനം മാറിയിട്ടുണ്ട്. ആധുനികതാവാദത്തിന്റെ കാലത്ത് സംസ്കാരമണ്ഡലമായി പരിണമിച്ച ഭൂമിക പിന്നീട് ഉത്തരാധുനികതയിൽ സാങ്കേതികതയും മൂർത്തതയും ചരിത്രബദ്ധതയും കൈകാര്യം ചെയ്യാൻ മാത്രം വികസിച്ചു.

പത്തൊമ്പതാം നൂറ്റാണ്ടിൽതന്നെ പാശ്ചാത്യദേശങ്ങളിൽ പരിസ്ഥിതി പ്രധാനമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന നോവലുകൾ ഉണ്ടായിട്ടുണ്ട്. പരിസ്ഥിതി നാശവും വ്യവസായവൽക്കരണവും പോലുള്ള മനുഷ്യ പ്രവൃത്തികൾമൂലം പ്രകൃതിക്കുസംഭവിച്ച കേടുപാടുകളോടുള്ള പ്രായശ്ചിത്തം എന്ന നിലയിലാണ് അവ എഴുതപ്പെട്ടത്. സ്ഥലം എന്ന സങ്കൽപനത്തിൽ ഊന്നിനിന്നുള്ള പഠനങ്ങളിൽ നിന്നുമാറി ഒരു പ്രദേശത്തിന്റെ അടിസ്ഥാനസങ്കൽപനങ്ങളെക്കുറിച്ചുള്ള പഠനങ്ങൾ വന്നു കാണുന്നു. കേവലം പശ്ചാത്തല ഭൂമിക എന്നതിലുപരി ഇതിവൃത്തത്തെ നിർണയിക്കുന്ന കഥാപാത്രങ്ങളുമായി വൈകാരികമായ ബന്ധമുള്ള ഘടകങ്ങളിലൊന്നായി സ്ഥലം മാറിയിട്ടുണ്ട്.

ഒരു പ്രദേശത്തെ ചരിത്രപരമായി നോക്കിക്കാണുമ്പോൾ പലപ്പോഴും നിലനിൽക്കുന്ന മുൻധാരണകൾക്കുമേലാണ് പഠനങ്ങൾ കെട്ടിപ്പടുക്കുന്നത്. അതിനാൽതന്നെ ആ പ്രദേശങ്ങളിലെ സമാന്തര അടയാളപ്പെടുത്തലുകൾ കണ്ടെടുക്കപ്പെടുന്നില്ല. വരേണ്യതയും ആധിപത്യസ്വഭാവവും സ്ഥലസങ്കൽപനങ്ങൾക്കും കൽപിച്ചുകൊടുക്കുന്നതുകാണാം.

സാഹിത്യത്തിൽ ദൃഷ്ടമാകുന്ന കേരളത്തിന്റെ ഭൂപ്രകൃതിയെ സവിശേഷ വിശകലനത്തിന് വിധേയമാക്കുന്ന ഒരു പഠനത്തിന് ഇപ്പോഴും സാധ്യത നിലനിൽക്കുന്നുണ്ട്. കേരളത്തിലെ പ്രകൃതിവൈവിധ്യം പലയിടത്തും മാതൃകയായും തനിമയാർന്നതായും പ്രകീർത്തിക്കപ്പെടുന്നു. എന്നാൽ പാരിസ്ഥിതിക അസന്തുലിതാവസ്ഥ കേരളത്തിലെ മനുഷ്യരും പ്രകൃതിയും ഇണങ്ങി ജീവിക്കുന്നു എന്നു പറയുമ്പോഴും മനുഷ്യന് മേൽക്കൈയുള്ള

സാമൂഹ്യാവസ്ഥയെ കാണിക്കുന്നു. മനുഷ്യന്റെ ചൂഷണങ്ങൾ എല്ലാക്കാലത്തും വ്യത്യസ്ത അളവിൽ പ്രകൃതിക്കുമേൽ നടന്നുകൊണ്ടിരിക്കുന്നുണ്ട്.

മലയാള നോവൽ എല്ലാക്കാലത്തും മനുഷ്യ കേന്ദ്രീകൃതമായാണ് രചിക്കപ്പെട്ടിട്ടുള്ളത്. എല്ലാ ചിന്തകളെയും പ്രകൃതിയുമായി ബന്ധിപ്പിക്കുക എന്ന ചിന്തയുടെ ഭാഗമായാണ് ഇക്കോ ക്രിട്ടിസിസങ്ങൾ കടന്നുവരുന്നത്. മാർക്സിസവും ഫെമിനിസവും പരിസ്ഥിതി പ്രധാനമായ ആശയങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് ഇക്കോഫെമിനിസം, ഇക്കോമാർക്സിസം എന്നീ ആശയങ്ങൾ മുന്നോട്ടുവച്ചു. പുതിയ തരത്തിലുള്ള പരിസ്ഥിതിപ്രധാന പഠനങ്ങൾക്ക് അവ ആധാരമാവുന്നുമുണ്ട്. എന്നാൽ പ്രയോഗത്തിൽ മനുഷ്യനെപ്പറ്റിത്തന്നെയാണ് പഠനങ്ങൾ എന്നു പറയാതെ വയ്യ. പ്രകൃതിയെയും ജീവജാലങ്ങളെയും വിശാലമായ അർത്ഥത്തിൽ ഉൾക്കൊള്ളാൻ അവയ്ക്ക് ആവാത്തതും അതുകൊണ്ടാണ്. എന്നാൽ മനുഷ്യരെയും അവർ സൃഷ്ടിക്കുന്ന സംസ്കാരത്തെയും കൂടി ഉൾക്കൊള്ളുമ്പോഴാണ് പാരിസ്ഥിതിക ചിന്ത നവീകരിക്കപ്പെടുന്നത്. അധിനിവേശ കാലത്തിന്റെ ശേഷിപ്പുകൾ, അരികുവൽക്കരിക്കപ്പെട്ട ഇടങ്ങൾ, പ്രശ്നബാധിതമായ പ്രദേശങ്ങൾ, പ്രവാസ ഇടങ്ങൾ, സൈബർ ഇടം പോലെ നവീന സാങ്കേതികത സൃഷ്ടിക്കുന്ന അയഥാർത്ഥ ഇടങ്ങൾ എന്നിവയും പഠനവിധേയമാവേണ്ട മേഖലകളാണ്.

മലയാളി കുടിയേറ്റത്തെയും പ്രവാസത്തെയും തെറ്റിദ്ധരിച്ചിരിക്കുന്നതായി ബെന്യാമിൻ പറയുന്നു[19]. മലയാളിക്ക് പ്രവാസം തൊഴിൽ കുടിയേറ്റമാണ്. സ്വന്തം ഭൂമി നഷ്ടപ്പെട്ട് പ്രവാസത്തിന്റെ ഭീതിതമായ അവസ്ഥയെ മലയാളി നേരിട്ടിട്ടില്ല. അർത്ഥവും തൊഴിലും തേടിയുള്ള യാത്രയാണ് മലയാളിക്ക് പ്രവാസം. നോവൽ രചനയുടെ ആദ്യഘട്ടത്തിൽ തന്നെ അതിന്റെ ചലനാത്മകത സവിശേഷമായി രേഖപ്പെടുത്തിയിരുന്നു. കാലദേശങ്ങളെ ഉപയോഗിക്കുന്നതിലെ ആകാംക്ഷ എഴുത്തുകാരെ അതിന്റെ വൈവിധ്യമാർന്ന മേഖലകളിലേക്ക് നയിച്ചിരുന്നു. ദേശാന്തരവും രാജ്യാന്തരവും കടന്ന് അത് സഞ്ചാരസാഹിത്യത്തിന്റെ ഭാവം വരെ പകർന്നാടി. ആധുനിക എഴുത്തുകളും ഉത്തരാധുനിക എഴുത്തുകളും കാണുന്നത് പ്രകൃതിയുടെ നാശത്തിന് കാരണമായ മനുഷ്യനെയാണ്. അതുകൊണ്ടുതന്നെ പ്രകൃതിയുടെ സംസ്കാരത്തിന്റെ സൂക്ഷ്മാംശങ്ങളെ കണ്ടെത്താനാണ് ശ്രമിക്കുന്നത്. സംസ്കാരത്തെ കൂടുതൽ ജൈവികമായ ഒന്നായി കാണാൻ തുടങ്ങുന്നതും ഇക്കാലത്താണ്.

### 3.5. നോവലിന്റെ ചരിത്രം

ലോകത്ത് ഉണ്ടായിട്ടുള്ള നോവലുകളുടെ വൈവിധ്യം ഒരുപക്ഷെ അവ രൂപപ്പെടുത്തിയ ഭൂമികയ്ക്ക് കൂടി അവകാശപ്പെടാനുള്ളതാണ്. കാന്റെബറി ടെയ്ൽസ്, ഈസോപ്പ് കഥകൾ, ആയിരത്തൊന്നു രാവുകൾ എന്നിവയിലെല്ലാം കൃത്യമായി കഥ പറയുന്ന സ്പേസിനെ അടയാളപ്പെടുത്തുന്നുണ്ട്. ഹോമറിന്റെ ഇലിയഡിലും ഒഡീസിയിലും കടന്നുവരുന്ന നഗരമാണ് ട്രോയ്. ട്രോജൻ യുദ്ധത്തിന്റെ പശ്ചാത്തലവും ഇതാണ്. ഗ്രീക്ക് മിത്തുകളിലും സാഹിത്യത്തിലും ട്രോയിയുടെ പതനം ഒരു കേന്ദ്രസംഭവമാണ്.ഡബ്ലിൻ നഗരം തകർക്കപ്പെടുകയാണെങ്കിൽ തന്റെ നോവലുകളിൽ നിന്നും അത് പഴയ രൂപത്തിൽ പുനർനിർമ്മിച്ചെടുക്കാനാവുമെന്ന് ജെയിംസ് ജോയിസിന്റെ വാക്കുകൾ പ്രസിദ്ധമാണ്.

1903ൽ എഴുതിയ 'വന്യതയുടെ വിളി'[20] ബക്ക് എന്ന നായയുടെ കഥയാണ്. പ്രകൃതിയുമായുള്ള ഏറ്റുമുട്ടലിൽ മനുഷ്യൻ പരാജയപ്പെടുന്നു.നായ പ്രകൃതിയിലേക്ക് മടങ്ങുകയും ചെയ്യുന്നു. മനുഷ്യ നിർമ്മിത ലോകത്തുനിന്ന് പ്രകൃതിയിലേക്കുള്ള പടിപടിയായുള്ള കയറ്റമോ ഇറക്കമോ ആണ് വായനക്കാരനെ ബാധിക്കുക.മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഏറ്റുമുട്ടലിന്റെയും ജന്തുപ്രകൃതിയുടെയും ആന്തരിക സ്വഭാവത്തെ കുറിച്ചുള്ള പഠനമാണിത്. മാർക്കേസിന്റെ എഴുത്തുകളിൽ രൂപപ്പെട്ട സ്ഥലമാണ് മക്കൊണ്ടോ.

പ്രേംചന്ദിന്റെ കഥകൾ, ടാഗോറിന്റെ കഥകൾ എന്നിവയിലൂടെ പ്രാദേശിക സംസ്കാരത്തിലൂന്നിയ ലോകോത്തരകഥകൾ വായിക്കാം. ബിഭൂതിഭൂഷൻ

ബന്ദ്യോപാധ്യായയുടെ 'ആരണ്യകം'[21] കാടിനെ ജീവിതവുമായി വളരെ അടുപ്പിക്കുന്നു.വനം വെട്ടിത്തെളിച്ച് കാലിമേക്കലിനും കൃഷിക്കുമായി പാട്ടത്തിനുനൽകുന്ന ചുമതലയുള്ള ഓഫീസറായാണ് സത്യചരൺ ഉത്തര ബീഹാറിലെ വനപ്രദേശത്ത് എത്തുന്നത്. പശ്ചിമ ബംഗാളിനോട് തൊട്ടുകിടക്കുന്ന വനപ്രദേശത്തെ മനുഷ്യരും മൃഗങ്ങളും സത്യചരണിനെ സ്വാധീനിക്കുന്നതാണ് നോവലിന്റെ പ്രമേയം.

### 3.6. മലയാള നോവലുകൾ ഒരുവിശകലനം

### 3.6.1. ആദ്യകാല നോവലുകൾ

യൂറോപിനെ അനുകരിച്ചുണ്ടായ സാഹിത്യരൂപമായതിനാൽ തന്നെ ഇംഗ്ലീഷ് നോവലുകളിൽ കണ്ടുവന്ന പശ്ചാത്തലവും അന്തരീക്ഷവുമായിരുന്നു ആദ്യകാല മലയാള നോവലുകളുടെ പ്രകൃതം. മിഷണറിപ്രവർത്തകർ അച്ചടിയും സ്ക്കൂൾ വിദ്യാഭ്യാസപദ്ധതികളും നടപ്പിലാക്കിയതോടെ സാക്ഷരമായ പരിസരം രൂപപ്പെട്ടു. ആദ്യകാല നോവലുകളുടെ പ്രമേയം എന്നതിലുപരിയായി നോവലിനെ രൂപപ്പെടുത്തിയ സാമൂഹിക സാഹചര്യങ്ങൾ ഇവയായിരുന്നു.ഫാന്റെസി സ്ഥലകല്പനകളേക്കാൾ ഭൗതികപ്രകൃതിക്ക് തന്നെയാണ് പത്തൊമ്പതാം നൂറ്റാണ്ടിലെ മലയാളനോവലുകളിൽ പ്രാധാന്യമുള്ളത്.

'ഘാതകവധം' പോലുള്ള നോവലുകളിൽ പെൻസിൽ സ്കെച്ചുകൾ സഹിതം സ്ഥലങ്ങൾ യഥാതഥമായി ആവിഷ്ക്കരിക്കപ്പെട്ടു. യഥാർത്ഥമാകണം സ്ഥലമെന്ന താൽപര്യത്തിനു പിന്നിൽ നോവലിന്റെ ചരിത്രാത്മകത തന്നെയാണുള്ളത്[22]. 1859ൽ തിരുവിതാംകൂറിൽ നടന്ന കഥയാണ്. 'ഭംഗിയുള്ള തിരുവിതാം കോട്ട് അ' എന്ന പട്ടണത്തിൽ കോശി കുര്യൻ എന്നുപേരായ ഒരാൾ ഉണ്ടായിരുന്നു. കോശി കുര്യൻ പുലയരോട് ചെയ്യുന്ന ക്രൂരതയുടെ കഥ അടിമവിമോചന വിളംബരത്തെ തുടർന്ന് സുറിയാനികളും പുലയരും തമ്മിൽ നടന്ന സംഘർഷത്തിന്റെ വ്യക്തമായ ചിത്രീകരണമാണ്. 100 കൊല്ലം മുൻപത്തെ കേരളത്തിന്റെ കാഴ്ചകൾ ഇതിൽ കാണാം. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലെ കേരളത്തെ അടയാളപ്പെടുത്തുന്നു.

1892ൽ എഴുതപ്പെട്ട 'സരസ്വതീവിജയം'[23] പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ കേരളീയരുടെ ഇടയ്ക്കു നാമ്പെടുത്ത സ്വാതന്ത്ര്യ തൃഷ്ണ, വിദ്യാഭ്യാസ താത്പര്യം, സാമൂഹികബോധം തുടങ്ങിയ നവോത്ഥാന പ്രവണതകളെ പ്രതിഫലിപ്പിക്കുന്നു. അതായത് ഒരു നവോത്ഥാന ചിന്ത എങ്ങനെ സമൂഹത്തിൽ പ്രവർത്തിക്കുന്നു എന്ന് കാണാനാവും.

'പുല്ലേലിക്കുഞ്ചു'വിൽ ഇതിവൃത്തവും യഥാർഥ ജീവിതവുമായി ബന്ധമുള്ള കഥാപാത്രങ്ങളും സംഭവങ്ങളും എല്ലാം അനിവാര്യ ഘടകമായി പരിഗണിക്കപ്പെട്ടു[24].ജാതിയുമായി ബന്ധപ്പെട്ടുള്ള സമരങ്ങൾ, കീഴാള വിദ്യാഭ്യാസം എന്നിവയും പ്രധാന വിഷയങ്ങളായി മാറിയിരുന്നു. ഇന്ദുലേഖ എഴുതപ്പെട്ടിരിക്കുന്നത് ആനുഭവിക സ്ഥലപരിസരത്താണ്[25]. അവിടെ ജാതി-മത-ലിംഗ-വർഗവ്യത്യാസങ്ങൾ വ്യക്തമാണ്. ഇന്ദുലേഖയുടെ അനുകരണങ്ങളെ പരിഹസിച്ചെഴുതിയതാണ് കിഴക്കേപ്പാട്ട് രാമൻകുട്ടി മേനോന്റെ 'പറങ്ങോടീ പരിണയം'[26].അന്നത്തെ പല കൃതികളുടെയും ലക്ഷ്യം അതായിരുന്നു.

കലിംഗം, കുന്തളം ദേശങ്ങളാണ് 'കുന്ദലത'യുടെ പശ്ചാത്തലം[27]. കേരളസമ്പ്രദായം അനുസരിക്കാത്ത ചിലമാതിരി മര്യാദകൾ ഇതിൽ കാണാനിടയുണ്ടെങ്കിൽ ഈ കഥ കേരളത്തിൽ നിന്നും വളരെ ദൂരെയുള്ള ഒരു അന്യദേശത്തു സംഭവിച്ചതായിട്ടാണ് പറഞ്ഞിരിക്കുന്നത് എന്നും ആ ദേശത്തെ നടപ്പുകൾക്കനുസരിച്ചായിരിക്കാമെന്നും വായനക്കാർ ഓർമവെക്കുവാൻവേണ്ടി മാത്രമാണ്. ജോർജ് ഇരുമ്പയം[28] ഗദ്യറൊമാൻസ് എന്നാണിതിനെ വിളിക്കുന്നത്. നിശ്ചിത കാലദേശങ്ങളിൽ കഥയെയും കഥാപാത്രങ്ങളെയും നിബന്ധിക്കായ്കമൂലം കുന്ദലതയിൽ ഒരു നോവലിനുവേണ്ട ജീവിതചിത്രീകരണമില്ല എന്ന് ജോർജ് ഇരുമ്പയംപറയുന്നു. ഉദാഹരണത്തിന് ദണ്ഡകാരണ്യത്തിന്റെ എത്രയും ഉത്തരഭാഗത്ത് വില്വാദ്രി എന്നൊരു മലയുടെ താഴ്‌വാരത്തിൽ...... ഇത്തരത്തിൽ പറഞ്ഞു പോകുന്നതിനാൽ ഭാവനാനോവലുകളുടെ ഭാവംമാത്രമാണതിന് ലഭിക്കുന്നത്. ഇതുതന്നെയാവണം

ലക്ഷണമൊത്ത നോവൽ എന്ന സ്ഥാനം കുന്ദലതയക്ക് കിട്ടാതിരിക്കാൻ കാരണമെന്നും അദ്ദേഹം പറയുന്നു. അന്യദേശം, കലിംഗം, കുന്തളം എന്നീ ദേശങ്ങൾ സങ്കൽപത്തിനായി നൽകിയതാണെന്നും അവിടെയീ കഥ നടക്കുന്നതായി സങ്കൽപിക്കേണ്ടതില്ലെന്നും അപ്പു നെടുങ്ങാടി തന്നെ പറഞ്ഞുവെക്കുന്നു. അതാണ് നോവലിന്റെ സാമൂഹിക പശ്ചാത്തലത്തെ ശൂന്യമാക്കുന്നതെന്ന് ജോർജ് ഇരുമ്പയം പറയുന്നു[29].

ഫാന്റസികൾ നിറഞ്ഞ ആഖ്യാനരീതിയായിരുന്നു കുന്ദലതയിൽ. ഒരു നാടോടിക്കഥയോട് ഉപമിക്കാവുന്ന ആഖ്യാനം. അതുകൊണ്ടുതന്നെയാണ് അതിനെ മലയാളത്തിലെ ആദ്യത്തെ നോവലായി പരിഗണിക്കാത്തത്. അത് ശരിയോതെറ്റോ എന്തുതന്നെയായാലും മലയാളത്തിന്റെ ഭാഷ മാത്രമേ അതിന് സ്വന്തമായുള്ളു കഥനടക്കുന്നതും കഥപാത്രങ്ങളും എല്ലാം മറ്റൊരു നാടിനെ ഓർമിപ്പിക്കുന്നതരത്തലു.ള്ളവയാണ്. നടക്കാൻ സാധ്യതയില്ലാത്തതെന്നു പറയാനാവില്ലെങ്കിലും രാജഭരണകാലത്ത് നടക്കാവുന്ന ഒരു കഥയായി കുന്ദലതയെകാണാം. നിശ്ചിതകാലദേശങ്ങളിൽ കഥയെയും കഥാപാത്രങ്ങളെയും നിബന്ധിക്കായ്മമൂലം കുന്ദലതയിൽ ഒരു നോവലിനുവേണ്ട ജീവിതചിത്രീകരണമില്ല എന്ന് ജോർജ് ഇരുമ്പയം30 അഭിപ്രായപ്പെടുന്നു.

### 3.6.2.പിൽക്കാല നോവലുകൾ

1891ൽ മാർത്താണ്ഡവർമ്മയുടെ ആവിർഭാവത്തോടെ ആദ്യത്തെ ചരിത്രനോവലിന്റെയും സി.വിയുടെയും രംഗപ്രവേശമായിരുന്നു[31]. ചരിത്രം എപ്പോഴും സ്ഥലകാലങ്ങളോട് ബന്ധപ്പെട്ടുനിൽക്കുന്നു എന്നതുതന്നെയാണ് ചരിത്രനോവലുകളുടെ പ്രാധാന്യം. മാർത്താണ്ഡവർമ്മ പോലുള്ള കൃതികളിൽ ആദർശ കഥാപാത്രങ്ങൾക്കും യഥാതഥ കഥാപാത്രങ്ങൾക്കും സ്ഥാനം കൊടുത്തിട്ടുണ്ട്. ജീവപ്രകൃതിയുടെ വ്യത്യസ്തഭാവങ്ങൾ പ്രകടിപ്പിച്ച് സമഗ്രമായ മനുഷ്യദർശനം സൃഷ്ടിക്കുന്നതിൽ സിവിയുടെ നോവൽപരാജയപ്പെടുന്നു എന്ന് ജോർജ് ഓണക്കൂർ ആധുനികമലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ എന്ന പുസ്തകത്തിൽ പറയുന്നു[32].

സ്ഥലാഖ്യാനം നോവലുകളെ റിയലിസത്തോട് അടുപ്പിക്കുന്നു. സ്ഥലത്തിന്റെ യാഥാർത്ഥ്യബോധത്തോടെയുള്ള പ്രയോഗം എഴുത്തിനെ യഥാർത്ഥമെന്ന ബോധത്തിലേക്ക് ഉയർത്തുന്നു. ആദ്യകാലങ്ങളിൽ ഭാവനയേക്കാൾ ചരിത്രം ഉപയോഗിക്കാനാണ് എഴുത്തുകാർ ശ്രമിച്ചിരുന്നത് എന്ന് കാണാം. സ്ഥലത്തോടൊപ്പം കാലബന്ധിതമായ കഥ പറയുമ്പോൾ അത് ചരിത്രമായി മാറുന്നു. അത്തരത്തിലുള്ള എഴുത്തുകൾ ചരിത്രവസ്തുതയുടെ പിൻബലത്തിൽ കൂടി നിലനിൽക്കുന്നു.

കേശവദേവിന്റെയുംമറ്റും നോവലുകൾവന്നു തുടങ്ങിയപ്പോൾ അത് സാമൂഹിക യാഥാർത്ഥ്യങ്ങളുമായി കൂടുതൽ അടുത്തുനിന്നു. അവിടെ വെളിവായി അവർ എഴുതിയത് പലരുടെയും ജീവിതങ്ങൾ ആയിരുന്നു. തൊഴിലാളി വർഗത്തിന്റെ സംസ്കാരം അങ്ങനെ വായനക്കാരിലേക്ക് പരന്നു. 'ഓടയിൽനിന്ന്'[33] അങ്ങാടികളെയും ഓടകളെയും സ്ഥലമായി കാണുന്നു. മറ്റുള്ളവർ അവിടെങ്ങും കാണാത്ത ജീവിതങ്ങളെ ഒപ്പിയെടുക്കുന്നു.എന്നാൽ കേവലജീവിതാഖ്യാനരചനയിലേക്ക് നോവൽ ചുരുങ്ങിപോവുന്നു.

ഓടയിൽനിന്നിന് ശേഷം സാമൂഹിക യാഥാർത്ഥ്യങ്ങളെ യഥാവിധം ആവിഷ്ക്കരിച്ച കൃതിയാണ് ആലപ്പുഴ പട്ടണവും അവിടത്തെ തോട്ടിത്തൊഴിലാളികളുടെ ജീവിതവുംകാണിക്കുന്ന'തോട്ടിയുടെ മകൻ'[34]. തകഴിയുടെ മിക്ക നോവലുകളിലും സമൂഹം ഒരു കഥാപാത്രമാണ്. അതിന്റെ വളർച്ചയെയും ഗതിവിഗതികളെയും കുറിച്ച് തകഴി പറയുന്നു.രണ്ടിടങ്ങഴിയിൽ തകഴിയും മറ്റു റിയലിസ്റ്റുകളെപ്പോലെ കാലത്തിലേക്കും സ്ഥലത്തിലേക്കുമാണ് നോക്കിയത്. ബഷീർ കൃതികളിലെ സ്ഥലകാലങ്ങൾ പ്രത്യേകം പരിഗണിക്കേണ്ടതുണ്ട്.മനുഷ്യസാഹചര്യങ്ങളെ കണക്കിലെടുത്ത് അവയുടെ അടിസ്ഥാനത്തിൽ എഴുതപ്പെട്ടിട്ടുള്ള ധർമ്മചിന്തകൾ ബഷീർ കൃതികളുടെ ഭാഗമാണ്. കഥാസംഭവത്തെയും

കഥാപാത്രങ്ങളെയും ഒരു പ്രത്യേക സ്ഥലകാലപരിധിയിൽ ഒതുങ്ങുന്ന സമൂഹത്തോട് ബന്ധിപ്പിക്കാൻ കലാകാരന് കഴിയേണ്ടതുണ്ട് എന്ന് ഉമ്മർ തറമേൽ അഭിപ്രായപ്പെടുന്നുണ്ട്[35].

### 3.6.3. ആധുനിക നോവൽസാഹിത്യം

നാടുകൾ നഗരമായി മാറുന്നത് ആധുനിക കാലത്താണ്. ഏത് നാടാണ് നഗരമായി മാറുന്നത് എന്ന് ചിന്തിച്ച് നോക്കാം. നഗരത്തിന്റെ കാഴ്ചകളും സ്വഭാവവും ഇടനാട്ടിനോടാണ് കൂടുതൽ ചേർന്ന് നിൽക്കുന്നത്. നാഗരിക സാഹിത്യം ആധുനിക സാഹിത്യ ശാഖയാണ്. നഗരത്തെക്കുറിച്ചുള്ള പേടിസ്വപ്നങ്ങൾ പണ്ടുകാലം മുതലേ സാഹിത്യം കൈമാറിയിരുന്നു. അത്തരം സങ്കൽപങ്ങളിൽ നിന്നും നഗരസാഹിത്യം രൂപപ്പെടുന്നതിൽ അതിശയമില്ല. നഗരത്തിന്റെഅധിനിവേശത്തെ പാശ്ചാത്യ എഴുത്തുകാരും രേഖപ്പെടുത്തിയിരുന്നു. അത് എഴുത്തിന്റെ ആധുനികതയിലേക്കുള്ള കാൽവെയ്പ്പായിരുന്നു. നാഗരികതയോടൊപ്പം വളർന്ന ഒന്നാണ് സാങ്കേതികത. അത് മനുഷ്യനെ പല തരത്തിലുള്ള ആശങ്കകളിലേക്ക് വ്യാപരിപ്പിച്ചു. മനുഷ്യൻ അസ്തിത്വദുഖങ്ങളിൽ നിന്നും മാറി സാങ്കേതികതയും നാഗരികതയും തരാൻ പോകുന്ന ശൂന്യതയെ ക്കുറിച്ച് ചർച്ചചെയ്യാൻ തുടങ്ങി.

സ്ഥലം എന്ന നിലയിൽ നഗരം വലിയൊരു ജനവിഭാഗത്താൽ നിർമ്മിതമാവുന്നതാണ്. ഏതെങ്കിലുമൊരു പ്രധാന സ്ഥാപനത്തിന്റെയോ വികസിതമായ പ്രദേശത്തിന്റെയോ സ്വാധീനത്തിലാണ് നഗരങ്ങൾ രൂപപ്പെടുന്നത്.അത് വൈവിധ്യമാർന്ന ജനതയെ ഉൾക്കൊള്ളുകയും അവരെ വൈവിധ്യത്തോടെതന്നെ നിലനിർത്തുകയും ചെയ്യുന്നു. വിവിധ സാംസ്കാരങ്ങളുടെ സങ്കരമായിരിക്കും അവിടെ വളരുന്ന പുതിയ തലമുറയിൽ കാണാനാവുക. നഗരത്തിന്റെ സാംസ്കാരികഭൂമിശാസ്ത്രം വൈവിധ്യത്തിന്റേതാണെന്ന് പറഞ്ഞല്ലോ. അത് ഭാഷയുടെ കാര്യത്തിലായാലും വിശ്വാസത്തിന്റെ കാര്യത്തിലായാലും പലതാണ്. പൊതുവെ അവിടെ ഉപസംസ്കാരങ്ങൾ രൂപപ്പെടാൻ സാധ്യതയുണ്ട്. ആചാര വിശ്വാസങ്ങളിൽ ഒരുതരത്തിലുള്ളവർക്ക് മാത്രം ഒതുങ്ങി നിൽക്കാൻ സാധിക്കില്ല. ആഘോഷങ്ങൾ എല്ലാവരുടെയും ആഘോഷങ്ങളായി മാറുന്നത് കാണാം. നഗരത്തിലുള്ളവർക്ക് ഓർമ്മയിലെ നാട് എന്നത് ഗൃഹാതുരമായ ഓർമ്മയായിരിക്കും അവരുടെ സ്വത്വം പുതുക്കപ്പെടുകയോ രണ്ടിനുമിടയിൽ നിലനിൽക്കുകയോ ചെയ്യുന്നു. വളരെ തിരക്കേറിയതെന്ന് പുറത്തുനിന്ന് നോക്കുന്നവർക്ക് തോന്നുന്ന, എന്നാൽ ഓരോരുത്തരും മെച്ചപ്പെട്ട ജീവിത സാഹചര്യം തേടിവന്ന് സ്വയം കഷ്ടപ്പെട്ട് ജീവിക്കുന്ന ഇടങ്ങളായാണ് സാഹിത്യങ്ങളിൽ നഗരങ്ങളെ രേഖപ്പെടുത്തിക്കാണുന്നത്. പുറത്തുനിന്നും കാണുമ്പോഴുള്ള ഈ തിരക്ക് നഗരം നൽക്കുന്ന സൗകര്യങ്ങളും സംവിധാനങ്ങളും ഉപയോഗിക്കാനായി മനുഷ്യൻ നടത്തുന്ന ശ്രമങ്ങളാണ്.

അതിജീവനവും കലാപങ്ങളും എന്നും നഗര സാഹിത്യത്തിന്റെ ഭാഗമായിരുന്നു. അത് വ്യക്തിപരമായാലും കൂട്ടായ്മയുടേതായാലും പല തരത്തിലും ആഖ്യാനം ചെയ്യപ്പെട്ടിട്ടുണ്ട്. ദാരിദ്ര്യം, തൊഴിലില്ലായ്മ, സ്വത്വ പ്രതിസന്ധികൾ, അസ്തിത്വ പ്രശ്നങ്ങൾ, എന്നിവയും പ്രധാന വിഷയമായി വരുന്നു. കുടുംബപ്രശ്നങ്ങളും വൈകാരിക പ്രശ്നങ്ങളും കടന്നുവരുന്നു. ബന്ധങ്ങളിലെ വൈവിധ്യം, സ്വപ്നങ്ങൾ, പ്രവാസ ബോധം, അന്യതാ ബോധം എന്നിവയെല്ലാം നഗര സാഹിത്യത്തിന്റെ ഭാഗമായി വരുന്നു. നഗരമായി മാറുന്ന നാടുകൾക്ക് കൂടുതൽ സ്വീകാര്യത ലഭിക്കുകയും അവഭരണ വ്യവസായ സാമ്പത്തിക കേന്ദ്രങ്ങളായി മാറുകയും ചെയ്യുന്നു. മറ്റു നാടുകളിലുള്ളവർ അവരുടെ വ്യത്യസ്തങ്ങളായ ആവശ്യങ്ങൾ നിറവേറ്റാനുള്ള ഇടമായി നഗരത്തെ കാണുന്നു. സ്വന്തം നാട്ടിൽ ലഭിക്കാത്തതോ ഗുണമേന്മ കൂടിയതോ ആയ സാധനങ്ങൾ നഗരം അവർക്ക് മുന്നിൽ പ്രദർശിപ്പിക്കുന്നു.

നാടിന് ജൈവികമായ അതിർത്തികളോടുകൂടിയ ഒരു പരിസരമാണുള്ളത്. തീരത്തിന് കടൽ അതിര് എന്നതുപോലെ. എന്നാൽ നഗരം മനുഷ്യ നിർമ്മിതമാണ്. അവിടെ മതിലുകളും അതിരുകളും എല്ലാം മനുഷ്യൻ നിർമ്മിച്ചതാണ്. അവിടെ മനുഷ്യൻ തന്റെ അധ്വാനം കൊണ്ട് ചിലമാറ്റങ്ങൾ വരുത്തുകയും തന്റെ ആവാസം ഉറപ്പിക്കുകയും ചെയ്യുന്നു. നഗരം നാടിന്റെ ഒരു മുഖം മാറ്റമാണ്. നാടിനെ പലതരത്തിൽ പ്രകൃതിയിൽനിന്നും വിച്ഛേദിച്ച് മറ്റൊരു

സംസ്കാരത്തിന്റെ ഭാഗമാക്കിത്തീർക്കുകയാണ് നഗരം ചെയ്യുന്നത്. എല്ലാ നാടും നഗരമായി മാറുന്നില്ല.

കേരളീയ നവോത്ഥാനത്തിന്റെ സ്വാധീനങ്ങൾ, മാനവികത, ജാതി ചിന്തകളുടെ പൊളിച്ചെഴുത്ത്, അന്ധവിശ്വാസങ്ങളെ ചോദ്യം ചെയ്യൽ, സ്വാതന്ത്ര്യ സാമൂഹ്യ ബോധത്തിലെ വികാസം എന്നിവ ഇക്കാലങ്ങളിലെ നോവലുകളിൽ കണ്ടെത്താം. ഒരുതരത്തിൽ ആധുനികതയുടെ ഉൽപന്നമാണ് നോവൽ. ചരിത്രവും വസ്തുനിഷ്ടമായ ഭൗതിക സാഹചര്യങ്ങളും പ്രമേയത്തിലും ഘടനയിലും സ്വാധീനം ചെലുത്തിയിരുന്നു. രചനാകാലത്തെ ഉൽപാദന ബന്ധങ്ങളും വ്യക്തി ജീവിതങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നത് കാണാം.

നോവലുകളിൽ, പ്രത്യേകിച്ച് ഖസാക്ക് പോലുള്ള നോവലുകളിൽ പ്രത്യക്ഷപ്പെടുന്ന ബിംബകല്പനകളുടെ സാന്നിധ്യം പുതിയ അർത്ഥതലത്തെത്തന്നെ രൂപപ്പെടുത്തുന്നു. പദങ്ങളുടെ ഉപയോഗം, വാക്യഘടന എന്നിവ നോവലിന് മൊത്തത്തിലുണ്ടാക്കുന്ന ഭാവം കഥ നടക്കുന്ന സ്ഥലത്തിന്റെ അടിസ്ഥാന ഭാവമായി മാറുന്നു. ഭാഷയിലൂടെ നിർമ്മിച്ച 'നാടി'ന് വാക്യത്തിലെയും പദത്തിലെയും സൂക്ഷമ പ്രയോഗം കൊണ്ട് പ്രത്യേക ഭാവം ഉണ്ടാക്കിയെടുക്കാൻ എഴുത്തുകാരന് കഴിഞ്ഞു. അതായത് സ്ഥലം തീർത്തും മൂർത്തമായത് എന്നതിൽ നിന്നും മാറി സ്ഥലം അനുഭവ പരിസരമായി മാറി. നോവൽ സ്വന്തം അനുഭവങ്ങളെ കൂടി ചേർത്തു വെക്കാൻ പാകത്തിന് തുറന്ന ആഖ്യാനങ്ങളായി മാറി. ഇടം പരിമിത അർത്ഥത്തിൽ നിന്ന് ജീവനുള്ള ഒന്നിലേക്കുള്ള മാറ്റം കാണിക്കുന്നു. ഇതിവൃത്തവുമായി അത് നിരന്തര ബന്ധം പുലർത്തുന്നു.

കേരളത്തിലെ ഗോത്രവിഭാഗത്തിൽ നിന്നുള്ള ആദ്യത്തെ എഴുത്തുകാരനാണ് നാരായൻ. മലയാളസാഹിത്യം പരിചയിക്കാത്ത ഭാഷാഭേദവും സംസ്കാരചിഹ്നങ്ങളുമായാണ് അദ്ദേഹം എഴുതിത്തുടങ്ങുന്നത്. അദ്ദേഹത്തിന്റെ കൊച്ചരേത്തി, ഊരാളിക്കുടി, ആരാണ് തോൽക്കുന്നവർ എന്നിവയടക്കമുള്ളവ ആദിവാസി പക്ഷത്തുനിന്ന് കാര്യങ്ങളെ നോക്കികാണുന്ന, പ്രശ്നങ്ങളെ തുറന്നുകാണിക്കുന്ന നോവലുകളാണ്. തന്റെ സമൂഹത്തിന്റെ പ്രശ്നങ്ങളെ പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുന്നതിനായി ഗോത്രവിഭാഗക്കാരുടെ യഥാർത്ഥ ജീവിതസാഹചര്യങ്ങളാണ് അദ്ദേഹം ഉപയോഗിക്കുന്നത്.

എസ്. കെ. എന്ന സഞ്ചാരസാഹിത്യകാരനെ അദ്ദേഹത്തിന്റെ നോവലുകളിൽനിന്നുംകണ്ടെടുക്കാനാവും. നാടുകണ്ടതിന്റെ തഴക്കം അദ്ദേഹത്തിന്റെ എഴുത്തിൽ കാണാം. ഒരു ദേശത്തിന്റെ കഥയിൽ ഒരു പ്രദേശത്തിന്റെ ചരിത്രത്തിനൊപ്പമാണ് അതിരാണിപ്പാടത്തെ ജീവിതങ്ങളെ ചിത്രീകരിക്കുന്നത്. ഒരു തെരുവിന്റെ കഥ കോഴിക്കോട് നഗരത്തിലെ മിഠായിത്തെരുവിന്റെ കഥയാണ്. ഒരു കൂട്ടം കഥാപാത്രങ്ങളിലൂടെ തെരുവിന്റെ അപാരതയെ വരച്ചിടുകയാണ് എസ്. കെ. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവുമായിചേർന്ന് പ്രവർത്തിച്ചിരുന്ന ചെറുകാടിന്റെ കൃതികളിൽ രാഷ്ട്രീയ സൂചനകൾ ശക്തമായിരുന്നു. അവ നോവലുകൾക്ക് കാലഘട്ടപരമായ പ്രാധാന്യം നൽകുന്നു. മുത്തശ്ശി പോലൊരു നോവൽ വായിക്കപ്പെടുന്നത് അതിന്റെ ചരിത്രപശ്ചാത്തലത്തിൽ കൂടിയാണ്. സ്വന്തം ചുറ്റുപാടുകളിൽ നിന്നും രചനകളുടെ പ്രമേയത്തിലേക്ക് എത്തുകയും അവയെ യതാതഥമായി അവതരിപ്പിക്കുകയുമായിരുന്നു ചെറുകാടിന്റെ ശൈലി.

സ്ത്രീ ചിന്തകളെ ഭാഷയിലൂടെ ചിത്രീകരിക്കാനും അവയ്ക്ക് രാഷ്ട്രീയമാനം നൽകാനും സാറാജോസഫിനായി. സ്ത്രീപ്രശ്നങ്ങളെയും പരിസരങ്ങളെയും തുറന്നുകാണിക്കുന്നതായിരുന്നു സാറാജോസഫിന്റെ എഴുത്തുകളധികവും. ഇത് പുതിയവായനാ സമൂഹത്തെ വാർത്തെടുത്തതായി കാണാം.

കുട്ടനാടിന്റെ ഇതിഹാസകാരനെന്നറിയപ്പെട്ട തകഴിയുടെ കൃതികളധികവും കുട്ടനാടിന്റെ രാഷ്ട്രീയ സാമൂഹിക പരിസരങ്ങളെ പ്രതിഫലിപ്പിച്ചു. സാമൂഹിക വൈരുദ്ധ്യങ്ങളെ എടുത്തുകാട്ടുന്ന തോട്ടിയുടെ മകൻ പോലുള്ള കൃതികൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. കയറുപോലെ ആറോളം തലമുറയുടെ ബൃഹദ് കഥ പറഞ്ഞ കഥാകാരൻ മലയാളത്തിൽ വേറെയില്ലെന്നുതന്നെ പറയാം.

പാരിസ്ഥിതികാവസ്ഥകളെയും പാരിസ്ഥിക പ്രശ്നങ്ങളെയും തന്റെ എഴുത്തുകളിലൂടെ പ്രതിഫലിപ്പിക്കുകയായിരുന്നു അംബികാസുതൻ മാങ്ങാടിന്റെ രചനാശൈലി. അതിനദ്ദേഹം പ്രാദേശികമായ ഘടകങ്ങളെയെല്ലാം ഉപയോഗിക്കുന്നതായി കാണാം. എൻമകജെയിൽ എൻഡോസൾഫാൻ പ്രശ്നത്തിൽ പൊറുതിമുട്ടിജീവിതം പാതിവഴിയിലായിപ്പോയ ഒരു സമൂഹത്തെയാണ് അദ്ദേഹം എഴുതിയിരിക്കുന്നത്.

### 3.6.4. ഉത്തരാധുനിക നോവൽ സാഹിത്യം

പ്രമേയങ്ങളുടെ കൂടിക്കലരൽ ആണ് ഉത്താരാധുനിക നോവലുകളുടെ പ്രത്യേകത. ഡയസ്പോറ, സൈബർ, കോളനിയനന്തര നോവൽ, ഗേ നോവൽ, ലെസ്ബിയൻ നോവൽ, ഗ്രാഫിക് നോവൽ എന്നിങ്ങനെ പല തരത്തിലുള്ള ഉപവിഭാഗങ്ങൾ ഉത്തരാധുനിക ഘട്ടത്തിന്റെ പ്രത്യേകതയാണ്. കറുത്തഹാസ്യം, പാഠാന്തരത, ടെക്നോ കൾച്ചർ, മാജിക്കൽ റിയലിസം എന്നീ ഉപാധികൾകൊണ്ടുണ്ടാക്കുന്ന കെട്ടുകഥകൾ നോവൽ എന്ന സ്ഥിതിയിലേക്ക് ആഖ്യാനം മാറ്റിയിരിക്കുന്നു. ഉത്തരാധുനികഘട്ടത്താലണ് സ്ത്രീ, ദലിത് പരിസ്ഥിതി പ്രമേയങ്ങൾ വേറിട്ട കാഴ്ചപ്പാടോടെ നോവലുകളിൽ കടന്നു വരുന്നത്. ഇതോടെ അതൊരു ശക്തമായ പ്രതിരോധ പ്രവർത്തനമായി മാറി. ഉത്തരാധുനികലോക വീക്ഷണത്തിന്റെ ഭാഗമായിരുന്നു ഇതും. അതുകൊണ്ട്തന്നെ ഉത്തരാധുനികത നിർമ്മിച്ച ലോകബോധത്തിൽ വളരെ പര്യാപ്തമായ ഒന്നായിരുന്നു ഇത്തരം എഴുത്തുകൾ.

പുതിയ എഴുത്തുകാരിൽ പലരും സാങ്കൽപികവും സവിശേഷവുമായ ഇടങ്ങളെ കൃതികളിൽ കൊണ്ടുവരാൻ ശ്രമിക്കുന്നതായി കാണാം. ബി. സന്ധ്യയുടെ 'നീലക്കൊടുവേലിയുടെ കാവൽക്കാരി'[36] എന്ന നോവലിൽ ഇല്ലിക്കൽ മല, കണിയാരം എന്ന സാങ്കൽപിക ഗ്രാമം, മീനച്ചിലാർ പാല, എന്നീ സ്ഥലങ്ങളാണ് പ്രധാനമായും കടന്നുവരുന്നത്. ഗ്രാമീണ രേഖാ ചിത്രങ്ങൾ പലയിടത്തും കാണാം. 'കപ്പലിനെക്കുറിച്ചൊരു വിചിത്രപുസ്തകം' എന്ന നോവലിൽ ഇന്ദുമേനോൻ കരയും കടലും ഭൂതകാലവും വർത്തമാനവും കൂടിച്ചേർന്ന ഒരാഖ്യാനത്തിലേക്ക് നോവലിനെ കൊണ്ടുപോകുന്നു[37].

സാഹിത്യത്തിന്റെ മൊത്തത്തിലുള്ള കാഴ്ചപ്പാട് എക്കോളജിക്കലാണ്. ഭൂമിക എന്ന സാധ്യതയെ കേവലം ഭൂപരമായ ഇടത്തിൽ ഒതുക്കുന്നു എന്നതാണ് സത്യം. ഭൂമിയുടെ അമിത വർണനയും ഫാന്റസിയിലേക്കെത്തിക്കാനുള്ള ശ്രമവും മാത്രമാണത്. 'ചിത്തിരപുരത്തെ ജാനകി' എന്ന ഉഷാകുമാരിയുടെ നോവലിൽ[38] കഥാപാത്രങ്ങളുടെ പരിസ്ഥിതി ബോധം, പ്രകൃതിയോടുള്ള കൂറ് എന്നിവ കണ്ടെത്താനാവും. പരിസ്ഥിതി സൗഹാർദപരവും വിരുദ്ധവുമായ നിലപാടുകൾ കണ്ടെത്താനാവും.

'കാട്ടാളി' എന്ന എ.പി. ജോതിർമയിയുടെ നോവലിൽ[39] ഭൂമിക കാട്ടാളി എന്ന ഗ്രാമമാണ്. അവിടെ മലബാറിലെ ഉൾനാടൻ ഭാഷയാണ് സംസാരിക്കുന്നത്. കാട്ടാളിമുത്തിയും കാട്ടാളിക്കുന്നും കാട്ടാളിപ്പുഴയും ചേർന്ന ചിത്രം. തനൂജ ഭട്ടതിരിയുടെ 'ഗ്രാന്റ് ഫിനാലെ'[40] എന്ന നോവൽ സ്ത്രീരചനകളും പാരിസ്ഥിതികപ്രശ്നങ്ങളും ഉർവ്വരതാ സങ്കൽപങ്ങളും തമ്മിൽ ഉണ്ടാകേണ്ട ബാന്ധവത്തെ സൂചിപ്പിക്കുന്നു. ഭൂമി, പ്രകൃതി, പരിസ്ഥിതി, തുടങ്ങിയവയുടെ സ്ത്രീ സ്വത്വസംബന്ധമായ കാഴ്ചകൾ പുതിയ നോവലുകളിൽ എങ്ങനെയാണ് വരുന്നത് എന്ന് നിരീക്ഷിക്കാൻ ഈ നോവൽ അനുയോജ്യമാണ്.

സ്ഥലത്തെയും കാലത്തെയും കുറിച്ചുള്ള നമ്മുടെ ധാരണകളെ ഉത്തരാധുനികത പിടിച്ചു കുലുക്കുന്നു. കാരണം ഉത്തരാധുനികത നിലനിൽക്കുന്ന എല്ലാ സ്ഥലസങ്കൽപങ്ങളെയും ദുർബലമാക്കിക്കൊണ്ടുള്ള സ്ഥലസങ്കൽപമാണ് അത് ആഗോളീകരണവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് പി.കെ രാജശേഖരൻ പറയുന്നു[41].

ആഗോളവൽക്കരണകാലത്തെ സ്ത്രീ, പ്രകൃതി, കീഴാളത എന്നീ വിഷയങ്ങൾ നിരന്തരം ചർച്ച ചെയ്യപ്പെടുകയും വായിക്കപ്പെടുകയും എഴുതപ്പെടുകയും ചെയ്യുന്നവയാണ്. ആധുനിക സാഹിത്യ വികാസത്തിന്റെ ഭാഗമായാണ് എഴുത്തിലേക്ക് അരികുവൽക്കരിക്കപ്പെട്ടിരുന്നവർ

കടന്നുവരുന്നത്. ഉത്തരാധുനികത അതിനെ കുറച്ചുകൂടി വ്യാപിപ്പിച്ചു. സ്ത്രീ, ദലിത്, പരിസ്ഥിതി എഴുത്തുകൾക്ക് അതിന്റെ വൈകാരികാംശത്തെക്കവിഞ്ഞുള്ള പ്രാധാന്യവും ശ്രദ്ധയും ലഭിക്കുന്നത് ഇക്കാലത്താണ്. അതായത് ഇത്തരം വിഷയങ്ങളെ ഉൾക്കൊള്ളാൻ സമൂഹം തയ്യാറാവുന്നത് ഈ ഘട്ടത്തിലാണ്. പ്രകൃതി ചൂഷണങ്ങളും ദലിത് സ്ത്രീ അരികുവൽക്കരണങ്ങളും നിരന്തരം ഒരു വിഭാഗത്തെ മാറ്റിനിർത്തിയിരുന്നു. അവരുടെ കഥകളും എഴുത്തുകളും വഴി അവർ തന്നെയാണ് എഴുതപ്പെടാതെ പോയ തങ്ങളുടെ ചരിത്രം എഴുതാനാരംഭിക്കുന്നത്.

അടിയന്തരാവസ്ഥക്കുശേഷം ആദ്യകാല ആത്മകേന്ദ്രീകൃതതയെ നിഷേധിക്കുന്ന എഴുത്തുകൾ കണ്ടുതുടങ്ങി. രാഷ്ട്രീയ നിലപാടുകളെ അവ പ്രതിനിധാനം ചെയ്തുതുടങ്ങി. ചരിത്രത്തെയും സ്വത്വത്തെയും യഥാർത്ഥ്യത്തെയും പ്രശ്നവൽക്കരിച്ചു. തൊണ്ണൂറുകളോടെ ഈ ഭാവുകത്വപരിണാമം പൂർണമായി ഉത്തരാധുനികതയുടേതായി മാറി. കേവലം പ്രകൃതി പ്രതിഭാസങ്ങളല്ല പുരാവൃത്തങ്ങൾ. ഒരോ കാലവും സംവഹിക്കുന്ന പുരാവൃത്തമണ്ഡലങ്ങൾ കലയുമായി ഏതേതുതരത്തിൽ സംവദിക്കുന്നു എന്നത് ചരിത്രസംസ്ക്കാരപഠനത്തിൽ പ്രധാനമാണ്. ബഷീർ തന്റേതുമാത്രമായ ഒരു മിനിമൽ പ്രപഞ്ചം സൃഷ്ടിച്ചുകൊണ്ടാണ് കഥാരചനകൾ നടത്തിയിരുന്നത്.

### 3.7. മിത്തും സാംസ്കാരിക ഇടങ്ങളും

മിത്ത് സാംസ്കാരികമായി സ്വാധീനം ചെലുത്തുന്ന ഘടകങ്ങളിലൊന്നാണ്. ആ സ്വാധീനം എല്ലായ്പ്പോഴും സാംസ്കാരികമായ വ്യതിയാനങ്ങൾക്ക് കാരണമാവാറുമുണ്ട്. സാഹചര്യങ്ങൾക്കനുസരിച്ച് അവ അതിഭൗതികപരിവേഷങ്ങൾ നേടുന്നു. മനുഷ്യന്റെ അടിസ്ഥാന വിശ്വാസങ്ങളാണ് അതിലടങ്ങിയിരിക്കുന്നത്. ഇവ വാമൊഴിക്കഥകളിലൂടെയും ആചാരങ്ങളിലൂടെയും തലമുറകൾ കൈമാറിവരുന്നു. പല കഥകളിലൂടെ ബന്ധിച്ചും ഉപകഥകളിലൂടെ വികസിപ്പിച്ചും മിത്തുകളും യക്ഷിക്കഥകളും വീരകഥകളും നാടോടിക്കഥകളും എല്ലാം നിർവ്വഹിക്കുന്നത് ഈ ധർമ്മമാണ്. അവ പഴയകാലത്തെ, അതിന്റെ അരുതുകളെ, ചെയ്തികളെ ഓർമപ്പെടുത്തുന്നു. ഓർമപ്പെടുത്തലുകളോടൊപ്പം തന്നെ അവ ആചരിക്കാനും വിശ്വസിക്കാനും പ്രേരിപ്പിക്കുന്നു. അടുത്ത തലമുറയിലേക്ക് അവ കൈമാറാനുള്ള ഉപകരണമായും മനുഷ്യനെ ഉപയോഗിക്കുന്നു. ഒരേ മിത്തുകൾക്കുതന്നെ പലയിടങ്ങളിൽ പലതായ വായനകളും ഭേദങ്ങളും കാണാം. കൂട്ടിച്ചേർക്കലുകളും അതിവായനകളും കാലാന്തരത്തിൽ അതുപോലെത്തന്നെ കൈമാറ്റം ചെയ്യപ്പെടുന്നു.

ബോധതലത്തിലും അബോധതലത്തിലും മിത്തുകൾ പ്രവർത്തിക്കുന്നു. ബോധതലത്തിൽ ഇത്തരം വിശ്വാസങ്ങളെ അതിജീവിക്കുന്നവരുടെതന്നെ അബോധതലത്തിൽ ഇവ സ്വാധീനം ചെലുത്താം. കാൾ യുങിന്റെ ആദിപ്രരൂപങ്ങൾ (ആർക്കിടൈപ്പുകൾ)[42] എന്ന ആശയം അത്തരത്തിലുള്ള സൂചനകളാണ് നൽകുന്നത്. വ്യക്തിക്ക് മാത്രമല്ല സമൂഹത്തിനും പൊതുവായ ഒരു മനസ് ഉണ്ടെന്നും അതിലും ബോധാബോധങ്ങൾ ഉണ്ടെന്നും അദ്ദേഹം സ്ഥാപിച്ചു. സമൂഹമനസ്സിന്റെ അബോധത്തിലുള്ള ചില പാറ്റേണുകൾ ആണ് ആദിപ്രരൂപങ്ങളെ രൂപപ്പെടുത്തുന്നത്. പുരാവൃത്തങ്ങൾ, ഐതീഹ്യങ്ങൾ, നാടോടിക്കഥകൾ, വീരഗാഥകൾ എന്നിവയിലെല്ലാം ഇത്തരം പാറ്റേണുകൾ ആവർത്തിച്ച് പ്രത്യക്ഷപ്പെടുന്നുണ്ട്.

മിത്ത് ചിലപ്പോൾ ചരിത്രപരമായ അടിത്തറവരെ സ്വായത്തമാക്കും. മിത്തുകളെ അതിഭൗതിക കഥകളായി വിശ്വസിക്കുന്നവരുടെ ചിന്തയിൽ മറ്റൊന്നായിരിക്കാം അവയുടെ സ്ഥാനം. എല്ലാ സംസ്കാരങ്ങളും അവരുടേതായ മിത്തോളജികൾ രൂപപ്പെടുത്തുന്നു. ചില ചരിത്രങ്ങൾതന്നെ ഇത്തരം മിത്തോളജിയിൽ നിന്നും രൂപപ്പെടുന്നതാണ്. ഒരു വ്യക്തിയുടെ ഓർമ്മ രൂപപ്പെടുത്തുന്നതിലൂടെ അയാളുടെ വ്യക്തിത്വം തന്നെയാണ് രൂപപ്പെടുത്തുന്നത്. അതുപോലെത്തന്നെ ഒരു നാടിന്റെ ഓർമ്മരൂപപ്പെടുത്തുന്നതിലൂടെ ആ നാടിന്റെ വ്യക്തിത്വമാണ് പരുവപ്പെടുന്നത്. മറ്റ് അധികാര കേന്ദ്രങ്ങൾക്ക് തകർക്കാനാവാത്ത ബലം അത്തരം വ്യക്തിത്വത്തിലൂടെ ദേശങ്ങൾ നേടുന്നു എന്ന് കാസിറർ[43] പറയുന്നു.

വ്യക്തിപരമായിരിക്കുമ്പോൾതന്നെ സഞ്ചിതമായതും സഞ്ചിതമായിരിക്കുമ്പോൾ തന്നെ വ്യക്തിപരമായതുമായാണ് മിത്തുകൾ പ്രവർത്തിക്കുന്നത്.

പരിസ്ഥിതി എന്നതിൽനിന്ന് വ്യത്യസ്തമാണ് നാട് എന്ന സങ്കൽപം. നാടിനുള്ളിൽ സാമൂഹിക ബന്ധങ്ങൾ നിലനിൽക്കുന്നു. നാടിനെ സാംസ്കാരികഭൂമിയായി കാണുമ്പോഴാണ് അത് ചരിത്രത്തിന്റെ ഭാഗമാവുന്നത്. ഒരു ജനതയുടെ സാംസ്കാരിക ഭൂമിശാസ്ത്രം പഠിക്കാൻ അവിടുത്തെ നോവലുകളെ തിരഞ്ഞെടുക്കുന്നതിനുള്ള പ്രധാനകാരണം ഇതുതന്നെയാണ്. നോവലിന്റെ ഘടനയ്ക്ക് സമൂഹത്തിന്റെ ഒരു ഭാവമുണ്ട്. അത് നിരന്തരം സമൂഹത്തോട് സംവദിക്കുകയും അതിന്റെ ഘടനയെ പുതുക്കുകയും ചെയ്യുന്നുണ്ട്. മറ്റ് സാഹിത്യരൂപങ്ങളെക്കാളും ബൃഹത്തായ നോവലിന്റെ ഘടന സമൂഹത്തിന്റെ വൈവിധ്യത്തെ ഉൾക്കൊള്ളാൻ കൂടി പര്യാപ്തമായിരിക്കും.

നാടോടിപുരാവൃത്തങ്ങൾ ഓരോ പ്രദേശവുമായും അതിന്റെ മിനിയേച്ചർ പ്രപഞ്ചഘടനയുമായും ധർമ്മപരവും സാമൂഹികശാസ്ത്രപരവുമായി ബന്ധപ്പെട്ടിരിക്കുന്നു. അവ ഗോത്രപരവും ധർമ്മപരവുമായ നിലനിൽപ്പിന്റെ പ്രശ്നങ്ങൾ ഉൾക്കൊള്ളുന്നു. സാമുദായിക ഭേദങ്ങൾക്കനുസരിച്ച് ചിഹ്ന വ്യവസ്ഥയിൽ മാറ്റം വരും. മിത്ത് ഒരു സമൂഹത്തെ സ്വാധീനിക്കുന്നത് അതിന്റെ ദൈനംദിന ഇടപെടലുകളിലൂടെയാണ്. ഇന്നത് ആചാരാദികളിലൂടെ നിലനിലനിർത്തിപ്പോരുന്നു. അതിനാൽതന്നെ സമൂഹത്തിന്റെ ഭാഗമാവുക എന്നതിന് ഇത്തരം ആചാരമര്യാദകൾ പാലിക്കുക എന്നത് പ്രധാനമാണ്. ദേശം എന്നതിനെ ചെറിയ ഇടങ്ങളായോ വലിയ ഇടമായോ കാണാം. രണ്ടായാലും അദൃശ്യമായ ഒരതിർത്തി അതിന് നിലനിൽക്കുന്നു. ഗോത്ര ആചാരങ്ങൾക്ക് ഇവ സുവ്യക്തമാണ്. ദേശവുമായി ബന്ധപ്പെട്ട മത-ജാതി ബോധങ്ങൾ, അവിടെ സുലഭമായ വസ്തുക്കൾ, സവിശേഷമായ ഘടകങ്ങൾ എന്നിവ പ്രാദേശികമായി കാണാം[44].

സൂചനകളിലൂടെയും പ്രതിരൂപങ്ങളിലൂടെയുമാണ് മിത്തുകൾ അടയാളപ്പെടുത്തപ്പെട്ടിരിക്കുന്നത്. വ്യക്തിയുടെ ഓർമ്മയെ ഇത്തരം അടയാളങ്ങളിലൂടെ നിരന്തരം പുതുക്കിക്കൊണ്ടിരിക്കും. ഓരോ സാഹചര്യത്തിലും എങ്ങനെ പെരുമാറണം എന്ന് അത് അവരെ പഠിപ്പിക്കുന്നു. അങ്ങനെ ഒരു നാട് മുഴുവൻ ഒരുപോലെ പെരുമാറുന്നു. ചിലരതിന്റെ അധികാരകേന്ദ്രങ്ങളാവുകയും നിയന്ത്രണങ്ങൾ ഏറ്റെടുക്കുകയും ചെയ്യുന്നു. ഒരു നാടിന്റെ ആചാരങ്ങളനുസരിച്ച് ജീവിക്കുന്നിടത്തോളം അതിൽനിന്നും അവർക്ക് പുറത്തു കടക്കാനാവില്ല. സാംസ്കാരികമായി രൂപപ്പെടുന്ന ആവാസഇടം ആണത്. അതിലെ പരസ്പരബന്ധങ്ങൾക്കും കൊടുക്കൽ വാങ്ങലുകൾക്കും അധികാരഘടനക്കും നിയതമായ ചിട്ടകളുണ്ടാവും. അതുകൊണ്ടാണ് അതിനിടയിലുണ്ടാവുന്ന സാംസ്കാരിക വ്യതിയാനങ്ങൾ വലിയ രീതിയിലുള്ള താളംതെറ്റലുകൾ ഉണ്ടാക്കുന്നത്.

ഒരു ദേശത്തിൽ സ്വീകാര്യമായ പ്രാദേശിക മിത്തിനെ മറ്റൊരിടത്ത് സ്ഥാപിക്കാൻ സാധിക്കില്ല. കാരണം അത് ആത്യന്തികമായി ആ ദേശത്തിന്റെതാണ്. ദേശത്തിനപ്പുറം അതിനൊരു കഥയുടെ ഭാവം മാത്രമേ ഉണ്ടാവാൻ സാധ്യതയുള്ളു. പക്ഷെ ദേശത്തിനകത്ത് അവ നിരന്തരം സ്വാധീനം ചെലുത്താൻ പര്യാപ്തമായ, പുതുതലമുറയിലേക്കും പകരപ്പെടുന്നവയായി മാറുന്നു. മലയാളിയുടെ മിത്തുകൾ പ്രധാനമായും അനുഷ്ഠാനങ്ങളുമായും ആചാരങ്ങളുമായും ബന്ധപ്പെട്ടവയാണ് എന്നു പറയാം. എന്നാൽ അവയുമായി ബന്ധമില്ലാതെയും ആചാരാനുഷ്ഠാനങ്ങളുടെ കാലശേഷവും അവ നിലനിൽക്കുന്നു എന്നത് പ്രധാനമാണ്. സാമാന്യയുക്തിക്കപ്പുറമുള്ള അമാനുഷിക തലം അവയ്ക്കുണ്ട്. ആചാരാനുഷ്ഠാനങ്ങൾ, പ്രകൃതിപ്രതിഭാസങ്ങൾ, മതം എന്നിവയുമായി ബന്ധപ്പെട്ടാണ് മിത്തുകൾ/പുരാവൃത്തങ്ങൾ കാണുന്നത്. 'മിത്തോസ്' എന്ന യവനപദത്തിൽ നിന്നും രൂപംകൊണ്ട 'മിത്തി'നെ സത്യമോ അസത്യമോ ആയ കഥയായാണ് പരിഗണിക്കുന്നത്. കാരണം അതിന്റെ ദൗത്യം സത്യമോ അസത്യമോ അല്ല, അത് നിർവ്വഹിക്കുന്ന ധർമ്മം തീർത്തും വ്യത്യസ്തമാണ്. മറ്റെന്തിനെയും സത്യ-അസത്യഭേദം നോക്കി പരിഗണിക്കുന്ന സമൂഹം മിത്തിക്കലായ ആശയങ്ങളെ അതിഭൗമവസ്തുവായാണ് പരിഗണിക്കുന്നത്. അതുകൊണ്ട് തന്നെയാണ് ഫാസിസ്റ്റ് ശക്തികൾ മിത്തിനെയും പാരമ്പര്യത്തെയും എല്ലാം ആയുധങ്ങളായി ഉപയോഗിക്കുന്നത്,

പുരാണേതിഹാസങ്ങളെ വളച്ചൊടിച്ച് പലതായി വ്യാഖ്യാനിക്കുന്നത്. അവരുടെ ആയുധം അത്രമേൽ ശക്തവും അബോധതലത്തിൽവരെ സ്വാധീനം ചെലുത്താൻ പ്രാപ്തവുമാണെന്ന് നമുക്കിന്നറിയാം. ദേശീയത അത്തരത്തിൽ മിത്തിഫൈ ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു.

ജീവിതയാഥാർത്ഥ്യത്തെ കൂടുതൽതീവ്രവും സാന്ദ്രവുമായി അവതരിപ്പിക്കുന്നതിനാണ് എഴുത്തുകാർ മിത്തിക്കൽ രചനാരീതിയിലേക്ക് തിരിയുന്നത്. കാര്യകാരണയുക്തിയുപയോഗിച്ച് വ്യക്ത്യാനുഭവങ്ങളുടെ സങ്കീർണതയും അയുക്തികതയും ആവിഷ്കരിക്കുക സാധ്യമല്ലാതായി. മിത്തിന്റെ സങ്കേതങ്ങൾ എഴുത്തുകാരെ അതിന് സഹായിച്ചു എന്ന് മിത്തും മലയാള നോവലും എന്ന പുസ്തകത്തിൽ ഡോ. ഇ. ബാനർജി[45] വിശദീകരിക്കുന്നു.

ആദ്യകാല സാഹിത്യ കൃതികളെപ്പോലെ നോവലുകളും ഇതിഹാസങ്ങളെയും ഐതീഹ്യങ്ങളെയും ഇതിവൃത്തമായി എടുത്തിരുന്നു. ചരിത്രവും മിത്തും കൂടിക്കലർന്ന വിധത്തിലാണ് ഭൂതരായർ, മാർത്താണ്ഡവർമ്മ, ധർമ്മരാജ, രാമരാജബഹദൂർ എന്നിങ്ങനെയുള്ള ചരിത്രനോവലുകൾ പുറത്തുവന്നത്. മാർത്താണ്ഡവർമ്മയിൽ കള്ളിയങ്കാട്ടുനീലി എന്ന മിത്തിനെ സി.വി. രാമൻപിള്ള സാന്ദർഭികമായി ഉൾപ്പെടുത്തുന്നുണ്ട്. പിന്നീട് സാഹിത്യം കൂടുതൽ പ്രാദേശികമാവുകയും സൂക്ഷ്മമാവുകയും ചെയ്ത ഘട്ടത്തിൽ അത് നാടുകളുടെ കഥകൾ പറഞ്ഞുതുടങ്ങി. നാടുകളിലെ വീരന്മാരും നായികമാരും സ്ഥലങ്ങളും അടയാളപ്പെടുത്തപ്പെട്ടു. സാഹിത്യത്തിൽ മുഴുവനായി ഒരു മിത്തിനെ കേന്ദ്രീകരിച്ച് എഴുതുന്ന നോവലുകളും അല്ലെങ്കിൽ സാന്ദർഭികമായോ ഭാവോത്തേജനത്തിനോ വേണ്ടി ഉപയോഗിക്കുന്ന നോവലുകളും ഉണ്ട്. നേരിട്ട് മിത്തുകളെ സ്വീകരിക്കുന്നതിന് പ്രത്യക്ഷ മിത്തീകരണം എന്നും സാഹചര്യങ്ങൾ സമകാലാവസ്ഥയുമായി ബന്ധപ്പെടുത്തി ഉപയോഗിക്കുന്നതിന് പരോക്ഷ മിത്തീകരണം എന്നും പറയുന്നു. വിശ്വാസയോഗ്യമെന്നുധരിപ്പിക്കും വിധത്തിൽ രൂപപ്പെടുത്തിയിരിക്കുന്ന കഥതന്നെയാണ് മിത്ത്. ആദ്യ ആഖ്യാനപ്രക്രിയ അവിടെ നടന്നു കഴിഞ്ഞതാണ്. അതിന്റെ പുനരാഖ്യാനങ്ങൾ മാത്രമാണ് സാധ്യമാവുന്നത്. മിത്തിന്റെ ഭാഗമായി നിൽക്കുന്നത് പ്രധാനമായും പാരമ്പര്യബിംബങ്ങളാണ്. അത് ഓരോ മനുഷ്യന്റെയും അബോധത്തിൽ സമാനമായി പ്രവർത്തിക്കുന്നു എന്ന് യുങ് കണ്ടെത്തിയിട്ടുണ്ട്.

പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ 'സ്മാരകശിലകൾ'ലെ ജീവലോകം ജിന്നുകളും മലക്കുകളും അടങ്ങിയതാണ്. കേരളോൽപത്തികഥയെ മുൻനിർത്തി നെയ്തെടുത്ത ചരിത്രമാണ് അപ്പൻ തമ്പുരാന്റെ 'ഭൂതരായർ'. പഴയനിയമ മിത്ത് പരാമർശിക്കുന്ന പോഞ്ഞിക്കര റാഫിയുടെ 'സ്വർഗദൂതൻ', എൻ. മോഹനന്റെ 'ഇന്നലത്തെ മഴ', എം.ടിയുടെ 'രണ്ടാമൂഴം', സാറാജോസഫിന്റെ 'ഊര്കാവൽ', 'ആതി', മുകുന്ദന്റെ 'മയ്യഴിപുഴയുടെ തീരങ്ങളിൽ', ടി.ഡി. രാമകൃഷ്ണന്റെ 'ഫ്രാൻസിസ് ഇട്ടിക്കോര','സുഗന്ധി എന്ന ആണ്ടാൾ ദേവനായകി', അംബികാസുതൻ മാങ്ങാടിന്റെ'എൻമകജെ', സേതുവിന്റ 'പാണ്ഡവപുരം', പി.കെ ബാലകൃഷ്ണന്റെ 'ഇനി ഞാൻ ഉറങ്ങട്ടെ', ആനന്ദിന്റെ 'വ്യാസനും വിഘ്നേശ്വരനും', സക്കറിയയുടെ 'എന്തുണ്ട് വിശേഷം പിലാത്തോസേ', കെ.ആർ മീരയുടെ മീരാസാധു' എന്നിങ്ങനെ നിരവധി നോവലുകളിൽ മിത്ത് എന്ന സങ്കേതത്തെ ഫലപ്രദമായി ഉപയോഗിച്ചിരിക്കുന്നത് കാണാം. മലയാള നോവലിന് ഒന്നേകാൽ നൂറ്റാണ്ടിന്റെ ചരിത്രമുണ്ട്. അത് ഇത്രയും കാലത്തെ ജീവിതത്തെ അതിന്റെ എല്ലാ സങ്കീർണതകളും ഉൾക്കൊണ്ട് രേഖപ്പെടുത്തിയിരിക്കുന്നു.

സാംസ്കാരിക പഠനങ്ങൾ ആരംഭിക്കേണ്ടത് സമൂഹത്തിൽ നിന്നാണ്. സമൂഹം നിരന്തരം ഉൽപാദിപ്പിക്കുന്ന സംസ്കാര ബോധത്തിന്റെ ഭാഗമായാണല്ലോ സമൂഹത്തിലെ ഓരോ ഘടകങ്ങളും രൂപപ്പെട്ടിരിക്കുന്നത്. അതിനാൽ തന്നെ പഠനം സ്ഥൂലത്തിൽനിന്നും സൂക്ഷ്മത്തിലേക്ക് വന്നാൽ നന്നായിരിക്കും. സമൂഹം-വർഗം/ഗോത്രം-കുടുംബം-വ്യക്തിഎന്നനിലക്ക്. ഓരോ സമൂഹത്തിലും നിലനിൽക്കുന്ന സാംസ്കാരിക ബന്ധങ്ങൾ എത്തരത്തിലാണ് അതിന്റെ ജനതയെ നിർമ്മിക്കുന്നത് എന്ന ചോദ്യമാണ് പ്രധാനം. സാമാന്യത്തിൽ നമുക്ക് കാണാനാവുന്ന സാംസ്കാരിക പ്രത്യേകതകളെല്ലാം സമൂഹവുമായും, വർഗം അഥവാ ഗോത്രം, മതം, എന്നിവയുമായും ബന്ധപ്പെട്ടിരിക്കും. അത് സമൂഹത്തിലും പിന്നീട്

വ്യക്തിയിലും സ്വാധീനം ചെലുത്തും. ഒരു പുതിയ വിശ്വാസം വ്യക്തിയിലേക്ക് എത്തുന്ന പാത ശ്രദ്ധിച്ചാൽ ഇത് മനസ്സിലാവും.

സമൂഹം വ്യക്തിയുടെ ജീവിതത്തിലെ അവിഭാജ്യ ഘടകമായതിനാൽതന്നെ അത് നിരന്തരം വ്യക്തിയെ മാറ്റിക്കൊണ്ടിരിക്കാൻ ശ്രമിക്കും. ഏതെങ്കിലും ഒരാൾ അതിന് എതിരുനിന്നാൽ സമൂഹം സ്വന്തമായ ഉപാധികൾ ഉപയോഗിച്ച് അതിനെ പ്രതിരോധിക്കും. ഒരു തരത്തിൽ നോക്കിയാൽ സമൂഹം എല്ലാ വ്യക്തികളുടെയും പലതരത്തിലുള്ള ചോദനകളെയും എതിർപ്പുകളെയും പ്രതിരോധിച്ചുവച്ചിട്ടുണ്ട്. സമൂഹം സംസ്കാരം എന്ന സ്വത്തിനെ സംരക്ഷിക്കാൻ വ്യക്തികളുമായി നിരന്തരം യുദ്ധത്തിലാണ് എന്നു പറയാം.

ആഗോളീകരണം മനുഷ്യന്റെ വൈവിധ്യങ്ങളെ മറികടക്കുന്നു. ലോകത്ത് പ്രാദേശികമായി നിലകൊള്ളുന്ന സംസ്കാരങ്ങളാണ് വ്യക്തികളെ വ്യത്യസ്തമായി നിലകൊള്ളാൻ സഹായിക്കുന്നത്. ആഗോളീകരണത്തിന്റെ വരവോടെ സമൂഹത്തിൽ പുറത്തുനിന്നുള്ള അധിനിവേശങ്ങൾ വ്യാപകമാവുന്നു. സ്വീകരണസ്വാതന്ത്ര്യമുണ്ടെന്ന് നമ്മൾ വിചാരിക്കുന്ന പല കാര്യങ്ങളും അറിയാതെ തന്നെ നമ്മിലേക്ക് വന്നു കയറുന്നു. പരസ്യങ്ങളും കുത്തകകളും നിർമിക്കുന്ന ജീവിതഘടനയിലേക്ക് നമ്മൾ മാറുന്നു. പ്രാദേശികത എന്നത് സംരക്ഷിക്കപ്പെടേണ്ട ഒന്നായി നിലനിൽക്കുന്നു. പ്രാദേശികത സംരക്ഷിക്കാനായി മാത്രം കുത്തക രാജ്യങ്ങൾ പണം ചിലവാക്കുന്നു. ഇത്തരത്തിൽ ഉള്ള നാടകമാണ് ആഗോളവൽക്കരണത്തിന്റെ ഭാഗമായി അരങ്ങേറിക്കൊണ്ടിരിക്കുന്നത്. മറ്റൊരുതരത്തിൽ പറഞ്ഞാൽ ആഗോളവൽക്കരണത്തിലൂടെ സമൂഹത്തിന്റെ വൈവിധ്യങ്ങളെ മറികടക്കുന്നു. ലോകത്തെ എല്ലാവരും ഒരുപോലെ കാണപ്പെടുന്ന അവസ്ഥയിലേക്ക് നീങ്ങുന്നു.

### 3.8.കഥാപാത്ര രൂപീകരണം

കഥാപാത്രത്തിന്റെ അടിസ്ഥാന സ്വഭാവം എന്താണെന്ന് കഥാപാത്രത്തിന്റെ പ്രവൃത്തികളിലൂടെ വ്യക്തമാവും. കഥാപാത്രം പറയുന്ന വാക്കുകൾ, ഇടപെടലുകൾ, കഥാപാത്രത്തെക്കുറിച്ചുള്ള ഭൗതികവും മാനസികവുമായ വിവരണങ്ങൾ, കഥാപാത്രത്തിന്റെ പേര്, കുടുംബം, സമൂഹം എന്നിവയുടെ വിവരങ്ങൾ എന്നിവയും പ്രധാനമാണ്.

പ്രോട്ടഗോണിസ്റ്റ്, ആന്റഗോണിസ്റ്റ്, പ്രധാന കഥാപാത്രങ്ങൾ, അപ്രധാന കഥാപാത്രങ്ങൾ, സ്റ്റീരിയോടൈപ്പ്സ്, ഡൈനാമിക് കഥാപാത്രങ്ങൾ എന്നിങ്ങനെ പലതരത്തിലുള്ള കഥാപാത്രങ്ങളുണ്ടാവും. അതിൽ കഥയ്ക്കുള്ളിൽ വളരുന്ന കഥാപാത്രങ്ങൾ പ്രോട്ടഗോണിസ്റ്റോ ആന്റഗോണിസ്റ്റോ ആവാം, മറ്റു കഥാപാത്രങ്ങളുടെ മേന്മ കാണിക്കാനോ താരതമ്യം ചെയ്യാനോ വേണ്ടി കൊണ്ടുവരുന്ന കഥാപാത്രങ്ങളും ഉണ്ടാവാം. പകരക്കാരായി ചില ചോദ്യങ്ങൾ ചോദിക്കാനോ വിടവ് തോന്നാതിരിക്കാനോ ചേർക്കുന്ന കഥാപാത്രങ്ങളുമുണ്ട്.

പ്രധാനമായും കഥാപാത്രത്തിന്റെ ഭൗതിക വിവരണം എങ്ങനെ വസ്ത്രം ധരിക്കുന്നു, എങ്ങനെ നടക്കുന്നു, എന്ത് പ്രവൃത്തികൾ ചെയ്യുന്നു എന്നതെല്ലാം പൊതുവെ കിട്ടുന്ന തരത്തിലാണ്. അതിലുപരി പെരുമാറ്റം, ചിന്തകൾ, വൈകാരികത, സ്വഭാവം എന്നിവ മനസിലാക്കാവുന്ന എഴുത്തുകൾ കൂടുതൽ ആഴത്തിലുള്ളവയാണ്. കഥയിൽ കടന്നുവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് കഥാപാത്രങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നു എന്നതും സംസാരിക്കുന്നു എന്നതും പ്രധാനമാണ്. സാന്ദർഭികമായ സൂചനകളിലൂടെ ചരിത്ര സാമൂഹിക ഘടകങ്ങൾ കഥാപാത്രങ്ങളിൽനിന്നും വേർതിരിച്ചെടുക്കാനാവും. കഥാപാത്രപരിസരം കൂടുതൽ പ്രയോഗിക്കുകവഴി കഥാപാത്രത്തെ കൂടുതൽ ആഴമുള്ളതാക്കിത്തീർക്കാൻ സാധിക്കും.

കഥാപാത്രത്തിന്റെ സ്വത്വവും അതിന്റെഅവതരണവും കഥാപാത്രത്തെ കൃത്യമായി രേഖപ്പെടുത്തുന്നതിന് സഹായകമാവുന്നു. പ്രശ്നങ്ങളിലൂടെയും ടെൻഷനുകളിലൂടെയും കടന്നുപോകുന്ന കഥാപാത്രത്തിന് കൂടുതൽ വളർച്ചയുള്ളതായി കാണാം. ഇത്തരം സാഹചര്യത്തെ വികസിപ്പിക്കാൻ സാംസ്കാരിക ഘടകങ്ങൾ സഹായിക്കും.കഥാപാത്രത്തിന്റെ ചുറ്റുമുള്ള ലോകം സൃഷ്ടിക്കുന്നതിൽ ഇത്തരത്തിലുള്ളഎല്ലാ ഘടകങ്ങളുടെയും അംശം

ആവശ്യമാണ്. എഴുത്തുകാർ കഥാപാത്രവളർച്ചയ്ക്കുവേണ്ടിയും സാഹചര്യങ്ങളെ കനപ്പെടുത്താൻ വേണ്ടിയും സംസ്കാരത്തെ ഉപയോഗിക്കുന്നത് കാണാം.

സാമാന്യ ബോധവും രൂപപ്പെടുത്തിയെടുക്കുന്ന ബോധവും ഉപയോഗിച്ചാണ് മനുഷ്യൻ പ്രകൃതിയെ നേരിട്ടുകൊണ്ടിരുന്നത്. എന്നാലിന്ന് അത് അത്യാവശ്യമല്ലാതായിത്തീരുന്നു. കാരണം പ്രകൃതിയുമായി നേരിട്ട് ഇടപെടേണ്ട അവസരങ്ങൾ കുറവാണ്. ഇടപാടുകൾ കുറഞ്ഞുവരികയും മണ്ണിനെ കേവലം വസ്തുവായി കാണുകയും ചെയ്യുന്ന രീതി.മലയാളി എന്നു പറയുന്നതിലെ സ്വത്വവും കേരളീയർ എന്നു പറയുന്നതിലെ സ്വത്വവും വേറിട്ടതാണ്. കേരളീയർ ഒരു സ്ഥലപരിധിയിൽ വരുന്ന ആളുകളാണ്. സ്ഥലപരിധി എന്നത് ജൈവികമായ സങ്കൽപ്പമാണ്.

സാംസ്കാരികമായ മാറ്റത്തിലേക്ക് പോകുന്നതിന് മുന്നോടിയായി ഓരോ ഘട്ടങ്ങളിലായി മാറ്റങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. സാമൂഹികമാറ്റത്തിന് കാരണമാവുകയോ ഒരു കൂട്ടം പൊതുവായി സ്വീകരിച്ചുപോരുകയോ ചെയ്യുമ്പോൾ മാത്രമാണ് അത് സംസ്കാരരൂപമായി മാറുന്നത്.

കേരളത്തിൽകുടിയേറ്റത്തിലൂടെ ജനങ്ങൾ പലയിടങ്ങളിലേക്ക് ജീവിതം പറിച്ചുനട്ടു. അവർ മലനാട്ടിലും തീരപ്രദേശത്തും തമ്പടിച്ചു. അതോടെ പാരമ്പര്യമായി ഉണ്ടായിരുന്ന സങ്കൽപങ്ങൾ, പ്രകൃതിബന്ധങ്ങൾ എന്നിവ നഷ്ടപ്പെട്ടു. അവിടെ പുതിയ തരത്തിലുള്ള ഉൽപന്ന-ഉൽപാദക ബന്ധം രൂപപ്പെട്ടുവന്നു. ഇപ്പോൾ നിലനിൽക്കുന്നത് പഴയ ഓർമകളുടെ ശേഷിപ്പ് എന്ന രീതിയിൽ ചില രൂപകങ്ങൾ മാത്രമാണ്. കർക്കിടകവും അതിന്റെ പഞ്ഞമാസം എന്ന ബോധവും മാറി. എന്നാലിന്ന് കർക്കിടകക്കഞ്ഞിയും ഉഴിച്ചിലും പോലുള്ള നവ കച്ചവട തന്ത്രങ്ങൾ രൂപപ്പെട്ടു വന്നു.

തിരുവനന്തപുരത്തെ വർണിച്ചുകൊണ്ടുള്ള മലയാളത്തിലെ ആദ്യത്തെ നഗരവർണനയാണ് അനന്തപുരവർണന. ഉണ്ണുനീലി സന്ദേശത്തിലും തിരുവനന്തപുരം വർണിക്കപ്പെട്ടിട്ടുണ്ട്. ഇരവിക്കുട്ടിപ്പിള്ളപ്പോര്, പഞ്ചവൻ കാട്ട് നീലിപ്പോര് എന്നിങ്ങനെയുള്ള നാടൻ പാട്ടുകളിലും കുഞ്ചൻ നമ്പ്യാരുടെ കൃതികളിലും സി.വിയുടെ നോവലുകളായ മാർത്താണ്ഡവർമ്മ, ധർമ്മരാജ, രാമരാജബഹദൂർ എന്നിവയിലും പത്മനാഭപുരം പശ്ചാത്തലമായി വരുന്നു. വേണാടിന്റെ തലസ്ഥാനമായ കൊല്ലം ശുകസന്ദേശം, ഉണ്ണുനീലി സന്ദേശം, മയൂര സന്ദേശം എന്നിവയിൽ പരാമർശിക്കപ്പെടുന്നു. പലനാടുകളുടെയും സാംസ്കാരിക ഭൂപടം തയ്യാറാക്കാൻ അച്ചി ചരിതങ്ങളും സന്ദേശകാവ്യങ്ങളും ഉപയോഗപ്പെടുത്താം. നഗര, ഗ്രാമവർണനകൾ പോലെത്തന്നെ പ്രകൃതിദൃശ്യങ്ങൾ നിറഞ്ഞുനിൽക്കുന്ന വർണനകളാണവ.

പത്തനംതിട്ടയുടെ സാംസ്കാരികത്തനിമയെ കടമ്മനിട്ടയുടെ പടയണിത്താളം രേഖപ്പെടുത്തുന്നു. ചടുലതാളങ്ങളുടെ കവിതാസംസ്കാരം രൂപപ്പെട്ടുവന്നത് 'കുറത്തിയും കാട്ടാളനും' വന്നശേഷമാണ്. തകഴി കൃതികളുടെ മുഖ്യ പശ്ചാത്തലമായ കുട്ടനാട് ആലപ്പുഴ ജില്ലയുടെയും കാർഷിക സംസ്കാരത്തിന്റെയും മൊത്തം മുഖമുദ്രയായി മാറുകയായിരുന്നു. കോട്ടയം മീനച്ചിലാർ ഭാഗമാണ് അരുന്ധതി റോയിയുടെ 'ഗോഡ് ഓഫ് സ്മോൾ തിങ്സ്" എന്ന നോവലിൽ പശ്ചാത്തലമായി വരുന്നത്. മൂന്നാറടങ്ങുന്ന ഇടുക്കി മലയോരം മലനാടൻ കഥകളുടെ ഭാഗമാണ്. തുറമുഖ നഗരമായ കൊച്ചി പലകഥകൾക്കും പശ്ചാത്തലമായിട്ടുണ്ട്. തൃശ്ശൂർ പൂരവും അവിടുത്തെ ഭാഷാ പ്രത്യേകതകളും സാഹിത്യത്തിന്റെ ഭാഗമായിക്കഴിഞ്ഞു. തസ്രാക്കിലൂടെ പാലക്കാടും പൊന്നാനിക്കളരിയിലൂടെ മലപ്പുറവും സാഹിത്യത്തിൽ മാറ്റിനിർത്താനാവാത്തവയായി. കോഴിക്കോടിനെ പശ്ചാത്തലമാക്കി ധാരാളം നോവലുകൾ തന്നെ പുറത്തുവന്നിട്ടുണ്ട്. കുടിയേറ്റകഥകളുടെ ഭാഗമാണ് എന്നും വയനാട്. മയ്യഴിപ്പുഴയിലൂടെ അധിനിവേശത്തിന്റെ ചിഹ്നങ്ങളാണ് സാഹിത്യത്തിലെത്തിയത്. കലാരൂപങ്ങളുടെ സവിശേഷതകൾകൊണ്ടും നാടുകൾ അറിയപ്പെടുന്നു. കാസർകോട് ഭാഗത്തെ സവിശേഷ കലാരൂപമാണ് യക്ഷഗാനം.

കഥാപാത്രരൂപീകരണത്തെപ്പറ്റി എം.പി പോളിന്റെ'നോവൽ സാഹിത്യ'ത്തിൽ പറയുന്നതിങ്ങനെയാണ്: ഇതിവൃത്തം മന്ദിരമാണെങ്കിൽ മന്ദിരത്തിൽ അധിവസിക്കുന്ന മനുഷ്യർക്ക് വേണ്ടിയാണ് ഭവനം. ഭവനത്തിനുവേണ്ടി മനുഷ്യനല്ല. അതിനാൽ ഇതിവൃത്തം കഥാപാത്രങ്ങളുടെ അധിവാസ സ്ഥലം മാത്രമാണ്.

### 3.9. സ്ഥലസങ്കൽപം

സംസ്കൃതത്തിലെ 'സ്ഥല' ധാതുവിൽ നിന്നാണ് സ്ഥലം രൂപപ്പെട്ടത്. 'സ്ഥലതി ഇതി സ്ഥലം' - സ്ഥിതി ചെയ്യുന്നു എന്നതുകൊണ്ട് സ്ഥലം. ഭൗതികശാസ്ത്രത്തിൽ ഇത് രൂപമുള്ള ഒരു വസ്തുവിന് ഭൗതികപ്രവർത്തനങ്ങൾ നടത്താനുള്ള സാധ്യത നൽകുന്ന, സ്ഥിതിചെയ്യുക എന്ന അവസ്ഥയെ കുറിക്കുന്ന ഒന്നാണ്. ഇത്തരത്തിൽ നോക്കിയാലും സ്ഥലത്തിന് നാട് എന്നോ ജൈവ പരിസ്ഥിതി എന്നോ അർത്ഥമില്ല. വസ്തുവിന് സ്ഥിതിചെയ്യാൻ അതുപയോഗിക്കുന്ന സ്പേസ് ആണ് സ്ഥലം.

ദ്രാവിഡ ചിന്തകളിൽ സ്ഥലത്തിന് കൃഷിഭൂമി എന്ന സങ്കൽപം വരുന്നുണ്ട്. കൃഷിഭൂമിയെ ദൈവമായി കണക്കാക്കുകയും ദേവീപൂജ നടത്തുകയും അതിനായി ബലി നൽകുകയും വരെ ചെയ്തിരുന്നുഎന്ന് സംഘകാല തിണകളിലെ സ്ഥലസങ്കൽപം വ്യക്തമാക്കുന്നു. ക്രിസ്തുമതത്തിൽ പ്രകൃതിയെയും ഭൂമിയെയും ഭീതിയോടെയാണ് കണ്ടിരുന്നത്. ഏദൻ തോട്ടത്തിൽ നിന്നും ശിക്ഷകിട്ടിയാണ് ആദിമനുഷ്യൻ ഭൂമിയിലെത്തുന്നത്. അതിനാൽതന്നെ വിട്ടുപോകേണ്ട ഒന്നായിരുന്നു അവർക്ക് ഭൂമി. ഋഗ്വേദത്തിലെ ഉൽപത്തി ഗീതത്തിൽ സ്ഥലകാല ഉൽപത്തിയെ കുറിച്ച് പരാമർശമുണ്ട്. ഹിന്ദു മിത്തോളജിയെ സംബന്ധിച്ചിടത്തോളം ഭൂമീദേവി എന്ന സങ്കൽപം പ്രധാനമാണ്. ഭൂമിയെ മനുഷ്യസ്വഭാവത്തോടെ കാണുന്നതുംഉർവ്വരതയുടെയും സമൃദ്ധിയുടെയും സന്നിധികൾ എന്ന അർത്ഥത്തിൽ പരിശുദ്ധമായ ഇടങ്ങളായി ചിലയിടങ്ങളെ കണക്കാക്കുന്നതും മതവിശ്വാസങ്ങളുടെ ഭാഗമായി ഇന്നും തുടരുന്ന രീതിയാണ്. സ്ഥലവുമായി ബന്ധപ്പെട്ട വാസ്തുശാസ്ത്രവും അതിന്റെ ഇന്ത്യൻ രീതികളും പരിസ്ഥിതിയെയും നിർമിതിയെയും കണക്കിലെടുത്തുകൊണ്ടും അതിന്റെ ഹാർമണിയെ മുന്നിൽ കണ്ടുകൊണ്ടുമായിരുന്നു.

നിഗൂഢവും അനാദിയുമായ ഏക സത്തയെ ഉപനിഷത്തുകളിലും വേദങ്ങളിലും ബ്രഹ്മം എന്ന് വിളിക്കുന്നു. ബ്രഹ്മമാണ് നാനാരൂപത്തിലുള്ള പ്രപഞ്ചസ്ഥലമായി രൂപംകൊണ്ടത് എന്നും പറയുന്നു. ജൈനസങ്കൽപങ്ങളിൽ പ്രപഞ്ചസ്ഥലമെന്നത് നിതാന്തമായി നിലകൊള്ളുന്ന ഒന്നാണ്. അതിനെ ആർക്കും സൃഷ്ടിക്കാനാവില്ല.

കാവ്യ ഭാഷയ്ക്ക് ദേശഭേദത്തിനനുസരിച്ച് ശൈലീഭേദം ഉണ്ടാവാനുള്ള സാധ്യത ഭാരതീയ കാവ്യശാസ്ത്രം ചൂണ്ടിക്കാണിക്കുന്നുണ്ട്. നാട്യശാസ്ത്രത്തിൽ രീതികളെ പ്രവൃത്തികളായി തിരിക്കുന്നത് നാലായിട്ടാണ്: ആവന്തി, ദാക്ഷിണാത്യ, പാഞ്ചാലി, ഉഡ്രമാഗധി എന്നിങ്ങനെ. ഭാണഭട്ടന്റെ കാലത്ത് ഉദീച്യം(വടക്കൻ), പ്രതീച്യം(പടിഞ്ഞാറൻ), ദക്ഷിണാത്യം(തെക്കൻ), ഗൗഡം(ഗൗഢദേശസംബന്ധി) എന്നിങ്ങനെ ഭിന്നദേശങ്ങളിലെ കാവ്യരചനകളെ തിരിക്കുന്നുണ്ട്. വാമനന്റെ രീതിയിൽവൈദർഭി, ഗൗഡീയം, പാഞ്ചാലി എന്നിങ്ങനെ മൂന്നായി തിരിക്കുന്നു. ഇവ യഥാക്രമം വിദർഭം,ഗൗഡം, പാഞ്ചാലം എന്നീ ദേശങ്ങളിലെ കാവ്യങ്ങളിൽ പ്രചാരമുള്ള രീതി എന്ന നിലയിലാണ് പ്രചരിക്കുന്നത്. ഓരോന്നിലും പ്രത്യേകതകളും എടുത്ത് പറയുന്നുണ്ട്. ഇതിഹാസങ്ങളുടെ പാഠഭേദങ്ങൾക്കും ഈ സ്വാധീനം കാണാം. തുളസീദാസ, കമ്പരാമായണങ്ങൾ ഇതിനുദാഹരണമാണ്. ദേശത്തിനനുസരിച്ച് ഇതിഹാസങ്ങളിലെ പാഠങ്ങളിൽ ദേശ്യമായ കാര്യങ്ങൾ കൂടിവരും.

മലയാള സാഹിത്യത്തിൽ ഭൂമി സങ്കൽപത്തിന് വൈകാരിക പ്രാധാന്യം വളരെയധികമുണ്ട്. അത് ജനങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ടിരിക്കുന്നത് കാണാം. ദേശം(ജന്മസ്ഥലം)എന്ന സങ്കൽപത്തോട് വളർച്ചയുടെ എല്ലാഘട്ടത്തിലും വൈകാരികമായ ഓർമകളുടെ ഗൃഹാതുരത നിലനിൽക്കുന്നു. പ്രാദേശിക സ്വത്വമായി നിലനിൽക്കുന്ന വാക്കാണ് നാട്. നാടൻ സ്വഭാവവും ഭാഷയും ഇത്തരം എഴുത്തുകളിൽ

കൂടുതലായിരിക്കും. നാട്ടുഭാഷ ജനങ്ങളുമായി കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് അത് കൂടുതൽ സംവേദനക്ഷമമായിരിക്കും.

### 3.10. ഫൂക്കോയുടെ അധികാര സങ്കൽപം

മിഷേൽ ഫൂക്കോ[46] എന്ന ഫ്രഞ്ച് തത്വചിന്തകൻ അറിവിനെയും അധികാരത്തെയും ബന്ധിപ്പിക്കുന്നു. ഒന്ന് മറ്റൊന്നിൽ നിന്നും വേറിട്ടുനിൽക്കുന്നതല്ല. അധികാരത്തിന്റെ ഓരോ പ്രയോഗവും അതിനെ പിന്തുണക്കുന്ന അറിവിന്റെ ശേഖരത്തെ ആശ്രയിച്ചിരിക്കുന്നു. അറിവും അധികാരവും സമൂഹിക നിയന്ത്രണത്തിനുള്ള രൂപമായി ഉപയോഗിക്കപ്പെടുന്നു. വ്യവഹാരത്തിൽ പരിവർത്തനം വരുന്നത് അതിനുള്ളിൽ രൂപപ്പെടുന്ന പ്രതിപാഠപരമായ ഘടകങ്ങൾക്ക് വ്യപകമായ സമ്മതി ലഭിക്കുമ്പോൾ മാത്രമാണെന്ന് മിഷേൽ ഫൂക്കോ അച്ചടക്കത്തെയും ശിക്ഷയെയും കുറിച്ചുള്ള പഠനത്തിൽ പറയുന്നു. അധികാരം വിധേയസമൂഹത്തെ ഇത്തരം ടൂളുകൾ ഉപയോഗിച്ച് വാർത്തെടുക്കുകയാണ് ചെയ്യുന്നത്.

അധികാരത്തെക്കുറിച്ചുള്ള ഫൂക്കോയുടെ വിശകലനത്തിൽ ചരിത്രപരമായി അധികാര രൂപങ്ങൾ മുൻകാല അധികാര രൂപങ്ങളിൽനിന്ന് എങ്ങനെ ഉയർന്നുവന്നെന്ന് പരിശോധിക്കുന്നു. മൂന്ന് തരം അധികാര പ്രകടനത്തെ ഫൂക്കോ വിശകലനം ചെയ്യുന്നു. പരമാധികാരം, അച്ചടക്കാധികാരം, ജൈവികാധികാരം എന്നിവ. പരമാധികാരത്തിലെ പിരമിഡിന്റെ ആകൃതിയിലുള്ള വ്യവസ്ഥയിൽ ഏറ്റവും മുകളിൽ ഭരണശക്തിയും ഇടയിൽ ഉത്തരവുകൾ നടപ്പിലാക്കുന്നവരും താഴെത്തട്ടിലായി സാധാരണ ജനങ്ങളും കാണപ്പെടുന്നു. അച്ചടക്കശക്തി വ്യക്തിയെ രൂപപ്പെടുത്തുകയും ആ ശരീരത്തിന്റെ പരമാവധി കഴിവ് ഉപയോഗിക്കുന്നതിന് പ്രാപ്തമാക്കുകയും ചെയ്യുന്നതിനൊപ്പം അധികാരത്തിനെതിരെ അത് ഉപയോഗിക്കുന്നതിൽ നിന്നും തടയുകയും ചെയ്യുന്നു. അനുസരണശീലമുള്ള വ്യക്തികളെയാണ് അത് രൂപപ്പെടുത്തുന്നത്. അച്ചടക്കാധികാരം വ്യക്തികളെ ലക്ഷ്യമായും വസ്തുവായും ഉപകരണമായും കാണുന്നു. വ്യക്തി അച്ചടക്കശക്തിയാൽ സൃഷ്ടിക്കപ്പെട്ട നിർമ്മിതിയാവുന്നു. വ്യക്തിയുടെ ആത്മനിയന്ത്രണം അച്ചടക്കം ആന്തരികവൽക്കരിക്കപ്പെടുന്നതിന്റെ തെളിവായി കണക്കാക്കുന്നു. അച്ചടക്കാധികാരം അധികാരത്തിന്റെ അടിച്ചമർത്തൽ രൂപമായല്ല മറിച്ച് അധികാരത്തിന്റെ ഉൽപാദന രൂപമായാണ് പ്രവർത്തിക്കുന്നത്. വ്യക്തിയുടെ താൽപര്യങ്ങളെയോ ആഗ്രഹങ്ങളെയോ അടിച്ചമർത്തുകയല്ല പകരം ചിന്തകളെ പുനർനിർമ്മിച്ച് അവയെ നിയന്ത്രിക്കുകയാണ് ചെയ്യുന്നത്. ശരീരം ചരിത്രത്തിനും സംസ്കാരത്തിനും അകത്തുനിൽക്കുന്ന ഒന്നാണ്. വ്യക്തിഗത പെരുമാറ്റങ്ങളെ നിയന്ത്രിക്കുക വഴി മനസ്സിനെയും സ്വാധീനിക്കാൻ കഴിയുന്നു. ശരീരം അനുസരണയുള്ള നിഷ്ക്രിയ വസ്തു എന്ന നിലയിലല്ല കണക്കാക്കപ്പെടുന്നത്. അതിന്റെ പ്രവർത്തിയെ നിയന്ത്രിക്കുകയാണ് ചെയ്യുന്നത്.

മൂന്നാമത്തെ അധികാരമായ ബയോ പവർ ജനക്കൂട്ടത്തിന്റെ നിയന്ത്രണം നേടാനുള്ള മാർഗമാണ്. പ്രാദേശിക സ്വത്വത്തെ രൂപീകരിക്കുന്നതിലൂടെ സാമൂഹിക വിഭാഗങ്ങളെ എത്തരത്തിൽ നിയന്ത്രിക്കാനാവുന്നു എന്നതാണ് ഇതിന്റെ അടിസ്ഥാനം. ശരീരത്തെ അച്ചടക്കശക്തികൾകൊണ്ട് നിലനിർത്തുമ്പോൾ ഒരു കൂട്ടത്തെ നിയന്ത്രിക്കാൻ അതിലുപരിയായ സാമൂഹിക സ്ഥാപനങ്ങൾ ആവശ്യമായി വരുന്നു. ഭരണകൂടത്തിന് കടന്നുകയറാനുള്ള മാർഗമായ ഇത് മാറുന്നു. ബയോപവർ ഔദ്യോഗിക സ്ഥാപനങ്ങളിലൂടെ മാത്രമല്ല എല്ലായിടത്തും എവിടെയും സാമൂഹിക ബന്ധങ്ങളും വ്യവഹാരങ്ങളും രൂപപ്പെടുത്തുന്നു. സമൂഹത്തെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ കൂട്ടങ്ങളാക്കി മാറ്റുന്നതിലൂടെ ഭരണകൂടത്തിന് അവർക്കിടയിൽ ഇടപെടാനുള്ള സാഹചര്യം കൂടുന്നു. വ്യക്തികൾ വ്യത്യസ്ത സ്വഭാവത്തിലുള്ളവരായി നിലകൊള്ളുമ്പോൾ അവയെ നിന്ത്രിക്കാൻ ബുദ്ധിമുട്ടാവുകയും എന്നാൽ ഒരേ സ്വഭാവത്തിലുള്ളവരെ ഒരുമിച്ച് നിയന്ത്രിക്കാൻ കഴിയുകയും ചെയ്യും. ഇതാണ് അധികാരം നടപ്പിലാക്കുന്ന ബയോപവറിന്റെ അടിസ്ഥാനം.

**സൂചന**


1. Alfred Wegener. The Origin of Continents & Oceans. 1915. https://www.goodreads.com
2. Margaret Mead. Continuities in Cultural Evolution. 1964. https://books.google.je
3. David G. Mandelbaum. Society in India. 1972. https://books.google.je
4. പ്രൊഫ. എരുമേലി പരമേശ്വരൻ പിള്ള. മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ.

   കറന്റ് ബുക്സ്.2009.
5. പി.കെ ഗോപാലകൃഷ്ണൻ. കേരളത്തിന്റെ സാംസ്കാരിക ചരിത്രം.

   കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. 1974.
6. അതേ പുസ്തകം.
7. അതേ പുസ്തകം.
8. എ. ശ്രീധരമേനോൻ. കേരളചരിത്രം. എസ്.വി പ്രിന്റേഴ്സ് & പബ്ലിഷേഴ്സ്. 1995.
9. അതേ പുസ്തകം.
10. രാഘവവാര്യർ, രാജൻ ഗുരുക്കൾ. കേരളചരിത്രം. വള്ളത്തോൾ വിദ്യാപീഠം.1991.
11. ടി.പി സുകുമാരൻ. പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന് ഒരു മുഖവുര.

    ബോധി പബ്ലിഷിംഗ് ഹൗസ്.1992.
12. ആനന്ദ്. ജൈവമനുഷ്യൻ.ഡിസി ബുക്സ്. 2021.
13. കെ. അയ്യപ്പപണിക്കർ. ഇന്ത്യൻ സാഹിത്യ സിദ്ധാന്തം. ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്.1999.
14. ഷെറിൻ ഗ്ലോട്ട്ഫെൽട്ടി, ഹരോൾഡ് ഫ്രോം. ദ ഇക്കോക്രിട്ടിസിസം റീഡർ;

    ലാൻഡ്മാർക്സ് ഇൻ ലിറ്റററി ഇക്കോളജി. യൂണിവേഴ്സിറ്റി ഓഫ് ജോർജിയ പ്രസ്. 1996.
15. പി.കെ രാജശേഖരൻ.പിതൃഘടികാരം. ഡിസി ബുക്സ്. 1994.
16. ഇയാൻവാട്ട്. ദറൈസ് ഓഫ് ദ നോവൽ. ചാറ്റോ ആൻഡ് വിൻഡസ് ലിമിറ്റഡ്. 1957.

17 Marie-Laure Ryan, Kenneth Foote, Maoz Azaryah, Traces an Arc From Narratology to Geography and Back. 2016. https://www.researchgate.net

18. Mikhail Bakhtin. Forms of Time and of the Chronotope in the Novel. 1982. http://people.kzoo.edu
19. ബെന്യാമിൻ. കുടിയേറ്റം- പ്രവാസത്തിന്റെ മലയാളി വഴികൾ. ഡിസി ബുക്സ്. 2016.
20. ജാക്ക് ലണ്ടൻ. ദ കാൾ ഓഫ് ദ വൈൽഡ്. മക്മില്ലൻ. 1903.
21. ബിഭൂതിഭൂഷൻ ബന്ദ്യോപാധ്യായ.ആരണ്യകം. പെൻഗ്വിൻ. 1922.
22. ഷാജി ജേക്കബ്. മലയാള നോവൽ ഭാവനയുടെ രാഷ്ട്രീയം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

    2013.

23. പോത്തേരി കുഞ്ഞമ്പു. സരസ്വതീവിജയം. 1892.

24. ആർച്ച് ഡീക്കൻ കോശി.പുല്ലേലിക്കുഞ്ചു.1882.

25. ഒ.ചന്തുമേനോൻ.ഇന്ദുലേഖ. 1889.

26. കിഴക്കേപ്പാട്ട് രാമൻകുട്ടി മേനോൻ.പറങ്ങോടീ പരിണയം.1892.

27. അപ്പു നെടുങ്ങാടി. കുന്ദലത. 1887.

28. ജോർജ് ഇരുമ്പയം. ആദ്യകാല മലയാള നോവൽ. കറന്റ് ബുക്സ്. 1982.

29. അതേ പുസ്തകം.

30. അതേ പുസ്തകം.

31. സി.വി. രാമൻ പിള്ള. മാർത്താണ്ഡവർമ്മ. 1891.

32. ജോർജ് ഓണക്കൂർ. ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ. ഡി.സി ബുക്സ്. 2011.

33. പി. കേശവദേവ്.ഓടയിൽനിന്ന്. പൂർണ പബ്ലിക്കേഷൻസ്. 2022.

34. തകഴി. തോട്ടിയുടെ മകൻ. 1947.

35. ഉമ്മർ തറമേൽ.വരയും മൊഴിയും. മൾബറി ബുക്സ്.1997.

36. ബി. സന്ധ്യ.നീലക്കൊടുവേലിയുടെ കാവൽക്കാരി. മാതൃഭൂമി ബുക്സ്. 2006.

37. ഇന്ദുമേനോൻ. കപ്പലിനെക്കുറിച്ചൊരു വിചിത്ര പുസ്തകം. ഡി.സി ബുക്സ്. 2014.

38. ഉഷാകുമാരി. ചിത്തിരപുരത്തെ ജാനകി. ഡിസി ബുക്സ്. 2016.

39. എ.പി. ജോതിർമയി.കാട്ടാളി. സമയം പബ്ലിക്കേഷൻസ് കണ്ണൂർ. 2010.

40. തനൂജ ഭട്ടതിരി. ഗ്രാന്റ് ഫിനാലെ. മാതൃഭൂമി ബുക്സ്. 2014.

41. പി.കെ രാജശേഖരൻ. ഏകാന്തനഗരങ്ങൾ. ഡിസി ബുക്സ്. 2006.

42. കാൾ ഗുസ്താവ് യുങ്. ദ കളക്ടഡ് വർക്സ് ഓഫ് സി.ജി യുങ്. പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റി പ്രസ്.

43. ഏണസ്റ്റ് ആൽഫ്രഡ് കാസിയർ. ദ മിത്ത് ഓഫ് ദ സ്റ്റേറ്റ്. ഗൂഗ്ൾ ബുക്സ് ഡോട്ട് കോം.

44. ഉമ്മർ തറമേൽ.വരയും മൊഴിയും. മൾബറി ബുക്സ്.1997.

45. ഡോ. ഇ. ബാനർജി.മിത്തും മലയാള നോവലും.കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്. 2010.

46. Michel Foucault. Discipline &Punishment. 1977. https://monoskop.org.

# അധ്യായം 2

# മലനാട്

### 1. കേരളത്തിലെ ഭൂവിഭാഗങ്ങൾ

ഗുണ്ടർട്ടിന്റെ മലയാളരാജ്യം എന്ന ഗ്രന്ഥത്തിൽ മലയാളരാജ്യം വടക്കുനിന്ന് തെക്കോളം രണ്ടായി വിഭജിച്ചിരിക്കുന്നു[1]. കിഴക്കൻ മലമ്പ്രദേശവും കടലോടു സംബന്ധിച്ചുള്ള താണഭൂമിയും.അവിടെ ഇടനാട് രേഖപ്പെടുത്തിയിട്ടില്ല.കേരളത്തെ പരാമർശിക്കുന്ന ചരിത്രഗ്രന്ഥങ്ങളിലും യാത്രാവിവരണങ്ങളിലുമൊക്കെ മലബാർ എന്ന് അടയാളപ്പെടുത്തിക്കാണുന്നു. മലകൾ നിറഞ്ഞ നാട് എന്ന അർത്ഥത്തിലായിരിക്കാം മലബാർ എന്ന് വിളിക്കുന്നത്.

സ്ഥലം എന്നതിന് പകരം നാട് എന്ന സംജ്ഞ ഉപയോഗിക്കുമ്പോൾ അവിടെ പല അർത്ഥഭേദങ്ങൾ കടന്നുവരാം. നാട് ചരിത്രപരമായ പിന്തുടർച്ചയുള്ള പദമാണ്. ഓരോ നാടിനും ഭാഷ, ജീവിതം, സംസ്കാരം, കാലാവസ്ഥ, എന്നിവയിൽ വൈവിധ്യങ്ങളുണ്ടാവും. നാടിനെ ആവിഷ്കരിക്കുമ്പേൾ സാമ്പത്തിക-സാമൂഹികാവസ്ഥയും അവിടെ പ്രധാനമായിവരുന്നു. മലനാട്ടിലെ കാലാവസ്ഥയും അതിനെ തുടർന്ന് അവർ പരിചയിച്ച ജീവിതരീതിയും പ്രത്യേകമായ സംസ്കാരം രൂപപ്പെടുത്തുന്നതിന് കാരണമായി. തീർത്തും നാടിനോട് ചേർന്നുനിൽക്കുന്നതുമായിരിക്കും. പ്രാദേശികമായ പല ഘടകങ്ങളിലും വ്യത്യാസംകാണാം. അവിടത്തെ തൊഴിൽ, സമൂഹത്തിന്റെ ഘടന, മത-ജാതി സ്വാധീനം എന്നിവ പെരുമാറ്റത്തിലും സംസ്കാരത്തിലും വ്യത്യാസം വരുത്താവുന്ന ഘടകങ്ങളാണ്.

പതിനെട്ടാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ കേരളത്തിൽ നാലിൽ മൂന്നുഭാഗം വനമായിരുന്നു. പതിനെട്ടാം നൂറ്റാണ്ട് അവസാനിക്കാറായപ്പോഴേക്കും അത് പകുതിയായി. അത്തരമൊരു സാഹചര്യത്തിലാണ് വനസംരക്ഷണ നിയമങ്ങളും പ്രവർത്തനങ്ങളും ആരംഭിക്കുന്നത്. പഴയ തിരുവിതാംകൂറിൽനിന്ന് സർ ടി. മാധവറാവുവിന്റെ കാലത്ത് കുടിയേറ്റം വർധിച്ചു. മലങ്കൃഷി ഇരട്ടിയായി. 1893ൽ തിരുവിതാംകൂറിൽ ആദ്യ വനനിയമം വന്നു. മലബാറിൽ മദ്രാസ് ഫോറസ്റ്റ് ആക്ടും കൊച്ചിയിൽ 1905ൽ കൊച്ചി ഫോറസ്റ്റ് ആക്ടും നിലവിൽവന്നു.

### 2. മലനാടൻ കുടിയേറ്റങ്ങൾ

കുടിയേറ്റങ്ങൾ മലനാടിന്റെ സാമൂഹിക സാമ്പത്തിക പാരിസ്ഥിതിക മേഖലകളിൽ വലിയ മാറ്റം വരുത്തിയിട്ടുണ്ട്. കുടിയേറ്റത്തിന് പ്രധാന കാരണമായിരുന്നത് കാർഷിക പാരമ്പര്യമാണ്. പശ്ചിമഘട്ടത്തിന്റെ ഫലഭൂയിഷ്ഠമായ മണ്ണ് കർഷകരെ ആകർഷിക്കുകയും അവർ സുഗന്ധവ്യഞ്ജനങ്ങളും തോട്ടവിളകളും കൃഷിചെയ്യാനായി കുടിയേറുകയും ചെയ്തു. ഭൂപരിഷ്കരണത്തിന്റെ ഭാഗമായി സമതലങ്ങളിൽ ഭൂമി ഭാഗിച്ച് പോകുകയും മലനാടുകളിൽ കണ്ടെത്താത്ത വനഭൂമി ധാരാളമുണ്ടെന്ന അറിവ് കിട്ടുകയും ചെയ്തത് മലനാടുകളിലേക്ക് കുടിയേറാൻ കാരണമായി. ജാതിവ്യവസ്ഥയുടെ ഭാഗമായി താഴ്ന്ന ജാതിയിൽ പെട്ടവരെന്ന് ജന്മിത്വം മുദ്രകുത്തിയിരുന്നവർ മെച്ചപ്പെട്ട ജീവിത സാഹചര്യവും സാമൂഹിക സാഹചര്യവും തേടി മലനാടുകളിലേക്ക് കുടിയേറിയിരുന്നു. ഡാമുകളുടെയും ജലവൈദ്യുത പദ്ധതികളുടെയും പൂർത്തീകരണത്തിനായി അത്തരം പ്രദേശങ്ങളിലെ നിവാസികളെ നിർബന്ധിതമായി പല മേഖലകളിലേക്കും മാറ്റി പാർപ്പിക്കാറുണ്ട്. നിർബന്ധിത കുടിയേറ്റങ്ങൾ പല കാരണങ്ങൾ കൊണ്ടും നടക്കാറുണ്ട്. ഒരു വിഭാഗത്തെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായോ ഭൂമി വനഭൂമിയായി ഏറ്റെടുക്കുന്നതിന്റെ ഭാഗമായോ എല്ലാം. അത്തരം കുടിയേറ്റങ്ങൾക്ക് വിധേയരായ ജനത സാംസ്കാരിക സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ നേരിടുന്നതായി കാണാം.

കുടിയേറ്റം സങ്കര സംസ്കാരത്തിന്റെ രൂപീകരണത്തിന് കാരണമാവുന്നു. കൊളോണിയൽ കാലത്ത് പ്രധാന പ്രവർത്തനം വാണിജ്യ വ്യവസായ രംഗത്തായിരുന്നു.

അതിലൂടെ സാധനങ്ങൾ മാത്രമല്ല ഭാഷയും സംസ്കാരവും കൈമാറ്റം ചെയ്യപ്പെട്ടു. മറ്റു മതങ്ങളുടെ കടന്നുവരവിനും ഇത്തരം കൈമാറ്റങ്ങൾകാരണമായി. കേരളത്തിനൊരു സങ്കര സാംസ്കാരിക ജീവിതം നൽകിയത് ഇത്തരം പ്രവർത്തനങ്ങളാണ്. കുടിയേറി വന്ന ജനതയാണ് മലനാട്ടിന് ഒരു പ്ലാന്റേഷൻകൾച്ചർ രൂപപ്പെടുത്തുന്നത്. അവിടെ മുതലാളിമാരായി വന്നവരും തൊഴിലാളികളായി വന്നവരും സ്ഥിരതാമസമാക്കിയവരും അവരുടെ വരുംതലമുറകളും കൂടി രൂപപ്പെട്ടുവന്നതാണിത്. വിദേശികളുടെ വരവോടെ പല മതങ്ങളും ആരാധനാലയങ്ങളും രൂപപ്പെട്ടു. അതിനോടനുബന്ധിച്ച് വിദ്യാലയങ്ങളും മറ്റ് സാംസ്കാരികസ്ഥാപനങ്ങളും രൂപപ്പെട്ടു. അവിടെ അവരവതരിപ്പിച്ച വാസ്തുരീതികളും കൃഷിരീതികളും ജീവിത ശൈലികളും തന്നാട്ടുകാരും പിന്തുടർന്നുപോന്നിരുന്നു.

പല സംസ്കാരങ്ങളിലും സാഹിത്യവും നാട്ടറിവും പരസ്പരം വേർതിരിച്ചറിയാൻ കഴിയാത്തവിധത്തിൽ കൂടിച്ചേർന്നിരിക്കുന്നവയാണ്. സാഹിത്യത്തിലെ നാട്ടറിവിന്റെ അംശങ്ങളെ വിശകലനംചെയ്യുമ്പോൾ അവയുടെ ഉത്ഭവം വളരെ പ്രധാനമാവുന്നു. അതുകൊണ്ടുതന്നെ അവ മനുഷ്യനെ സ്വാധീനിക്കുന്ന ഘടകവുമാണ്. നാട്ടറിവുകളോട് എത്രത്തോളം നിഷ്കളങ്കമായി പ്രതികരിക്കാൻ കഴിയുന്നു എന്നതാണ് പ്രധാനം.

നാട് എന്ന സങ്കൽപത്തിലൂന്നിയാണ് നാട്ടറിവിന്റെ നിൽപ്. നാടുമായും അതിന്റെ സംസ്കാരവുമായും ബന്ധപ്പെട്ടുകിടക്കുന്ന വസ്തുതകളാണ് നാട്ടറിവുകളായി മാറുന്നത്. കേരളവുമായി ബന്ധപ്പെടുന്ന ഐതീഹ്യങ്ങളും പുരാവൃത്തങ്ങളുമെല്ലാം നാമിന്നും തുടർച്ചയുടെ ഭാഗമായി പറഞ്ഞുപോരുന്നു എന്നുള്ളത് തന്നെ നാട്ടറിവിന്റെ നിലനിൽപിന്റെ ചിഹ്നമാണ്. പലകാലഘട്ടത്തിലെയും മിത്തുകൾ രചനകളിൽ കടന്നുവന്നിരുന്നുവെങ്കിലും അതിനൊരു സാർവ്വകാലികമായ അല്ലെങ്കിൽ സാർവ്വദേശീയമായ വിസ്താരം ആവശ്യമായിരുന്നു. അത്രത്തോളം വിപുലമായ ഒന്നിനെ മാത്രമേ അടയാളപ്പെടുത്താവുന്നതായി കണ്ടിരുന്നുള്ളൂ. എന്നാൽ പുതിയ സാഹിത്യവീക്ഷണത്തിൽ കേവലം പ്രാദേശികമായ, വ്യക്തിഗതമായ നാട്ടറിവുകളെയാണ് അടയാളപ്പെടുത്തുന്നത്. പ്രാദേശികമാവുകയും അതോടൊപ്പം വൈവിധ്യപൂർണമാവുകയും ചെയ്ത സാഹിത്യത്തിലൂടെ നാട്ടറിവുകൾ പുതിയ വായനാമണ്ഡലം കണ്ടെത്തി എന്നുപറയാം.

ഓരോ നാടിനും അതിന്റേതായ സംസ്കാരവും ജീവിതവും ഉണ്ടെന്നതിനാൽ തന്നെ അവയ്ക്ക് അവയുടേതായ നാട്ടറിവിന്റെ അംശങ്ങൾ പങ്കുവെക്കാനുണ്ടാവും. അത്തരം ചിഹ്നങ്ങളിൽ നിന്നാണ് ഇന്നുനമുക്ക് ആ നാടിന്റെ ഭൂപരമായും സാംസ്കാരികമായുമുള്ള കാര്യങ്ങൾ ഉരുത്തിരിച്ചെടുക്കാൻ സാധിക്കുന്നത്. സാഹിത്യത്തിൽ ഉപയോഗിക്കുന്ന നാട്ടറിവുകൾ അവയുടെ യാഥാർത്ഥ്യത്തോട് അടുത്തുനിൽക്കുന്നവയായിരിക്കും. അവയ്ക്ക് പുതിയ നോട്ടപ്പാടുകളും വിശകലനവും ഇതിലൂടെ ലഭ്യമാകുന്നു.

കൃത്യമായി രേഖപ്പെടുത്തപ്പെടുന്ന പാഠമാണല്ലോ സാഹിത്യം. അതിനാൽതന്നെ അവയുടെ രൂപീകരണത്തിൽ പ്രധാനപങ്കുവഹിക്കുന്നത് അത് രൂപപ്പെടുന്ന പരിസരമാണ്. നാട്ടറിവുകളിലും സ്വാധീനം ചെലുത്തുന്നത് പരിസരത്തിന്റെ പ്രത്യേകതകളാണ്. പരിസരത്തിന്റെ എല്ലാ സവിശേഷതകളും അതിൽ പലതരത്തിൽ പ്രതിഫലിച്ചിരിക്കും. അവ എങ്ങനെ പ്രയോഗിക്കുന്നു എന്നതാണ് മറ്റൊരുകാര്യം. കാലത്തിന്റെ മാറ്റവും കാലാതീതമായ അതിന്റെ നിലനിൽപും സാഹിത്യത്തിൽ എന്നപോലെ നാട്ടറിവിലും പ്രധാനമാണ്.

ഫോക് ലോറിനെ സാഹിത്യവുമായി ബന്ധിപ്പിക്കുമ്പോൾ ആദ്യകാലബന്ധങ്ങൾ കാണാവുന്നത് പാട്ടുകളിലാണ്. പാട്ടുകളിലൂടെയാണ് നാട്ടറിവുകൾ നിലനിന്നിരുന്നത്. താളപ്രധാനമായിരുന്ന പാട്ടുകൾ പല സാഹചര്യങ്ങളിൽ പല ആവശ്യങ്ങൾക്കായി പാടിവന്നവയായിരുന്നു. അവയിലെ പ്രതിപാദ്യങ്ങൾ സാഹചര്യബന്ധിതമായിരുന്നു. പണിയെടുക്കുമ്പോഴും ആഘോഷങ്ങൾക്കിടയിലും പാടുന്ന പാട്ടുകൾക്ക് പ്രത്യേക താളത്തിലൂടെ പശ്ചാത്തലമൊരുക്കാൻ അവർ ശ്രമിച്ചു. ആ താളം തന്നെയാണ് വാമൊഴിയായി നിലനിൽക്കാൻ കാരണമാവുന്നതും. പ്രതീകാത്മകതയായിരുന്നു നാടോടി സാഹിത്യത്തിന്റെ സവിശേഷതകളിലൊന്ന്. ഒരു കാര്യത്തെ മറ്റൊരു കാര്യം കൊണ്ട് പ്രതീകവൽക്കരിക്കുക.

ഭക്തിയിലും വിശ്വാസങ്ങളിലും ആഘോഷങ്ങളിലും ഉണ്ടായിരുന്നത് ഇത്തരം പ്രതീകാത്മക സ്വഭാവമായിരുന്നു. ലളിതമായ ഭാഷയിൽ കാര്യങ്ങൾ പറയുന്നത് അത് എല്ലാവർക്കും മനസ്സിലാവണം എന്ന ഉദ്ദേശ്യത്തോടെയായിരുന്നു. കഥപറച്ചിലിന്റെ രൂപമായിരുന്നു പാട്ടുകൾക്കും ഉണ്ടായിരുന്നത്. എല്ലാത്തിലും ഉപരിയായി പ്രപഞ്ചത്തെ പ്രതിഷ്ഠിക്കുന്ന പ്രതീതിയാണ് നാട്ടറിവുകൾ നൽകുന്നത്. ഒരു ഘട്ടത്തിൽ അത് പൂർണമായ താദാത്മീകരണത്തിലേക്ക് എത്തും. പ്രേക്ഷകരും രചയിതാക്കളും അഭിനേതാക്കളും കഥാപാത്രവും അവിടെ ഒന്നായിത്തീരുന്നു. തങ്ങളുടെതന്നെ പൂർവ്വകാലകഥകൾ അവർ പാടുന്നു, അതിന്റെ ഭാഗമായി അഭിനയിക്കുന്നു; അവർതന്നെ പ്രേക്ഷകരാവുന്നു. ഒരുപാടുകാലത്തെ പാരമ്പര്യവും ഉപയോഗത്തിലൂടെയുള്ള വഴക്കവും കൂട്ടിച്ചേർക്കലുകളും പാഠഭേദങ്ങളും അതിൽ കാണാനാവും. അതിനാലവ പരസ്പരം ബന്ധപ്പെട്ടുനിൽക്കുന്നു.

### 3. മലനാട്ടിലെ ജീവിതം നോവലിൽ

മലനാട്ടിലെ ജീവിത സാഹചര്യങ്ങളും ജീവിതങ്ങളും മലനാട്ടിലെ ജനങ്ങൾ അനുഭവിക്കുന്ന വ്യത്യസ്തമായ പ്രശ്നങ്ങളും അനുഭവവേദ്യമാക്കുന്ന ഒരുപിടി നോവലുകൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. അവയിൽ ചിലത് മലനാട്ടിലെ ആദിവാസി ജനതയുടെ ജീവിതം പറയുമ്പോൾ മറ്റുചിലത് മലനാട്ടിലേക്ക് കുടിയേറിയ ജനതയുടെ പ്രശ്നങ്ങളെയും അവർ അഭിമുഖീകരിച്ച ജീവിത യാഥാർത്ഥ്യങ്ങളെയും കുറിച്ച് പറയുന്നു. മിക്ക നോവലുകളിലെയും ഭൂമിക യഥാർത്ഥമാണ്. ഗോത്ര സമുദായങ്ങളുടെ ജീവിത സാഹചര്യങ്ങളും യാതനയുംഅതിജീവനവും യാഥാർത്ഥ്യബോധത്തോടെ അവതരിപ്പിച്ച നോവലിസ്റ്റുകളിൽ പ്രമുഖനാണ് നാരായൻ. 'കൊച്ചരേത്തി'[2], 'വന്നല'[3], 'ചെങ്ങാറും കുട്ടാളും'[4], 'തോൽക്കുന്നവർ ആരാണ്'[5], 'ഊരാളിക്കുടി'[6] എന്നിവ നാരായന്റെ പ്രധാനപ്പെട്ട നോവലുകളാണ്.

കൊച്ചരേത്തി മലയാളത്തിലെ ആദ്യ ആദിവാസി നോവലാണ്. മലയരയ വിഭാഗത്തിന്റെ ഗോത്രജീവിതവും സംസ്കാരവും പ്രതിസന്ധികളും ഉൾപ്പെടുത്തിക്കൊണ്ടുള്ള രചനാ ശൈലിയാണ് നാരായൻ മുന്നോട്ട് വെക്കുന്നത്. ജീവിതാവസ്ഥയും ഭാഷയും അവരുടെ ജീവിതവുമായി എഴുത്തിനെ കൂടുതൽ അടുപ്പിക്കുന്നു. വന്നല എന്ന നോവലിൽ രാജഭരണകാലം മുതൽ ആധുനിക കാലം വരെയുള്ള ഗോത്ര ജീവിതപശ്ചാത്തലത്തിലുള്ള കഥപറച്ചിലാണ് കാണാവുന്നത്. അവരുടെ സാമൂഹിക സാംസ്കാരിക പരിസ്ഥിതിയിലുൺണ്ടായ മാറ്റങ്ങൾ വിഷയമാവുന്നു. ഇടുക്കിയിലെ ഗോത്രവിഭാഗമായ ഊരാളികളുടെ ജീവിതം അടിസ്ഥാനമാക്കി രചിച്ച നോവലാണ് ഊരാളിക്കുടി. അവരുടെ തനത് സംസ്കാരവും നാഗരികതയും തമ്മിലുള്ള ഏറ്റുമുട്ടലുകളാണ് പ്രധാന വിഷയമാക്കുന്നത്.

കെ.ജെ. ബേബിയുടെ 'മാവേലിമന്റ്റം'[7] ആദിവാസി പിന്നോക്ക വിഭാഗങ്ങളുടെ പ്രശ്നങ്ങൾക്കിടയിലും പരിസ്ഥിതി പ്രശ്നങ്ങൾക്കിടയിലും നിതാന്ത ജാഗ്രത പുലർത്തുന്ന ഒന്നായി നിലകൊള്ളുന്നു. ചൂഷണങ്ങളും അതിനോടുള്ള വെല്ലുവിളികളും നിറയുന്ന നോവൽ ഒരു തരത്തിൽ സമരാഹ്വാനമാണ്. അടിയോർ എന്ന ആദിവാസി ഗോത്രത്തിന്റെ ജീവിതമാണ് ചിത്രീകരിക്കുന്നത്.

'പൊന്നി'(മലയാറ്റൂർ രാമകൃഷ്ണൻ)[8] അട്ടപ്പാടിയിലെ ആദിവാസികളുടെ ജീവിതത്തെ ആസ്പദമാക്കി എഴുതിയതാണ്. അധികാരികളുടെ ഇടപെടൽ കാരണം അവരുടെ തനതു തൊഴിൽരീതികളിലുൺണ്ടാവുന്ന മാറ്റവും അതിനനുസരിച്ച് മാറുന്ന ജീവിത സാഹചര്യവും വ്യക്തമാവുന്ന എഴുത്ത്.

'വള്ളൂരമ്മ' യു.എ. ഖാദർ[9] അടിയ ഗോത്രത്തിന്റെ ജീവിതം അടിസ്ഥാനമാക്കി എഴുതിയ നോവലാണ്.ഗോത്ര ജീവിതത്തിലെ മാറ്റമില്ലാത്തതും ആദ്യകാലത്ത് രൂപപ്പെട്ടതുമായ ആചാരവിശ്വാസങ്ങളുടെ ചിത്രീകരണങ്ങളാണ് അതിൽ. 'ചെമ്പവിഴം'[10] എന്ന നോവൽ യു.എ. ഖാദർ അടിയരുടെ ജീവിതം തന്നെ പശ്ചാത്തലമാക്കി രചിച്ചതാണ്. ഗോത്രത്തിലെ സാംസ്കാരിക മാറ്റങ്ങൾ പുതിയ തീരുമാനങ്ങളെടുക്കാൻകഥാപാത്രങ്ങളെപ്രാപ്തരാക്കുന്നു. ഗോത്രവർഗ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട പ്രണയകഥയാണ് ചെമ്പവിഴം.

'ഉറാട്ടി' ടി.സി. ജോൺ[11] രചിച്ച നോവലാണ്. ഉറാട്ടി എന്നാൽ ഭാര്യ എന്നാണർത്ഥം. പണിയ സമുദായത്തിന്റെ ജീവിത പശ്ചാത്തലത്തിനൊപ്പം കുടിയേറ്റ കർഷകരുടെ പ്രശ്നങ്ങൾ കൂടി ഉറാട്ടി മുന്നോട്ട് വെക്കുന്നു. 'തേക്ക്' എന്ന നോവലിൽ ടി.സി. ജോൺ[12] വയനാട്ടിലെ ഗോത്രജീവിതവും കുടിയേറ്റവുമാണ് അടിസ്ഥാനമാക്കിയത്. സർക്കാറിന്റെ നിയമങ്ങളും അതിന്റെ കീഴിൽ തുച്ഛമായ ശമ്പളത്തിൽ ജോലിചെയ്ത് ജീവിക്കുന്ന നായ്ക്കന്മാരുടെ കഥയുമാണ് തേക്കിലൂടെ പറഞ്ഞുവെക്കുന്നത്. നെല്ല[13] എന്നൊരു ഗോത്രവർഗ നോവലും ഇദ്ദേഹം രചിച്ചിട്ടുണ്ട്. പണിയ സമുദായത്തിന്റെ ജീവിതം അവതരിപ്പിക്കുന്നതിനൊപ്പം കുടിയേറ്റപ്രശ്നങ്ങളും വിഷയമാവുന്നു.

എസ്. ശ്രീകണ്ഠൻ നായരുടെ 'കാണി'[14] തിരുവനന്തപുരത്ത് പൊന്മുടിയിൽ ജീവിക്കുന്ന ഗോത്രവിഭാഗക്കാരായ കാണിക്കാരുടെ ജീവിതവും സംസ്കാരവും വിഷയമാക്കുന്നു. കാണിയിലും കുടിയേറ്റക്കാരും വനം കൊള്ളക്കാരും ചൂഷകരായി എത്തുന്നുണ്ട്.

ജോസ് പാഴൂക്കാരന്റെ 'കറുത്ത പുലികൾ ജനിക്കുന്നത്[15] ആദിവാസി ജീവിതവും അവരുടെ യാതനകളും വ്യക്തമാക്കുന്ന, വിഷയ തീവ്രയിൽ എഴുതപ്പെട്ട നോവലാണ്. 'അരിവാൾ ജീവിതം'[16] എന്ന നോവലും അദ്ദേഹത്തിന്റേതായിട്ടുണ്ട്.

ജോസ് മുട്ടത്തിന്റെ 'കമ്പളത്തുടി'[17] എന്ന നോവൽ കമ്പളക്കൊല്ലി എന്ന വയനാടൻ ഗ്രാമത്തിന്റെ പശ്ചാത്തലത്തിൽ പണിയ ഗോത്രത്തിന്റെ ജീവിതവും പ്രശ്നങ്ങളും അവരുടെ പ്രതിരോധങ്ങളും നോവലിന് വിഷയമാക്കുന്നു.

'കൂമൻകൊല്ലി' വൽസല[18] എന്ന കഥാകാരിയുടെ അനുഭാവപൂർവ്വമായ കാഴ്ചയാണ്. വയനാട് ജില്ലയിലെ കൂമൻകൊല്ലി എന്ന പ്രദേശമാണ് നോവലിൽ. അവിടത്തെ തകർന്ന കൃഷിരീതികളും ഉണർവ്വിന്റെ പ്രതീക്ഷകളും പല ഭാഗത്തായി നടക്കുന്ന ചൂഷണങ്ങളും നോവലിന്റെ ഭാഗമാവുന്നു. വൽസലയുടെ തന്നെ 'നെല്ല്'[19] വയനാട്ടിലെ തിരുനെല്ലിയിലും പരിസരത്തും ജീവിക്കുന്ന ഗോത്രജനതയുടെ ജീവിതം ഇതിവൃത്തമാക്കുന്നു. 'ആഗ്നേയം'[20] എന്ന നോവലിൽ വയനാടൻ മലനിരകളിലെ പീഢിതരായ ഗോത്രജനതയുടെ കഥാപശ്ചാത്തലത്തിൽ നക്സൽ സമരങ്ങളുടെ ചരിത്രം പറയുകയാണ് കഥാകാരി.

കേരളത്തിന്റെ തെക്കൻ ദിക്കുകളിൽനിന്ന് മണ്ണുംതേടി മലബാറിലെത്തിയ മനുഷ്യരുടെ അധ്വാനത്തിന്റെയും ഇച്ഛാശക്തിയുടെയും കഥയാണ് പൊറ്റെക്കാട്ടിന്റെ 'വിഷകന്യക'[21] പറയുന്നത്. കാക്കനാടന്റെ 'ഒറോത'[22] വിഷകന്യകയെപ്പോലെത്തന്നെ തിരുവിതാംകൂറിൽ നിന്നു മലബാർ പ്രദേശത്തേക്കുണ്ടായ കുടിയേറ്റത്തിന്റെ ചരിത്ര പശ്ചാത്തലത്തിൽ എഴുതപ്പെട്ടതാണ്. ഒറോതയെന്ന കേന്ദ്രകഥാപാത്രത്തിന്റെ ജീവിതത്തിലൂടെ കഥ പറയുന്നു.

മേൽപ്പറഞ്ഞ വസ്തുതകൾ കണക്കിലെടുത്ത് മലനാടിനെ പശ്ചാത്തലമാക്കി രചിക്കപ്പെട്ട രണ്ട് നോവലുകൾ- നാരായന്റെ 'ചെങ്ങാറും കുട്ടാളും', എസ്.കെ. പൊറ്റെക്കാട്ടിന്റെ 'വിഷകന്യക' എന്നിവ വിശദമായ പഠനത്തിന് വിധേയമാക്കുകയാണ് ഇനിയുള്ള കുറച്ച് പുറങ്ങളിൽ.

### 3.1. നാരായന്റെ 'ചെങ്ങാറും കുട്ടാളും'

മുതുവാൻ ഗോത്രസമുദായക്കാരുടെ ജീവിതമാണ് നോവലിന്റെ പശ്ചാത്തലം. നോവലിസ്റ്റ് നാരായൻ മുതുവാൻ സമുദായത്തിലെ ഒരംഗമാണ്. അദ്ദേഹം വിദ്യാഭ്യാസം നേടുകയും ജോലി നേടുകയും ചെയ്ത ശേഷം അദ്ദേഹത്തിന്റെ പൂർവകാലത്തിന്റെ ഓർമകണക്കെ എഴുതിയിരിക്കുന്ന ഒരു നോവലാണിത്. ഇതിലധികവും അദ്ദേഹത്തിന്റെ വ്യക്തിപരമായ അനുഭവമായി വായിച്ചെടുക്കാം. സുധ എന്ന കഥാപാത്രത്തെ കേന്ദ്രത്തിൽ നിർത്തി കഥാകൃത്ത് യഥാർത്ഥ സംഭവങ്ങളുടെ സഹായത്തോടെയാണ് എഴുത്ത് നിർവ്വഹിച്ചിരിക്കുന്നതെന്ന് ആമുഖത്തിൽ വ്യക്തമാക്കുന്നുണ്ട്.

ഗോത്രജീവിതം പശ്ചാത്തലമാകുമ്പോൾ അവരുടെ ഗോത്രാചാരങ്ങൾ, വിശ്വാസം, തൊഴിൽ,ലിംഗഭേദം, ആഘോഷങ്ങൾ, സാമൂഹിക സാമ്പത്തിക ആരോഗ്യപ്രശ്നങ്ങൾ,

ഗോത്രത്തിന് പുറത്തുള്ളവരുമായുള്ള ബന്ധം, ജീവിതശൈലി എന്നിവയെല്ലാം പരിഗണനാവിഷയമാവുന്നവയാണ്. സൂക്ഷ്മവും തനിമ നഷ്ടപ്പെടാത്തതുമായ രചനാശൈലിയിലൂടെ ഇത്തരം വിവരങ്ങൾ ധാരാളമായി ഈ നോവലിൽ നിന്ന് ലഭിക്കുന്നുണ്ട്. സുധ മുതുവാക്കുടിയിൽ എത്തുന്നത് മുതൽ എന്ത് ചിന്തിക്കുന്നു, എന്ത് പ്രവർത്തിക്കുന്നു എന്ന വ്യക്തമായ ധാരണ ലഭിക്കുന്നു.

സുധ എന്ന കേന്ദ്രകഥാപാത്രം കുടിയിലേക്ക് എത്തുന്നത് ഏകാധ്യാപകവിദ്യാലയത്തിലെ അധ്യാപികയായിട്ടാണ്. ട്രെയിനിംഗ് ലഭിച്ച് ടീച്ചറായി കുടിയിലെത്തുന്ന സുധയെ പൊതുസമൂഹത്തിന്റെ പ്രതിനിധി എന്ന നിലയിലും മുതുവാൻ ഗോത്രസമുദായത്തിൽ തന്നെയുള്ള വ്യക്തി എന്ന നിലയിലും അനുഭാവപൂർവ്വം അവരോടൊപ്പം നിൽക്കുന്ന ഒരാളെന്ന തരത്തിലും കാണാനാവും. തന്റെ പരിമിതമായ സാഹചര്യങ്ങളിൽനിന്നുകൊണ്ട് ഭീഷണിയെയും ചൂഷണത്തെയും നേരിട്ടുകൊണ്ട് ചില മാറ്റങ്ങൾ വരുത്താനവർ ശ്രമിക്കുന്നു. സുധയ്ക്ക് ടീച്ചർ എന്ന സ്ഥാനം അധികാരമാവുന്നു. അറിവ് ബലമാവുന്നു. പല കാര്യങ്ങളിലും ആളുകൾ സുധയെ അനുസരിക്കുന്നതും അതുകൊണ്ടാണ്. സ്ത്രീ എന്ന നിലയിൽ പലപ്പോഴും ആക്രമണങ്ങളും ബലാൽസംഗശ്രമവും നേരിടേണ്ടിവരുന്നു. അത്തരം കാര്യങ്ങളിൽ പതറാതെ നിൽക്കുന്നത് സുധ എന്ന മുതുവാസ്ത്രീയുടെ കരുത്തായി വേണം കാണാൻ.

സുധ നോവലിസ്റ്റിനെ പോലെ ഗോത്രസമുദായത്തിൽനിന്നും പഠനത്തിലൂടെ ജോലിനേടി വരുന്നയാളാണ്. ഗോത്രത്തിലെ സ്വഭാവങ്ങൾ അറിയുന്നത് കൊണ്ടും അതിന്റെ ഭാഗമായതുകൊണ്ടും അവർക്ക് അവരോട് അടുക്കുന്നതിന് മറ്റു പ്രശ്നങ്ങൾ വരുന്നില്ല. എന്നാൽ അവരുടെ ചില ആചാരങ്ങൾസുധയുടെ ആചാരങ്ങളിൽനിന്നു വേറിട്ടതാണെന്നും അതവളെ അസ്വസ്ഥപ്പെടുത്തുന്നുണ്ടെന്നും കാണാനാവും. ഗോത്രജീവിതത്തിൽ ആചാരങ്ങളും വിശ്വാസങ്ങളും എത്രത്തോളം പ്രധാനമാണെന്നും അവരതിനെ എത്തരത്തിലാണ് ജീവിതത്തിന്റെ ഭാഗമായിത്തന്നെ പ്രകടമാക്കുന്നത് എന്നും കാണാനാവും. അവിടെ താമസിക്കുന്ന ഒരാളെന്ന നിലയ്ക്ക്സുധയും അത്തരം വിശ്വാസങ്ങളുടെ ഭാഗമാവേണ്ടി വരുന്നു. അവൾ മറ്റൊരു ഗോത്രത്തിൽ വളർന്നതാണെന്നത് പ്രശ്നമായിത്തീരുന്നത് വിശ്വാസത്തിന്റെയും ആചാരങ്ങളുടെയും കാര്യത്തിൽ മാത്രമാണ്.

ഒരു സ്ത്രീയെ കേന്ദ്രത്തിൽ പ്രതിഷ്ഠിക്കുക വഴി നോവലിസ്റ്റ് ഊരിലെ മുതുവാസ്ത്രീകളുടെ സ്വഭാവത്തെ കൂടി പുറത്തുകൊണ്ടുവരാൻ ശ്രമിക്കുന്നു. അതായത് മുതുവാസ്ത്രീകൾ സ്ത്രീകളോട് പെരുമാറുന്നതും അവരുടെ സങ്കൽപ്പങ്ങളും സ്വപ്നങ്ങളും എല്ലാം പരിചിതമാവാൻ സുധയുടെ ഇടപെടലിനാൽ സാധിക്കുന്നു. സങ്കേതജടിലമായ ഗോത്രാചാരങ്ങളെയും വിശ്വാസങ്ങളെയും പലപ്പോഴും സുധ വെല്ലുവിളിക്കുന്നു. അത് അവളുടെ അധ്യാപികയെന്ന സ്ഥാനം ഉപയോഗിച്ചുകൂടിയാണ്.

പരസ്പരം കാണാനോ മിണ്ടാനോ അനുവാദമില്ലാത്ത തരത്തിലാണ് പ്രായപൂർത്തിയായ ആണും പെണ്ണും ഊരിൽ താമസിക്കുന്നത്.സുധയ്ക്ക് കാട്ടിൽ നിന്നും നാട്ടിൽ നിന്നും ആക്രമണങ്ങൾ നേരിടേണ്ടിവരുന്നുണ്ട്. രണ്ടും സ്ത്രീയായതുകൊണ്ടുള്ള ആക്രമണമാണ്. എന്നാൽ സർക്കാർ ഓഫിസുകളിൽനിന്നും പരിഹസിക്കപ്പെടുന്നതും ചൂഷണത്തിന് ശ്രമിക്കുന്നതും അവർ ആദിവാസി ആയതുകൊണ്ടുകൂടിയാണ്. കാട്ടിലെആക്രമണത്തിന് സുധയുടെ ശരീരത്തെ മാത്രമേ ലക്ഷ്യംവെക്കാനാവുള്ളൂവെങ്കിൽ നാട്ടിലെ ആക്രമണങ്ങൾ അവളുടെ പദവിയെയും അന്തസിനെയും ചോദ്യംചെയ്യുന്ന തരത്തിലാണ്. തൊഴിലുമായി ബന്ധപ്പെട്ടതാണ്. ഒന്ന് അധികാരത്തിന്റെ ദുഷ്പ്രയോഗമാണെങ്കിൽ മറ്റൊന്ന് സ്ത്രീക്കുനേരെയുള്ള പുരുഷാധികാരത്തിന്റെ പ്രയോഗമാണ്.

സുധയിവിടെ രണ്ടു തരത്തിലുള്ള ചൂഷണം അനുഭവിക്കുന്നു. സ്ത്രീ ആയതിന്റെ പേരിലും ഗോത്രവർഗക്കാർക്കുവേണ്ടി പ്രവർത്തിക്കുന്നതിന്റെ പേരിലും. എന്നാൽ ആ ഗോത്രം സുധയ്ക്ക് ബലമായി എത്തുന്നു. അധികാരം എന്നത് കീഴ്പ്പെടുത്താനും അടക്കിനിർത്താനും അനുസരിപ്പിക്കാനും ഉള്ള ആയുധമായി മാറുമ്പോൾ ആയുധമെടുക്കുന്ന ജനതയെയാണ് നമുക്കിവിടെ കാണാനാകുന്നത്. ഗോത്രവർഗക്കാരുടെ തനത് രീതിയിലാണ് അവർ

അധികാരത്തോടും പ്രതികരിക്കുന്നത്. ആധുനികതയും അധികാരവും ഉള്ള പ്രദേശങ്ങളിലെ അധികാരികൾ മറ്റു പ്രദേശങ്ങൾ വികസിപ്പിക്കാനായി പ്രോജക്ടുകൾ കൊണ്ടുവരുന്നു. അതിൽ നിന്നും ലാഭം കണ്ടെത്തുന്നു. പ്രാന്തപ്രദേശങ്ങളിൽ ജീവിക്കുന്നവരോടുള്ള അനുഭാവം മാത്രമായിത്തീരുന്നു ഇത്തരം പ്രവർത്തനങ്ങൾ. ഇത് കാലങ്ങളായി തുടർന്നുപോരുന്ന വസ്തുതയാണ്. അധികാരം അനുശാസിക്കുന്നവയാണ് നിയമമായി മാറുന്നത്.

ഗതാഗതസൗകര്യമാണ് അതിലൊരു കാര്യം.മുതുവാന്മാർക്ക് മലകയറിയുള്ള യാത്രയോ കാറ്റോ മഴയോ പ്രശ്നമായി മാറുന്നതായി നോവലിലില്ല. അവർ കാലാവസ്ഥയോടും കാടിനോടും പരിചിതരാണ്. എന്നാൽ പുറത്തുനിന്നുവന്ന സുധ ഇത്തരം സാഹചര്യങ്ങളെ നേരിടേണ്ടിവരുമ്പോഴാണ് അത് പ്രതിസന്ധിയാവുന്നത്. മുതുവാന്മാരുടെ സംസ്കാരമനുസരിച്ച് സ്ത്രീകൾക്ക് പുറത്തുപോകേണ്ട ആവശ്യങ്ങൾ വരാനില്ല. വിദ്യാഭ്യാസത്തേക്കാളും ഭക്ഷണത്തിനുംതൊഴിലിനും പണത്തിനും പ്രാധാന്യംകൊടുക്കുന്നവരാണ് കുടിയിലുള്ളത്. ശക്തമായ സദാചാരബോധവും കുലബോധവും നിലനിൽക്കുന്ന വിഭാഗമാണ് മുതുവാന്മാർ എന്നുമനസ്സിലാക്കാം. ജാതിബോധം നിലനിൽക്കുമ്പോൾതന്നെ സമൂഹത്തിന്റെഭാഗം എന്ന നിലയ്ക്ക് മറ്റുള്ളവരെ ഉൾക്കൊള്ളാനും തയ്യാറാവുന്നു. ഗോത്രവ്യത്യാസങ്ങളെയെല്ലാം ഹിന്ദു എന്ന മതത്തിനുകീഴിലെ ഉപവർഗങ്ങളായാണ് കണക്കാക്കുന്നത്.

1998ൽ പുറത്തുവന്ന നോവലാണ് ചെങ്ങാറും കുട്ടാളും. ആഗോളവൽക്കരണത്തിന്റെ ചിഹ്നങ്ങൾ കാട്ടിലേക്കും കാട്ടുവാസിയിലേക്കും കടന്നുവന്നുതുടങ്ങിയ ഇരുപതാം നൂറ്റാണ്ടിലെ കഥ പറയുകയാണ് നോവൽ. ഇടുക്കി ജില്ലയിലെഉടുമ്പൻചോല, ദേവികുളം താലൂക്കുകളിലും എറണാകുളം ജില്ലയുടെ കിഴക്കൻ കാടുകളിലുമാണ് മുതുവാന്മാർഅധിവസിക്കുന്നത്. തമിഴ് സ്വാധീനമുള്ള വംശീയഭാഷ സംസാരിക്കുന്ന ഇവർ മൂന്നാറിൽനിന്ന് 42 കിലോമീറ്റർ അകലെയുള്ള ഇടമലക്കുടി കേന്ദ്രീകരിച്ചാണ് കൂടുതൽ കാണുന്നത്. അടിച്ചിത്തൊട്ടിയിലേക്ക് അധ്യാപികയായാണ് കേന്ദ്രകഥാപാത്രമായ സുധ കടന്നുവരുന്നത്. സർക്കാർ നയങ്ങളനുസരിച്ച് ഏർപ്പാടാക്കുന്ന വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ ഭാഗമാണത്.

പ്രധാനകഥാപാത്രമായ സുധ എന്ന അധ്യാപിക, ഊരിലെയും നാട്ടിലെയും ആൾക്കാർ, ഇടയ്ക്കിടയ്ക്ക് കടന്നുവരുന്ന ഓഫീസർമാർ, മുതലാളിമാർ, കാട്ടുമൃഗങ്ങൾ, എന്നിവരാണ് കഥാപാത്രങ്ങൾ. ഇവിടത്തുകാരായ മുതുവാന്മാരെ കുറിച്ചാണ് നോവൽ എന്ന് നോവലിസ്റ്റ് തന്നെ വ്യക്തമാക്കുന്നു. താലൂക്കാഫീസർ പ്രേമാനന്ദൻ, അടിച്ചിത്തൊട്ടിയിലെ ഏറ്റവും സമ്പന്നനായ മുതുവാൻ അരുണാചലത്തിന്റെ മകൻ കാഞ്ചിയപ്പൻ, സുധയ്ക്ക് പ്രിയപ്പെട്ടവരാകുന്ന പച്ചക്ക, വീരാഞ്ചി, രവീന്ദ്രൻ, ബാലൻ, അഞ്ചല, എന്നിവരാണ് പ്രധാനകഥാപാത്രങ്ങൾ. ഇവർക്കെല്ലാം മുതുവാൻ സമുദായത്തിനകത്തുള്ള വ്യക്തിത്വം മാത്രമാണ് വ്യക്തമാകുന്നത്. പച്ചക്കമാത്രമാണ് പിന്നീട് സുധയ്ക്കൊപ്പം പുറംലോകത്തേക്കിറങ്ങുന്നത്. കാട്ടുതേൻ, തെള്ളി, കാട്ടുനെല്ലിക്ക, ചൂരൽ തുടങ്ങിയ വനവിഭവങ്ങൾ ശേഖരിക്കലും പുൽത്തൈലം വാറ്റലും ഏലക്കാ പറിക്കലും വിൽക്കലുമാണ് പ്രധാന തൊഴിലുകൾ. കായെടുക്കൽ കാലത്ത് കുട്ടികളടക്കം സ്ക്കൂളിൽ വരാതെ പണിക്കുപോകുന്നതും വിരിപ്പുകൃഷിക്കായി കാട് തെളിച്ച് ബൗണ്ടറി ഉണ്ടാക്കുന്നതും നോവലിൽ പരാമർശിക്കുന്നുണ്ട്. ഗോത്രജീവിതത്തെ സംബന്ധിച്ച്പുറത്തുള്ള ജനത മറ്റൊരു കൂട്ടം ആളുകൾ തന്നെയാണ്. ചോറും ചീരക്കറിയും ഉണ്ടാക്കി സദ്യ നൽകുന്ന സുധ പുതിയൊരു ഭക്ഷണ രീതികൂടി അവർക്ക് പരിചയപ്പെടുത്തുന്നു. രണ്ടുമുറികളും (കിടക്കത്തെ വീടും ശമയൽവീടും) രണ്ടുവരാന്തകളുമുള്ള ഏകദേശം ഒരേ വലിപ്പത്തിലുള്ള വീടുകളാണ് കുടികളിൽ കാണുക. വിശേഷാൽ ചടങ്ങോടെ പൗർണമി ദിവസമാണ് വീടുപണി ആരംഭിക്കുന്നത്. ചെളി കുഴച്ച് ഉയരത്തിൽ തറ കെട്ടിപ്പൊക്കുന്നു. മുതുവാക്കുടികൾ നിരന്ന പ്രതലങ്ങളിലല്ല, കാറ്റുവീശുന്ന മലഞ്ചെരിവുകളിലാണ് ഉണ്ടാക്കുന്നത്. കാറ്റിനെ പ്രതിരോധിക്കാൻ കുടിക്ക് മുന്നിൽ കാട്ടിലകൾ മെടഞ്ഞ് കാറ്റുപട്ട നിർമ്മിച്ച് വയ്ക്കുന്ന രീതിയുണ്ട്.

ശാന്തൻപാറപടി കയറാൻ കഴിയാഞ്ഞ ദേവിയെ കൂട്ടത്തിലുള്ള മുതുവാന്മാർ മുതുകിലെടുത്തു എന്നാണ് വിശ്വാസം. മുതുകത്തുപൂണ്ട മുതുവാൻ എന്നനുഗ്രഹിച്ചു23. പ്രധാന ആരാധനാ മൂർത്തി ദേവിയാണ്. സ്ഥിരമായി ഒരിടത്തും താമസമില്ല. കിഴങ്ങും കായ്കളും,

ഇറച്ചിക്ക് മൃഗങ്ങൾ, കൂരകെട്ടാൻ മുങ്കിലും ഈറ്റയും, എന്നിവ അടുത്തകാടുകളിൽ ഇല്ലാതാവുന്ന സാഹചര്യത്തിലോ, കല്ലുകെട്ടി വീടുണ്ടാക്കാനോ ദീർഘനാൾ വിളകിട്ടുന്ന കൃഷിചെയ്യാനോ കഴിയാത്ത അവസ്ഥയിലോ അവർ സ്ഥലം മാറിപ്പോവുന്നു.

പുതുക്കുടിയിലെ ഏകാധ്യാപക വിദ്യാലയവും ബാലവാടിയുമാണ് വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഉള്ളത്. 24 ശതമാനം മാത്രമാണ് കുടികളിലെ സാക്ഷരത. ഇതും സ്ത്രീകളിൽ കുറവാണ്. മുതുവാൻ വിഭാഗത്തിന് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാനോ പുറത്തുപോയി ഉപരിപഠനം നടത്താനോ ഉള്ള സാഹചര്യങ്ങളുടെ അഭാവം നോവലിൽ ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. ബെഞ്ചുകളോ മറ്റുസൗകര്യങ്ങളോ ഇല്ലാത്ത സ്ക്കൂളിലേക്കാണ് സുധടീച്ചർ വരുന്നത്. ആവശ്യമുള്ള സാധനങ്ങൾക്കായി അപേക്ഷനൽകുന്നുണ്ടെങ്കിലും സുധ പോകുന്നതുവരെ അതൊന്നും ലഭിക്കുന്നില്ല. മുതുവാൻ ഭാഷയിലെ വാക്കുകൾക്ക് പകരമുള്ള മലയാളപദം പഠിപ്പിക്കാനാണ് സുധ ശ്രമിക്കുന്നത്. പോഷകാഹാരവും വിദ്യാഭ്യാസവുമായിരുന്നു സ്ക്കൂളിന്റെ ലക്ഷ്യം. ഫലത്തിൽ രണ്ടും നടപ്പാവുന്നില്ല. സർക്കാരുദ്യോഗസ്ഥരുടെ സമീപനം മൂലം ഭക്ഷണം പോലും കൊടുക്കാനാവുന്നില്ല. ഭക്ഷണം ലഭിക്കാത്തതിനാൽ കുട്ടികൾ മറ്റു പണികളിലേക്ക് തിരിയുന്നു. കുട്ടികളുടെ അഭാവം കാരണം വിദ്യാഭ്യാസ പ്രവർത്തനങ്ങളും ഫലവത്താകുന്നില്ല.

അമ്മകായൽ, പച്ചിലക്കിഴി കഴുത്തിൽ തൂക്കൽ എന്നിങ്ങനെയുള്ള നാട്ടുചികിൽസകളെ കുറിച്ചുള്ള സൂചനകൾ നോവലിലുണ്ട്. എന്നിവയാണ് പ്രധാന ചികിൽസകൾ. 1980കളിൽ മുതുവാകോളനിയിലുണ്ടായ പകർച്ചവ്യാധിയെ കുറിച്ച് ഇടമലക്കുടിയിലെ മുതുവാന്മാർ[24] എന്ന ലേഖനത്തിൽ പരാമർശമുണ്ട്. അത്തരമൊരു പകർച്ചവ്യാധി നോവലിലും പരാമർശിക്കപ്പെടുന്നുണ്ട്. സുധയുടെ നേതൃത്വത്തിൽ ആരോഗ്യസംരക്ഷണവും ചികിൽസാസഹായവും അവിടെയെത്തുന്നു. മുതുവാന്മാർ മരുന്നിന്റെയും ചികിൽസയുടെയും ശക്തി തിരിച്ചറിയുന്ന ഘട്ടമായി ഇത് അടയാളപ്പെടുത്തിയിരിക്കുന്നു.

മുതുവാന്മാരുടെ പ്രധാന കലാരൂപങ്ങളായ കെന്നഞ്ചിയാട്ടം, മുതുവാൻ കൂത്ത് എന്നിവയെ സൂചിപ്പിക്കുന്ന സന്ദർഭങ്ങളും നോവലിൽ ആവിഷ്ക്കരിക്കപ്പെടുന്നു. തൈമാസത്തിലാണ് കൂത്ത് നടക്കുക. ആദ്യകാലങ്ങളിൽ പാർപ്പിടങ്ങൾ മറ്റൊരിടത്തേക്ക് മാറുന്നതും ഇതോടനുബന്ധിച്ചായിരുന്നു. എല്ലാ കുടികളുടെയും പൊതുസത്രമായ ചാവടിയുടെ മുറ്റത്ത് സൂര്യാസ്തമയത്തിനുശേഷം തുടങ്ങി പുലർച്ചക്കുമുന്നെ അവസാനിക്കുന്ന വിധത്തിലാണ് കൂത്ത് അരങ്ങേറുന്നത്. പലവാദ്യങ്ങളും ഉപയോഗിക്കുന്നു. നല്ല വാദ്യക്കാരുമാണ്. മുട്ടി, കിടിമുട്ടി, തുറുമി, മത്താളം, ചാലറ, കഞ്ചിറക്കട്ട, കൊട്ടി, പീക്കി, വീളാൻകുഴൽ, തുമ്പിക്കുഴൽ എന്നിവയാണ് പ്രധാനവാദ്യങ്ങൾ. ചർമ്മവാദ്യങ്ങളാണ് കൂടുതൽ. ചാണകം മെഴുകിയമുറ്റത്ത് ചെറിയ ചെറിയ പാട്ടുകൾക്കനുസരിച്ച് ചുവടുവെക്കുന്നു. ആദിമ സമൂഹം നേരിടേണ്ടി വന്ന യാതനകളും ആഹ്ലാദങ്ങളുമാണ് പാട്ടിൽ. പശ്ചിമഘട്ടത്തിലേക്ക് കുടിയേറിയതാണെന്ന സൂചനകളും കണ്ണകി-കോവിലൻ കഥയും ഉൾപ്പെട്ടിരിക്കുന്നു. ആശൈപാട്ടുകളും കളപ്പാട്ടുകളും നെല്ലുകുത്തുപാട്ടുകളും പാടിയിരുന്നു.പുതുതലമുറ ഭക്തിഗാനങ്ങളും തമിഴ്സിനിമാഗാനങ്ങളും പാടി ആഘോഷിക്കുന്നു.

അവരുടേതായ ഭൂമിയും വിളകളും കുറഞ്ഞ വിലയ്ക്ക് കൈയിലാക്കി അവർക്ക് തുച്ഛമായ പണം നൽകി വിളകൾ കടത്തുന്നവർക്ക് സുധയുടെ നടപടികൾ പ്രതികൂലമാവുന്നുണ്ട്. വിളയ്ക്ക് കുറ്റം പറഞ്ഞ് വിലകുറച്ച് കൊടുക്കുന്നു. തൂക്കത്തിൽ കൃത്രിമം കാണിച്ചും സ്ത്രീകളെ കയ്യേറ്റം ചെയ്തും അവരെ ഭയപ്പെടുത്തി നിർത്തുന്നു. മുതലാളിമാരുടെ കാടേറിയുള്ള കൊള്ളയും ബലാൽക്കാരവും സഹിക്കേണ്ടിവരുന്നു.

ഉഷ്ണമേഖലാപ്രദേശത്തെ ഗോത്രകൃഷിരീതികളാണ് കണ്ടുവരുന്നത്. കാടുവെട്ടിത്തെളിച്ച് ഒരിടത്ത് ഒരുതവണ മാത്രം കൃഷിയിറക്കുന്നു. പിന്നീട് സ്ഥലം ഉപേക്ഷിച്ച് വർഷങ്ങൾക്കുശേഷം മാത്രം തിരിച്ചുവരുന്നു. മണ്ണിന്റെ ഉർവ്വരത വീണ്ടെടുക്കാൻ സഹായകവും പരിസ്ഥിതി സൗഹാർദ്ദപരവുമാണ് ഇത്തരം രീതികൾ. മുതുവാന്മാർ പുനം കൃഷിയെ

വിരിപ്പുകൃഷി എന്നും പറയുന്നു. കുറിച്യരുടെയും മുതുവാന്മാരുടെയും കൃഷിരീതികളിൽ സാമ്യമുണ്ട്[25].

അതിനാൽതന്നെ അദ്ദേഹത്തിന്റെ എഴുത്തുകളിൽ സമകാലികമായ രൂപാന്തരങ്ങൾ കാണാം. അദ്ദേഹം ഉൾപ്പെടുന്ന സമൂഹത്തെ, അതിന്റെ സമ്പൂർണതയെ, അത് നേരിടുന്ന പ്രശ്നങ്ങളെ തീവ്രതയോടെ അവതരിപ്പിക്കാനാണ് ശ്രമിക്കുന്നത്. നാരായൻ നോവലിൽ കൃത്യമായി ഒരു ജനതയെ അടയാളപ്പെടുത്തുന്നുണ്ട്. മുതുവാന്മാരുടെ ജീവിതവും സംസ്കാരവുമാണ് മുഖ്യപ്രതിപാദ്യം. നാടോടി സംസ്കൃതിയെ സാമൂഹികമായും ഭൗതികമായും വാങ്മയമായും വംശീയമായും തിരിക്കാം. വാങ്മയങ്ങളിലൂടെയാണ് പ്രഥമമായും നാടോടിസംസ്ക്കാരത്തിന്റെ ചുറ്റുപാട് നമ്മെ അനുഭവപ്പെടുത്തുന്നത്. വെള്ളശിയും (സുധ) നാട്ടുകാരും ഒരേ ഭാഷയിൽ സംസാരിക്കുന്നതിനാൽ അവിടെ അർത്ഥം പറയുക ആവശ്യമായി വരുന്നു. തനി തമിഴോ തനി മലയാളമോ അല്ലാത്ത ഭാഷയിലാണ് സംസാരിക്കുന്നത്. 'ചെങ്ങാറും കുട്ടാളും' എന്ന പ്രയോഗം മണവാളനെയും മണവാട്ടിയെയും ഉദ്ദേശിച്ചുള്ളതാണ്.

നാട്ടറിവുകളുടെ തിരഞ്ഞെടുപ്പുകൾ പല അർത്ഥങ്ങളും മുന്നോട്ടുവെക്കാൻ ഉദ്ദേശിച്ചുള്ളവയായിരിക്കും. ആചാരങ്ങളുടെ വർണന എന്നതിലുപരിയായി അതിന്റെ പശ്ചാത്തലം സൃഷ്ടിക്കാനും വായനക്കാരന് അതിനെ വിശകലം ചെയ്യാനും സാഹചര്യമൊരുങ്ങുന്നു. ഒരു കൂട്ടത്തിന്റെ അടിസ്ഥാനവികാരങ്ങളാണ് നമ്മൾ കേവലം സാഹിത്യരൂപമായി വായിച്ചുപോകുന്നത്. അതിലടങ്ങിയിരിക്കുന്ന വൈകാരികാംശം പുനർവായിക്കപ്പെടേണ്ടതാണ്. വിശ്വാസത്തിൽനിന്നും വേറിട്ടുപോരാനാവാതെ പകർച്ചവ്യാധികാലത്തും മന്ത്രവാദത്തെ തന്നെ ആശ്രയിക്കുന്നവരെ നോവലിൽ കാണാം. സുധ അവിടെ ഡോക്ടറുടെ കർത്തവ്യം കൂടി ഏറ്റെടുക്കുന്നു. മരുന്നും മന്ത്രവും എന്ന പ്രയോഗം യാഥാർത്ഥ്യമാവുകയാണവിടെ.

നാട്ടറിവുകൾ വളരെ ചെറിയ പ്രദേശത്ത് വ്യാപിച്ചിരിക്കുന്നതും അവിടത്തെ ജനങ്ങളോട് പ്രതികരിക്കുന്നതുമാണ്. സാമൂഹിക-പ്രാദേശിക മാറ്റങ്ങളോടെയല്ലാതെ മറ്റൊരിടത്ത് അത് കാണാനാവില്ല. മത-ജാതി-വർഗ വ്യത്യാസങ്ങൾ അവിടെ പ്രധാനമാണ്. അവർക്ക് പരമ്പരാഗത ആയുധമായ മുതുവാൻ കത്തി ടൗണിൽ പോകുമ്പോഴാണ് ആവശ്യമായിവരുന്നത്. പുറംസമൂഹത്തിന്റെ കടന്നുകയറ്റം അവരുടേതായ പലതിനെയും മാറ്റിക്കളഞ്ഞതായി മനസ്സിലാക്കാം. ചെങ്ങാറും കുട്ടാളും മുന്നോട്ടുവെക്കുന്ന നാടോടിസംസ്ക്കാരം രണ്ടുതരത്തിലാണ് തിരിച്ചറിയപ്പെടുന്നത്. ഒന്ന് സുധ പുറത്തുനിന്നൊരാൾ എന്ന നിലയിൽ ഇടപഴകുന്നത്, മറ്റൊന്ന് വായനക്കാരൻ അതിൽനിന്ന് തീർത്തും വേർപെട്ട ഒരാളെന്നരീതിയിൽ നോക്കികാണുന്നത്. അവയ്ക്ക് തമ്മിൽ വലിയ വ്യത്യാസമുണ്ടുതാനും. സുധ മുതുവാൻ സമുദായത്തിലെത്തന്നെ ഒരു വിഭാഗത്തിൽപെടുന്ന സ്ത്രീയാണ്. അവരുടെ ഗോത്രവുമായുള്ള ചെറിയ ചില വ്യത്യാസങ്ങൾ മാത്രമാണ് സുധയ്ക്ക് പുതിയ വിവരങ്ങളാവുന്നത്. ഇത്തരത്തിൽ നാട്ടറിവുകൾ കൃത്യമായ സ്വത്വം കാത്തുവെക്കുന്നു. പുറത്തുനിന്നുള്ള ഒരാളുടെ കാഴ്ചയോ മനോഭാവമോ അല്ല സുധയുടേത് എങ്കിലും സുധ ഭയപ്പെടുന്നതുകാണാം. പല വിശ്വാസങ്ങളെയും സുധയ്ക്ക് മറികടക്കാൻ സാധിക്കുന്നത് അവർ ഊരിന് പുറത്തുള്ളവരാണ് എന്നതിനാ ലാണ്. അത്തരത്തിൽ നാട്ടറിവുകൾ രണ്ടുകൂട്ടർക്കും രണ്ടുതരത്തിലാണെന്നു പറയാം. അതിനുള്ളിൽ നിൽക്കുന്നവർക്ക് അത് വിശ്വാസവും അതിലുപരി ജീവിതചര്യയുമാവുമ്പോൾ പുറത്തുനിൽക്കുന്നവർക്ക് അത് കാഴ്ചയും തങ്ങളുടെ വിശ്വാസത്തിൽ നിന്ന് വേറിട്ട ഒന്നുമാണ്. നാട്ടറിവുകൾ പരിസ്ഥിതി സൗഹാർദപരമാവുകയും പ്രകൃതിയെ പ്രാഥമികമായി ഗണിക്കുകയും ചെയ്യുമ്പോൾ അത് സാർവ്വലൗകികമായ തലം കൈക്കൊള്ളുന്നു. അവിടെ വിശ്വാസത്തിന്റെയോ ആചാരത്തിന്റെയോ പ്രശ്നങ്ങൾ കടന്നുവരുന്നില്ല. കാണിക്കാരൻ സുധയ്ക്ക് പറഞ്ഞുകൊടുക്കുന്ന മുതുവാന്മാരുടെ കുടിയേറ്റത്തിന്റെ കഥയിൽ ഇന്നും അവർക്കിടയിൽ നിലനിൽക്കുന്ന ഇക്കോ-ടൈപ്പുകളെ കാണാവുന്നതാണ്.

മെറ്റാഫോക് ലോറിക്കായിട്ടുള്ള ഘടകങ്ങളാണ് സാഹിത്യത്തിന് മുതൽക്കൂട്ടാവുന്നത്. നാട്ടറിവിനെക്കുറിച്ചുള്ള നാട്ടറിവുകൾ. എന്നാലവ അതേ സമൂഹത്തിൽനിന്നുതന്നെ സൃഷ്ടിക്കപ്പെടുന്നവയാവണം എന്ന് ഫോക് ലോറിസ്റ്റുകൾ പറയുന്നു. സാഹിത്യത്തിൽ

ഉൾച്ചേരുന്ന നാട്ടറിവുകൾ ഒരു തരത്തിൽ മെറ്റാഫോക് ലോറാവുകയാണ്. കാലാന്തരത്തിൽ നിലനിൽക്കുന്നത് എന്ന അർത്ഥത്തിൽ അത് യാഥാർത്ഥ്യവുമാണ്. മുതുവാന്മാർ എന്ന സമൂഹത്തെ പരസ്യമായി അവതരിപ്പിക്കുകയും എന്നാൽ പരോക്ഷമായി മൂടിവെക്കുകയും ചെയ്യുന്നുണ്ട് നോവൽ. ചിലകാര്യങ്ങൾ പറയുമ്പോൾ കഥാകാരൻ പലകാര്യങ്ങളും പറയാതെ ചിഹ്നങ്ങളിൽ ഒതുക്കുന്നു. അത് നാട്ടറിവിന്റെ മറ്റൊരു സവിശേഷതയാണ്. പൂർണമായും പിടിതരാതെ ദുരൂഹതകൾ ബാക്കിനിർത്തുന്നു. മുതുവാൻ സമുദായത്തിന്റെ ജീവിതം എന്നതിനോടൊപ്പം തന്നെ അത് കേരളത്തിലെ ഒരുകൂട്ടം ജനതയുടെ ജീവിതവുമായി മാറുന്നുണ്ട്. മുതുവാന്മാർ കൃത്യമായ പാരമ്പര്യവും അവരുടേതായ വിശ്വാസ-ആചാരങ്ങളും പിന്തുടരുമ്പോൾ അവയെല്ലാം കൈവിടേണ്ടിവരുന്ന, അവയിൽ അഭയം ലഭിക്കാത്ത പുതിയ സമൂഹത്തെക്കൂടി കഥാകാരൻ കാണിച്ചുതരുന്നു. ആ സാഹചര്യത്തിലാണ് ഇത്തരം ഫോക് ലോറിക് അംശങ്ങൾ ഉത്ഭവരൂപത്തിൽ തന്നെ നിലനിൽക്കുന്നത്. കേരളത്തിലെ ജനത എന്ന നിലയിൽ അവർക്ക് അവകാശങ്ങളും ആവശ്യങ്ങളുമുണ്ട്. ഒരു വിഭാഗത്തിന്റെ സംസ്കൃതിയെ എടുത്തുകാണിക്കുക എന്നതിലുപരിയായി പൊതുസമൂഹവും ഭരണകൂടവും അവരുടെ ജീവിതത്തിൽ ഉണ്ടാക്കുന്ന പ്രശ്നങ്ങളെ എടുത്തുകാട്ടാനാണ് നാരായൻ ശ്രമിച്ചിരിക്കുന്നത്.

സാഹിത്യത്തിലായാലും ജീവിതത്തിലായാലും ഇത്തരം നാട്ടറിവുകൾ കച്ചവടവൽക്കരിക്കപ്പെടുന്ന സാഹചര്യവും കാണാതിരിക്കാനാവില്ല. എന്തിനെയും വികസനത്തിന്റെ പേരിൽ മാറ്റിത്തീർക്കാമെന്നോ സംരക്ഷണത്തിന്റെ പേരിൽ കച്ചവടവൽക്കരിക്കാമെന്നോ കരുതുന്ന അധികാരവ്യവസ്ഥിതിയെ നാരായൻ ചിത്രീകരിക്കുന്നു. എത്രമാറ്റിമറിക്കപ്പെട്ടാലും ഉറവിടത്തിൽ അവ വേരാഴ്ത്തിയിട്ടുണ്ടാകും എന്ന് ബോധ്യപ്പെടുത്തുകയാണ് ഈ നോവൽ.

### 3.1.1. 'ചെങ്ങാറും കുട്ടാളും' അനാവൃതമാക്കുന്ന ഭൂമിക

ഏതൊരു നോവലിലെയും പോലെ പരിസ്ഥിതിചിത്രങ്ങൾ ചെങ്ങാറും കുട്ടാളും പ്രദാനം ചെയ്യുന്നുണ്ട്. മലനാടിന്റെ തനതായ ചിത്രത്തിൽക്കവിഞ്ഞ് സൂക്ഷ്മമോ വിശദമോ ആയ വിവരണങ്ങൾ നോവലിൽ ലഭ്യമല്ല.

'ദൈവം ഭൂമിയെ സൃഷ്ടിച്ചത് വളരെ വ്യത്യസ്തമായിട്ടാണ്. ചേർത്തുവച്ചതുപോലെ കുന്നുകൾ, പുല്ലുമേടുകൾ, വനം, ബാക്കി വെയിലേറ്റുപൊരിഞ്ഞ മൊട്ടക്കുന്നുകളും'(പു.19).

'കടത്തിലേക്ക് കാട്ടാനകളും വരാറുണ്ട്.ചവുട്ടി നിരത്തിയ മണ്ണും കുഴികളും.കല്ലിലും മരത്തിലുമൊക്കെ ഉണങ്ങിപ്പിടിച്ച ചെളി.തൊലിയുരിഞ്ഞമരങ്ങൾ വേറെ. ആനകൾ ദേഹമുരുമ്മുന്നതാണ്'(പു.19).

നിത്യജീവിതത്തിലെ പ്രകൃതിയുമായി നടക്കുന്ന കൊടുക്കൽ വാങ്ങലുകളിൽ പ്രധാനമാണ് വന്യജീവികളുമായിട്ടുള്ള സഹവാസം. അതിന്റെ പരിധി നിശ്ചയിക്കുന്നത് പലപ്പോഴും മനുഷ്യനായിരിക്കില്ല. അതുകൊണ്ടുതന്നെ അത്തരം സന്ദർഭങ്ങളിൽ ആദിവാസികൾക്കോ മലനാട്ടുകാർക്കോ മാത്രം കൈവരുന്ന മാനസിക നിലയും പെരുമാറ്റവും സവിശേഷമായിരിക്കും. വെറുമൊരു കാഴ്ചയിൽനിന്നും മാറി നിരന്തരം ഇടപെടേണ്ടുന്ന യാഥാർഥ്യമായി മാറുകയാണ് വന്യജീവികൾ. നിരന്തരം ഇടപെടുന്നതുകൊണ്ടുതന്നെ അവയുടെ പെരുമാറ്റങ്ങളും യാത്രാവീഥികളും വരെ മനപാഠമാക്കിയവരാവും യാത്രക്കാർ. കാട്ടിൽ നിന്ന് കിട്ടുന്ന ഉൽപന്നങ്ങളുടെ ശേഖരണം ഒരു പ്രധാന തൊഴിലായതിനാൽ നിരന്തരം കാട്ടിനുള്ളിലേക്ക് ഇറങ്ങി പോവേണ്ടി വരും. കേരളത്തിൽവേനൽക്കാലങ്ങളിൽ നാട്ടിലിറങ്ങുന്ന ആനയും പോത്തും കാട്ടുപന്നിയും നിരവധി ആളുകളിൽ ഭീതിസൃഷ്ടിക്കുന്നുണ്ട്. കാലാവസ്ഥാ മാറ്റങ്ങളും ജലക്ഷാമവും എല്ലാമായിരിക്കും അതിന് പിറകിലെന്ന് കരുതാമെങ്കിലും വന്യജീവികളുമായി ഇടപെട്ട് പരിചയമില്ലാത്ത നാടുകളിലേക്കും മനുഷ്യരിലേക്കും അവ ഇറങ്ങിച്ചെല്ലുമ്പോഴുണ്ടാവുന്ന പ്രശ്നങ്ങൾ മറ്റൊരു തലമാണ്. അവിടെ സുരക്ഷാ സംവിധാനങ്ങളും വനപാലകരും ഇടപെടേണ്ടി വരുന്നു.

'കുറച്ചു മുന്നോട്ടുചെന്നപ്പോൾ പുല്ലുമേടിന്റെ അവസാനം കാണാറായി. തൊട്ടുകിടക്കുന്നത് ഇരുട്ടു പടരുന്ന കാനനം. അതിനപ്പുറം ആകാശത്തിന് താങ്ങായ കൊടുമുടി. അതിന്റെ താഴ്വാരത്തിലെവിടേയോ അടിച്ചിത്തൊട്ടി എന്ന മുതുവാക്കുടി'(പു.21).

ആദിവാസികോളനികളുടെ പൊതുവായ സ്ഥിതി ഇത്തരത്തിൽത്തന്നെയാണ്. കാടുകളിലും മലകളിലും അവർ പ്രയാസമന്യേ വസിക്കുന്നു.

'വൃദ്ധനായൊരു പേരാലിന്റെ തണലിൽ പ്രത്യേകം വെടിപ്പായി സൂക്ഷിച്ചിരിക്കുന്ന സ്ഥലത്ത് സകലതും ഈറ്റകൊണ്ട് പണിത അമ്പലം. മയിൽ വാഹനന്റെ പഴയ ചിത്രത്തിന് മുമ്പിൽ വിളക്കെരിയുന്നു. കുന്തിരിക്കം പുകയുന്ന സുഗന്ധം'(പു.31).

ആദ്യമായി അടിച്ചിത്തൊട്ടിയിലേക്കുള്ള വഴി തന്നെ സുധയ്ക്ക് സമ്മാനിക്കുന്നത് ഇത്തരത്തിലുള്ള വിജനതയും ഭീതിയും നിറക്കുന്ന അനുഭവമാണ്. ആചാരങ്ങളിലും വിശ്വാസങ്ങളിലും സുധയ്ക്ക് ചെറിയ ആശ്വാസം ലഭിക്കുന്നുണ്ട്. ആരാധനാരീതിയും ചിഹ്നങ്ങളും ഗോത്രസംസ്കാരത്തിന്റെ ആദിമ സ്വഭാവങ്ങൾ വെളിവാക്കുന്നത് കാണാം.

'വൈകിവന്ന മഴയും നീണ്ടുനിന്ന വേനലും. നെല്ലിനെക്കാളേറെപ്പതിര്. കിഴങ്ങും വളർന്നിട്ടില്ല. കൊയ്ത്തും മെതിയും കഴിഞ്ഞു. ശാരങ്കനു മൂന്നുമാസത്തെ ചിലവിനുള്ളത് കണ്ടേക്കും'(പു.43).

മഴയും വെയിലും അവരുടെ ജീവിതത്തെ ബാധിക്കുന്ന പ്രധാന ഘടകമാകുന്നത് അവർ കൃഷിയെ ആശ്രയിക്കുന്നു എന്നതുകൊണ്ടാണ്. കൃഷിയെ ഉപജീവനമായി കാണുന്ന ജനതക്ക് പ്രകൃതിയുടെ മാറ്റങ്ങൾ വിപരീത ഫലം ഉണ്ടാക്കാം. അത് നേരിടാൻ അവർ മറ്റുമാർഗങ്ങൾ തേടുന്നു. നോവലിൽ മുതുവാന്മാർചൂഷണം ചെയ്യപ്പെടുന്നത് ഇത്തരം സാഹചര്യത്തിലാണ്.

'വൃത്തിയാക്കിയവിരിപ്പുപുരയുടെ മുറ്റത്ത് കുളിച്ച് താറുടുത്ത ശാരങ്കൻ. പീതാള്കൂവയില കുമ്പിൾ പോലെ കുത്തിയെടുത്ത പതിനെട്ടു മടപ്പ് കുട്ട നിരത്തിവച്ചു. തൊട്ടടുത്ത പാത്രത്തിൽ നെല്ലിടിച്ചു പിഴിഞ്ഞെടുത്ത പാൽ'(പു.43).

ആചാരങ്ങൾക്കും വിശ്വാസങ്ങൾക്കും പ്രാചീനത നൽകുന്നത് അതിന് പ്രകൃതിയുമായി ബന്ധമുണ്ടെന്ന തോന്നലിന് കാരണമാകുന്നു. ഓരോ കാര്യത്തിലും ഭൂമിയുമായും ദൈവവുമായും അടുപ്പിക്കുന്ന ഘടകങ്ങൾ എന്ന നിലയിൽ മിത്ത് കെട്ടുറപ്പിനുള്ള ഉപാധിയായി പ്രവർത്തിക്കുന്നു. അവ വിശ്വസിക്കുകയും ആചരിക്കുകയും വഴി ഗോത്രത്തിനുള്ളിലെ നിലനിൽപ്പ് സ്വാഭാവികമാവുകയും ദൈനംദിന കാര്യങ്ങൾക്ക് മാർഗരേഖയായുംപ്രാദേശികമായ അറിവുകളുടെ ഉറവിടമായും പ്രവർത്തിക്കുന്നു.

'മക്കളും രക്തബന്ധമുള്ളവരുംകൈകൾ വിലങ്ങനെ പിടിച്ച് മൂന്ന് പിടുത്തം മണ്ണുവാരി ഭൂമിദേവി, ആകാശം, മുപ്പത്തിമുക്കോടി ദേവതമാർ, ദേവന്മാർ എല്ലാവരെയുമോർത്ത് മരിച്ചവന് സ്വർഗം നൽകണമെന്ന പ്രാർത്ഥനയോടെ മണ്ണ് കുഴിയിലിട്ടു'(പു.67).

'ഏലക്കാടുകൾ പലകാലവും ഗുണമുണ്ടാകാറില്ല. നേട്ടമുണ്ടാകാറില്ല.കഞ്ചാവുതന്നെ വേണം മുതലാളിക്ക്, പണിയെടുക്കുന്ന മുതുവാനും മന്നാനും.'(പു.75).

ആദിവാസിയെ ഏലത്തിന്റെയും മറ്റു നാണ്യവിളകളുടെയും പേരിൽ പണിയെടുപ്പിച്ച് ഇടവിളയായി കഞ്ചാവ് നട്ട് ലാഭം കൊയ്യുന്ന മുതലാളിമാരെയും ഇടനിലക്കാരെയും ഇതിൽ കാണാം. ആദിവാസികൾ കൃഷിയിലേക്ക് ഇറങ്ങുന്നത് അവരുടെ ഉപജീവനത്തിനായുള്ള വരുമാനം തേടിയാണ്. അവരെ ചൂഷണം ചെയ്യുന്നതിന്റെ മറ്റൊരു ദൃശ്യമാണിത്. കഞ്ചാവ് വളർത്തലിന് കുടപിടിക്കുകയും തോട്ടങ്ങൾ സംരക്ഷിക്കുകയും ചെയ്യുന്നതും പിടിക്കപ്പെടുമ്പോൾ ഇരയാവുന്നതും ഇവർതന്നെയായിരിക്കും.

'കാമാച്ചി കുന്നിൻചെരുവിലെ ഒറ്റയടിപ്പാതയിലേക്കു നോക്കിയിരുന്നു.ഇരുട്ടിൽ ഒളിച്ചുനിൽക്കുന്ന കല്ലുവെട്ടിയുടെ ഇലകളിൽ പറ്റിപ്പിടിച്ച മിന്നാമിന്നികൾ കാറ്റുപിടിച്ചുലക്കുമ്പോൾ പുകമഞ്ഞിൽ നക്ഷത്രങ്ങൾ പോലെ തിളങ്ങുന്നു' (പു.125).

മരങ്ങൾ താങ്ങും വഴിയടയാളങ്ങളുമായി മാറുന്നു. കഥയുടെ ഓരോ സന്ദർഭത്തിനും സവിശേഷമാംവണ്ണം ഭംഗി നൽകിക്കൊണ്ട് അവ കഥയിലാകെ നിറയുന്നത് കാണാം. പിന്നീട് മാറി വന്നതോ വികസനത്തിന്റെ സൂചനകൾ കാണുന്നതോ ആയ പ്രദേശങ്ങളും കാണാനാവും. അടിച്ചിത്തൊട്ടിയിൽ സ്ക്കൂളാണ് ഏക സാമൂഹിക സ്ഥാപനമായി നിലകൊള്ളുന്നത്.

കോളനിയനന്തര സാമൂഹിക സാഹചര്യത്തിലാണ് അരികുവൽക്കരിക്കപ്പെട്ട ജനതയുടെ ജീവിത ഇടങ്ങൾ നോവലിന്റെ പശ്ചാത്തലമായി വരുന്നതെന്ന് നമ്മൾ കണ്ടു. അവരുടെ ജീവിത യാഥാർത്ഥ്യങ്ങൾ, ആചാര വ്യത്യാസങ്ങൾ, സാമൂഹിക ക്രമം, അധികാരം, അവരുടെ ജീവിതത്തിൽ നടത്തുന്ന ഇടപെടലുകൾ എന്നിവയെല്ലാം ഇത്തരം എഴുത്തുകളിൽനിന്നും കണ്ടെടുക്കാം.

ഗോത്ര വർഗങ്ങൾക്കിടയിൽ ചിഹ്നങ്ങളിൽ വ്യത്യാസം ഉണ്ടാവുന്നത് അവരുടെ ഭൂപരമായ പ്രത്യേകതകൾ കൊണ്ടാണ്. പക്ഷേ അർത്ഥപരമായും വിശ്വാസപരമായും അടിസ്ഥാന ചിന്തകൾ ഒന്നായിരിക്കാനാണ് സാധ്യത. അത് ഗോത്രവിഭാഗങ്ങളിൽ മാത്രമല്ല; വിശ്വാസവുമായി ബന്ധപ്പെട്ട് എല്ലാ നാടുകളിലും വിഭാഗങ്ങളിലും നിലനിൽക്കുന്ന രീതികൾക്ക് ഒരു ഏകതാനത കൈവരുന്ന ഘട്ടമുണ്ട്. അത് മാന്ത്രികമോ താന്ത്രികമോ ഉച്ചമോ നീചമോ ആയിക്കൊള്ളട്ടെ, അവയെല്ലാം രൂപപ്പെടുത്തുന്ന അന്തരീക്ഷത്തിനും അതിന്റെ ഉപയോക്താക്കൾ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന രീതിക്കും ഇത്തരം സാമ്യങ്ങൾ കാണാം. ഏതുകാലത്തും മനുഷ്യാഭിലാഷങ്ങളിൽ കാണാവുന്ന ചില അടിസ്ഥാന ഘടകങ്ങളായിരിക്കും അവയുടെ അടിസ്ഥാനം. ഇവ സമൂഹത്തിന്റെ ഇക്വിലിബ്രിയം പൊളിയാതെ മുന്നോട്ട് നയിക്കുന്നു. ആചാരവിശ്വാസങ്ങൾ കാഴ്ചക്കുവേണ്ടിയായി മാറുമ്പോഴും അതിൽ ഉൾപ്പെടുന്നവരുടെ അബോധത്തിൽ നടക്കുന്ന പ്രവൃത്തിക്ക് ആ സാമൂഹിക സമതുലനാവസ്ഥയുമായി ബന്ധമുണ്ടെന്ന് കാണാം.

പ്രകൃതിയുമായി രക്തബന്ധമുണ്ടെന്ന് വിശ്വസിക്കുന്ന ഒരു വിഭാഗത്തിന്റെ കാഴ്ചപ്പാട് തീർത്തും വ്യത്യസ്തം തന്നെയായിരിക്കും. അവരുടെ നോട്ടം ഒരിക്കലും പ്രകൃതിയെ ചൂഷണം ചെയ്യാൻ ശ്രമിക്കുന്നവരുടെതുപോലെയായിരിക്കില്ല. പ്രകൃതിയും ജീവജാലങ്ങളുമായുള്ള കൊടുക്കൽ വാങ്ങലുകൾ അവരുടെ സഹജീവനത്തെ കാണിക്കുന്നു. സഹജീവന സങ്കൽപത്തിൽ നിന്നാണ് പ്രകൃതിയുടെ താളം തന്നെ മനുഷ്യന് സ്വായത്തമാകുന്നത്. പക്ഷേ, അവരുടെ സങ്കൽപ്പത്തിന്റെ സത്ത അറിയാതെ അവരതിനെ ദൈവവും ആരാധനാപാത്രവുമായി മൂർത്തഭാവങ്ങളിലേക്ക് പ്രതിഷ്ഠിക്കുകയും അതിനോട് ഭയവും അനുസരണയും പോലുള്ള ഭാവങ്ങൾ പിന്തുടരുകയും ചെയ്യുന്നു. ലോകത്തെ മൊത്തം ബാധിച്ചുകൊണ്ടിരിക്കുന്ന കാലാവാസ്ഥാ മാറ്റം കേരളത്തെയും ബാധിക്കുന്നുണ്ട്. അത് ചൂടായും മഴയായും പ്രളയമായും കൊടുങ്കാറ്റായും മാറി മാറി വരുന്നു. സാധാരണ ജീവിതത്തെ താളം തെറ്റിക്കുന്നു. പ്രകൃതിയുടെ ജൈവചക്രം താളം തെറ്റുമ്പോൾ സ്വാഭാവികമായും അധിവസിക്കുന്ന ജീവജാലങ്ങളെ എന്ന പോലെത്തന്നെ മനുഷ്യനെയും ബാധിക്കും.

നോബിൾ സാവേജ് എന്നത് ആദിമനിവാസികളുടെ ജീവിതത്തെ പ്രകൃതിയുമായി കൂട്ടിയിണക്കിക്കാണുന്ന ചിന്താ രീതിയാണ്. ആദിമനിവാസികളെ സ്റ്റീരിയോടൈപ്പുകളായി കാണാനുള്ള വ്യഗ്രതയാണ് അതിലെ താൽപര്യം. അവരെപ്പോഴും പ്രകൃതിയുമായി ഇണങ്ങി സമഭാവനയോടെ മുന്നോട്ടു പോകുന്നതായി ചിത്രീകരിക്കപ്പെടുന്നു. ഇത് അവരുടെ സംസ്കാരത്തിന്റെ സങ്കീർണതകളെ കാണാതെ അവയെ അധികം ലളിതമായി കാണിക്കുന്നു. അവരുടെ ജീവിത വൈവിധ്യങ്ങളെയും വ്യത്യസ്തതകളെയും പുറത്തു കാണിക്കാൻ പറ്റാതാവുന്നു. അവരുടെ സവിശേഷതകളെ അറിയാതെ മൊത്തമായി ഒരു സ്വഭാവമായി പരിഗണിക്കപ്പെടുന്നു. അവരുടെ സമൂഹത്തിന് ആധുനികതയും വികസനവും തീണ്ടാപ്പാടകലെയാവുന്നു. പ്രകൃതിസംരക്ഷണത്തിന്റെ പേരിൽ അവിടെ വികസനം വരുന്നതിന് തടയിടുന്നു. അവരുടെ അത്തരം അവകാശങ്ങൾ അവഗണിക്കപ്പെടുന്നു.വിദ്യാഭ്യാസവും നല്ല ആരോഗ്യ പരിപാലനവും ടെക്നോളജികളും അവരുടെ പ്രാഥമിക പരിഗണനയായി പലപ്പോഴും പരിഗണിക്കപ്പെടാറില്ല. അവരുടെ സാംസ്കാരിക വ്യതിയാനങ്ങളെ മുതലെടുത്ത് അവരെ ചൂഷണം ചെയ്യുന്നതിലേക്ക് എത്തുന്നു. അവരെ പ്രൊഡക്ടുകളായി

പ്രദർശിപ്പിക്കുകയുംഅവരുടെ സാംസ്കാരിക ചിഹ്നങ്ങളെ അത്തരത്തിൽ ഉപയോഗിക്കുകയും ചെയ്യുന്നു.

ഒരു ആദിവാസി വിഭാഗത്തിന്റെ സംസ്കാരം ജീവിതരീതികൾ എന്നിവ അവരുടെ ജീവിത പശ്ചാത്തലവുമായി ബന്ധപ്പെട്ടിരിക്കുന്നു. സാമ്പത്തികവും ജൈവികവുമായ സ്ഥിതികൾ ആ വിഭാഗത്തെ അടിമുടി ബാധിക്കും.പ്രകൃതിയോട് സഹവർത്തിത്വത്തോടെ ഇടപെടുന്നവരാണ് എന്നതുതന്നെയാണ് കാരണം. ഏതൊരു മനുഷ്യന്റെയും പശ്ചാത്തലം അവനെ സ്വാധീനിക്കും. എങ്കിലും മാറ്റമില്ലാത്തതും മറ്റുള്ളവരോട് സമ്പർക്കമില്ലാത്തതും അടഞ്ഞതുമായ സാമൂഹികാവസ്ഥയിൽ ഇത്തരം രീതികൾ മാറാതെ അതിന്റെ പ്രാകൃതാവസ്ഥയിൽ തുടരും.

ആദിവാസിസാഹിത്യം എന്നപേരിൽ പുറത്തുവരുന്ന കൃതികൾ പുതിയൊരുവായനാരീതി ആവശ്യപ്പെടുന്നു. വായനക്കാരന്റെ ശീലങ്ങളെ സഫലീകരിക്കുന്നവയായിരിക്കില്ല അത്തരം കൃതികൾ. അതിനാൽതന്നെ പുതിയവായനാരീതികൾ രൂപപ്പെടേണ്ടിയിരിക്കുന്നു. പൊതുബോധത്തിൽനിന്ന് മാറി നിൽക്കുന്ന ഒരു സംസ്കാരത്തെ അഭിമുഖീകരിക്കാനാണ് തയ്യാറാവേണ്ടത്.

### 3.2. എസ്.കെ.പൊറ്റെക്കാട്ടിന്റെ 'വിഷകന്യക'

കേരളത്തിന്റെ തെക്കൻ ദിക്കുകളിൽനിന്ന് മണ്ണുംതേടി മലബാറിലെത്തിയ മനുഷ്യരുടെ കഠിനമായ അധ്വാനത്തിന്റെയും ഇച്ഛാശക്തിയുടെയും കഥയാണ് വിഷകന്യക പറയുന്നത്. അത് പൊറ്റെക്കാടിന്റെ ഭാഷയിൽ വർണ്ണനകളുടെ സാമീപ്യത്തിൽ സുന്ദരമായിരിക്കുന്നു. നോവലിൽ കുടിയേറ്റം കടന്നുകയറ്റം എന്നതിലുപരിയായി നിലനിൽപിനുവേണ്ടിയുള്ള പിടിച്ചുകയറ്റം ആവുന്നു. അതുപോലെത്തന്നെ കാലത്തിന്റെ കിടപ്പും പ്രതീക്ഷയറ്റാണ്. മണ്ണിന്റെ തണുപ്പിൽനിന്നും വേറിട്ടുള്ള കച്ചവടങ്ങൾക്കും മറ്റു കള്ളത്തരങ്ങൾക്കും പോകുന്ന കഥാപാത്രങ്ങളും ധാരാളമാണ്. നോവലിൽ മണ്ണ് കന്യകയെപ്പോലെ മോഹിപ്പിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ അതൊരു വിഷകന്യകയുമാണ്.കന്യകാഭാവം കാടിനും മണ്ണിനും പൊതുവിൽ പ്രതീകാത്മകമായി ചാർത്തിക്കൊടുക്കുന്ന ഭാവമാണ്. അവയെല്ലാം കയ്യേറ്റം ചെയ്യപ്പെടുന്നവയാണ് എന്നുള്ളതും ചേർത്തുവായിക്കേണ്ടതാണ്. മണ്ണിന്റെ വിഷഭാവം അതിന്റെ പ്രതികാരഭാവമായാണ് കാണുന്നത്. മണ്ണ് വിഷമയമായിരിക്കെ അതിനോടിടപഴകുന്നവക്ക് ജീവാപായം വരെ സംഭവിക്കാം.

കുടിയേറി എത്തുന്നവരുടെ ലക്ഷ്യം മണ്ണിൽ പൊന്നുവിളയിക്കുക എന്നതാണ്. അതിനവർക്ക് കൈമുതലായിട്ടുള്ളത് അവരുടെ ആർജ്ജവം മാത്രമാണ്. സ്വന്തമായി കുടിയേറി വന്നവരും സർക്കാർ തീരുമാനത്തോടെ കുടിയേറ്റം ചെയ്യപ്പെട്ടവരും മലബാർ മേഖലയിലുണ്ട്. അവർ ഒരു തരത്തിൽ നാടുകടത്തപ്പെട്ടവരാണ്. സ്വന്തമായ നാടും വീടും വിട്ട് അതിൽനല്ലതായ മറ്റൊരു ജീവിതം സ്വപ്നംകണ്ട് കാട്ടിലേക്ക് കുടിയേറിവന്നവർ. അവരുടെ മനശ്ശക്തിക്കുമുന്നിൽ മണ്ണ് പൊന്ന് വിളയിച്ചു. കാട്ടുമൃഗങ്ങളെ പേടിച്ചും വിളനാശത്തിന്റെ പ്രശ്നങ്ങൾ നേരിട്ടും അവർ പച്ചപിടിച്ചുവന്നു. പ്രകൃതി പ്രതികാരം ചെയ്യുന്ന മട്ടിലാണ് വിഷകന്യകയുടെ കഥയുടെ കിടപ്പ്. അവർ തീർത്തും വികാരപരമായിട്ടാണ് പ്രകൃതിയെ സമീപിക്കുന്നത്. മണ്ണിനായി തേടിവന്നവർ തോറ്റുമടങ്ങുകയും അവിടേക്ക് വീണ്ടും അതേ ലക്ഷ്യത്തോടെ പുതിയ ആളുകൾ കടന്നുവരികയും അവരുടെ തുടർച്ച എന്നോണം പ്രകൃതിയെ വെല്ലുവിളിക്കുകയും ചെയ്യുന്നു.

മാധവിയോടാണ് അവിടത്തെ മണ്ണിനെ നോവലിസ്റ്റ് താരതമ്യം ചെയ്യുന്നത്. അവളുടെ ചേഷ്ഠകളോടാണ് മണ്ണിന്റെ ഭാവങ്ങളെ നോവലിൽ സാമ്യപ്പെടുത്തുന്നത്. അത്തരത്തിൽ നോക്കുമ്പോൾ മണ്ണും പെണ്ണും അവിടെ വിഷകന്യകമാരായി നിലകൊള്ളുന്നു. സ്ത്രീവിരോധിയും ഈശ്വരവിശ്വാസിയുമായി കഴിഞ്ഞിരുന്ന അന്തോണിയെ തന്റെ കാമവലയത്തിൽപെടുത്തി കീഴ്പ്പെടുത്തുന്ന മാധവി കന്നിമണ്ണുപോലെയാണ് അവനെ കൊതിപ്പിക്കുന്നത്. മണ്ണിനെയും പെണ്ണിനെയും പ്രതീകവൽക്കരിച്ചതിനു പിന്നിൽ ഐതിഹ്യഘടകങ്ങളുമുണ്ട്. മണ്ണിന്റെ പുത്രിയായെത്തുന്ന സീതയെപ്പോലെ ഉദാഹരണങ്ങൾ.ഉർവ്വരമായും ഊഷരമായും മാറുന്ന മണ്ണിനെപ്പോലെ പെണ്ണും ഭാവപ്പകർച്ചനേടുന്നതായുള്ള കാൽപനികഭാവങ്ങളും

കുറവല്ല.പിരിഞ്ഞുപോകുന്ന ഘട്ടത്തിൽ അന്തോണി മാധവിയെയും മണ്ണിനെയും ഉപമിക്കുന്നത് ഇങ്ങനെയാണ്...'അതേ, പ്രേമപിശാചേ, ഈ പ്രകൃതിയുടെ ഉടപ്പിറപ്പായ നീയും മറ്റൊരു വിഷകന്യക തന്നെ'.

വിഷകന്യക സ്ഥലബന്ധിതമായൊരു ആഖ്യാനം മുന്നോട്ടുവെക്കുന്നു. ഭൂപ്രകൃതിയും മണ്ണും പ്രധാനമാവുന്നു. അതുതന്നെയാവുന്നു കേന്ദ്രകഥാപാത്രം. മണ്ണും മനുഷ്യനും കൃഷിയും തമ്മിലുള്ള ബന്ധം ചിത്രീകരിക്കുക എന്നതിലുപരിയായി വയനാടൻ മണ്ണിന്റെ വേറിട്ട ഭാവങ്ങൾ നോവൽ പകർത്തുന്നു. നിഗൂഢവും വന്യവുമായ ഒന്നിലേക്കുള്ള പ്രയാണമാണ് നോവൽ. അപരിചിതമായ കുടിയേറ്റകാഴ്ചകൾ കാണിച്ചുതരുന്നതിനൊപ്പം മനുഷ്യനെ മോഹിപ്പിക്കുന്നതും നാശത്തിലേക്ക് നയിക്കുന്നതുമായ കറുത്ത മണ്ണിന്റെ വന്യതയെ ഭാവനാത്മകമായി അവതരിപ്പിച്ചിരിക്കുന്നു.

അറിയാത്ത നാട്ടിലേക്കുകുടിയേറി ജീവിതം കെട്ടിപ്പടുക്കാനുള്ള അതിയായ മോഹം കൊണ്ട് കഠിനാധ്വാനം ചെയ്യുന്ന മനുഷ്യർ. അവർക്കിടയിലേക്ക് വിളനശിപ്പിക്കുന്ന പന്നിയായും, മലമ്പനിയായും വിധികടന്നുവരുന്നു. മനുഷ്യർ ഇത്തരം പ്രകൃതിജന്യമായ പ്രതിസന്ധികൾക്കു മുന്നിൽ നിസ്സഹായരാവുന്നു. ഒരു പ്രദേശത്തിന്റെ കഥപറയാൻ കഥാപാത്രങ്ങളെഅങ്ങോട്ട് ആനയിച്ച പ്രതീതിയാണ് നോവലിനുള്ളത്. അതിനോടുതോറ്റു മടങ്ങുന്ന മനുഷ്യൻ. മണ്ണവിടെ വിജയിയായി മാറുന്നു. സാധാരണ സർവ്വംസഹയായ ഭൂമിയ്ക്കുപകരം ആരെയും നിലനിർത്താത്ത തന്നിഷ്ടക്കാരിയായമണ്ണിനെ കാണിച്ചുതരുന്നു. പെണ്ണിനും ഈ ഭാവം ചാർത്തുന്നു. നോവലിലുടനീളംമണ്ണിനെപ്പറ്റിയുള്ള പരാമർശങ്ങൾ നിറഞ്ഞുനിൽക്കുന്നു.

ജീവിതവും മണ്ണും അഭേദ്യമാംവിധം കൂടിച്ചേർന്നുകിടക്കുന്നതായി വായനയിലുടനീളം തോന്നും.ഓരോ മൺതരിയും ജീവിതമായി മാറുന്നതുപോലെ. ജീവിതത്തിന് അവർ പുതിയ അർത്ഥങ്ങൾ കാണാൻ ശ്രമിക്കുന്നത് പോലെ. നോവലിൽ കുടിയേറ്റക്കാരെ മുൻവിധിയോടെയാണ് നാട്ടുകാരും വരവേൽക്കുന്നത്. അതേ സ്വഭാവമാണ് പ്രകൃതിയുടെ ഭാഗത്തുനിന്നും പ്രതീക്ഷിക്കുന്നത്. സംരക്ഷണവും സംഹാരവും മണ്ണിന്റെ ഭാവങ്ങളാണെന്ന് നോവൽ പറയുന്നു. നായകനും നായികയുമെല്ലാം ഇവിടെ മണ്ണാണ്. ആരും ഉഴുതുമറിക്കാത്ത കന്നിമണ്ണ്. കുടിയേറ്റത്തെ അതീവ തീവ്രതയോടെ നോവൽ ഏറ്റെടുത്തിട്ടുണ്ട്.

ഇരുപതാം നൂറ്റാണ്ടിലെ കേരളചരിത്രത്തിൽ പ്രധാനമായ ഒരു സംഭവപരമ്പരയാണ് മലബാർ കുടിയേറ്റം. ഒരു ജനത സാഹസികതകൊണ്ടും നിശ്ചയദാർഢ്യം കൊണ്ടും മെനഞ്ഞെടുത്ത ജീവിതത്തിന്റെ കഥപറയുകയാണ് വിഷകന്യക. സാധാരണയായി കുടിയേറ്റങ്ങൾ കൂടുതൽ ജീവിതസൗകര്യങ്ങളിലേക്കോ വൻനഗരങ്ങളിലേക്കോ ആയിരിക്കും. അതിനാൽതന്നെ കുടിയേറ്റത്തിന് ഒരു ലാഭേച്ഛയുടെ ഭാവം ഉണ്ടായിരുന്നു.എന്നാൽ ലോകം മുഴുവൻ കലാപവും അഭയാർത്ഥി പ്രവാഹവും കടന്നുവന്ന കാലത്ത് കുടിയേറ്റം എന്നത് ജീവിതം തേടിയുള്ള പ്രാഥമിക യാത്രയായി മാറി. അവർ ജീവിതം കെട്ടിപ്പടുക്കാനും ആഹാരവും പാർപ്പിടവും ആഗ്രഹിച്ചും രാജ്യങ്ങൾ മാറി കുടിയേറി നടക്കുന്നതാണ് വർത്തമാന കാഴ്ച.

നാഗരികമായ അന്തരീക്ഷത്തിൽനിന്നും വിദൂരവും അപരിചിതവും അപരിഷ്കൃതവുമായ ഒരു വന്യപ്രദേശത്തേക്ക് കുടിയേറാൻ സന്നദ്ധരായി എന്നതാണ് മലബാർ കുടിയേറ്റത്തിന്റെ സവിശേഷത. കുടിയേറ്റം രണ്ട് സംസ്കാരങ്ങളുടെ സങ്കലനമാണ്. അതുപോലെത്തന്നെ രണ്ട് പ്രദേശങ്ങളുടെ ചരിത്രത്തിന്റെയും കൂടിച്ചേരലാണ്. ഇത്തരത്തിൽ ഉണ്ടാക്കപ്പെടുന്ന ചരിത്രങ്ങളുടെ കൂടി കഥയാണ് വിഷകന്യക. കുടിയേറ്റത്തിന്റെ കാരണങ്ങൾ പലതാവും. സാമൂഹ്യ സാമ്പത്തിക രാഷ്ട്രീയ ഭൂപരമായ കാരണങ്ങൾ അവിടെ കടന്നുവരാം. ഒന്നാം ലോകമഹായുദ്ധത്തോടെയുണ്ടായ സാമ്പത്തികമാന്ദ്യവും കൃഷിഭൂമിയുടെ കുറവും അതിന്റെ ഭാഗമായിവന്ന കൂടിയ തോതിലുള്ള നികുതി പിരിവും തിരുവിതാംകൂറിലെ ജനജീവിതം ദുസ്സഹമാക്കിയിരുന്നു. വ്യക്തിസ്വാതന്ത്ര്യത്തിനു വിലങ്ങിടുന്ന ഭരണനയങ്ങൾ കൊണ്ട് പൊറുതിമുട്ടിയ കൃഷിക്കാരായിരുന്ന ക്രിസ്ത്യാനികളിലെ ഒരു വിഭാഗം കൂടുതൽ കൃഷിസ്ഥലങ്ങൾ തേടിയിറങ്ങി. കുറഞ്ഞ വിലയ്ക്കുകിട്ടുന്ന ഭൂമികളിൽ കൃഷി ആരംഭിച്ചു. ആദ്യം മുണ്ടക്കയം, പീരുമേട് തുടങ്ങിയ ഹൈറേഞ്ച് സ്ഥലങ്ങളിലേക്ക്. പിന്നീട് മലബാറിലേക്ക്. 1933ലെ

മലബാർ മരുമക്കത്തായ നിയമപ്രകാരം തറവാട്ടുസ്വത്തുക്കൾ ഭാഗിക്കാൻ ആരംഭിച്ചു. അതോടെ ഭൂമിയെല്ലാം വിൽക്കാൻതുടങ്ങി. അക്കാലത്തെ ദിവാനായിരുന്നസർ സി.പിയുടെ നയങ്ങൾ ക്രിസ്ത്യാനികൾക്ക് താങ്ങാവുന്നതിലപ്പുറമായിരുന്നു. ഇതും മലബാർ കുടിയേറ്റം വ്യാപകമാവാൻ കാരണമായി. ബൈബിൾ കാലംതൊട്ടുള്ള പുറപ്പാടിന്റെ ബോധ്യങ്ങളെ കഥാകൃത്ത് ഇതോടു ബന്ധിപ്പിക്കുന്നു.

ഉള്ളതെല്ലാം വിറ്റുപെറുക്കി പുതുജീവിതം തേടിവന്നവർ അവിടെ മണ്ണിൽ അധ്വാനത്തിന്റെ വസന്തങ്ങൾ വിരിയിച്ചു. സംസ്ഥാനത്തിന്റെ തന്നെ മുഖഛായമാറ്റുന്ന പ്രവൃത്തികളായിരുന്നു പിന്നീട് നടന്നത്. അവരാവിഷ്ക്കരിച്ച നവീന സംവിധാനങ്ങൾ പല മേഖലയിലും മാറ്റങ്ങൾ കാണിച്ചു. കുടിയേറ്റത്തിന്റെ അനന്തരഫലമായെത്തുന്ന പകർച്ചവ്യാധികളും പട്ടിണിയും നിരവധി ജീവനുകളെടുത്തു.

വിഷകന്യകയ്ക്ക് കൃത്യമായ ഘടനയില്ല. അത് പലരുടേയും ഒരു ജീവിതം പറയുകയാണ്. അതിൽ തോൽവിയും ജയവും ഇടയ്ക്കിടെ കടന്നുവരുന്നു. അവരുടെ ജീവിതാസക്തിയെ കൃത്യമായി രേഖപ്പെടുത്തുണ്ട്. ഏതാനും കുടുംബങ്ങളുടെ അനുഭവപരിസരം ഒരു പ്രദേശത്തിന്റെ ചരിത്രമായി മാറുന്നു.പരാജയപ്പെടുന്ന കൃഷിക്കാരന്റെ, കുടിയേറ്റക്കാരന്റെ കഥകൂടിയാണ് വിഷകന്യക.

വിഷകന്യക എന്ന മിത്തിക്കൽ രൂപത്തെ നോവലിലേക്ക് കൊണ്ടുവരിക വഴി നോവൽ മലനാടിന്റെ ഫോക് ലോറിക്കായ അംശത്തെ കണ്ടെത്താൻ നോവലിസ്റ്റ് ശ്രമിക്കുന്നു. വിശ്വാസവും ഭയവും രൂപപ്പെട്ടു വരുന്നതിനെ കുറിച്ചും അത്തരം മനുഷ്യരുടെ പ്രകൃതിയുമായുള്ള ഇടപെടലുകളെക്കുറിച്ചും സൂചനകൾ കാണാം.പ്രകൃതിഭംഗിയെ വാഴ്ത്തുന്നതിനൊപ്പം അതിലൊളിഞ്ഞിരിക്കുന്ന ഭീകരതയെകുറിച്ച് മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു.

പൊറ്റെക്കാട് നിലനിർത്തുന്ന കാല്പനികഭാവം പോലെത്തന്നെ അതിറിയലിസ്റ്റിക്കായ ഭാവങ്ങളും കാണാവുന്നതാണ്. മനുഷ്യപ്രകൃതിയും പ്രകൃതിയും തമ്മിലുള്ള സംഘട്ടനമാണ് പശ്ചാത്തലം.പൊറ്റക്കാട് എന്ന യാത്രാവിവരണകാരന്റെ  കാഴ്ച വിഷകന്യകയെ നല്ലവണ്ണം സ്വാധീനിച്ചിട്ടുണ്ട്. നോവലിലുടനീളം ഒളിഞ്ഞും തെളിഞ്ഞുമുള്ള വിവരങ്ങളിൽ അത് വ്യക്തമാണ്. അതുകൊണ്ട്തന്നെയാണ് അദ്ദേഹത്തിന്റെ ആഖ്യാനത്തിൽനിന്നും ആ നാടിന്റെ സാമൂഹിക സാഹചര്യം കൂടി മനസ്സിലാക്കിയെടുക്കാൻ സാധിക്കുന്നത്. സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ പ്രതിനിധികളായെത്തുന്ന കഥാപാത്രങ്ങളെയാണ് കാണാനാവുക. മണ്ണും പെണ്ണും നന്നാക്കിയാൽ നന്നാവുമെന്ന നാട്ടുചൊല്ലിനെ വിഷകന്യക ഉപയോഗിക്കുന്നു. നന്നാവുകയല്ല, അത് ഭീതിതമായ, ഉറക്കം കെടുത്തുന്ന സ്വപ്നമായി തിരിച്ചടിക്കും എന്ന തിരിച്ചറിവിലേക്ക് നോവൽ നയിക്കുന്നു.

മലബാറിൽ ജന്മിത്വത്തിന്റെ തകർച്ചയോടെകയ്യിലുള്ള ഭൂമി ആവശ്യക്കാർക്ക് ചാർത്തി രക്ഷപ്പെടുകയായിരുന്നു ജന്മികൾ. തിരുവിതാംകൂറിൽനിന്നും വന്ന പുത്തൻപണക്കാർ ഭൂമിവാങ്ങിക്കൂട്ടുന്ന ചിത്രം വിഷകന്യകയിലുണ്ട്. തിരുവികാംകൂറിൽനിന്നും മലബാറിലേക്കുണ്ടായ കുടിയേറ്റമാണ് കേരളത്തിലുണ്ടായ വലിയ കുടിയേറ്റം.

### 3.2.1. 'വിഷകന്യക' അനാവൃതമാക്കുന്ന ഭൂമിക

'അജ്ഞാതമനോഹരവും ഫലഭൂയിഷ്ടവുമായ മലബാറിലെ മലയോരങ്ങൾ അവർക്ക് സ്വാഗതമരുളാൻ കാത്തുനിൽക്കുന്നു. അവിടെ മതപരമായ മർദ്ദനമില്ല.സാമുദായിക സംഘടനകളില്ല. രാജകീയ ദുഷ്പ്രഭുത്വത്തിന്റെ ചെരിപ്പുനക്കി, ശംഖുമുദ്രയുടെ മുന്നിൽ പഞ്ചപുച്ഛമടക്കി, ആശകളുമായി നാളുകൾ കഴിക്കേണ്ട. പ്രകൃതിയുമായി ഒത്തിണങ്ങി സ്വാതന്ത്ര്യത്തോടെ ജീവിക്കാം. സുഖിക്കാം. സമ്പാദിക്കാം. ആധിപത്യം സ്ഥാപിക്കാം' (പു. 12).

കുടിയേറുന്നവരോട് പോകാൻ കഴിയാത്തവർക്ക് അനുകമ്പയും അസൂയയുമുണ്ട്. അനുകമ്പ നാട് വിട്ട് പോകേണ്ടിവരുന്നതിന്റെയും അസൂയ പുതിയ നാട്ടിലെ സൗകര്യങ്ങളെ കുറിച്ച് ആലോചിച്ചിട്ടുമാണ്. മലബാറിലെ നാട്ടുമ്പുറങ്ങൾ ഇങ്ങനെ കുന്നും വയലും

കലർന്നതായിരിക്കുമോ?മലയാളം തന്നെയാകുമോ സംസാര ഭാഷ? പെരുച്ചാഴികളും പോലീസും ശല്യം ഉണ്ടാക്കുമോ എന്നിങ്ങനെ പലതാണ് അവരുടെ മനസ്സിൽ ഉയരുന്ന ചോദ്യങ്ങൾ. ചുരുക്കിപ്പറഞ്ഞാൽ പോകുന്ന നാടിനെ കുറിച്ച് ഒരു വിവരവും ഇല്ലാതെയാണ് അവർ മലകയറുന്നത്. കട്ടവനെ കിട്ടിയില്ലെങ്കിൽ കണ്ടവനെ പിടിക്കുന്ന തിരുവിതാംകൂർ ഭരണത്തിൽ നിന്നും രക്ഷപ്പെടുക എന്നതുമാത്രമായിരുന്നു അവരുടെ ലക്ഷ്യം.

'ആലപ്പാട്ടാലങ്ങോട്ടേലിക്കുട്ടി-അവള്

എൺപത്തെട്ടോലക്കെട്ടെണ്ണിക്കെട്ടീ..'(പു. 14).

തിക്കിത്തിരക്കി വണ്ടിയിലിടം പിടിച്ച് ഉള്ള സമ്പാദ്യവും കൊണ്ട് യാത്ര തിരിക്കുന്ന അവർക്ക് കൂട്ടായുള്ളത് തിരുവിതാംകൂർ പതിച്ചു നൽകിയ സംസ്കാരിക മുദ്രകൾ മാത്രമാണെന്ന് കാണാം. അവരുടെ ആശങ്കകളിലും പാട്ടിലും സംസാരത്തിലും ഉദ്ദേശ്യങ്ങളിലും അത് പ്രകടമാണ്.

'മലബാറിലെ കിഴക്കൻ മലകളുടെ കടയ്ക്കൽ പറ്റിനിൽക്കുന്ന ഒരു കൊച്ചുഗ്രാമം. അറ്റമില്ലാതെ കിടക്കുന്ന കുറ്റിക്കാടുകൾക്കും കരപിടിച്ചു നിൽക്കുന്ന വയലുകൾക്കും ഇടയിൽ അവിടവിടെ ഒറ്റപ്പെട്ടുനിൽക്കുന്ന പുരകൾ. മലവാഴകളുടെയും മുളങ്കാടുകളുടെയും മറവിൽ പുല്ലുമേഞ്ഞ പുരകൾ പൊങ്ങി നിന്നു' (പു.15).

മലകേറി വന്ന ക്രിസ്ത്യാനികളോട് കുഞ്ഞമ്പുക്കുറുപ്പിനുള്ള ഇഷ്ടക്കേട് അവരെ നാട് കടത്തി വിട്ടതാണെന്നും തെമ്മാടികളും പോക്കിരികളുമാണെന്നുമുള്ളധാരണയാണ്. എന്തെങ്കിലും പ്രശ്നമൊപ്പിക്കാതെ ഈ മലമുകളിലേക്ക് ഇത്രയധികം ആളുകൾ വന്നുചേരുമോ എന്നദ്ദേഹം സംശയിക്കുന്നു.

സ്ഥലത്തിന്റെ ഏജന്റായ കൊച്ചുവറീത് തിരുവിതാംകൂറിൽ പോയി മലനാടൻ മണ്ണിന്റെ ഗുണഗണങ്ങൾ പറഞ്ഞ് ആളുകളെയും കൂട്ടി വന്ന് കമ്മീഷൻ പറ്റി പണക്കാരനാവുന്നു. മലബാറിലെ ജന്മികൾക്ക് ഇതൊരു സ്ഥലക്കച്ചവടം മാത്രമായിരുന്നു.

'ചുറ്റുപാടും മുറ്റിനിൽക്കുന്ന പൊന്തക്കാടുകളും തൊട്ടാവാടിപ്പടർപ്പുകളും വെട്ടി നീക്കിയാൽ കാണപ്പെടുന്നത് കനകം പോലുള്ള കറുത്ത മണ്ണാണ്. വിലമതിക്കാൻ കഴിയാത്ത ധാന്യവിഭവങ്ങൾ വിളമ്പുന്ന ഒരു സ്വർണത്തളികയാണ് ആ പച്ചപ്പരവതാനികൊണ്ട്മൂടിവെച്ചിരിക്കുന്നത്'(പു.27).

കായ്കറികൾ, കശുമാവ്, നെൽകൃഷി, ഏത്തവാഴ, മരച്ചീനി, മുത്താറി, ചാമ, പയർ, അങ്ങനെ മണ്ണ് നോക്കി നിൽക്കുന്ന മറിയത്തിന്റെ മനസ്സിൽ കൃഷി വിളകളുടെ രൂപവും ഇടവും തെളിഞ്ഞു. ദീർഘകാലത്തേക്കുള്ള ഒരു ആസൂത്രണമാണ് മറിയ അവിടെ ചെയ്യുന്നത്. കൈവശാവകാശമോേ കുടിയായ്മ നിയമമോ ഇല്ലാത്ത ജന്മി നിയമം വാഴുന്ന തിരുവിതാംകൂറിൽ ജീവിച്ചുവളർന്നതിന്റെ ലക്ഷണങ്ങൾ മറിയയുടെ സ്വഭാവത്തിലുണ്ട്. മുൻകരുതലും അക്ഷീണ പരിശ്രമവും പക്ഷെ അവസാനം വരെ ഫലം കാണുന്നില്ലെന്ന് മാത്രം.പട്ടാളത്തിലേക്ക് അല്ലെങ്കിൽ മലബാറിലോട്ട് എന്നതായിരുന്നു അന്നത്തെ തിരുവിതാംകൂറിലെ ജനതയുടെ അവസ്ഥ. അവരെ മലനാട്ടിലെത്തിച്ച ഗതികേട് അവരുടെ ഏത് ശ്രമത്തിനും പിന്നിൽ കാണാം.

'മലബാറിലെ കിഴക്കൻ കാനനത്തോപ്പുകളിൽ ഞാഞ്ഞൂൽപ്പുറ്റുകൾ പോലെ മുളങ്കുടിലുകൾ പൊങ്ങിത്തുടങ്ങി. മലമ്പാമ്പുകൾ മയങ്ങിക്കിടന്നിരുന്ന പാറയിടുക്കുകൾ കൃഷിയായുധങ്ങളുടെ അറയായി മാറി. നരച്ചു വളർന്ന താടിയും വെച്ചുറങ്ങുന്ന അപ്പൂപ്പൻ കുന്നുകൾ, കായ്കനികൾ നിറച്ച മരതകത്താലവുമേന്തി നിൽക്കുന്ന അപ്സരസുകളായി മാറി' (പു. 29).

മറിയത്തിന്റെകരുത്ത് തിരുവിതാംകൂറിലെ എല്ലാ സ്ത്രീകളിലും കാണുന്ന ഒന്നല്ല. മാത്തന്റെ മടിയായിരിക്കാം അതിനൊരു കാരണം. മക്കളെ വളർത്തുന്നതും വീട്ടുകാര്യങ്ങൾ നോക്കുന്നതും കൃഷിപ്പണിചെയ്യുന്നതും അവരുടെ ദിനചര്യപോലെയാണ്.

'കല്ലുകുഴിച്ചിട്ടാൽ കൂടി കതിർപൊടിക്കും കുന്നിൻചെരുവിൽ നിന്നു കുഴിച്ചെടുത്തമണ്ണ് അപ്പോഴും അവന്റെ കയ്യിൽ മുറുക്കെപ്പിടിച്ചിരുന്നു'(പു. 38).

പട്ടിണിയെയും പട്ടരെയും പേടിച്ച് മലബാറിലേക്ക് വന്നവരെ പനിയും പന്നിയും പുല്ലും വിഷമിപ്പിച്ചു എന്ന് കാവ്യഭംഗിയിൽ ഔസേപ്പ് പറഞ്ഞുവെക്കുന്നുണ്ട്. മണ്ണിന്റെ സവിശേഷതകളെ പുകഴ്ത്തുന്നതിനൊപ്പം തന്നെ അവിടെ കാത്തിരുന്ന പ്രശ്നങ്ങളെയും അഭിമുഖീകരിക്കേണ്ടിവരുന്നു. കള്ളുകുടിയും തെറിവിളികളുമായി പൊതു സമൂഹത്തിലിറങ്ങുന്ന കുടിയേറ്റക്കാരെ സാമൂഹിക വിരുദ്ധരായാണ് മറ്റുള്ളവർ കാണുന്നത്. നാട് നശിക്കാൻ അത് കാരണമാവുമെന്നവർ വിശ്വസിച്ച് വന്നു. കുടിയേറിയവർ കടകളും വ്യവസായവും തുടങ്ങി അവിടെ പുതിയൊരു സാംസ്കാരികാന്തരീക്ഷം സൃഷ്ടിച്ചു. മഴക്കാലം മലമ്പനിയുടെ കൂടി കാലമായിരുന്നു. വെള്ളം കയറി വിളകൾ നശിക്കുകയും മലമ്പനി വന്ന് ആളുകൾ മരിക്കുകയും ചെയ്തു. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളോ വൈദ്യ സഹായമോ ഇല്ലാതെ അവർ വിഷമിച്ചു. പലരും മരണത്തിന് കീഴടങ്ങി. കിലോമീറ്ററുകൾ പോയി ആശുപത്രിയിൽ കാണിക്കുക എന്നത് അവർക്ക് ചിന്തിക്കാൻ പറ്റാത്ത കാര്യമായിരുന്നു.

'മണ്ണ് വെറും മണ്ണ് എന്നാൽ മഹത്തരമായ മണ്ണ്. മനുഷ്യജീവിതത്തിന്റെ പ്രാഥമികാവശ്യങ്ങൾ പലതും അതിൽനിന്നും ലഭിക്കുന്നു. പോരാ മനുഷ്യത്വത്തിന്റെ പ്രാഥമികമായ അംശം തന്നെയാണത്.മറിയം കിളച്ചുമറിച്ചിട്ട കാട്ടുമണ്ണിന്റെ ഒരു കട്ടകൈയിലെടുത്തു. അവളുടെ ആശകൾ ആ കാട്ടുമൺകട്ടയിൽ ഒട്ടിപ്പിടിച്ചു കിടക്കുന്നുണ്ട്. അവളുടെ കിതപ്പും വിയർപ്പും നെടുവീർപ്പും ഇഴുകിപ്പിടിക്കുന്ന മണ്ണാണത്' (പു.40).

മറിയം കഥയിലെ പ്രധാന കഥാപാത്രമാവുന്നതും അവളുടെ മരണം അനിവാര്യ ദുഖമാവുന്നതും ഇതുകൊണ്ടുകൂടിയാണ്. മറിയത്തിന് മണ്ണിനോടുള്ളത് അടങ്ങാത്ത ആഗ്രഹമാണ്. അതിനായവൾ വിയർപ്പൊഴുക്കാൻ തയ്യാറായിരുന്നു. വിത്തു നടുക, കൊമ്പ് നാട്ടുക, തടം വെട്ടുക, വരമ്പ് മാടുക, വളം വയ്ക്കുക, ചാല് കുഴിക്കുക, കുഴി മൂടുക എന്നിങ്ങനെ കൃഷിക്ക് വേണ്ടി മറിയം നിരന്തരം പരിശ്രമിച്ചു.

'അവിടെ അങ്ങിങ്ങായി ചില ചെറ്റപ്പുരകളുടെ അവശിഷ്ടങ്ങളും കുണ്ടുകിണറുകളും മണ്ണടിഞ്ഞു കിടന്നിരുന്നു. മനുഷ്യന്റെ കാറ്റും നാറ്റവും ദിക്കിലെങ്ങുമില്ലെന്നുതന്നെ പറയാം. ... മലമ്പനി കൊണ്ടു മരണത്തിലേക്കും ഗതിമുട്ടി തിരികെ നാട്ടിലേക്കും എല്ലം ഇട്ടെറിഞ്ഞു മറഞ്ഞുപോയ മനുഷ്യരുടെ പ്രയതക രേഖകളാണ് ആ പാഴ് നിലത്തിൽ പതിഞ്ഞു കിടക്കുന്നത്. ആ മലനിലത്തിൽ അവർ വെള്ളിനാണയങ്ങളും വിയർപ്പും ചൊരിഞ്ഞ്, പ്രകൃതിയോട് പടപൊരുതി പ്രഭാതം തൊട്ടു പ്രദോഷം വരെ വേല ചെയ്തു. ഓരോ തുള്ളി വിയർപ്പും ഓരോ വെള്ളി നാണ്യം വിളയിക്കുന്നതും കാത്തിരുന്നു. എന്നാൽ അതനുഭവിക്കാൻ അവർക്ക് കഴിഞ്ഞില്ല' (പു. 142).

എല്ലാവരും കുടിയിറങ്ങിയ മലനാടൻ മണ്ണിന്റെ കാഴ്ചയാണ് വാക്കുകളിൽ. എല്ലായിടവും മരണം കീഴടക്കിയിരിക്കുന്നു. പിടിച്ചു നിൽക്കാൻ കഴിയാതെ കുടിയിറങ്ങിയ മനുഷ്യരുടെ ബാക്കിപത്രങ്ങൾ. കുടിയേറ്റക്കാരെന്നും കുടിയേറ്റക്കാരായിതന്നെ തുടരുന്ന കാഴ്ച ഇവിടെ തുടങ്ങുന്നു. മലനാടിന്റെ മേന്മ കേട്ട് അപ്പോഴും ആളുകൾ മലകയറി വന്നുകൊണ്ടിരിക്കുന്നതായി പരാമർശം കാണാം. മണ്ണിനോടുള്ള ആവേശം നശിക്കുന്നതല്ല. അതുപോലെതന്നെ അവർ കടന്നു വരുന്ന ജീവിത സാഹചര്യത്തിനും മാറ്റമില്ലെന്ന് കാണാം. കഥയുടെ ഗതിക്കൊപ്പം മാധവിയുടെയും അന്തോണിയുടെയും കഥകൂടി അവസാനത്തിലെത്തുന്നു. മാധവിയോട് തോന്നുന്ന അതേ ഭയം അന്തോണിക്ക് ആളുകളെ ആകർഷിച്ച് വരുത്തുന്ന മണ്ണിനോടും തോന്നുന്നുണ്ട്.

വയനാടൻ തരിശുഭൂമിയെയാണ് വിഷകന്യക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിഷകന്യകയെ ഇങ്ങനെ സ്ഥാനപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിന്റെ ചരിത്രവും പശ്ചാത്തലവും കഥയിൽ വരുന്നുണ്ട്. ആദ്യം കണ്ട കുടിയേറ്റ ഭൂമിയല്ല അവസാനത്തിൽ എത്തുന്ന മണ്ണ്.കർഷകനും കൃഷിഭൂമിയും എന്നതിൽ നിന്നും തുടങ്ങി മണ്ണും മനുഷ്യനും തമ്മിലുള്ള ആത്മബന്ധത്തിലേക്കും വൈര്യത്തിലേക്കും കഥാഗതി മാറുന്നു. പ്രതികരണഭാവമുള്ളതാണ് വിഷകന്യകയിലെ മണ്ണ്. അത് മനുഷ്യനോട് നിരന്തരം പ്രതികരിക്കുന്നതിനോടൊപ്പം വൈകാരികമായി വികസിക്കുകയും ചെയ്യുന്നു.നോവലിലുടനീളം മണ്ണിലധിഷ്ടിതമാണ് കഥപറച്ചിൽ. കീഴടക്കാനാവാത്ത വന്യതയെ കീഴടക്കിയതിന്റെ ധാർഷ്ട്യം ആ കുടിയേറ്റക്കാരിലുണ്ട്. വന്യമായതിന്റെ ഭംഗി അകലെ നിന്നു മാത്രമാണെന്നും അടുക്കുന്തോറും അത് വിഷലിപ്തമാണെന്നും അതിനെ കീഴടക്കൽ അസ്വസ്ഥപ്പെടുത്തുമെന്നുംപറയുകയാണ് കഥാകൃത്ത്. പരാജിതനായി പോകുമ്പോഴും വന്യപ്രദേശം അവരെ കൊതിപ്പിക്കുന്നതായി കാണാം.

കുടിയേറ്റം ഒരു സമൂഹത്തിന്റെ ജനജീവിതത്തെ മാത്രമല്ല അവിടത്തെ പ്രകൃതിയെക്കൂടി മാറ്റിത്തീർക്കുന്നു. ഒരുപ്രദേശത്തിന്റെ സാഹിത്യ സാംസ്കാരിക ഭൂപടം തയ്യാറാക്കുമ്പോൾ അത്തരം പ്രദേശങ്ങളിൽ രൂപപ്പെട്ടുവന്നിട്ടുള്ള സൗന്ദര്യശാസ്ത്ര ബോധവും പ്രധാനമാണ്. മണ്ണ് എല്ലാറ്റിലുമുപരിയായി മനുഷ്യനെ ഒന്നുചേർക്കുന്ന ഒന്നായിരിക്കെ വിഭജിക്കപ്പെട്ട് മനുഷ്യന്റെ സ്വകാര്യസ്വത്തായി മാറിയിരിക്കുന്നു. മണ്ണിനുവേണ്ടിയുള്ള യുദ്ധങ്ങൾ എന്നും ഇതിഹാസങ്ങളാണ്. പ്രാദേശികമായി എഴുതപ്പെടുന്ന നോവലുകൾ സ്ഥിരമായി ഏതെങ്കിലും ഒരു സ്വത്വത്തെ പിന്തുണക്കുന്നതായിരിക്കും. പൊതുസമൂഹത്തിന് ഒരു സാഹിത്യസ്വഭാവം നിലനിൽക്കുന്നതുകൊണ്ടാണ് അരികുവൽക്കരിക്കപ്പെട്ടവിഭാഗങ്ങളുടേതായ സാഹിത്യരൂപങ്ങൾ രൂപപ്പെടുത്തേണ്ടിവരുന്നത്. അവർക്ക് തങ്ങളുടേതെന്ന് അവകാശപ്പെട്ടുകൊണ്ട് പലതും ആവിഷ്ക്കരിക്കേണ്ടി വരുന്നത്. അത്തരം ആവിഷ്ക്കാരങ്ങളിൽ ഒളിഞ്ഞിരിക്കുന്നത് ഗോത്രസംസ്കാരവുമായി ബന്ധപ്പെട്ട ഘടകങ്ങളാണ്. ഭൂമിയുമായി ബന്ധപ്പെട്ട സ്വത്വബോധങ്ങൾ വേറിട്ട് തന്നെ നിലനിൽക്കുകയുംസാഹിത്യരൂപത്തിലൂടെ കൂടുതൽ പേരിലേക്ക് എത്തുകയും ചെയ്യുന്നു.

### 3.3. മലനാടിന്റെ പ്രതിനിധാനം നോവലുകളിൽ ഒരു വിശകലനം

#### 3.3.1. സ്ഥലം/ ഭൂമിശാസ്ത്രം

കേരളത്തിലെ വ്യത്യസ്ത ജില്ലകളിലായുള്ള മലനാടൻ ഭൂപ്രകൃതിയാണ്ഈ നോവലുകളിൽ കടന്നു വരുന്നത്. ചെങ്ങാറും കുട്ടാളും ഇടുക്കി ജില്ലയിലെ ഇടമലക്കുടി പ്രദേശത്തെ കാടും മലയോരങ്ങളും താമസയോഗ്യമായ വനാന്തർഭാഗങ്ങളും ചിത്രീകരിക്കുന്നു. പ്രധാന ഭാഗവും ഇപ്പോഴും കാടായി തന്നെ സംരക്ഷിച്ച് പോരുന്നു. ചിലഭാഗങ്ങൾ പ്ലാന്റേഷൻ കൃഷിക്കും മാറ്റുമായി വളച്ചുകെട്ടിയെടുത്തിട്ടുണ്ട്. മലയിടുക്കുകൾക്കുംമലമ്പാതകൾക്കും മുകളിലാണ് അടിച്ചിത്തൊട്ടി എന്ന മുതുവാക്കുടി സ്ഥിതിചെയ്യുന്നത്. പുൽമേടുകൾതീരുന്നിടത്തെ വലിയ കൊടുമുടി ഊരിന്റെ അതിർത്തിയാണ്.

മനുഷ്യർ നടന്ന് രൂപപ്പെട്ട വഴികൾ. ശ്രദ്ധിച്ചില്ലെങ്കിൽ വഴുക്കിപ്പോവുന്ന, ചവിട്ടിയാൽ കുഴയുന്ന മണ്ണാണ് ഊരിലുള്ളത്. മുതുവാന്മാരുടെ താമസം മലയോരങ്ങളിലായതിനാൽ കാറ്റിന്റെ ആധിക്യം ചെറുക്കാൻ വീടിന് മുന്നിൽ കാറ്റുപെട്ടകൾ വെക്കാറുണ്ട്. മഴക്കാലത്ത് താഴ്വരകളിൽ വെള്ളം പൊങ്ങുകയും നടവഴി തടസ്സപ്പെടുകയും ചെയ്യുന്നു. മഴയത്ത് കയറി നിൽക്കാൻ ഇടങ്ങളില്ലാത്തതിനാൽ ഊര് വരെ നനഞ്ഞ് പോവുകയാണ് പതിവ്. പുനം കൃഷിക്കും നിത്യോപയോഗത്തിനും വേണ്ടിയുള്ള ജലം മഴ വഴി ലഭിക്കുന്നു.

വിഷകന്യക വയനാട്ടിലെ ഊഷരമായിക്കിടന്ന താഴ്വരകളും കൃഷിയിടങ്ങളും പ്രധാന ഇടമാക്കുന്നു. അവ വെട്ടിത്തെളിച്ച് കൃഷിയോഗ്യമാക്കുന്നതും അവിടെ ഭൂപ്രകൃതിക്ക് അനുസരിച്ച് കൃഷി നിർണയിക്കുന്നതും കുടിയേറ്റക്കാരാണ്. സ്ഥലവാസികളായ ഭൂപ്രമാണികൾ സ്ഥലത്തിന്റെ ഉടമകളായി മാത്രം നിലകൊള്ളുന്നു. അവരതിൽ ഒരു തരത്തിലുള്ള ഉൽപാദന

പ്രവർത്തനവും നടത്താൻ മുതിരുന്നില്ല. വാഹന സൗകര്യങ്ങളും പാതകളും കൃഷിയിടങ്ങൾക്ക് വളരെ ദൂരെ അവസാനിക്കുന്നു. കുടിയേറ്റക്കാരുടെ വരവ് വരെ അവിടം കാട് മൂടിയ പരിസരമായിരുന്നു.

മലബാറിലെ കിഴക്കൻ മലകളുടെ കടയ്ക്കലാണ് കുടിയേറ്റക്കാരെത്തിപ്പെടുന്ന ഗ്രാമം. അതിന്റെ തെക്കേയറ്റത്ത് നാല് പാടും കുന്നുകളാൽ ചുറ്റപ്പെട്ട് അതിർത്തി നിർണയിക്കപ്പെട്ടിരിക്കുന്ന മേട്. ആ സ്ഥലത്തിന്റെ ജന്മി ആലത്തുംകാട്ടിൽ കുഞ്ഞമ്പുക്കുറുപ്പിന്റെ തറവാടും കുടിയേറിയവരുടെ പുല്ലുമേഞ്ഞ വീടുകളുമാണ് അവിടുള്ളത്. അധിക കാലങ്ങളും വെയിലും ഇടവിട്ട മഴയും അവിടെ കിട്ടുന്നു. മഴ ചിലപ്പോൾ കനക്കുന്നത് കൃഷി നാശത്തിന് കാരണമാവുന്നുണ്ട്. കുടിയേറ്റക്കാർ അവർക്ക് കിട്ടുന്ന കാടിനെ കൊത്തിയും കിളച്ചും കൃഷിയിടമാക്കി മാറ്റിയെടുക്കുന്നു. കിളച്ചിട്ട കാട്ടുചെമ്മണ്ണിന്റെ ഓരോ തരിയിലും തന്റെ ആഗ്രഹങ്ങൾ ഉറങ്ങിക്കിടക്കുന്നുണ്ടെന്ന് മറിയത്തിന് തോന്നുന്നു.

### 3.3.2. കാലം/ചരിത്രഘട്ടം

വിഷകന്യക 1948ലാണ് എഴുതപ്പെടുന്നത്. മലനാട്ടിൽ താമസിച്ച സാഹചര്യത്തിൽ കുടിയേറി വന്നവരുടെ ജീവിത സാഹചര്യവും രീതികളും അടുത്ത് പരിചയിച്ചതാണ് നോവലെഴുതാൻ പ്രചോദനമാകുന്നതെന്ന് എസ്.കെ.ആമുഖത്തിൽ കുറിക്കുന്നുണ്ട്. ഇക്കാലത്ത് തിരുവിതാംകൂറിൽനിന്നും മലബാറിലേക്കുണ്ടായ കുടിയേറ്റത്തിന്റെപശ്ചാത്തലത്തിലാണ് വിഷകന്യക രൂപപ്പെടുന്നത് എന്നു സാരം. അവരുടെ ജീവിത യാഥാർത്ഥ്യങ്ങളെ പകർത്താൻ എസ്.കെ. പൊറ്റക്കാടിന് സാധിക്കുന്നു. മലമ്പനിയും മറ്റു സാംക്രമിക രോഗങ്ങളും പടരുന്ന ഒരു മഴക്കാലത്തോടെയാണ് കഥ അവസാനിക്കുന്നത്. അവരുടെ ദിവസങ്ങളും സമയവും അധ്വാനവുമായും വിളകളുടെ ഉൽപാദനവുമായും ബന്ധപ്പെട്ടിരിക്കുന്നു. കഥയിൽ പരാമർശിക്കുന്ന കരിമ്പാലരുടെ മന്ത്രവാദിയായ കുമ്പ പുനം കൃഷിക്കായി കുന്നുമാറുന്നതുമായി ബന്ധപ്പെടുത്തിയാണ് തന്റെ സമയബോധത്തെ വെളിവാക്കുന്നത്. പട്ടാളത്തിലേക്ക് അല്ലെങ്കിൽ മലബാറിലേക്ക് എന്ന അവസ്ഥ അവരുടെ പൂർവ്വനിശ്ചിതമായിരുന്ന കുടിയേറ്റകാലത്തെ സൂചിപ്പിക്കുന്നു. വിട്ടുപോന്ന നാടിനെച്ചൊല്ലി നഷ്ടബോധത്തിലും അവിടെ നിന്നും രക്ഷപ്പെട്ടതിന്റെ സമാധാനം കുടിയേറ്റക്കാരിലുണ്ട്. പുതിയ നാടിനെപ്പറ്റി കേട്ടതിൽ നിന്നും വ്യത്യസ്തമാണ് അവിടുത്തെ ജീവിതാന്തരീക്ഷം എന്ന് തിരിച്ചറിയുന്നത് വരെ അത് നിലനിന്നിരുന്നു.

ചെങ്ങാറും കുട്ടാളും 2012കാലത്ത് എഴുതപ്പെട്ട നോവലാണ്. പൊതു സമൂഹവുമായി ബന്ധമില്ലാത്തതിനാലും ജീവിത രീതികളിലെ വ്യത്യാസം കൊണ്ടും മുതുവാൻ സമൂഹത്തിന് കാലഘട്ടത്തിന്റേതായ പ്രത്യേകതകൾ കുറവാണ്. പക്ഷെ, അവരുടെ പുറം ലോകവുമായി ബന്ധപ്പെട്ട ജീവിതം സമയബന്ധിതമാണെന്ന് കാണാം. റേഷനും സാധനങ്ങളും ലഭിക്കുകയെന്നതും ജീപ്പ് മലകയറുന്നതിന് മുന്നെ അതിൽ കയറിപ്പറ്റുക എന്നതും അവരുടെ ആവശ്യമായി വരുന്നു. വനാന്തർഭാഗത്ത് ഇത്തരത്തിലൊരുകാര്യവും ബാധിക്കുന്നില്ല. രാത്രിയും പകലും ഒരുപോലെ സഞ്ചരിക്കാനും അവർക്കാവുന്നു. മൃഗശല്യവും വെള്ളപ്പൊക്കം പോലുള്ളപരിസ്ഥിതി പ്രശ്നങ്ങളും അവരുടെ വഴി മുടക്കി വരുന്നുണ്ട്. പുനം കൃഷിയുമായി ബന്ധപ്പെട്ട് കാലബോധം അവരെ സ്വാധീനിച്ചിരിക്കും.

നോവലെഴുതപ്പെട്ട കാലം തന്നെയാണ് വിഷകന്യകയിൽ കാണുന്നത്. ചെങ്ങാറും കുട്ടാളും നോവലിൽ രചയിതാവിന്റെ അനുഭവകാലമോ സാങ്കൽപികകാലമോ ആവാം. സർക്കാർ പോളിസികൾ നടപ്പിലാക്കപ്പെടുകയും എന്നാൽ ഫലം ഗോത്രവിഭാഗങ്ങളിൽ എത്താതിരിക്കുകയും ചെയ്യുന്ന സാഹചര്യമാണ് അന്ന് നിലനിന്നിരുന്നത് എന്നാണ് അദ്ദേഹം പറയാൻ ശ്രമിക്കുന്നത്.

### 3.3.3. നാട് - സൂക്ഷ്മസ്ഥലി - ആദിമനിവാസികൾ

മലനാടിന്റെ രണ്ടുതരം ഭൂപ്രകൃതികളാണ് നോവലുകളിൽ കാണുന്നത്. ചെങ്ങാറും കുട്ടാളും കൂടുതൽ വനാന്തർഭാഗത്തെ പ്രതിനിധീകരിക്കുമ്പോൾ വിഷകന്യക നാടായി മാറിക്കൊണ്ടിരിക്കുന്ന കുടിയേറ്റ പ്രദേശത്തെ കാണിക്കുന്നു. അവിടെ കുടിയേറ്റക്കാരുടെ വീടുകളും കടകളും മറ്റും കൂടി വരുന്നു. പാതകളും ഹോമിയോ ഡോക്ടറുടെ ഇടവും വരുന്നു.

കഥാകൃത്തിന്റെ ഭാവനയിൽ പന്നികൾ കയറി മേഞ്ഞിരുന്ന,മലമ്പാമ്പ് ഉറങ്ങിക്കിടന്നിരുന്ന ഇടമായിരുന്നു മലബാറിലേത്. വെട്ടിത്തെളിച്ചെടുക്കുന്നതിലൂടെ അവിടെയുണ്ടായിട്ടുള്ളത്ഒരു തരത്തിലുള്ള ആവാസനഷ്ടമാണ്. പക്ഷെ മനുഷ്യനവിടെ പുതിയ പാരിസ്ഥിതികാവസ്ഥക്കുള്ള വിത്തുപാകുന്നുമുണ്ട്. പുല്ലും പന്നിയും കഴിഞ്ഞാൽ അവരെ അലട്ടുന്നത് പനിയാണ്. ദൂരെയെങ്ങോ കിടക്കുന്ന ഹോസ്പിറ്റിലിലെത്തുക എന്നത് അസംഭാവ്യമായിരുന്നു.

വിഷകന്യകയിൽ മലമുകളിൽ താമസിക്കുന്ന കരിമ്പാലക്കൂട്ടങ്ങളുടെ പരാമർശമുണ്ട്. അവർ ആദിമനിവാസി വിഭാഗങ്ങളാണ്. അവർ കൃഷിമാറ്റത്തിന് അനുസരിച്ച് കുന്നുകൾ മാറി കൃഷി ചെയ്തു വന്നു. അവർ നാടുമായി ഇടപഴകുന്നതായും കുമ്പ എന്ന കരിമ്പാല മന്ത്രവാദി മാധവിയുടെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതായും നോവലിലുണ്ട്.

കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ പാരമ്പര്യമായി കാണുന്ന,സ്വന്തം സംസ്കാരത്തനിമകൾ നിലനിർത്തിക്കൊണ്ട് ജീവിക്കുന്ന വിഭാഗമാണ് കരിമ്പാലർ. വെട്ടിച്ചുട്ട കൃഷിയായ പുനംകൃഷി രീതി സ്വീകരിച്ചിരുന്നവരായതുകൊണ്ടാണ് ഇവർക്ക് ഇത്തരത്തിൽ പേര് വന്നതെന്നും കരി എന്നതിന് തരിശുനിലം എന്നർത്ഥം വരുന്നതുകൊണ്ട് കരിമ്പാലർ എന്നപേര് വന്നതാണെന്നും അവരുടെ ഉൽപത്തി പുരാവൃത്തങ്ങളിൽ പറയുന്നു.

### 3.3.4. സമൂഹഘടന

ചെങ്ങാറും കുട്ടാളിലും കാണുന്നത് ഊരിലെ ഗോത്രസംസ്കൃതിക്കൊപ്പം കുടിയേറി വന്ന നാനാ ജാതിക്കാരെയും മതക്കാരെയും ഉൾക്കൊള്ളുന്ന ഭൂപ്രകൃതിയാണ്. സുധ തന്നെ മുതുവാന്മാരിലെ ഉയർന്ന ഇല്ലക്കാരിയാണെന്ന് കാണാം. അവരുടെ ജീവിതത്തിലെ ചില ആചാര വിശ്വാസങ്ങളുടെ ഭാഗമായി ഇത് വെളിവാകുന്നുണ്ട്.പക്ഷെ സുധ ഗോത്രാചാരങ്ങളെ പരമാവധി പാലിക്കാൻ ശ്രമിക്കുന്നു. കുടിയേറ്റക്കാരായി വരുന്നവർ ഊരിലെ വിശ്വാസങ്ങളെ മാനിക്കുകയോ വിലകൽപിക്കുകയോ ചെയ്യുന്നില്ല. അവർ ചൂഷകരായിത്തന്നെ പെരുമാറുന്നു. നാട്ടിലേക്കിറങ്ങുന്ന മുതുവാന്മാർക്ക് ശത്രുവാകുന്നത് ട്രൈബൽ ഓഫീസറാണ്. അയാളുടെ പെരുമാറ്റത്തിൽ ഗോത്രവിഭാഗത്തോടുള്ള പുച്ഛഭാവവും അധികാരം തന്റെ കയ്യിലാമെന്നുമുള്ള ഭാവമുണ്ട്.

ഊരിലെ നിയമങ്ങളും നീതിയും പാലിക്കപ്പെടുന്നത് മുട്ടുകാണിയുടെ നേതൃത്വത്തിലാണ്. അവിടെ നാട്ടിലെ നിയമമോ ശിക്ഷാരീതികളോ പ്രധാനമല്ല. അത് അവരുടെ ഭാഗമാവുന്നില്ല എന്നുതന്നെ പറയാം. ആചാര മര്യാദകൾ പാലിക്കപ്പെടുന്നില്ലേയെന്ന് ശ്രദ്ധിക്കേണ്ടത് മുട്ടുകാണിയാണ്. അയാളുടെ നേതൃത്വത്തിലാണ് പ്രാർത്ഥനകൾ നടക്കുന്നത്. മുരുകനെയാണ് ആൽമരച്ചോട്ടിൽ ആരാധനാമൂർത്തിയായി വെച്ചിരിക്കുന്നത്.

ഊരിലുള്ള സാമൂഹിക സ്ഥാപനങ്ങൾ അമ്പലവും സ്ക്കൂളും ആണ്. സുധയുടെ വരവോടെ സ്ക്കൂളിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ ശ്രമിക്കുന്നെങ്കിലുംഅത് വിഫലമാകുന്നു. സ്ക്കൂളിലേക്ക് കുട്ടികളെ ആകർഷിക്കുന്നഒന്നായി വിദ്യാഭ്യാസം മാറുന്നില്ല. നിത്യച്ചിലവിനായുള്ള പണം കണ്ടെത്തുന്നതിലും കാടിനുള്ളിൽ സ്വാതന്ത്ര്യത്തോടെ കളിച്ചു നടക്കുന്നതിലും ആണ് അവർ ആനന്ദം കണ്ടെത്തുന്നത്. സ്ക്കൂളിൽ കൃത്യമായി ഭക്ഷണം കൊടുക്കാനാവുന്നില്ല എന്നതും അവരെ സ്ക്കൂളിൽ നിന്നകറ്റുന്നു. ആരാധനാസ്ഥാനം ചെറുപ്പം മുതലേ ഊരിലെ എല്ലാവരും കണ്ടു വരുന്ന ഇടമായിരിക്കും. അവരുടെ പ്രധാനചടങ്ങുകളും ആഘോഷങ്ങളും അതുമായി ബന്ധപ്പെട്ടായിരിക്കും. അതുകൊണ്ടുതന്നെ ദൃഢമായ ബന്ധം

അവിടെ നിലനിൽക്കുന്നു. ഊരിലെ നിയമങ്ങളും ആചാരങ്ങളും അവർ സ്വയമേവ അറിയുന്നു. അതവരുടെ ജീവിത ശൈലി എന്ന രീതിയിൽ ചേർക്കപ്പെടുന്നു.

വനം സർക്കാർസംരക്ഷിത മേഖലയാണ്. അവിടെ താമസിക്കുന്നവർക്ക് പട്ടയം ലഭിക്കാൻ പ്രയാസമാണ്. ഗോത്രവർഗങ്ങളെ അവരുടെ സാംസ്കാരികത്തനിമയിൽ നിലനിർത്താൻ വേണ്ടി കൃത്യമായഇടം നൽകി സംരക്ഷിച്ചുപോരുന്നു. സർക്കാറിന്റെ പട്ടികജാതി പട്ടികവർഗ വകുപ്പിന് കീഴിലാണ് ആദിവാസികൾക്കുവേണ്ടിയുള്ള ആനുകൂല്യങ്ങളുടെ നിർമ്മാണവും നടത്തിപ്പും നടക്കുന്നത.് എന്നാൽ അവരിലേക്കത് അർഹിക്കുന്ന തരത്തിൽ എത്തുന്നുണ്ടോ എന്ന അന്വേഷണവും ഈ നോവലിന്റെ ഭാഗമാണ്.

വിഷകന്യകയിൽകുടിയേറ്റക്കാർക്കുവേണ്ടിയുള്ള നിയമനിർമ്മാണങ്ങൾ നടത്തിയും അവരെ കുടിയേറാൻ പ്രോത്സാഹിപ്പിച്ചും കൃഷി വികസിപ്പിക്കാനുള്ള ശ്രമങ്ങൾ കാണാം. എന്നാൽ മലയോരമേഖലകളിൽ ജന്മിമാരുടെ കയ്യിലകപ്പെട്ട ഭൂമി അവരുടെ ഇഷ്ടത്തിന് കൈമാറ്റം നടത്തുകയും കൂടിയ വിലയ്ക്ക് വിൽക്കുകയും ചെയ്യുന്നു.

### 3.3.5. ഗോത്രസ്മൃതി/പാരമ്പര്യം

ചെങ്ങാറും കുട്ടാളുംഎന്നനോവലിൽഗോത്രചിഹ്നങ്ങളും ആചാരവിശ്വാസങ്ങളും മുതുവാന്മാരുടേതായി കാണാം. എന്നാലവയ്ക്ക് പണ്ടത്തെപ്പോലുള്ള നിലനിൽപ്പില്ല എന്ന പേടി വ്യക്തമാകുന്നുണ്ട്. ഗോത്രവർഗങ്ങൾ പിന്തുടർന്നുപോരുന്ന പലതും അവരുടെ ഭയത്തിന്റെ പുറം കാഴ്ചകളാണ്. അത് പലതരത്തിൽ ആ സമൂഹം തിരിച്ചറിയുന്നു. അസുഖം വരുമ്പോൾ മരുന്നിനെ ആശ്രയിക്കേണ്ടി വരുന്നത് പലരും ആപത്തായാണ് കണക്കാക്കുന്നത്. ഗോത്ര സംസ്കാരം പിന്തുടരുന്ന ഒരു വിഭാഗത്തെ സംബന്ധിച്ച് ഇത്തരം അധിനിവേശങ്ങൾ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. മുതുവാന്മാർക്കിടയിൽ ഇല്ലഭേദം നിലനിൽക്കുന്നു. ചത്രങ്ങളിൽ വിശേഷ വ്യക്തികൾക്കും സ്വജാതീയരായ അതിഥികൾക്കും മാത്രമാണ് താമസിക്കാനാവുക.

വിഷകന്യകയിൽ പൊതുസമൂഹത്തിന്റെ ഭാഗമായിനിന്നുകൊണ്ടുതന്നെ വേറിട്ട മാനസികാവസ്ഥയും ആചാരങ്ങളും പിന്തുടരുന്നവരെകാണാം. തിരുവിതാംകൂറിന്റെ ഭാവസവിശേഷതകളുമായി മലബാറിലേക്കെത്തുന്നവരെ ആ നാട് സ്വീകരിക്കുന്നത് എങ്ങനെയാണെന്നതും അവരെങ്ങനെ മലബാറിനെ വിനിയോഗിക്കുന്നു എന്നുള്ളതും പ്രധാനമാണ്. കുടിയേറി വരുന്നവർ മലനാട്ടിലുണ്ടാക്കുന്ന സാംസ്കാരിക പ്രശ്നങ്ങളും വരുന്നവരെ കുറിച്ച് നാട്ടുകാർക്കുള്ള കേട്ടുകേൾവിയുടെ ഭാഗമായുള്ള മുൻധാരണകളും നോവലിൽ പരാമർശിക്കുന്നുണ്ട്.

വിഷകന്യകയുടെ പശ്ചാത്തലം പ്രധാനമായും ഹിന്ദുക്കളായ ഭൂപ്രഭുക്കന്മാരും മുൻകാലങ്ങളിൽ കുടിയേറി വന്ന് സ്വത്തും സ്ഥലവും സമ്പാദിച്ച ക്രിസ്ത്യാനികളും പുതിയതായി കുടിയേറി വരുന്ന ക്രിസ്ത്യാനികളും ചേർന്നതാണ്. ജാതിയുടെ പേരിലുള്ള വിഭജനത്തേക്കാൾ അവിടെ ഭൂമിയുടെ പേരിലുള്ളവിഭജനമാണ് കൂടുതൽ. കാട്ടിൽ താമസിക്കുന്ന കരിമ്പാലർ എന്ന ആദിവാസി വിഭാഗവും കഥയുടെ ഭാഗമാണ്.

പോലീസ് അവശ്യ ഘട്ടങ്ങളിൽ ഇടപെടുകയും സമ്പന്നർക്കുവേണ്ടിയുള്ള നിയമപാലനം നടത്തുകയും ചെയ്യുന്നു. ആരാധനാലയങ്ങളുടെയോ വിദ്യാഭ്യാസസ്ഥാപനങ്ങളുടെയോ സാമീപ്യം കഥയിൽ കാണാനില്ല. അന്തോണി എന്ന കർഷകൻ മാത്രമാണ് ബൈബിൾ വായിക്കുന്നതായി കാണുന്നത്. വിദ്യാഭ്യാസം കുട്ടികളുടെ പ്രാഥമിക പരിഗണനയിൽ പെടുന്ന കാര്യമല്ല.

ഗോത്ര കലകൾ ലളിതവും എല്ലാവരെയും ഉൾക്കൊള്ളുന്നതും പരിശീലനത്തിലൂടെയല്ലാതെ കൈമാറ്റം ചെയ്യാനാവുന്നതും രംഗാവിഷ്ക്കാരം സാമൂഹിക ക്രിയയുടെ ഭാഗമാവുന്നതുമായ കലകളാണ്. അഹത്തെ ഇല്ലാതാക്കുന്ന തരത്തിൽ വീരകഥകളോ അനുഭവങ്ങളോ പ്രാചീന മിത്തുകളോ പാട്ടുകളായി പാടുന്നു. വഴിയെ അത് ആരാധനാരീതിയായി മാറുകയായിരുന്നു.

### 3.3.6. കുടുംബം - ദാമ്പത്യം - ദായക്രമം

ചെങ്ങാറും കുട്ടാളും നോവലിൽ ഗോത്രരീതികൾക്കനുസരിച്ച് കുടുംബത്തെ മുന്നോട്ട് നയിക്കുന്നു. അവരുടെ എല്ലാ സവിശേഷ തീരുമാനങ്ങളിലും സംസ്കാരത്തിന് പ്രാധാന്യമുണ്ട്. കുടുംബം പലതാണെങ്കിലും പകൽ നേരങ്ങളിൽ അവരുടെ പ്രവർത്തികൾ ഒരുമിച്ചാണ്. കൃഷിപ്പണിക്ക് പോവുന്നതും മറ്റു വനവിഭവങ്ങൾ ശേഖരിക്കുന്നതുമെല്ലാം പൊതുവായ പ്രവർത്തനമാണ്. ഗോത്രത്തിന് മൊത്തത്തിൽ ഒരു കുടുംബബോധം ഉണ്ടെന്ന് പറയാം. പെൺകുട്ടികൾ പ്രായപൂർത്തിയായാലും കല്ല്യാണം വരെയും പ്രത്യേക ചാവടികളിൽ താമസിപ്പിക്കുന്നതായി പരാമർശമുണ്ട്. അവരെ ആരെങ്കിലും തൊട്ടാൽ തൊട്ടവരുമായി വിവാഹം നടത്തണം. കല്ല്യാണം വരെ പെൺകുട്ടികളുടെ സംരക്ഷണം ഊരിലെ മുതിർന്നവരുടെ ഉത്തരവാദിത്വമാണ്. വേട്ടയാടി പിടിക്കുന്നതുപോലെയാണ് ഗോത്രത്തിലെ വിവാഹചടങ്ങ്. അത് പുറത്തുനിന്നുള്ള സുധയിൽ പേടിയുളവാക്കുന്നുണ്ട്. ഭർത്താവ് മറ്റൊരു കല്ല്യാണം കഴിച്ച് വന്നാൽ ആദ്യ ഭാര്യ ഒഴിഞ്ഞ്കൊടുക്കണമെന്നുള്ളതും ഗോത്രാചാരമാണ്. അത്തരത്തിലുള്ള അപ്രീക്ഷിത സാഹചര്യങ്ങളെ എങ്ങനെ നേരിടണം എന്ന് ഗോത്രാചാരങ്ങളിൽ പറയുന്നു. വെള്ളപ്പൊക്കത്തിൽ മലയ്ക്കപ്പുറം ആയിപ്പോകുന്ന മുതുവാന്മാരെ വരുന്നതുവരെ സംയമനത്തോടെ കാത്തിരിക്കുകയല്ലാതെ അവർക്കു മറ്റു വഴികളില്ല. എന്തിനും തീരുമാനമെടുക്കുന്നത് മുട്ടുകാണിയുടെ ഉത്തരവാദിത്തമാണെന്നിരിക്കെ പലപ്പോഴും അയാൾ മൗനിയായി സുധയുടെ പ്രവർത്തികൾക്ക് സമ്മതം നൽകുന്നത് കാണാം. പകർച്ചരോഗങ്ങളും മറ്റും പിടിപെടുന്ന ഘട്ടത്തിൽ ഇംഗ്ലീഷ് മരുന്ന് കഴിക്കാതെ ചെറുത്തുനിന്ന് മരണത്തെ ഏറ്റുവാങ്ങിയവരും സുധയുടെ നിർബന്ധപ്രകാരം മരുന്ന്കഴിച്ചവരും അവിടെയുണ്ട്. ഗോത്രത്തിൽ വരുന്ന മാറ്റങ്ങളുടെ സൂചനയാണിത്.

വിഷകന്യകയിൽ തിരുവിതാംകൂറിന്റെസംസ്കാരവുമായാണ് കുടിയാന്മാർ മലനാട്ടിലെത്തുന്നത്. അവർക്ക് കുടുംബം പട്ടിണിയിലും സമൃദ്ധിയിലും ഒന്നിച്ച് നിൽക്കാനുള്ള ഇടമാണ്. തങ്ങളുടെ നല്ല കാലം വരുന്നെന്ന് മനസ്സിലാക്കുന്ന മറിയം മത്തനുമായുള്ള ജീവിതം ആസ്വാദിക്കാൻ തന്നെ തീരുമാനിക്കുന്നുണ്ട്.മത്തന് മടിയോടെ ചുരുണ്ടുകൂടി കിടക്കാനുള്ള സ്വാതന്ത്ര്യം ഇടക്കെല്ലാം മറിയം കൊടുക്കുന്നുണ്ട്. മകളായ മേരിക്കുട്ടി ചെറുപ്പത്തിൽ തന്നെ തന്നെക്കൊണ്ടാവുന്ന കാര്യങ്ങളിൽ കുടുംബത്തെ സഹായിക്കുന്നുണ്ട്. മാധവിയുടെ അമ്മാമൻ കൃഷ്ണൻ നമ്പ്യാരുടെ വീടും അന്തോണി ഒറ്റയ്ക്ക് താമസിക്കുന്ന വീടും നോക്കെത്തുന്ന ദൂരങ്ങളിലാണ്. ഇത് മാധവിയുടെ ആഗ്രഹങ്ങൾക്ക് ആക്കം കൂട്ടുന്നുണ്ട്. ഭൂവുടമകളുടെ തറവാടുകളും കുടിയേറി വന്നവരുടെ കൂരകളുമാണ് ബാക്കിയുള്ളത്. കുടിയേറി വന്ന സ്ഥലവും സ്ഥിരവാസികളാരെന്നറിയാത്ത സാഹചര്യവുമായതിനാലാവാം വിവാഹ ചിന്തകളൊന്നും കുടിയേറി വന്നവരിൽ ഉടലെടുക്കുന്നില്ല.

### 3.3.7. ഭക്ഷണം - പാർപ്പിടം - വസ്ത്രം

ചെങ്ങാറും കുട്ടാളും നോവലിൽ പ്രകൃതിയിൽനിന്നും ലഭിക്കുന്ന പല വസ്തുളും അവർ ഭക്ഷിക്കുന്നതായി പറയുന്നു. കാലക്രമത്തിൽ നശിച്ചുപോയ പല ചെടികളെക്കുറിച്ചും അവയുടെ ഔഷധമൂല്യത്തെക്കുറിച്ചുംഅവർ ബോധമുള്ളവരായിരുന്നു എന്നും പരാമർശമുണ്ട്. പുനംകൃഷിയിലൂടെ കിട്ടുന്ന നെല്ല് കുറഞ്ഞാൽ അവരുടെ അവസ്ഥ പരിതാപകരമാവുന്നു. സ്ക്കൂളിൽ ഭക്ഷണം കൊടുക്കണമെന്ന നിയമം പാലിക്കാൻ പോലും ഒരു ഘട്ടത്തിൽ സുധക്കാവുന്നില്ല. എന്നാൽ പ്രാഥമികാഹാരാവശ്യങ്ങൾക്കുള്ള വസ്തുക്കൾ അവർക്ക്അവശ്യഘട്ടത്തിൽ ലഭിക്കുന്നത് കാണാം. പ്രകൃതിക്ക് അനുസൃതമായ പുനംകൃഷിയുടെ മാറ്റത്തിനനുസരിച്ച് മാറ്റാവുന്ന പാർപ്പിട നിർമ്മാണമാണ് മുതുവാന്മാരുടേ ത്ഗോത്രത്തിനകത്ത് സാമ്പത്തിക വേർതിരിവുകൾ പ്രകടമല്ലാത്തതിനാൽ അവരുടെ വീടുകളിലും വസ്ത്രങ്ങളിലും ഭക്ഷണരീതികളിലും സമാനത കാണാം. ചീരപോലുള്ള ഇലക്കറികൾ അവരുടെ ഭക്ഷണത്തിന്റെ ഭാഗമായിരുന്നെന്ന് കാണാം.

സുധ വന്നുകയറുമ്പോൾ അവളുടെ വസ്ത്രവും രീതികളും കഥാകൃത്ത് വർണിക്കുന്നുണ്ട്. ഗോത്രവസ്ത്ര രീതിയിൽനിന്നും അത് വ്യത്യസ്തമാണെന്ന് അവിടെയുള്ളവരുടെ

പെരുമാറ്റത്തിൽനിന്നും വ്യക്തമാകുന്നുമുണ്ട്. ഗോത്രാംഗമായ പൊന്നരുവിയാണ് വസ്ത്രത്തിൽ മാറ്റം കൊണ്ടുവരുന്ന ഒരാൾ. മുട്ടുകാണിയായ ശാങ്കരന്റെ വേഷത്തിൽ മറ്റുള്ളവരിൽ നിന്നും വ്യത്യാസമുണ്ട്. അത് പ്രായാധിക്യം കൊണ്ടുള്ള വ്യത്യാസവുമാവാം.

തിരുവിതാംകൂറിൽ കപ്പയും കഞ്ഞിയും കുടിക്കാനുള്ള വകയില്ലാത്തഅരിയും മറ്റും കരിഞ്ചന്തയിൽ മാത്രം ലഭിക്കുന്ന പരിതസ്ഥിതിയിൽനിന്നും രക്ഷപ്പെടാനാണ് ആളുകൾ മലബാറിലേക്കെത്തുന്നത്. ഇവിടെ കപ്പയും കഞ്ഞിയും അവർക്ക് ധാരാളമാണ്. അത് സ്വയം അധ്വാനിച്ചുണ്ടാക്കാനുള്ള മണ്ണും അവർക്ക് സ്വന്തമാക്കാനാവുന്നു. മലബാറിലേക്ക് എത്തുന്നവരെ അതിഥികളായി കണ്ട് അന്തോണി കപ്പപ്പുഴുക്കും കഞ്ഞിയും വെച്ചുകൊടുക്കുന്നുണ്ട്. അയാളുടെ ഭക്ഷണശീലം അതുതന്നെയാണെന്ന് അവസാന ഘട്ടത്തിലും സൂചനയുണ്ട്. അത് മനസ്സിലാക്കിയാണ് മാധവി അയാളെ വശീകരിക്കാൻ ശ്രമിക്കുന്നതും.

വസ്ത്രത്തിന്റെ കാര്യത്തിൽ മാധവി മാത്രമാണ് ശാരീരിക വടിവുകളെയും പ്രായത്തെയും ശ്രദ്ധിക്കുന്നത്. പ്രായമേറിയവരും മധ്യവയസ്കരുമായ കുടിയേറ്റ സ്ത്രീകളെല്ലാം ചട്ടയും മുണ്ടും തന്നെയാണ്വസ്ത്രം. ചെറിയ കുട്ടികൾ പാവാടയും ബ്ളൗസും ധരിക്കുന്നു.

പാർപ്പിടമെന്നത് കൃഷിത്തോട്ടത്തിന് സമീപം വിള നശിക്കാതെ കാക്കാനും മഴയും വെയിലും കൊള്ളാതെ ഇരിക്കാനുമുള്ള ഇടമാണ്. അത് വളരെ പെട്ടെന്നു തന്നെ പണിതുയർത്താനുള്ള വൈദഗ്ദ്യം അവരിൽ കാണാം. എല്ലാവരും കുടിയൊഴിഞ്ഞു പോയമണ്ണിൽ പിന്നെയും പുതിയ കുടികൾ ഉയരുന്നത് അന്തോണി കാണുന്നുണ്ട്. പാർപ്പിടം മോടി പിടിപ്പിക്കുക അവശ്യമായൊന്നല്ല. അവിടം കൃഷിപ്പണിക്കുള്ള ആയുധങ്ങൾ സൂക്ഷിക്കാനുള്ള ഇടം കൂടിയാണ്.

### 3.3.8. തൊഴിൽ

മുതുവാന്മാരെ ചെങ്ങാറുംകുട്ടാളും എന്ന നോവലിൽ കർഷകത്തൊഴിലാളികളായാണ് കാണാനാവുക. മുതലാളിമാരുടെ കൃഷിയിടത്തിൽ പണിക്കാരായി പോവുകയാണ് പതിവ്. അവരുടെ ദൈനംദിനജീവിത്തിനാവശ്യമായ പണം കണ്ടെത്തുന്നത് ഇത്തരത്തിലാണ്. എല്ലാകാലത്തും കൃഷി ഇല്ലാത്തതിനാൽ സീസൺ അല്ലാത്ത കാലത്ത് അവരുടെ സാമ്പത്തിക സ്ഥിതി മോശമാകുന്നു.

മൂടുവിളക്കൽ, ചുവടുതെളിക്കൽ, മരുന്നുതളിക്കൽ എന്നിവഏലക്കാട്ടിലെ പണികളാണ്.. വേനലിൽ വിരിപ്പ് കൃഷിയാണ് പ്രധാനം. കാട് തെളിയിച്ച് ബൗണ്ടറിവെട്ടലും കൂപ്പ് തെളിയിക്കലുമാണ് പണി. കായെടുക്കാൻ കുട്ടികളും മുതിർന്നവരും ഒരുപോലെ പോകും. പഠനത്തിനും മറ്റും അതു കഴിഞ്ഞുള്ള പ്രാധാന്യമേയുള്ളു. മറ്റുള്ളവരുടെ കൃഷിയിടത്തിൽ പണിയെടുക്കുന്നതിനാലും മുതലാളിമാരുടെ ചൂഷണംകൊണ്ടുമാവണം അടിസ്ഥാനപരമായി അവർക്ക് കർഷകരുടെ സ്വഭാവമില്ല. സ്വന്തം സ്ഥലത്തുള്ള കുരുമുളകുപോലുള്ള വിഭവങ്ങളും മുതലാളിമാർ ചെറിയതുകക്ക് പറ്റിച്ചെടുക്കുകയാണ് പതിവ്. പുറത്ത് നാട്ടിൽ തൊഴിലോ ജോലിയോ തേടി പോവുക അവരുടെ രീതിയല്ല. കുടിയേറി വരുന്നവർക്കുവേണ്ടി കാട്ടിൽ പണി ചെയ്യാൻ അവരിറങ്ങാറുണ്ട്.

എന്നും ചൂഷണം ചെയ്യപ്പെടുന്നതും സാമ്പത്തികമായോ സാംസ്കാരികമായോ പുരോഗതിയിലെത്താൻ പറ്റാത്തതുമായ ഒരു സമൂഹമായി അവർ നിലനിൽക്കുന്നു. പുറത്തുനിന്നുള്ള ഇടപെടൽ അവരെ വിപരീതമായി മാത്രമാണ് ബാധിക്കുന്നത്. നാട്ടുകാരുമായുള്ള സമ്പർക്കം കുറയാൻ ഇതും കാരണമാകുന്നു.

മലബാറിലെ കിഴക്കൻ മലകളിലേക്ക് കുടിയേറുന്ന ഒരുപറ്റം ക്രിസ്ത്യാനികളുംസഹായികളുമാണ് വിഷകന്യകയിലുള്ളത്. അവരെ ആകർഷിക്കുന്നത് മലയോരത്തെ ആരും സ്പർശിക്കാത്ത കന്നിമണ്ണാണ്. അതായത് അവരുടെ അടിസ്ഥാനചോദനകാർഷികവൃത്തിയാണ്. അതിലൂടെയുണ്ടാവുന്ന സമ്പത്താണ്.

തിരുവിതാംകൂറിൽ പുരോഗതിയുണ്ടാവില്ല എന്ന ധാരണയിൽനിന്നാണ് അവർ മലബാറിലേക്ക് കുടിയേറുന്നത്. കയ്യിലുള്ള പണത്തിന് ഇരട്ടി സ്ഥലം കിട്ടും എന്നതുതന്നെയാണ് അവരെ മോഹിപ്പിക്കുന്നത്.

സ്ത്രീപുരുഷഭേദമന്യേ മണ്ണിൽ പണിയെടുക്കുകയും അവരുടെ അധ്വാനത്തിന്റെ ഫലം കിട്ടുകയും ചെയ്യുന്നത് കാണാം. പുരുഷന്മാരേക്കാൾ പലയിടങ്ങളിലും സ്ത്രീകൾ കാർഷികവൃത്തികളിൽ ആവേശത്തോടെ പങ്കാളികളാവുന്നു. ഇടയ്ക്കിടക്ക് വരുന്ന പന്നികളുടെ ആക്രമണവും ജലക്ഷാമവും അവരുടെ ജീവിതംപ്രതിസന്ധിയിലാക്കുന്നു. എന്നാൽ എല്ലാതരത്തിലും അവയിൽനിന്ന് ഉയർന്നുവരാൻ പ്രവർത്തിക്കുന്നു. കൃഷിയോടുള്ള മോഹവും അതിൽനിന്നുള്ള പ്രതിഫലം കൊണ്ട് കിട്ടാൻ പോകുന്ന നല്ലകാലത്തെ കുറിച്ചുള്ള സ്വപ്നങ്ങളുമാണ് അവരെ നയിക്കുന്നത്.

രണ്ട് കൃതികളിലും കൃഷിയെന്നത് പ്രത്യക്ഷമായോ പരോക്ഷമായോ വിഷയമാവുന്നു. ചെങ്ങാറും കുട്ടാളും എന്ന നോവലിൽ പുനം കൃഷിയും സ്കൂളിൽ വരാതെ കൃഷി പണിക്ക് പോവുന്ന കുട്ടികളും കുടിയേറ്റക്കാരുടെ കയ്യാളായി മാറുന്ന ആദിമ കൃഷിക്കാരുമെല്ലാം പരോക്ഷമായി കഥയുടെ പല ഘട്ടങ്ങളിൽ കടന്നു വരുന്നത് കാണാം. മുതുവാൻ സമുദായത്തിന്റെ പ്രധാന വരുമാനമാർഗം കൃഷിയാണെന്നു പറയുന്നെങ്കിലും കഥയുടെ ഊന്നലുകൾ മറ്റു മേഖലകളിലാണ്. കൃഷി എന്നതിലുപരിയായി പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സഹവാസത്തിനാണ് അവിടെ പ്രധാന്യം കൽപ്പിക്കപ്പെടുന്നത്. ഭക്ഷണവും വരുമാന മാർഗവുമെല്ലാം പ്രകൃതിയിൽനിന്നും കിട്ടുന്നതാണെന്ന ബോധ്യം അവർക്കുണ്ട്.

കുടിയേറ്റത്തിലൂടെ ഭൂമിയെ കീഴടക്കാൻ നോക്കുന്ന ഒരു കൂട്ടം ആളുകളുടെ അതിജീവനമാണ് വിഷകന്യകയുടെവിഷയം. അവരുടെ ജീവിതമാർഗവും ലക്ഷ്യവും കൃഷിയാണ്. അതുകൊണ്ടുതന്നെ എങ്ങനെയും അധ്വാനത്തിലൂടെ തങ്ങളുടെ സ്ഥാനം ഉറപ്പിച്ചെടുക്കുക എന്നത് അവർക്ക് പ്രധാനമാണ്. പ്രകൃതിയവിടെ അവരുടെ ചൊൽപ്പടിക്ക് നിൽക്കുകയോ കനിവോടെ ചോദിക്കുന്നതെല്ലാം നൽകുന്ന ദേവതയാവുകയോ ചെയ്യുന്നില്ല. പകരം ഭീതിദമായ കാലത്തും അവരെ വീണ്ടും വീണ്ടും പ്രലോഭിപ്പിച്ച് മണ്ണിലേക്കിറക്കുന്ന, വീണ്ടും വീണ്ടും സമ്പത്തുണ്ടാക്കാൻ കൊതിപ്പിച്ചുകൊണ്ടിരിക്കുന്ന ഒന്നായി മാറുന്നു. ആ ചിന്തയെയാണ് വിഷകന്യക എന്ന ബിംബത്തിലേക്ക് എത്തിച്ചത്.

### 3.3.9. കുടിയേറ്റം

ചെങ്ങാറും കുട്ടാളും കുടിയേറ്റ മേഖലയുടെ കഥയല്ല.എങ്കിലും പലതരത്തിൽ കുടിയേറിയ മനുഷ്യരെ നമുക്കിതിൽ കാണാം. നാട്ടുകാരായി കാണുന്ന പലരും ഇത്തരത്തിൽ കുടിയേറി വന്നവരാണ്. മുതലാളിമാരും കൂപ്പുടമകളുമായവർ കുടിയേറ്റക്കാരാണ്. കുടിയേറ്റക്കാരായ മനുഷ്യൻ അവിടുത്തെ അന്തേവാസികളെ അവരുടെ ആവശ്യത്തിനായി ഉപയോഗിക്കുന്നുണ്ട്. അവരുടെ ആചാരവിശ്വാസങ്ങളിൽ പോലും കുടിയേറ്റക്കാർ ഇടപെടുന്നു. അവശ്യവസ്തുക്കൾക്കായി കുറേ ദൂരം മലയിറങ്ങിപ്പോകേണ്ട സാഹചര്യം അവരെ നാട്ടുകാരായ കുടിയേറ്റക്കാരെ ആശ്രയിക്കാൻ കാരണമാക്കുന്നു. ഒരു തരത്തിൽ അധ്യാപികയായി വരുന്ന സുധയും കുടിയേറി വരുന്നതാണ്. അവർ നിൽക്കുന്ന ഇടത്ത് നിൽക്കക്കള്ളിയില്ലാതെയാണ് ജോലിയുടെ പേരിൽ അടിച്ചിത്തൊട്ടിയിലേക്ക് വരുന്നത്. അവർ സ്വന്തം സമൂഹത്തിൽ നേരിട്ട അരക്ഷിതാവസ്ഥയോടുള്ള ഭയം അവരിൽ കാണാം. പൂർവ്വകാലം വെളിവാവാതിരിക്കാൻ അവർ നിരന്തരം ശ്രമിക്കുന്നുണ്ട്.

മുതുവാന്മാർ എന്ന ഗോത്രവർഗത്തിന്റെ ഐതീഹ്യത്തിൽ അവരും കുടിയേറി വന്നവരാണ് എന്ന സൂചനയുണ്ട്. അവർ തമിഴ്നാട്ടിൽ നിന്ന് മുതുകിൽ ചുമടും കെട്ടി കുടിയേറി കാട്ടിൽ വന്ന് താമസമുറപ്പിച്ചു എന്ന കഥയാണ് സുധയ്ക്ക് മുട്ടുകാണി പറഞ്ഞുകൊടുക്കുന്നത്. അത്തരമൊരു സാഹചര്യമായതുകൊണ്ടുതന്നെ പൊതുസമൂഹത്തോട് ഇടപെടാനോ മറ്റിടങ്ങളിലേക്ക് മാറിത്താമസിക്കാനോ അവർക്ക് കഴിയുന്നില്ല. മറ്റൊരു ചൂഷിത സമൂഹത്തിനിടയിൽ ഞെരുങ്ങി ജീവിക്കേണ്ടി വരുന്നു.

തിരുവിതാംകൂറിൽനിന്നും മലബാറിലേക്കുള്ള കുടിയേറ്റമാണ് വിഷകന്യകയുടെ ആധാരം. കുടിയേറ്റത്തിനുള്ള പ്രധാന കാരണം തിരുവിതാംകൂറിൽ നിലനിന്ന ക്ഷാമവും അരക്ഷിതാവസ്ഥയും ലോക മഹായുദ്ധങ്ങൾ മൂലമുണ്ടായ സാമ്പത്തിക അസ്ഥിരതയുമാണ്. കരിഞ്ചന്ത, കള്ളക്കച്ചവടം മുതലായവ സാർവത്രികമായിരുന്നു. തിരുവിതാംകൂർ പോലീസിന്റെ നായാട്ട് വേറെയും. കൂടുതൽ കൃഷി ഭൂമി കിട്ടാനും അധ്വാനിച്ച് സമ്പന്നരാവാനും മികച്ചൊരു ജീവിതം കെട്ടിപ്പടുക്കാനുമുള്ള ആഗ്രഹമാണ് മലബാർ കുടിയേറ്റത്തിന് കാരണം.എന്നാൽ മുമ്പ്കുടിയേറിയവർക്ക് എന്ത് സംഭവിച്ചു എന്നവർ അന്വേഷിച്ചില്ല. അവർ കുടിയേറുന്നത് അരക്ഷിതമായ ഒരിടത്തേക്കല്ല എന്നാണവർ കരുതിയത്.അവർക്ക് പ്രതീക്ഷയായി പുതിയൊരു നാടും മണ്ണും ഉണ്ടായിരുന്നു. അതിനാൽതന്നെ അവരുടെ കൂടെ പുതിയ സ്വപ്നങ്ങളും ഉണ്ടായിരുന്നു.മണ്ണിൽ പണിയെടുക്കുന്നതും അതിൽ പൊന്നുവിളയുന്നതും അതിലൂടെ സുഖമായി ജീവിക്കാനുള്ള ലാഭം കിട്ടുന്നതുമാണ് കുടിയേറ്റക്കാരുടെയെല്ലാം ചിന്ത. അവർ ഒരുതരത്തിൽ പരസ്പരം മൽസരിക്കുന്നുണ്ട്.

വിഷകന്യകയിൽ അടിസ്ഥാന ചിന്തതന്നെ കുടിയേറ്റമെന്നതാണ്. കുടിയേറ്റം നടന്നില്ലെങ്കിൽ ഇത്തരം സ്വഭാവമുള്ള ഒരു ജനത മലനാട്ടിൽ എത്തുന്ന സാഹചര്യമില്ല. താഴ്നാട്ടിൽനിന്ന് ഉള്ള സ്വത്തെല്ലാം വിറ്റ്പെറുക്കി സ്വന്തം കുടുംബത്തെയും കൊണ്ട് കുറഞ്ഞ വിലയ്ക്ക് കിട്ടിയ കുറച്ചധികം ഭൂമിയിൽ തങ്ങളുടെ ജീവിതം പടുത്തുയർത്താൻ വന്നവരാണ് വിഷകന്യകയിലെ മനുഷ്യർ. ഒരു തരത്തിൽ അവർ അതിജീവനത്തിനായി വന്നവരാണ്. പക്ഷേ അവരുടെ മനോനില വെട്ടിപ്പിടിക്കലിന്റെയും ചതിയുടെയും കൂടിയാണെന്നത് പതിയെ കഥയിൽ ബോധ്യപ്പെടുന്നു. മണ്ണ് പൊന്ന് വിളയുന്നതാണെന്ന് മനസ്സിലാക്കുന്ന കൃഷിക്കാരുടെ ആവേശം. അതിൽ എന്ത് നട്ടാലും വിളയിച്ചെടുക്കാനുള്ള അത്യാഗ്രഹം. വീണ്ടും വീണ്ടും തിരിച്ചടികൾ കിട്ടുമ്പോഴും പിന്മാറാത്ത ആത്മവീര്യം. ആൺ പെൺ വ്യത്യാസമില്ലാതെ അധ്വാനിക്കുന്ന അവർക്ക് ഒത്ത എതിരാളിയായി മാറുകയാണ് മണ്ണവിടെ.

ചെങ്ങാറും കുട്ടാളും നോവലിൽ കുടിയേറ്റക്കാരുടെ പരിവേഷം വില്ലന്മാരുടേതാണ്. അവർ ഊരുകളിലേക്ക് അതിക്രമിച്ച് കയറുകയും അവരുടെ തനിമയെ ചോദ്യം ചെയ്യുകയും ചെയ്തുവന്നു. അതുകൊണ്ടുതന്നെ ഊരിനകത്ത് നിന്ന് നോക്കുന്നവർക്ക് ടീച്ചറായി വരുന്ന സുധ പോലും കുടിയേറ്റക്കാരിയാണ്. അവരുടെ സ്വാഭാവികതയെ ചോദ്യം ചെയ്യാൻ വരുന്നവർ. അവർ ചെയ്യുന്ന പ്രവൃത്തികളും ഒരർത്ഥത്തിൽ നാശോന്മുഖമായവയാണെന്ന് കാണാം.

### 3.3.10. ലിംഗസമത്വം/ലിംഗഭേദം

ഗോത്രവർഗങ്ങൾജീവിതത്തിൽ പ്രത്യേകമായ ആചാരമര്യാദകൾ നിലനിർത്തുന്നുണ്ടാവും. അവയിൽ പലതും ആൺപെൺ വ്യത്യാസത്തോടെ ആചരിച്ചു. പോരുന്നവയായിരിക്കും. ചെങ്ങാറും കുട്ടാളും അത്തരത്തിൽ മുതുവാന്മാർക്കുള്ള ആചാരവിശ്വാസങ്ങൾ വിവരിക്കുന്നു. സ്ത്രീകൾക്ക് കർശനമായ അതിരുകളും അരുതുകളും ഉള്ള സമൂഹമാണ് മുതുവാന്മാരുടേത്. കല്യാണത്തിന്റെ ആചാരങ്ങളിലും മറ്റും ഈ വേർതിരിവ് പ്രകടമാണ്. എന്നാൽ പണിക്കുപോകുന്നതിനും മറ്റും സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ പ്രാധാന്യമുണ്ട്. പ്രായപൂർത്തിയായ ശേഷം പ്രത്യേക ചാവടിയിലുള്ള താമസം അത്തരം അറിവുകളെ വളർന്നു വരുന്ന തലമുറയിലേക്കും പകരുന്നു. അവിടെ സ്ത്രീ പുരുഷ ഭേദം കൃത്യമായിഅടയാളപ്പെടുത്തപ്പെടുന്നു. ആചാരവിശ്വാസങ്ങളുടെ ഭാഗമായി മാത്രമേ ഗോത്രത്തിലെ അംഗങ്ങൾക്ക് തീരുമാനങ്ങളെടുക്കാനാവു. വ്യക്തിപരമായ തീരുമാനങ്ങൾ ഗോത്ര രീതിക്ക് വിപരീതമാണ്. അത്തരം പെരുമാറ്റമുള്ള കഥാപാത്രങ്ങളും നോവലിലുണ്ട്. പ്രായപൂർത്തിയായ പെൺകുട്ടി ഗോത്രത്തിന്റെ ചുമതലയാണ്. അഞ്ചല സുധയുടെ സഹായത്തോടെ പുറത്ത് പോയി ഉന്നത വിദ്യാഭ്യാസം നേടുന്ന പെൺകുട്ടിയാണ്. ഊരിന് വേണ്ടി പ്രവർത്തിക്കാനാഗ്രഹിക്കുന്ന അവളെ ഊരിലെ പലരും സ്വീകരിക്കാൻ തയ്യാറല്ല.

വിഷകന്യകയിൽ കുടിയേറ്റക്കാരായ തിരുവിതാംകൂറുകാർക്കിടയിൽ സ്ത്രീകളെയാണ് ആണുങ്ങളേക്കാൾ വീറുംവാശിയും ഉള്ളവരായി കാണിക്കുന്നത്. കൃഷിപ്പണിയിലും മറ്റു തീരുമാനങ്ങൾ എടുക്കുന്നതിലും അവർ വളരെയേറെ മുൻപന്തിയിലാണ്. വിഷകന്യകയിൽ

സ്ത്രീ കഥാപാത്രമായ മാധവിയിൽ മണ്ണിന്റെ സ്വഭാവം ആരോപിക്കുകയാണ് എഴുത്തുകാരൻ ചെയ്യുന്നത്. വിഷലിപ്തമായ മണ്ണും പരിസരവും മനുഷ്യ ജീവിതം ദുസ്സഹമാക്കുന്നു. മാധവിയും ഇത്തരമൊരു പ്രവർത്തിയിലൂടെ അന്തോണിയെ സ്വന്തമാക്കാൻ നോക്കുന്നു. രണ്ടിന്റെയും ഫലം മരണമാണ്. വിഷകന്യകയിൽ നാട് വിട്ട് രക്ഷപ്പെടുന്നവരലധികവും പുരുഷന്മാരാണെന്ന് കാണാം.

മലനാട് ഭൂപ്രകൃതിയിലും കാലാവസ്ഥയിലും മാറ്റങ്ങൾ കാണിക്കുന്നെങ്കിലും മനുഷ്യന്റെ പെരുമാറ്റത്തിലും ചിന്തയിലും വലിയ മാറ്റങ്ങൾ ഉണ്ടെന്ന് ചിന്തിക്കാൻ വയ്യ. ചെങ്ങാറും കുട്ടാളും മുന്നോട്ട് വെക്കുന്ന ജീവിത സവിശേഷതകൾ അവരുടെ ഗോത്രത്തിന്റേതും നിർബന്ധിതമായി ഉപയോഗിക്കപ്പെടുന്നവയുംആണ്. എന്നാൽമലനാടിന് മൊത്തമായി അത്തരത്തിൽ പറയാനൊരു സവിശേഷ പെരുമാറ്റമില്ല. കുടിയേറ്റ ഇടമാണെന്നത് പ്രധാനപ്പെട്ട ഘടകമാണ്. പലയിടത്തുനിന്നു വന്നവരുടെ സംസ്കാരവും അവിടെ കലരാം.അത് പുതിയൊരു സംസ്കാരത്തിന് വഴിവെക്കാം. നാട്ടുകാരുടെ സംസ്കാരത്തെ മൊത്തമായോ ചില്ലറയായോ പൊളിച്ച് കൂടുതൽസങ്കീർണമായ ഒന്നാക്കി തീർക്കാം.

ചെങ്ങാറും കുട്ടാളും എന്ന നോവലിൽ സ്ത്രീ കഥാപാത്രമാണ് കഥയെ മുന്നോട്ട് നയിക്കുന്നത്. എന്നിരുന്നാലും ആ കഥാപാത്രത്തെ ചുറ്റിപ്പറ്റിയ പ്രശ്നങ്ങളെല്ലാം പുരുഷ നിർമ്മിതവും അധികാര കേന്ദ്രിതവുമാണെന്ന് കാണാം. അവിടെ സുധ ആക്രമിക്കപ്പെടുന്നത് വന്യജീവികളാലല്ല, പുരുഷന്മാരാലാണ്. സ്ത്രീകളവിടെയും പൈതൃകത്തെ കാത്തുസൂക്ഷിക്കുന്ന നിയമങ്ങൾ തെറ്റാതെ കൊണ്ടു നടക്കുന്നവരാണ്. എല്ലാവരും ഉൽപാദന പ്രക്രിയയിൽ ഇടപെടുന്നവരാണ്.പച്ചക്ക എന്ന പാട്ടി വേറിട്ട കഥാപാത്രമാണ്. സുധ ഊരിൽനിന്നും പോകുമ്പോൾ തടയാനോ പ്രതികരിക്കാനോ കഴിയാതെ നിൽക്കുന്ന കൂട്ടത്തിൽ നിന്നും സുധയ്ക്കൊപ്പം പോകാൻ തീരുമാനിക്കുന്നത് പച്ചക്കയാണ്. സുധ ലക്ഷ്യം വെക്കുന്നത് സാമൂഹിക മാറ്റമാണെങ്കിൽ അതിന് വിലങ്ങായി വരുന്ന അധികാരം അവളുടെ ലക്ഷ്യത്തെ പരിമിതപ്പെടുത്തുന്നു.

വിഷകന്യകയിൽ സ്ത്രീയും പുരുഷനും ഒരുമിച്ച് നേരിടുന്ന ജീവിത സാഹചര്യങ്ങളാണ്. അതിൽ രണ്ടുപേർക്കും തുല്യപ്രാധാന്യമാണുള്ളത്. പലപ്പോഴും തളർന്നു പോകുന്ന പുരുഷനെ ഉത്തേജിപ്പിക്കാനുള്ള ശേഷി സ്ത്രീക്കുണ്ട്. അതേപോലെത്തന്നെ എതിരാളിയുടെ സ്ഥാനത്ത് വരുന്ന ബിംബത്തിനും സ്ത്രീയുടെ പരിവേഷമാണ് കൊടുത്തിരിക്കുന്നത്. മത്തൻ താൻ വിചാരിക്കുന്നപോലെ പണിക്ക് ഇറങ്ങാത്തതിൽ മറിയം പരിഭവം കാണിക്കുന്നുണ്ട്. അവർക്കിടയിലെ സ്നേഹപ്രകടനങ്ങൾ വരാനിരിക്കുന്ന നല്ലകാലത്തിന്റെ ആശ്വാസമാണ് അവർക്ക് നൽകുന്നത്.

### 3.3.11. അധികാര ഘടന/ രാഷ്ട്രീയ പരിസരം

ചെങ്ങാറും കുട്ടാളും പറയുന്ന ഗോത്രജീവിതത്തിലും കൃഷിപ്പണിയിലും സാധനങ്ങളുടെ കൈമാറ്റത്തിലും അധികാരമുള്ളവർ ഇവരെ കൊള്ളയടിക്കുന്നുണ്ട്. ഗോത്രവർഗക്കാരുടെ ആചാരവിശ്വാസങ്ങളനുസരിച്ച് പിതാമഹന്മാർക്ക് മാത്രമാണ്അവരുടെ മേൽ പൂർണാധികാരം. അധികാരകേന്ദ്രങ്ങളായ സർക്കാർ ഓഫീസുകൾ നിരുത്തരവാദപരമായാണ് അവരോട് പെരുമാറുന്നത്. ആനുകൂല്യങ്ങളും അവകാശങ്ങളും നിഷേധിക്കുന്ന തരത്തിലാണ് അവരുടെ അധികാരപ്രകടനം. സുധ അധ്യാപികയായി ചെന്നതിനുശേഷം അവൾക്ക് മുതുവാന്മാർക്കിടയിൽ പ്രത്യേകമായ ഒരു അധികാരം ലഭിക്കുന്നുണ്ട്. അവൾ പറയുന്നത് അനുസരിക്കാനും അവൾക്കുവേണ്ടി പലതും ചെയ്യാനും അവർ സന്തോഷത്തോടെ വന്നുചേരുന്നു. എന്നാൽ പല ഘട്ടങ്ങളിലും ഇടപെടുന്നുണ്ടെങ്കിലും അവരെ ഗുണപരമായി സഹായിക്കാനോ മാറ്റാനോ അവൾക്കാവുന്നില്ല.

വിഷകന്യകയിൽ അധികാരകേന്ദ്രങ്ങളിൽനിന്നുള്ള പരോക്ഷമായ സ്വാധീനത്താലാണ് അവർ കുടിയേറി വരുന്നത്. എന്നാൽ എത്തിപ്പെടുന്നിടത്ത് പുതിയൊരു അധികാരകേന്ദ്രമായി

മാറാൻ അവർക്കാവുന്നു. സ്വന്തമായി മണ്ണ് ലഭിക്കുന്നതോടെ അവർക്ക് ലഭിക്കുന്ന ഊർജ്ജം മറ്റൊന്നാണ്.

അധികാരം മലനാട്ടിൽ പ്രവർത്തിക്കുന്നത് അതിനെ സെക്കൻഡറിയായി കണ്ടുകൊണ്ടാണ്. ഒരു ഹെൽപിംഗ് എയ്ഡ് പോലെയാണ്. അതുകൊണ്ടുതന്നെ ഏതൊരു സാഹചര്യത്തിലും അധികാരത്തിന്റെ പ്രവർത്തനം പതുക്കെയായിരിക്കും.ജീവിതനിലവാരം മെച്ചപ്പെടുത്താനും മികച്ച തൊഴിൽ സാധ്യതകളുണ്ടാവാനും അവർക്കുള്ള സാധ്യതകൾ വളരെ കുറവാണ്. താഴ്നാട്ടിലേക്ക് മലയിറങ്ങുകയാണ് അവരതിന് കണ്ടെത്തുന്ന മാർഗം. അതുവഴി നാട് പഴയ അവസ്ഥയിൽത്തന്നെ തുടരുന്നു. കാടുകളിൽ ഒന്നുമില്ലാതാവുകയും വനം വകുപ്പുകാർ ഓടിക്കുകയും ചെയ്യുമ്പോൾ ഗോത്രവിഭാഗങ്ങൾക്ക് ഊര് മാറുകയല്ലാതെ വഴിയില്ലാതാവുന്നു.

ചെങ്ങാറും കുട്ടാളും എന്നനോവലിൽ അധികാരം അവരുടെ ജീവിതത്തെ പലതരത്തിൽ പ്രയാസകരമാക്കുന്നത് കാണാം. വഴിയോ വാഹനമോ സൗകര്യമോ ഇല്ലാതെ, കിട്ടേണ്ടതായ സൗകര്യങ്ങൾ പോലും ലഭിക്കാതെ കഴിയുന്ന ജനതയായാണ് അവരെ അടയാളപ്പെടുത്തുന്നത്. അതിനോട് പ്രതികരിക്കുന്നവർക്ക് അതിലേറെ ബുദ്ധിമുട്ടുണ്ടാക്കുന്ന മനോഭാവമാണ് അധികാരികളുടെ അടുത്തുനിന്നും ഉണ്ടാവുന്നത്.

വിഷകന്യകയിൽ അധികാരം സ്ഥലത്തിന്റെ വിതരണത്തിലും അതിൽ നിന്നും കിട്ടുന്ന പണത്തിലും ശ്രദ്ധിക്കുന്ന ഭൂവുടമകൾക്കാണ്. കുടിയേറ്റക്കാർ മോശം ജീവിത സാഹചര്യവുമായി മല്ലിടുമ്പോഴും അവരുടെ ശ്രദ്ധ പതിയുന്നില്ല.

### 3.3.12. പാരിസ്ഥിതിക പ്രശ്നങ്ങൾ

പരിസ്ഥിതിയെ നാശോന്മുഖമാക്കുന്ന പ്രവർത്തികൾ ചെയ്യുന്ന കുടിയേറ്റക്കാർ അടിച്ചിത്തൊട്ടിയിലുണ്ട്. അവർക്കൊപ്പംതന്നെയാണ് അധികാരികൾ എന്ന സത്യം നാം നോവലിലൂടെ തിരിച്ചറിയുന്നുണ്ട്. അടിച്ചിത്തൊട്ടിമലയിലുണ്ടാവുന്ന ഉരുൽപൊട്ടലുകളും കനത്തമഴയും കൃഷിനാശവും പകർച്ചവ്യാധികളും എല്ലാംതന്നെ ഗോത്രവിഭാഗത്തിലെ ജനങ്ങളെ മാത്രമാണ് പ്രതികൂലമായി ബാധിക്കുന്നത്.

മണ്ണ് പ്രതികൂലമായി നിൽക്കുന്ന നിരവധി രംഗങ്ങൾ വിഷകന്യകയിലുണ്ട്. വന്യജീവികളുടെ ആക്രമണവും ജലക്ഷാമവും കൃഷിയെ പലതരത്തിൽ ബാധിക്കുന്നുണ്ട്, മലമ്പനിപോലുള്ള പകർച്ചവ്യാധികളും അവരെ ബാധിക്കുന്നു. മലനാടിനെ ബാധിക്കുന്ന പ്രധാന പാരിസ്ഥിതിക പ്രശ്നം ഉരുൾപൊട്ടലും മണ്ണിടിച്ചിലുമൊക്കെയാണ്. അവരതിനോട് മല്ലിട്ട് തന്നെയാണ് ജീവിക്കുന്നത്. ചെങ്ങാറും കുട്ടാളും എന്ന നോവലിൽ പറയുന്ന ഉൽപത്തി കഥയിൽ ഒരു പ്രളയം കടന്നു വരുന്നുണ്ട്. വിഷകന്യകയിൽ വരുന്ന വസൂരി പക്ഷേ പാരിസ്ഥിതിക പ്രശ്നമല്ല മറിച്ച് ഏത് സാഹചര്യത്തിലും ഉണ്ടാകാവുന്ന ഒരു രോഗാവസ്ഥയാണ്. പക്ഷേ മലനാട്ടിലായതിനാൽ അതിന് തീവ്രത കൂടുന്നു. വിജനമായ സാമൂഹികാന്തരീക്ഷവും ആരോഗ്യസ്ഥാപനങ്ങളോ മരുന്നോ ഇല്ലാത്ത സാഹചര്യവും അവിടെ നിലനിന്നിരുന്നു.മലനാട്ടിലെ രണ്ട് നോവലുകളിലും പകർച്ചവ്യാധികൾ പ്രമേയത്തിന്റെ ഭാഗമാവുന്നു.

### 3.3.13. മിത്ത്/വിശ്വാസം

ഒരു നോവലിനെ അല്ലെങ്കിൽ കഥയെ മിത്തുമായി ബന്ധിപ്പിക്കുന്നതുകൊണ്ട് എഴുത്തുകാരൻ ഉദ്ദേശിക്കുന്നത് എന്തായിരിക്കാം? ഒരു പ്രദേശത്തെ സവിശേഷ ഖണ്ഢമായി കാണാനുള്ള ശ്രമമായി അതിനെ കണക്കാക്കാം. അല്ലെങ്കിൽ അതൊരു അടിത്തറപാകലായും കാണാം. ജീവിക്കുന്ന ജനതയ്ക്ക് ആത്മവിശ്വാസവും കൂറും നൽകുന്നതരത്തിൽ മെനയുന്ന മിത്തുകളും അവയുടെ ആചാര വിശ്വാസ രൂപങ്ങളും എല്ലാം നിലനിൽപ്പിന് അത്യാവശ്യഘടകമാണ്. അത് പല സമൂഹത്തിലും പലതായി കാണപ്പെടുന്നു. അവ തമ്മിലുള്ള വൈരുദ്ധ്യമോ അവയിലെ ചേർച്ചകളോ അവിടെ വിഷയമാവുന്നില്ല. കാരണം മിത്തിനെ

എല്ലാവരും സ്വീകരിക്കുന്നത് വൈകാരികമായാണ്. അതിനെ ചോദ്യം ചെയ്യാൻ അതിനുള്ളിൽ നിൽക്കുന്നവർ തയ്യാറാവുന്നില്ല.

'പ്രളയത്തിന് ശേഷം ഇളതായിക്കിടന്ന ഭൂമി തുളഞ്ഞ് വെള്ളമെടുക്കുന്നുണ്ടായിരുന്നു. മണ്ണ് ഉറക്കാതെ ജീവനുണ്ടാകില്ല. സൃഷ്ടി സ്ഥിതി സംഹാരത്തിന് ജീവജാലങ്ങൾ വേണം. ത്രിമൂർത്തികൾ മൂന്ന് രാജാക്കളായി ഭൂമിയിൽവന്നു. ഭൂമിയുടെ പൊക്കിളിലൂടെയാണ് ജലപ്രവാഹമെന്നു കണ്ടു.

മായംപെരുമാൾ-വിഷ്ണു- പൂണൂൽ അഴിച്ച് കിഴക്ക്, തെക്ക്, പടിഞ്ഞാറ് ഏഴുകോൽ വീതമളന്നു. വടക്കോട്ട് ഏഴരയും. വെള്ളം വറ്റാതെ സൃഷ്ടി അസാധ്യം. അതിന് വഴികളൊന്നും കണ്ടില്ല. മായംപെരുമാൾ ചെറുവിരൽമുറിച്ച് ആണിയാക്കി ഭൂമിയുടെ പൊക്കിൾ അടച്ചു. ആണിയുടെ മുടി- മുകളറ്റത്തിന്-ചുവട്ടിൽ പിന്നെയും കുറെ ചോർച്ച. ആണിമുടി പിന്നെ ആനമുടിയായി. ചോർച്ച പെരിയാറായിട്ടുമൊഴുകി.

'ഉറച്ചുതുടങ്ങിയ മണ്ണിൽ കുറുന്തോട്ടി നട്ടശേഷം ത്രിമൂർത്തികൾ മടങ്ങി. മലകളും സമതലങ്ങളുമായി രൂപാന്തരം വന്ന ഭൂമിയിൽ കാടുകളും ജീവജാലങ്ങളുമുണ്ടായി. ഒടുവിൽ മനുഷ്യനും. അവർ കാടും നാടുമായി വേർതിരിഞ്ഞു. അവരുടെ അധിപന്മാരായി കാട്ടുരാജാക്കന്മാരും നാട്ടുരാജാക്കന്മാരും'(പു.34).

ആദിമനിവാസികളെയും ഒരു പ്രത്യേക ഭൂമികക്കുള്ളിൽ ജീവിക്കുന്നവരെയും പ്രത്യേകം സ്വാധീനിക്കുന്ന ഘടകമാണ് മിത്തുകൾ. അതിൽ തന്നെ ഉൽപത്തി മിത്തുകൾ പോലുള്ളവ അവരുടെ തലമുറ കൈമാറി വരുന്ന വിശ്വാസമായി നിലനിൽക്കുന്നു. അതിനാൽ തന്നെ അവരുടെ വിശ്വാസം പ്രകൃതിയും ദൈവങ്ങളും ഉൾപ്പെടുന്ന ഇത്തരം കഥകളിൽ അധിഷ്ടിതമായിരിക്കും.

'ആണിമുടിയുടെ ചുറ്റുപാടുകൾ കാടുനിറഞ്ഞ മലകളാണ്. അവിടത്തെ ജനങ്ങളെ ഭരിച്ചത് കാട്ടുരാജാക്കന്മാരും കിഴക്കൻ ഭാഗങ്ങൾ വാണത് പാണ്ഡ്യരാജാക്കന്മാരുമാണ്. പതിനെട്ടു പാണ്ഡ്യന്മാർ, പതിനെട്ടു പാളയങ്ങൾ.. ..പാണ്ഢ്യന്മാരുടെ നഗരമാണ് മധുര. മീനാക്ഷി അവരുടെ കുലദൈവതയും. ഉത്ഭവിച്ചതിനെല്ലാം നാശവും മായംപെരുമാൾ കൽപ്പിച്ചതാണ്....... ഒരിക്കൽ പാലാൽ തൃക്കൊടി പറന്നുപോന്നു....... കൊറത്തിക്കുടിയുടെ മേൽഭാഗത്ത് നെല്ലിമലയിൽ ഒരു കാരാൽകരിവീട്ടി-മരത്തിൽ ചുറ്റിക്കിടന്നു. കൊറത്തിക്കുടിയുടെ അടിഭാഗമാണ് ഊരാളൻ കല്ല്.. ..കണ്ണകിയുടെ ശാപംകൊണ്ട മധുര കലങ്ങിയെരിഞ്ഞു. ക്ഷീണിതയായ മീനാക്ഷിക്ക് ശാന്തൻപാറ കയറാൻ പറ്റിയില്ല. കൂട്ടത്തിലുണ്ടായ വലിയ മുതുവാൻ ദേവിയെ മുതുകിലെടുത്തു പടികയറ്റി' (പു. 35).

മുതുവാന്മാരുടെ ഭൂമിയുമായുള്ള ബന്ധം ആരംഭിക്കുന്നത് ഈ മിത്തിലൂടെയാണ്. അവർക്ക് ദേവിയെ മുന്നിൽകൊണ്ടുവന്നു പ്രതിഷ്ഠിച്ച സ്ഥലമാണ് മലമുകളുകൾ. മുതുകത്ത് എടുത്തവനെ മുതുകത്തുപൂണ്ട മുതുവാൻ എന്ന് ദേവി അനുഗ്രഹിച്ചു. അതവരുടെ വംശത്തിന്റെ ഉത്ഭവചരിത്രമാണ്. ഒരു ജനതയുടെ വംശചരിത്രം അവരുടെ ജീവിത സാഹചര്യങ്ങളെ എങ്ങനെ രൂപപ്പെടുത്തുന്നു എന്ന് കാണാം. ഭൂമിയെന്നത് അവരുടെ ദൈവത്തെപ്പോലെ തന്നെ അവരോട് ചേർന്നതാണ്. അതുതന്നെയാണ് ചെങ്ങാറും കുട്ടാളും പരിശോധിക്കുമ്പോഴും മനസ്സിലാവുന്നത്. കുലചിഹ്നങ്ങളായ സസ്യമൃഗാദികളെ പൂർവപിതാമഹന്മാരായും അവരുമായി രക്തബന്ധമുള്ളവരായും മുതുവാ സമൂഹം വിശ്വസിക്കുന്നു.അവരുടെ മുൻഗാമികളെക്കുറിച്ചുള്ള അഭിമാനം അവരെ ഇപ്പോഴും ഒന്നിച്ച് നിർത്തുന്ന ഘടകമാണ്. അവരുടെ ഓരോ പാട്ടുകൾക്കും ആചാരങ്ങൾക്കും വസ്ത്രധാരണാരീതിക്കും വരെ മിത്തുകളുടെ പിൻബലമുണ്ട്. മുതുവാന്മാരുടെ കൂട്ടത്തിലെ അതികായന്മാരെക്കുറിച്ചും കഥകളുണ്ട്.

വിഷകന്യകയിൽ ചരിത്ര ബന്ധമുള്ള സാമൂഹിക സാഹചര്യത്തെയാണ് അടിസ്ഥാനമാക്കുന്നത്. എന്നാൽ അവരെത്തിപ്പെടുന്ന മണ്ണ് ഒരു മിത്തായി മാറുന്നു. മണ്ണിൽ

പൊന്നുവിളയിച്ച കഥകൾ, ജന്മികളായവരുടെ കഥകൾ എന്നിവയാണ് അവരെ മുന്നോട്ടു നയിക്കുന്നത്. ഉൽപത്തിപുരാവൃത്തത്തിന് പകരം അവരെ നയിക്കുന്നത് മുൻഗാമികളുടെ കഥകളാണ്. അവിടെ അറിയപ്പെടാത്ത തോൽവിയുടെ കഥകളും ഉണ്ടെന്ന് അവരറിയുന്നത് വളരെ വൈകിയാണ്.

വിഷകന്യകയെ കഥാകാരൻ അമൂർത്തമായും തീവ്രമായും അവതരിപ്പിച്ചിരിക്കുന്നു. മണ്ണിനോടുള്ള ആസക്തിയും പെണ്ണിനോടുള്ള ആസക്തിയും പുരുഷനെ വിടാതെ പിന്തുടരുന്നവയാണെന്നും സ്ത്രീയുടെയും മണ്ണിന്റെയും പ്രതികാരം നാശോന്മുഖമായിരിക്കും എന്നും വായിച്ചെടുക്കാം. മിത്തിക്കൽ ഘടകങ്ങൾക്ക് അതാത് പരിസരത്തിന് പുറത്ത് കടന്നാൽ അർത്ഥമുണ്ടാവണമെന്നില്ല.അനുഭവസ്ഥരായ ഒരു കൂട്ടത്തിന്റെ തോന്നലായി വിഷകന്യകയെ കാണാം.

### 3.3.14. ഭാഷ/ഭാഷാഭേദം

ഭാഷാപരമായി വേറിട്ടുനിൽക്കുന്ന സമൂഹമാണ് ചെങ്ങാറും കുട്ടാളുംഎന്ന നോവലിലെ മുതുവാന്മാർ. തമിഴും മലയാളവും കലർന്നതാണ് അവരുടെ ഭാഷ. അവർ അതിന്റെ സംരക്ഷണത്തിൽ ജാഗരൂകരുമാണ്. പുറത്തുനിന്ന് വരുന്ന ഒരാൾക്ക് പെട്ടെന്ന് ഉൾക്കൊള്ളാനാവുന്നതിലധികം അവരുടെ ഭാഷ സവിശേഷമാണ്. അതേ ഗോത്രത്തിൽപെട്ട മറ്റൊരു ദേശത്തിൽനിന്നു വരുന്ന സുധക്ക് ഭാഷ മനസ്സിലാക്കാൻ പ്രയാസമാവുന്നുണ്ട്.

സ്കൂളുകളിൽപോയി കുട്ടികൾ പഠിക്കേണ്ടിവരുന്നത് മലയാളമാണ്. സുധ ഫലപ്രദമായ രീതിയിലാണ് പഠിപ്പിക്കാൻ ആസൂത്രണം ചെയ്യുന്നത്. മുതുവാക്കുട്ടികൾ പിന്നിലാവുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്യുന്നുണ്ട്. അവരുടെ മാതൃഭാഷയല്ല രണ്ടാം ഭാഷയാണ് മലയാളം. തുടർപഠനം ആഗ്രഹിക്കുന്നവർക്ക് ഹോസ്റ്റലുകളിൽനിൽക്കേണ്ടിവരുന്നു. ഗോത്രത്തിൽനിന്ന് പുറത്തുവിടാത്ത രീതികളും ആദിവാസി ഹോസ്റ്റലുകളിലെ ചൂഷണങ്ങളും അതിൽനിന്ന് പിന്തിരിപ്പിക്കുന്നു.

മലബാറിന്റെയും തിരുവിതാംകൂറിന്റെയും ചില ജാതി മത പ്രത്യേകതകളുള്ള സങ്കരഭാഷയാണ് വിഷകന്യകയിൽ കാണുന്നത്. ഭാഷാ പ്രത്യേകതകൾ ഇല്ലെങ്കിലും വാക്കുകളിലും മറ്റും സാംസ്കാരിക സ്വാധീനം കാണാം. മലബാറിലെ ഭാഷാപ്രയോഗം തുറന്ന് പറയാതെ വ്യംഗ്യങ്ങളും അർത്ഥങ്ങളും ബാക്കി വെക്കുന്ന തരത്തിലാണ്. എന്നാൽ തിരുവിതാംകൂറിൽ നിന്നും കുടിയേറി വരുന്നവർ കാര്യങ്ങൾ തുറന്ന് പറയുന്ന തരത്തിലാണ് ഭാഷ പ്രയോഗിക്കുന്നത്.

### 3.3.15. സമരം/പ്രതിരോധം

ചെങ്ങാറും കുട്ടാളും എന്ന നോവലിൽ സുധ നടത്തുന്നത് ഒരു പ്രതിരോധത്തിനുള്ള ശ്രമം തന്നെയാണ്. സ്വയം നിലനിൽപ്പിനായും അതോടൊപ്പം ഒരു സമൂഹത്തിന്റെ പ്രശ്നപരിഹാരത്തിനും ശ്രമിക്കുന്നു. അധികാരികൾ വിലക്കുന്ന പ്രത്യേക അവകാശങ്ങൾ നേടിയെടുക്കാൻ വേണ്ടി സമരത്തിനിറങ്ങുകയും ആയുധമെടുക്കുകയും ചെയ്യുന്ന ഒരു ജനതയെ ചെങ്ങാറും കുട്ടാളും കാണിച്ചുതരുന്നു.

വിഷകന്യകയിൽ സമരം ആരംഭിക്കുന്നത് തിരുവിതാംകൂറിൽ നിന്നാണ്. അത് മലബാറിലെ വിളനൽകാൻ മടിച്ചുനിൽക്കുന്ന മണ്ണിനോടും അവനവനോടും തന്നെയായി മാറുന്നു.

### 3.3.16. കഥാപാത്രങ്ങളുടെ സ്വഭാവം

രണ്ടു നോവലുകളിലും ഭയം മുഖ്യ പ്രമേയമാവുന്നുണ്ട്. വിഷകന്യകയിൽ കാടിന്റെയും അപരിചിതമായ വന്യതയുടെയും ഫലമായി രൂപപ്പെടുന്ന ഭയം. അതോടൊപ്പം സാംക്രമികരോഗങ്ങളും കാട്ടുമൃഗങ്ങളും ഉണ്ടാക്കുന്ന മരണഭയം. ചെങ്ങാറും കുട്ടാളും ഭയത്തെ

ജീവിതത്തിന്റെ ഭാഗംതന്നെയാക്കിയിരിക്കുന്നു. അവർ എല്ലാം കാണുന്നത് ഭയത്തോടെയാണ്. എന്നാൽ അത്തരം സാഹചര്യത്തിലും ധീരമായി പെരുമാറുന്ന കഥാപാത്രങ്ങളുമുണ്ട്. ഭയപ്പെടുത്തിവായടപ്പിക്കാനാണ് കുടിയേറ്റക്കാരായ മുതലാളിമാർ ശ്രമിക്കുന്നത്.

ഈ രണ്ടുനോവലുകളിലെയും കഥാപാത്രങ്ങളെ പരിശോധിച്ചാൽ അവരിൽ ചില കാര്യങ്ങൾ കണ്ടെത്താം. കുടിയേറിയതാണെങ്കിലും വന്യമായ കരുത്താണ് വിഷകന്യകയിലെ കഥാപാത്രങ്ങൾ കാണിക്കുന്നത്. എന്നാലവർ തോറ്റുമടങ്ങേണ്ടി വരുന്നു. കാട്ടിൽതന്നെ ജീവിക്കുന്ന ആദിവാസി വിഭാഗങ്ങൾക്കാവട്ടെ പ്രതികൂലസാഹചര്യം മനുഷ്യനിൽനിന്നുതന്നെയാണ്. അവരെ പ്രകൃതി കുടിയൊഴിപ്പിക്കുന്നില്ല. മനുഷ്യനുണ്ടാക്കിയ നിയമങ്ങൾ അവരെ എവിടെയും സ്ഥിരമായി നിൽക്കാൻ അനുവദിക്കുന്നില്ല.

കാറ്റിനെയും മഴയെയും താണ്ടിയാണ് സുധ ഊരിലെത്തുന്നത്. അവൾ വന്ന ലക്ഷ്യത്തിന്റെ നിശ്ചദാർഢ്യം അതിലുണ്ട്. നാൽക്കാലികൾ കൊന്നാലും ഇരുകാലികളെക്കൊണ്ട് മരിക്കണ്ടല്ലോയെന്ന് ചിന്തിപ്പിക്കുന്നത് സുധ ഇടപെടുന്ന സാമൂഹികാന്തരീക്ഷമാണ്. യൗവനയുക്തയാണ് സുധ. വെളുത്ത് അൽപം മെലിഞ്ഞ് ധാരാളം മുടിയും കണ്ണടയുമുള്ള രൂപം. വൃത്തിയായ വസ്ത്രത്തിൽ നടക്കുന്ന ശീലം. അവളുടെ വിവാഹം കഴിഞ്ഞതാണെന്ന് ഊരുകാർ അറിയുന്നത് വളരെ വൈകിയാണ്. വസ്ത്രത്തിലും പെരുമാറ്റത്തിലും വിദ്യാഭ്യാസം ലഭിച്ചതിന്റെ മാറ്റം സുധയിലുണ്ട്. സുധയ്ക്ക് പിറകെ പ്രണയാഭ്യാർത്ഥനയുമായി പലരും എത്തുന്നുണ്ട്. എതിർപ്പ് അറിയിച്ചിട്ടും അതിനെ സമ്മതമായി കാണുന്ന ഊരുകാർക്ക് മുന്നിൽ സുധ പകച്ചുപോകുന്നുണ്ട്. അറിവ് അധികാരമാവുന്നെങ്കിലും പലപ്പോഴും അതിന് കാര്യമായ സ്വാധീനം ചെലുത്താനാവുന്നില്ല. ആത്മസംഘർഷങ്ങളുള്ള കഥാപാത്രമായാണ് സുധയെ അവതരിപ്പിക്കുന്നത്. തിരിച്ച് പോകാനാവാത്ത ഭൂതകാലം അവളെ ഊരിൽതന്നെ പിടിച്ചുനിർത്തുന്നു. തൊഴിലുമായി ബന്ധപ്പെട്ട് അധികാരികൾക്കുള്ള ചൂഷണ മനോഭാവത്തെ എതിർക്കാൻ സുധ തന്റെ ജോലി വരെ കളയാൻ തയ്യാറായിരുന്നു.സുധയുടെ പ്രവർത്തന ഫലമായി അഞ്ചലക്ക് പുറത്ത് പോയി പഠിക്കാൻ സാധിക്കുന്നു. സുധയത് അഭിമാനത്തോടെയാണ് കാണുന്നത്.

ദേശത്തിന്റെ ചരിത്രം പല കൃതികളും ഉപയോഗിച്ചിരിക്കുന്നത് പലതരത്തിലാണ്. മലനാടൻ നോവലായ ചെങ്ങാറും കുട്ടാളും സാമൂഹിക സാഹചര്യവുമായി ഇടപെടുന്ന നോവലാണ്. ചരിത്ര ഘട്ടത്തെ തിരിച്ചറിയാൻ സാധിച്ചാലും അത് മുതുവാന്മാരെന്ന സമൂഹത്തെ ബാധിക്കുന്നില്ലെന്ന് പറയാം. അതൊരു അടഞ്ഞ സാമൂഹിക ഘടനയാണ്. പ്രകൃതി മൂലം രൂപപ്പെട്ട ഒരു അതിർവരമ്പും അവിടുത്തെ സംസ്കാരം വഴി രൂപപ്പെട്ട ഒരു അതിർവരമ്പും നിലനിൽക്കുന്നു. പ്രകൃതിയുടെ അതിരുഭേദിച്ച് അകത്തെത്തുന്ന കുടിയേറ്റക്കാർ അവരെ ചൂഷണം ചെയ്യുന്നത് കാണാം. പക്ഷെ സാംസ്കാരികമായ അതിരിനെ ഭേദിക്കാൻ അവർക്കാവുന്നില്ല. പുറത്തുനിന്നും വരുന്ന സുധ ഗോത്രത്തിന്റെ അനുമതിയോടെയാണ് അവിടെ പ്രവർത്തിക്കുന്നത.് എന്നാൽ ഒരു പരിധിയിൽ കവിഞ്ഞ് സുധക്കും സ്വാധീനങ്ങൾ സാധ്യമാകുന്നില്ല. സുധ അവിടെനിന്നും മാറിപ്പോവുന്നതോടെ ആ സമൂഹം പഴയ ഘടനയിലേക്ക് തന്നെ പോവുന്നത് കാണാം. സമൂഹത്തിനകത്ത് തന്നെ നിന്നുകൊണ്ട് മാറ്റങ്ങളെ കുറിച്ച് സംസാരിക്കുന്നവരുണ്ട്. അവരെയും ഉൾക്കൊള്ളാൻ തയ്യാറാണ് ഗോത്ര സമൂഹം. വിഷകന്യകയിൽ തിരുവിതാംകൂറിൽ നിന്നുള്ള കുടിയേറ്റചരിത്രം പ്രമേയത്തെ രൂപപ്പെടുത്തുകയും അതിന്റെ തീവ്രതയെ കാണിച്ചു തരികയും ചെയ്യുന്ന ഘടകമായി നിലകൊള്ളുന്നു. അക്കാലത്തെ മലബാറിൽ നടന്ന സംസ്കാരസങ്കലനത്തിന്റെ അവശേഷിപ്പുകൾ ഇന്നും ദൃശ്യമാണ്.

**സൂചന**


1. ഗുണ്ടർട്ട്.മലയാളരാജ്യം. 1879.
2. നാരായൻ.കൊച്ചരേത്തി. ഡിസി ബുക്സ്. 1998.
3. നാരായൻ.വന്നല. ചിന്ത പബ്ലിക്കേഷൻസ്. 2006.
4. നാരായൻ.ചെങ്ങാറും കുട്ടാളും. സാഹിത്യ പ്രവർത്തക സഹകരണ സംഘം.2012
5. നാരായൻ.ആരാണ് തോൽക്കുന്നവർ. ബുക്ക് മീഡിയ.2016.
6. നാരായൻ.ഊരാളിക്കുടി. എൻബിഎസ്.2012.
7. കെ.ജെ. ബേബി. മാവേലിമന്റേറം. ഡിസി ബുക്സ്.2020.
8. മലയാറ്റൂർ രാമകൃഷ്ണൻ. പൊന്നി. സാഹിത്യ പ്രവർത്തക സഹകരണ സംഘം. 1967.
9. യു.എ. ഖാദർ. വള്ളൂരമ്മ. പി.കെ. ബ്രദേഴ്സ്. 1999.
10. യു.എ. ഖാദർ. ചെമ്പവിഴം.ഹരിതം ബുക്സ്.2011.
11. ടി.സി. ജോൺ.ഉറാട്ടി.ദേശാഭിമാനി.1977.
12. ടി.സി. ജോൺ.തേക്ക്. ഗ്രന്ഥകർത്ത. 1981.
13. ടി.സി. ജോൺ. നെല്ല. പുരോഗമന കലാ സാഹിത്യ സംഘം. പത്തനംതിട്ട. 1985.
14. എസ്. ശ്രീകണ്ഠൻ നായർ. കാണി. പൂർണ പബ്ലിക്കേഷൻസ്.1995.
15. ജോസ് പാഴൂക്കാരൻ. കറുത്ത പുലികൾ ജനിക്കുന്നത്.ഡിസി ബുക്സ്. 2012
16. ജോസ് പാഴൂക്കാരൻ.അരിവാൾ ജീവിതം. ഗ്രീൻ ബുക്സ്.2014.
17. ജോസ് മുട്ടം. കമ്പളത്തുടി. എൻ.ബി.എസ്. 2003.
18. പി. വൽസല. കൂമൻകൊല്ലി. എൻ.ബി.എസ്. 1981.
19. പി. വൽസല.നെല്ല്. എൻ.ബി.എസ്. 1972.
20. പി.വൽസല ആഗ്നേയം. എൻ.ബി.എസ്. 1974.
21. എസ്.കെ.പൊറ്റെക്കാട്ട്. വിഷകന്യക . ഡിസി ബുക്സ്. 1948.
22. കാക്കനാടൻ. ഒറോത. പൂർണ പബ്ലിക്കേഷൻസ്. 2014.
23. ജോയ് തിരുമൂലപുരം. ഇടമലക്കുടിയിലെ മുതുവാന്മാർ.നാഷ്ണൽ ബുക്ക്സ്റ്റാൾ.1981.
24. അതേ പുസ്തകം
25. അതേ പുസ്തകം

# അധ്യായം 3

# ഇടനാട്

### 1. ഇടനാട്

പശ്ചിമഘട്ടത്തിനും തീരപ്രദേശത്തിനും ഇടയിൽ കിടക്കുന്നതുകൊണ്ടാണ് ഈ പ്രദേശത്തെ ഇടനാട് എന്ന് വിളിക്കുന്നത്. ചെറിയ കുന്നുകളും, താഴ്വരകളും സമതലങ്ങളും ഉൾപ്പെടുന്നതാണ് ഇവിടം. ആദ്യകാലങ്ങളിൽ വ്യാപകമായി കൃഷിക്ക് ഉപയോഗിച്ചിരുന്ന പ്രദേശമാണ്. റബ്ബറിനും സുഗന്ധവ്യഞ്ജനങ്ങൾക്കും തെങ്ങിനും നെല്ലിനും അനുയോജ്യമായ കാലാവസ്ഥയും ഫലഭൂയിഷ്ഠമായ മണ്ണും ഇടനാട്ടിന്റെ പ്രത്യേകതയായിരുന്നു.കേരളത്തിന്റെ ഭൂവിസ്തൃതിയിൽ 42 ശതമാനത്തോളം ഇടനാട് ആണെന്ന് പറയപ്പെടുന്നു.

ഇടനാടിനെ വേറിട്ടൊരു സാംസ്കാരിക ഇടമെന്നതിലുപരി മലനാട്ടിലെയും തീരദേശത്തെയും സംസ്കാരിക ബോധങ്ങളേക്കാൾ കുറച്ചുകൂടി പൊതുവൽക്കരിക്കപ്പെട്ട ഘടകങ്ങൾ ഉള്ള ഇടമായി കാണാം.ഇടനാട് വ്യത്യസ്തമായ കുടിയേറ്റങ്ങളും കൂടുതൽ സംസ്കാര സങ്കലനവും നടക്കുന്ന ഇടം കൂടിയാണ്. അതുകൊണ്ടുതന്നെ ഇടനാട്ടിലെ ജീവിതരീതിയിലും ചിന്താധാരകളിലും ഈ കൂടിച്ചേരലുണ്ട്. എഴുത്തുകാർക്ക് സങ്കീർണമായ കഥാപാത്രങ്ങളെ രൂപപ്പെടുത്താൻ അനുയോജ്യമായ സാഹചര്യം ഇതിലൂടെ ഉടലെടുക്കുന്നുണ്ട്.കഥാപാത്രങ്ങളുടെ സ്വഭാവത്തിലെ വൈരുദ്ധ്യങ്ങളെ വിശദീകരിക്കാൻ തക്കതായ സാമൂഹിക സാഹചര്യങ്ങൾ ഇടനാട്ടിൽ നിലനിൽക്കുന്നു.

ഇടനാട് പൊതുവെ സാമ്പത്തിക പ്രവൃത്തികളുടെ ഇടമായിക്കൂടി പ്രവർത്തിക്കുന്നുണ്ട്. വാണിജ്യവും വ്യവസായവും വ്യാപകമാവുന്നതിന് മുമ്പ് തന്നെ കൃഷി ഏറ്റവും വലിയൊരു സാമ്പത്തിക സ്രോതസ്സായിരുന്നു. വിദേശികളുടെ വരവോടെ കയറ്റുമതിയും മറ്റും വ്യാപിച്ചു. തീരപ്രദേശം ഇത്തരം കയറ്റിറക്കുമതികൾക്ക് കേന്ദ്രമായെങ്കിലും അതിന്റെ സ്രോതസ്സുകൾ വന്നിരുന്നത് ഇടനാട്ടിൽ നിന്നാണ്. അക്കാലം മുതൽ തന്നെ കൃത്യമായി ഭരണസംവിധാനത്തിൽ ഇടപെടാൻ ഇടനാട്ടിന് കഴിഞ്ഞിരുന്നു. നാട്ടുരാജ്യങ്ങളുടെ ഭരണസിരാകേന്ദ്രങ്ങളും ഇടനാടുകളിലായിരുന്നു. സാമ്പത്തിക പ്രവൃത്തികളിൽ ഏർപ്പെടുന്ന പ്രദേശമായതിനാൽ തന്നെ അവിടത്തെ മനുഷ്യരുടെ പ്രതിസന്ധികളും ജീവിത സാഹചര്യങ്ങളും വ്യത്യസ്തമായിരിക്കും.

മറ്റിടങ്ങളിൽ കാണാത്ത തരത്തിൽ ഇടനാട്ടിലെ നാട്ടുകാരും കുടിയേറ്റക്കാരും തങ്ങളുടെ ജീവിതസാഹചര്യങ്ങളെ വളരെ വ്യത്യസ്തതയോടെ, എന്നാൽ തനിമ നിലനിർത്തിക്കൊണ്ടുതന്നെ സംരക്ഷിക്കുന്നുണ്ട്. കുടിയേറ്റക്കാർക്ക് എളുപ്പത്തിൽ ചൂഷകരായിത്തീരാൻ അവസരം ലഭിച്ചിരുന്നില്ല. സാമൂഹികാവസ്ഥക്കും കഴിവിനും അനുസരിച്ചുള്ള ഉപജീവനം കണ്ടെത്തുകയും അത് നിലനിർത്തിപ്പോരുകയും മാത്രം സാധ്യമായ വലിയൊരു വിഭാഗം ഇടനാട്ടിലുണ്ടായിരുന്നു. മറ്റ് രണ്ടിടങ്ങളേക്കാളും പ്രകൃതി വൈവിധ്യങ്ങൾ നിറഞ്ഞ ഇടമാണ് ഇടനാടെന്ന് പറയാം. ചെറിയ കുന്നുകളും പുഴകളും സമതലവും കൂടിചേർന്ന് വ്യത്യസ്തമാണതിന്റെ ഭൂമിശാസ്ത്രം.ഇവയോടെല്ലാം ചേർന്ന് ജീവിക്കുന്ന മനുഷ്യരിലും അത്തരം വ്യത്യസ്തമായ സാംസ്കാരിക ജീവിതം രൂപപ്പെട്ടിട്ടുണ്ടാവണം. പലതരത്തിൽ ജീവിതത്തെ ആവിഷ്ക്കരിക്കാനും സാഹചര്യങ്ങളെ വൈവിധ്യത്തോടെ പകർത്താനും ഇടനാട് കേന്ദ്രമായ എഴുത്തുകൾ ശ്രമിച്ചു.

മറ്റു മേഖലകളെ അപേക്ഷിച്ച് ഇടനാട്ടിൽ ഭൂപരമായ അപകടങ്ങൾ കുറവാണ്. സ്ഥിരതാമസമാക്കുക, ജീവിതം ഉറപ്പിച്ചെടുക്കുക എന്നത് മനുഷ്യന്റെ പ്രാഥമികാവശ്യമായി പരിഗണിക്കപ്പെടുന്നു. അതിനാൽതന്നെ മറ്റിടങ്ങളേക്കാൾ സ്വസ്ഥവും അപകടരഹിതവുമായ ഭൗതികപരിസരം ഇടനാട്ടിൽ കണ്ടെത്താൻ മനുഷ്യന് സാധിച്ചു. മതപരവും ജാതിപരവും ആചാരപരവും രാഷ്ട്രീയപരവും ആയ കാര്യങ്ങൾ പ്രമേയങ്ങളായി രൂപപ്പെട്ടു. നിത്യജീവിതം മുന്നോട്ട് നയിക്കുന്നതിലും ജീവിതച്ചെലവുകൾ കടന്നുപോവുന്നതിലും ആയിരുന്നു സാധാരണ

മനുഷ്യരുടെ ശ്രദ്ധ.മറ്റു നാടുകളെപ്പോലെത്തന്നെ ഇടനാടും സാംസ്കാരിക ഫോക്ഘടകങ്ങളുടെ കാര്യത്തിൽ വൈവിധ്യം കാണിച്ചിരുന്നു.

മലയാളിയുടെ ഗ്രാമബോധം പ്രധാനമായും സ്ഥാനപ്പെടുത്തിയിരിക്കുന്നത് ഇടനാട്ടിലാണെന്ന് പറയാം. ഗ്രാമം എന്നതിന് കൃഷി പ്രധാനമായതും ധാരാളം വീടുള്ളതുമായ പ്രദേശം എന്നാണ് ശബ്ദതാരാവലിയിൽ അർത്ഥം പറയുന്നത്. ഇത് ഇടനാടിന്റെ ഭൗതിക ഘടനയിൽ നിന്നും രൂപപ്പെട്ട അർത്ഥമാണ്. ഭൂപരമായി ഇടനാട് ഫലഭൂയിഷ്ടമായ മണ്ണുള്ള, കൃഷിക്കനുയോജ്യമായ പ്രദേശമാണ്. നദികളെയും ജലസ്രോതസ്സുകളെയും ജലസേചനത്തിന് ഉപയോഗിക്കുകവഴി എല്ലാക്കാലത്തും അവിടെ ജലലഭ്യത ഉറപ്പുവരുത്താനാവുന്നു. കാർഷിക സമ്പന്നത ആദ്യകാല കേരളത്തിന്റെ പ്രധാന വരുമാന മാർഗമായിരുന്നു. കൃഷിക്കനുയോജ്യമായ മണ്ണും ജലസേചന സൗകര്യവും കാലാവസ്ഥയുമുള്ള,കാർഷിക വിളകളാൽ പ്രകൃതി രമണീയമായ അന്തരീക്ഷം ഇടനാടിനുണ്ടായിരുന്നു. മനസ്സ് കുളിർപ്പിക്കുന്ന കാഴ്ചയായിട്ടാണ് സാഹിത്യകാരന്മാരെല്ലാം വിളയിട്ടുനിൽക്കുന്ന നെൽപ്പാടങ്ങളെരേഖപ്പെടുത്തി വെച്ചിരിക്കുന്നത്. ഒരു തരത്തിൽ നോക്കിയാൽ മനുഷ്യനിർമ്മിതമായ പച്ചപ്പാണ് ഗ്രാമത്തിലുള്ളത്. അത് സമ്പത്തിനെയും നാടിന്റെ സമൃദ്ധിയെയും പ്രതിഫലിപ്പിക്കുന്നു. അത്തരത്തിലുള്ളൊരു വൈകാരിക അടുപ്പമാണ് എഴുത്തുകാർ ഗ്രാമങ്ങളോട് കാണിച്ചിരുന്നത്. വന്യമായ പ്രകൃതിഭംഗി മലനാടുകളിൽ സുലഭമാണെങ്കിലും അവയെ ഗ്രാമപരിധിയിൽ പെടുത്തുന്നില്ല. കാട് വെട്ടിത്തെളിച്ച് സംസ്കൃതനായ മനുഷ്യൻ ഉണ്ടാക്കിയെടുത്ത ഇടങ്ങളാണ് ഗ്രാമങ്ങളായി മാറുന്നത്. അവിടെയുള്ള കഥാപാത്രങ്ങൾ നിഷ്കളങ്കരും കൃഷിപ്പണികളുമായി ജീവിതം മുന്നോട്ട് നയിക്കുന്നവരും സങ്കീർണ പ്രശ്നങ്ങളില്ലാതെ പ്രാഥമികാവശ്യങ്ങളിൽ തൃപ്തരാവുന്നവരുമായി ചിത്രീകരിക്കപ്പെട്ടിരുന്നു. കൃഷിയിടങ്ങൾക്ക് അടുത്തായിത്തന്നെ താമസിച്ച് കൃഷി ഏക ജീവിതോപാധിയാക്കി മുന്നോട്ട് കൊണ്ടുപോയി. നഗരവൽക്കരണത്തോടെയാണ് അവരുടെ ചിന്താധാരകളും ആവശ്യങ്ങളും ജീവിതക്കാഴ്ചകളും മാറുന്നത്.

## 2. ഇടനാടിന്റെ സംസ്കാരം

ഇടനാട് കേരളത്തിന്റെ സംസ്കാര മുഖമുദ്രയായി മാറുന്നത് പല തരത്തിലാണ്. കേരളത്തിന്റേതായി അറിയപ്പെടുന്ന കലാ-സാഹിത്യ മുന്നേറ്റങ്ങൾ, രാഷ്ട്രീയ ചിന്താധാരകൾ, ആചാര വിശ്വാസങ്ങൾ,ആഘോഷങ്ങൾ എല്ലാ ഇടനാടിന്റെ മുഖമാണെന്ന് കാണാം. പ്രാദേശികമായി വൈവിധ്യമുള്ള സംസ്കാരങ്ങൾ നിലനിൽക്കുന്നതിനാൽ മനുഷ്യർ നാടുകളുമായി ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. പക്ഷെ ജീവിതത്തിന്റെ പല ഘട്ടങ്ങളിൽ അവർ പല ആവശ്യങ്ങൾക്കായി യാത്ര ചെയ്യേണ്ടിവരികയും പലയിടങ്ങളിൽ താമസമുറപ്പിക്കയും ചെയ്യുന്നു. അത്തരം സാഹചര്യങ്ങളിലാണ് സംസ്കാര സങ്കലനവും ഗൃഹാതുരത്വബോധവും ഉടലെടുക്കുന്നത്.

സാമ്പത്തിക പ്രവൃത്തികളുടെ ഇടമായി മാറുക വഴി മലനാടിനെയും ഇടനാടിനെയും യോജിപ്പിക്കുകയും അവയിൽ നിന്നും സാധ്യമായ സാമ്പത്തിക ഘടകങ്ങൾ ഉപയോഗിക്കുകയും ചെയ്യുന്നത് ഇടനാടാണെന്ന് പറയാം. ഉൽപന്നങ്ങളുടെ പ്രധാന ഉപഭോക്താക്കളും ഇടനാട്ടുകാരായി മാറുന്നു. ഉപഭോക്തൃസംസ്കാരം പ്രധാനമായും കടന്നുവന്നത് ഇടനാടിലൂടെയാണ്.

ഇന്ന് ഇടനാട് കൃഷിയുടെയും വ്യവസായങ്ങളുടെയുംകേന്ദ്രമായി പ്രവർത്തിക്കുന്നു. വൻകിട സ്ഥാപനങ്ങളും മറ്റും സ്ഥിതിചെയ്യുന്നത് ഇടനാട്ടിലാണ്. ഗ്രാമങ്ങളിൽ നിന്നും എത്തിക്കുന്ന വിളകളുടെ വിപണനകേന്ദ്രമായും നഗരങ്ങൾ പ്രവർത്തിക്കുന്നു. വിളകൾ വിപണനസ്ഥലങ്ങളിലേക്ക് എത്തിക്കുന്നതിന് കൃത്യമായ ഇടനിലക്കാരും സംവിധാനങ്ങളും ഇന്നുണ്ട്. കൃഷിക്കാർക്ക് ലഭിക്കുന്നതിനേക്കാൾ വലിയ ലാഭമാണ് വിപണികളിൽ കിട്ടുന്നത്. കൃഷികൾ ചെയ്യുന്നവരും പണിയെടുക്കുന്നവരും അതിന്റെ ഏറ്റവും കുറഞ്ഞ ലാഭത്തെ മാത്രം പിൻപറ്റിയാണ് ജീവിക്കുന്നത്.

മറ്റിടങ്ങളെ അപേക്ഷിച്ച് കൂടുതൽ ജനസംഖ്യയുള്ളത് ഇടനാട്ടിലാണ്. ഇടനാടിനെ വിനോദസഞ്ചാര കേന്ദ്രമായി മാറ്റുന്നതിൽ ഗതാഗത, താമസ സൗകര്യങ്ങൾക്ക് പങ്കുണ്ട്. ജോലിയും കൂടുതൽ മെച്ചപ്പെട്ട സാമൂഹിക സാഹചര്യവും തേടി ആളുകൾ ഇടനാട്ടിലേക്ക് എത്തിച്ചേരാറുണ്ട്. ജാതി-മത വൈവിധ്യം കൂടുതലായി കാണുന്നതിനോടൊപ്പം അതിന്റെ പേരിലുള്ള അസഹിഷ്ണുതയും കൂടുതലാണ്. തൊഴിൽ നൽകുന്ന പദവിയിലും സാമ്പത്തിക വ്യതിയാനത്തിലും മനുഷ്യർ തമ്മിൽ വേർതിരിക്കപ്പെടുന്നു. വിദ്യാഭ്യാസ സൗകര്യങ്ങളും ആരോഗ്യ സൗകര്യങ്ങളും എല്ലാവരിലേക്കും എത്തിക്കാൻ സാഹചര്യങ്ങൾ ഉണ്ട്. ആധുനികവൽക്കരണം, വ്യവസായവൽക്കരണം, നഗരവൽക്കരണം, ആഗോളവൽക്കരണം എന്നിവയുടെ ഫലമായുണ്ടായജീവിതസാചര്യങ്ങളുടെ മാറ്റവും കൂടുതലായി ഉണ്ടായതൊഴിൽ തിരഞ്ഞെടുപ്പിനുള്ള അവസരങ്ങളുംവലിയ രീതിയിലുള്ള സാമൂഹിക മാറ്റത്തിന്കാരണമായി.

കേരളത്തിന്റെ കാർഷിക സംസ്കൃതി സാഹിത്യ രംഗത്തിനും സാംസ്കാരിക രംഗത്തിനും പല സംഭാവനകളും നൽകിയിട്ടുണ്ട്. കാർഷിക ജീവിതവും അതുമായി ബന്ധപ്പെട്ട വാക്കുകളും പാട്ടുകളും അറിവുകളായി ചൊല്ലുകളും രൂപപ്പെട്ടുവന്നു. ഗ്രാമീണ ജീവിതവും കൃഷിയും ആചാരവിശ്വാസങ്ങളും പ്രമേയമാകുന്ന നോവലുകൾ അക്കാലത്തെ കേരളത്തിന്റെ ചിത്രം വരച്ചിടുന്നുണ്ട്. ഇതിലൂടെ യാഥാർത്ഥ ജീവിതവുമായി അടുത്തു നിൽക്കുന്ന രചനകൾ വന്നു. മറ്റു സാമൂഹിക സാമ്പത്തിക പ്രശ്നങ്ങളെ ഒരു ഘട്ടം വരെ പ്രധാന വിഷയമാക്കിയ നോവൽ സാഹിത്യരംഗത്തേക്ക്ജാതിയും ഭൂമിയുമായി ബന്ധപ്പെട്ട അധികാര പ്രശ്നങ്ങളും ജന്മി-കുടിയാൻ പ്രശ്നങ്ങളും കടന്നുവന്നു.പാരിസ്ഥിതിക ചിന്തകൾ രൂപപ്പെടുന്ന ഘട്ടവും ഇതുതന്നെയാണ്. കാർഷിക സംസ്കാരം കേരളത്തിന്റെ മുദ്രമായി മാറുന്നു. കാർഷിക ചിഹ്നങ്ങളും ബിംബങ്ങളും വൈകാരികമായ ഭാവങ്ങളുടെ ഭാഗമാവുന്നു. കാർഷിക സംസ്കാരം അക്കാലത്തെ ജനങ്ങളുടെ കാലബോധത്തെയും അതിന്റെ ചാക്രികതയെയും കൂടി നിർണയിച്ചിരുന്നതായി മനസ്സിലാക്കാം.

1909 ൽ തിരുവനന്തപുരത്ത് കുട്ടികളെ വിദ്യാലയത്തിൽ കയറ്റുന്നതുമായി ബന്ധപ്പെട്ട് നിയമം പാസായിരുന്നെങ്കിലും അത് അനുസരിക്കാൻ ഉയർന്ന ജാതിക്കാർ തയ്യാറാവാതിരുന്നപ്പോൾ കുഞ്ഞുങ്ങളെ വിദ്യാലയത്തിൽ പ്രവേശിപ്പിച്ചില്ലെങ്കിൽ പാടത്തിറങ്ങി പണിചെയ്യാൻ തങ്ങളെയും കിട്ടില്ല എന്നു പറഞ്ഞുകൊണ്ടായിരുന്നു അയ്യങ്കാളിയുടെ നേതൃത്വത്തിൽ സമരം നടന്നത്. നെല്ല് പൂഴ്ത്തിവെച്ച് ഭക്ഷ്യക്ഷാമം സൃഷ്ടിക്കുന്നതിനും നെല്ലുകടത്തുന്നതിനുമെതിരെ സമരങ്ങൾ നടന്നു. ഭൂനികുതി പരിഷ്ക്കരണത്തിന്റെയും കുടിയൊഴിപ്പിക്കലിന്റെയും അവസരത്തിൽ ബ്രിട്ടീഷുകാർക്കും ജന്മിമേധാവിത്വത്തിനുമെതിരെ ഭൂരഹിതരും ചൂഷിതരുമായ കുടിയേറ്റക്കാർ നടത്തിയ കലാപമാണ് 1921 ലെ മലബാർ കലാപം.

രാഷ്ട്രീയപരമായി ഇടനാട് ഭരണസിരാകേന്ദ്രമാണ്. തീരുമാനങ്ങളെടുക്കുന്ന സ്ഥാപനങ്ങളും സർക്കാർ ഇടങ്ങളുമെല്ലാംഅതിനെ അധികാര കേന്ദ്രമാക്കി മാറുന്നു. പ്രധാനപ്പെട്ട രാഷ്ട്രീയ മുന്നേറ്റങ്ങളും മാറ്റങ്ങളും വന്നിട്ടുള്ളത് ഇടനാട്ടിലാണ്. ഇടനാടിന്റെ ചരിത്രം അതുകൊണ്ടുതന്നെ കേരളചരിത്രത്തിൽ പ്രധാനപ്പെട്ടതാകുന്നു. ജാതി വ്യവസ്ഥയും അതുമായി ബന്ധപ്പെട്ട സമരങ്ങളും ഇടനാടിനെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

ഇലക്ഷനിൽ ഇടനാട് പ്രധാനപങ്ക് വഹിക്കുന്നുണ്ട്. മറ്റിടങ്ങളെ അപേക്ഷിച്ച് ജനസംഖ്യ കൂടുതലും രാഷ്ട്രീയ പ്രവർത്തനങ്ങൾ നടക്കുന്ന ഇടവും ആയി പരിഗണിക്കപ്പെടുന്നു. അതുകൊണ്ട് തന്നെ മറ്റിടങ്ങളേക്കാൾ ഇലക്ഷൻ പ്രവർത്തനങ്ങളും ഫലവും കൂടുതൽ ബാധിക്കുന്നത് ഇടനാട്ടിനെയാണ്. മറ്റിടങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾ പറഞ്ഞ് വോട്ട് ചോദിക്കുമ്പോൾ ഇടനാട്ടിൽ വികസനത്തിന്റെ പേരിലാണ് വോട്ട് ചോദിക്കുന്നത്. മറ്റുരണ്ടിടങ്ങളിലേക്കും എത്തിപ്പെടാനുള്ള സൗകര്യം ഇടനാടിനെ കേന്ദ്രമാക്കുന്നതിൽ കാരണമായിട്ടുണ്ടാവാം. രാഷ്ട്രീയ മാറ്റത്തിനായും സാമ്പത്തിക മാറ്റത്തിനായും പ്രവർത്തിക്കുന്ന,സമരങ്ങൾ നടക്കുന്ന,നവോത്ഥാന ശ്രമങ്ങളുടെ ബാക്കി പത്രങ്ങൾ കാണാവുന്നഎല്ലാറ്റിലുമുപരിയായി സാമൂഹികരാഷ്ട്രീയവൈവിധ്യം പ്രകടമാക്കുന്ന ഇടമാണ് ഇടനാട്.

ജാതി കേരളത്തിന്റെ സംസ്കാരത്തിൽ വലിയ സ്വാധീനം ചെലുത്തിയ ഘടകമാണ്. ജാതി ഇപ്പോഴും പലരൂപത്തിൽ സമൂഹത്തിൽ നിലകൊള്ളുന്നുണ്ട്. ഇടനാടിന്റെ സാംസ്കാരികാവസ്ഥയെ വളരെ ജീർണിപ്പിച്ച ഘട്ടമാണ് ജന്മി വ്യവസ്ഥയും ജാതി വ്യവസ്ഥയും നിലനിന്നിരുന്ന കാലം. തൊഴിലിനും ജന്മത്തിനും അനുസരിച്ചാണ് ജാതി ഭേദം നിലനിന്നിരുന്നത്. തൊഴിലിന്റെയും അധികാരത്തിന്റെയും അടിസ്ഥാനത്തിൽ സാമൂഹ്യ ഘടനയ്ക്ക് വഴിയൊരുക്കുന്നതിലൂടെ ജാതി എല്ലാ മേഖലകളിലും പ്രബലമായി മാറി. ഭൂമി ഉടമസ്ഥതയും കാർഷിക സമ്പദ്വ്യവസ്ഥയും ജന്മിത്തത്തിന്റെ ഭാഗമായി മാറി. വിദ്യാഭ്യാസവും അറിവ് നേടാനുള്ള അവകാശവും നിരസിക്കുക വഴി അതൊരു സാമൂഹിക അനാചാരത്തിന്റെ പാതയിലേക്ക് പൂർണമായും മാറി.പല ജാതി വിഭാഗങ്ങളിൽ നിന്നുണ്ടായ മുന്നേറ്റങ്ങളും രാഷ്ട്രീയ നിലപാടുകളും തുടർന്നുണ്ടായ നവോത്ഥാന പ്രവർത്തനങ്ങളും ഇടനാട്ടിൽ ചെറുതല്ലാത്ത മാറ്റം വരുത്തി.

1980കളോടെ സമൂഹത്തിലും ചിന്തകളിലും സാഹിത്യത്തിലും ആധുനികതയിൽ നിന്നും വ്യത്യസ്തമായ കാഴ്ചപ്പാട് കടന്നുവരുന്നുണ്ട്. അക്കാലത്ത് മലയാള സാഹിത്യം ഭാഷയിലും രൂപത്തിലും പരീക്ഷണങ്ങൾ നടത്തിയപ്പോൾ അതിന് അനുയോജ്യമായ സാമൂഹിക സാഹചര്യങ്ങൾ രൂപപ്പെട്ടത് ഇടനാട്ടിലാണ്. ആഗോളവൽക്കരണത്തിന്റെയും വ്യവസായവൽക്കരണത്തിന്റെയും ഭാഗമായുണ്ടായ ബഹുലതയും സാങ്കേതിക വിദ്യയുടെ വളർച്ചയും സാഹിത്യചിന്തകളെ സ്വാധീനിച്ചിരിക്കണം. സാഹിത്യത്തിൽ നഗരവൽക്കരണമുണ്ടാക്കുന്ന അതുവരെയില്ലാതിരുന്ന ജീവിത സാഹചര്യങ്ങളും സാംസ്കാരിക തകർച്ചയും സാമൂഹികപ്രശ്നങ്ങളുംഉടലെടുത്ത കാലഘട്ടമാണിത്.

കലാ സാഹിത്യ രംഗങ്ങളിൽ കാർഷിക സംസ്കാരത്തിന്റെ സൂചനകൾ വളരെ കുടുതലാണ്. നാടൻ പാട്ടുകളും മറ്റും രൂപപ്പെടുന്നത് കൃഷിയിടത്തിൽ പണിയെടുക്കുന്നതിന്റെ ഭാഗമായും കൃഷിയുടെ ഓരോ ഘട്ടത്തിന്റെ ഭാഗമായും ആഘോഷങ്ങളുടെ ഭാഗമായുമാണ്. കൈകൊട്ടിക്കളി, തിരുവാതിര എന്നിവയ്ക്ക് ഇത്തരത്തിലൊരു ബന്ധമുണ്ട്. തെയ്യം പോലുള്ള ആചാരങ്ങളിൽ കൃഷിയുമായി ബന്ധപ്പെട്ടവയെയും കാണാം. കയർ, കൈത്തറി, മൺപാത്രനിർമ്മാണം, നൂൽനൂൽക്കൽ, മരപ്പണി എന്നീ കൈത്തൊഴിലുകൾ കാർഷിക സാമൂഹത്തിലായിരുന്നു നിലനിന്നിരുന്നത്. കേരളത്തിന്റെ പൊതുവായ ആഘോഷങ്ങൾ പലതും ഇത്തരത്തിൽ കാർഷിക സംസ്കാരത്തിന്റെ ഭാഗമാണ്. ഓണം കൊയ്ത്തുൽസവം എന്ന രീതിയിലാണ് ആഘോഷിക്കുന്നത്. വിഷു കൃഷി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ആഘോഷമാണ്. ക്രിസ്മസ്, ഈസ്റ്റർ എന്നിവയും കേരളത്തിൽ പൊതുവെ ആഘോഷിക്കപ്പെടുന്നവയാണെങ്കിലും അവയ്ക്ക് കാർഷിക പശ്ചാത്തലമില്ല. തൃശ്ശൂർ പൂരം മതവിശ്വാസവും അമ്പലവുമായി ബന്ധപ്പെട്ട ആഘോഷമാണ്. വള്ളംകളി കേരളത്തിൽ ആഘോഷിക്കപ്പെടുന്ന ജലോൽസവമാണ്.

**3. പ്രധാനപ്പെട്ട ഇടനാടൻ നോവലുകൾ**

നോവലിനെ കുറിച്ചുള്ള അന്വേഷണം അതിന്റെ സാധ്യതകളെയും സാഹചര്യങ്ങളെയും വ്യക്തമാക്കുന്നതാണ്. മലനാടിനെയും തീരപ്രദേശത്തെയും കേന്ദ്രമാക്കിയുള്ള നോവലുകൾ പരിശോധിച്ചാൽ അതിലും എത്രയോ കൂടുതലാണ് ഇടനാടിനെ അടിസ്ഥാനമാക്കിയുള്ള നോവലുകൾ എന്ന് കാണാം. മറ്റൊരു തരത്തിൽ പറഞ്ഞാൽ തീരദേശമോ മലനാടോ പശ്ചാത്തലമാവാത്ത നോവലുകളെയെല്ലാം ഇടനാട്ടിൽ പ്ലേസ് ചെയ്യാൻ കഴിയും. ഇടനാടൻ നോവൽ സാഹിത്യത്തിൽ ജാതി പലതരത്തിൽ ഉപയോഗിച്ചിരിക്കുന്നത് കാണാം. സാമൂഹിക രംഗങ്ങളിലെ വിഭജനങ്ങളുംകഥാപാത്രങ്ങളുടെ ജാതി ബോധവും ജാതിയുമായി ബന്ധപ്പെട്ട ജീവിതപരിസരവും അവ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും വിഷയമാവാറുണ്ട്. ജാതീയത തീവ്രമായിരുന്ന ചരിത്രഘട്ടത്തിലെ സാമൂഹിക സാഹചര്യങ്ങൾ, അവയോടുള്ള വിമർശനവും സാമൂഹികമാറ്റത്തിനുള്ള ആഹ്വാനവും ജാതീയതയുടെ ഭാഗമായി വരുന്ന സാംസ്കാരിക ഘടകങ്ങൾ എന്നിവ നോവലുകൾക്ക് പ്രമേയമാവാറുണ്ട്.

മലയാള നോവലുകളുടെ ആദ്യകാലം മുതൽക്ക് ഭാവനയും യാഥാർത്ഥ്യവും കലർന്ന നോവലുകൾ പുറത്തുവന്നിരുന്നു. ഇന്ദുലേഖ മുതൽ തുടങ്ങുന്ന ഈ നോവൽ പാരമ്പര്യം പലതരത്തിൽ നാടുകളെ ചിത്രീകരിച്ചിട്ടുണ്ട്; പ്രത്യേകിച്ച് ഇടനാടിനെ. സി.വി. രാമൻപിള്ള അടക്കമുള്ളചരിത്ര നോവലിസ്റ്റുകൾ തിരുവിതാംകൂറിനെയും രാജഭരണത്തെയും വിഷയമാക്കി സ്ഥലകാലങ്ങളെ ചരിത്രവസ്തുതപോലെ കൃത്യതയിൽ രേഖപ്പെടുത്തുന്നു.

1940കളോടെ തുടക്കം കുറിച്ച നവോത്ഥാന ഘട്ടത്തോടെ നോവലുകളുടെ പ്രമേയത്തിൽ വലിയമാറ്റം വന്നു. സാമൂഹിക യാഥാർത്ഥ്യങ്ങളിലേക്കും സാഹചര്യങ്ങളിലേക്കും ഇറങ്ങിച്ചെന്നുകൊണ്ട് എഴുതാൻ അവർക്ക് സാധിച്ചു. പി.കേശവദേവ് 'ഓടയിൽനിന്ന്'[1] എന്ന നോവലിലൂടെ നഗരത്തിലെ തൊഴിലാളിവർഗ്ഗത്തെയും അവരുടെ രാഷ്ട്രീയ മുന്നേറ്റത്തെയും ചിത്രീകരിച്ചപ്പോൾ തകഴി 'രണ്ടിടങ്ങഴി'[2] പോലുള്ള നോവലുകളിലൂടെ കുട്ടനാടിന്റെ കാർഷിക പാരമ്പര്യത്തെയും സമരകാലത്തെയും തുറന്നുകാണിച്ചു. എഴുത്തിൽ ഭാഷകൊണ്ടും അനുഭവംകൊണ്ടും വ്യത്യസ്തത പുലർത്തിയ ബഷീർ[3] അന്ധവിശ്വാസങ്ങളിൽ കുടുങ്ങിയിരുന്ന സമൂഹത്തിന്റെ സാമൂഹികവിമർശനങ്ങൾ സാധ്യമാക്കി. 'ഒരുതെരുവിന്റെകഥ'യും[4] ഒരു ദേശത്തിന്റെ കഥ'യും[5] എഴുതി എസ്കെ. പൊറ്റെക്കാട്ട് കോഴിക്കോടിനെയും അതിരാണിപ്പാടത്തെയും അനശ്വരമാക്കി. സ്ത്രീപുരുഷ ബന്ധങ്ങളെ കൈകാര്യം ചെയ്യുമ്പോഴും ആ കാലഘട്ടത്തിന്റെ ചിത്രംകൂടി ഉൾപ്പെടുത്തിക്കൊണ്ട് ഉറൂബ് 'ഉമ്മാച്ചു'[6] പോലുള്ള രചനകൾ മുന്നോട്ടുവെച്ചു. സാമൂഹിക വിശകലനപരമെങ്കിലും ജീവിതയാഥാർത്ഥ്യങ്ങൾ അവയിൽ നിന്നും വേർപെടുത്തിയെടുക്കാൻ സാധിക്കുമായിരുന്നു.

ചെറുകാടിന്റെ'മണ്ണിന്റെ മാറിൽ'[7], 'മുത്തശ്ശി'[8], 'ശനിദശ'[9] എന്നിവ രാഷ്ട്രീയ പരിസരത്തെ അതിന്റെ തീവ്രതയിൽ അവതരിപ്പിക്കുന്ന നോവലുകളാണ്. നമ്പൂതിരി സമുദായത്തിലുണ്ടായ സാമൂഹിക പരിവർത്തനത്തിന്റെ ചിത്രമാണ് ലളിതാംബിക അന്തർജനമെഴുതിയ അഗ്നിസാക്ഷി[10] വിഷയമാക്കിയിരുന്നത്. ജീവിതത്തിന്റെ വിവിധങ്ങളായ ഭാവങ്ങൾ കാണിച്ചുതരുന്ന പാറപ്പുറത്തിന്റെ കൃതികളിൽ വേറിട്ടതാണ് അരനാഴിക നേരം[11]. കാലത്തിനോ സമൂഹത്തിനോ വരുന്ന മാറ്റങ്ങളെ പരാമർശിക്കാതെ സമൂഹത്തിൽനിന്ന് വേറിട്ട്നിന്ന് നോവലുകളെഴുതിയവരും അക്കാലത്തുണ്ടായിരുന്നു.

1960കളിൽ ആരംഭിച്ച ആധുനികതാപ്രസ്ഥാനത്തിന്റെ വക്താക്കളായ എഴുത്തുകാർക്ക് വൈവിധ്യമാർന്ന വിഷയങ്ങൾ എഴുത്തിലൂടെ രേഖപ്പെടുത്താനുണ്ടായിരുന്നു. അവ സമൂഹത്തിലോ മാനസികവ്യപാരങ്ങളിലോ ഒതുങ്ങി നിന്നില്ല. എം.ടി. യുടെ നാലുകെട്ടു[12] മുതൽ മാനുഷികമൂല്യങ്ങൾ തൊട്ട് പ്രദേശചരിത്രങ്ങൾ വരെ നീളുന്ന വിഷയമേഖലകൾ എഴുത്തുകാർ കൈകാര്യം ചെയ്തു. കഥാപാത്രങ്ങളെ കൃത്യമായൊരിടത്തു തളച്ചിടാൻ കഴിയാതെ എഴുത്തുകളിലൂടെ സഞ്ചരിക്കാനനുവദിക്കുകയായിരുന്നു എഴുത്തുകാർ.

ഖസാക്കിലൂടെ പാലക്കാടൻ ഗ്രാമപ്രദേശത്തിന്റെ മറ്റൊരു അന്തർമുഖം തുറന്നുകാണിക്കയാണ് ഒ.വി. വിജയൻ[13]. കാക്കനാടന്റെ ഉഷ്ണമേഖല[14] സ്വന്തം ആദർശങ്ങളും യാഥാർഥ്യങ്ങളും മാറ്റിവെച്ച് മറ്റൊരിടത്തേക്ക് പോകുന്ന കഥാപാത്രങ്ങളെ ചിത്രീകരിക്കുന്നു. കോവിലനും[15] വി.കെ.എന്നും[16] മാധവിക്കുട്ടി[17] യുമെല്ലാം എഴുത്തിലെ തങ്ങളുടെ ശൈലികൊണ്ട് വേറിട്ട് നിന്നവരായിരുന്നു. പാണ്ഡവപുരം[18] ഓർമകളിൽ രൂപപ്പെട്ട, എന്നാൽ മടങ്ങിപ്പോവാൻ പറ്റാത്ത ഒരിടമായി മാറുന്നു. പുനത്തിലിന്റെ സ്മാരകശിലകൾ[19] സ്വപ്നസദൃശമായ ഭാവനാപ്രപഞ്ചമാണ് സാഹിത്യത്തിൽ സൃഷ്ടിച്ചിരിക്കുന്നത്. മുകുന്ദന്റെ മയ്യഴിപ്പുഴയുടെ തീരങ്ങളിൽ[20] വൈദേശികാധിപത്യമെന്ന ചരിത്രപശ്ചാത്തലത്തിൽരൂപപ്പെടുന്ന സങ്കരസംസ്കാര പരിസരത്തെ പ്രശ്നവൽക്കരിക്കുന്നു. ആനന്ദിന്റെ ആൾക്കൂട്ടം[21] ഉപകഥകളും വേറിട്ട കഥാപശ്ചാത്തലവുമായി ആധുനിക നോവലിന്റെ മുഖമുദ്രയാവുന്നു. അസ്തിത്വപ്രശ്നങ്ങളും സാമൂഹികസംഘർഷങ്ങളും മാനുഷികമൂല്യാന്വേഷണവും പലതരത്തിൽ വിഷയങ്ങളായി ആവർത്തിച്ചു.

1980കളുടെ മധ്യത്തോടെ ആധുനികതയിൽ നിന്നും വേറിട്ട വിഷയങ്ങൾ പ്രചരിച്ചു. പക്ഷെ, ഉത്തരാധുനികതാപ്രസ്ഥാമെന്ന രീതിയിൽ രൂപപ്പെട്ടിരുന്നില്ല. വിഷയങ്ങളിൽ

പ്രാദേശികാംശങ്ങൾ കൂടുതലായിവരാനാരംഭിച്ചു. പരിസ്ഥിതിയെക്കുറിച്ചുള്ള നിലപാടുകൾ മുന്നോട്ടുവെക്കുന്ന ഒ.വി വിജയന്റെ മധുരംഗായതി22 പോലുള്ള നോവലുകൾ ഫിലോസഫിക്കലായ തലത്തിൽ വായനക്കാരെ ആലോചിപ്പിച്ചു. സ്ത്രീവിഷയങ്ങളെ അവതരിപ്പിക്കുന്ന സാറാജോസഫിന്റെ മാറ്റാത്തി23, ഒതപ്പ്24, ആലാഹയുടെ പെൺമക്കൾ25 പോലുള്ള നോവലുകൾ അരികുവൽക്കരിക്കപ്പെട്ട സമൂഹത്തെയും സ്ത്രീ ജീവിതത്തെയും ഒരുപോലെ ഭാഷയിലാക്കി. ആദിവാസി ദലിത് ജീവിതത്തെ ആവിഷ്ക്കരിക്കുന്ന നോവലുകളും ഇക്കാലത്ത് എഴുതപ്പെട്ടു. യഥാർത്ഥ ജീവിതസാഹചര്യങ്ങളെയും പ്രശ്നങ്ങളെയും അറിവിന്റെ അടിസ്ഥാനത്തിലും അനുഭവത്തിന്റെ അടിസ്ഥാനത്തിലും എഴുത്തുകാർ രേഖപ്പെടുത്തി.

ഇടനാടൻ സംസ്കാരവും പരിസരവും രാഷ്ട്രീയ സാമൂഹിക ജീവിതവും സാഹിത്യത്തിന് നൽകുന്ന പ്രമേയപരമായ വൈവിധ്യം ഇവിടെ വ്യക്തമാണ്. ഓരോകാലത്തെയും കാഴ്ചപ്പാടുകളെ തൃപ്തിപ്പെടുത്തും വിധത്തിൽ നോവലുകൾ രൂപപ്പെടുത്താൻ ഇടനാടൻ ജീവിതങ്ങൾ എഴുത്തുകാരെ പ്രചോദിപ്പിച്ചിട്ടുണ്ട്.

ഇടനാടിനെ കുറിച്ച് വ്യത്യസ്തമായ കാഴ്ചപ്പാടുകൾ മുന്നോട്ട് വെക്കുന്ന രണ്ട് നോവലുകളാണ് പഠനത്തിനായി എടുത്തിരിക്കുന്നത്.

### 3.1. ചെറുകാടിന്റെ'മണ്ണിന്റെ മാറിൽ'

അത്തിക്കോടിന്റെ ചരിത്രമാണ് ചെറുകാട് 'മണ്ണിന്റെ മാറി'ലൂടെ പറഞ്ഞുവെക്കുന്നത് അതിൽ സമരമുണ്ട് അതിജീവനമുണ്ട്, മണ്ണും മനുഷ്യനുമായിട്ടുള്ള ഒത്തുചേരലുകളുണ്ട്, നൂറ്റാണ്ടുകളായിട്ടുള്ള ബന്ധത്തിന്റെ ഊഷ്മളതയുണ്ട്.മണ്ണിൽ വിളവെടുക്കാൻ വേണ്ടിയുള്ള, അധ്വാനിക്കാൻ വേണ്ടിയുള്ള അവസരത്തിനായി ഏതറ്റം വരെയും കർഷകൻ പോകും എന്ന മുന്നറിയിപ്പാണ് നോവൽ നൽകുന്നത്. കർഷക സംഘത്തിന്റെ ഉൽഭവത്തിന് കാരണമാവുന്ന സാഹചര്യങ്ങളും'മണ്ണിന്റെമാറിൽ' വ്യക്തമായി അടയാളപ്പെടുത്തുന്നു.

മേലേപ്പുറത്ത് നായർവീട്ടുകാരും കരിമ്പനക്കൽ കുടുംബക്കാരും തമ്മിലുണ്ടാവുന്ന ജന്മി-കുടിയാൻ ബന്ധത്തിന്റെയും കുടിയാന്മാരുടെ ചെറുത്തുനിൽപ്പിന്റെയും കഥയാണിത്. സാമൂഹിക യാഥാർത്ഥ്യങ്ങളെ ഇത്തരമൊരു പശ്ചാത്തലത്തിൽ വിവരിക്കുകയാണ് ചെറുകാട് ചെയ്യുന്നത്. ജന്മി-കുടിയാൻ ബന്ധം മലയാള സാഹിത്യത്തിൽ പലപ്പോളും വിഷയമായിരുന്ന ഒന്നാണ്. കുടിയാന്മാർക്ക് പണിയെടുക്കുന്ന മണ്ണിനോടും അവരുടെ തൊഴിലിനോടും ഉള്ള ആത്മബന്ധം കൂടിയാണ് മണ്ണിന്റെ മാറിലൂടെ പ്രകടനമാക്കുന്നത്. അത്തിക്കോടിനോട് കരിമ്പനക്കൽ വീട്ടുകാരുടെ പൂർവ്വതലമുറകൾ മുതലുള്ള ബന്ധം അവരുടെ വാക്കിലും നോക്കിലും വ്യക്തമാണ്.

തൊഴിൽ വിഭജനമായിരുന്നു ജാതിയുടെ ആദ്യകാല മാനദണ്ഡം. എന്നാൽ കേരള പശ്ചാത്തലത്തിലത് കുടിയേറി വന്ന ആര്യന്മാരും കേരളത്തിലെ പൂർവ്വനിവാസികളും തമ്മിലുണ്ടാക്കിയ ഭേദമായി മാറി. കാലക്രമത്തിൽ ആര്യന്മാർക്കിടയിലും വിഭജനം വന്നു. അതോടെ ജാതി ഓരാചാരമായി മാറി. ജാതി മാറുക എന്നത് സാധ്യമല്ലാത്ത കാര്യമായി.അധിവസിക്കുന്ന പ്രദേശത്തിന്റെയും തൊഴിലിന്റെയും അടിസ്ഥാനത്തിലുള്ള വിഭജനം ബ്രാഹ്മണാധിപത്യം വരുന്നതിന് മുന്നേ ഇവിടെയുണ്ടായിരുന്നു. പക്ഷെ,അന്ന് ഗോത്രസ്വഭാവമായിരുന്നു പൊതുവെ നിലനിന്നിരുന്നത്. വിഭജനം അധികാരഘടനയുടെ ഭാഗമായി മാറുന്നത് ജാതി വ്യവസ്ഥയോടെയാണ്. ജാതിയിൽ താഴ്ന്നവരെന്ന് വിളിക്കപ്പെട്ടവരുടെ ജീവിതത്തെ നിയന്ത്രിക്കുന്ന തരത്തിലുള്ള നിയമങ്ങൾ അധികാരം ഏർപ്പെടുത്തി. അവരെ നിയമത്തിന്റെയും തീണ്ടലിന്റെയും പേര് പറഞ്ഞ് പണിയെടുക്കേണ്ടുന്ന വർഗമായി നിലനിർത്തിപ്പോന്നു.

ജാതി വ്യവസ്ഥ പ്രബലമായി നിലനിന്നിരുന്ന കാലത്തെയാണ് 'മണ്ണിന്റെ മാറിൽ' ചിത്രീകരിക്കുന്നത്. കോൺഗ്രസ്സിന്റെ ആരംഭവും അതിന്റെ പേരിൽ നടക്കുന്ന പ്രവർത്തനങ്ങളും ഒറ്റയാൾ പോരാട്ടങ്ങളുമെല്ലാം കഥയുടെ ഭാഗമാവുന്നു. ജന്മി ചോദിക്കുന്ന പാട്ടത്തിന് കൃഷി

ചെയ്ത്, സ്ഥലം കൈവിട്ടു പോവാതിരിക്കാൻ പെടാപ്പാട് പെടുന്നവരാണ് ഇതിലെ കർഷക കുടുംബം. അവർ തലമുറയായി പാട്ടത്തിന് എടുത്തിരിക്കുന്നമണ്ണാണ്. മണ്ണിന്റെ അവകാശത്തിന് തലമുറകളുമായുള്ള ബന്ധവും പൂർവ്വ തലമുറയുടെ അധ്വാനചരിത്രവും കാടിനെ കൃഷിയിടമാക്കിമാറ്റിയ കഥകളും മുറതെറ്റാതെ കൊടുത്ത പാട്ടവുമൊന്നും പ്രസക്തമാവുന്നില്ല. മണ്ണ് എപ്പോൾ വേണമെങ്കിലും ജന്മി തിരിച്ച് ചോദിക്കാവുന്ന പ്രശ്നബാധിത പ്രദേശമാണ്. അതിന്റെ അനിശ്ചിതത്വം കുടിയാന്റെ ജീവിതത്തിൽ എപ്പോഴും പ്രതിഫലിക്കുന്നു.

ഭൂപരിഷ്ക്കരണത്തിന് മുമ്പ് ഭൂവുടമകളായ ജന്മിമാരും കുടിയാന്മാരായ കൃഷിക്കാരും ചേർന്നുള്ള അധികാരശ്രേണിയെ ക്രമീകരിക്കുന്നതിന് വേണ്ടി പത്തൊമ്പതാം നൂറ്റാണ്ടിൽ തന്നെ പല നിയമങ്ങളും ഉണ്ടായിട്ടുണ്ടെങ്കിലും അവ ഫലപ്രദമായിരുന്നില്ല. കേരളസംസ്ഥാനപ്പിറവിക്ക് ശേഷം കൊണ്ടുവന്ന ഭൂപരിഷ്കരണ നിയമം കിടപ്പാടം നേടിയെടുക്കാൻ കുടിയാനെ സഹായിച്ചു. ഭൂമിയിലുള്ള സ്ഥിരാവകാശവും ഉടമസ്ഥതയും പതിച്ച് കിട്ടി. മിച്ചഭൂമി ഏറ്റെടുത്ത് ഭൂമിയില്ലാത്ത കർഷകർക്ക് നൽകി. ഇത്തരത്തിൽ നോവലിൽ നിലനിൽക്കുന്ന സാമൂഹിക സാഹചര്യത്തിന് ചെറിയ തോതിലുള്ള മാറ്റങ്ങൾ വന്ന് തുടങ്ങി.ഒരു ജാതിയിൽ മാത്രം ഉൾപ്പെട്ട ആളുകളുടെ പ്രശ്നമാണ് ഇവിടെ ചിത്രീകരിക്കപ്പെടുന്നത് എന്നും അത് നോവലിന്റെ പോരായ്മയാണെന്നും അവതാരികയിൽ ഇ.എം.എസ് ചൂണ്ടിക്കാണിക്കുന്നുണ്ട്.

### 3.1.1. നോവലിൽ അനാവൃതമാവുന്ന ഭൂമിക

'വടക്ക് പന്നിക്കോടൻമല, കിഴക്ക് തൊപ്പികുന്ന്, തെക്ക് തീണ്ടാത്തോട്, പടിഞ്ഞാറ് നെടുങ്ങൻ കുന്ന് അങ്ങനെ നാലതിരോടുകൂടി പരന്നുകിടക്കുന്ന, നാലുനാഴിക സമചതുരത്തിലുള്ള വടക്കമ്പാട്ടുമുഴുവൻ മേലേപ്പുറത്ത് നായരുവീട്ടുകാർ വെട്ടിപ്പിടിച്ചതാണ്..'(പു. 9).

കൃത്യമായി അതിരിട്ട ഭൂമിയാണ് അത്തിക്കോടിന്റേത്. മൂന്ന്ഭാഗം ഉയർന്ന് ഒരു ഭാഗത്ത് തോടുള്ള കൃഷിക്കനുയോജ്യമായ സ്ഥലം.ആധുനിക ശാസ്ത്രഭാഷയിലെ വാട്ടർ ഷെഡ് (നീർമറി പ്രദേശം) എന്ന സങ്കൽപത്തിന് ചേർന്നവിധം വളരെ സൂക്ഷ്മമായാണ് നോവലിസ്റ്റ് പ്രകൃതിയെ നിരീക്ഷിച്ചിരിക്കുന്നതും കൃഷിക്കുവേണ്ടി ഒരുക്കിയിരിക്കുന്നതുമെന്ന് കാണാം.ആദ്യ അദ്ധ്യായത്തിൽ ടിപ്പു വന്നതിന്റെയും നായന്മാർ നാടുവിട്ടതിന്റെയും പിന്നീട് വെള്ളക്കാരുടെ ഭരണം വന്നപ്പോൾ തിരിച്ച് വന്നതിന്റെയും ചരിത്രം കാണാം. പക്ഷെ അപ്പോഴും നാടിന് ഒരു മാറ്റവുമുണ്ടായിരുന്നില്ലെന്നുംതിരിച്ച് വന്നവരെ തമ്പ്രാക്കന്മാരായി സ്വീകരിക്കാൻ ആളുകൾ ഉണ്ടായിരുന്നെന്നും പരാമർശമുണ്ട്.ജന്മികുടിയാൻ വ്യവസ്ഥയുടെ മാറാത്ത ഘടനയായി ഇതിനെ കാണാം.തിരിച്ച് വന്നവർ സർവ്വെയറെ സോപ്പിട്ട് സ്വത്തുക്കളുടെ അവകാശം വീണ്ടും നേടിയെടുക്കുന്നു.

'വടക്കുംപാട്ടിന്റെ വടക്കേത്തലക്കലുള്ള പന്നിക്കോടൻ മലയുടെ കിഴക്കേത്തലക്കൽ തൊപ്പിക്കുന്ന് തെക്കോട്ടുനീങ്ങുന്ന വടക്കുകിഴക്കൻമൂലയിലൊരു ചോലയുണ്ട്. അതിന്റെ ചുറ്റുപാടും പരന്നുകിടക്കുന്ന കുറെ ചതുപ്പുനിലവും. അതിന്റെ താഴെയാണ് അത്തിക്കോട്.പണ്ട് ആരോ ഒരാൾ അത്തിക്കോടിൽ വിത്തിടുകയുണ്ടായി.പക്ഷെ വിള കൊയ്തില്ല. കാട്ടു ജന്തുക്കൾ കട്ടുതിന്നു മുഴുക്കെ നശിപ്പിച്ചു.'

'മകരമാസം കഴിഞ്ഞു. പന്നിക്കോടൻമല ഉണങ്ങി തീവീണു കത്തിക്കരിഞ്ഞുണ്ടാവുന്ന ചാരം മുഴുവനും വന്നടിഞ്ഞു വളക്കൂറുള്ള മണ്ണാണ് അത്തിക്കോടിലുള്ളത്. ഒരു മണി വിത്തുവീണാൽ ആലുപോലെ വളർന്നു നൂറുമേനി വിളയും. പറഞ്ഞിട്ടൊരു കാര്യമില്ല. കാട്ടു ജന്തുക്കളെ പേടിച്ച് ഒരാളും അങ്ങോട്ടു തിരിഞ്ഞ് നോക്കിയില്ല'(പു. 16).

ഈ ഭൂമിയാണ് കരിമ്പനക്കൽ കൊണ്ടേരൻ കൃഷി നടത്താനായി ആഗ്രഹത്തോടെ പാട്ടത്തിനെടുത്തത്. വന്യമൃഗങ്ങളും കൃഷിനാശവുമുള്ള ആ സ്ഥലം അത്ര ധൈര്യത്തോടെ ഏറ്റെടുത്ത കൊണ്ടേരനെ എല്ലാവരും മണ്ടനായി കണ്ടു. പക്ഷെ ആ കാടിന് നടുക്ക് കൊണ്ടേരൻ കുടില് കെട്ടിപ്പൊക്കി. അത്തിക്കോട് വെട്ടിതെളിച്ചു.അത്തിക്കോട് യഥാർത്ഥത്തിൽ ഒരു കാടായിരുന്നു എന്ന് കാണാം. മൃഗങ്ങൾ യഥേഷ്ടം വിഹരിച്ചിരുന്ന സ്ഥലം. അതെല്ലാം

വെട്ടിത്തെളിച്ച് മൃഗങ്ങളോട് പൊരുതി അത്തിക്കോട്ടിൽ പിടിച്ച് നിൽക്കാനായതാണ് കൊണ്ടേരന്റെ കഴിവ്.

'പൂതികൊണ്ടു കൊണ്ടേരൻ കത്തിയുമായി അത്തിക്കോട്ടിലേക്കു പോയി'(പു. 17).

കർഷകന് മണ്ണിനോട് പൂതിയാണ്. മണ്ണെല്ലാം കൈവശപ്പെടുത്തിയിരിക്കുന്നത് ജന്മിയാണ് അവരുടെ അടുത്തുനിന്നും പാട്ടത്തിനെങ്കിലും മണ്ണുവാങ്ങി അതിൽ കൃഷി ചെയ്ത് വിളവെടുത്ത് ജീവിക്കാനുള്ള ആഗ്രഹമാണ് ഈ പൂതിയിൽ ഒളിഞ്ഞിരിക്കുന്നത്. ഒരിക്കലും ആ മണ്ണിന്റെ അവകാശിയാവണമെന്നോ അത് തന്റെ മണ്ണാവുമെന്നോ കർഷകൻ ആഗ്രഹിക്കുന്നില്ല. അന്നത്തെ സാമൂഹിക വ്യവസ്ഥയിൽ അത് അസംഭവ്യമായ കാര്യം തന്നെയായിരുന്നു. സംഭവ്യമായത് ജന്മി വർഷാവർഷം കൂട്ടി പറയുന്ന പാട്ടം കൊടുത്ത് ഭൂമി കൈവിട്ട് പോകാതെ നോക്കുകയെന്നതു മാത്രം. മൃഗങ്ങളുടെ ശല്യവും കൃഷി നശിപ്പിക്കലും വ്യാപകമായിരുന്നിട്ടും കുടില് കെട്ടി കാവല് കിടക്കാനും രാത്രിയും പകലുമെന്നില്ലാതെ അധ്വാനിക്കാനും തയ്യാറായിരുന്ന വംശമാണ് മണ്ണിന്റെ മാറിൽ വിളകൊയ്ത് മുന്നേറുന്നത്. കർഷകന്റെ മനസ്സറിയുന്ന പോലെയാണ് എഴുത്തുകാരൻ അതിനെ പൂതി എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്.

'മരക്കാടൻ അവറാൻ മാപ്പിളയും തെക്കേപ്പാട്ട് കോരപ്പൻ നായരും നാലുജോടി കന്നുകൊടുത്തു. കൊണ്ടരണ്ടു തുലാം ചക്കരവിറ്റു കാശുകൊണ്ട് നാലുപറ തെക്കൻചീരവിത്തുവാങ്ങിക്കൊടുത്തു. തന്തയും തള്ളയും മക്കളും- എല്ലാവരും കൂടി ആ വിത്തിനു വേണ്ട സ്ഥലം മാത്രം ശരിപ്പെടുത്തി. അഞ്ചുപത്തു ദിവസം കൊണ്ട് ഉള്ള വിത്ത് മണ്ണിലിട്ടു. അങ്ങനെയാണ് കൊണ്ടേരൻ കൃഷിക്കാരനായത്'(പു. 18).

വടക്കുംപാട്ടു പന ചെത്തി ചക്കരയുണ്ടാക്കിവിറ്റു ജീവിച്ചിരുന്ന തീയ്യകുടിലാണ് കൊണ്ടേരന്റേത്. അതുകൊണ്ട് കുടുംബക്കാരെ കരിമ്പനക്കൽ എന്ന് വിളിച്ചു. ചക്കരയുണ്ടാക്കുന്നത് അവരുടെ കുലത്തൊഴിലാണ്. അത് ജാതീയമായ സമൂഹത്തിന്റെ വിഭജനമാണ്. എന്നാൽ അവിടുത്തെ കൊണ്ടേരൻ കൃഷിക്കാരനായതിന്റെ സാഹചര്യമാണ് ഇവിടെ പറഞ്ഞത്. കുലത്തൊഴിലിൽ നിന്നുള്ള മാറ്റമായി അതിനെ കാണാം. കന്നുകളെ കടമെടുത്തും ചക്കര വിറ്റ് കിട്ടുന്ന കാശുകൊണ്ട് വിത്ത് വാങ്ങിയും കുടുബം ഒന്നിച്ചാണ് വിത്തിറക്കുന്നത്. തന്തയും തള്ളയും മക്കളും എല്ലാം കൂടി അധ്വാനിച്ചതിന്റെ ഫലമാണ് വിളവ്. വിത്തിട്ടപാടത്ത് കൊണ്ടേരൻ കൃഷി നോക്കി തപസ്സിരുന്നതായാണ് ചെറുകാട് പറയുന്നത്.

'തിരുവാതിര ഞാറ്റുവേലയിലെ തിരിമുറിയാത്ത മഴയത്ത് തവളകളും ചീവീടുകളും ഇടമുറിയാതെ കരഞ്ഞുകൊണ്ടിരിക്കുമ്പോൾ, കാറ്റ് ചീറിപ്പായുമ്പോൾ കൊണ്ടേരൻ അത്തിക്കോട്ടിലെ തെക്കൻ ചീര കതിരണിഞ്ഞു നിൽക്കുന്നത് കണ്ടു'(പു. 19).

കർഷകന് പാടം കതിരണിഞ്ഞ് നിൽക്കുന്നത് തന്നെ വിശപ്പകറ്റുന്ന കാഴ്ചയാണ്. ഉച്ചക്കഞ്ഞിയെത്താത്ത ദിവസങ്ങളിൽ തളികപ്പാറയുടെ താഴെ ഒഴുകുന്ന ചോലയിലെ വെള്ളം മുക്കിക്കുടിച്ച് തളർച്ച തീർക്കുന്ന കൊണ്ടേരന് അതൊരു ത്യാഗമല്ല.ഉയരമുള്ള പാറപ്പുറത്തു കയറിയിരുന്ന് ആ കൃഷി സ്ഥലം എങ്ങനെ കണ്ടങ്ങളാക്കാം, എന്ത് വിളവുകളെടുക്കാം, എന്ത് നേട്ടമുണ്ടാക്കാം എന്ന് മനോരാജ്യം കാണുകയാണ് അയാൾ. അയാളുടെ മനസ്സിലും ശരീരത്തിലും കൃഷിക്ക് വേണ്ടിയുള്ള തയ്യാറെടുപ്പുകളാണ്.

'ആ വട്ടത്തിൽ കാട് വെട്ടിത്തെളിച്ചാൽ മോടൻ വിതക്കാം എള്ളെറിയാം. അതിന്റെ താഴെ ചോലത്തടം വെട്ടി നന്നാക്കി കണ്ടങ്ങളാക്കിയാൽ നവരയോ തെക്കൻ ചീരയോ അങ്ങനെ മൂപ്പുകുറഞ്ഞ വിത്തുവിതക്കാം. അതിന്റെ താഴെ അത്തിക്കോടിന്റേമേലെ പത്തിരുപതുപറ വിത്തിന്റെ സ്ഥലം വെട്ടുകാരി വിത്തു പാവി പറിച്ചു നടാം. അത്തിക്കോട്ടിലാര്യൻ വിത്തുതന്നെ. അതിലും മൂപ്പുള്ള വിത്തുണ്ട് എന്നുവെച്ചാൽ അത്'(പു. 20).

ഇത് കൊണ്ടേരന്റെ മനോരാജ്യമാണ.് മണ്ണിനെപ്പറ്റി അതിന്റെ കഴിവിനെപ്പറ്റി പൂർണമായും അറിയുന്ന കർഷകനാണ് മണ്ണറിഞ്ഞ് വിത്തിടാനാവുന്നത്. അവിടെ നിന്ന് എത്ര വിളകിട്ടുമെന്നും അതിനായി പത്തായം പണിയേണ്ടതുണ്ടെന്നും കൊണ്ടേരൻ

കണക്കുകൂട്ടുന്നുണ്ട്. കൃഷിയുടെ കാര്യമാണ്, കാലാവസ്ഥാമാറ്റമോ വന്യമൃഗങ്ങളുടെ ശല്യമോ ഉണ്ടാവാം.പാട്ടഭൂമിയാണ്, തമ്പ്രാക്കന്മാർക്ക് എപ്പോൾവേണമെങ്കിലും ഭൂമി തിരിച്ച് ചോദിക്കാം.ഇതിലേതടക്കും എന്നുള്ളതാണ് കർഷകന്റെയും നോവലിന്റെയും ഭാവി.

'അക്കൊല്ലത്തെ കന്നിയിൽ കൊയ്തുമെതിച്ചു അമ്പത്തഞ്ചുപറ നെല്ല്. വയ്ക്കോലിലും മണിയുണ്ട്. പത്തുപറ നെല്ല് പാട്ടംകൊടുത്തു മര്യാദക്കാരനായ ചാരിതാർത്ഥ്യവും വടക്കിനിയിൽ ബാക്കി കിടന്ന നെല്ലിനെ കുറിച്ചുള്ള അഭിമാനവും ഉള്ളിൽ വഴിഞ്ഞൊഴുകുന്ന സന്തോഷവും കൊണ്ടേരനെ ആ പെരുങ്കാട്ടിൽ രണ്ടാം വിളകൂടി ഇറക്കാൻ പ്രോൽസാഹിപ്പിച്ചു'(പു. 23).

കൃഷിക്കാരന് ഏത് കാട്ടിലും വിളയിറക്കാമെന്നാണ് വിശ്വാസം.നാട്ടുകാർ ഒരുതവണ വിളകിട്ടി എന്ന് വിചാരിച്ച് പിന്നെയും വിത്തിട്ട കൊണ്ടേരനെ കളിയാക്കിക്കൊണ്ടിരുന്നു.കർഷകന് മണ്ണിലുള്ള വിശ്വാസമാണ് കഥയെ മുന്നോട്ട് നയിക്കുന്നത്.

'കൊണ്ടേരൻ ചുമ്മാ കാവലിരിക്കുകയല്ല ചെയ്തത്. ഒരു വെട്ടുകത്തി, പിക്കാസ്, കയ്ക്കോട്ട്, മഴു-അങ്ങനെ മണ്ണിനോട് മല്ലിടാൻ വേണ്ട പണിയായുധങ്ങളും അവൻ സമ്പാദിച്ചു'(പു. 23).

വിത്തിട്ട് ചുമ്മാതിരിക്കാതെ അടുത്ത കൃഷിക്കാലത്തിന് വേണ്ടി ആയുധങ്ങളും കന്നുകളെയും ശേഖരിക്കുന്നതിൽ കൊണ്ടേരൻ തൽപരനാണ്. വെള്ളമില്ലാത്ത ചോലയിലെ വെള്ളം കണ്ടെത്തുന്ന കൊണ്ടേരൻ അത്തിക്കോടിന്റെ മിടിപ്പുകൾ അറിയാമെന്നത്കാണിച്ചുതരുന്നു. മണ്ണിനെ സേവിച്ച് മണ്ണിൽനിന്നും എല്ലാം വാങ്ങിക്കുന്ന കർഷകനായി കൊണ്ടേരൻ. ഒരിക്കലും മണ്ണിന്റെ അധികാരിയായിട്ടല്ല അയാൾ നിലനിൽക്കുന്നത്. മണ്ണിനോടും മണ്ണിനുടമയായ ജന്മിയോടും കൂറുള്ള, അനുനയത്തോടെ പെരുമാറുന്ന കുടിയാനായിട്ടാണ്. വിള കാണുമ്പോൾ സന്തോഷത്തിൽ മനം നിറയുകയും ആ സന്തോഷത്തിൽ പാട്ടു പാടുകയും ചെയ്യുന്ന കർഷകനാണ് കൊണ്ടേരൻ.

അവന്റെ വായിൽ നിന്നും വരുന്ന പരിചമുട്ടുപാട്ട്:

'തരികിടതാ.... ശ്രീരാമൻ.. സീതയെ വേട്ടു..ഊ.. ഊ..'(പു. 27).

അത്തിക്കോടിനെ കൃഷിക്ക് ചേർന്ന ഉത്തമഭൂമിയാക്കി മാറ്റിയെടുത്തത് ഒരു കർഷകന്റെ കൈകളാണ്. അയാൾക്ക് മണ്ണിനോട് ഭയമില്ല. വീണ്ടും വീണ്ടും അധ്വാനിക്കാനുള്ള മനസ്സ് മാത്രമാണുള്ളത്. കണ്ടങ്ങളിൽ ഉഴുത് നാല്പറ തെക്കഞ്ചീര വിത്ത് വിതച്ചു. വരമ്പത്ത് കയറി മുറം നിലത്ത് വെച്ച ശേഷം കൊണ്ടേരൻ പറഞ്ഞു:

'ആയാലൊരു തെങ്ങ് പോയാലൊരു പൊങ്ങ്..'(പു. 30).

കൃഷിയുമായി ബന്ധപ്പെട്ട് വികസിച്ചു വന്ന പഴഞ്ചൊല്ലുകൾ നോവലിൽ കാണാം. അവയിൽ അനുഭവത്തിന്റെയും അധ്വാനത്തിന്റെയും സൂചനകൾ കാണാം. അത്തിക്കോട് മൂന്നാം വിളയും ഇറക്കി വിളകൊയ്തപ്പോൾ എല്ലാവരും അയാളെ കൊമ്പൻ കൊണ്ടേരൻ എന്ന് വിളിച്ചു. അതുവരെ അഭിപ്രായം പറഞ്ഞിരുന്ന നാട്ടുകാർ മിണ്ടാതെയായി. കൊണ്ടേരൻ തന്റെ പ്രവൃത്തികൊണ്ട്തന്നെ അവരുടെ വായടപ്പിച്ചു. ആ നാട്ടിൽ മറ്റു ജാതിയിലും മതത്തിലും ഉള്ള കൃഷിക്കാരെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. എന്നാൽ എല്ലാവരുടെയും കണ്ണ് കൊണ്ടേരന് കിട്ടിയ മണ്ണിലാണ്.

'ചോലക്കുമ്പളത്തിൽ നട്ടുവളർത്തിയ കയ്പ്പവള്ളിയിൽ നിന്നു വലുതുനോക്കി പത്തുനൂറു കയ്പ്പക്കയും അറുത്തു നല്ലൊരു വെള്ളക്കൊട്ടയിലാക്കി കൊണ്ടേരൻ മൂപ്പിൽ നായരുടെ തിരുമുമ്പാകെ ഹാജറായി തൊഴുതു കാഴ്ചവെച്ചു വണങ്ങി നിന്നു'(പു. 30).

ജന്മിയോടുള്ള ബഹുമാന സൂചനക്കായി എല്ലാതവണയും അയാളെ കാണാൻ പോകുമ്പോൾ എന്തെങ്കിലും കൊണ്ടുപോകണമെന്ന് കാളി കൊണ്ടയെ ഉപദേശിക്കുന്നത് കാണാം. ജന്മിമാർക്ക് കാഴ്ചവെക്കുന്നത് ബഹുമാനം കൊണ്ട് മാത്രമല്ല. മണ്ണ് തിരിച്ച്

ചോദിക്കുമോ.. പാട്ടം കൂട്ടുമോ.. എന്നിങ്ങനെയുള്ള പേടികൊണ്ട് കൂടിയാണ്. കയ്യിലുള്ള ഭൂമി പാട്ടത്തിന് കൊടുത്ത് കൊല്ലാകൊല്ലം പാട്ടം കൂട്ടി കിട്ടുന്ന മുതലും തിരുമുൽക്കാഴ്ചകളിലൂടെ ലഭിക്കുന്ന മുതലുമാണ് ജന്മികളുടെ സമ്പാദ്യം. അതവരുടെ അവകാശമായിട്ട് തന്നെയാണ് ഗവൺമെന്റ് പ്രതിനിധികളും കാണുന്നത്. ഭൂമിയുടെ അവകാശിയായ ജന്മിയെ അനുനയത്തിൽ നിർത്തേണ്ടത് കുടിയാന്റെ കഴിവായി കണ്ടുപോന്നു.

'മുളച്ചിലവിരിഞ്ഞ പുലാത്തയ്യുകൾ, കൂർത്തുപൊന്തുന്ന പനത്തയ്യുകൾ, മുട്ടുകുത്തി നിൽക്കുന്ന മാവിന്റെ തയ്യുകൾ, കളകളസ്വനം മുഴക്കുന്ന കൊച്ചരുവി, കൊയ്തുമെതിക്കാൻപറ്റിയ തളികപ്പാറ, ഇടവിടാതെ പത്തു ദിവസം പണിയെടുത്തുയർത്തിയ കാവൽപ്പുര, തന്നെകണ്ടാൽ മുന്നോട്ട് കുതിച്ച് അകറുന്ന കൂളൻകുട്ടികൾ'(പു. 31).

അത്തിക്കോട് ഒഴിഞ്ഞ് തരാൻ പറഞ്ഞപ്പോൾ കൊണ്ടേരന്റെ മനസ്സിലൂടെ ഓടിയ ചിത്രങ്ങളാണിവ. സമൃദ്ധിയുടെ നല്ല കാലം സ്വപ്നം കണ്ട കർഷകന് മുന്നിൽ വന്നു വീഴുന്ന ഇടിത്തീയായി മാറുന്നു ആ വാക്കുകൾ. കൊണ്ടേരൻ തന്റെ സ്വപ്നമാണ് അത്തിക്കോട് പണിഞ്ഞുകൊണ്ടിരിക്കുന്നത്. നൂറ് പാട്ടം ചോദിച്ചാലും നഷ്ടമില്ലെന്ന വാക്കുമായിട്ടാണ് അത്തിക്കോട് വിട്ടുകൊടുക്കരുതെന്ന് കൊണ്ടേരൻ പറയുന്നത്. അത്രയ്ക്കും പൊന്ന് വിളയുന്ന മണ്ണാണ് അതെന്ന് അടുത്ത തലമുറയ്ക്ക് പറഞ്ഞുനൽകുന്ന വാക്കുകളാണവ.

'വിത്തും കോക്കോട്ടും

കള്ളൻ ചക്കേട്ടു

കണ്ടാ മുണ്ടണ്ടാ

കൊണ്ടെത്തിന്നോട്ടെ..'(പു. 32).

ഒരു കൊല്ലം കൂടി അത്തിക്കോട് കൃഷി ചെയ്യാൻ പാട്ടം കൂട്ടി അനുമതി നേടി. പക്ഷെ അവിടെ നട്ട ചക്കയും മാങ്ങയും ആര് തിന്നും എന്നാലോചിക്കുമ്പോൾ കൊണ്ടേരന്റെ മനസ്സിൽ വരുന്നത് ആ പാട്ടാണ്. താൻ നട്ട പ്ലാവിൽ നിന്നും ചക്ക തിന്നാൻ തനിക്കാവില്ല എന്ന് കൊണ്ടേരന് അറിയാം. പക്ഷെ തന്റെ തലമുറകൾക്കായാലോ.. അതാണ് കർഷകന്റെമനസ്സ്.വരും തലമുറക്ക് കൂടിവേണ്ടിയാണ് അയാൾ ഓരോന്നും ചെയ്യുന്നത്.

'വെട്ടിച്ചാരിയ മുള്ളുകൊണ്ട് കണ്ണടച്ചു വേലികെട്ടി. വേലിയുടെ അരികെ ഒന്നിടവിട്ടു മാവിൻ തയ്യും പുലാവിൻതയ്യും നാടൻ കുഴികുത്തി കാച്ചിച്ചുട്ടു. മഴയും കാത്തിരുന്നു.പുതുമഴ പെയ്തു. കാടുകത്തിയ പന്നിക്കോടന്മലയുടെചാരവെള്ളം ചാലുകളിലൂടെ ഒലിച്ചിറങ്ങി അത്തിക്കോട്ടിൽ തളംകെട്ടി നിന്നു. വേർപ്പണിഞ്ഞ ഭൂമിദേവിയെ കെട്ടിപ്പുണർന്നുകൊണ്ട് കുളിർക്കാറ്റുവീശി. ..'(പു. 33).

ഒരു കാത്തിരിപ്പിന് ശേഷം വന്ന മഴക്കാലത്തെ കുറിച്ചാണ് ഈ വർണന. ഭൂമിയെ ഫലഭൂയിഷ്ഠമാക്കാനുള്ള വളങ്ങൾ പലയിടത്തുനിന്നായി ഒലിച്ചെത്തുന്നതും അതുവരെയുള്ള ഊഷരതമാറി ഭൂമി വീണ്ടും കൃഷിക്ക് തയ്യാറാവുന്നതും വിവരിക്കുന്നു. ഓരോ തവണയും പാട്ടം കൂട്ടുന്തോറും കൊണ്ടേരൻ കൂടുതൽ ഭൂമി വെട്ടിയിറക്കി കൃഷി ചെയ്യാൻ തീരുമാനിക്കുന്നു.

'നേരെ നടന്നോളിൻ കൂളന്മാരേ..

നേരത്തേ വിട്ടേക്കാം കൂളന്മാരേ..'(പു. 34).

ഭാവിയെ കുറിച്ചുള്ള പ്രതീക്ഷകളിൽ അവർ മുന്നോട്ട് പ്ലാൻ ചെയ്തു.എല്ലാറ്റിലുംപ്രതീക്ഷയായി അവർക്ക് മണ്ണും അതിൽ പൊന്ന് വിളയുമെന്ന വിശ്വാസവും ഉണ്ടായിരുന്നു.

'അന്നത്തിന്റെ തുമ്പത്താ കാമത്തിന്റെ വിത്ത്'(പു. 36).

കുടംബത്തെക്കുറിച്ച് ആലോചിക്കുന്ന കൊണ്ടേരൻ പറയുന്നത് അയാൾക്ക് കുടുംബത്തിൽ സ്വൈര്യമായിരിക്കണമെങ്കിൽ വിള സുരക്ഷിതമാണെന്നറിയണം എന്നാണ്. ഭക്ഷണം കഴിഞ്ഞേ മറ്റെന്തും പ്രാധാനമാവുന്നുള്ളു എന്ന കർഷകന്റെ ചിന്തയാണ് അയാൾ പങ്കുവെക്കുന്നത്.

'ത്രെ ഒക്കെ ബുദ്ധിമുട്ടീട്ടു തമ്പ്രാനെ കണ്ടുതിരുക്കാഴ്ചവെക്കാൻ കഴിഞ്ഞില്ലല്ലോ..'(പു. 43).

ഓണത്തിന് തമ്പുരാന് കാഴ്ചവെക്കുക എന്നത് കുടിയാന്റെ അഭിമാനപ്രശ്നം കൂടിയായിരുന്നു. ഏറ്റാൻ പറ്റാത്ത അത്രയും വലിയ കുല തലയിലേറ്റുന്നതാണ് കൊണ്ടേരന്റെ മരണത്തിലേക്ക് നയിക്കുന്നത്. ആ ഓണത്തിന് കൊണ്ടേരൻ കാഴ്ചവെച്ച വലിയ കുലയിലെ പഴവും തിന്ന് ജന്മി ഓണം ആഘോഷിച്ചപ്പോൾ കൊണ്ടേരന്റെ മരണത്തിൽ ദുഖിച്ചിരിക്കുകയായിരുന്നു കുടിയാൻ കുടുംബം. അത്തിക്കോട്ടിലെ മുത്തപ്പൻപ്ലാവിന്റെ താഴെയാണ് കൊണ്ടേരന്റെ ആഗ്രഹപ്രകാരം അയാളെ മറവ് ചെയ്യുന്നത്. അതിന് ശേഷം കൊണ്ട സ്വയമേവ ചുമതല ഏറ്റെടുക്കുന്നു. കൊണ്ടേരന്റെ പാത പിന്തുടർന്ന് അത്തിക്കോടിനായി അയാളും ജീവിച്ച് മരിച്ചു. കൊണ്ടേരന്റെ മരണശേഷം അമ്പതുപറ പാട്ടം കൂട്ടി. അതിനായി അവർ വീണ്ടും ഭൂമി കണ്ടങ്ങളാക്കിയെടുത്തു. കൊണ്ടേരനോ കൊണ്ടയോ തമ്മിലുള്ള വ്യത്യാസം ജന്മി തിരിച്ചറിയുന്നില്ല എന്നത് പ്രത്യേകം പരാമർശിക്കുന്നുണ്ട്. അയാൾക്ക് എല്ലാവരും കുടിയാനാണ്. തലമുറമാറുന്നതോ ആളുകൾ മരിക്കുന്നതോ ഒന്നും ജന്മിയുടെ വിഷയമല്ല. ജന്മി കുടുംബത്തിൽ വരുന്ന തലമുറമാറ്റങ്ങളിൽ ആളുകളുടെ സ്വഭാവത്തിന് അനുസരിച്ച് നിൽക്കുക മാത്രമാണ് കുടിയാന്മാരുടെ കുടുംബം ചെയ്ത് വന്നത്.

പാമ്പ് കടിയേറ്റാണ് കൊണ്ട മരിക്കുന്നത്. മരിക്കുമ്പോളും മണ്ണ് കൈവിട്ട് കളയരുതെന്ന് ആവലാതിപ്പെടുന്നു. അത് തലമുറകൾ കൈമാറുന്ന വാക്കുകളായി നിലകൊള്ളുന്നു. അതുവരെ പന ചെത്തലും ചക്കര ഉണ്ടാക്കലുമായി നടന്നിരുന്ന അയ്യപ്പൻ അത് കുട്ടികളെ ഏൽപ്പിച്ച് അത്തിക്കോടിന്റെ ചുമലത ഏറ്റെടുക്കുന്നു. അതൊരു അധികാരക്കൈമാറ്റത്തിന്റെ രീതിയിലല്ല. തന്റെ കുടുംബം കൈമാറി വരുന്ന സ്വത്തെന്ന രീതിയിലുമല്ല. ഇത്രനാളും തങ്ങളെപോറ്റിയ മണ്ണിനോടുള്ള അടുപ്പം അതിലുണ്ട്.

'നൂറുപാട്ടം കൂടാതെഓണവാഴക്കുലക്കു പുറമെ, വിഷുച്ചക്ക കണക്കാക്കാതെ, കത്തിച്ചാൽ കത്തുന്ന കുപ്പികൾ, പന്നിക്കുറകുകൾ, ജീവനുള്ള മുയലുകൾ, അങ്ങനെ പലപല വന്യോപഹാരങ്ങളും കൊണ്ട് അന്നത്തെ മൂപ്പിൽ നായരെ പ്രീതിപ്പെടുത്തിക്കൊണ്ടു ചാമി കുറച്ചുകൊല്ലങ്ങൾ മുന്നോട്ട് പോയി'(പു. 63).

തലമുറ മാറുമ്പോൾ പാട്ടത്തിന് പുറമെ ജന്മികളെ പ്രീതിപ്പെടുത്താൻ പലതും വേണമെന്ന് ചാമി മനസ്സിലാക്കുന്നു. അയാൾ വാറ്റ് തുടങ്ങുന്നതും അതിന് വേണ്ടിയാണ്. അതോടെ പോലീസ് പിടിക്കുന്നു. അതിന് ജയിൽ ശിക്ഷയും ലഭിക്കുന്നു. വിനോദത്തിനായി പന്നികളെ വെടിവെക്കാനെത്തുന്ന ജന്മിയുടെ വെടിയേറ്റാണ് ചാമി മരിക്കുന്നത്. തമ്പുരാനെ രക്ഷിക്കാനായി കുടിയാൻ കുടുംബം അക്കാര്യം പുറത്ത് പറയുന്നില്ല. അതിന് പകരമായി അത്തിക്കോട് നടത്തിക്കോ എന്ന വാക്ക് കിട്ടുമെന്ന് അവർ പ്രതീക്ഷിക്കുന്നു. പക്ഷെ, കുടിയാന്റെ മരണം ഒരു തരത്തിലുള്ള മാറ്റവും സൃഷ്ടിക്കുന്നില്ല. ഗവൺമെന്റിന്റെ കണക്കിൽ പോലും അത് വരുന്നില്ല.

പുതിയ ഉത്തരവ് പ്രകാരം മുമ്പാട്ടം അടക്കാനുള്ള നിയമം വരുന്നു. അതിനായി നെട്ടോട്ടം ഓടുന്നതിനിടയിൽ കൊച്ചുകൊണ്ടേരന് തിരുമാളുക്കുട്ടിയെ നഷ്ടമാവുന്നു. അവളെ മറ്റൊരു കുടുംബം കെട്ടി കൊണ്ടുപോകുന്നു. തലമുറയായി ആചരിച്ചുപോന്ന ബഹുഭർതൃത്വം എന്ന സമ്പ്രദായത്തെ ആദ്യമായി എതിർക്കുന്നത് കൊച്ചുകൊണ്ടേരനാണ്. കുടുംബത്തിലെ രണ്ടാണുങ്ങൾക്കും കൂടി ഒരു പെണ്ണ് മതിയാവുമോ എന്ന സംശയമുണ്ടാവുന്നത് തന്നെ ഒരു സാമൂഹിക മാറ്റമായി കാണാം.

കോൺഗ്രസ്സുകാരനായ ഗോപാലൻകുട്ടി മേനോനെ പരിചയപ്പെടുന്നതോടെയാണ് കൊച്ചു കൊണ്ടേരൻ കോൺഗ്രസിനെകുറിച്ചുള്ള വിവരങ്ങൾ അറിയുന്നത്. അയാൾക്കത് പ്രചോദനം നൽകുന്നതായി കാണാം. കൊച്ചുകൊണ്ടേരന് പുതിയ ആശയങ്ങൾ ലഭിക്കുന്നത് ഗോപാലൻകുട്ടി മേനോനുമായുള്ള സംവാദത്തിലൂടെയാണ്. അതുവരെ രാഷ്ട്രീയമോ പ്രതികരണമോ ഇല്ലാതെ ജന്മിയുടെ വാക്കിനനുസരിച്ച് പ്രവർത്തിച്ചിരുന്ന കുടുംബം പിന്നീട് കുറി ചോദിച്ചതിലും വഴി മാറി നടക്കാത്തിനും പഴി കേൾക്കേണ്ടി വരുന്നു. ചായഗ്ലാസ് കഴുകി നൽകാതെയും വിളവെടുക്കാതെ അത്തിക്കോട് ഒഴിഞ്ഞ് തരില്ലെന്ന് ധാർഷ്ട്യത്തോടെ പറഞ്ഞും കൊച്ചുകൊണ്ടേരൻ തെമ്മാടിയാവുന്നു.

ജയിലിൽ നിന്നും തിരിച്ചെത്തുന്ന കൊച്ചുകൊണ്ടേരന് കർഷകർ കൂട്ടായി നിന്നാൽ അവകാശങ്ങൾ ലഭിക്കുമെന്ന തിരിച്ചറിവ് ഉണ്ടാവുന്നു. എന്നാലത് കോൺഗ്രസ്സുകാരനായ ഗോപാലൻകുട്ടി മേനോനോട് പറയുമ്പോൾ അത് അഹിംസയുടെ പാതയല്ല എന്നാണ് അയാൾ ഉപദേശിക്കുന്നത്. രാഷ്ട്രീയത്തിലെ ചിന്താരീതികൾ തമ്മിലുള്ള വ്യത്യാസവും ആവശ്യത്തിനനുസരിച്ച് പുതിയവ രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയും കൊച്ചുകൊണ്ടേരൻ മനസ്സിലാക്കുന്നത് അപ്പോഴാണ്. അത്തിക്കോടൊഴിപ്പിക്കാൻ വരുന്ന ജന്മികളോട് വിള നശിപ്പിക്കാൻ വരുന്ന മൃഗത്തോടെന്ന പോലെ പോരിനിറങ്ങുകയാണ്കൊച്ചുകൊണ്ടേരൻ ചെയ്യുന്നത്. തിരിയിട്ട വിള ആരും തൊടില്ലെന്ന കൊച്ചുകൊണ്ടേരന്റെ ശബ്ദം എക്കാലത്തെയും കർഷക ശബ്ദമായി മുഴങ്ങി. വിള കൊയ്തുകഴിഞ്ഞാലേ അത്തിക്കോട് ഒഴിഞ്ഞ് കൊടുക്കുള്ളു എന്ന് കൊച്ചുകൊണ്ടേരനും എന്നാൽ ജന്മി പറഞ്ഞ മാത്രയിൽ മണ്ണ് വിട്ടുകൊടുക്കണമെന്ന് നിയമവും നില പാടെടുക്കുമ്പോൾ അതിനെതിരെ കലാപം ആഹ്വാനം ചെയ്യാൻ മാത്രമേ കുടിയാന് കഴിയുന്നുള്ളു. കൊച്ചുകൊണ്ടേരൻ ജയിലിൽ പോയ ശേഷം ഭീഷണിക്ക് വഴങ്ങി അത്തിക്കോട് ഒഴിഞ്ഞ് കൊടുക്കാൻ അയ്യപ്പൻ തീരുമാനിക്കുന്നെങ്കിലും നിയമപ്രകാരം അതവർക്ക് തന്നെ തിരിച്ച് കിട്ടുന്നു.

ജയിലിൽ നിന്നും വരുന്ന കൊച്ചുകൊണ്ടേരൻ പാട്ട മുറി ചോദിച്ചതും ബഹുഭർതൃത്വത്തിനെതിരെ സംസാരിച്ചതും കർഷകരുടെ സംഘം രൂപീകരിച്ചതുമെല്ലാം നാട്ടിൽ സംസാരമാവുന്നു.

'ഭൂമിയാണ് കൃഷിക്കാരന്റെപ്രധാന പ്രശ്നം. ജന്മിയുടെ നെറ്റി ചുളിഞ്ഞാൽ അതിളകുകയായി. ഭൂമിയില്ലെങ്കിലെവിടെ പണിയെടുക്കും. അതുകൊണ്ട് എന്തുവന്നാലും ഭൂമിയൊഴിഞ്ഞു കൊടുത്തൂടാ..'(പു.134).

മണ്ണിൽ പണിയെടുക്കുകയാണ് കർഷകന്റെ ജന്മാവകാശമെന്ന് അവർ വിശ്വസിക്കുന്നു.എന്ത് വിലകൊടുത്തും അത് സംരക്ഷിക്കാനും അവർ തയ്യാറായിരുന്നു. എന്നാൽ മാറ്റങ്ങൾക്ക് തയ്യാറാവാത്ത ജന്മിത്വത്തെ എതിർക്കുക എന്നത് സാമൂഹിക ദൗത്യമായി തന്നെയാണ് കൊച്ചുകൊണ്ടേരൻ കണ്ടത്. ബഹുഭർതൃത്വത്തെ എതിർത്തത് ഇഷ്ടപ്പെട്ട സ്ത്രീയെ സ്വന്തമാക്കാനായിരുന്നെങ്കിൽ കർഷകസംഘം രൂപീകരിക്കുന്നത് മണ്ണ് കർഷകന് നഷ്ടപ്പെടാതിരിക്കാനായിട്ടാണ്.

'ഒഴിപ്പിക്കൽ നിർത്തണം

ഭൂമി കൃഷിക്കാർക്ക്

പാട്ടപ്പറ പൊളിക്കണം

പാട്ടം വടിച്ചാൽ മുറി വാങ്ങും

തിരുമുൽക്കാഴ്ചകൊടുക്കില്ല

കർഷകസംഘം സിന്ദാബാദ്' (പു.135).

കർഷക സംഘത്തിന് ഒരു കാലഘട്ടം മുഴുവൻ അനുഭവിച്ച മാമൂലുകൾക്കെതിരെ പോരാടാനുണ്ടായിരുന്നു. അതിന്റെപ്രത്യാഘാതം എന്തുതന്നെയായിരുന്നാലും പ്രവർത്തിക്കുക എന്നതാണ് സാമൂഹിക മുന്നേറ്റത്തിന് ആവശ്യമെന്നവർ തിരിച്ചറിയുന്നു. അമ്പത് കൊല്ലത്തോളം അത്തിക്കോട് കരിമ്പനക്കലുകാരുടേതായിരുന്നു. അത്തിക്കോട് പണിയെടുത്ത് മരിച്ച മൂന്ന് തലമുറയെയും അവിടെയുള്ള മുത്തപ്പായിപ്പിലാവിന് ചോട്ടിലാണ് അടക്കിയിരിക്കുന്നത്. മണ്ണിനോടുള്ള അവകാശം ചോദിക്കുമ്പോൾ കൊണ്ടേരൻ പറയുന്നതും അതാണ:്

'അച്ഛനും രണ്ടുമുത്തച്ഛന്മാരും ഇതിലാണ് കിടക്കുന്നത്' (പു. 161).

'ഭൂമിയവിടെ കിടന്നോട്ടെ. നായരുവീട്ടിലേക്കൊരു നഷ്ടവും വരാനില്ല.. മൂപ്പിൽ നായർ പറഞ്ഞു.. കുറുമ്പന്മാർക്ക് ഭൂമി കൊടുക്കില്ല..കൊണ്ടേരൻ വരുന്നത് വരെ കിടക്കും.. അത്തിക്കോട് തീയ്യരുടേതാണ്' (പു.162).

എതിരാളിയെ കായിക ബലം കൊണ്ട് ചെറുത്ത് ജയിലിൽ പോവുകയാണ് കൊച്ചുകൊണ്ടേരൻ. ജയിലിൽ നിന്നിറങ്ങുന്ന കൊച്ചുകൊണ്ടേരനോടും അവന്റെ കഥകളോടും അനുഭവത്തോടും നാട്ടുകാരുടെ മനോഭാവം വ്യത്യസ്തമാണ്. ചിലരവനെ തെമ്മാടിയായും ചിലരവനെ ധീരനായും നോക്കിക്കാണുന്നു.

ഇത്തരത്തിൽ ഒരു സംഘർഷാന്തരീക്ഷത്തിലാണ് നോവൽ അവസാനിക്കുന്നത്. കൊച്ചുകൊണ്ടേരനിലെ പുതിയ പ്രതീക്ഷ നാട്ടുകാരിലും ആവേശം ഉണർത്തിയിരിക്കുന്നു. കൊച്ചുകൊണ്ടേരൻ വന്നാൽ അത്തിക്കോട് തിരിച്ച് പിടിക്കും എന്നവർ വിചാരിക്കുന്നു. നിയമപ്രകാരമുള്ള തിരിച്ച് പിടിക്കലിനും മുകളിലാണ് മണ്ണിനോടുള്ള വൈകാരികമായ അടുപ്പം എന്ന് മനസ്സിലാക്കാം.

മണ്ണിനോട് പടവെട്ടിക്കഴിയുന്ന മൂന്ന് തലമുറകളുടെ ജീവിതത്തിലൂടെ വള്ളുവനാട്ടിലെ കുടിയാന്മാരായ കൃഷിക്കാരുടെ ഉയിർത്തെഴുന്നേൽപ്പാണ് 'മണ്ണിന്റെ മാറിൽ' എന്ന നോവൽ.

### 3.2. സാറാജോസഫിന്റെ 'ആലാഹയുടെ പെൺമക്കൾ'

പെണ്ണുങ്ങളുടെ ലോകമാണ് 'ആലാഹയുടെ പെൺമക്കളി'ലുള്ളത്. അത് കോക്കാഞ്ചറയുടെ ചരിത്രം കൂടിയാണ്. കോക്കാഞ്ചറയുടെ ചരിത്രം പെണ്ണുങ്ങളുടേത് ആവുന്നത് എങ്ങനെയെന്ന ചോദ്യം പ്രസക്തമാണ്. കോക്കാഞ്ചറയിൽ അധ്വാനിക്കുന്നവരും കഷ്ടപ്പെടുന്നവരുമായ ഒട്ടനവധി ആളുകൾക്കിടയിൽനിന്നും പെണ്ണുങ്ങളെയാണ് പ്രധാനമായും എഴുത്തുകാരി കഥാപശ്ചാത്തലത്തിലേക്ക് കൊണ്ടുവന്നിട്ടുള്ളത്. അവിടെ പുരുഷ സാന്നിധ്യം വളരെ കുറച്ച് മാത്രമാണ്.ഉള്ളവർ അധികാരികളോ അരികുവൽക്കരിക്കപ്പെട്ടവരോ സ്ത്രീസമൂഹത്തിന്റെ സഹായം പറ്റി ജീവിക്കുന്നവരോ ആണ്.

### 3.2.1. ആനിയുടെ സംശയങ്ങളുടെ ലോകം

ആലാഹയുടെ കൈക്കുള്ളിലിരിക്കുന്ന സുരക്ഷിതമായ ലോകമാണ് കോക്കാഞ്ചറ. ആനിയോട് കഥപറയുന്ന മട്ടിൽ അതിനൊരു മിത്തിക്കൽ പരിവേഷം നൽകുന്നുണ്ട്. കോക്കാഞ്ചറയെന്നാൽ തൃശ്ശൂരിന്റെ പ്രാന്തപ്രദേശമെന്നതിലുപരിയായി അതൊരു ലോകസങ്കൽപ്പമാണ്. ആനിയെന്ന കുട്ടിയുടെ കണ്ണിലൂടെയാവുമ്പോൾ അതിന് കുറച്ചുകൂടി വിശ്വാസ്യത കൈവരുന്നു. ആനി കോക്കാഞ്ചറയക്ക് അപ്പുറത്ത് ലോകം കണ്ടിട്ടില്ല. അവൾ വളരുന്നത് കോക്കാഞ്ചറയുടെ ഉള്ളിലാണ്. അതിന്റെ ചരിത്രവും വർത്തമാനവുമാണ് ആനിയുടെ ലോകവാർത്തകൾ. ആനിയുടെ കാഴ്ചകളിലും കേൾവികളിലും കുട്ടിക്ക് എത്തിപ്പെടാനാവാത്ത അപരലോകം എഴുത്തുകാരി ബാക്കി വെക്കുന്നുണ്ട്.

ദൈവം സൃഷ്ടിച്ചതല്ലെങ്കിലും ദൈവത്തിന് പ്രത്യേക പരിഗണനയുള്ള ഇടമാണ് കോക്കാഞ്ചറയെന്ന് ആനി വിശ്വസിക്കുന്നു. എത്ര വെള്ളപ്പൊക്കത്തിലും മുങ്ങാത്തതരത്തിലാണ് കോക്കാഞ്ചറ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ദൈവത്തിന്റെ പ്രതിരൂപമായി

അവിടെ പള്ളിയുണ്ട്. പക്ഷേ പള്ളിയേക്കാളേറെ ആനിക്ക് വിശ്വാസം അമ്മാമ്മയെയും അവരുടെ അന്നദവെള്ളത്തിനെയും ആലാഹയുടെ പ്രാർത്ഥനയെയുമാണ്. അമ്മയുടെയും അമ്മാമ്മയുടെയും വിശ്വാസത്തിലെ വൈരുദ്ധ്യംആനിയിൽ സംശയങ്ങളുണ്ടാക്കുന്നുണ്ട്. പക്ഷെ അമ്മാമ്മയുടെ കഴിവിനെപ്പറ്റി സംശയമില്ല. പച്ചവെള്ളത്തെ അന്നദവെള്ളമാക്കുന്നതിലെ മാന്ത്രികതയെന്നതിലുപരി അമ്മാമ്മയുടെ ധൈര്യമാണ് ആനിയെ അതിശയിപ്പിക്കുന്നതെന്ന് കാണാം. പച്ചവെള്ളത്തിന് വലിയ മാറ്റമൊന്നും വരില്ലെന്ന് കുട്ടിയായ ആനിക്കും തോന്നുന്നുണ്ട്. ആനിയെ അമ്മാമ്മ ബൈബിളിലെ കഥാപാത്രങ്ങളുടെ പേരിലാണ് ചീത്ത വിളിക്കാറ്.അവൾക്ക് മിത്തിക്കലായ വിവരങ്ങൾ ലഭിക്കുന്നത് ഇത്തരം ജീവിത സാഹചര്യങ്ങളിൽനിന്നാണ്. 'പെണ്ണായാ തലേം മൊലേം വേണം' എന്നവർ പറയുമ്പോൾ ആനി ചുറ്റുപാടിൽ നിന്നും ഉദാഹരണങ്ങളെടുത്ത് നിരീക്ഷിക്കുന്നു. പെണ്ണുങ്ങളെ കുറിച്ചുള്ള സാമൂഹിക ബോധത്തിൽ ആനിക്ക് വളരെയധികം എതിർപ്പ് ഉള്ളതായി കാണാം. പെണ്ണുങ്ങളെ കുറിച്ച് പറയുന്ന വാക്കുകൾ, ചൊല്ലുകളൊന്നും ആനിയെ സംബന്ധിച്ച് പ്രധാനമല്ല. കാരണമവൾ സ്ഥിരം കാണുന്നത് വൈവിധ്യം നിറഞ്ഞ സ്ത്രീ ലോകങ്ങളാണ്.

കോരൻ പേര് മാറ്റിയതിന് അമ്മാമ്മയും അമ്മയുമെല്ലാം ചിരിക്കുന്നതെന്തിനാണെന്ന് ആനിക്ക് മനസ്സിലാവുന്നില്ല. അതവളെ ജാതി, പേര്, ജന്മം തുടങ്ങി വളരെ പ്രശ്നബാധിത പ്രദേശങ്ങളിൽ കൊണ്ടുചെന്നിടുന്നു. ആനിക്ക് ഉത്തരമറിയേണ്ടതില്ല. പക്ഷെ ആ സംസാരങ്ങളുടെ പ്രാധാന്യമാണ് അവൾ അന്വേഷിക്കുന്നത്. ജാതി മാറാൻ പറ്റാതെയോ പേരില്ലാതെയോ ഇരിക്കട്ടെ, ആ വാക്യം അവളിൽ സൃഷ്ടിക്കുന്ന ചരിത്രബോധം മറ്റൊന്നാണ്.അവൾക്കും അവളുടെ നാടിന്റെ പേര് മാറ്റണമെന്നുണ്ട്.പേരുമാറ്റൽ ചിരി പടർത്തുമ്പോൾ പേരിൽ കൂടി ഒന്നുംമാറില്ലെന്ന ധ്വനി ആനി മനസ്സിലാക്കുന്നു. നാടിന്റെ പേര് മാറ്റണമെന്ന ചിന്തയെക്കൂടി അതിനൊപ്പം മാറ്റിവെക്കുന്നു.

അർത്ഥം കിട്ടാത്ത വാക്കുകളെ അർത്ഥം പറയിപ്പിക്കുന്നത് ആനിയുടെ വിനോദമാണ്. ആനിയുടെ പ്രായത്തിനനുസരിച്ചുള്ള വാക്കുകളോ പ്രയോഗങ്ങളോ അല്ല അവൾ കാണുന്നതും കേൾക്കുന്നതും. അവളുടെ ജീവിതപരിസരം കുറച്ചധികം കഠിനവാക്കുകൾ കൊണ്ട് നിർമിതമാണ്. അത്തരത്തിൽ അർത്ഥം കിട്ടാത്ത വാക്കുകളെ മാറ്റിയിരുത്തി അവയെക്കൊണ്ട് തന്നെ അർത്ഥം പറയിപ്പിക്കുകയെന്ന വഴി ആനി ശീലിക്കുന്നു. അതൊരു തരത്തിൽ കുട്ടിക്കളിയാണ്. പക്ഷെ അവിടെ അർത്ഥം രൂപപ്പെട്ടുവരുന്നത് ആനിയുടെ അനുഭവത്തിൽ നിന്നും ജീവിത പരിസരത്തുനിന്നും തന്നെയാണ്.

പെണ്ണുങ്ങൾക്ക് ജീവിതം എന്നാൽ കുറച്ചു കാര്യങ്ങളാണെന്നാണ് ആനിക്ക് മനസ്സിലാവുന്നത്. കല്ല്യാണം, പ്രസവം, ശരീരം, ജോലി, കുടുംബം, അപമാനം അത് ആനിയുടെ മനസ്സിലുണ്ടാക്കുന്ന പ്രശ്നം ചെറുതല്ല. താനെങ്ങനെയാണ് കോക്കാനാവുക?കോക്കാഞ്ചറയിൽ ജീവിച്ചാലെങ്ങനെയാണ് കോക്കാനാവുക? ആനിക്ക് വലിയവരുടെ യുക്തി പിടികിട്ടുന്നില്ലെന്ന് പറയാം. അല്ലെങ്കിൽ അവരുപറയുന്ന കളിയാക്കലുകൾ യുക്തിപരമല്ലെന്നും പറയാം.

### 3.2.2. പെണ്ണുങ്ങളുടെ അപരലോകം

അമ്മാമ്മ, ബട്ടൺ കമ്പനിയിൽ പണിക്ക് പോകുന്ന ചിന്നമ്മയും ചിയ്യമ്മയും, മിഡ്വൈഫായി പോകുന്ന വല്ല്യമ്മ, അമ്മ, കുറി നടത്തുന്ന വെളുത്ത കുഞ്ഞാറവും കറുത്ത കുഞ്ഞാറവും, കരിഞ്ചന്തയിൽനിന്നും അരി വാങ്ങിക്കൊടുക്കുന്ന- വാച്ച് മിഠായി വിൽക്കുന്ന കോച്ചാത്തി അങ്ങനെ നീളുന്നു ആലാഹയുടെ പെൺമക്കളുടെ ലിസ്റ്റ്. കോക്കാഞ്ചറയിൽ നടക്കുന്ന പ്രധാന ആഘോഷം ഒരു സമൂഹവിവാഹമാണ്.അതിന് മുമ്പ് കഴിഞ്ഞ കല്ല്യാണങ്ങളുടെ ബാക്കിപത്രങ്ങളായ സ്ത്രീകളെ വീടുകളിലും മറ്റും കാണാൻ കഴിയും. ഭർത്താവ് ഉപേക്ഷിച്ചവർ, മരിച്ചവർ, വീട്ടിൽ വിട്ടിട്ട് പോയവർ അങ്ങനെ. ചിന്നമ്മയെ പോലെ കല്ല്യാണം കൊതിച്ച് നിന്നവർ പെട്ടന്ന് സുവിശേഷ പ്രസംഗത്തിന് പോകുന്നതായും കാണാം. ഇതെല്ലാം കോക്കാഞ്ചറയിൽ നിലനിൽക്കുന്ന സ്ത്രീ ജീവിതമാണ്. അവർ പക്ഷെ ജീവിക്കാതിരിക്കില്ല. അവർ ജോലികൾ തേടി പോകും.പലതരം ജോലികൾ. ബട്ടൺ കമ്പനിയിൽ മുതൽ വെള്ളയപ്പം വിൽക്കാൻ വരെ. മാറി മാറി വരുന്ന തൊഴിൽ അവിടത്തെ

നിലനിൽപ്പില്ലായ്മയെ കാണിക്കുന്നു. അധികം കല്ല്യാണങ്ങൾക്കും പാട്ട് വെക്കും- തോട്ടികളുടെ കല്ല്യാണത്തിന് തമിഴ് പാട്ട്.

എപ്പോഴും ചിരിച്ചുകൊണ്ടിരിക്കുന്ന ചിന്നമ്മയെയും ചിയ്യമ്മയെയും കാണുന്ന ആനിക്ക് ഇവരെന്തിനാണ് ഇങ്ങനെ ചിരിക്കുന്നതെന്ന ചോദ്യം ഉയരുന്നുണ്ട്. അതവരുടെ പ്രായത്തിന്റെയാകാമെന്നാണ് അവൾക്ക് ഉത്തരം കിട്ടുന്നത്. കുറി നടത്തുന്ന വെളുത്ത കുഞ്ഞാറവും കറുത്ത കുഞ്ഞാറവും രണ്ടുതരം സ്ത്രീ സാന്നിധ്യങ്ങളാണ്. അവരുടെ സ്വഭാവവും പേരും തമ്മിൽ കറുപ്പ് വെളുപ്പ് ദ്വന്ദം പ്രയോഗിച്ചിരിക്കുന്നു. കറുത്ത കുഞ്ഞാറത്തിന്റേത്തീട്ടം കോരി കുറിയാണെന്ന് പരിഹസിക്കുന്നവരുണ്ട്. പക്ഷെ വെളുത്ത കുഞ്ഞാറം പോയ ശേഷം കറുത്ത കുഞ്ഞാറം കുറി നിർത്തി എന്നതും ശ്രദ്ധേയമാണ്.

'കൈയ് നല്ലോണം കഴുകിക്കോളു മാർത്തേ കോക്കാഞ്ചറേന്ന് വരണ പിശാശ്ക്കളാ..' (പു. 26) നാടിനെ മൊത്തത്തിൽ അളക്കുന്ന പരാമർശമാണിത്. അതുവരെ പറഞ്ഞ പിശാചും ചിന്തകളും കോക്കാഞ്ചറയുടെ സ്വന്തമാണെന്ന് മനസ്സിലാക്കാം.കോക്കാന്മാരുടെയും കോക്കാത്തികളുടെയും നാടാണ് കോക്കാഞ്ചറ. പേറെടുക്കുന്ന ആനിയുടെ വല്ല്യമ്മ പ്രസവിക്കാത്ത സത്രീയാണ്. അവരുടെ കഴിവ് മറ്റൊരാളിലും കാണാത്തതിനാലാണ് കുഞ്ചൻ കമ്പോണ്ടർ അവൾക്ക് ആ ജോലി പഠിപ്പിച്ച് കൊടുക്കുന്നത്. അതൊരു ജോലി മാത്രമല്ലെന്നും ഒരു കുടുംബം മുഴുവൻ പ്രാർത്ഥനയിൽ കഴിയുന്നതിലൂടെ അവർകാണിച്ചു തരുന്നു. 'അധികം ഇട്ട് വലിപ്പിക്കാതെ രണ്ടും രണ്ട് പാത്രത്തിലാക്കി കൊട്ക്കണേമാതാവേ..' എന്നവർ പ്രാർത്ഥിക്കുന്നതിൽ രണ്ടാമത്തെ പാത്രം ഏതാണെന്ന കാര്യത്തിൽ ആനിക്ക് സംശയങ്ങളുണ്ട്. പെറാത്ത പെണ്ണ് പേറ് തൊടുകയെന്നത് കോക്കാഞ്ചറക്കാർക്കും ഉൾക്കൊള്ളാൻ പറ്റാത്തകാര്യമായിരുന്നു. പക്ഷെ ആശുപത്രിയിൽ പോകാനുള്ള പ്രയാസവും സാമ്പത്തിക ബുദ്ധിമുട്ടും കാരണം വല്ല്യമ്മയെ അംഗീകരിക്കുകയായിരുന്നു. കോക്കാഞ്ചറയിലെ പെണ്ണുങ്ങളാരും ആശുപത്രീ പോവില്ലെന്ന പ്രസ്ഥാവനക്ക് പിന്നിൽ സാമ്പത്തികവും ആരോഗ്യബോധപരവും ആയ കാരണങ്ങളുണ്ടാവാം.

കോക്കഞ്ചറയിലെ കൊടിച്ചിയങ്ങാടിക്ക് ആ പേര് ഉണ്ടാവുന്നത് പെണ്ണുങ്ങളുടെ സ്വഭാവത്തിൽനിന്നാണെന്നാണ് കുട്ടിപ്പാപ്പൻ പറയുന്നത്. കോക്കാഞ്ചറക്കാരുടെ പൊതു സ്വഭാവങ്ങൾ പെണ്ണുങ്ങളുടെ പെരുമാറ്റത്തിലൂടെ വെളിവാകുന്നു.

### 3.2.3. അരികുവൽക്കരിക്കപ്പെട്ടവരുടെ യഥാർത്ഥ ലോകം

റോമാ പള്ളിയിൽ വിശ്വസിക്കുന്ന അമ്മയും സുറിയാനി പള്ളിയിൽ വിശ്വസിക്കുന്ന അമ്മാമ്മയും ഒരേ വീട്ടിൽ താമസിക്കുന്നതിലൂടെ അവിടെ മുതലാണ് കോക്കാഞ്ചറയിലെ ഉൾച്ചേർക്കലും ബഹുസ്വരതയും ആരംഭിക്കുന്നതെന്ന് പറയാം. കൃത്യമായ നിയമങ്ങളില്ലെങ്കിലും കോക്കാഞ്ചറയിലാരും അതിക്രമങ്ങൾ കാണിക്കാറില്ല. പക്ഷെ അവിടെ വഴക്കുകളും പിണക്കങ്ങളും പരസ്പരം ചീത്തവിളിക്കലും കൂടുതലാണ്.

കുട്ടിപ്പാപ്പനിൽനിന്നാണ് കാശില്ലാത്തോർക്കും നാടകം കളിക്കാം എന്ന അറിവ് ആനിക്ക് കിട്ടുന്നത്. കുട്ടിപ്പാപ്പന് അങ്ങനെ പല അറിവുമുണ്ട്. അതെല്ലാം മനസ്സിലാവുന്ന ഒരാളിലേക്ക് പകരണമെന്ന് അയാൾക്കുണ്ട്. ആകെ കിട്ടുന്ന ചില സംഭാഷണങ്ങളും വായനകളും അയാൾ ആസ്വദിക്കുന്നതായി കാണാം. ഇത്തരമൊരു സാഹചര്യത്തിലും കുട്ടിപ്പാപ്പന് മാത്രമാണ് രാഷ്ട്രീയത്തെപ്പറ്റിയും ഫിലോസഫിയെപ്പറ്റിയും ചിന്തിക്കാൻ പറ്റുന്നത്. സ്ത്രീകളെല്ലാം നിത്യജീവിതത്തിന്റെ പ്രാരാബ്ദങ്ങളിൽ മുന്നോട്ട് പോകുന്നവരാണ്.

ആനിയുടെ മനസ്സ് പറഞ്ഞറിയുന്ന കോക്കാഞ്ചറയുടെ കഥയിൽ ലോകത്തിലെ ഏറ്റവും വിലകുറഞ്ഞ മനുഷ്യരെ കൊണ്ടിടുന്ന ഇടമാണ് കോക്കാഞ്ചറ. അവൾക്കത് നിരന്തരം അനുഭവിക്കേണ്ടി വരികയും ചെയ്യുന്നതിനാൽ മറ്റൊരു തെളിവും അതിന് നിരത്തേണ്ടതായിട്ടില്ല എന്ന് കാണാം. മറ്റൊരു കഥ അമ്മാമ്മയുടെ വാമൊഴി ചരിത്രമാണ്. അത് കുറച്ച് ഭാവനകൂടി കലർന്നതാണ്. ഗോസായികുന്ന് കയറി വന്ന അപ്പാപ്പന്റെ കഥയാണ് അതിൽ പ്രധാനം.

ശരീരത്തിൽ നിന്നും ചെകുത്താൻ ആത്മാവിനെ വേർപെടുത്തി കൊണ്ടുപോകുന്നത് കണ്ടയാളായിട്ടാണ് അമ്മാമ്മ അയാളെ ഓർക്കുന്നത്. അതൊരു ബഹുമതി അല്ലെങ്കിലും അതിനുശേഷം വീട്ടിൽ തിരിച്ചെത്തിയെന്നത് അപ്പാപ്പന്റെ ധൈര്യത്തെ കാണിക്കുന്നുണ്ട്. മനുഷ്യന്റെയും മൃഗങ്ങളുടെയും ശവങ്ങൾ മറവു ചെയ്യാൻ പോലും മിനക്കെടാതെ വലിച്ചെറിയുന്ന ഒരിടത്തിന് ഇതിലും വലിയൊരു ചരിത്രം പറയാനില്ല.

തോട്ടികൾ പറഞ്ഞ കഥയിൽ കോക്കാഞ്ചറയിലേക്ക് ആദ്യം കുടിയേറിയത് തോട്ടികളാണ്. തീട്ടം വാരാൻ വന്ന തോട്ടികളെ കാണുന്നത് നഗരത്തിൽ പ്രശ്നമായപ്പോൾ അവരെയും തീട്ടത്തെയും ഒരേ സ്ഥലത്തേക്ക് ഒഴിവാക്കി. ശവത്തിനും തീട്ടത്തിനും നടുവിൽ അവരുടെ പരമ്പരവളർന്നു. അതൊരു സാമൂഹിക സാഹചര്യത്തെക്കൂടി ഓർമപ്പെടുത്തുന്നു. കുടിവെള്ളം കിട്ടാതെ, കുട്ടികളെ സംരക്ഷിക്കാനാവാതെ, രോഗങ്ങളോടും മാലിന്യം നിറഞ്ഞ പരിസ്ഥിതിയോടും മല്ലിട്ട് തോട്ടികൾ അവരുടെ കർത്തവ്യം നിറവേറ്റിക്കൊണ്ടിരുന്നു

തോട്ടികൾക്കുപിന്നാലെ കോക്കാഞ്ചറയിൽ വന്നത് ഇറച്ചിവെട്ടുകാരാണ്. അവരും മാലിന്യം തള്ളാനുള്ള ഇടമായിത്തന്നെയാണ് കോക്കാഞ്ചറയെ കണ്ടത്. ശവങ്ങൾക്കൊപ്പം രക്തം കൂടി അവിടെ തളംകെട്ടി നിൽക്കാൻ തുടങ്ങി. അതോടെ അവരും തോട്ടികളും തമ്മിൽ തർക്കമായി. അത് കാലങ്ങളോളം തുടർന്നു. കോക്കാഞ്ചറയുടെ ഭാഗമായവർക്കെല്ലാം അവരുടെ ചരിത്രം പറയാനുള്ള അവകാശമുണ്ടെന്ന് എഴുത്തുകാരി ബോധ്യപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ കോക്കാഞ്ചറക്ക് ചരിത്രങ്ങൾ അനേകമാണ്. പക്ഷെ അവയിൽനിന്നെല്ലാം ഉരുത്തിരിയുന്നത് അരികുവൽക്കരിക്കപ്പെട്ട, മാറ്റിനിർത്തപ്പെട്ട ഒരു സമൂഹത്തിന്റെ കാഴ്ചയാണ്. നഗരം പുറന്തള്ളിയവരുടെ കൂടെയാണ് ആനിയും കുടുംബവും അവിടെയെത്തുന്നത്.

### 3.2.4. നോവലിൽ അനാവൃതമാവുന്ന ഭൂമിക

'അങ്ങനെ വളർന്ന അമരവള്ളിയാണ്. സങ്കടങ്ങൾക്കുമേൽ അതു പടർന്നു. ഇപ്പോൾ അതിന്മേൽ പൂക്കാലം. വെള്ളയും വയലറ്റും നിറമുള്ള പൂക്കൾ.കറുത്ത ഈച്ചകൾ. നീല വണ്ടുകൾ.പച്ച നിറമുള്ള കാറ്റ്. ഈഅമരവള്ളിയിലൂടെ ഞാൻ പിടിച്ച് കയറും. അതിന്റെ തുഞ്ചത്ത് അതിശയകരമായ ഒരു ലോകമുണ്ട്.വെണ്ണനിറമുള്ള ഉടുപ്പിന്റെ പതിനേഴായിരത്തേഴ് ഞൊറികൾ വിടർത്തിപ്പിടിച്ചുകൊണ്ട് ഞാൻ ആ വിസ്മയലോകത്ത് കാൽകുത്തും. ഓർത്തിരിക്കാത്ത നേരത്ത് അമ്മാമയ്ക്കു ചുറ്റും പൊന്മഴ പെയ്യും. രത്നങ്ങൾ പെറുക്കി കൈകഴക്കുമ്പോൾ അമ്മാമ വിളിച്ച് പറയും..മതീരീ ക്ടാവേ..'(പു. 5).

ഫാന്റസി ഭാവത്തിലാണ് നോവൽ ആരംഭിക്കുന്നത്. അതിൽതന്നെ ആനിയുടെ സ്വപ്നവും അവസ്ഥയും വ്യക്തമാണ്. കൈക്കോട്ട് മണ്ണിലുടക്കുമ്പോൾ അത് നിധിയാവുമെന്ന് ആനി പ്രതീക്ഷിക്കുന്നതും തന്റെ ജീവിതം മാറാൻ പോകുകയാണെന്ന് ആനി വിചാരിക്കുന്നതും അതുകൊണ്ടാണ്. ഈ പ്രതീക്ഷ മാത്രമാണ് നോവലിന്റെ അവസാനം വരെ ആനിയിലുള്ളത്. അവളുടെ ചുറ്റുമുള്ള യഥാർത്ഥ ലോകം വളരെ ദുർബലമാണ്.

'മണ്ണിനടിയിൽനിന്ന് ഇളക്കിയെടുത്തത് ഒരസ്ഥിക്കഷണമായിരുന്നു. മനുഷ്യന്റെ കൈയുടെ ഒരു മുഴുത്ത എല്ല്. അമ്മാമ ആഞ്ഞുതുപ്പി. കുരിശുവരച്ചു. ഈ മണ്ണ് അങ്ങനെയാണ്. എവിടെ കിളച്ചാലും ഒരെല്ലോ തലയോടോ പൊങ്ങിവരും'(പു. 6).

ആ മണ്ണിനെ കുറിച്ചുള്ള ആദ്യ പ്രസ്താവനയാണിത്. അന്നാട്ടിന്റെ ചരിത്രവും വരാനിരിക്കുന്ന കഥകളുടെ ആഴവും മനസ്സിലാക്കിക്കുന്ന തരത്തിലുള്ള വചനം പോലൊന്ന്.ആലാഹയുടെ നമസ്ക്കാരം ചൊല്ലി മാറ്റുന്ന ചെകുത്തന്മാരുണ്ടെന്ന് ഉറച്ചു വിശ്വസിക്കുന്ന, തനിക്കു മാത്രം അറിയാവുന്ന ആലാഹയുടെ നമസ്ക്കാരം രഹസ്യമാക്കി സൂക്ഷിച്ചാലേ അതിന് ശക്തിയുണ്ടാവുള്ളു എന്ന് വിചാരിക്കുന്ന, അമ്മാമ്മ മരിക്കുമ്പോൾ അത് തനിക്ക് പറഞ്ഞു തരുമെന്ന് ആനി വിചാരിക്കുന്നഒരു അന്തരീക്ഷമാണ് അവിടെ

നിലനിൽക്കുന്നത്. സ്ത്രീകളിൽനിന്ന് സ്ത്രീകളിലേക്ക് പകരുന്ന ഒരു വിശ്വാസമാണത്. അതിൽ പുരുഷ ലോകത്തിന് പ്രവേശനമില്ല.

'കോക്കാഞ്ചറയിൽ മനുഷ്യരില്ലെന്നാണ് ടീച്ചർമാരുടെ അഭിപ്രായം. മുമ്പ് ശവങ്ങൾ വലിച്ചെറിയുന്ന സ്ഥലമായിരുന്നു കോക്കാഞ്ചറ. മനുഷ്യരുടെ, ജന്തുക്കളുടെ.ചത്ത പട്ടികളും മനുഷ്യരും ഒന്നിച്ച് പുണർന്ന് കിടന്ന് അഴുകിപ്പോവുന്ന നിലം. ശവങ്ങൾക്കു ശേഷം തീട്ടം കോരികളും ഇറച്ചിവെട്ടുകാരും കേഡികളും ചാരായം വാറ്റുകാരും റിക്ഷാ വലിക്കാരും തരകിലെ ചുമട്ടുകാരും ചെറിയ ചെറിയ കള്ളന്മാരും ശരീരം വിൽപനക്ക് വെച്ചിട്ടുള്ളവരും അവിടെ വന്നു കൂടി. അവരുടെ കുട്ടികൾ പല്ലുതേക്കാറില്ല. വിരലുകൾക്കിടയിൽ ചൊറിയും മഞ്ഞച്ചലം വിങ്ങി നിൽക്കുന്ന പൊളങ്ങളും കൊണ്ടു നടക്കും. നഖങ്ങൾക്കിടയിൽ കറുത്ത ചളിയുണ്ടാവും. മുടിയിൽ പേനുണ്ടാവും.ചെവി പഴുത്ത് ഓക്കാനമുണ്ടാക്കും. ടീച്ചർമാർ അവരെ അടുപ്പിക്കില്ല. അവരുടെ സ്ലേറ്റിൽ കേട്ടെഴുത്തിന്റെ ശരിയും തെറ്റും അടയാളപ്പെടുത്തില്ല. ചൂരലിന്റെ അറ്റം കൊണ്ടേ അവരെ തൊടൂ.. അവർ ഒരു വർഗമാണ്'(പു. 26).

ജാതിയും മതവും കടന്ന് പ്രാദേശികമായി സ്ഥലത്തിന്റെയും ചെയ്യുന്ന ജോലിയുടെയും പേരിൽ അധസ്ഥിതരാക്കപ്പെടുന്ന ഒരു സമൂഹത്തെയാണ് ആനി പ്രതിനിധീകരിക്കുന്നത്. സ്ക്കൂളിൽ പോകുന്ന ആനിയിൽ ആദ്യം കോക്കാഞ്ചറയെന്ന പേര് മാറ്റണമെന്ന ചിന്ത വരുന്നെങ്കിലും കഥ വികസിക്കുമ്പോൾ അവൾ കോക്കാഞ്ചറയെ കൂടുതൽ അറിയുന്നു. അതിനെ സ്നേഹിക്കുന്നു. ആരു പറഞ്ഞാലും പേര് മാറ്റേണ്ടതില്ലെന്ന് വിശ്വസിക്കുന്നു.

'കോക്കാഞ്ചറയ്ക്കെന്തൂട്ട കൊഴപ്പം.. ആനി എടച്ചാലിലൂടെ വളപ്പിന്റെ അറ്റം വരെ ഓടി. നാൽക്കൂട്ട പ്ലാവുകളുടെ നടുവിലുള്ള ഇടുക്കിൽ അവൾ കയറി ഇരുന്നു. പ്ലാവുകളെഅവൾ പിച്ചുകയും മാന്തുകയും ചെയ്തു. ഒരു കുട്ടി അവളുടെ നാടിന്റെ പേരിൽ ഇങ്ങനെ പരിഹസിക്കപ്പെടരുത്. എത്രമാത്രം മോശപ്പെട്ട നാടാണോ അത്രമാത്രം ആഴത്തിൽ അതവളെ വേദനിപ്പിക്കും. ആരാണീ നാടുണ്ടാക്കിയത്..'(പു. 27).

കോക്കാഞ്ചറയിലെ കൊടിച്ചിയങ്ങാടിയിലാണ് ആനിയുടെ വീട്. അവിടെ കൊടിച്ചിപ്പട്ടികളാണ് താമസിക്കുന്നതെന്ന ചിന്ത.കൊടിച്ചിയങ്ങാടിയിലെ പെണ്ണുങ്ങൾ കൊടിച്ചിപ്പട്ടികളെപ്പോലെ തല്ലുകൂടുന്നത് കൊണ്ടാണ് ആ പേരുവന്നതെന്നാണ് ആനിയുടെ കുട്ടിപ്പാപ്പൻ പറയുന്നത്. നാടിന്റെ പേര് മാറാൻ അവരുടെ ജീവിത സാഹചര്യം മാറണം എന്ന് ആനിക്ക് മനസ്സിലാവുന്നു. പക്ഷ, കോക്കാഞ്ചറപോലൊരു സ്ഥലത്ത് അത് സാധ്യമല്ല എന്നതവളുടെ വിശദീകരണത്തിൽ നിന്നുതന്നെ വ്യക്തമാകുന്ന കാര്യമാണ്. കോക്കാഞ്ചറ കോക്കാഞ്ചറയാവുന്നത് ചരിത്രവും ഭൂപ്രത്യേകതയും കൊണ്ടാണെന്ന് ആനിക്കറിയാം. കോക്കാഞ്ചറക്ക് ഒറ്റ ചരിത്രമല്ല ഉള്ളത്, അനേകമാണ് എന്ന് കുട്ടിപ്പാപ്പൻ പറയും. പല ചരിത്രങ്ങളുള്ള നാടാണ് കോക്കാഞ്ചറ. അത് പലതരത്തിലുള്ള വായനയായി കണക്കാക്കാം. എന്നിരുന്നാലും അതെല്ലാം ചെന്നെത്തുന്നത് കോക്കാഞ്ചറയിലേക്ക് വലിച്ചെറിയപ്പെട്ട ഒരു കൂട്ടം മനുഷ്യരുടെ കഥകളിലേക്കാണ്.

'കോക്കാഞ്ചറയിൽനിന്ന് പടിഞ്ഞാട്ട് നടന്ന് കോന്നിമേസ്രിയുടെ പറമ്പിൽ കയറി ആലും വെട്ടോഴിയിലിറങ്ങി, അവിടന്നും പടിഞ്ഞാട്ടു നടന്ന് കൂർക്കഞ്ചേരിയിലെത്തി, അവിടന്നും പടിഞ്ഞാട്ടു നടന്ന് തങ്കമണിക്കേറ്റത്തെത്തിയാൽ അവിടെ ഒരു വീടുണ്ട്, അവിടെ അരിയുണ്ട്. അല്ലാതെ ലോകത്തെവിടെയും അരിയില്ല'(പു.71).

കരിഞ്ചന്തയിൽ നിന്നും അരിവാങ്ങാൻ അമ്മാമ്മക്കും കോച്ചാത്തിക്കും ഒപ്പം പോകുന്ന ആനിയുടെ വിവരണമാണിത്. ആനിയുടെ ലോകം കോക്കാഞ്ചറ രൂപപ്പെടുത്തുന്നതാണെന്ന സൂചന അവളുടെ വാക്കുകളിലുണ്ട്. മുക്കിലെ ചാക്കുവിന്റെ പീടികയിൽനിന്ന് കോക്കഞ്ചറക്കാർക്ക് അരികൊടുക്കില്ല.അതിന് കാരണം സാമ്പത്തികം തന്നെയാണ്.അഞ്ചണയുടെ അരിവാങ്ങാനുള്ള കഴിവേ അവർക്കുള്ളു.വീട്ടിൽ സുഖമില്ലാതെ കിടക്കുന്ന കുട്ടിപ്പാപ്പനും കുട്ടിയായ ആനിക്കും കഞ്ഞിവെള്ളമെങ്കിലും കൊടുക്കണമെന്ന ആഗ്രഹത്തിലാണ് അമ്മാമ്മ പോകുന്നത്. അമ്മാമ്മയുടെ മടിക്കുത്തിൽ കൊള്ളുന്നത്ര

അരിവാങ്ങി മടങ്ങുന്നതിൽ ആനിക്കുണ്ടാവുന്ന നാണക്കേട് അവൾ വ്യക്തമാക്കുന്നുണ്ട്. പുലർച്ചെ ഇത്രയും ബുദ്ധിമുട്ടി വന്നത് ആ ഒരുപിടി അരിക്കാണെന്ന സത്യം, കോക്കാഞ്ചറയിലെ മറ്റാർക്കും ലഭിക്കാത്ത ഭാഗ്യമാണതെന്ന സത്യം ആനിയുടെ ലോകത്തെ വീണ്ടും കോക്കാഞ്ചറയിലൊതുക്കുന്നു.

'ഇപ്പോൾ കോക്കാഞ്ചറയിലെ ഭൂമി വിറ്റാൽ കാശ് കിട്ടും. നല്ല കാശ് കിട്ടും' (പു.88).

ആനിയുടെ കുടുംബം കോക്കാഞ്ചറയിൽ വരുമ്പോഴുള്ള അവസ്ഥയല്ല ഇപ്പോഴുള്ളത്. ഇപ്പോൾ നാട്ടിൽ പുറത്തുനിന്നുള്ളവരുടെ വീടുകൾ വന്നു. മതിലുകെട്ടി തിരിച്ച കോമ്പൗണ്ടുകൾ വന്നു. ചെറിയ ടൗൺ വന്നു. കോക്കാഞ്ചറ വികസിച്ചു. മണ്ണിന് വിലകൂടി. പണ്ട് കുഴിച്ചിട്ട മാലിന്യങ്ങളെല്ലാം മണ്ണായി മാറുന്നതോടെയാണ് ഈ മാറ്റങ്ങൾ എന്ന് കാണാം.അങ്ങാടി വരുന്നു. പുതിയ കുറിക്കമ്പനിക്കാർ വരുന്നു. പുറത്തുനിന്നുള്ളവർ കോക്കാഞ്ചറയിൽ വീട് വെക്കുന്നു. കോക്കാഞ്ചറയുടെ ചരിത്രം പതിയെ മറ്റുള്ളവർ മറക്കുന്നു. ചിയ്യമ്മയുടെ കല്ല്യാണത്തിന് വീടും സ്ഥലവും വിറ്റ് പണം കണ്ടെത്തണമെന്ന ആലോചന വരുമ്പോൾ മറ്റൊരു ചതുപ്പ് തേടി പോകാൻ അവർക്ക് വയ്യെന്ന് അമ്മ ഉറപ്പിച്ച് പറയുന്നു.

'കാരണവന്മാരായിട്ട് കൊത്തിയും കിളച്ചും ഉറപ്പിച്ചെടുത്ത പറമ്പാണ്. അടിയിലുള്ള എല്ലും ഭൂതങ്ങളും അവിടെത്തന്നെ കിടന്നോട്ടെ. അപ്പനും അപ്പാപ്പനും ഒക്കെ കോക്കാഞ്ചറപ്പള്ളീടെ ശവക്കോട്ടേലല്ലേ കെടക്കണേ. അവരെ അവിടെ ഇട്ടിട്ട് എവിടേക്ക് പൂവാൻ?'(പു.88).

കോക്കാഞ്ചറയോട് അമ്മയ്ക്കുള്ള വൈകാരിക അടുപ്പം അതിന്റെ ഭൂതകാല ഓർമകളിൽ പറ്റി നിൽക്കുന്നു. അപ്പനും അപ്പാപ്പനും മാത്രമല്ല മണ്ണടിഞ്ഞ് പോയ എല്ലാത്തിനോടും അവർ അനുഭാവപൂർവ്വം പെരുമാറുന്നത് കാണാം. ഭൂതങ്ങളും പ്രേതങ്ങളും കോക്കാഞ്ചറയുടെ സ്വത്താണ്. അവർക്ക് സ്വൈര്യമായി വിഹരിക്കാൻ മറ്റൊരിടമില്ലെന്നത് ജീവിതാനുഭവത്തിന്റെ വെളിച്ചത്തിൽ കൂടിയാവാം അമ്മ പറഞ്ഞുവെക്കുന്നത്. ഭൂതങ്ങളെയും ഭൂതകാലങ്ങളെയും കുഴിച്ചു മൂടിയതിന് മുകളിലാണ് കോക്കാഞ്ചറക്കാർ ജീവിക്കുന്നത്. അവർക്ക് ജീവിതമെന്നതും മരണമെന്നതും നേരിട്ട് കാണുന്ന യാഥാർഥ്യമാണ്.

കോക്കാഞ്ചറ മാലിന്യം നിറഞ്ഞ ഇടമാണ്. അവിടെ ശവങ്ങളും മനുഷ്യമാലിന്യവും നിറഞ്ഞ് അത് വെള്ളത്തിലും വായുവിലും കലർന്നിരിക്കുന്നു. എല്ലാതരത്തിലും മലിനമായ നാട്. അവിടെ കുട്ടികളെ എങ്ങനെ ശ്രദ്ധിക്കണമെന്നോ അവർക്ക് എത്തരത്തിൽ ചികിൽസ നൽകണമെന്നോ അറിയാത്തതിനാൽ ആളുകൾ ആരും ആശുപത്രിയിൽ പോകാറില്ല എന്ന് കമ്പോണ്ടർ പറയുന്നു. പ്രസവത്തിന് പോലും വയറ്റാട്ടികളെയാണ് അവർ സമീപിക്കാറ്. അതിന് വേണ്ടിയാണ് കമ്പോണ്ടർ സ്വയം മരുന്നുകൾ കൊണ്ടുവന്ന് കോക്കാഞ്ചറക്കാരെ ചികിൽസിച്ചു പോന്നത്. പ്രധാനമായും വയറിളക്കം, പനി, ചുമ, ചൊറി എന്നിവയുടെ മരുന്നാണ് ഉണ്ടാവുക. ഇവയാണ് കോക്കാഞ്ചറക്കാരുടെ സ്വന്തം രോഗങ്ങൾ എന്ന് ആനി സാക്ഷ്യം പറയുന്നു.

'എട്ടുമുറി ആരുടെയാണ്? ആണും പെണ്ണും കുട്ടിയുമായി പത്തെഴുപതുപേരുണ്ട് എട്ടുമുറിയിലെ താമസക്കാർ. എമണ്ടൻ വാറു എന്ന തൃശ്ശൂർക്കാരൻ മുതലാളി പറയുന്നത് എട്ടുമുറിയും അതിരിക്കുന്ന സ്ഥലവും അയാളുടെ അപ്പാപ്പൻ ചുമ്മാറിന്റെ പേരിലുള്ളതാണെന്ന്. അതിനയാൾക്ക് രേഖകളുണ്ട്. കോക്കാഞ്ചറയിൽ ആൾപാർപ്പ് തുടങ്ങിയ കാലത്ത് ചുമ്മാര് ഉണ്ടാക്കിയിട്ട വീടാണത്രേ പിന്നീട് എട്ടുമുറിയായത്'(പു.104).

ആദ്യമായി കോക്കാഞ്ചറയിൽ വീട് വെച്ചവർ പത്രോസും കൊച്ചറിയയും ആണെന്നാണ് അമ്മാമ്മയുടെ പക്ഷം. അമ്മാമ്മയുടെ ഓർമ്മയെ ആരും പരീക്ഷിക്കുന്നില്ല. അത് ഏറ്റവും വിശ്വാസയോഗ്യമായ തെളിവായി പരിഗണിക്കപ്പെടുന്നു. കോക്കാഞ്ചറയുടെ ചരിത്രം അറിയുന്നവരുടെ കൂട്ടത്തിൽ ഏറ്റവും ഓർമ്മശക്തിയുള്ളത് അമ്മാമ്മയ്ക്കാണെന്ന് ആനിയും വിശ്വസിക്കുന്നു.പണമുള്ളവർ അങ്ങനെയാണ.് കുട്ടിപ്പാപ്പൻ പറഞ്ഞു. എന്തിനേയും അവർ സ്വന്തം കാൽച്ചോട്ടിലേക്കൊതുക്കും. കോക്കാഞ്ചറയിൽ നിന്ന് കോക്കാഞ്ചറക്കാരെ തുടച്ചു നീക്കാനും അവർക്കു പറ്റും.

മുമ്പൊരിക്കലുമില്ലാത്ത വിധം ആനിക്ക് കോക്കാഞ്ചറയോട് സ്നേഹം തോന്നി- പണമുള്ളവർക്ക് മുന്നിൽ തന്റെ നാടിനെ പണയം വെക്കേണ്ടതില്ലെന്ന ബോധ്യത്തിലാണ് ആനി കോക്കാഞ്ചറയെ സ്നേഹിക്കാൻ തുടങ്ങുന്നത്. അവിടെ ഒരു ചരിത്രമുണ്ടെന്നും അത് താനും തന്റെ കുടുംബവും കൂടി ചേരുന്നതാണെന്നും കുട്ടിപ്പാപ്പനിൽനിന്നാണ് ആനി അറിയുന്നത്.

കുട്ടിപ്പാപ്പനാണ് ആനിയിലേക്ക്രാഷ്ട്രീയ ബോധവും ജീവിതബോധവും പകരുന്നത്. ആനിക്ക് എപ്പോഴും ശരിയെന്ന് തോന്നിയത് കുട്ടിപ്പാപ്പന്റെ സംസാരങ്ങൾ മാത്രമാണ്. അതിലധികവും അവൾക്ക് മനസ്സിലാവില്ല എങ്കിലും അത് അവളുടെ ജീവിതത്തിന്റെ ഭാഗമാണ്. ആലാഹയുടെ പെൺമക്കളുടെ ജീവിതത്തിൽ ഈ ബോധ്യങ്ങൾ ഒരു തരത്തിലുള്ള മാറ്റവരും വരുത്താൻ പ്രാപ്തമല്ലെന്ന് വ്യക്തമാവുന്നു.

'കാടാ കാട്ന്നാ പറഞ്ഞാ കൊടും കാട്ണ്. പട്ടാളം റോഡ് മാത്രമല്ല തൃശൂര് ദേശം മുഴുവൻ' (പു.116).

അമ്മാമ്മയ്ക്കിപ്പോ ഓർമകൾ മാത്രമേയുള്ളു. അവിടെയും ഇവിടെയും പറഞ്ഞുവെക്കുന്ന ഓർമകളിൽ കോക്കാഞ്ചറയുടെചരിത്രം പുറത്ത് വരുന്നു. ഓർമകളിൽ, വാമൊഴിയിൽ നിലകൊള്ളുന്ന ചരിത്രം. അതിന് കൈമാറി വന്നതിന്റെ തഴക്കവും പഴക്കവും കാണാം.

'പട്ട്ളും കടം പാമ്പും പുറ്റും കാരണം മനുഷ്യർക്ക് പൊറുത്യാ മുട്ടി. നെലത്ത് കാല് വെച്ചാ അത് മൂർക്കൻ പാമ്പിന്റെ വായേലയ്ക്ക്ണ്. ഒക്കെ ചെര്യേ ചെറ്യേ എടോഴ്യാളല്ലേ..മ്മള് പാർക്കണ പട്ടാളം റോഡും ഒരെടോഴ്യാ... അറവത്ത്നാല് ക്രിസ്ത്യാനിക്കൂടുമ്മങ്ങള്യാ കൊണ്ടന്ന് പുത്തൻ പേട്ടേലാ പാർപ്പിച്ചു. മ്മളതിലൊന്നും പെട്ല്യാ. മ്മളൊക്കെ അതിലും താഴെല്ളോരാ.. .പുത്തമ്പേട്ട, അഞ്ചുവെളക്ക്,അരിയങ്ങാടി, നായരങ്ങാടി.കഴിഞ്ഞു തൃശൂരായി. ഇപ്പെന്തൂട്ട്ണ് കദ? റവുണ്ട് റവുണ്ടീക്കോടെ റവുണ്ടടിയ്ക്കണെ റവുണ്ടടിക്കണെ'(പു. 117).

കോക്കാഞ്ചറയിൽ പുതിയ ടൗൺ വന്നതോടെ കുഞ്ഞാറങ്ങളുടെ കുറികൾ നിന്നു. പുതിയ ചിട്ടികളും സ്വർണപ്പണയവും വന്നു. വലിയ തരം നായകൾ നാട്ടിലിറങ്ങി നടക്കാൻ തുടങ്ങി. അവയെ പേടിച്ച് ആനിക്ക് പോലും പുറത്തിറങ്ങി നടക്കാൻ പറ്റാതായി. ഇറച്ചിവെട്ടുകാരും കേഡികളും ഇല്ലാതായി. കുഞ്ഞാറത്തിന്റെ കുറികൾക്ക് ബഹളം വെച്ചിരുന്ന കോക്കാഞ്ചറക്കാർ പുതിയ കുറികൾക്ക് മുന്നിൽ മൗനം പാലിച്ചുനിന്നു. റോഡ് പണികൾ തകൃതിയായി നടന്നുവന്നു. തൃശ്ശൂർ ടൗണും വികസിച്ചു.

'കൊടും മഴയാണ്.മഴ തുടങ്ങിയിട്ട് നാലുദിവസമായി. മഴയ്ക്ക് പെയ്തു പെയ്ത് അരിശം കേറിയപോലെ. ചെകുത്താൻ കൂടിയ പെണ്ണുങ്ങൾ ഒല്ലൂര് മാലാഖയുടെ നടയിൽ തുള്ളി അലറുന്നതുപോലെ അലറിയാണ് മഴപെയ്യുന്നത്.ٹകൊടും മഴയുടെ നാലുപകലും നാലുരാവും കഴിഞ്ഞു കിളിവാതിലിനപ്പുറത്തെ ഇരുട്ടും മഴയും നോക്കി ആനി വിചാരിച്ചു, ഇതവസാനിക്കുകയില്ല.കോക്കാഞ്ചറയുടെ അടിത്തട്ടുവരെ ഇളകി മറിയുകയാണ്. കുഴിച്ചു മൂടിയതിനെയെല്ലാം മഴ പുറത്തെടുത്തു കഴിഞ്ഞു'(പു.147).

മഴക്കാലം ആനിക്കും കുടുംബത്തിനും മാത്രമല്ല കോക്കഞ്ചറക്കാർക്കാകെ ദുരിതകാലമായാണ് ചിത്രീകരിക്കുന്നത്. അവർക്ക് മാറിക്കിടക്കാനോ മാറിപ്പോകാനോ ഇടമില്ല. മണ്ണിൽ കുഴിച്ചുമൂടിക്കിടക്കുന്ന ചരിത്രത്തെ മൊത്തത്തിൽ പുറത്തിറക്കുംവണ്ണം നിറഞ്ഞു കവിയുകയാണ് മഴ. കോക്കാഞ്ചറ മൊത്തത്തിൽ നിശ്ചലമായിപ്പോകുന്ന അവസ്ഥ കാണാം.

'മുണ്ടുപാലം, കണ്ണംകുളങ്ങരപാടം, എലഞ്ഞിക്കൊളം, ചൗരീരെ കിണറ്, കൊക്കർണീകൾ, ഒക്കെ നിറഞ്ഞു കവിഞ്ഞാലും എന്തിന് തൃശൂരങ്ങാടി ഒന്നാകെ മുങ്ങിപ്പോയാലും കോക്കാഞ്ചറ മുങ്ങില്ല. കോക്കാഞ്ചറ ഗോസായികുന്നിന്റെ മടിയിലാണ്. ഗോസായികുന്ന് ആലാഹയുടെ കൈകളിലാണ്'(പു.148).

പക്ഷെ അവരുടെ ഏക ആശ്വാസം കോക്കാഞ്ചറ ഗോസായികുന്നിന്റെ മുകളിലാണെന്നാണ്. അവിടം മുങ്ങില്ല. കുട്ടിപ്പാപ്പൻ പറയുന്നത് പോലെ നോഹയുടെ പെട്ടകം മാത്രമല്ല കോക്കാഞ്ചറയും പൊങ്ങിക്കിടന്നു.

കോക്കാഞ്ചറ ഒരപരലോകമായി നോവലിൽ ചിത്രീകരിക്കപ്പെടുന്നു. എല്ലാവരെയും വഹിച്ച് ഉയർന്നു നിൽക്കുന്ന ഒന്ന്. എന്നാൽ അതിന് പുറത്തോ അപ്പുറത്തോ ലോകമില്ല. അവിടെനിന്ന് രക്ഷയുമില്ല.ഗോസായികുന്ന് കയറി മറ്റെവിടേക്കും അവർക്ക് പോകാനില്ല. അവിടെ മരിക്കാനോ ജീവിക്കാനോ ആണ് തങ്ങളുടെ വിധി എന്ന് കോക്കാഞ്ചറക്കാർ വിശ്വസിക്കുന്നു.

തൃശ്ശൂർ നഗരത്തിൽ നിന്ന് പല കാരണങ്ങളാൽ കോക്കാഞ്ചറയിലേക്ക് മാറ്റപ്പെട്ടവരാണ് കഥയിലെ കഥാപാത്രങ്ങൾ. അത് അവരുടെ സ്വമനസാലെയുള്ള തീരുമാനമായിരുന്നില്ല എന്ന് കാണാം. തോട്ടികളുടെയും ഇറച്ചിവെട്ടുകാരുടെയും ഇടമായ കോക്കാഞ്ചറയിലിലേക്ക് നഗരത്തിന് ഉൾക്കൊള്ളാനാവാതെ തള്ളിവിടപ്പെട്ടവരാണവർ.അതിൽ പ്പെടുന്നവരാണ് ആനിയും കുടുംബവും26.

കീഴാള സമൂഹത്തിനുള്ളിൽത്തന്നെ പ്രാന്തവൽക്കരിക്കപ്പെട്ട വംശമാണ് കോക്കാഞ്ചറയിലെ സ്ത്രീകളുടേത്. പുരുഷാധിപത്യത്തിന്റെയും ലിംഗവിവേചനത്തിന്റെയും പ്രശ്നങ്ങളും അധികാരബന്ധങ്ങളും കൂടിക്കുഴഞ്ഞ് കിടക്കുന്ന സവിശേഷ കാര്യക്രമമാണത്. ആ സമൂഹത്തിന്റെ പൊതുവായ കീഴാള ചരിത്രത്തിൽനിന്ന് അടർത്തിമാറ്റി സ്ത്രീയുടെ ചരിത്രത്തെ കാണാൻ സാറാ ജോസഫ് ശ്രമിക്കുന്നില്ല27.

### 3.3.ഇടനാടിന്റെ പ്രതിനിധാനം നോവലുകളിൽ ഒരു വിശകലനം

#### 3.3.1. സ്ഥലം/ഭൂമിശാസ്ത്രം

വള്ളുവനാട്ടിലെ വടക്കുംപാട്ട് നാട്ടിൽ വടക്കേത്തലക്കലുള്ള പന്നിക്കോടൻ മലയുടെ കിഴക്കേത്തലക്കൽ തൊപ്പിക്കുന്ന് തെക്കോട്ടു നീങ്ങുന്ന വടക്കുകിഴക്കൻ മൂലയിലൊരു ചോലയുണ്ട്. അതിന്റെ ചുറ്റുപാടും പരന്നുകിടക്കുന്ന കുറെ ചതുപ്പുനിലമുണ്ട്. അതിന്റെ താഴെയാണ് അത്തിക്കോട്.കാട് വെട്ടിത്തെളിച്ച് ഈ സമതലങ്ങളിലും താഴ്വരകളിലുമാണ് കുടിയാന്മാർ കൃഷി ഇറക്കുന്നത്. കൊണ്ടേരന്റെ പ്രയത്നഫലമായി വെട്ടിത്തെളിച്ച ഇടമാണ് അത്തിക്കോട്.അത്തിക്കോടിന്റെ പശ്ചാത്തലത്തിലെ ഉയർന്ന പ്രദേശമാണ് തളികപ്പാറ. അവിടെ കൃത്യമായ കാർഷികാന്തരീക്ഷം ഉണ്ട്. ആവശ്യത്തിനുള്ള ജലലഭ്യതയും വളം പാടത്തുതന്നെ കേന്ദ്രീകരിക്കാനുള്ള നിരപ്പും അത്തിക്കോടിനുണ്ട്. 'മണ്ണിന്റെ മാറിൽ' എന്ന നോവലിൽ അനാവൃതമാവുന്ന ഭൂമികയാണിത്.

മലകളാണ് അത്തിക്കോടിന്റെ അതിരുകൾ നിശ്ചയിക്കുന്നത്. അത്തിക്കോടിന്റെ മണ്ണും കൊണ്ടേരനും തമ്മിലുള്ള ആത്മബന്ധം നോവലിലുടനീളം പരാമർശിക്കപ്പെടുന്നുണ്ട്. കൊഴുക്കുത്താൻ ഭൂമിയില്ലാതിരുന്ന കൊണ്ടേരന് അത്തിക്കോട് കണ്ട് മോഹം തീർന്നുപോയെന്ന് നോവലിസ്റ്റ് എഴുതുന്നു. അത് തന്നെ കർഷകനാക്കിയ മണ്ണിനോടുള്ള അടുപ്പം കൂടിയാണ്.

'ആലാഹയുടെ പെൺമക്കളി'ലെ കോക്കാഞ്ചിറ തൃശ്ശൂർ നഗരത്തിന്റെ പ്രാന്ത പ്രദേശമാണ്. നഗരത്തിൽ നിന്നുള്ള വേസ്റ്റ് പുറന്തള്ളുന്നതിനും അതിനുള്ള തൊഴിലാളികളെ താമസിപ്പിക്കുന്നതിനും വേണ്ടി ഉപയോഗിക്കുന്ന ഇടം. കശുമാവിൻ വളപ്പുകളും ഒഴിഞ്ഞ് കിടക്കുന്ന പറമ്പുകളും നിറഞ്ഞ കോക്കാഞ്ചറ ഗോസായി കുന്നിന്റെ മുകളിലാണ് സ്ഥിതിചെയ്യുന്നത്. പണ്ട് ശവങ്ങൾ വലിച്ചെറിഞ്ഞിരുന്ന സ്ഥലത്താണ് ഇന്ന് പള്ളീം പത്രാസും ആളും അങ്ങാടീം ഇരിക്കുന്നത് എന്ന് പുറം നാട്ടുകാർ കോക്കാഞ്ചറയെ കളിയാക്കും.കോന്നി മേസ്തിരിയുടെ പറമ്പ് കണ്ടാൽ ഈ ഭൂമി മുഴുവനും കോന്നി മേസ്തിരിയുടെ ആണെന്നാണ് ആനിക്ക് തോന്നുന്നത്. പറമ്പുകൾ വലിയ കുടംബങ്ങളുടേതായി മാറ്റപ്പെടുകയും മാലിന്യം നിറഞ്ഞ പ്രദേശത്ത് ബാക്കിയുള്ളവർ തിങ്ങിക്കൂടേണ്ടിവരികയും ചെയ്യുന്ന സാഹചര്യം കാണാം. കോക്കാഞ്ചറയുടെ മണ്ണ് കുഴിച്ചാൽ എല്ലും തലയോട്ടിയും മാത്രം പൊന്തിവരുന്ന തരത്തിൽ

മലിനമാണ്. കോക്കാഞ്ചറയിലെ താമസക്കാരുമായി ഈ അവശിഷ്ടങ്ങൾക്ക് ബന്ധമില്ലെങ്കിലും അതവരുടെ ഭൂതകാലമായി അവർതന്നെ കണക്കിലെടുക്കുന്നു.

സ്ഥലനാമചരിത്രത്തിലൊന്നും കോക്കാഞ്ചറയുടെ പേര് കാണില്ലായിരിക്കാം. എന്നാലും കോക്കാഞ്ചറയും ചരിത്രമുള്ള ഒരു സ്ഥലം തന്നെണെന്ന് കുട്ടിപ്പാപ്പൻ പറയും. ചരിത്രാതീത കാലത്തും അതവിടെ ഉണ്ടായിരുന്നു. പക്ഷെ ചരിത്രപ്രാധാന്യമൊന്നും അവകാശപ്പെടാനില്ലാതെ അത് നിലനിന്നുപോന്നു. കോക്കാഞ്ചറയുടെ അതിരിൽ നഗരമായി മാറിയ പ്രദേശങ്ങളാണുള്ളത്.

### 3.3.2. കാലം/ചരിത്രഘട്ടം

ടിപ്പുവിന്റെ പടയോട്ടം വന്നതും നായർ വീട്ടുകാർ ഭൂമിയും സ്വത്തും വിട്ട് തെക്കോട്ട് ഓടിപ്പോയതും അക്രമണം ഒടുങ്ങിയപ്പോൾ തിരിച്ച് വന്ന് ഭരണം ഏറ്റെടുത്തതും 'മണ്ണിന്റെ മാറിൽ' എന്ന നോവലിൽ പരാമർശമുണ്ട്. ഇക്കാലത്ത് തുടങ്ങുന്ന കഥ നാലാം തലമുറയായ കൊച്ചുകൊണ്ടേരന്റെ കാലത്ത് അമ്പത് കൊല്ലത്തിന് ശേഷം കർഷക സംഘത്തിന്റെയും കോൺഗ്രസ്സിന്റെയും രൂപീകരണകാലത്താണ് അവസാനിക്കുന്നത്. അത് പ്രാദേശികമായിട്ടാണെങ്കിലും പൊതുവെയുള്ള രാഷ്ട്രീയ സാഹചര്യം ഇവയുടെ രൂപീകരണത്തിന് കാരണമായിട്ടുണ്ടാവും. ജാതിപരമായി തീയ്യനായ കൊണ്ടേരന് കുലത്തൊഴിലല്ലാതെ മറ്റൊരു തൊഴിൽ തിരഞ്ഞെടുക്കാൻ കഴിയുന്ന സാമൂഹിക സാഹചര്യം അന്ന് നിലനിന്നിരുന്നു. സ്ഥലം പാട്ടത്തിന് കൊടുക്കുകയെന്നതിൽ കവിഞ്ഞ് ഭൂവുടമകൾക്ക് അതിൽ താൽപര്യങ്ങളൊന്നുമില്ല. അതുകൊണ്ടാണ് അവസാനത്തിൽ അത്തിക്കോട് വെറുതെ കിടന്നാലും ഒന്നും വരാനില്ല എന്ന തീരുമാനമെടുക്കാൻ അവർക്കാവുന്നത്.

ആലാഹയുടെ പെൺമക്കൾ 1960 കളിലെ തൃശ്ശൂർ പട്ടണത്തിന്റെ പ്രാന്തപ്രദേശമായ കോക്കാഞ്ചറയിലെ സാമൂഹിക സാഹചര്യമാണ് കാണിക്കുന്നത്. എകെജിയുടെയും ഗാന്ധിയൻ ചിന്തകളുടെയും കാലമായിരുന്നു അതെന്ന് പരാമർശമുണ്ട്. നഗര വികാസത്തിന്റെ ഭാഗമായി കുടിയൊഴിപ്പിക്കപ്പെടുന്ന ഇടങ്ങൾ പിന്നീട് ടൗണുകളായി മാറുന്നുണ്ട്.

### 3.3.3. നാട് - സൂക്ഷ്മസ്ഥലി - ആദിമനിവാസികൾ

'മണ്ണിന്റെ മാറിൽ'എന്ന നോവലിൽ ഇടനാടൻ ഗ്രാമങ്ങളിലെ ഒരു നെൽപ്പാടത്തിന്റെ കാഴ്ചയാണ് അത്തിക്കോടിനുള്ളത്. അവിടെ ചുറ്റും മരങ്ങളും വലിയൊരു പ്ലാവും ഉണ്ട്. ഉയർന്ന പ്രദേശത്ത് കുടിലുകെട്ടി വിള നശിപ്പിക്കാനെത്തുന്ന പന്നികളെയും അവിടെയുള്ള കുറുക്കന്മാരെയും മയിലുകളെയും കുയിലുകളെയും മറ്റും തുരത്താറുണ്ട്. മണ്ണിന് അനുയോജ്യമായ വിളകൾ അനുയോജ്യമായ കാലത്ത് നടാൻ കൊണ്ടന് അറിയാം. തലമുറ മാറുമ്പോൾ ഭൗതിക പരിസരവുമായുള്ള ബന്ധത്തിലും രാഷ്ട്രീയ സ്വാധീനം കാണാം. സമരം ചെയ്തും അത്തിക്കോട്ടിലെ അവസാനത്തെ വിളകൊയ്യുമെന്ന് കൊച്ചുകൊണ്ടേരന് പറയാനാവുന്നത് ഈ മാറ്റം കൊണ്ടാണ്. കർഷകന്റെ യുക്തിയോടെ കൊണ്ടേരൻ വരും തലമുറയ്ക്ക് പലതും ബാക്കി വെക്കുന്നുണ്ട്.

കോക്കാഞ്ചറ നിർബന്ധിതമായി രൂപപ്പെടുത്തിയ ഒരു ആവാസ വ്യവസ്ഥയാണ്. അവിടെ പുറന്തള്ളപ്പെടുന്ന അരികുവൽക്കരിക്കപ്പെട്ട മനുഷ്യരും, ശവങ്ങളും, മറ്റു മാലിന്യങ്ങളും മാത്രമാണുള്ളത്. നഗരവൽക്കരണത്തിന്റെ തന്നെ സൃഷ്ടിയാണ് അന്യവൽക്കരണം. പ്രകൃതിയെന്നത് മലിനമാണെന്ന ബോധമാണ് പൊതുവെ നിലനിൽക്കുന്നത്. നാടിനെക്കുറിച്ചും എല്ലാവരുടെ മനസ്സിലും നല്ല ഓർമകളല്ല. അവയെ എല്ലാം മണ്ണിനടിയിൽ സൂക്ഷിച്ചുകൊണ്ടാണ് കോക്കാഞ്ചറ വർത്തമാനകാലത്ത് നിലകൊള്ളുന്നത്. എവിടെ മണ്ണ് മാറ്റിയാലും പൊങ്ങി വരുന്ന എല്ലുകളും തലയോട്ടികളും ഈ ഭൂതകാലത്തിന്റെ ഓർമയാണ്. ഒരുകാലത്ത് കൊടിച്ചിപ്പട്ടികളും പിന്നീട് വലിയ പട്ടികളും ആണ് കോക്കാഞ്ചറയിൽ വാണിരുന്നത്. മാലിന്യം കോക്കാഞ്ചറയുടെ മണ്ണും വെള്ളവും അന്തീക്ഷവും മലിനമാക്കുന്നു. പുറത്തുള്ളവരും മറ്റു പ്രദേശക്കാരും വളരെ അറപ്പോടെയാണ് കോക്കാഞ്ചറക്കാരെക്കുറിച്ച് പരാമർശിക്കുന്നത്. നോവലിൽ

രൂപപ്പെടുത്തുന്ന മിത്തിക്കൽ പരിസരത്തിനും യാഥാർത്ഥ്യത്തിലെ കോക്കാഞ്ചറക്കും സാമനതകൾ തോന്നത്തക്കവിധം ഭൗതിക പരിസരം ചിത്രീകരിക്കപ്പെടുന്നു.

### 3.3.4. സമൂഹഘടന

'മണ്ണിന്റെ മാറിൽ'എന്ന നോവലിൽ ഭൂമി നായന്മാരുടെ കയ്യിലാണ.് അത് നാട്ടുകാരായ കുടിയാന്മാർ പാട്ടത്തിന് എടുത്താണ് കൃഷി ചെയ്യുന്നത്. ഹിന്ദുക്കളും മുസ്ലീം വിഭാഗത്തിൽ പെട്ടവരും നോവലിൽ വരുന്നുണ്ട്. ജാതി വ്യവസ്ഥ പ്രബലമായിരുന്ന കാലമായിരുന്നാൽ തൊട്ടുകൂടായ്മയും തീണ്ടലും എല്ലാം നിലനിന്നിരുന്നു. ചായക്കടയിൽ നിന്നും താഴ്ന്ന ജാതിയിൽ പെടുത്തപ്പെട്ടവർ ചായ കുടിച്ചാൽ ഗ്ലാസ് കഴുകി വെക്കണമെന്നും വഴി മാറി നടക്കണമെന്നും ഉള്ള കാലം. ഇവയല്ലാം സാമൂഹികാചാരം പോലെ പാലിച്ച് പോന്നിരുന്നു. ജാതിയുടെ അടിസ്ഥാനത്തിലായിരുന്ന ഗ്രാമവിഭജനം പിന്നീട് സ്ഥലപരമായി മാറി. തീണ്ടാപ്പാട് അകലം നിന്ന് ജീവിച്ച് പോന്ന ജനതയായിരന്നു കുടിയാന്മാർ. തിയ്യന്മാരുടെ ഇടയിൽ ബഹുഭർതൃത്വവും നിലനിന്നിരുന്നു. നാലാമത്തെ തലമുറ ആകുമ്പോഴേക്കും ഇതെല്ലാം മാറി മറയുന്നതിന്റെ സാധ്യതകൾ കാണാം. കൊച്ചു കൊണ്ടേരന്റെ കാലത്ത് നിയമ സംവിധാനം ശക്തമായിരുന്നു. അത് പക്ഷെ ഉയർന്ന ജാതിക്കാരുടെ കൂടെ നിൽക്കുന്ന ഒന്നായിരുന്നു. കുടിയാനെ കൊന്നപ്പോൾ നിയമത്തിന് മാറി നിൽക്കാൻ പറ്റുന്നതും കൊച്ചുകൊണ്ടേരന്റെ വിള കാക്കാനുള്ള ശ്രമത്തിന്റെ ഫലമായുള്ള ചെറുത്തുനിൽപ്പിൽ നിയമം ഇടപെടുന്നതും അതുകൊണ്ടാണ്.ജയിലിൽ പോവുകയെന്നത് ധീരനോ തെമ്മാടിക്കോ മാത്രം സാധ്യമായ കാര്യമായിരുന്നു. സർവ്വെയിൽ ഭൂമി തിരിച്ച് പിടിക്കാൻ സമ്പന്നരുടെ കൂടെ നിൽക്കുന്ന നിയമഭരണ സംവിധാനം അവിടെയുണ്ടായിരുന്നു എന്നും കാണാം.

പൊള്ളലിനും അധികം രോഗങ്ങൾക്കുമുള്ള പച്ചമരുന്ന് കൊണ്ടേരന്റെ കുടുംബത്തിന് അറിയാമായിരുന്നു. അവസാനഭാഗത്ത് പനി ബാധിച്ച് കിടക്കുന്ന കൊച്ചുകൊണ്ടേരന് കിട്ടുന്ന ചികിൽസ മന്ത്രവാദമാണ്. മുള്ള് നട്ട് പനി വരുമ്പോൾ വിശ്വാസപരമായിട്ടാണ് അതിനെ വേർപെടുത്തുന്നത്. വിദ്യാഭ്യാസത്തെക്കുറിച്ചോ അമ്പലം മുതലായ സ്ഥാപനങ്ങളെ കുറിച്ചോ കാര്യമായ പരാമർശമില്ല. പോലീസും ജയിലുമാണ് നിയമത്തിന് ആധാരമായി നിൽക്കുന്നത്. കുടിയാന്മാരുടെ ജീവിത്തിൽ നിയമങ്ങളുടെ രൂപത്തിൽ ഇടപെടുന്ന സർക്കാർ പ്രതിനിധികളെയും കാണാം.

'ഓണം വന്നാലും ഉണ്ണി പിറന്നാലും കോരന് കഞ്ഞി കുമ്പിളിൽ തന്നെ' എന്ന വാക്യത്തെ ശരിവെക്കും വിധത്തിൽ ഓണക്കാലത്ത് കൊണ്ടേരന്റെ മരണത്തിൽ വിഷമത്തിൽ കഴിയുന്ന കുടിയാന്റെ കുടുംബത്തിന്റെയും കൊണ്ടേരൻ കൊണ്ടുകൊടുത്ത പഴവും കഴിച്ച് ഓണം ആഘോഷിക്കുന്ന ജന്മികുടുംബത്തിന്റെയും ചിത്രം നോവലിലുണ്ട്. ഭൂവുടമയായ നായരോട് വിധേയപ്പെട്ട് നിന്നിരുന്ന മുൻ തലമുറക്കാരിൽ നിന്നും വ്യത്യസ്തമായി കൊച്ചു കൊണ്ടേരന്റെ കാലത്ത് അവർ ചോദ്യം ചെയ്യപ്പെടുന്നുണ്ട്. കർഷകസംഘത്തിന്റെയും കോൺഗ്രസ്സിന്റെയും രൂപീകരണത്തോടെ തൊഴിലിടങ്ങളിൽ വന്ന മാറ്റത്തിലേക്ക് നോവൽ വിരൽ ചൂണ്ടുന്നു. കൊച്ചുകൊണ്ടേരന്റെ മുൻഗാമിയായി പ്രതിഷേധങ്ങൾ സ്വീകരിക്കപ്പെടാതെ വരുമ്പോൾ നാട് വിട്ടുപോകുന്ന കഥാപാത്രം കഥയിലുണ്ട്.

കാർഷിക ആഘോഷങ്ങളായ ഓണവും വിഷുവും നോവലിൽ പരാമർശിക്കപ്പെടുന്നു. രണ്ടിനും കാഴ്ചവസ്തുക്കളുമായി ഭൂവുടമയെ സന്തോഷിപ്പിക്കാൻ പോകുന്ന കൊണ്ടേരന്റെ കുടംബക്കാരെ കാണാം. മറ്റു സാമൂഹികാഘോഷങ്ങളോ ആചാരങ്ങളോ വിശ്വസത്തിന്റെ സൂചനയോ നോവലിൽ കണ്ടെത്താനാവുന്നില്ല. മറ്റു മതവിഭാഗത്തിൽപ്പെട്ട കർഷകരെയും നോവലിൽ സൂചിപ്പിക്കുന്നുണ്ട്.

ആലാഹയുടെ പെൺമക്കൾ എന്ന നോവലിൽ സ്ത്രീകളും കേഡികളും തോട്ടികളും ഇറച്ചിവെട്ടുകാരും എന്നാണ് ജാതി വിഭജനം. ക്രിസ്ത്യാനികളാണ് കൂടുതൽ. മാപ്പിളമാരും ഹിന്ദുക്കളും അവരിൽ താഴ്ന്നജാതിക്കാരെന്ന് വിളിക്കുന്നവരും കോക്കാഞ്ചറയിലുണ്ട്. അമ്മാമ്മയുടെ വൈദ്യമാണ് ആനിയുടെ കുടംബത്തിലെയും പരിസരത്തെയും പ്രധാന

രോഗശമന ഉപാധി. പിന്നെ കുഞ്ചൻ കമ്പോണ്ടർ കൊണ്ടുവന്നുകൊടുക്കുന്ന പനിക്കും ചൊറിക്കും വയറിളക്കത്തിനും ഉള്ള മരുന്നുകൾ. മിഡ് വൈഫായ ആനിയുടെ വല്ല്യമ്മ ആണ് മറ്റൊരു ആരോഗ്യ പ്രവർത്തക.

നിയമവും സർക്കാറും കോക്കാഞ്ചറക്കാരെ ഒഴിപ്പിക്കാനും അവരുടെ സ്വൈരജീവിതത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കാനും മാത്രമേ ഇടപെടുന്നുള്ളു. അല്ലാതെ അരി കിട്ടാത്തപ്പോഴോ മറ്റു പ്രശ്നങ്ങളുള്ളപ്പോഴോ അവരെ കാണുന്നില്ല. മടിക്കുത്തിൽ ചുരുട്ടിപ്പിടിച്ച ഒരുപിടി അരി വീട്ടിലെത്തിക്കാൻ അമ്മാമ്മയും ആനിയും നെട്ടോട്ടം ഓടുന്ന കാഴ്ച നോവലിലുണ്ട്. പോലീസുപിടിച്ചാൽ അന്നത്തെ ഏറ്റവും വലിയ കുറ്റമായിരുന്നു അത്. പ്രേതങ്ങളേക്കാൾ പേടിയാണ് കോക്കാഞ്ചറക്കാർക്ക് അരി പിടിക്കാനെത്തുന്ന പോലീസിനെ. അവർ പണക്കാരെ തൊടില്ലെന്നും ഇപ്പോൾ യുദ്ധ സാഹചര്യങ്ങളൊന്നും നിലനിൽക്കുന്നില്ലെന്നും അവർക്കറിയാം. ആനി സ്ക്കൂളിൽ പോകുന്നുണ്ടെങ്കിലും കോക്കാഞ്ചറക്കാരിയെന്നത് അവളുടെ അഭിമാനത്തെ ബാധിക്കുന്ന കാര്യമാണ്. ആനി മിക്കവാറും പഠിക്കുന്നത് പ്രകൃതിയിൽനിന്നും അനുഭവങ്ങളിൽനിന്നുമാണ്. പള്ളിയും സുവിശേഷവും ആരാധനാമാർഗങ്ങളായി നിലനിൽക്കുന്നുവെങ്കിലും കോക്കാഞ്ചറക്കാർക്ക് അവരുടേതായ സമാന്തര വിശ്വാസങ്ങളുണ്ട്.

വൃത്തിബോധവും മനുഷ്യൻ ജീവിക്കുന്ന സാമൂഹിക ഭൗതിക സാഹചര്യവുമായി ബന്ധമുണ്ട്. ശുദ്ധജലം ലഭിക്കാത്ത, വൃത്തിയുള്ള മണ്ണില്ലാത്ത, വലിച്ചെറിയലിന്റെ ചരിത്രം പറയുന്ന കോക്കാഞ്ചറയുടെ തലമുറകളിൽ അത് കുറവായിരിക്കും. പെണ്ണുങ്ങൾ കയ്യാങ്കളി അവസാനിപ്പിക്കുകയും കുട്ടികളെ വൃത്തിയാക്കി വെക്കുകയും നാടിന്റെ പേര് മാറ്റുകയുമാണ് ചരിത്രം തിരുത്തുന്നതിന്റെ ഭാഗമായി ആനി നൽകുന്ന ഉപായങ്ങൾ.

കല്ല്യാണച്ചടങ്ങുകളുടെ ഭാഗമായുള്ള ഒണങ്ങലുകുത്തൽ അവിടത്തെ ആചാരമാണ്. സ്പീക്കറിലൂടെ വെക്കുന്ന പാട്ട് കേൾക്കുമ്പോഴാണ് ആനിയും കുട്ടിപ്പാപ്പനും കല്ല്യാണങ്ങൾ അറിയുന്നത്. ചിയ്യമ്മയുടേതടക്കം കോക്കാഞ്ചറയിൽ നടക്കുന്ന സമൂഹവിവാഹമാണ് അവിടെ നടക്കുന്ന പ്രധാന ആഘോഷം. പള്ളി, ചന്ത, കള്ളുഷാപ്പ്, ഇറച്ചി ഷാപ്പ് എന്നിവയാണ് ആളുകളുകൾ കേന്ദ്രീകരിക്കുന്ന പ്രധാനപ്പെട്ട ഇടങ്ങൾ.

### 3.3.5. കുടുംബം - ദാമ്പത്യം - ദായക്രമം

മണ്ണിന്റെ മാറിൽഎന്ന നോവലിൽ കുടംബം പ്രധാനം തന്നെയാണ് പക്ഷെ കൃഷിക്കും അതുമായി ബന്ധപ്പെട്ട പരിസരത്തിനുമാണ് ഇടം കൂടുതൽ കിട്ടുന്നത്. ബഹുഭർതൃത്വം നിലനിൽക്കുന്ന ജാതി സമൂഹത്തിലെ അംഗങ്ങളാണ് കൊണ്ടേരനും തലമുറകളും. അവരുടെ മണ്ണിനോടുള്ള ബന്ധം കുടുംബത്തിലെ എല്ലാവരുടെയും വികാരം കൂടിയാണ്.

ദാമ്പത്യ ബന്ധം കൃഷിയുടെ ഇടവേളകളുമായി ബന്ധപ്പെടുത്തിയാണ. ് വീട്ടിൽ ഒരാളുണ്ടാവുക എന്നതിലുപരിയായി കൃഷിയിടത്ത് വിളകൾ കാക്കാൻ ആളുണ്ടാവുക എന്നതിനാണ് പ്രാധാന്യം. ബഹുഭർതൃത്വം മാറി വരുന്ന സമൂഹത്തിൽ വിവാഹമോചനവും പുനർവിവാഹവും നടക്കുന്നുണ്ട്. കുടുംബത്തിലെ എല്ലാവരും ഒന്നിച്ചാണ് താമസിച്ചിരുന്നത്. സ്വന്തക്കാരായവർ അടുത്തിടങ്ങളിലും പോയി വരാവുന്ന ദൂരത്തും താമസിക്കുന്നുണ്ട്. കുട്ടികൾക്കും അവരുടെ വളർച്ചക്കും തൊഴിലുമായി മാത്രമാണ് ബന്ധം. കുലത്തൊഴിൽ ചെയ്യുന്നവരും കൃഷി ചെയ്യുന്നവരും കുടുംബത്തിലുണ്ട്. വ്യക്തികൾ തമ്മിൽ വൈകാരിക അടുപ്പം അവരുടെ ഒറ്റപ്പെടലിലും വിഷമസന്ധികളിലും പ്രകടിപ്പിക്കപ്പെടുന്നു. പ്രായമായവരെ വിവാഹം കഴിപ്പിച്ചയക്കുന്നിതിൽ മുതിർന്നവർ ഉത്തരവാദിത്വം പുലർത്തിയിരുന്നു. വിവാഹബന്ധം തീരുമാനിക്കുന്നതിൽ കുടുംബത്തിൽ മുതിർന്നവരുടെ അഭിപ്രായം മാത്രമാണ് നോക്കിയിരുന്നത്. മൂന്ന് തലമുറയ്ക്ക് ശേഷം കൊച്ചുകൊണ്ടേരൻ മാത്രമാണ് ഇഷ്ടപ്പെട്ട സ്ത്രീയെ വിവാഹം കഴിക്കണമെന്ന് തീരുമാനിക്കുന്നത്. അക്കാലത്തേക്ക് അഭിപ്രായത്തിനുള്ള അവസരം മക്കൾക്കും ലഭിക്കുന്നുണ്ട്.

പൂർണമാവാത്ത കുടുംബ ചിത്രങ്ങളാണ് ആലാഹയുടെ പെൺമക്കളിൽ ഉള്ളത്. ആനിയുടെ കുടംബത്തിന്റ ചിത്രമാണ് പൂർണമായും ലഭിക്കുന്നത്. അവിടെ ആറ്സ്ത്രീകളും കുട്ടിപ്പാപ്പനെന്ന പുരുഷനുമാണുള്ളത്. അമ്മാമ്മയുടെ മക്കളും മരുമക്കളും ചെറുമകളുമാണ് അവർ.അമ്മാമ്മയിലും അപ്പാപ്പനിലും തുടങ്ങുന്ന വംശവൃക്ഷം ആനിയിൽ അവസാനിക്കുന്നു. ആനിയുടെ സ്വന്തക്കാരൊന്നും കോക്കാഞ്ചറയിലില്ല. ആലാഹയുടെ പ്രാർത്ഥന കുടംബത്തിന്റെ രഹസ്യമായി കൊണ്ടു നടക്കുന്ന ഒന്നാണ്. അത് തലമുറയിലൂടെ മാത്രമേ കൈമാറ്റം ചെയ്യപ്പെടുന്നുള്ളു. ഭൂമിയോ മറ്റു വിലപിടിപ്പുള്ളതൊന്നും കൈമാറാൻ ബാക്കിയാവുന്നില്ല. ആനിയുടെ കുടംബത്തിൽ ആർക്കും തന്നെ പ്രത്യേക റോളുകൾ നിശ്ചയിക്കപ്പെട്ടിട്ടില്ല. ജോലി ചെയ്യലും വീട് നോക്കലും എല്ലാവരുടെയും കർത്തവ്യമാണ്. അംഗങ്ങളെല്ലാം സ്ത്രീകളായതിനാലുമാവാം. ആനി പോലുംഅതിൽ നിന്ന് മാറ്റി നിർത്തപ്പെടുന്നില്ല. കല്യാണം കഴിക്കുകയെന്നത് കോക്കാഞ്ചറയിൽ നിന്നും പുറത്തുപോവാനുള്ള അവസരമാണ്. പക്ഷെ വിവാഹം കഴിഞ്ഞ് പോയവർ കോക്കാഞ്ചറയിലേക്ക് തന്നെ തിരിച്ച് വരുന്നതും കാണാം. മറ്റു കുടുംബങ്ങളിലുംഅധികവും സ്ത്രീകളാണ്. മറ്റൊരു വീട് കുഞ്ചൻ കമ്പോണ്ടറുടേതാണ്. അവിടെ സ്ത്രീകളില്ല.

### 3.3.6. ഭക്ഷണം - പാർപ്പിടം - വസ്ത്രം

കൃഷിക്ക് അനുയോജ്യമായി കെട്ടിപ്പൊക്കാവുന്ന വീടുകളാണ് മണ്ണിന്റെ മാറിലിൽ കാണുന്നത്. കൃഷിയിടത്തിൽ കാർഷികാവശ്യത്തിനും അത്യാവശ്യം താമസിക്കാനും വിശ്രമിക്കാനും പറ്റുന്ന കുടിലും കുറച്ച് മാറി കുടുംബവീടും ഉണ്ട്. അവിടെ കുട്ടികളും കുടംബത്തിലെ മറ്റു തൊഴിലിൽ ഏർപ്പെടുന്നവരും താമസിക്കുന്നു. കൃഷി ചെയ്യുന്നയാൾ അധികവും കൃഷിയിടത്തിന് അരികിലായിരിക്കും. കഞ്ഞിയാണ് പ്രധാന ഭക്ഷണം. കർഷകന് ചോലയിലെ വെള്ളം കുടിച്ചാലും ക്ഷീണം അകലുമെന്ന ഭാവമാണ്. പാചകത്തെ കുറിച്ച് സൂചനകളില്ലെങ്കിലും ഭക്ഷണം കഴിക്കുന്നതിനെ കുറിച്ച് സൂചനകളുണ്ട്. അത് കുടുംബത്തെക്കുറിച്ച് ആലോചിക്കുന്ന സംസാരിക്കുന്ന സമയം കൂടിയാണ്. ചക്ക, വാഴക്കുല, കയ്പ, പപ്പടം തുടങ്ങി പല വസ്തുക്കളും കാഴ്ചവെക്കാനായി കൊണ്ടുപോകുന്നുണ്ട്. ആദ്യകാലത്ത് പറമ്പിൽ വിളഞ്ഞതിൽ ഏറ്റവും മികച്ച വസ്തുക്കളാണ് കാഴ്ചവസ്തുക്കളായി കൊണ്ടുപോയിരുന്നത്. പന്നിയെ വേട്ടയാടി പിടിക്കാനെത്തുന്ന ഭൂവുടമയ്ക്ക് അതിനെ കഴിക്കാമല്ലോ എന്നും ചാമി പറയുന്നുണ്ട്. വസ്ത്രരീതിയെക്കുറിച്ച് പ്രത്യേക പരാമർശമില്ലെങ്കിലും ജാതി വ്യവസ്ഥ പ്രബലമായിരുന്നതിനാൽ അതനുവദിക്കുന്ന വേഷമായിരുന്നിരിക്കണം ഉണ്ടായിരുന്നത്.

ആലാഹയുടെ പെൺമക്കളിൽ ആനിയുടെ വസ്ത്രത്തെപ്പറ്റിയും അതിലെ കരിമ്പനെ കുറിച്ചും ഇടയ്ക്കിടെ പരാമർശമുണ്ട്. അവൾ തന്റെ ദേഹത്തേക്ക് നോക്കുമ്പോഴൊക്കെ തന്റെ വസ്ത്രത്തിന്റെ മങ്ങൽ അവളെ പലതും ഓർമിപ്പിക്കുന്നു. അവളുടെ സങ്കൽപത്തിൽ ഞൊറികളിട്ട വെള്ള വസ്ത്രമാണ് വേഷം. അമ്മാമ്മയെയും മറ്റു സ്ത്രീകഥപാത്രങ്ങളെയും ആനി ശ്രദ്ധിക്കുന്നുണ്ട്. അവരുടെ വസ്ത്രത്തിനും വേണ്ടത്ര തിളക്കമില്ല. വെളുത്ത വസ്ത്രമാണ് പൊതുവെ എല്ലാവരും ധരിക്കുന്നത്. അടുപ്പത്തിട്ട് തുണിപുഴുങ്ങി വെളുപ്പിക്കുന്ന പ്രക്രിയ പരാമർശിക്കുന്നുണ്ട്. സുവിശേഷത്തിന് പോകുന്ന ചിന്നമ്മയുടെ വസ്ത്രത്തിൽ മാത്രമാണ് അത്യധികമായ വെള്ള നിറം ആനി കാണുന്നത്. വെളുത്ത കുഞ്ഞാറം അലക്കി വെളുപ്പിച്ച ഞൊറിവാലിട്ട ചട്ടയും മുണ്ടും ധരിച്ചാണ് നടക്കുന്നത്. അവരുടെ ബ്ലൗസിന്റെ ലേസ് തുന്നിക്കൊടുക്കുന്നത് ചിന്നമ്മയും ചിയ്യമ്മയുമാണ്. അത് പുറത്തു കാണും വിധത്തിൽ കനം കുറഞ്ഞ കുപ്പായമാണ് അവർ ധരിക്കുന്നത്. ആനിയുടെ വീട് പഴയതാണെങ്കിലും കെട്ടുറപ്പുള്ളതാണ്. മഴയത്ത് അതിന്റെ ജനലുകൾ തുറന്നിട്ട് പുറത്തെ കാഴ്ചകൾ നോക്കി ഇരിക്കാനവൾക്കാവുന്നുണ്ട്. പക്ഷെ കോക്കാഞ്ചറയിലെ മറ്റുള്ളവരുടെ അവസ്ഥ അതല്ല. അവരുടെ പടിക്കൽ വരെ വെള്ളം കയറി പുറത്തിറങ്ങാൻ പറ്റാത്ത അവസ്ഥയിലാണ്.

അരി ഭക്ഷണം ലഭിക്കാത്തതിനാൽ പലതരത്തിലുള്ള വസ്തുക്കൾ കഴിച്ച് വിശപ്പടക്കുന്ന സാഹചര്യം ഉണ്ടായിരുന്നു. അരി പൂഴ്ത്തി വെച്ച് കരിഞ്ചന്തക്ക് വിൽക്കുന്നതും അത് വാങ്ങാൻ പോകുന്നതും ഭയപ്പെടുത്തുന്ന ഓർമകളാണ് ആനിക്ക്നൽകുന്നത്. റേഷൻ കടയിലെ പുഴുപ്പച്ചരി

തിന്ന് തൂറലും ശർദ്ദിയും ആയി കോക്കാഞ്ചറയിലെ പുതിയ തലമുറ കഷ്ടപ്പെടുന്നുണ്ട്. പണക്കാർക്ക് അരിയുണ്ട്. പാവപ്പെട്ടവർക്ക്അരിയില്ല. ഈ അവസ്ഥയിൽ മര്യാദവെലഷാപ്പ് വരണമെന്ന കുട്ടിപ്പാപ്പന്റെ വാക്കുകൾ ആനി ഓർക്കുന്നു. ഓട്ടടയും ചക്കരക്കാപ്പിയും നോവലിൽ പരാമർശിക്കുന്നുണ്ട്.

### 3.3.7. തൊഴിൽ

പനഞ്ചക്കരയുണ്ടാക്കി വിൽപനയാണ് കരിമ്പനക്കൽകാരുടെ കുലത്തൊഴിൽ. അത് ജാതിപരമായ വേർതിരിവ് സൃഷ്ടിച്ചിരുന്നു. അതിൽ നിന്നും പുറത്തു കടക്കുകയെന്ന ലക്ഷ്യം കൂടി കൊണ്ടേരൻ കൃഷിക്കാരനാവുന്നതിന് പിന്നിലുണ്ട്. അതിനുവേണ്ടി പലതും സഹിക്കേണ്ടി വരുന്ന ആ കുടുംബം അമ്പതുകൊല്ലത്തോളം അത്തിക്കോട് കൊണ്ടുനടന്നു. ചായക്കട നടത്തുന്ന ഉന്നത ജാതിക്കാരും ഭൂജന്മികളായി തുടരുന്ന നായന്മാരും പണികളെടുക്കുന്ന കുടിയാന്മാരും സമൂഹത്തിലെ അംഗങ്ങൾ.

കൃഷി കുലത്തൊഴിൽ അല്ലെങ്കിലും അതുമായി ബന്ധപ്പെട്ട അറിവുകൾ കൊണ്ടേരന് ഉണ്ടായിരുന്നു. അയാളുടെ ദിനം പ്രതിയുള്ള അധ്വാനശീലം നോവലിൽ വിവരിക്കുന്നുണ്ട്. ലഭിക്കുന്ന വിളയിൽ പാട്ടത്തിനും ഉപയോഗത്തിനും വിത്തിനുള്ളതും മാറ്റി വെച്ചാൽ ബാക്കി സമ്പാദ്യമാണ്. അത് ഉപയോഗിച്ചാണ് കൊണ്ടേരന് ചന്തയിലെ ഏറ്റവും വലിയ കുല വിലപേശി വാങ്ങാനാവുന്നത്. പണിയെടുക്കുന്ന ഭൂമിയിൽ നിന്നും പാട്ടത്തിന്റെ പേരിൽ മാറിപോകേണ്ടി വരുന്നത് കർഷകനിൽ ഉണ്ടാക്കുന്ന ആഘാതം വലുതാണ്.

ആലാഹയുടെ പെൺമക്കളിൽഅമ്മയും വല്ല്യമ്മയും ചിന്നമ്മയും ചിയ്യമ്മയും എല്ലാം പല പണികൾ ചെയ്യുന്നുണ്ട്. ബട്ടൺ കമ്പനിയിൽ പോകുന്ന, പേറ് തൊടുന്ന വല്ല്യമ്മ, വെള്ളപ്പം വിറ്റിരുന്ന ചിന്നമ്മ, ചോറ്റുകൊട്ട ചുമക്കുന്ന അമ്മയും വല്ല്യമ്മയും, സുവിശേഷം പ്രസംഗിക്കാൻ പോകുന്ന ചിന്നമ്മ, വാച്ച് മിഠായി വിൽക്കുന്ന കോച്ചാത്തി, കുറി നടത്തുന്ന വെളുത്ത കുഞ്ഞാറവും കറുത്ത കുഞ്ഞാറവും, അങ്ങനെ സ്ത്രീകളെല്ലാം തന്നെ അധ്വാനിക്കുന്നവരാണ്. ബട്ടൺ കമ്പനി പട്ടാളക്കാരുടെ കുപ്പായങ്ങൾക്ക് കുടുക്ക് തുന്നാൻ വേണ്ടി തുടങ്ങിയവയാണ്. അത് സ്ത്രീകളുടെ പ്രധാന ഉപജീവനമാർഗമായി മാറുകയായിരുന്നു. ഇന്നധികം ആവശ്യക്കാരില്ലെങ്കിലും കമ്പനി തുടർന്ന് പോരുന്നു. കല്ല്യാണത്തിന് വേണ്ടി മാലയും ബൊക്കയും തലമുടിയും അലങ്കാരവും ഉണ്ടാക്കി ചിന്നമ്മയും ചിയ്യമ്മയും വരുമാനം കണ്ടെത്തുന്നു.

കോക്കാഞ്ചറയിൽ എത്തപ്പെട്ടവരെല്ലാം തന്നെ ഓരോ തൊഴിൽ സമൂഹങ്ങളാണെന്ന് കാണാം. തോട്ടികൾ, ഇറച്ചിവെട്ടുകാർ, കേഡികൾ, മീൻകച്ചവടക്കാർ, തരകുകാർ, ദല്ലാളന്മാർ, ചെറിയ കള്ളന്മാർ, ചാരായം വാറ്റുകാർ, ശരീരം വിൽപന നടത്തുന്നവർ അങ്ങനെ പലതൊഴിലുകൾ ചെയ്യുന്നവർ അവിടുണ്ട്.

നോവലിൽ കശുമാവിൻ തോട്ടം പരാമർശിക്കപ്പെടുന്നുണ്ട്. ആനിയുടെ വീട്ടിലുള്ള അമരവള്ളിച്ചോട് അവർക്ക് അധികകാലങ്ങളിലും വിള നൽകുന്ന ഒന്നാണ്. ആനിയുടെയും കുടംബത്തന്റെയും വികാരങ്ങൾക്കനുസരിച്ച് അവയുടെ ഭാവമാറ്റങ്ങളും പരാമർശിക്കപ്പെടുന്നു. അമരവള്ളിച്ചോട് അവരുടെ ആശ്രയവും ജീവിതത്തോട് ഉപമിക്കാവുന്ന ഒന്നും നിത്യ ജീവിത ബന്ധമുള്ള ഒരു ബിംബവുമായി മാറുന്നു. അത് ആനിയുടെ വീടിന് പലപ്പോഴും തണലാവുന്നു. അമരകൾ മണ്ണിൽ വീണ് കുനിഞ്ഞ് നിവർന്ന് മുളച്ച് വരുന്നത് പുതിയൊരു പ്രതീക്ഷയുടെ മുളപൊട്ടലാണ്. അമരകൾ ഇല്ലാത്ത കാലത്ത് തകർന്ന പ്രേതങ്ങളെപ്പോലെ പന്തലിന്റെ കാലുകൾ കാവൽനിൽക്കുന്നുണ്ട്. കോക്കാഞ്ചറയുടെ ഭൂതകാലം ഓർമിപ്പിക്കും വിധം അവ ഭാവമാറ്റം നടത്തുന്നു.

### 3.3.8. കുടിയേറ്റം

പുറത്തുനിന്നും വന്നവരെയോ കുടിയേറി ജീവിതം കെട്ടിപ്പൊക്കുന്നവരെയോ മണ്ണിന്റെ മാറിൽ എന്ന നോവലിൽ അടയാളപ്പെടുത്തിയിട്ടില്ല. ടിപ്പുവിന്റെ പടയോട്ടക്കാലത്തിന് ശേഷം

തെക്കുനിന്നും നായന്മാർ തിരിച്ചു വരുമ്പോഴും അവരുടെ സ്ഥലം കയ്യേറ്റം ചെയ്യപ്പെടാതെ കിടക്കുന്നുണ്ടായിരുന്നു. കൊണ്ടേരന്റെ കുടുംബത്തിൽ നിന്നും നാട് വിട്ട് പോകുന്ന കഥാപാത്രമുണ്ട്. അയാൾ മലനാടുകളിലെവിടെയോ ഉണ്ടെന്ന സൂചനയും ലഭിക്കുന്നുണ്ട്.

ആലാഹയുടെ പെൺമക്കളിൽ ആളുകൾ പലയിടത്തുനിന്നും കുടിയേറി രൂപപ്പെട്ട സ്ഥലമാണ് കോക്കാഞ്ചറ. അവർക്കാർക്കും ആസ്ഥലത്തോടുള്ളത് ജന്മ സ്ഥലത്തോടുള്ള അടുപ്പമല്ല. അങ്ങനെ അടുപ്പം കാണിക്കാൻ പോന്ന ഭൂതകാലമല്ലതാനും കോക്കാഞ്ചറക്കുള്ളത്. പക്ഷെ മറ്റൊരിടമില്ലാതിരുന്നപ്പോൾ അഭയം കിട്ടിയതിന്റെ അടുപ്പം അവർക്കുണ്ട്.സ്ഥലം വിറ്റ് മറ്റൊരിടത്ത് ചതുപ്പ് വാങ്ങി പോകുന്നതിനേക്കാളും നല്ലത് കോക്കാഞ്ചറ ആണെന്ന് ആനിയുടെ അമ്മ പറയുന്നുണ്ട്. ആരുടേയെല്ലാമോ ഭൂതകാലങ്ങൾ തങ്ങളുടേതായി സ്വീകരിക്കാൻ തയ്യാറാവുകയാണ് അവർ.

### 3.3.9. ലിംഗസമത്വം/ലിംഗഭേദം

മണ്ണിന്റെ മാറിലിൽ സ്ത്രീകൾ കഥയുടെ പ്രധാന വിഷയമായ കൃഷിയുമായി നേരിട്ട് ബന്ധപ്പെടാത്തതിനാൽ അവരുടെ സാന്നിധ്യം തന്നെ കുറവാണ്. ഭക്ഷണവുമായി വരുന്നതും കുടുംബം നോക്കുന്നതും അടുക്കളപ്പണിയെടുക്കുന്നതും ഭർത്താവിന് പായ വിരിക്കുന്നതുമായ രംഗങ്ങളിൽ സ്ത്രീകളുടെ സാന്നിധ്യം ഉണ്ട്. മറ്റൊരു സ്ത്രീ കഥാപാത്രം കൊച്ചുകൊണ്ടേരന് ഇഷ്ടം തോന്നുന്ന സ്ത്രീ തിരുമാളിക്കുട്ടിയാണ്. അവൾ വിവാഹമോചിതയായി കൊച്ചുകൊണ്ടേരനെ വിവാഹം കഴിക്കുന്നുണ്ട്.സ്ത്രീകൾ കുടംബത്തിന്റെയും പുരുഷൻ കൃഷിയിടത്തിന്റെയും അധികാരി എന്ന് പറയാം. മറ്റു സമുദായങ്ങളിലെ സ്ത്രീകളെ നോവലിൽ പരാമർശിക്കുന്നിമില്ല.

പുരുഷനും സ്ത്രീയും ജാതിയുടെ മുന്നിൽ ജാതി ശരീരങ്ങൾ മാത്രമാണ്. അവർ വഴിമാറി നടക്കേണ്ടവരും മറ്റുള്ളവർക്കുവേണ്ടി തൊഴിലെടുക്കേണ്ടവരുമാണ്. നോവലിലെ പരമ്പര മാറുന്നത് പുരുഷന്മാരിലൂടെയാണ്. അവർ കുടുംബം നോക്കാനായി കാലാകാലങ്ങളിൽ സ്ത്രീകളെ വീട്ടിലേക്ക് കല്ല്യാണം കഴിച്ച് കൊണ്ടുവരുന്നു. ബഹുഭർതൃത്വം ആചരിക്കുന്നതിൽ സ്ത്രീക്കോ പുരുഷനോ ഒരു ഘട്ടം വരെ അഭിപ്രായമില്ല. അതവരുടെ കുലാചാരമായി തുടരുന്ന ഒന്നായിരുന്നു. ധിക്കാരപരമായി സംസാരിക്കുന്നത് പുരുഷന്മാർ മാത്രമാണ്. അതും കൊച്ചുകൊണ്ടേരന്റെ കാലത്ത്. അതുവരെ അനുസരിക്കുകയെന്നതായിരുന്നു എല്ലാവരുടെയും സ്വഭാവം. അക്കാലത്ത് സ്വഭാവത്തിൽ വൈവിധ്യം കുറവാണെന്നും പറയാം. കൊണ്ടേരന്റെ ആഗ്രഹങ്ങൾക്ക് പരിധി വെക്കാൻ കഴിയുന്നത് അധികാരത്തിന് മാത്രമാണ്.

മണ്ണിന്റെ മാറിൽ ജാതി വ്യവസ്ഥ പ്രബലമായിരുന്ന കാലത്തെയാണ് ചിത്രീകരിക്കുന്നത്. അക്കാലത്ത് അധികാരം എന്നതും അധികാരി എന്നതും പുരുഷകേന്ദ്രീകൃതമാണ്. പുരുഷന് അധീനതയലാവുന്ന മണ്ണിനാണവിടെ പ്രാധാന്യം. വീട് നോക്കി പരമ്പരയെ മുന്നോട്ട് നയിക്കുന്നതിൽ സ്ത്രീകൾ കഥാപാത്രങ്ങൾ കരുത്തരാണ്. ബഹുഭർതൃത്വം നിലനിന്നിരുന്നതായി പറയുന്നതിനാൽ ഒരു വീട്ടിൽ ഒരു തലമുറക്ക് ഒരു സ്ത്രീയാണ് ഉണ്ടാവുക. മണ്ണിൽ പണിയെടുക്കുന്ന പുരുഷന് കഷ്ടപ്പാടിൽ കൂട്ടായി നിൽക്കുന്ന, അത്യാവശ്യ ഘട്ടങ്ങളിൽ ധൈര്യം കൊടുത്തും വഴി തെറ്റി പോകുന്ന മക്കളെപ്പറ്റി വ്യസനിച്ചും കഴിയുന്നവർ. സ്ത്രീ പുരുഷ കഥാപാത്രങ്ങൾ തലമുറ മാറി വരുന്നതല്ലാതെ അവർക്ക് വേറിട്ട വ്യക്തിത്വങ്ങൾ പറയാനില്ല. കൊച്ചു കൊണ്ടേരന്റെ കാലമാവുമ്പോഴേക്കും വരുന്ന സാമൂഹിക മാറ്റങ്ങൾ അയാളിലും പ്രതിഫലിക്കുന്നുണ്ട്. ബഹുഭർതൃത്വം അവസാനിപ്പിക്കാനായി നിലപാടെടുക്കുന്നതും തിരുമാളിക്കുട്ടിയെ പുനർവിവാഹം ചെയ്യുന്നതുമെല്ലാം ഇത്തരം മാറ്റങ്ങളാണ്.

ആലാഹയുടെ പെൺമക്കൾ എന്ന നോവലിൽ പുരുഷ സാന്നിധ്യം സ്ത്രീ കഥാപാത്രങ്ങളെ അപേക്ഷിച്ച് കുറവാണെന്ന് പറയാം. അവരിൽ പലരും തളർന്ന് കിടക്കുന്നവരും എന്നാൽ ചിന്തിക്കുന്നവരും പരോപകാരം ചെയ്യുന്ന കുഞ്ചൻ കമ്പോണ്ടറെപ്പോലെയുള്ളവരും വീട് ഒഴിപ്പിക്കാൻ വരുന്ന ഗുണ്ടകളും കേഡികളും ഇറച്ചിവെട്ടുകാരും തോട്ടികളും അധികാരികളുമൊക്കെയാണ്. മതപൗരോഹിതന്മാരും

വിശ്വാസികളും പുരുഷാധിപത്യത്തിന് കീഴിലാണ്. അവർക്ക് സ്ത്രീകൾ മുന്നോട്ട് വെക്കുന്ന കഥകളും ചരിത്രവും മന്ത്രവും ഒന്നും മനസ്സിലാവുന്നില്ല. സ്ത്രീകളാണ് പ്രധാന കഥാപാത്രങ്ങളായി വരുന്നത്. അവരുടെ ഓർമയിലൂടെ, സംസാരത്തിലൂടെ, വിശ്വാസങ്ങളിലൂടെ, കോക്കാഞ്ചറ അനാവൃമാകുകയാണ്.

നാടിന്റെ ചരിത്രത്തിലും പ്രശ്നങ്ങളിലും നിത്യാഹാരത്തിനുള്ള അരിയുടെ കണക്കിലും വ്യസനിച്ച് ജീവിതം മുന്നോട്ട് നയിക്കുന്നവരാണ് കോക്കാഞ്ചറയിലെ സ്ത്രീകൾ. ആനിയുടെ കുടുംബത്തിൽ ആണായിട്ട് ബാക്കിയുള്ളത് കുട്ടിപ്പാപ്പനാണ്. അദ്ദേഹം സ്വതന്ത്ര ചിന്തയുള്ള, പുരോഗമനാശയങ്ങളെ കുറിച്ച് സംസാരിക്കാനിഷ്ടപ്പെടുന്ന മനുഷ്യനാണ്. ആനിയൊഴികെ വീട്ടിലെ സ്ത്രീകളാരും അയാളുടെ സംസാരം കേൾക്കുന്നില്ലെന്നതും ശ്രദ്ധേയമാണ്. അവരെല്ലാം ഒന്നു കഴിഞ്ഞാൽ മറ്റൊന്നെന്ന രീതിയിൽ ജോലികളിൽ വ്യാപൃതരാണ്. ബോധംകെട്ടുള്ള ഉറക്കങ്ങൾ മാത്രമാണ് അവരുടെ വിനോദം. ആനിയുടെ വല്ല്യമ്മായിയെ പേറ് തൊടാൻ പഠിപ്പിക്കുന്ന കുഞ്ചൻ കമ്പോണ്ടറാണ് കഥയിലെ മറ്റൊരു പുരുഷ സാന്നിധ്യം. മറ്റു പുരുഷന്മാരെല്ലാം അധികാരത്തിന്റെയും ശക്തിയുടെയും പ്രതീകങ്ങളാണ്. അവരാരും ചിന്തിക്കുന്നതായോ അനുചിതമായി പ്രവർത്തിക്കുന്നതായോ നോവൽ പറയുന്നില്ല. സ്ത്രീകളുടെ മാനസിക വ്യാപാരങ്ങളിലൂടെ കഥ പറയുന്ന എഴുത്തുകാരി ഒരിക്കൽ പോലും അവരുടെ പ്രശ്നങ്ങൾക്കുള്ള പരിഹാരമോ ഉത്തരമോ നൽകാൻ മെനക്കെടുന്നില്ല. അത് ആനി പറയുന്ന സമസ്യകൾ കണക്കെ നോവലിൽ തന്നെ തുടരുന്നു. കോക്കാഞ്ചറ ആർക്കും വാസയോഗ്യമായ സ്ഥലമല്ലായിരുന്നു. അവിടെ അധിവസിച്ച തോട്ടികൾക്കും ഇറച്ചിവെട്ടുകാർക്കുമൊപ്പം അവിടേക്കെത്തിയ ഒരു കൂട്ടം സ്ത്രീ ജനങ്ങളുടെ കൂടി കഥയാണ് നോവൽ പറയുന്നത്. ആലാഹയുടെ പെൺമക്കളെ ആലാഹ രക്ഷിക്കും എന്നവർ വിശ്വസിക്കുന്നു. പുരുഷാധിപത്യത്തിലുള്ള പള്ളിക്ക് അറിയാത്ത പ്രാർത്ഥന അമ്മാമ്മ ആനിക്ക് കൈമാറും എന്ന് ആനി കരുതുന്നു.

### 3.3.10. അധികാര ഘടന/രാഷ്ട്രീയ പരിസരം

ജാതി ശക്തമായി നിലനിൽക്കുന്ന രാഷ്ട്രീയ പരിസരത്തുനിന്നുമാണ് മണ്ണിന്റെ മാറിൽ എഴുതപ്പെടുന്നത്. നായർ തറവാട്ടുകാർ കഴിഞ്ഞിട്ടേ നിയമത്തിനും സർക്കാറിനും അധികാരമുള്ളു എന്ന അവസ്ഥ മണ്ണിന്റെ മാറിൽ എന്ന നോവലിലുണ്ട്. നിയമം പലപ്പോഴും പണത്തിന്റെയും ജാതിയുടെയും വേർതിരിവ് കാണിക്കുന്നുണ്ട്. അസമത്വം ചിത്രീകരിക്കപ്പെടുന്നത് നിയമ സംവിധാനങ്ങളുടെ നിലപാടുകളിലൂടെയും സമൂഹത്തിൽ നിൽക്കുന്ന ജാതി ആചാരങ്ങളിൽ കൂടിയുമാണ്. ഇടതുപക്ഷ ചിന്താധാര ശക്തിപ്രാപിക്കുന്ന സാമൂഹിക അന്തരീക്ഷം നിലനിൽക്കുന്നു.

നഗരവൽക്കരണത്തിന്റെ മാലിന്യങ്ങൾ കുമിഞ്ഞ് കൂടുന്ന സാമൂഹിക പരിസരത്തുനിന്നുമാണ് ആലാഹയുടെ പെൺമക്കൾ എഴുതപ്പെടുന്നത്. അധികാരികൾ കോക്കാഞ്ചറയെ പുതുക്കിപ്പണിയാൻ ശ്രമങ്ങൾ നടത്തുന്നു. പഴയ കോക്കാഞ്ചറ മാലിന്യക്കൂമ്പാരമായിരുന്നു. ഇന്നത് മണ്ണടിഞ്ഞ് ഓർമകളിൽനിന്നും മാഞ്ഞ് തുടങ്ങിയിരിക്കുന്നു. അവിടെ പുതിയ വികസനങ്ങൾ നടത്തി പരിഷ്ക്കരിക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. റോഡും ടൗണും പുതിയ വീടുകളും കോക്കാഞ്ചറയുടെ മുഖം മാറ്റുന്നു. പ്രതിരോധത്തിന്റെ ചിന്തകളായി എകെജിയെയും ഗാന്ധിയൻ ചിന്തകളെയും കുട്ടിപ്പാപ്പനാണ് മുന്നോട്ട് വെക്കുന്നത്. സാമൂഹിക മാറ്റതിനായി പ്രവർത്തിക്കണമെന്ന് ആഗ്രഹിക്കുന്ന കഥാപാത്രമാണ് കുട്ടിപ്പാപ്പൻ. പക്ഷെ അയാൾ കിടപ്പുരോഗിയാണ്. അരികുവൽക്കരിക്കപ്പെട്ടവരെക്കുറിച്ച്,അവരെ പുനരുജ്ജീവിപ്പിക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ചും പല ചർച്ചകളും നടക്കാറുണ്ട്. കോക്കാഞ്ചറക്കാർ അരികുവൽക്കരിക്കപ്പെടുന്നത് നഗരത്തിന്റെ വരവോടെയാണ്. നഗരത്തിന്റെ നിർമ്മിതിക്കായി ഒഴിവാക്കപ്പെട്ടവരാണവരെന്നും പറയാം.

### 3.3.11. പാരിസ്ഥിതിക പ്രശ്നങ്ങൾ

മണ്ണിന്റെ മാറിൽ എന്ന നോവലിൽ കാട്ടു മൃഗങ്ങൽ വിള നശിപ്പിക്കുന്നതൊഴിച്ചാൽ പാരിസ്ഥിതിക പ്രശ്നങ്ങൾ അത്തിക്കോടിനെ ബാധിക്കുന്നില്ല. കൃഷിക്ക്അത്രയും അനുയോജ്യമായ ഇടം ഇല്ലെന്ന മട്ടിലാണ് അവതരിപ്പിക്കുന്നത്. ആലാഹയുടെ പെൺമക്കളിൽ മാലിന്യം ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ നോവലിലെ പ്രധാന ആശയമാണ്. നാഗരികത സൃഷ്ടിക്കുന്ന ഈ അവസ്ഥ മാറുന്നത് അവിടവും നഗരത്തിന്റെ ഭാഗമാവുന്നതോടെയാണ്. മാലിന്യത്തിനകത്ത് വളർന്ന ഒരു തലമുറയെയും അവരുടെ മാനസിക ശാരീരിക പ്രശ്നങ്ങളെയും നോവൽ മുന്നോട്ട് വെക്കുന്നു. ഇതിലേക്ക് വലിച്ചറിയപ്പെട്ടവർക്ക്പ്രതികരിക്കാൻ മാർഗമില്ല. അവിടെ നിന്നും രക്ഷപ്പെടാൻ ശ്രമങ്ങൾ നടത്തുന്നവരും കുറവാണ്. ഈ മാലിന്യം നിറഞ്ഞ അവസ്ഥയെ കഥാപാത്രങ്ങളുടെ മാനസികാവസ്ഥയുമായി ബന്ധിപ്പിച്ച് അവതരിപ്പിച്ചിരിക്കുന്നു. ആനിക്ക് നാടിനോട് തോന്നുന്ന അപകർഷതാ ബോധവും അമ്മ അവിടം വിട്ട് പോവാൻ കൂട്ടാക്കാത്തതും രണ്ട് തരം കാഴ്ചപ്പാടുകൊണ്ടാണ്. ആഗോളമായുള്ള പാരിസ്ഥിതിക ബോധത്തിന് എതിരാണ് കോക്കാഞ്ചറയുടെ സാഹചര്യം. മനുഷ്യത്വരഹിതവും പ്രകൃതി വിരുദ്ധവുമായ ഈ സാഹചര്യം സൃഷ്ടിക്കുന്നത് മനുഷ്യ പ്രവർത്തികളാണ് താനും. കോക്കാഞ്ചറയുടെ പേര് മാറ്റുകയെന്ന ഉദ്യമത്തിൽ നിന്നും ആനി പിന്മാറുന്നത് കോക്കാഞ്ചറയോടുണ്ടാവുന്ന വൈകാരിക ബന്ധത്തിലൂടെയാണ്. നല്ലൊരു ഭാവി സ്വപ്നം കാണാനുള്ള സാഹചര്യം അവിടെ നിലനിൽക്കുന്നില്ല.

### 3.3.12. മിത്ത്/സ്വത്വബോധം

മണ്ണിന്റെ മാറിൽ എന്ന നോവലിൽ ജാതിയാണ് പ്രധാന മിത്ത്. ജാതി ബോധം അവരുടെ മനസ്സിൽ അടിയുറച്ച് പോയ വിശ്വാസമാണ്. അത് ലംഘിക്കാൻ കൊമ്പൻ കൊണ്ടേരന്റെ കാലത്ത് ആരും തയ്യാറാവുന്നില്ല. കാലാന്തരത്തിൽ അത് മാറ്റത്തിന് വിധേയമാവുന്നു. അപ്പോഴത് സാമൂഹ്യവിരുദ്ധ പ്രവർത്തനമാകുന്നതും കാണാം. വിശ്വാസവുമായി ബന്ധപ്പെട്ടതോ ഭൂമിയുമായി ബന്ധപ്പെട്ടതോ ആയ അറിവുകൾക്കുപരിയായി അവരുടെ മനസ്സിൽ ജാതി ശക്തമാണ്. അത് മാറ്റാൻ കഴിയുന്നതാണെന്നോ അതിൽ നിന്നും പുറത്ത് കടക്കണമെന്നോ ചിന്തിക്കാനാവാതെ അടിയുറച്ച് പാലിച്ച് പോരുന്ന സമൂഹത്തെ നോവലിൽ കാണാം. തലമുറ മാറുമ്പോൾ മാറ്റം അനിവാര്യമാണെന്ന ബോധം സമൂഹത്തിൽ വരുന്നു.

അനേക ചരിത്രങ്ങളുടെ നിർമ്മിതിയാണ് കോക്കാഞ്ചറ. അതുകൊണ്ടുതന്നെ കോക്കാഞ്ചറക്ക് ആലാഹയുടെ പ്രാർത്ഥനയും നോഹയുടെ പെട്ടകത്തിനോടുള്ള ഉപമയും എല്ലാം ചേരും. തോറാനയുടെ കഥ ആനിക്ക് പറഞ്ഞ് കൊടുക്കുന്നത് അമ്മയാണ്. കാട്ടാനയും കരടിയും ഒലിച്ച് വരുന്ന മഴയായിരിക്കും അതെന്ന് ആനി വിശ്വസിക്കുന്നു. ആനി കേൾക്കുന്ന കഥകളിൽ ബൈബിളും മിത്തും ചരിത്രവും കൂടിക്കലർന്ന് കിടക്കുന്നു. അത് പുതിയൊരു ലോകത്തിന്റെ ചിത്രം രൂപപ്പെടുത്തുന്നു. പ്രേതങ്ങളെ എപ്പോവും മുന്നിൽ പ്രതീക്ഷിക്കാനാവുന്നു. ഇത് പ്രേതങ്ങളുടെ കൂടി ഇടമാണെന്ന ബോധത്തിൽ ജീവിക്കുന്ന മനുഷ്യർ. വഴിയിൽ പ്രേതത്തെ കാണുമ്പോൾ പ്രാർത്ഥന ചൊല്ലുകമാത്രമാണ് രക്ഷയെന്ന് ആനിക്കറിയാം. അത് അമ്മാമ്മ ചൊല്ലുമ്പോൾ ശക്തി നൂറുമടങ്ങാവുമെന്ന് ആനി വിശ്വസിക്കുന്നു. പ്രേതങ്ങളുടെ വിവിധരൂപങ്ങൾ അവിടുണ്ട്. തെണ്ടന്മാരും ഭൂതവും പിശാശുക്കളും കുട്ടിച്ചാത്തന്മാരും ഒറ്റമൊലച്ചികളും അങ്ങനെ പലതും. അവരെ ശല്യപ്പെടുത്തിയാൽ മാത്രമേ അവ തിരിച്ച് ഉപദ്രവിക്കൂ. പ്രേതങ്ങളുടെ നാട്ടിൽ ഒളിച്ച് ജീവിക്കുന്നവരുടെ മനോഭാവമാണ് നോവൽ മുന്നോട്ട് വെക്കുന്നത്. ആനി കേൾക്കുന്ന കഥകളിൽ നായകസങ്കൽപം ഇല്ല.അമ്മാമയുടെ വാമൊഴി കഥയിലൂടെയാണ് ഇവയെല്ലാം ആനിയിലേക്കെത്തുന്നത്.

### 3.3.13. ഭാഷ/ ഭാഷാഭേദം

മണ്ണിന്റെ മാറിൽ എന്ന നോവലിൽ വള്ളുവനാടൻ ശൈലിയുടെ ഗ്രാമ്യരൂപമാണുള്ളത്.കോട്ടീ- തിയ്യരെ വിളിക്കുന്ന ചീത്തപേര്, മൂത്താമ്മേ- ഈഴവൻ നായന്മാരെ സംബോധന

ചെയ്യുന്ന വാക്ക്,ചോത്യാർ-ഈഴവസ്ത്രീ, ചെനാരപ്പൻ- ഈഴവൻ, മുട്ടിപ്പാന,കാവ് ഏറ്റും പോലെ, പെര്യാപ്ലോ.., തെണ്ട്യാക്കൊല, യ്യെന്താ പൂതം കണ്ടുംകൊണ്ടും നിക്കണത്, ശകലാസ്സ്- ഇത്തരത്തിൽ പല വാക്കുകളും നോവലിൽ കാണാം. ജാതിപരമായ വിളിപ്പേരുകളിലും അഭിസംബോധനകളിലുമെല്ലാം ജാതിയുടെയും ജന്മിത്വത്തിന്റെയും അംശങ്ങൾ കൂടുതലാണ്. അവ പലതും ഇന്ന് നിലനിൽക്കാത്തവയാണ്. കാർഷികസംസ്കാരവുമായി ബന്ധപ്പെട്ട ചൊല്ലുകളും വാക്കുകളും ധാരാളമുണ്ട്. പ്രാദേശികത നിറയുന്ന വാക്കുകളും പിന്നീട് മറ്റിടങ്ങളിലും പ്രയോഗത്തിൽ വന്ന വാക്കുകളും കാണാം.

ആലാഹയുടെ പെൺമക്കളിൽ തൃശ്ശൂർ ഭാഷാശൈലിയാണുള്ളത്. അതിൽ കുറച്ചുകൂടി ക്രിസ്ത്യൻ സാന്നിധ്യവും കാണാം. വാക്കുകൾ പലതും ബൈബിൾ സാഹചര്യങ്ങൾ വ്യക്തമാക്കുന്നതാണ്. മച്ചി, അയ്യടി മനമേ, മേശവിളക്ക്, ഓട്ടുവിളക്ക്, തകരച്ചിമ്മിനി, കന്നം കടിക്കുക(വഴക്കിടുക), മന്തലമയങ്ങി (ചീത്തപേര്) ഇത്തരത്തിൽ. പല പദങ്ങളുടെയും അർത്ഥം ആനിക്ക് മനസ്സിലാവാറില്ല. അവ മറ്റൊരു സാഹചര്യത്തിൽ ആനി വേർതിരിച്ചെടുക്കുന്നതും കാണാം.

കോക്കാഞ്ചറയുടെ ഭാഷയിൽ ഒരു പൊട്ടിത്തെറിയുണ്ട്. തെറിയുമുണ്ട്. കോക്കാഞ്ചറയിലേക്ക് വലിച്ചെറിയപ്പെട്ട ജനതയെ ഒരു കാലത്ത് പുറത്തുനിന്നവർ വിളിച്ചതായിരിക്കാം അതിൽ പലതും. എന്നിരുന്നാലും ഇന്നതവരുടെ സ്നേഹത്തിന്റെ ഭാഷ കൂടിയാണ്. പരസ്പരം തെറി വിളിച്ച് സ്നേഹം പ്രകടിപ്പിക്കുന്ന മാപ്ലയേയും ഉമ്മയെയും കാണാം. ഭാഷയിൽ തൃശൂരിന്റേതായ ശൈലി കിടപ്പുണ്ടെങ്കിലും പല വാക്കുകളും കോക്കാഞ്ചറയുടേതായി രൂപപ്പെട്ടിട്ടുണ്ട്.

### 3.3.14. സമരം/പ്രതിരോധം

മണ്ണിന്റെ മാറിൽ ജന്മികൾക്കെതിരെ കർഷക സമരം ആരംഭിക്കുന്നതോടെയാണ് അവസാനിക്കുന്നത്. അത് പിന്നൊരു സമരകാലത്തിന്റെ സൂചന നൽകുന്നു. കർഷകർ കൂട്ടം കൂടുകയും തങ്ങളുടെ പ്രാഥമിക ആവശ്യങ്ങൾക്കായി നിലപാടെടുക്കുകയും സമരം നടത്തുകയും ചെയ്തിരുന്ന കാലം. രാഷ്ട്രീയ പാർട്ടികൾ രൂപപ്പെടുകയും അവർക്ക് കൃത്യമായ നിലപാടെടുക്കാതെ മുന്നോട്ട് പോകാൻ കഴിയാതെ വരികയും ചെയ്യുന്ന കാലം.

ആലാഹയുടെ പെൺമക്കളിൽ 'എട്ടുവീട്ടിൽ' പൊളിക്കുന്നതിനെതിരെ കുട്ടിപ്പാപ്പൻ നിരാഹാരസമരം പ്രഖ്യാപിക്കുന്നു. അതിന് നിർദ്ദേശം തേടി എകെജിക്ക് അദ്ദേഹം കത്തെഴുതുന്നു. മറ്റു പലർക്കും കത്തെഴുതുന്നു. പക്ഷെ കുട്ടിപ്പാപ്പനെ പോലെ ക്ഷയരോഗം പിടിച്ച് കിടപ്പായ ഒരു മനുഷ്യന്റെ പോരാട്ടവീര്യത്തിന് അവിടെ ഒന്നും ചെയ്യാൻ കഴിയുന്നില്ല. തന്റെ ആശയങ്ങളെമുദ്രാവാക്യമായി കുട്ടിപ്പാപ്പൻ ഒഴുക്കി വിടുന്നുണ്ട്:

'ഉള്ള മണ്ണിലുറച്ചു നിൽക്കും

ഉയിരുപോയാലും'.

അതിലൊരു സമരപ്രഖ്യാപനമുണ്ട്. പക്ഷെ അത് ഏറ്റെടുക്കാൻ അവിടെ ആരും തന്നെ ബാക്കിയില്ല എന്നതാണ് യാഥാർഥ്യം.

ഗാന്ധിയൻ ചിന്തകൾ പ്രചരിപ്പിക്കാൻ നൂൽനൂൽക്കലും ചർക്കക്ലാസും തുടങ്ങിയ ആളാണ് കുട്ടിപ്പാപ്പൻ. പക്ഷെ പ്രതിഫലം കുറവായതിനാൽ ആളുകൾ വരാതെയായി. കരിഞ്ചന്തയിൽനിന്നും അരിവാങ്ങേണ്ടിവരുന്നതിനെതിരെയും പണക്കാർക്കു മാത്രം അരി കിട്ടുന്നതിനെതിരെയും ഒരുപിടി അരി പിടിക്കാൻ വരുന്ന പോലീസുകാർക്കെതിരെയും മര്യാദവിലഷാപ്പ് വരാത്തതിനെതിരെയും പ്രതികരിക്കണമെന്ന സമരബോധ്യം ആനിയിൽ നിറക്കാൻ കുട്ടിപ്പാപ്പന്റെ ആശയങ്ങൾക്ക് കഴിയുന്നു.

### 3.3.15. കഥാപാത്രങ്ങളുടെ സ്വഭാവം

മനുഷ്യർ തമ്മിലുള്ള ബന്ധത്തേക്കാളുപരിയായി മണ്ണും മനുഷ്യനും തമ്മിലുള്ള ആത്മബന്ധത്തെ മണ്ണിന്റെ മാറിൽ എന്ന നോവൽ പ്രതിഷ്ഠിക്കുന്നു. കുടുംബത്തിലെ ബന്ധങ്ങളും കുട്ടികളുമായുള്ള ബന്ധങ്ങളും മറ്റൊരു സമാന്തര ബോധത്തിൽ നിലനിൽക്കുന്നു .സാമൂഹിക ബന്ധങ്ങൾ ജാതിയധിഷ്ഠിതവും വിഭജനങ്ങൾ നിറഞ്ഞതുമാണ്. സമൂഹത്തിൽ നിലനിൽക്കുകയെന്നത് പല അലിഖിത നിയമങ്ങളെയും പാലിച്ചുള്ള പ്രക്രിയയാണ്. കൊണ്ടേരനും അദ്ദേഹത്തിന്റെ തലമുറകളും ഒരേ സ്വഭാവത്തോടെ പെരുമാറുന്ന അധികാരത്തിന് കീഴ്പ്പെട്ട് നിൽക്കുന്ന മനുഷ്യരാണ്. വ്യക്തിത്വമുള്ള, മറ്റുള്ളവരിൽനിന്നും മാറി നിൽക്കുന്ന, വ്യത്യസ്തമായി പെരുമാറുന്ന കഥാപാത്രം കൊച്ചുകൊണ്ടേരനാണ്. അയാൾ അവകാശങ്ങൾക്കും നീതിക്കും വേണ്ടി മുന്നിട്ടിറങ്ങുന്നത് കാണാം. അയാൾക്ക് ഒരു സ്ത്രീയോട് പ്രണയം തോന്നുകയും അത് സാക്ഷാത്കരിക്കാൻ ഏതറ്റം വരെയും പോകുമെന്ന് ഉറപ്പിക്കുകയും ചെയ്യുന്നുണ്ട്. വിവാഹമോചനം നേടി കൊച്ചുകൊണ്ടേരനെ സ്വീകരിക്കുന്ന തിരുമാലിക്കുട്ടിയിലും മറ്റാർക്കുമില്ലാത്ത വ്യക്തിത്വം കാണാം. ബഹുഭർതൃത്വം നിലനിൽക്കുന്ന സമൂഹത്തിൽ ഇത്തരമൊരു പ്രണയമോ അടുപ്പമോ നോവലിൽ ഉൾപ്പെടുത്തിയിട്ടില്ല. അവിടെ കല്ല്യാണവും കുട്ടികളും എല്ലാം ജീവിതത്തിന്റെ മുന്നോട്ടുള്ള പോക്കിന്റെ ഭാഗം മാത്രമാണ്.

ആലാഹയുടെ പെൺമക്കളിൽ രൂപപ്പെടുത്തിയിരിക്കുന്ന കഥാപാത്രങ്ങളിൽ ആഴവും പരപ്പും കാണാമെങ്കിലും അവയെല്ലാം കോക്കാഞ്ചറയെന്ന പ്രദേശത്തിന്റെ മലിനമായ ഭൂതകാലത്തിൽ മുങ്ങിപ്പോവുന്നു. നിത്യജീവിതം മുന്നോട്ട് കൊണ്ടുപോകുന്നതിനായി മാത്രം പരസ്പരം ഇടപെടുകയും പ്രതിസന്ധികളിൽ കൂടെ നിൽക്കുകയും ചെയ്യുന്ന മനുഷ്യർ അവരുടെ വികാരങ്ങളെയോ ആത്മാവിനെയോ തുറന്നു കാണിക്കുന്നില്ല. അത്തരമൊരു ആഴം പലപ്പോവും പലരിലും അനുഭവപ്പെടുമെങ്കിലും അവർക്കത് പ്രകടിപ്പിക്കാനോ തുറന്നു പറയാനോ ഉള്ള ഇടം അല്ലെങ്കിൽ സാഹചര്യം നിലവിലില്ല. അതിനാൽ എല്ലാവരും ജീവിതം തെളിക്കുന്ന വഴിക്ക് നടക്കുന്നവരാവുന്നു. ചിന്നമ്മയെ പ്പോലെ തീരുമാനങ്ങളെടുത്ത് വഴിമാറിപ്പോവുന്നവരും ചിയ്യമ്മയെപ്പോലെ സമൂഹ തീരുമാനങ്ങളിൽ ജീവിതം മാറ്റിമറിക്കപ്പെടുന്നവരും ഉണ്ട്. എന്നാലിവയൊന്നും ശാശ്വതമയല്ലെന്ന, എല്ലാവരും കോക്കാഞ്ചറയുടെ മണ്ണിൽ അടിയേണ്ടവർ മാത്രമാണെന്ന ബോധം ആനിയടക്കം എല്ലാവരിലും വേരോടിയിരിക്കുന്നത് കാണാം.

ആനി നല്ലകുട്ടിയായി വളരണമെന്ന് അവൾക്കുണ്ട്. പക്ഷെ, നല്ല സ്വഭാവങ്ങൾ എന്താണെന്ന് അവൾക്കാരും പറഞ്ഞ് കൊടുത്തിരുന്നില്ല. അവൾ ചുറ്റും കാണുന്നവരിൽ ചിലരെല്ലാം നല്ലവരാണെന്ന ബോധം അവൾക്കുണ്ട്. കോക്കാഞ്ചറയിലെ പുതുതലമുറ ഇങ്ങനെയാണ്. കുട്ടികളെ ആരും വളർത്തുന്നില്ല. അവർ സ്വയം വളരുകയാണ്. പലതും കണ്ടും കേട്ടും. കേൾക്കുന്നതോക്കെ ചോദ്യ മനോഭാവത്തോടെ കാണാൻ ആനിക്കാവുന്നത് അതുകൊണ്ടാവണം.

സ്നേഹം അവശ്യസമയങ്ങളിൽ അനുഭവപ്പെടുന്ന കരുതലായാണ് ആനിക്ക് അനുഭവപ്പെടുന്നത്. മറ്റുതരത്തിൽ അവളെ ആരും സ്നേഹം കൊണ്ട് ബുദ്ധിമുട്ടിപ്പിക്കുന്നില്ല. അങ്ങാടിയിൽനിന്നും നായ കടിക്കാൻ വരുമ്പോൾ കറുത്ത കുഞ്ഞാറം അവളെ രക്ഷിച്ച് ചേർത്ത് നിർത്തുന്നുണ്ട്. അതുപോലെ കുട്ടിപ്പാപ്പന്റെ അടുത്ത് വരുമ്പോൾ കറുത്ത കുഞ്ഞാറത്തിന് സ്വാഭാവികമായുള്ള നാണം ഇല്ലെന്ന് അവൾ തിരിച്ചറിയുന്നുണ്ട്. ഇത്തരത്തിൽ പറഞ്ഞതും പറയാത്തതുമായ സ്നേഹബന്ധങ്ങളാണ് കോക്കാഞ്ചറയിലെ മനുഷ്യരുടേത്.

പേടി, ഭയം എന്നിവയ്ക്ക് ആനിയടക്കമുള്ളവർ കൊടുക്കുന്ന വ്യാഖ്യാനം വ്യത്യസ്തമാണ്. തെണ്ടനേക്കാൾ അവർക്ക് പേടി പോലീസിനെയാണ്. ഭൂതവും പ്രേതവും കോക്കാഞ്ചറയിൽ സുലഭമായതിനാലും അവരെ ഉപദ്രവിക്കാതെ അവർ തിരിച്ച് ഉപദ്രവിക്കില്ലെന്ന ബോധം ഉള്ളതിനാലും ആവാം അത്. കുട്ടിയായ ആനിയിൽ ചെറിയ കാര്യങ്ങൾ പോലും അറിയാനുള്ള ആകാംക്ഷയുണ്ട്. അതുകൊണ്ടവൾ ചരിത്രം പണിയുകയാണ്. പക്ഷെ മുതിർന്നവർ പലപ്പോഴും മറ്റേതോ ലോകങ്ങളിലാണ്.

സൂചന


1. പി. കേശവദേവ്. ഓടയിൽനിന്ന്. പൂർണ പബ്ലിക്കേഷൻസ്.1942.

2. തകഴി. രണ്ടിടങ്ങഴി. ഡി.സി.ബുക്സ്.1964.

3. വൈക്കം മുഹമ്മദ് ബഷീർ.മലയാളം നോവലിസ്റ്റ്. 1908-1994.

4. എസ്.കെ. പൊറ്റെക്കാട.് ഒരു തെരുവിന്റെ കഥ. ഡി.സി.ബുക്സ്. 1960.

5. എസ്.കെ. പൊറ്റെക്കാട.് ഒരു ദേശത്തിന്റെ കഥ. ഡി.സി.ബുക്സ്.1971.

6. ഉറൂബ് ഉമ്മാച്ചു. ഡി.സി.ബുക്സ്.1954.

7. ചെറുകാട്. മണ്ണിന്റെ മാറിൽ. ഡി.സി.ബുക്സ്.1954.

8. ചെറുകാട് മുത്തശ്ശി. ചിന്ത പബ്ലിക്കേഷൻസ്. 1957.

9. ചെറുകാട് ശനിദശ. ചിന്ത പബ്ലിക്കേഷൻസ്.1966.

10. ലളിതാംബിക അന്തർജനം. അഗ്നിസാക്ഷി.കറന്റ്ബുക്സ്. 1976.

11. പാറപ്പുറത്ത് അരനാഴിക നേരം.എസ്.പി.സി.എസ്.1967.

12. എം.ടി. നാലുകെട്ട് കറന്റ്ബുക്സ്.1958.

13. ഒ.വി. വിജയൻ.ഖസാക്കിന്റെ ഇതിഹാസം.കറന്റ്ബുക്സ്. 1969.

14. കാക്കനാടൻ. ഉഷ്ണമേഖല. ഡി.സി.ബുക്സ്.1969.

15. കോവിലൻ. മലയാളം നോവലിസ്റ്റ്. 1923-2010.

16. വി.കെ.എൻ. മലയാളം നോവലിസ്റ്റ്. 1929-2004.

17. മാധവിക്കുട്ടി. മലയാളം നോവലിസ്റ്റ്.19342009.

18. സേതു. പാണ്ഡവപുരം.ഡി.സി.ബുക്സ്. 1995

19. പുനത്തിൽ കുഞ്ഞബ്ദുള്ള.സ്മാരകശിലകൾ.ഡി.സി.ബുക്സ്. 1977.

20. മുകുന്ദൻ. മയ്യഴിപ്പുഴയുടെതീരങ്ങളിൽ. ഡി.സി.ബുക്സ്. 2023.

21. ആനന്ദ്. ആൾക്കൂട്ടം. ഡി.സി.ബുക്സ്. 1970.

22. ഒ.വി. വിജയൻ. മധുരം ഗായതി. ഡി.സി.ബുക്സ്.1990.

23. സാറാ ജോസഫ്. മാറ്റാത്തി. കറന്റ്ബുക്സ്. 2003.

24. സാറാ ജോസഫ്. ഒതപ്പ്. കറന്റ്ബുക്സ്. 2005.

25. സാറാ ജോസഫ്. ആലാഹയുടെ പെൺമക്കൾ. കറന്റ്ബുക്സ്. 1999.

26. പി.കെ. രാജശേഖരൻ. ഏകാന്ത നഗരങ്ങൾ. ഡിസി ബുക്സ്. 2015.

27. അതേ പുസ്തകം

# അധ്യായം 4

# തീരപ്രദേശം

### 1. കടലും മനുഷ്യരും

ഭൂമിയുടെ നിലനിൽപ്പിൽ പ്രധാന പങ്കുവഹിക്കുന്ന ഘടകമാണ് ജലം. ഭൂമിയുടെ 71 ശതമാനത്തോളം ജലത്താൽ മൂടപ്പെട്ട് കിടക്കുന്നു. ഇത് ഭൂമിയുടെ കാലാവസ്ഥ കൂടുതൽ ആവാസയോഗ്യവും സ്ഥിരതയുള്ളതുമായി നിലനിൽക്കാൻ സഹായിക്കുന്നു. ഓക്സിജന്റെയും കാർബൺ ഡയോക്സൈഡിന്റെയും ബാലൻസ് നിയന്ത്രിക്കുന്നതിലും ശുദ്ധജലത്തിന്റെ ലഭ്യതയിലും കടലിന് പ്രധാന പങ്കുണ്ട്. വലിയൊരു ആവാസവ്യവസ്ഥതന്നെയാണ് കടൽ. കരയിലുള്ളതിനേക്കാൾ ജൈവവൈവിധ്യം കടലിൽ കാണാനാവും. ഇതിനെ ആശ്രയിച്ച് ജീവിക്കുന്ന ഒരു വലിയ ജനതതന്നെയുണ്ട്.ലോകമെമ്പാടുമുള്ള വാണിജ്യ ശൃംഖല രൂപപ്പെടുന്നതിനും മീൻപിടിത്തം, ടൂറിസം, വൈദ്യുതി നിർമ്മാണം എന്നിവയ്ക്കെല്ലാമുള്ള ഉപാധിയായി കടൽ പ്രവർത്തിക്കുന്നു.

ലോകസാഹിത്യത്തിൽ എഴുത്തുകാരെ വളരെയധികം പ്രചോദിപ്പിച്ചിട്ടുള്ള ബിംബമാണ് കടൽ. സാഹസികതയും കണ്ടെടുക്കാനുള്ള അഭിവാഞ്ജയും എക്കാലത്തും കടൽയാത്രക്കാരുടെ സ്വഭാവമാണ്. അതിസാഹസികമെന്നുതന്നെ പറയാവുന്നതായിരുന്നു ആദ്യകാല കടൽയാത്രികരുടെ സഞ്ചാരപദം. പല തരത്തിലുമുള്ള വൈകാരിക ബിംബമെന്ന നിലയിൽ കടലിനെ എഴുത്തുകാർ ഉപയോഗിച്ചിട്ടുണ്ട്. വിദൂരത, അനന്തത, മനുഷ്യ മനസ്സിന്റെ ആഴം, മുൻകൂട്ടി പറയാനാവാത്ത തരം അപ്രവചനീയത, അബോധ മനസ്, സ്വയം കണ്ടെത്തൽ, അറിവിന്റെ അതിര്, എന്നിങ്ങനെയെല്ലാം കടലിനെകണക്കാക്കുന്നു.ഒറ്റപ്പെടലിന്റെയും ഏകാന്തതയുടെയും ബിംബമായും കടലിനെ എഴുത്തുകാർ ഉപയോഗിച്ചു കാണുന്നു. ഡാനിയൽ ഡീഫോയുടെ 'റോബിൻസൺ ക്രൂസോ'യും1 ഹെമിങ് വേയുടെ 'ദ ഓൾഡ്മാൻ ആൻഡ് ദ സീ'യും[2] ഇതിനുദാഹരണങ്ങളാണ്.

കടൽ മുന്നോട്ട് വെക്കുന്ന സംസ്കാരവും പാരമ്പര്യവും ഉൾക്കൊണ്ടുകൊണ്ട് എഴുതുന്നവരും ഉണ്ട്. കപ്പൽയാത്രക്കാരുടെയും കടൽക്കൊള്ളക്കാരുടെയും മീൻപിടിത്തക്കാരുടെയും മിത്തും ജീവിതവും കൂടിക്കലർന്ന ജീവിതങ്ങൾ സാഹിത്യത്തിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഹെർമൻ മെൽവില്ലിയുടെ 'മൊബിഡിക്ക്'3 ഇത്തരത്തിലൊരു കൃതിയാണ്.

കടലിനെ പ്രകൃതിഭംഗിയുടെയും പാരിസ്ഥിതിക ചിന്തകളുടെയും തലത്തിൽ കാണുന്ന എഴുത്തുകളും വന്നിട്ടുണ്ട്. അവ കടൽ ആവാസ വ്യവസ്ഥയുടെ പ്രധാന്യത്തെ കുറിച്ച് പറയുന്നതും ഭംഗിയെയും ഫ്രജിലിറ്റിയെകുറിച്ചും പറയുന്നതുമാണ്. കാൽപനികമായ തലത്തിൽ കടലിനെ കാണുന്നവർ അതിന്റെ ശബ്ദം, തിരയുടെ അലയടികൾ, ചക്രവാളം, വൈകാരികമായ അന്തരീക്ഷം സൃഷ്ടിക്കാനുള്ള കഴിവ് എന്നിവയിൽ ആകൃഷ്ടരാവാറുണ്ട്.

മിത്തോളജിക്കലായി കടലിന് പല പ്രാധാന്യവും കണക്കാക്കപ്പെടുന്നു. ഉൽഭവ മിത്തുകളിലെല്ലാം കടൽ സവിശേഷ പ്രാധാന്യം അർഹിക്കുന്നു. ജീവന്റെ ഉൽഭവം തന്നെ ജലത്തിൽ നിന്നാണെന്ന് സയൻസും മിത്തോളജികളും ഉറപ്പിക്കുന്നുണ്ട്. മിത്തുകളുടെ ആരംഭകാലത്ത് കടലിന്റെ അനന്യതയും വലിപ്പവും കണ്ട് ഭയപ്പെടുകയും അൽഭുതപ്പെടുകയും ചെയ്ത ജനത കടലിനെ ദൈവമായും മൂർത്തരൂപമായും കണ്ടു. ഗ്രീക്ക്, ഇന്ത്യൻ, പോലുള്ളഎല്ലാ പ്രാചീന മിത്തോളജികളിലും ഇത് വ്യക്തമാണ്.കലാപത്തെയും സമാധാനത്തെയും തുലനം ചെയ്ത് മുന്നോട്ട് കൊണ്ടുപോകുന്ന ഒന്നായി കടലിനെ കാണുന്നവരുമുണ്ട്. കടലിനെ കടക്കുക എന്നത് ഇന്ന് ചിന്തിക്കുന്നതിലധികം പ്രയാസമായിരുന്ന കാലത്ത് കടൽ രാക്ഷസന്മാരെയും കടലിന്റെ ആഴത്തിലുള്ള കൊട്ടാരത്തെയും കുറിച്ചുള്ള സങ്കൽപങ്ങൾ ഉടലെടുത്തു. ഹോമറിന്റെ

ഒഢീസ്സിയിൽകീഴടക്കാനും കീഴടങ്ങാതിരിക്കാനുമുള്ള മനുഷ്യന്റെ അടങ്ങാത്ത ത്വരയെ ഇതുമായി ബന്ധിപ്പിക്കാം. കടലിനെ മറികടന്നാൽ കിട്ടുന്ന അമാനുഷികമായ ശക്തികളെ കുറിച്ചും എണ്ണമറ്റ സമ്പത്തിനെ കുറിച്ചുമെല്ലാം മിത്തുകൾ നിലനിൽക്കുന്നു. കടലിന്റെ ഈ ആഴവും അഗാധതയും അതിനെ അറിയപ്പെടാത്തതും നിഗൂഢവുമായ പല കഥകളുടെയും ഉറവിടമാക്കുന്നു. കടലിന് മന:ശാസ്ത്രപരമായ പ്രാധാന്യവും കണ്ടെത്താനാവും. താളാത്മകമായ ശബ്ദവും വിശാലമായ തീരവും മനസ്സിനെ ഏകാഗ്രമാക്കാനുള്ള ഉപാധിയായി മാനസികാരോഗ്യം മെച്ചപ്പെടുത്തുമെന്നു കാണാം. കടലിനെ ആദിപ്രരൂപങ്ങളുടെ കൂട്ടത്തിൽപ്പെടുത്തിയും മനശാസ്ത്രജ്ഞർ കാണാറുണ്ട്. അത് ആഴത്തിന്റെയും വിദൂരതയുടെയും കണ്ടെടുക്കാത്ത മനസ്സിന്റെയും ആദിപ്രരൂപമായി കണക്കാക്കപ്പെടുന്നു. അബോധമനസ്സും ഓർമ്മകളും വികാരങ്ങളും എല്ലാം അടങ്ങിയിരിക്കുന്ന മനസ്സിന്റെ രൂപത്തിൽ കടലിനെ ചിത്രീകരിക്കുന്നതാണിത്. വൈകാരിക ആഴവും അതിന്റെ തീവ്രതയും കടലിന്റെ ആശയങ്ങളിൽ ഉൾപ്പെടുന്നു. യാത്രയും സ്വയം തിരിച്ചറിവും സ്വാതന്ത്ര്യവും അതിരില്ലായ്മയും എല്ലാം കടലിനെ സൂചിപ്പിക്കുന്നു. കളക്ടീവ് അബോധത്തിന്റെ സൂചകമായി കാൾ യുങ് കടലിനെ രേഖപ്പെടുന്നു. കടൽ രാക്ഷസൻ, മൽസ്യകന്യക, കാണാദൂരത്തുള്ള സമ്പത്ത് എന്നിവയെല്ലാം മനുഷ്യന്റെ അബോധത്തിൽ ആഴത്തിൽ കൊത്തിവയ്ക്കപ്പെട്ടിരിക്കുന്നു. അത് പലതരത്തിൽ പ്രകടിപ്പിക്കപ്പെടുകയും ചെയ്യുന്നു.

**2. കടലും കേരളവും**

കേരളോൽപത്തി കഥയിൽ പരശുരാമന് വരം കിട്ടിയപ്രകാരം മഴു എറിയുന്നത് കടലിലേക്കാണ്. അത് പ്രകാരം കടൽ പിറകോട്ട് മാറിയാണ് കേരളം സൃഷ്ടിക്കപ്പെട്ടത്. കേരളത്തിന് സമുദ്രസാമീപ്യം വഴി ലഭിച്ച പല അനുഗ്രഹങ്ങളും അപകടങ്ങളുമുണ്ട്. കേരളത്തിന്റെ വാണിജ്യമേഖല അതിലൊന്നാണ്. കേരളത്തിന്റെ തനതായ ഉൽപന്നങ്ങൾ സ്വർണവിലകൊടുത്ത് വാങ്ങാൻ പുറത്തുനിന്നും കച്ചവടക്കാരായ അറബികൾ പല നൂറ്റാണ്ട് മുമ്പേ വന്നിരുന്നു. അത്തരം വരവാണ് പിന്നീട് കൊളോണിയൽ ഭരണത്തിലേക്ക് നയിച്ചത് എന്നത് മറ്റൊരു യാഥാർത്ഥ്യം. വിദേശികളുടെ വരവ് കേരളസംസ്കാരത്തെത്തന്നെ ബാധിച്ചു. മുസിരിസ്, തിണ്ടിസ്, നെൽക്കിണ്ട എന്നിവ പ്രകൃതി സൃഷ്ടങ്ങളായ തുറമുഖങ്ങളായിരുന്നു. കടലിലൂടെയുള്ള വളരെക്കാലം നീണ്ടുനിന്ന വാണിജ്യപാതയായിരുന്നു അറബിക്കടൽ. ഗ്രീക്ക്, റോമൻ, അറേബ്യൻ, ചൈനീസ്, യൂറോപ്യൻ സഞ്ചാരികൾ ഈ വഴി കേരള തീരത്തെത്തിയെന്ന് ചരിത്രം പറയുന്നു. സുഗന്ധവ്യഞ്ജന വാണിജ്യമാണ് പ്രധാനമായുണ്ടായിരുന്നത്. അതിന്റെ കലവറയായി കേരളത്തെ കണ്ട വിദേശികൾ എല്ലാതരം സുഗന്ധവ്യഞ്ജനങ്ങളും കയറ്റുമതി ചെയ്തു. അതിലൂടെതന്നെ സാംസ്കാരികമായ കൊടുക്കൽവാങ്ങലുകളും തീരങ്ങളിലൂടെ സാധ്യമായി. കേരളത്തിന്റെ സാമൂഹികാവസ്ഥ രൂപീകരിക്കുന്നതിൽ വിദേശികൾ വലിയ പങ്ക് വഹിച്ചിരുന്നു. മതങ്ങളും സംസ്കാരങ്ങളും മാത്രമല്ല പുതിയ ചിന്താരീതികളും കടന്നുവന്നു. കൊളോണിയൽ ആധിപത്യത്തിലേക്ക് ഇന്ത്യയെ നയിക്കുന്നത് കടൽ വ്യാപാരമാണ്. കേരളത്തിലെ വലിയൊരു വിഭാഗം ജനതയുടെ ജീവിതമാർഗമായി കടൽ മാറി. അവിടെ വലിയൊരു വിഭാഗം സ്ഥിരതാമസമുറപ്പിക്കുകയും ചെയ്തു. അറബികൾ പരിചയപ്പെടുത്തിയ ഇസ്ലാം മതം മലബാറിലെ തീരദേശ ജനതയെ രൂപപ്പെടുത്തി. ദ്രാവിഡർ ദക്ഷിണേന്ത്യയിലെ ജനങ്ങൾക്ക് നൽകിയ ഏറ്റവും മഹത്തായ പൈതൃകം നാവിക പാരമ്പര്യത്തിന്റേതാണ്. സൈന്ധവസംസ്കാര കാലത്തുതന്നെ ദ്രാവിഡർ കടൽ കടന്നു വിദേശവുമായി ബന്ധം പുലർത്തിയിരുന്നു[4].

ദ്രാവിഡരുടെ നാവിക പാരമ്പര്യം പ്രധാനമായും കാണുന്നത് പശ്ചിമതീരത്തായിരുന്നു. ആർ.ഡി ബാനർജി മലബാറിലെ ജനങ്ങൾ ജന്മനാതന്നെ നാവികരും, പൂർവ്വതീരത്തു താമസിച്ച ജനങ്ങളേക്കാൾ സാഹസികരുമായിരുന്നു എന്ന് പറയുന്നു[5].അവരുടെ കടൽവഞ്ചികൾ പൂർവതീരത്തെ കടൽവഞ്ചികളേക്കാൾ സമുദ്ര സഞ്ചാര യോഗ്യങ്ങളായിരുന്നു. തന്നിമിത്തം മലബാർ തീരത്തെയും കൊങ്കൺ ദേശത്തെയും ജനങ്ങൾ ധീരരായ നാവികരായിരുന്നു. പേർഷ്യൻ ഉൾക്കടൽ, ചെങ്കടൽ മുതലായ പ്രദേശങ്ങളുമായി അവർ കച്ചവടം നടത്തിയിരുന്നു. പൂർവ്വതീരത്തെ പ്രാകൃതമായതോണികൾ പുറംകടലിൽ പ്രവേശിക്കാൻ യോഗ്യമായിരുന്നില്ല.

കടൽ വഴി വന്ന അത്തരം സാങ്കേതിക മികവുകൾ അവരെ കൂടുതൽ പ്രാപ്തരാക്കി എന്ന് പറയാം. പക്ഷെ വിദേശങ്ങളിലേക്ക് കപ്പൽ ഓടിച്ചിരുന്നതിന് തെളിവില്ല. കുഞ്ഞാലിമരക്കാരുടെ കാലത്ത് കേരളത്തിന്റെ രക്ഷാ സേനയായി പ്രവർത്തിച്ചത് നാവികരാണ്.

കടലിനോടനുബന്ധിച്ചുള്ള ജീവിതത്തെ പലതരത്തിലാണ് പുറത്തുനിന്നുള്ളവർ നോക്കിക്കാണുന്നത്. സമൃദ്ധി, വിസ്മയം, ആത്മീയ പരിവേഷം, ശക്തി, അതിരില്ലാത്ത വ്യാപ്തി, നിതാന്ത ചലനം,വിക്ഷുബ്ധത, സംഹാരരൂപംഎന്നിങ്ങനെ. കടലിനോടനുബന്ധിച്ചുള്ള യാത്രികന്റെയും അവിടുത്തെ സ്ഥിരവാസിയായ മുക്കുവന്റെയും അനുഭവം വ്യത്യസ്തമായിക്കും. നോക്കിക്കാണുന്നവരും അനുഭവിക്കുന്നവരും തമ്മിലുള്ള വ്യത്യാസത്തിലുപരിയായി രണ്ടുതരത്തിൽ കടലിനെ അനുഭവിക്കുന്നവരായി അവരെ കണക്കാക്കാം. യാത്രികൻ തന്റെ നിരന്തരമായ യാത്രയിലൂടെ ഉൾക്കൊണ്ട അറിവുകൾ പ്രയോഗിച്ച് യാത്രികന്റെ മാനസികാവസ്ഥയിൽ മുന്നേറുമ്പോൾ മുക്കുവൻ തന്റെ ഉപജീവനത്തിനായി കടലിനോട് പൊരുതുന്നു. രണ്ടു കൂട്ടരുടെയും പോരാട്ടം കടലിനോട് തന്നെ. കടൽ അവരോട് പ്രതികരിക്കുന്നതും ഒരുപോലെയായിരിക്കും. മുക്കുവന് ഒരു യാത്രികന്റെയത്രയും സജ്ജീകരണങ്ങളോ ഉപകരണ സഹായികളോ ഉണ്ടാവണമെന്നില്ല. കടലിന്റെ പെട്ടെന്നുള്ള മാറ്റം അറിയാനോ അതിനനുസരിച്ച് പ്രവർത്തിക്കാനോ കാലാന്തരത്തിൽ ലഭിച്ച അറിവ് മാത്രമായിരിക്കും അയാളുടെ കൈമുതൽ.കടലുകൾ താണ്ടിയെത്തുന്ന യാത്രികന്റെ പരിജ്ഞാനമില്ലെങ്കിലും തദ്ദേശീയരായ മുക്കുവന്മാർക്ക് അവരുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട് പ്രാദേശികമായുള്ള അറിവുകൾ ധാരാളമായിരിക്കും. ആദ്യകാല മനുഷ്യരുടെ ജീവിതത്തിൽ സ്ത്രീ-പുരുഷവ്യത്യാസത്തെ അടിസ്ഥാനമാക്കി അവരുടെ തൊഴിലിനെ വേർതിരിക്കുമ്പോൾ ഒന്നൊഴികെ എല്ലാ തൊഴിലുകളും അവർ രണ്ടുപേരും ചെയ്തിരുന്നതായി പറയുന്നു. കടലിന്റെ ഉള്ളറകളിൽ ചെന്ന് മീൻ പിടിക്കുന്നത് മാത്രം ആണുങ്ങൾ ചെയ്തിരുന്ന ജോലിയായി പറയുന്നു. പ്രസവമാണ് സ്ത്രീകൾ മാത്രമായി ചെയ്തിരുന്ന ജോലി.

തീരദേശത്തെ ജീവിതം കടലിന്റെ നിരന്തരമായ ഭാവഭേദങ്ങളെ അടിസ്ഥാനപ്പെടുത്തിയിരിക്കും. സഞ്ചാരികളുടെ ആദ്യകാല യാത്രാമാധ്യമം കടൽ മാത്രമായിരുന്നു. കേരളത്തിലേക്ക് അന്താരാഷ്ട്ര വിപണികൾ കടന്നുവരുന്നത് ഇത്തരത്തിലാണ്. സംസ്കാരങ്ങൾ ഊട്ടിയുറപ്പിക്കുന്നതിൽ ജലസാമീപ്യത്തിനും നദീതടങ്ങൾക്കുമുള്ള പ്രാധാന്യം വിസ്മരിക്കാനാവുന്നതല്ല. എന്നാൽ അതിൽ നിന്നും വ്യത്യസ്തമാണ് കടലോരത്തെ ജീവിതം.കേലവം ജലം എന്നതിലുപരിയായി അതിന് ഒരു നിരന്തര ഓർമപ്പെടുത്തലിന്റെ ശക്തിയുണ്ട്. ഏത് നിമിഷവും കടന്നുകയറാവുന്ന ഒരക്രമിയെപ്പോലെ കടൽ ജീവിതത്തിൽ നിലകൊള്ളുന്നു.അത്തരം ഭയങ്ങളെ അവർ മയപ്പെടുത്തുന്നത് കടലമ്മ എന്നും മറ്റുമുള്ള മിത്തുകൾ നിർമിച്ചുകൊണ്ടാണ്.

കേരളത്തിന്റെ മൊത്തം തന്നെ ഭക്ഷണരീതിയെ സ്വാധീനിക്കുന്ന ഘടകമാണ് മൽസ്യത്തിന്റെ ലഭ്യത. വാണിജ്യവ്യവസായങ്ങളിൽ കേരളത്തെ പണ്ടുകാലം മുതൽ ബന്ധിപ്പിച്ചു നിർത്തുന്നത് കടലാണെന്ന് കണ്ടതാണല്ലോ. പുതിയതായി രൂപപ്പെടുത്തിയ ടൂറിസവും റിക്രിയേഷൻ പരിപാടികളും ഈ മേഖലയിലുള്ള സാധ്യതകൾ വർധിപ്പിക്കുന്നതാണ്. കേരളത്തിൽ ഒമ്പത് ജില്ലകളിലാണ് തീരപ്രദേശമുള്ളത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് എന്നിവയാണവ. കണ്ണൂരിലും ആലപ്പുഴയിലുമാണ്ഏറ്റവും കൂടുതൽ കടൽത്തീരമുള്ളത്.കൊല്ലത്താണ് ഏറ്റവും കുറവ് തീരപ്രദേശമുള്ളത്. മൊത്തം തീരദേശത്തിന്റെ ആറ് ശതമാനം മാത്രമാണത്.

കാലാവസ്ഥാമാറ്റങ്ങളും പ്രകൃതിക്ഷോഭങ്ങളും ഏറ്റവും കാര്യമായി ബാധിക്കുന്നത് തീരദേശത്തുള്ളവരെയാണെന്ന് പറയാം. കടലുമായി ബന്ധപ്പെട്ട് തൊഴിലെടുക്കുന്ന ജനവിഭാഗം എന്ന നിലയിൽ കടലിനെയും അതിലെ മൽസ്യസമ്പത്തിനെയും ബാധിക്കുന്ന മാറ്റങ്ങളെല്ലാം അവരുടെ നിത്യജീവിതത്തെ ബാധിക്കുന്നവയാണ്. കടലുമായി ബന്ധപ്പെട്ട തൊഴിലെടുക്കുന്നതിനാൽ അവർക്ക് പ്രദേശത്തുനിന്ന് വിട്ടു ജീവിക്കാൻ

കഴിയുകയുമില്ല. കടൽഭിത്തികളും മറ്റു സുരക്ഷാ നടപടികളുംവേണ്ടത്രഫലപ്രദമല്ല. കടലിന്റെ ശക്തിയെ തടയാൻ മാത്രം സുരക്ഷിതമായ മാർഗങ്ങൾ കണ്ടെത്തിയിട്ടില്ലെന്നുതന്നെ പറയാം.

തീരപ്രദേശമുള്ള ഇടങ്ങളുടെ പ്രത്യേകത അവിടെ സവിശേഷമായി കാണുന്ന ജീവിതരീതികളാണ്. അവർ കൈക്കൊള്ളുന്ന സംസ്കാരം കടലുമായും അവരുടെ തൊഴിലുമായും ബന്ധപ്പെട്ടിരിക്കും. അതുകൊണ്ടുതന്നെ പലനാട്ടിലെയും തീരദേശവാസികളുടെ ജീവിതശൈലിയിൽ സാമ്യങ്ങൾ കാണാം. തീരമേഖല പ്രത്യേക സാംസ്കാരിക പ്രദേശമായിത്തന്നെയാണ് കണക്കാക്കപ്പെടുന്നത്.കടലിനെദൈവമായി കാണുന്ന രീതി പണ്ടുകാലം മുതലേ കാണുന്നതാണ്. അതിനെ കടലമ്മ എന്ന രീതിയിൽ നിത്യജീവിതത്തിന്റെ ഭാഗമായി കാണുന്നതാണ് ഇന്ന് സ്വീകരിച്ച് പോരുന്ന രീതി. കടലമ്മ മീൻപിടുത്തക്കാരായ അവരുടെ മക്കളെ എല്ലാ പ്രതിസന്ധികളിൽ നിന്നും രക്ഷിക്കും എന്ന് അവർ വിശ്വസിക്കുന്നു.

മൽസ്യകന്യകകളുടെ കഥ പോലെത്തന്നെ പ്രധാനമാണ് അതുപോലെ പ്രത്യേക രൂപത്തിലുള്ള സൃഷ്ടികളുടെ കഥകളും. കടലിലൂടെയുള്ള സുഗമമായ യാത്രക്കും അതിന്റെ പ്രതിസന്ധികളെ നീക്കം ചെയ്യാനും ഇത്തരം മിത്തുകളും വിശ്വാസങ്ങളും അവരെ സഹായിക്കുന്നു. തീരദേശങ്ങളിൽ നിലനിൽക്കുന്ന വാമൊഴി പാരമ്പര്യം പ്രത്യേകമാണ്. ഇത്തരം വിശ്വാസങ്ങൾ അവർ തലമുറകൾക്ക് കൈമാറുന്നത് ഇത്തരം പാട്ടുകളിലൂടെയും വാമൊഴികളിലൂടെയുമാണ്. വാമൊഴി പാരമ്പര്യം സംസ്കാരത്തിന്റെ അടിസ്ഥാന കൈമാറ്റ രീതിയാണ്.

കടൽ എന്നാൽ കടക്കാൻ പാടില്ലാത്തത് എന്നാണ് ശബ്ദതാരാവലിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അത്തരത്തിൽ നോക്കിയാൽ നിരന്തരം കടക്കാൻ പാടില്ലാത്ത ഒന്നിലൂടെ സഞ്ചരിക്കുന്നതിന്റെ ധാർഷ്ഠ്യം അവർക്കുണ്ടാവുന്നതിൽ തെറ്റില്ലല്ലോ. അഗാധതയിൽ അല്ലെങ്കിൽ അകലെ എന്തോ ഉണ്ടെന്ന ബോധം അവരെ നിരന്തരം നയിച്ചുകൊണ്ടിരിക്കുന്നു. അത് എത്തിപ്പിടിക്കാനുള്ള തീവ്രശ്രമത്തിലാണ് അവരുടെ ജീവിതത്തിന്റെ ഭൂരിഭാഗവും കാലം കഴിച്ചുകൂട്ടുന്നത്. പലതരത്തിലുള്ള പ്രതീക്ഷകൾ കാണാം. കടലിൽ പോകുന്നവന്റെ, എന്താണ് തൊട്ടടുത്ത് നടക്കാൻ പോകുന്നതെന്നറിയാത്ത ഒരാളുടെ പ്രതീക്ഷ. കരയിലിരിക്കുന്നവരുടെ, ചാകരയുമായി വരുന്നതും അത് കൊണ്ട് പട്ടിണി മാറുന്നതുമായുള്ള പ്രതീക്ഷകൾ. അത്തരത്തിൽ നോക്കിയാൽ കടലെന്നത് പ്രതീക്ഷകളുടെ കൂമ്പാരമാണ്. അവിടത്തെ ജനതയെ നിത്യം മുന്നോട്ട് നയിക്കാൻ പ്രേരിപ്പിക്കുന്നതും ഇത്തരത്തിലുള്ള പ്രേരക ശക്തിയാണ്.

മൽസ്യം അവരുടെ ഏക കൈമാറ്റ വസ്തുവാണ്. അത് പലരൂപത്തിൽഉണക്കയായും പച്ചയായും ഉപയോഗിക്കപ്പെടുന്നു. അതിനെല്ലാം കാലവും വ്യത്യസ്തമാണ്. ഓരോ മീനിനും ഓരോ കാലമുണ്ടെന്നും ഓരോ കാലത്തും കിട്ടുന്ന മീനിന്റെ ഗുണവ്യത്യാസങ്ങൾ എങ്ങനെയാവുമെന്നും ട്രോളിംഗ് നിരോധന കാലത്തെ വറുതിയെ കുറിച്ചും അതിന്റെ ആവശ്യകതയെക്കുറിച്ചും അവർക്കറിയാം. കടലിനടിയിൽ കരയിലുള്ളതുപോലെ വിപുലമായ ഒരു ജീവൽവ്യവസ്ഥ ഉണ്ടെന്നത് ഒരു വസ്തുതയാണ്. മൽസ്യകന്യകയും കടലമ്മയുടെ കൊട്ടാരവും അതുപോലെ പല തരത്തിലുള്ള ഫാന്റസികളും കടൽചിന്തയുടെ ഭാഗമാണ്. എല്ലാമടിഞ്ഞ് ചേരുന്ന സംഗമ സ്ഥാനം എന്ന നിലയിലും കടലിന് പ്രാധാന്യമുണ്ട്. എല്ലാത്തിനെയും ഉൾക്കൊള്ളുന്നത്ര വലിയത് എന്നതരത്തിലും എല്ലാത്തിനെയും അടക്കാവുന്നത്രയും ശക്തിയുള്ളത് എന്നതരത്തിലും കടലിനെ കാണാവുന്നതാണ്.

### 3. കടൽ ബിംബം എന്ന നിലയിൽ

കടൽ രൂപപ്പെടുത്തുന്ന സ്വത്വം എപ്പോഴും അസ്ഥിരതയുടേതാണെന്ന് പറയാനാവില്ല. കടലിനെ ജയിച്ചു വരുന്നവരുടെ വിജയമെന്നത് ലോകത്തെ കീഴടക്കിയ ഒരു ജനതയുടെ വിജയം പോലെയാണ്. അതിന് കൃത്യമായ അതിരുകളോ നിബന്ധനകളോ ഇല്ലെന്നു മാത്രം. അവരത് ജീവിതത്തിൽ നിരന്തരം അനുഭവിക്കുന്നതും കാലങ്ങളിൽ പകർന്നു നൽകുന്നതുമായ വികാരമാണ്. കടലിനോടുള്ള സമീപനം, അതിനോടുള്ള

വൈകാരികത,കടലിന്റെയടുത്തുനിന്നും കിട്ടുന്ന സ്നേഹത്തെ കുറിച്ചുള്ള സങ്കൽപം എന്നിങ്ങനെ. കടലിനെ മനുഷ്യനായി ബിംബവൽകരിച്ചുകൊണ്ടുള്ള ചിന്തകളിൽ അമ്മയുടെ സ്ഥാനമാണ് കൊടുത്തിരിക്കുന്നത്. അമ്മ എന്ന ബിംബത്തിന്റെ എല്ലാ ഉത്തരവാദിത്തങ്ങളും ഏറ്റ് കടലമ്മ പ്രവർത്തിക്കുന്നു. മക്കളെ ഊട്ടുന്നതും അപകടങ്ങളിൽ നിന്നും കാക്കുന്നതും പാപം ചെയ്താൽ പരീക്ഷിക്കുന്നതും അമ്മയാണെന്നത് ദൈവസങ്കൽപമായി മാറുന്നത് ഈ തിരിച്ചറിവിലൂടെയാണ്. ഏത് തെറ്റും ഏറ്റ് പറയേണ്ടിവരുമെന്നും ഏത് തെറ്റിനും ശിക്ഷവാങ്ങേണ്ടി വരുമെന്നുമുള്ള നിരന്തരമായ ബോധ്യമാണ് സാഹിത്യത്തിൽ കടലോരത്തെ നയിക്കുന്നത്. അത് അവരുടെ നൈരന്തര്യമുള്ള പ്രത്യക്ഷ യാഥാർത്ഥ്യവുമാണ്.

ഐതിഹ്യങ്ങളിൽ സ്ത്രീകൾ കടക്കുന്നതിന്റെ സൂചനകൾ കാണാനില്ല. സ്ത്രീ കരയിലിരുന്ന് പുരുഷന്റെ ജീവനുവേണ്ടി പ്രാർത്ഥിക്കേണ്ടവളാണെന്നും അവളുടെ പാതിവ്രത്യത്തിലാണ് അയാളുടെ ജീവനിരിക്കുന്നത് എന്ന തത്തിലുള്ള ആവിഷ്ക്കാരങ്ങൾ വരുന്നത് ആധുനിക കാലത്താണ്. അതുവരെ പ്രയാസകരമായ ജോലി എന്ന തരത്തിൽ മാത്രം പുരുഷന്മാരിലൊതുങ്ങിയിരുന്ന മീൻപിടിത്തവും കടലിൽ പോക്കും കുടുംബസംരക്ഷണ ചിന്തയും രൂപപ്പെട്ടതിന് ശേഷം മിത്തിക്കലായി പാപവും പുണ്യവുമായി ബന്ധപ്പെടുത്തി പുതിയ കഥകളും മിത്തുകളും രൂപപ്പെട്ടു.

അധിനിവേശത്തിന്റെ ഇടമാണ് തീരം. എല്ലായിടത്തുനിന്നും വന്നെത്തുന്നവരെ സ്വീകരിക്കാൻ അത് ബാധ്യസ്ഥമാണെന്ന് ബ്രിട്ടീഷ് കാലത്തെ ചരിത്രം പറയും. പക്ഷെ കടലിനും അതിരുകളും കടന്നുകൂടാത്ത ഇടങ്ങളും ഉണ്ടെന്ന് പിന്നീടറിയുന്നു. കടന്നുകയറ്റത്തെ ചെറുക്കാനും നാടിനെ രക്ഷിക്കാനും ഇത്രയും വലിയൊരു തുറവിയായി കടൽ കിടക്കുന്നത് പ്രശ്നമായി തീർന്നിരിക്കാം.

മിത്തും ചരിത്രവും തീരദേശങ്ങളിൽ കൂടിക്കുഴഞ്ഞ് കിടക്കുന്നത് കാണാം. പലമിത്തുകളും ഇതിഹാസകഥകളും കടലുമായി ബന്ധപ്പെട്ടിരിക്കുന്നു. തീരങ്ങൾക്ക്പല ചരിത്രം പറയാനുണ്ടാവും. അതവരുടെ പൂർവ്വികരെ നിർമ്മിച്ചതോ പൂർവ്വികരാൽ നിർമ്മിതമായതോ ആയിരിക്കും. മിത്തുകൾ കൈമാറി വരുന്നത് പോലെത്തന്നെ അവരുടെ ചരിത്ര കഥകളും കൈമാറി വരുന്നു. അത് ലോക്കൽ ഫോക് ലോറിന്റെ ഭാഗമാവുന്നു. കടലിൽ നടന്നിട്ടുള്ള യുദ്ധങ്ങളും അതിലെ ഹീറോകളും ഇതിഹാസ മുഹൂർത്തങ്ങളുമെല്ലാം ഈ ഫോക് ലോറിൽ അടങ്ങുന്നതാണ്.

ആഘോഷങ്ങളും ഇത്തരം മിത്തും ചരിത്രവും കൂട്ടിക്കലർത്തി രൂപപ്പെട്ടതാണ്. പ്രധാന ആഘോഷങ്ങളിലുംആചാര വിശ്വാസത്തിലും ഇവ പ്രകടമായിരിക്കും. മിത്തുകളുടെ പാരമ്പര്യമുള്ളപ്പോഴും പലയിടത്തും അധിനിവേശത്തിന്റെ സങ്കര സ്വഭാവവും കാണാൻ കഴിയും.പല കാലഘട്ടങ്ങളിൽ തുടങ്ങിയ സുരക്ഷയുടെ ഭാഗമായുള്ള വിശ്വാസങ്ങൾക്ക് ചരിത്ര പ്രാധാന്യം കൂടി ലഭിക്കുന്നത് ഇങ്ങനെയാണ്. സാഹിത്യരൂപങ്ങളിൽ ഇവ കാണുന്നതും സ്വാഭാവികം തന്നെ.

**4. കടൽ എന്ന തൊഴിൽ മേഖല**

മീൻ പിടിത്തവും അതിനോടനുബന്ധമായപ്രവർത്തനങ്ങളുമാണ് കടപ്പുറത്തെ പ്രധാന തൊഴിൽ മേഖല. സ്ത്രീകളും കുട്ടികളും അടങ്ങുന്ന വിഭാഗം ഉണക്കമീൻ ഉണ്ടാക്കുന്ന ജോലികളിൽ ഏർപ്പെടുന്നത് കാണാം. കടലിൽ പോവുന്നതിന്റെസാഹസികതയും അധ്വാനവും കൈകാര്യം ചെയ്യാൻ പുരുഷന്മാരാണ് ആദ്യകാലം മുതലേ മുന്നിട്ടിറങ്ങിയിരുന്നത്. പാരമ്പര്യമായി വന്ന വിശ്വാസങ്ങളുടെ ഭാഗമായി അത് ഊട്ടിയുറപ്പിക്കപ്പെട്ടു. മൽസ്യവിഭവങ്ങളുടെ കയറ്റുമതിയുമായി ബന്ധപ്പെടുത്തി പല സ്ഥാപനങ്ങളിലും സ്ത്രീകളും പുരുഷന്മാരും ജോലി ചെയ്യുന്നുണ്ട്.

കൂടിയ തോതിലുള്ള ജനസംഖ്യയും അവരുടെ അസ്ഥിരമായ താമസ സൗകര്യങ്ങളും പ്രധാന പ്രശ്നങ്ങളാണ്. മണ്ണിടിച്ചിലും കടൽ കയറ്റവും എല്ലാം തീരത്തിന്റെ സ്വഭാവത്തെ വ്യത്യസ്തമാക്കുന്നു.

തീരദേശത്ത് പ്രധാനമായും വെള്ളവുമായി ബന്ധപ്പെട്ടും കരകയറലുമായി ബന്ധപ്പെട്ടും സാമ്പത്തിക, രാഷ്ട്രീയ, സാമൂഹിക പ്രശ്നങ്ങൾ കാണാറുണ്ട്.വ്യത്യസ്ത ജലസ്രോതസ്സുമായി ബന്ധപ്പെട്ട് ജീവിക്കുന്നവർ അതുമായി ബന്ധപ്പെട്ട ജീവിതരീതി ഉണ്ടാക്കിയെടുക്കുന്നു. പ്രധാനമായി ജലവിഭവങ്ങളുടെ ഉപയോഗം തന്നെയാണ്തൊഴിൽ. അവയുടെ ശേഖരണവും വിപണനവും അവരുടെ പ്രധാന ജോലിയായി മാറുന്നു. അതിൽ ആൺ പെൺ വ്യത്യാസങ്ങൾ കുറവാണ്. കരയിൽ എത്തിയശേഷമുള്ള ജോലികളിൽ അവർ അവരുടെതായ പങ്ക് വഹിക്കുന്നു.

മുക്തം(മുത്ത്) ശേഖരിക്കുന്നവൻ എന്നാണ് മുക്കുവൻ എന്ന പദത്തിന്റെ അർത്ഥം. സംഘകാലത്ത് അവർ മുത്തുവാരുക കൂടിചെയ്തിരുന്നതായി കാണാം. മുക്കുവരുടെ പ്രധാന തൊഴിലായിരുന്നത് മുത്തെടുക്കൽ, മീൻപിടിത്തം, ഉപ്പ് വിളയിക്കൽ എന്നിവയായിരുന്നു എന്നും സംഘ കൃതികളിൾ കാണാം. ഉമണർ എന്നാണ് അകനാനൂറിൽ പറയുന്നത്. സ്ത്രീകൾ മൽസ്യ കച്ചവടത്തിൽ ഏർപ്പെട്ടിരുന്നു എന്നും ക്ഷാമകാലത്തേക്ക് ഉണക്കി സൂക്ഷിച്ചിരുന്നു എന്നും കാണാം.

കടലിലെ സഞ്ചാരത്തിന് ആദ്യമായി കേരളത്തിലുണ്ടായിരുന്നത് മരക്കലം എന്ന ബോട്ടിന്റെ ആദിരൂപമായിരുന്നു. വേലിയേറ്റം, വേലിയിറക്കം, കാറ്റിന്റെ ഗതി, തിരമാലയുടെ സ്വഭാവം, ഓട്ടത്തിന്റെ ഉദ്ദേശ്യം എന്നിവയ്ക്കനുസരിച്ച് മരക്കലത്തിന്റെ ആകൃതിയിൽ വ്യത്യാസം വന്നുകൊണ്ടിരുന്നു.

മീൻപിടിത്തം സമയബന്ധിതമായ ഒരു തൊഴിൽ അല്ലാത്തതിന്റെഅനിശ്ചിതത്വം എല്ലാക്കാലത്തും നിലനിന്നിരുന്നു. അന്നന്നത്തെ അന്നം കിട്ടാനായി കടലിൽ പോകുന്നവർ ഇന്നില്ല. അവർ ഒരാഴ്ചയോ ഒരു മാസമോ നീണ്ടുനിൽക്കുന്ന യാത്രക്കാണ് പോകുന്നത്.

**5. കടലും സാഹിത്യവും**

കടലോരമുള്ള ജില്ലകളിലെ മീൻപിടിത്തവും കടലുമായി ബന്ധപ്പെട്ട മറ്റു തൊഴിലുകളുമാണ് കടലോര സംസ്കാരത്തിന്റെ ഭാഗമായി വരുന്നത്. കൃത്യമായി വിശ്വാസങ്ങളെയും മിത്തുകളെയും ശകുനങ്ങളെയും വിശ്വസിച്ചുപോരുന്ന ഒരു ജനതയായിട്ടാണ് മുഖ്യധാരാസാഹിത്യരൂപങ്ങളിൽ ഇവർ പ്രത്യക്ഷപ്പെട്ടിട്ടുള്ളത്. കടലോരമായതിനാലും എപ്പോഴും കടലിന്റെ സാമീപ്യമുള്ളതിനാലും അവരുടെ ജീവിതത്തിലെ എല്ലാ കാര്യങ്ങളും കടലുമായി ബന്ധപ്പെടുന്നു. ഒരു തരത്തിൽ പറഞ്ഞാൽ അരക്ഷിതമായി കഴിയുന്ന ജനതയാണ് അവർ. കടലിന്റെ അനിശ്ചിതത്വം അവരെ നിരന്തരം പ്രശ്നവൽക്കരിക്കുന്നു. മുഖ്യധാരയുടെ സുരക്ഷിതത്വബോധമോ മനോഘടനയോ അല്ല അവർ പുലർത്തുന്നത്. ആടിയുലയുന്ന കടലിൽ ചുഴികളിൽ ചെന്ന് പെട്ട് തിരിച്ചെത്തുന്ന അവർക്ക് ജീവിതത്തെ കുറിച്ചുള്ള ബോധം വേറിട്ടതായിരിക്കുമല്ലോ.

കടൽ കേരളത്തിലേക്കുള്ള പാതയായി പ്രവർത്തിച്ചു.നല്ലതും ബാധിക്കുന്നതുന്നതുമായവ കടന്നുവരുന്നു. തടയാനാവാത്ത കടന്നുവരവ്. വ്യത്യസ്ത സാംസ്കാരിക ചിഹ്നങ്ങൾ അതിലൂടെ ഭാഗമായി. കടൽ നിതാന്ത ചലനത്തെയും നിലയില്ലാത്ത ആഴത്തെയും സൂചിപ്പിക്കുന്നു. അതിന്റെ വ്യാപ്തി കണ്ണെത്താത്ത ദൂരമെന്നതാണ്.

ദ്രാവിഡ സാഹിത്യത്തിലെ പുറനാനൂറിലും പതിറ്റുപത്തിലും മീൻ വ്യവസായത്തെപ്പറ്റിയും തോണി, കപ്പൽ എന്നിവയെ കുറിച്ചും പരാമർശമുണ്ട്. നെയ്തൽ (ഓരുള്ള നിലം) കൃഷിക്ക് അനുയോജ്യമല്ലാത്തതിനാൽ അവിടെനിന്നും ലഭ്യമായ മൽസ്യം ഉപയോഗിച്ച് തുടങ്ങി. മുക്കുവഗാനങ്ങളിൽ അധികവും അനുഷ്ഠാനവും പ്രപഞ്ചോൽപത്തിയും ഭൂപ്രകൃതിയും തൊഴിലും വർണിച്ച് കാണാം. അനന്തപുരം വർണനയിലും ഉണ്ണിയാടി ചരിതത്തിലും ഉണ്ണുനീലി സന്ദേശത്തിലും കടലിനെ പരാമർശിക്കുന്നുണ്ട്. പയ്യന്നൂർ പാട്ടിൽ പടിഞ്ഞാറൻ തീരത്തിന്റെ വികാസത്തെക്കുറിച്ച് പരാമർശം കാണാം.

മുക്കുവ ശബ്ദത്തിന് മുങ്ങുക ശീലമുള്ളവൻ എന്ന് ശബ്ദതാരാവലിയിൽ അർത്ഥം കാണാം.കേരളോൽപ്പത്തിയിൽ6 മുക്കുവ പരാമർശമുണ്ട്. സ്കന്ദപുരാണത്തിലും7 കാണുന്ന പരാമർശത്തിൽ നിന്ന് മുക്കുവർ ബ്രാഹ്മണർ വരുന്നതിന് മുന്നെത്തന്നെ ഇവിടുണ്ടായിരുന്നു എന്ന് കാണാം.മലബാർ മാന്വലിൽ8 സിലോണിൽ നിന്നും കുടിയേറിപ്പാർത്തവരുടെ കൂടെ ഉണ്ടായിരുന്നവരാണ് മുക്കുവരെന്നും പരാമർശമുണ്ട്. മറ്റു പ്രദേശങ്ങളിലുള്ളവരുമായി വലിയ ഇടപഴകലുകളില്ലാത്തതിനാൽ ഭാഷ, തൊഴിൽ എന്നിവയിലെ വ്യത്യാസം രൂപപ്പെട്ടു.

**6. തീരദേശ സംബന്ധിയായ നോവലുകൾ**

തീരദേശ സംബന്ധിയായ കഥപറയുന്ന നിരവധി നോവലുകൾ മലയാളത്തിലുണ്ടായിട്ടുണ്ട്. കടലിനെ അടുത്തുനിന്നും അകലെ നിന്നും നോക്കിക്കാണുന്ന നോവലുകൾ ഇക്കൂട്ടത്തിലുണ്ട്. 'ചെമ്മീൻ' (തകഴി)[9], 'ഓരാപ്രോനോബിസ്' (പോഞ്ഞിക്കര റാഫി)[10], 'അറബിക്കടലോരം' (യു.എ ഖാദർ)[11], 'ഒരു തീരം മഹാസാഗരം' (സലാം പള്ളിത്തോട്ടം)[12], 'ഒരേ ദേശക്കാരായ ഞങ്ങൾ' (ഖാലിദ്)[13], 'സാഗരം മഹാസാഗരം' (പി.ജി. തമ്പി)[14], 'സൂഫി പറഞ്ഞ കഥ' (കെ.പി രാമനുണ്ണി)[15], 'കടൽക്കരയിലെ വീട്' (പെരുമ്പടവം)[16], 'കടൽക്കാക്കകൾ' (ജോസഫ് പനക്കൽ)[17], 'കണ്ണാടിക്കടൽ' (സി.വി ബാലകൃഷ്ണൻ)[18], 'തുറമുഖം' (തോപ്പിൽ മുഹമ്മദ് മീരാൻ)[19], 'മരക്കാപ്പിലെ തെയ്യങ്ങൾ' (അംബികാസുതൻ മാങ്ങാട്)[20], 'കടൽ ഗുഹകൾ' (സി.വി ബാലകൃഷ്ണൻ)[21] എന്നിവ അതിൽ ചിലതാണ്.

സി.വി ബാലകൃഷ്ണന്റെ 'കണ്ണാടിക്കടൽ' ബൈബിൾ ഭാഷയുടെ സഹായത്തോടെ കടൽതീരത്തെ ആവിഷ്കരിക്കുന്നു. അവിടം ബിംബങ്ങളുടെ ഇടമായി മാറുന്നു. കടലിന്റെ മാറുന്ന ഭാവങ്ങളിൽ പ്രാർത്ഥനയും നിലവിളികളും ഉയരുന്നത് ഇവിടെ കേൾക്കാം. 'ഒരു തീരം മഹാസാഗരം' എന്ന നോവലിൽ ദുഖാത്മകവും ഏകാന്തവും വിരസവുമായ കടൽക്കരയിലെ അന്തരീക്ഷത്തിൽ പുലരുന്ന ജീവിതങ്ങൾകാണാം.അവിടെ കടലിന് പല ഭാവങ്ങൾ കൈവരുന്നു. അധികവും ബിംബമായി നിലകൊള്ളുന്ന കടൽ കാഴ്ചകളിൽ വൈവിധ്യം നിറക്കുന്നുണ്ട്. ഭാഷയിലും ഇത്തരം പ്രത്യേകതകൾ കാണാം. 'സാഗരം മഹാസാഗരം' കടലുമായി ബന്ധപ്പെടുത്തി സ്ത്രീ ജീവിതത്തെ ആവിഷ്ക്കരിക്കുന്നു. ട്രോളിംഗ് നിരോധിത കാലവും അതിന്റെ വിഷമതകളും, അതിനെ കാൽപനികമായി കടലമ്മ ഋതുമതിയായി എന്നവതരിപ്പിക്കുന്നതുംകാണാം.പ്രായപൂർത്തിയായ സുശീലയുടെ സംഘർഷ ജീവിതം ഇതേ സാഹചര്യത്തിൽ അവതരിപ്പിക്കുന്നു.

തോപ്പിൽ മുഹമ്മദ് മീരാന്റെ 'തുറമുഖം' അറബിക്കടലിന്റെതീരത്ത് കിടക്കുന്ന തേങ്ങാപ്പട്ടണത്തിന്റെ കഥ പറയുന്നു. കടൽവ്യവസായവും കാലങ്ങളായുള്ള കൊടുക്കൽ വാങ്ങലുകളും ചരക്കുകയറ്റലും നഷ്ടങ്ങളും അതുവഴി കഴിഞ്ഞുപോകുന്ന മനുഷ്യ ജീവിതങ്ങളും എല്ലാം ഇവിടെ വിഷയമാവുന്നു. 'സൂഫി പറഞ്ഞ കഥ'യിൽ കെ.പി രാമനുണ്ണിജീവന്റെ ഉൽപത്തി മുതൽ തുടരുന്ന അശാന്തി മിത്തിക്കൽ പരിവേഷത്തിൽ അവതരിപ്പിക്കുന്നു. കടലിനെ ഒരു പ്രതിഭാസമായി കണ്ടുകൊണ്ടാണ് എഴുത്ത് തുടരുന്നത്. 'കടൽക്കരയിലെ വീട്' കടലിന്റെ ഭാവങ്ങളെ മനുഷ്യ വികാരങ്ങളുമായി ബന്ധിപ്പിച്ച് അവതരിപ്പിക്കുന്നു. വേലിയേറ്റത്തെ ഉന്മാദത്തോടും തിരയുടെ ശക്തിമാറ്റങ്ങളെ ആകുലതയോടും തിരകയറ്റത്തെ അടക്കാനാവാത്ത കോപത്തോടുമെല്ലാം ഉപമിക്കുന്നു. 'കടൽക്കാക്കകൾ' എന്ന നോവൽ ആധുനിക യന്ത്രവൽകൃത മൽസ്യബന്ധനത്തെയും മൽസ്യവ്യവസായത്തെയും വിഷയമാക്കിയാണ് രചിച്ചിരിക്കുന്നത്. പ്രകൃതിനിയമങ്ങൾ തെറ്റിക്കുന്നവരോട് പ്രകൃതി തിരിച്ചടിക്കുന്നതായി പലയിടത്തും കാണാം.

'കടൽ ഗുഹകളി'ൽ (സി.വി. ബാലകൃഷ്ണൻ) കടലിന്റെ നിശബ്ദസാന്നിധ്യമാണ് കാണാനാവുന്നത്. കടൽ കഥാപാത്രങ്ങളുടെ തീരുമാനങ്ങളിൽ പങ്കാളിയും സാക്ഷിയുമാകുന്നു. സിനിമകളിലെ കലുഷിത രംഗങ്ങളിൽ തിരയടിക്കുന്ന കടൽപോലെ ഇവിടെയും വികാരങ്ങൾക്ക് മേൽ ഉയർന്ന് പൊങ്ങുന്ന തിരകൾ കാണാനാവും. തീരദേശത്തെ ആഖ്യാനം ചെയ്യുന്ന നോവലുകളിൽനിന്ന് പ്രാതിനിധ്യ സ്വഭാവമുള്ളവയെ പഠനത്തിനായി തിരഞ്ഞെടുക്കുന്നു.

### 6.1. തകഴിയുടെ 'ചെമ്മീൻ'

കടലും കടൽജീവിതവുമായി ബന്ധപ്പെട്ട നോവലാണ് തകഴിയുടെ ചെമ്മീൻ. ഒരു മിത്തിനെ കൂടി അതിൽ ഇഴചേർത്തിരിക്കുന്നു. ആദിമധ്യാവസാനം നോവലിനെ കോർത്തുകൊണ്ടുപോകുന്നത് ഈ മിത്താണ്. ചെമ്മീനിന്റെ കേന്ദ്ര ആഖ്യാനമായ മിത്തിൽ സൂചിപ്പിക്കുന്ന പ്രകാരം കടലിൽ പോകുന്നവന്റെ ജീവൻ കരയിലിരിക്കുന്ന പെണ്ണിന്റെ കയ്യിലാണെന്ന വിശ്വാസം തലമുറകൾ കൈമാറിയെത്തിയതാണ്. അത് തെറ്റിച്ചാൽ ഫലമനുഭവിക്കുക മുക്കുവൻ മാത്രമാവില്ല തുറ മുഴുവനാണ്. നാലുമരക്കാത്തികൾ ഒരുമിച്ചുകൂടുമ്പോഴൊക്കെ ആ വാചകം കറുത്തമ്മ കേൾക്കുന്നു. പിഴച്ചുപോയ സ്ത്രീകളുടെ കഥകളും അവർ പറയുന്നു. അവിടെ പ്രചാരത്തിലിരിക്കുന്ന പാട്ട് ഇതിനെക്കുറിച്ചുള്ളതാണ്. ഇതെല്ലാം സൂചിപ്പിക്കുന്നത് ഒന്നുതന്നെയാണ്. ആ സമൂഹം പ്രാഥമികമായി അടിസ്ഥാനപ്പെട്ടിരിക്കുന്നത് അത്തരമൊരു മിത്തിന്റെ മുകളിലാണ്. അവരുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട ഒന്നാണ് കടൽ എന്നതുകൊണ്ടുതന്നെ അവരതിനെ നിരന്തരം ഓർമപ്പെടുത്തിക്കൊണ്ടിരിക്കുന്നു. പുതുതലമുറയോടും കല്യാണം കഴിച്ചവരോടും എല്ലാം. കടലിനെ ഒരതീതശക്തിയായിത്തന്നെയാണ് അവർ കാണുന്നത്. കടലിനെ അമ്മയായാണ് കാണുന്നത്. സംരക്ഷണവും ശിക്ഷയും നൽകാൻ കെൽപുള്ള ഒന്ന്. തീരദേശത്തിന്റെ ഭൂപ്രകൃതി വേറിട്ടതാണ്. കുറച്ച് കരയും ബാക്കി കടലും. അധികനേരവും കടലുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നു. ചാകര വരുമ്പോൾ ആഘോഷങ്ങൾ നടത്തുന്നു. വറുതിയുടെ കാലത്ത് അതിനെ സ്വീകരിച്ച് കഴിഞ്ഞുകൂടുന്നു. അവിടെ പലതരത്തിലുള്ള തൊഴിലാളി-ഉടമ ബന്ധങ്ങൾ ഉണ്ടാവുന്നു. ബോട്ടുമുതലാളിമാർ ഉണ്ടാകുന്നു. ഒരിക്കലും അവരതിൽനിന്നും പുറത്തുകടക്കുന്നില്ല. പെൺകുട്ടികൾ കല്യാണം കഴിച്ചുപോകുന്നത് മറ്റൊരു തുറയിലേക്കാണ്. അവിടെയും സ്ഥിതി വ്യത്യസ്തമാവില്ല.

നോവലിലെ സ്ത്രീ കഥാപാത്രങ്ങൾ അവർ കരയിലെ ചെറിയ ജോലികളുമായി മുക്കുവനെ കാത്തിരിക്കുന്ന കാൽപനിക ഭാവമാണ് മുന്നോട്ടുവെക്കുന്നത്. മുക്കുവത്തിക്ക് ഉണ്ടാവേണ്ട പരിശുദ്ധിയാണ് കടലിൽ നിന്നും കോള് കിട്ടാനുള്ള ഒരദൃശ്യബലമായി ചെമ്മീനിലെ മിത്തിൽ പരാമർശിക്കുന്നത്.. എല്ലാത്തിനേയും മുന്നോട്ടുകൊണ്ടുപോകുന്ന മുതിർന്ന ഒരാൾ എന്ന സ്ഥാനമാണ് കടലമ്മയ്ക്ക്. അവരെ കബളിപ്പിക്കുന്ന തരത്തിൽ എന്തെങ്കിലും ചെയ്താൽ അവർ പ്രതികരിക്കും. കടലമ്മ കലിതുള്ളുന്നത് അപ്പോഴാണ്. ഒട്ടും സ്ഥിരതയില്ലാത്ത ഒരു നിലയുടെ മുകളിലാണ് കടലിൽ പോകുന്നവരുടെ ജീവിതം. അവരുടെ കാഴ്ചകൾ എപ്പോഴും ആഴത്തിലേക്കും അവിടെ നിന്നുവരുന്ന മീനിലേക്കുമായിരിക്കും. ജീവന് അപായം ഉണ്ടാകാം എന്ന ഭയം എല്ലായ്പ്പോഴും അവരോടുകൂടിയുണ്ട്. കാറ്റും കാലാവസ്ഥാമാറ്റങ്ങളും വലച്ചുകൊണ്ടിരിക്കും. ഈ അസ്ഥിരതയാണ് ഇത്തരമൊരു മിത്തിനെ വിശ്വസിക്കുന്നതിലേക്ക് നയിച്ചിരിക്കുക. നോവലിലുടനീളം ഉള്ള അതിന്റെ ആവർത്തനം, അവരുടെ പാട്ടുകളിലും കഥകളിലും ഉള്ള സാന്നിധ്യം എന്നിവ അതിന്റെ ആഴത്തെയാണ് കാണിക്കുന്നത്. അവരുടെ അസ്ഥിരമായ മാനസികാവസ്ഥയെ അതാവാം സൂചിപ്പിക്കുന്നത്. ഓരോ കടലിൽ പോക്കും അവർക്ക് പ്രധാനമാണ്. ജീവൻ രക്ഷിക്കാൻ ഒരദൃശ്യവിശ്വാസം ഉണ്ട് എന്നത് അവർക്ക് കൂടുതൽ ബലം നൽകും.

പ്രകൃതിശക്തികളോടുള്ള ഏറ്റുമുട്ടലുകളാണ് മിത്തുകളെ രൂപപ്പെടുത്തുന്നത് എന്ന് പറഞ്ഞല്ലോ. കടൽ ഇവിടെ അതിഭീകരമായ ശക്തിയായി നിലകൊള്ളുന്നു. അതിനെ അടക്കാനും തന്റെ വരുതിയിൽ വരുത്താനും ശ്രമിച്ച മനുഷ്യൻ പല ഘട്ടങ്ങളിലും പരാജയപ്പെട്ടിരിക്കാം. അത്തരമൊരവസ്ഥയിൽ സമൂഹവുമായും തുറയുമായും തന്റെ ജീവിതസാഹചര്യവുമായും ബന്ധപ്പെടുത്തി രൂപപ്പെടുത്തിയതാവാം ഇത്തരമൊരു സങ്കൽപം. ചെമ്മീൻ എന്ന നോവലിലെ കഥാപാത്രങ്ങളെ നോക്കിയാലറിയാം അവയെ നിയന്ത്രിക്കുന്നത് മേൽ സൂചിപ്പിച്ച മിത്താണ്. പണ്ടെങ്ങോ പാടിക്കേട്ട കഥയല്ല അവർക്കത്. നിത്യജീവിതത്തിൽ നേരിട്ടുകൊണ്ടിരിക്കുന്ന യാഥാർത്ഥ്യമാണ്.

നോവലിൽ ആഖ്യാനം ചെയ്യപ്പെടുന്ന കടലോരം പിന്തുടരുന്ന തത്വശാസ്ത്രം ഈ മിത്താണ്. ദൈവങ്ങളോ മറ്റുബോധ്യങ്ങളോ അവരെ നയിക്കുന്നില്ല. പരീക്കുട്ടി കടപ്പുറത്ത്

പാടിനടക്കുന്ന പാട്ടുപോലും കറുത്തമ്മയെ വിശ്വാസത്തേക്കാളും സ്വാധീനിക്കുന്നത് കാണാം. അതുപോലെത്തന്നെ കറുത്തമ്മ പരീക്കുട്ടിക്ക് വഴങ്ങേണ്ടവളാണെന്ന് അവളെക്കൊണ്ട് ചിന്തിപ്പിക്കുന്നതും കടലോര ജീവിതത്തെ മുൻനിർത്തി നോവലിൽ സ്വീകരിക്കുന്ന ഈ മിത്താണ്. പരീക്കുട്ടിയോട് കടംവാങ്ങിയ ചെമ്പൻകുഞ്ഞിന്റെ മകളാണ് കറുത്തമ്മ. ആ കടം വീട്ടേണ്ടത് തന്റെ കൂടി കർത്തവ്യമാണെന്ന് അവൾ കരുതുന്നു. അവളെ കണ്ടാണ് പരീക്കുട്ടി ആ പണം നൽകുന്നതെന്ന് അവൾ വിശ്വസിക്കുന്നു. സത്യവും അതായിരിക്കെ കറുത്തമ്മയുടെ ചിന്തകൾ ശരിയുമാവാം. പക്ഷെ, പണത്തിന് പകരം പരീക്കുട്ടി ചോദിച്ചാൽ അവൾ കൊടുക്കേണ്ടി വരുന്നത് കടപ്പുറത്തെ സ്ത്രീകളുടെ 'മൊറേം ശുത്തവു'മാണ്. അത് വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാവുന്ന ഒന്നാണ്. പരീക്കുട്ടി വരത്തനായതുകൊണ്ട് അയാൾക്ക് ഇത്തരം കാര്യങ്ങൾ അറിയില്ലെന്നും അറിഞ്ഞാൽ തന്നെ പാലിക്കേണ്ടതില്ലെന്നും അത് തുറയുടെ നാശത്തിലേക്ക് വരെ നയിക്കാവുന്ന പ്രവൃത്തിയാണ് എന്നും ചക്കി കറുത്തമ്മയെ ഓർമിപ്പിക്കുന്നുണ്ട്.

പുറത്തു കാണാത്ത മാനസിക വ്യാപാരങ്ങളിലൂടെയാണ് കടപ്പുറത്തെ ജനത മുന്നേറുന്നത്. അവിടെ എന്തെങ്കിലും ഒന്നു പറഞ്ഞാൽ അത് പിന്നെ പാട്ടാണ്. അതിനാൽ എന്തെങ്കിലും പറയുവാൻ മടിക്കുന്നു. മനസ്സ് തുറന്നാൽ പുറത്തായിപ്പോവുന്ന രഹസ്യം നിലനിൽപ്പിനെക്കൂടി സംബന്ധിച്ചതാകുമ്പോൾ അത് വലിയ ഭാരമാകുന്നു. മൂല്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആരോടും തുറന്നു പറയാനാവാത്ത അവസ്ഥ അവിടെയുണ്ട്. കേൾക്കുന്നയാളിന്റെകൂടി നിലനിൽപ്പിനെ ബാധിക്കുന്ന കാര്യമായതിനാൽ പ്രത്യാഘാതങ്ങൾ വലുതായിരിക്കും. ഇത്തരത്തിൽ നോക്കിയാൽ കടപ്പുറം എപ്പോവും ജനനിബിഡമായതും വൈകാരികമായി ആളുകളെ ഒറ്റപ്പെടുത്തുന്നതുമാണ്.

പ്രസ്തുത മിത്തിനെ ചുറ്റിപ്പറ്റി ജീവിക്കുന്നവരും കടപ്പുറത്തെ എല്ലാ നിയമങ്ങളും പാലിക്കുന്നവരുമാണ് നോവലിലെ പ്രധാന കഥാപാത്രങ്ങൾ. അതിൽ ആരും തന്നെ വിട്ടുവീഴ്ച വരുത്തുന്നില്ല. അതവരുടെ ജീവിതസംബന്ധിയായതാണ് പ്രധാന കാരണം. കടലിലെ തൊഴിലിനും കടപ്പുറത്തെ ജീവിതത്തിനും അപ്പുറം അവരിൽ ആശകളില്ല. അങ്ങനെ സ്വപ്നം കാണുന്ന രണ്ടാൾക്കാർ ചെമ്പൻകുഞ്ഞും കറുത്തമ്മയുമാണ്. ചക്കിയോട് പെണ്ണുങ്ങളും പരീക്കുട്ടിയും സമ്മതം ചോദിക്കുന്നു. എന്നാലവൾക്ക് എല്ലാത്തിനും ചെമ്പൻകുഞ്ഞിന്റെ സമ്മതം വേണമായിരുന്നു. ചെമ്പൻകുഞ്ഞിനാകട്ടെ അധികാരിയുടെയും. സമൂഹവും കുടുംബവും തമ്മിലുള്ള അധികാരവ്യവസ്ഥ ഇവിടെ കാണാം. ചെമ്പൻകുഞ്ഞ് പണം ലഭിക്കുന്നതോടെ ഈ അനുവാദത്തെ ലംഘിക്കാൻ പ്രാപ്തനാവുന്നുണ്ട്. പക്ഷെ അത് കുടുംബത്തിലെ സ്ത്രീകളെ കൂടുതൽ ആശ്രിതരാക്കി മാറ്റുകയാണ് ചെയ്യുന്നത്.

ആണിന്റെ പൗരുഷവുംആകാരഭംഗിയും വർണിക്കുന്നത് കടലുമായി ബന്ധിപ്പിച്ചാണ്. അവരുടെ വീരത്വം കടലിനെ കീഴടക്കുന്നതുമായി ബന്ധപ്പെട്ടതാണ്. അതൊരിക്കലും നിലക്കാത്ത, നിരന്തരം പുതുക്കേണ്ട സ്ഥാനമാണ്. ഒരിക്കൽ പരാജിതനായാൽ അവർ തഴയപ്പെടുന്നു. വീരനായി, ധീരനായി തുടരുക എന്നത് എല്ലാക്കാലത്തും വെല്ലുവിളിയാണ്. എന്നാൽ നിരന്തരം ഇടപെടേണ്ടതും ജയിച്ച് വരേണ്ടതുമായ ധീരത്വം കടലുമായി ബന്ധപ്പെടുന്നവർക്കുണ്ട്.

ഉദാഹരണ കഥകൾ കടപ്പുറത്തിന്റെ പ്രത്യേകതയാണ്. എന്തിനും ഏതിനും അവർക്ക് പഴയകാലത്തെ ഒരു കഥയുണ്ട്. അതിൽ പറയുന്നത് മൂല്യത്തെയും നിയമങ്ങളെയും കുറിച്ചുള്ള വിവരങ്ങളാണ്. സ്ഥലം ചരിത്രപരവും യഥാതഥവുമാണ് എന്നാലതൊരു ചരിത്രനോവലല്ല.തകഴി തൃക്കുന്നപ്പുഴയിലെയും നീർക്കുന്നത്തെയും കടപ്പുറം മാത്രം നോക്കി മിത്തിനെ അടിസ്ഥാനമാക്കിയെഴുതിയതാണ്.

പരീക്കുട്ടിയുടെ വാക്കുകൾ പിന്നെയും പിന്നെയും ഉദ്ധരിക്കപ്പെടുന്നുണ്ട്.അയാളോട് ചതി ചെയ്തു എന്നതോന്നൽ പുതുക്കിക്കൊണ്ടിരിക്കുന്നതാണെന്നും ജീവിതത്തിനെ ബാധിക്കുന്നുണ്ടെന്നും കാണിക്കുന്നത് ഇത്തരത്തിലാണ്. കറുത്തമ്മയുടെ ചിന്തയ്ക്ക് കടിഞ്ഞാണിടാൻ കഴിയുന്നില്ല. അവളതിന്റെ ആഴങ്ങളിൽ ചൂഴ്ന്നിറങ്ങി വീണ്ടും വീണ്ടും അർത്ഥം തേടുന്നത് കാണാം.

നാടിന്റെ സാമ്പത്തികാവസ്ഥ പ്രധാനമാണ്. കാരണം പണത്തെക്കുറിച്ചുള്ള വേവലാതിയിലാണ് ഒരുതരത്തിൽ ചെമ്മീനിലെ പ്രണയം പോലും ബന്ധപ്പെട്ടു കിടക്കുന്നത്. ഇല്ലെങ്കിൽ കറുത്തമ്മ ശുത്തത്തിന്റെയും മൊറയുടെയും പേരിൽ മറന്നേക്കാവുന്ന ബന്ധത്തെ സാമ്പത്തിക കൈമാറ്റം ഒരു കടപ്പെടലാക്കി മാറ്റുന്നു. ചെമ്പൻകുഞ്ഞിന് പലിശക്കാരുടെ അടുത്തുനിന്നും പണം വാങ്ങുന്നതിൽ പേടിയുണ്ട്. അതയാളുടെ ഉറക്കം കെടുത്തുമെന്ന് മറ്റുള്ളവരുടെ അനുഭവത്തിൽ നിന്നും അയാൾ കണ്ടിട്ടുണ്ട്.കടം വാങ്ങുമ്പോളും അത് തിരിച്ച് കൊടുക്കേണ്ടെന്ന വിചാരം ചക്കിക്കില്ല.മറ്റു സ്രോതസ്സുകളേക്കാൾ വിശ്വാസ്യത പരീക്കുട്ടിക്കാണെന്ന് അവർ ആലോചിച്ച് ഉറപ്പിക്കുന്നുണ്ട്. പക്ഷെ ആ കടം കൊടുത്തു തീർക്കാതെയാണ് ചക്കി മരിക്കുന്നത്. ആ കുറ്റബോധം തീർക്കാനും കറുത്തമ്മയെ സുരക്ഷിതയാക്കാനും നിസ്സഹായ ഘട്ടത്തിൽ ചക്കി പരീക്കുട്ടിയെ അവളുടെ ആങ്ങളയായി സ്ഥാപിക്കുന്നു. അവിടെ കടങ്ങൾ ക്ഷമിക്കപ്പെടുമെന്നും കറുത്തമ്മക്ക് കൂടുതൽ സുരക്ഷിതത്വം കൈവരുമെന്നും അവർ കരുതുന്നു.

ഭാഗ്യം പണംപോലെ പ്രധാനപ്പെട്ട ഘടകമാണ് തുറയിൽ. ചെമ്പൻകുഞ്ഞ് വള്ളവും വലയും വാങ്ങാൻ കാരണം അയാളുടെ കള്ളഭാഗ്യമാണെന്ന്തുറക്കാർ പറയുന്നു. ഭാഗ്യനിർഭാഗ്യങ്ങൾ നിരന്തരം കടലോര ജീവിതത്തിന്റെ ഭാഗമാവുന്നു. പരീക്കുട്ടി പണം കൊടുക്കാൻ തീരുമാനിക്കുന്നത് ചെമ്പൻകുഞ്ഞിന് ഭാഗ്യമായി മാറുന്നു. പണം കൊടുക്കാൻ തീരുമാനിക്കുന്ന പരീക്കുട്ടിയുടെ അവസ്ഥയെ നിർഭാഗ്യമായാണ് കറുത്തമ്മ പറയുന്നത്. ചെമ്പൻകുഞ്ഞ് ഭാഗ്യത്തിനുമേൽ ഭാഗ്യം പണിയാൻ ആർത്തിയോടെ ഓടിനടക്കുന്നത് കാണാം. മറ്റാരും അതിന് ശ്രമിക്കുന്നില്ലെന്നല്ല. അവർക്കതിനുള്ള ധൈര്യമില്ല. ചെമ്പൻകുഞ്ഞിന് ധൈര്യം കൊടുക്കുന്നത് അയാൾക്ക് കിട്ടുന്ന പണം തന്നെയാണ്.

ആ നാട്ടിൽ നിന്നല്ലാതെ പുറത്തുനിന്ന് വന്ന് അവരെ പിഴപ്പിച്ച് നാടിന് ശാപം വരുത്തിവെക്കാൻ പോകുന്ന ഒരാളെ അവിടത്തെ കഥകളിൽ കാണാം. അതിന് കാരണമാവരുതെന്നാണ് ചക്കി കറുത്തമ്മയോട് പറയുന്നത്. കടപ്പുറത്തിന് ഒരു സംസ്കാരം ഉണ്ടെന്നും അവിടെയുള്ളവർ അത് പിന്തുടരാൻ നിർബന്ധിക്കപ്പെട്ടവരാണെന്നും പുറത്തുനിന്ന് വരുന്നവർക്ക് അത് പാലിക്കേണ്ട ആവശ്യമില്ലെന്നും ചക്കി പറഞ്ഞുകൊടുക്കുന്നു. എല്ലാ കഥകൾക്കും ഇത്തരമൊരു വശം നിലനിൽക്കുന്നു. പുറത്തുനിന്നുംവരുന്നവരെ പേടിയോടെ സംസ്കാരത്തിനകത്ത് പ്രശ്നങ്ങളുണ്ടാക്കാൻ വരുന്നവരെപ്പോലെ കാണുന്നു. അവരുടെ സാംസ്കാരിക ബോധം വേറിട്ടതായതിനാലുള്ള പേടി പ്രകടിപ്പിക്കുന്നു. കടപ്പുറം അവരുടെ സംസ്കാരത്തെ എത്രമാത്രം രൂപപ്പെടുത്തിയിരിക്കുന്നെന്നും അത് മറ്റുള്ളവരെ എങ്ങനെ കാണാൻ പഠിപ്പിക്കുന്നു എന്നും കാണാം. നിത്യജീവിതത്തിലും അനുഭവത്തിലും അത് വിപരീതമാണെന്ന് പരീക്കുട്ടി കാണിച്ച് കൊടുക്കുന്നുണ്ട്. പക്ഷെ പ്രശ്നവൽക്കരിച്ച് മാത്രമേ അതിനെ സമീപിക്കാൻ അവർക്കാവുന്നുള്ളൂ.

### 6.1.1. നോവലിൽ അനാവൃതമാവുന്ന ഭൂമിക

'അമ്മാച്ചീ, ഇച്ചേച്ചി അങ്ങാ കരേ കേറ്റിവച്ചിരിക്കുന്ന വള്ളാത്തിന്റടുത്ത് മാറേനിന്നുകൊച്ചുമൊതലാളീമായി ചിരിക്കുവാരുന്നു'(പു. 18).

'ഈ കരേല് കേറ്റിവച്ച് വള്ളാത്തിന്റെ മറയും കുറ്റിക്കാടും ഓക്കേ സൂക്ഷിക്കേണ്ടേടമാ'(പു.20).

വിശാലമായി കിടക്കുന്ന കടപ്പുറത്തിന്റെ മറയിടങ്ങളാണ് ചക്കി കറുത്തമ്മയ്ക്ക് പറഞ്ഞുകൊടുക്കുന്നത്. അവിടെല്ലാം  കടപ്പുറത്തിന്റെയും കടപ്പുറത്തെ പെണ്ണുങ്ങളുടെയും ശുത്തം കളയാൻ കൊച്ചു മുതലാളിമാർ കാത്തുനിൽക്കുന്ന ചിത്രമാണ് ചക്കി രൂപപ്പെടുത്തുന്നത്. കടപ്പുറത്ത് കുടിലുകളല്ലാതെ ബാക്കിയുള്ള ഇടം തുറന്ന കടപ്പുറവും തുറവിയായ കടലുമാണ്.

'കടൽ ക്ഷോഭിച്ചില്ല; കാറ്റിളകിയില്ല. കൊച്ചുകൊച്ചലകൾ ഇളകി ഒടിഞ്ഞുകുത്തി വെൺപത പരത്തി കടൽ പുഞ്ചിരി കൊണ്ടങ്ങനെ ഒരു പ്രേമനാടകം കടപ്പുറത്ത് ആടപ്പെട്ടിട്ടില്ലേ?' (പു. 57).

കടൽ അനന്തമായ സാക്ഷിയാണ്. കടലിനെ മറച്ച് കടപ്പുറത്തുള്ളവർക്ക് ഒന്നും ചെയ്യാനാവില്ല. അവരുടെ രഹസ്യങ്ങൾ പോലും കടപ്പുറത്ത് രഹസ്യങ്ങളല്ലാതെയാവുന്നു. കടൽ ഓരോ സാഹചര്യത്തിനനുസരിച്ച് പെരുമാറുന്നതായി നോവലിസ്റ്റ് ചിത്രീകരിച്ചിരിക്കുന്നു. കടപ്പുറത്ത് ഓടിനടന്ന് കളിച്ചു വളർന്നവരാണ് പരീക്കുട്ടിയും കറുത്തമ്മയും എന്നും അവരുടെ വളർച്ചക്കും പ്രണയത്തിനും സാക്ഷി കടൽ മാത്രമാണെന്നും പറയുന്നു. പരീക്കുട്ടിയുടെ പാട്ടിനും കടപ്പുറത്തെ അവരുടെ കൂടിക്കാഴ്ചകൾക്കും കടൽ സാക്ഷി.

'പെട്ടന്ന് ഒരുദിവസം കടലിന്റെ നിറം മാറി. പോളയാണ്. വെള്ളത്തിനു ചുവപ്പുനിറം വന്നു. കടലമ്മ ഋതുവായെന്നാണു സങ്കൽപം. പിന്നെ കുറെ കാലത്തേക്കു കോരുണ്ടായിരിക്കുകയില്ല'(പു.72).

കടലിനും ഋതുസങ്കൽപം നൽകിയിരിക്കുന്നു. അപ്പോൾ കടലിൽ കോര് കുറവായിരിക്കും.പക്ഷെ, അപ്പോഴും ചെമ്പൻകുഞ്ഞ് കടലിൽ പോകാൻ കൂട്ടരെ ചട്ടംകെട്ടി. അയാൾ വലിയ മീനുകളെ പിടിച്ച് എല്ലാവരുടെയും പട്ടിണിമാറ്റി. പക്ഷെ അത് പഴമക്കാരുടെ വിശ്വാസത്തിന് എതിരായിരുന്നു. കടലിൽ പോകുന്ന നെറിയും മൊറയും ചെമ്പൻകുഞ്ഞ് പലപ്പോഴു തെറ്റിക്കുന്നുണ്ട്.

'അങ്ങനെ പ്രതീക്ഷിച്ചിരിക്കവെ ഇടവപ്പാതി തുടങ്ങി. തലക്കോളിളകി. അതുകഴിഞ്ഞാലുള്ള വലി കണ്ടപ്പോൾ ചാകര ആ കടപ്പുറത്തായിരിക്കുമെന്ന് തീർച്ചയായി. അവിടത്തെ അരയന്മാരുടെ കണ്ണുകളിൽ പ്രത്യാശയും ചൈതന്യവും കളിയാടി. അധികം താമസിക്കാതെ കടപ്പുറം തെക്കുവടക്ക് നഗരമായി മാറും. അതിനു കുടിലുകൾ ഇരുവശത്തും വച്ചുതുടങ്ങി. ചായക്കടകൾ, തയ്യൽക്കടകൾ, തുണിക്കടകൾ, സ്വർണക്കടകൾ, എല്ലാമുണ്ട്'(പു. 83).

ചാകര എവിടെയാണെന്ന് കണ്ടെത്താനും എത്ര ദിവസം ചാകര പെയ്യുമെന്നറിയാനും കോള് ഏത് ദിശയിലേക്കാണെന്നറിയാനും കടപ്പുറത്തുള്ളവരുടെ അറിവുകൾ വ്യത്യസ്തമാണ്. അതിൽ പ്രഗൽഭരായ ചിലരും കടപ്പുറത്ത് ഉണ്ടായിരിക്കും. കടപ്പുറത്തിന്റെ ഒരുഭാഗം നഗരമായി പരിണമിക്കുന്നതിന്റെ ചിത്രം ഇതിൽ കാണാം. അവിടെ കടകളും കെട്ടിടങ്ങളും വരുന്നു. കടപ്പുറത്തിന്റെ ഭാഗമായി ആകെ പരാമർശിക്കപ്പെടുന്നത് ഒരു ചായക്കട മാത്രമാണ്. പിന്നെ കടപ്പുറം വാസികളുടെ വീടുകളും.

'അവൾ പോവുകയാണ്. പരിചിതമായ എല്ലാത്തിനോടും യാത്രപറഞ്ഞു കഴിഞ്ഞു. അവൾ എല്ലാറ്റിനെയും വെടിയാൻ തയ്യാറായി.ആ കടപ്പുറത്തെ ചന്ദ്രികയോട് യാത്ര പറഞ്ഞില്ല. നിലാവിൽ മനോഹരമായിത്തീർന്ന കടലിനോട് വിടവാങ്ങിയില്ല'(പു. 112).

കറുത്തമ്മ മറ്റൊരു കടപ്പുറത്തേക്ക് പോകുന്നു. അവിടെ അവളുടെ സ്വന്തമെന്ന് പറയാൻ പളനി മാത്രമേയുള്ളു. ഇവിടെ കടപ്പുറത്തുള്ള എല്ലാത്തിനോടും അവളുടെ ബന്ധം ഓർമയായി മാറുന്നു. മനുഷ്യരും കടലും അവളെ യാത്രയാക്കുന്നു. അവിടെനിന്നുള്ള പോക്ക് അവൾക്കും രക്ഷയെന്നപോലെയാണ്. പരീക്കുട്ടിയുമായുള്ള ബന്ധം ആരെങ്കിലും അറിഞ്ഞാലുള്ള പ്രത്യാഘാതം അവൾക്കറിയാം.

'ആ നാട്ടിലെ കടലിന് തന്നെ ഒരു പ്രത്യേകതയുള്ളതായി കറുത്തമ്മയ്ക്ക് തോന്നി. വെള്ളത്തിനു തന്നെയും വ്യത്യാസമുണ്ട്. കടൽ അവിടെ ശാന്തപ്രകൃതിയല്ല. ഏത് നിമിഷവും തിളച്ചു മുകളിൽ വരുന്ന ചുഴിയെയും മലരിയെയും കാപട്യത്തിൽ അങ്ങടിയിൽ കടൽ ഒളിച്ചുവെച്ചിട്ടുണ്ട്. മണലിനുതന്നെ ഒരു നിറ വ്യത്യാസമുണ്ട്'(പു. 131).

പുതിയ നാട്ടിലെ കടൽ അവൾക്ക് അപരിചിതമായിരുന്നു. അതിന്റെ സ്വഭാവം, ആഴം, മണലിന്റെ നിറം എല്ലാം അവളിൽ അപരിചിതത്വം നിറച്ചു. ഇവിടത്തെ കടലിന് ഒരു നിഗൂഢഭാവമുണ്ടെന്ന് കറുത്തമ്മക്ക് തോന്നി. അതെന്തൊക്കെയോ ഒളിച്ചു വെച്ചിരിക്കുന്നു. അത് തന്റെ ഭാവിയാണെന്ന് കറുത്തമ്മ വൈകിയാണ് അറിയുന്നത്. മരക്കാന്റെ ഭാര്യയായാണ് കറുത്തമ്മ കടലിന് മുന്നിലെത്തുന്നത്. അവൾക്ക് നീർക്കുന്നപ്പുഴയിലുള്ളതിനേക്കാൾ ഉത്തരവാദിത്തമാണ് ഇവിടെ. ആദ്യമായി കാണുന്നവർ നീർക്കുന്നത്തുനിന്നും പറഞ്ഞതുതന്നെ

കറുത്തമ്മയോട് പറയുന്നു. അവൾക്കത് പുതുമയല്ലെങ്കിലും ഇപ്പോഴതിൽ പളനിയുടെ ജീവന്റെ ഉത്തരവാദിത്വം കൂടി ഉൾച്ചേർന്നിരിക്കുന്നു.

'ആരുമാരും വീടും കുടിയുമില്ലാത്തോനാണെങ്കിലും ഞാനും കടലീന്റെ മൊകാനാ... ഈ പരാന്നു കിടക്കുന്നത് എന്റെം സൊത്താ... എനീക്കെന്താ കൊറവ്. കടപ്പുറത്തെ എല്ലാ മുക്കോനെ പോലാ ഞാനും'(പു. 142).

കടൽ സമ്പന്നമാണ്. അതിന് വായ് നിറയെ സ്വത്തുണ്ട്. അത് മുക്കുവനുള്ളതുമാണ്. അതിൽ കടപ്പുറത്തെ ആർക്കും സംശയമില്ല. പളനിയുടെ ബന്ധവും സ്വന്തവും എല്ലാം കടലാണ്. എല്ലാ മുക്കുവന്മാർക്കും ഉള്ള അവകാശം തന്നെ അവനും കടലിലുണ്ടെന്ന് അവനറിയാം. അതിനാലാണ് മറ്റുള്ളവർ നിരസിക്കുമ്പോഴും ഒറ്റക്ക് കടലിൽ പോകാൻ അവന് ധൈര്യം വരുന്നത്. പളനി എന്ന കഥാപാത്രത്തിന്റെ സ്വത്വം കടലിനോട് ബന്ധപ്പെടുത്തിയാണ് നോവലിൽ പരാമർശിക്കുന്നത്. കടലിന്റെ മകൻ എന്നുള്ളതല്ല, നല്ല പണിക്കാരൻ എന്നുള്ളതാണ് പളനിയെ കേമനാക്കുന്നത്. അവസാനത്തിൽ കറുത്തമ്മ കാരണം കടലിൽ കൊണ്ടുപോകാൻ സമ്മതിക്കാത്ത പ്രാമാണിത്തത്തോട് പളനി പറയുന്നതും താൻ മരക്കാനാണ് കടൽ തന്റെ കൂടിയാണ്,് കടലിൽ പോകുന്നത് തടയാൻ ആരെക്കൊണ്ടും കഴിയില്ല എന്നാണ്.

തകഴിയുടെ കൃതികളിൽ 'ശുത്ത'മില്ലായ്മ എന്നത് അടിയാളർ നിത്യജീവിതത്തിൽ വരുത്തുന്ന അശ്രദ്ധയുടെ പേരാകുന്നു. പണിയിലും മണ്ണിലും മാത്രം ശ്രദ്ധിക്കേണ്ടവർ അവരുടെ വ്യക്തിപരമായ ജീവിതത്തിലേക്ക് ശ്രദ്ധകൊടുക്കുമ്പോൾ കടലിൽ മരക്കാന് പരിക്ക് പറ്റുന്നു. വയലിൽ മടപൊട്ടുന്നു. ഇത്തരത്തിലുള്ള കാഴ്ചകൾ പലയിടത്തുനിന്നും കേട്ടിട്ടുണ്ട്.

പരീക്കുട്ടിയുടെ പ്രണയത്തെ അത്രമേൽ അനുഭവിപ്പിക്കാതെ ആണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന വാദം കാണാം. അത് പ്രാന്തവൽക്കരിക്കപ്പെട്ട ഒരു ജനതയുടെ പ്രണയസങ്കൽപമാണെന്നും അത് വായനക്കാരെയും എഴുത്തുകാരനെയും പൊതുബോധത്തെയും അത്രമാത്രം ബാധിക്കുന്ന ലാഘവത്തിലാണ് എഴുതപ്പെട്ടതെന്നും വാദങ്ങൾ കാണാം[22].

മിത്ത് ചെമ്മീനിലെ ജീവിതത്തിന്റെ അടിത്തറയാണെന്ന് പറഞ്ഞല്ലോ. അത് അവിടെയുള്ള ജീവിതങ്ങളെ വളരെ ഭീകരമായി നേരിടുന്നു എന്നതിന്റെ സാക്ഷ്യമായി മാറുകയാണ് ഈ നോവലെന്നും ഒരുതരത്തിലുള്ള മാറ്റത്തിനും ആ ബോധത്തിൽ സ്ഥാനമില്ല എന്നും പറഞ്ഞുവെക്കുകയാണ് തകഴി എന്നും കെ.ഇ.എൻ വാദിക്കുന്നു[23].

ഓരോ കടലോരത്തിനും അവരുടേതായ നിയമവ്യവസ്ഥിതികൾ ബാക്കി നിൽക്കുന്നുവെന്നും അവിടെ ജീവിക്കുന്നവർ അവരുടെ സമൂഹത്തിന്റേതായ നിയമങ്ങൾ പാലിക്കാൻ നിർബന്ധിതരാണ്എന്നും നാലാംവേദക്കാരനെ സ്നേഹിക്കുന്നത് പാപമാണ്എന്നും ചെമ്മീൻ പറഞ്ഞുവെക്കുന്നതായി കാണാം. വേലുക്കുട്ടി അരയൻ[24] 'തകഴിയുടെചെമ്മീൻ- ഒരു നിരൂപണം' എന്ന പേരിൽ വിമർശന ഗ്രന്ഥമെഴുതിയിട്ടുണ്ട്. പഠനത്തിൽ മൂന്ന് തരത്തിലുള്ള സമീപനങ്ങളാണ് കാണാനുള്ളത്. വസ്തുതാപരം, പ്രതിനിധാനപരം, വീക്ഷണപരം. ഇത്തരത്തിൽ കടലോര ജനതയെ അവഗണിക്കുകയാണ് തകഴിയും വായനക്കാരും ചെയ്യുന്നതെന്ന് അദ്ദേഹം രേഖപ്പെടുന്നു. ചെമ്മീനെന്ന നോവലിനെ നിശിതമായി വിമർശിക്കുന്നു.

### 6.2. അംബികാസുതൻ മാങ്ങാടിന്റെ 'മരക്കാപ്പിലെ തെയ്യങ്ങൾ'

മരക്കാപ്പ് കമ്പല്ലൂർ കോട്ടയെയും തീരത്ത് വഹിച്ച് നിലകൊള്ളുന്ന കടപ്പുറമാണ്. മരക്കാപ്പിലെ കടലിനെ മറവിയുടെ കടലായാണ് എഴുത്തുകാരനും കഥാപാത്രങ്ങളും കുട്ടിച്ചാത്തനും എല്ലാം വിലയിരുത്തുന്നത്. ചത്ത മീനെ കൂടി കരയിലേക്ക് തള്ളുന്ന കടൽ നിരവധി മനുഷ്യ ശവങ്ങളെയും ഇതിനോടകം കരയിലെത്തിച്ച് കഴിഞ്ഞു. ഇതിനുമപ്പുറം മരക്കാപ്പ് വാവ് ദിനങ്ങളിൽ ബലിയർപ്പിക്കുന്നവരുടെ ഇടമായും മാറുന്നുണ്ട്. തീരത്ത് പുതിയ കോട്ട വരുന്നത് ടൂറിസത്തെ വികസിപ്പിക്കുന്നു. അതിനുള്ളിലേക്ക് കടക്കുന്ന ഉമ്പിച്ചിഎവിടേക്ക്

പോകണമെന്നറിയാതെ വഴിതെറ്റുന്നുണ്ട്. തന്റെ അടിസ്ഥാനമായ കടൽ കാണാതെ ദിശയറിയാതെ ഉമ്പിച്ചി അതിനുള്ളിൽ കുടുങ്ങിപ്പോകുന്നു.

ചെമ്മീനിലെപ്പോലെ ഉമ്പിച്ചിക്കും പ്രണയങ്ങളുണ്ട്. പക്ഷെ അവൾക്കത് സ്വീകരിക്കാനാവുന്നില്ല. ഇഷ്ടം തുറന്നു പറയുന്ന അവസാന നിമിഷംവരെ അവളെ കൂട്ടാൻ കാത്തുനിൽക്കുന്ന നാരിയമ്പാടി പ്രധാന കഥാപാത്രമാണ്. പരീക്കുട്ടിയാവുന്ന സുമുഖന് കടലിനെ കറുത്തമ്മയായി കാണിച്ച് കൊടുക്കുകയാണ് ഉമ്പിച്ചി. തന്റെ യാഥാർഥ്യത്തെ നോവലിന്റെ വരികളിലൂടെ വായിച്ച് ഭാവനാലോകത്തെത്തിക്കാൻ നോക്കുകയാണ് ഉമ്പിച്ചി പലപ്പോഴും. പക്ഷെ പരീക്കുട്ടിയും കറുത്തമ്മയും അവൾക്കുമുന്നിലും അവളായും പലപ്പോവും മാറി മാറിയുന്നു. ജീവിതത്തിന് പുസ്തകം കൊണ്ട് അർത്ഥം കൊടുക്കാൻ നോക്കുന്നത് വെറുതെയാണെന്ന് അവൾക്കറിയാം. എന്നിരുന്നാലും അവളുടെ സങ്കൽപങ്ങളിലും ചിന്തകളിലും അത് തന്നെ നിറഞ്ഞ് നിന്നിരുന്നു.

മരക്കാപ്പിലെ തെയ്യങ്ങൾക്കൊപ്പം ജീവിക്കുന്ന മനുഷ്യരാണ് അവിടുള്ളത്. മരക്കാപ്പ് വെറുമൊരു സ്ഥലമെന്നതിലുപരിയായി ഒരു സംസ്കാരമായി നിലകൊള്ളുന്നു. മരിച്ചവർ ശ്രദ്ധാകേന്ദ്രമായി മാറുന്നു. കമ്പല്ലൂർകോട്ടയും പുതിയ കോട്ടയും വഴി വരുന്ന വികസനം പിന്നീട് മരക്കാപ്പ് തന്നെ തകരുന്നതിലേക്ക് നയിച്ചു. മൂലധനത്തിനോടുള്ള മോഹം മരക്കാപ്പിലെ നാട്ടിൻപുറത്തെ ഹൈടെക്കാക്കുന്നു. അവിടെ പലതും മണ്ണിനടിയിലാവുന്നു. പഴയ ലോകവും അതിന്റെ പരിസരവും നശിപ്പിക്കപ്പെടുന്നു. അത് പുതിയതാവാൻ വെമ്പൽ കൊള്ളുന്നു. ലോറൻസ് നടത്തുന്ന മരുന്ന് കട ഭൂമിയ്ക്ക് വേണ്ടിയുള്ളതാണ് എന്ന് വൈകിയാണ് തരിച്ചറിയുന്നത്. സ്വാതന്ത്ര്യസമരസേനാനിയായ പൊക്കിളിയൻ ലോറൻസിനെ പോലെ മുൻകാലങ്ങളിൽ നാടിന് വേണ്ടി സംസാരിച്ച വ്യക്തിയായിരുന്നു. ഇന്നയാൾ മിണ്ടാട്ടമില്ലാതെ മാറിയിരിക്കുന്നു. പല കാലത്തും പലരും സംസാരിച്ച വിഷയം തന്നെ. ഇന്നതിന് ഇരയായത് ലോറൻസാണെന്ന് മാത്രം. ലോറൻസിന്റെ മരണം അന്വേഷിക്കാൻ പുറപ്പെടുന്ന കൃഷ്ണൻകുട്ടി പുതിയ ലോകത്തിന്റെ പ്രതിനിധിയാണ്. കുഴികളിൽ ചെന്നുപെടാത്ത, സുരക്ഷിതത്വത്തിൽ കഴിയുന്ന കഥാപാത്രം. വായനക്കാരനെയും ഈ സുരക്ഷിതത്വത്തിൽ നിർത്തി പ്രകൃതിയോട് അനുതാപപൂർവ്വം പെരുമാറാൻ പഠിപ്പിക്കുകയാണ് രചയിതാവ്.

തെയ്യങ്ങളും കുട്ടിച്ചാത്തനും ബ്രഹ്മരക്ഷസും എല്ലാം നാടിന്റെ ഭാഗം തന്നെയായി നിലകൊള്ളുന്നു. മിത്തെന്നത് നാടിന്റെ ചരിത്രത്തിന്റെ ഭാഗം തന്നെയാവുന്നു. ദൈവങ്ങളും ചരിത്രത്തിൽ ഇടം പിടിക്കുന്നു. അവരെ ഒഴിപ്പിക്കുന്നതിലൂടെ നാടിന്റെ തനത് ബോധം പണയംവെക്കുന്നു. കയ്യേറ്റത്തിനെതിരായ ചെറുത്തു നിൽപും കീഴടങ്ങി അതിന്റെ വരുതിക്ക് വരുന്ന മനോഭാവവും നോവൽ കാഴ്ചവെക്കുന്നു.

### 6.2.1. നോവലിൽ അനാവൃതമാവുന്ന ഭൂമിക

'ചാരിനിൽക്കാൻ നിലവിളിയുടെ താങ്ങുപോലുമില്ലാത്തവരെ ഭ്രാന്തെടുക്കുകയോ കടലെടുക്കുകയോ ചെയ്യുന്നു'(പു. 9).

മരക്കാപ്പിലെ കടൽ സർവ്വം സഹയല്ല. അതൊരു ആശ്വാസമാണ്. ചാരി നിൽക്കാൻ പോലും ഒന്നുമില്ലാത്തവർക്ക് കടലെടുത്ത് പോവുകയെന്നത് ജീവിത്തിൽ കിട്ടാവുന്ന മുക്തിയായി കണക്കാക്കാം.

'നാലാംദിവസം പുലർച്ചയാണ് കമ്പല്ലൂർ കോട്ടയുടെ തീരത്ത് ലോറൻസിന്റെ ശരീരം അടിഞ്ഞ് പൊന്തിയത്. കോട്ടയിലോ കടൽത്തീരത്തോ നിൽക്കാൻ കഴിയാത്ത വിധം ദുർഗന്ധം പരന്നിരുന്നു. ചീഞ്ഞഴുകിയ ശരീരത്തെ ഇളം ചുവപ്പ് നിറമുള്ള പതിനായിരക്കണക്കിന് കുതിരഞണ്ടുകൾ കാർന്ന് തിന്നുന്നുണ്ടായിരുന്നു'(പു. 11).

മരക്കാപ്പിൽ ശവങ്ങൾ പലതും അടിഞ്ഞ് കൂടുന്നുണ്ട്. ആത്മഹത്യയോ കൊലപാതകമോ കടലെടുപ്പോ എന്നറിയാതെ എല്ലാം കര ഏറ്റുവാങ്ങുന്നു. കുതിരഞണ്ടുകൾ തിന്നതിന് ബാക്കി ആളുകൾ കുഴിച്ചിടുന്നു. എല്ലാം മണ്ണോടലിയുന്നു. കാര്യകാരണങ്ങളില്ലാതെ പല മരണങ്ങൾ ആ

കടപ്പുറത്ത് നടന്നിട്ടുണ്ടാവാം. എന്നാൽ ലോറൻസിന്റേത് കൊലപാതകമാണെന്ന് കൃഷ്ണൻകുട്ടിക്ക് തോന്നുന്നിടത്താണ് മരക്കാപ്പിന്റെ ചരിത്രം ചുരുളഴിയുന്നത്.

'ജീവിച്ചിരിക്കുന്നവരേക്കാൾ പ്രാധാന്യം പലപ്പോഴും അവിടെ മരിച്ചവർക്കുണ്ട്. മരിച്ച് പോയവരുടെ നിരന്തര സാന്നിധ്യം ഞാനവിടെ കണ്ടു. പലപ്പോഴും മരിച്ചവരുടെ 'അണങ്ങ്' ജീവിച്ചിരിക്കുന്നവരുടെ ദേഹത്ത് വന്നുകൂടി ആവിഷ്ക്കാരം നേടാൻ ശ്രമിച്ചു. മരിച്ചവർ തങ്ങൾക്കിടയിൽ എപ്പോഴുമുണ്ടെന്നുകണ്ട് ചത്തോർക്ക് വെച്ചു വിളമ്പി. മരിച്ചവരിൽ പലരും കാർന്നോൻ തെയ്യങ്ങളായും അമ്മത്തെയ്യങ്ങളായും തിരിച്ചുവന്ന് അനുഗ്രഹങ്ങൾ വർഷിച്ചു' (പു. 12).

മരക്കാപ്പ് മരിച്ചവരുടെ നാടല്ല. പക്ഷെ മരിച്ചവർക്ക് അവിടെ വലിയ സ്ഥാനമുണ്ട്. അവരെ ഊട്ടാനും ആരാധിക്കാനും തെയ്യങ്ങൾ കെട്ടി കൊല്ലാകൊല്ലം ഓർമ്മിപ്പിക്കാനും മരക്കാപ്പുകാർക്ക് മടിയില്ല. അവരുടെ സംസ്കാരത്തിന്റെ ഭാഗമാണത്. അവസാനം മരിച്ച അങ്കിച്ചിയും തെയ്യമായി പ്രത്യക്ഷപ്പെടുന്നുണ്ട്. അവിടെ തെയ്യവും വിശ്വാസങ്ങളും നിരന്തരം രൂപപ്പെട്ടുകൊണ്ടിരിക്കുന്നതാണെന്ന് കാണാം. കടലിൽ ഒലിച്ച് വന്ന ഇരിപ്പലകമേൽ കുടികൊണ്ട നാൽപ്പതിനടുത്ത് തെയ്യങ്ങളെ മരക്കാപ്പ് രണ്ട് കയ്യും നീട്ടി സ്വീകരിച്ചു. അവർക്ക് വേണ്ടി വഴിപാടുകൾ നടത്തി. എന്നാൽ മരക്കാപ്പിന്റെ സാമൂഹിക സാഹചര്യത്തിൽ അവയ്ക്കെല്ലാം ഇരിപ്പിടം നൽകാൻ സാധ്യമല്ലായിരുന്നു. മനുഷ്യർ തന്നെ നാടുവിട്ട് ഓടേണ്ടി വരുന്ന ഒരു നാട്ടിൽ ദൈവങ്ങൾ ഇരിപ്പിടമില്ലാതെ പരസ്പരം പരാതിപ്പെടുന്ന കാഴ്ചകൾ നോവലിലുണ്ട്.

'കടലിന്റെ അപാരതയിലേക്കും നിശബ്ദതയിലേക്കും തെയ്യം ഉറ്റുനോക്കി. ഓരോ ദിവസത്തെ കാഴ്ചയിലും ഓരോ പുതിയ കടലാണ്. രൂപഭാവങ്ങൾക്ക് ഏകതാനതയില്ല'(പു. 14).

തെയ്യങ്ങളും മരക്കാപ്പിലെ ജൈവിക പ്രകൃതിയുടെ ഭാഗമാണ്. അവയ്ക്ക് വികാരങ്ങളും അത് പ്രകടിപ്പിക്കാനുള്ള കൂട്ടും ഉണ്ട്. കുട്ടിച്ചാത്തന്റെ പരാതികേട്ട് തെയ്യത്തിന്റെ ഏകാന്തത തിരിച്ചറിഞ്ഞ ബ്രഹ്മരക്ഷസ് ആശ്വസിപ്പിക്കുന്നു. അതിലൊരു സൗഹൃദബന്ധത്തിന്റെ ആഴം കാണാനാവും.

'രക്ഷസേ, നിനക്ക് സ്വന്തമായി തറയും മണ്ണുമെങ്കിലുമുണ്ടല്ലോ.മതിൽക്കെട്ടുമുണ്ട്. എന്റെ കാര്യമോ?ഹാ എനിക്ക് ഒന്ന് ചാരിനിൽക്കാൻ പോലും ഇടമില്ല. സന്ധ്യയ്ക്ക്ഉമ്പിച്ചികൊളുത്തുന്ന കോൽവിളക്കിലെ ഒറ്റത്തിരിയുടെ ഇത്തിരി വെളിച്ചമേ എനിക്കുള്ളു'.(പു.18).

ഉമ്പിച്ചി കൊളുത്തുന്ന ഒറ്റത്തിരി വെളിച്ചത്തിൽ ജീവിക്കുന്ന കുട്ടിച്ചാത്തനോട് അവിടത്തെ മനുഷ്യരുടെ വിധി അതിലും കഷ്ടമാണെന്ന് പറയുന്ന ബ്രഹ്മരക്ഷസ്. രക്ഷസ്സിന് മതിൽകെട്ടും മണ്ണുമുണ്ട്. അങ്കിച്ചിയെ അടക്കിയ മണ്ണിന്റെ പട്ടയത്തിന് വേണ്ടിയാണ് ഉമ്പിച്ചി തന്റെ പരിശ്രമം മുഴുവൻ മാറ്റിവെച്ചിരിക്കുന്നത്. പണമുള്ളിടത്ത് മനുഷ്യനാണ് എല്ലാം തീരുമാനിക്കുന്നത്. സ്വന്തം വിധിമാത്രമല്ല ഭൂമിയുടെ വിധിയും അവൻ നിർണയിക്കും, അതാണ് ദൈവങ്ങളുടെ പേടി. മനുഷ്യരുടെ വിധി നിർണയത്തിൽ തങ്ങളുടെ സ്ഥാനവും സ്ഥലവും നഷ്ടപ്പെടുമെന്നുള്ളത് ഏകദേശം അവർക്കുറപ്പാകുന്നു. മരക്കാപ്പിലെ ജനങ്ങളുടെ ജീവിതവും തെയ്യങ്ങളുടെ പോലെയാണ്. ഒന്നും മുൻകൂട്ടി നിശ്ചയിക്കാത്ത ജീവിതത്തിൽ ലാഭനഷ്ടങ്ങൾ സാധാരണമാണ്.

'കടൽത്തീരത്ത് പതിവില്ലാത്ത ആൾക്കൂട്ടമുണ്ട്. ഇന്ന് കടലാട്ട് വാവാണ്. ഉമ്പിച്ചി ഓർമ്മിച്ചു... കടലാട്ട് വാവ് ദിവസം തീരത്ത് ആളുകൾ വന്നു നിറയുമ്പോൾ കടലിന്റെ സൗമ്യഭാവങ്ങളെല്ലാം പൊടുന്നനേ മറയും. എല്ലാകൊല്ലവും ഉമ്പിച്ചി കാണുന്ന അത്ഭുതമാണ് ക്ഷോഭിച്ചത് പോലെ കടൽ ഇളകി മറിയാൻ തുടങ്ങുന്നത്. മരിച്ചവരുടെ ആത്മാക്കൾ മുഴുവൻ കരയിലേക്ക് വെമ്പിക്കയറാൻ ശ്രമിക്കുകയാണെന്നാണ് തിരയിളക്കം കാണുമ്പോൾ ഉമ്പിച്ചിക്ക് തോന്നുക'(പു. 27).

കടൽവാവ് ദിവസം കടലിന് മറ്റൊരു ഭാവമാണ് നോവലിൽ. മരിച്ചവർ മുഴുവൻ കടൽത്തിരകളിൽ കരയിലേക്ക് കുതിച്ചുവരുന്നത് പോലെ ഉമ്പിച്ചിക്ക് തോന്നുന്നു. കടലിൽ

ബലിയർപ്പിക്കുന്നത് മരക്കാപ്പിന്റെ വിശ്വാസമാണ്. അപ്പോളത് പലതരം ആളുകളുടെ, എന്നാൽ മതവിശ്വാസികളുടെ സ്ഥലമായി ഭാവമാറ്റം പ്രാപിച്ചുവന്നു. മരക്കാപ്പിലെ കടലിനുള്ള ദൈവിക ഭാവം പലപ്പോഴും ഉപയോഗിക്കപ്പെടുന്നുണ്ട്. കടലിലൂടെ ഒഴുകി വരുന്ന തെയ്യങ്ങളെ ഉമ്പിച്ചിക്ക് നൽകുന്നതും ഇതേകടലാണ്.അങ്ങനെ അവൾ ദൈവങ്ങളുടെ ഉടമയാവുന്നു. കടൽത്തീരത്തുനിന്നാണ് ഉമ്പിച്ചിയെ അങ്കിച്ചിക്ക് കിട്ടുന്നത്. തെയ്യങ്ങൾക്കും മറ്റും വിളക്കു വെക്കുന്നതിനാൽ മീൻകുട്ട ചുമക്കാനാവില്ലെന്ന് പറയുന്നു. അതോടെ ഉമ്പിച്ചി സോപ്പുകൊട്ട ചുമക്കാൻ തുടങ്ങുന്നു. മീനില്ലാതെ മുക്കുവത്തിക്ക് ജീവനില്ല. പക്ഷെ ദൈവങ്ങൾക്ക് വേണ്ടി അത് ഉമ്പിച്ചി മാറ്റിവെച്ചു.

പലതരം ദൃഷ്ടാന്തങ്ങൾ കിട്ടുന്ന കടപ്പുറത്തുകാർ പ്രശ്നം വെക്കുന്നു. അവർ ഉമ്പിച്ചിയുടെ പലകയിലിരിക്കുന്ന തെയ്യങ്ങളുടെ അവസ്ഥ അറിയുന്നു. അതിന് പരിഹാരം നിർദേശിക്കുന്നു. ഹിന്ദു വിശ്വാസത്തിന്റെയും സംസ്കാരത്തിന്റെയും അതിപ്രസരം ഇവിടങ്ങളിൽ കാണാം. കർക്കിടക മാസത്തിൽ അങ്കിച്ചി കൃഷ്ണപ്പാട്ട് വായിക്കുമ്പോൾ ഉമ്പിച്ചി ചെമ്മീനാണ് വായിക്കുന്നത്.

'ചത്ത മീനിനെ പോലും കടലെടുക്കില്ല' (പു.66).

കടൽ അതാണ്.കരയുടേതൊന്നും കടൽ സൂക്ഷിക്കില്ല. മൃതിപ്പെട്ടതെന്തും ചീഞ്ഞതായാലുംതിരക്കൈകൾ കരയിൽ കേറ്റിവെക്കും. അത് മരക്കാപ്പുകാർ നിരന്തരം അനുഭവിക്കുന്ന കാഴ്ചയാണ്. ഒന്നും കയ്യിൽ വെക്കാതെ മുഴുവനായി കരയിൽ കൊണ്ടുവെക്കുന്ന കടൽ.ചെമ്മീൻ ചാകരകാലത്ത് കടപ്പുറത്തെത്തുന്ന അലന്തൻ ആണ് ഉമ്പിച്ചിയുടെ ഭർത്താവാകുന്നത്. തന്റെ ഉണരാത്ത പൗരുഷം മറക്കാനായി അയാൾ കടലിൽസ്രാവ് വേട്ടയ്ക്ക്പോയി ജീവനൊടുക്കുന്നുണ്ട്.

ഇതിനിടയിൽ കടൽ രക്ഷിക്കുന്ന കഥകളുമുണ്ട്.മൂന്ന് ദിവസത്തിന് ശേഷം രക്ഷപ്പെട്ട് തിരിച്ചെത്തുന്നവരെ കണ്ണീരോടെ കാത്തിരിക്കുന്ന ബന്ധുക്കളെയും കാണാം. മരക്കാപ്പിലെ കടലിനും ആളുകൾക്കും ഒരുതരം മറവിയുള്ളതായി പരാമർശിക്കുന്നു. അവർ ഭൂതകാലങ്ങളെ, നടന്ന സംഭവങ്ങളെ എല്ലാം മറക്കുന്നു. കിണ്ടിത്തോട്ടത്തിന് ഈ മറവി ആവശ്യാനുസരണം ചരിത്രം മാറ്റാനുള്ള അവസരമാവുന്നു.

'അറബിക്കടൽ അങ്ങനെയാണ്. ഉമ്പിച്ചി നിനച്ചു. എന്തിനേയും മായ്ച്ചു കളയുന്ന കടലാണിത്. ഓർമകൾ സൂക്ഷിക്കാത്ത മറവിക്കടൽ. ഈ കടൽ മരിച്ച കടലാണ്' (പു. 153).

ഉമ്പിച്ചി കടൽ കൊണ്ടുവന്ന പെണ്ണ്. കടലിന്റെ മകൾ. കടലോരത്തെ ആളുകൾ വളർത്തിയവൾ. അവളുടെ മരപ്പലകയിലാണ് ഇക്കണ്ട തെയ്യങ്ങളെല്ലാം കുടിയിരിക്കുന്നത്. ഒത്തൊരുമയോടെയുള്ള അവരുടെ സംസാരവും കളികളും നോവലിൽ കാണാം. അവർ കാലത്തെ കുറിച്ച് ചിന്തിക്കുന്ന, മരക്കാപ്പിന്റെ ചരിത്രവും ഭാവിയും ചിന്തിക്കുന്ന ദൈവങ്ങളാണ്. അവരുടെ ആവിഷ്കാരമായിരുന്നു മരക്കാപ്പ്. അത് നഷ്ടപ്പെടുന്നത് തെയ്യങ്ങൾക്ക് മാത്രമല്ല ഉമ്പിച്ചിക്കും കൂടിയാണ്.

### 6.3. തീരപ്രദേശത്തിന്റെ പ്രതിനിധാനം നോവലുകളിൽ ഒരു വിശകലനം

#### 6.3.1. സ്ഥലം/ഭൂമിശാസ്ത്രം

മുമ്പിൽ കടൽ മോളിലാകാശം എന്നതാണ് കടപ്പുറത്തെ യഥാർത്ഥ ചിത്രം. അതിനപ്പുറം ഒരു സ്ഥലവർണന നീർക്കുന്നത്തെക്കുറിച്ചോ തൃക്കുന്നപ്പുഴയെ കുറിച്ചോലഭിക്കുന്നില്ല. പിന്നെയുള്ളത് കടലിന്റെ സ്വഭാവമാറ്റങ്ങളാണ്. നീർക്കുന്നത്തേത് ശാന്തമായ കടലായിരുന്നെങ്കിൽ, അതിന് മാതൃഭാവമായിരുന്നെങ്കിൽ തൃക്കുന്നപ്പുഴയിലെ കടലിന് രഹസ്യങ്ങൾ ഒളിച്ചുവെച്ച ഭാവമാണ്. നീണ്ടു കിടക്കുന്ന കടപ്പുറത്തിന്റെ അതിര് കടലാണ്. വളച്ചുകെട്ടിയ ഭാഗത്ത് കുടിലുകൾ കെട്ടിയും കൂടകൾ കെട്ടി മൽസ്യം ഉണക്കാനുള്ള ഭാഗങ്ങൾ

സജ്ജീകരിച്ചും കടപ്പുറത്തെ കുറച്ച് ഇടം കൂടി മനുഷ്യർ ഉപയോഗിക്കുന്നു. ബാക്കി വിജനമായി കിടക്കുന്ന കടപ്പുറമാണ്.

മരക്കാപ്പിലെ തെയ്യങ്ങളിൽ ഒരു കോട്ടയെയും മരക്കാപ്പ് കടൽത്തീരത്തെയും ചുറ്റിപ്പറ്റിയാണ് കഥ പറയുന്നത്. അവിടെ മൽസ്യബന്ധനവും വാവുദിവസങ്ങളിൽ ബലിയിടലും നടക്കാറുണ്ട്. കുടിലുകളും ചെറുകിട കടകളും പരിസരങ്ങളിൽ കാണാം. നിലയുറക്കാത്ത കടലും കട്ടപിടിക്കാത്ത മണലുമാണ് കടപ്പുറത്തുകാരുടെ അടിത്തറ. കയ്ക്കുള്ളിൽ നിന്നും വാർന്നുപോകുന്ന മണലിൽ ഉമ്പിച്ചി ഭാവിയെ ദർശിക്കുന്നുണ്ട്.

ചെമ്മീനിനെ അപേക്ഷിച്ച് മരക്കാപ്പ് പുതിയ കാലത്തെ കടപ്പുറമാണ്. അവിടെ കൃത്യമായ മതവിശ്വാസ അടിത്തറയും കാണാം. ചെമ്മീനിൽ കടലമ്മയായിരുന്നു വിശ്വാസത്തിന് അടിസ്ഥാനമെങ്കിൽ ഇവിടെ കടലിന് മറവിയുടെ ഭാവമാണ്. തീരത്തെ മറന്ന് തീരവാസികളെ മറന്ന് വികസനത്തിന് തലകുനിക്കുന്ന കടലാണ് മരക്കാപ്പിന്റേത്.

### 6.3.2. കാലം/ചരിത്രഘട്ടം

ചെമ്മീനിൽ കടപ്പുറത്തിന്റെ ചരിത്രം കഥകളിലൂടെയാണ് പറയപ്പെടുന്നത്. അത് കടപ്പുറത്തിന്റെ ഭൂതവും ഭാവിയും നിലനിൽപ്പും നാശവും മുൻനിർത്തിയുള്ള കഥകളാണ്. അല്ലാതെ ചരിത്രപരമായ ഒരു കാലഘട്ടം പറയാൻ സാധിക്കുന്നില്ല. കടപ്പുറത്തുള്ളവരുടെ കാലബോധം നിലനിൽക്കുന്നത് കടലിന്റെ സ്വഭാവവ്യത്യാസങ്ങളും ചാകരയും കാലാവസ്ഥയുടെയും കാറ്റിന്റെയും കോളിന്റെയും വരവും എല്ലാം കണക്കാക്കിയാണ്. വെള്ളത്തിലിറക്കുന്ന വള്ളത്തിന്റെ ഭാവി വരെ ഇത്തരത്തിൽ പറയാൻ അവർക്കാവുമെന്നവർ വിശ്വസിക്കുന്നു.

മരക്കാപ്പിന്റെ ചരിത്രത്തിൽ ബ്രാഹ്മണർ നിറഞ്ഞ ഇടമായിരുന്നു മരക്കാപ്പ്. അവിടെ മീൻപിടിത്തക്കാർ ഉണ്ടായിരുന്നില്ല. കാലം ചെന്നപ്പോൾ പുലയ രാജാവിന്റെ കടന്നുകയറ്റത്തിൽ നമ്പൂതിരിമാർ മുക്കുവരായി. ജാതി മാറാൻ വൈമനസ്യം ഉണ്ടായിരുന്നവർ തെക്കോട്ട് പലായനം ചെയ്തു. ഇത്തരത്തിൽ സങ്കരസംസ്കാരത്തിലൂടെ രൂപം കൊണ്ടതാണ് മരക്കാപ്പിന്റെ ജനത. അവരുടെ ചിന്തകളിൽ പഴയ ബോധം നിലനിൽക്കുന്നുണ്ട്. തെയ്യങ്ങളെ സംരക്ഷിക്കുകയും മരിച്ചവരെ തെയ്യങ്ങളായി പ്രതിഷ്ഠിക്കുകയും ചെയ്യുന്ന മരക്കാപ്പിന്റെ സംസ്കാരം ഇത്തരത്തിൽ വരുന്നതാണ്.

രണ്ട് നോവലിലെയും കടൽബോധ്യങ്ങൾ വ്യത്യസ്തമാണ്. ചെമ്മീനിൽ കടൽ തൊഴിലിടമാണ്, സംരക്ഷകയുമാണ്, ഹനിക്കാൻ ശക്തിയുള്ളതുമാണ് എന്നവർ വിശ്വസിക്കുന്നു. മരക്കാപ്പിൽ മരിച്ചതിനെയും കൊന്നതിനെയും തെളിവ് സഹിതം തിരിച്ചേൽപ്പിക്കുന്ന, ഒന്നിനെയും സ്വീകരിക്കാത്ത, വിദേശികൾക്ക് കടന്നുവരാനുള്ള പാതയായ, കോട്ടകെട്ടിയ തീരമുള്ള ഒന്നാണ് കടൽ. അവിടെ സമയബോധത്തെ വികസനത്തിന്റെ കടന്നുവരവുമായി ബന്ധപ്പെടുത്തി വായിക്കാം. ഉമ്പിച്ചിയുടെ ഓർമകളിൽ മരക്കാപ്പിന്റെ കടപ്പുറത്ത് കൂടി ഓടിക്കളിച്ച കാലം കടന്നുവരുന്നു. അത് അവിടെയുള്ള പലർക്കും ഓർമയുള്ള കാഴ്ചയുമാണ്. പരിസ്ഥിതി ചിന്തകളിൽ പല മാറ്റങ്ങളും മരക്കാപ്പിന്റെ കാലമാവുമ്പോഴേക്ക് വരുന്നു.

### 6.3.3. നാട് - സൂക്ഷ്മസ്ഥലി - ആദിമനിവാസികൾ

ചെമ്മീനിൽനീർക്കുന്നത്ത് കടപ്പുറത്തെ ഒരു നാട് എന്ന രീതിയിൽ ചേർത്തുവെക്കുന്ന അവരുടെ വിശ്വാസങ്ങളും മിത്തും കടലമ്മയോടുള്ള വിശ്വാസവും വലുതാണ്. തുറയെന്നത് ഏക ആശ്രയമാണെന്നും തുറ ഉപേക്ഷിച്ചാൽ എവിടെയും പോകാനില്ലെന്നും ചക്കി പറയുന്നുണ്ട്. തുറയിലെ നിയമങ്ങൾ അനുസരിച്ച് അതിനെ തെറ്റിക്കാതെ ജീവിക്കുകയാണ് ഏതൊരാളുടെയും പ്രാഥമികാവശ്യം. കാലം മാറിയതനുസരിച്ച് കടപ്പുറത്തെ നിയമങ്ങൾക്ക് അയവ് വരുന്നതുംകാണാം. നോവലിൽ പരാമർശിക്കപ്പെടുന്ന മൽസ്യവിഭാഗങ്ങളും കടപ്പുറത്തെ ചെറുജീവികളും കൈതക്കൂട്ടവും ചെറിയ കുറ്റിക്കാടുകളും മാത്രമാണ് കടപ്പുറത്തിന്റെ സസ്യജീവി സമ്പത്ത്. ആഴത്തോളം ജീവസമ്പത്തിനെ മൂടിവെച്ചിരിക്കുന്ന കടലാണ് അവരുടെ

മുന്നിലുള്ളത്. നീർക്കുന്നത്ത് ഇപ്പോഴുള്ളവരുടെ പൂർവ്വികർ തന്നെയായിരുന്നു മുൻപുണ്ടായിരുന്നത് എന്നുള്ളതിന് തെളിവായി അവർ ആദിമ മുക്കുവന്റെയും ഭാര്യയുടെയും കഥ തലമുറകൈമാറുന്നുണ്ട്. കാലാവസ്ഥാ മാറ്റവും കടലിന്റെ സ്വഭാവമാറ്റവും തൊഴിലിനെയും അതുവഴി സമൂഹത്തെയും ബാധിക്കുന്നുണ്ട്. കടലിന്റെ ഇത്തരം വ്യതിയാനങ്ങൾ കൊണ്ട് മറ്റു പാരിസ്ഥിതിക പ്രശ്നങ്ങളൊന്നും പരാമർശിക്കപ്പെടുന്നില്ല. കടലിനെ കഥാപാത്രങ്ങളുടെ സ്വഭാവവുമായി ബന്ധിപ്പിച്ചുള്ള സൂചനകൾ നോവലിലുണ്ട്.

മരക്കാപ്പ് എന്ന നാടിനെ വെറുമൊരു കടപ്പുറമായി കാണാനാവില്ല. അവിടെ ഒരു കോട്ട കൂടിയുണ്ട്. അത് ചരിത്രസൂചന നൽകുന്നതാണ്. മരക്കാപ്പിൽ അങ്കിച്ചി കിടക്കുന്ന ആറ് സെന്റിന് പട്ടയം കിട്ടാനാണ് ഉമ്പിച്ചി തന്റെ പരിശ്രമം മുഴുവൻ നടത്തുന്നത്. അവിടെ താമസിക്കുന്നവരുടെ ചരിത്രം കുടിയേറിയവരുടെയും കൂടിക്കലർന്നതിന്റെയും കൂടിയാണ്. കുതിരഞ്ഞെണ്ടുകളുടെയും ചെറു മണൽജീവികളുടെയും ആവാസ വ്യവസ്ഥയാണ് മരക്കാപ്പ്. വികസനത്തിൽ നഷ്ടപ്പെടുന്നത് അത്തരം ജീവജാലങ്ങളുടെ കൂടെ ആവാസവ്യവസ്ഥയാണ്.

മരക്കാപ്പിൽ ആളുകൾക്ക് സ്വഭാവത്തിലും പെരുമാറ്റത്തിലും വൈവിധ്യമുണ്ട്. അവർ ചെമ്മീനിലെ പോലെ സമൂഹസ്വഭാവത്തിൽ പെരുമാറുന്നവരല്ല. പല വിശ്വാസങ്ങളാണ് അവരെ നയിക്കുന്നത്. പോരാത്തതിന് 40 തെയ്യങ്ങൾ അവരെ തേടി വന്നെന്ന് അവർ വിശ്വസിക്കുന്നു. പാരിസ്ഥിതിക പ്രശ്നങ്ങളിലും വികസനത്തിന്റെ പേരിലുള്ള പ്രവൃത്തികളിലും അസ്വാരസ്യം പ്രകടിപ്പിക്കുന്നവരെ മുതൽ പാരമ്പര്യമായി കടലിൽ പോകുന്നവരെ വരെ അവിടെ കാണാം.

### 6.3.4. സമൂഹഘടന

കടലിന്റെ മക്കൾ നൂറ്റാണ്ടുകളായി നിലനിന്നുവരുന്ന ജീവിത വേദാന്തത്തിന്റെ മതിൽക്കെട്ടിനകത്താണ് ജീവിക്കുന്നതെന്ന് കറുത്തമ്മ പറയുമ്പോൾ അത് ശരിവെക്കുന്ന തരത്തിലാണ് കടപ്പുറത്ത് നിലനിൽക്കുന്ന വിശ്വാസങ്ങൾ. അതിലൊന്നാണ് വരത്തന്മാർ കടപ്പുറം മുടിക്കുമെന്നുള്ളത്. കിഴക്കുനിന്നു വരുന്ന പെണ്ണുങ്ങളും കടപ്പുറത്തിന്റെ മൊറ അനുസരിക്കാതെ ജീവിക്കുകവഴി കടപ്പുറത്ത് പേര് ദോഷം ഉണ്ടാകും. ആര് നിയമം തെറ്റിച്ചാലും അത് ആത്യന്തികമായി ബാധിക്കുക കടപ്പുറത്തെ മനുഷ്യരെയും അവരുടെ ജീവിതത്തെയുമാണ്. തുറമുടിയാൻ ഇത്തരം പ്രവൃത്തികൾ മതിയെന്ന് അവർ വിശ്വസിക്കുന്നു. എന്നാൽ കറുത്തമ്മക്ക് മറ്റൊരു സംശയം കൂടിയുണ്ട്. ഇത്തരം വിശ്വാസങ്ങളുടെ കഥകൾ കേട്ടിട്ടുണ്ടെന്നല്ലാതെ കടപ്പുറത്ത് ഇതുവരെ പ്രശ്നങ്ങളൊന്നും ഉണ്ടായതായി അറിയില്ല. അത് കഥ മാത്രമാണോ എന്ന ചോദ്യത്തിൽ ഇത്തരം വിശ്വാസങ്ങളും അത് രൂപപ്പെട്ടുവന്ന സാഹചര്യവും പ്രശ്നവൽക്കരിക്കപ്പെടുന്നു.

പെണ്ണിന് പ്രായമായിട്ടും കെട്ടിച്ച് വിട്ടില്ലെങ്കിൽ പെണ്ണ് നിൽക്കുന്നിടത്ത് പിഴ വരാം എന്നത് കടപ്പുറത്തെ ബോധമാണ്. വള്ളംവാങ്ങുന്നതിനേക്കാളും മറ്റു പിഴവുകൾ വരുത്തുന്നതിനേക്കാളും വലിയ തെറ്റാണ് പ്രായമായ പെണ്ണിനെ കെട്ടിച്ച് വിടാത്തത്. തലേം മൊലേം വളർന്ന പെണ്ണിനെ കടപ്പുറത്തിന് ദോഷമുണ്ടാക്കാൻ നിർത്താതെ കെട്ടിച്ചയച്ച് കടപ്പുറത്ത് വരാവുന്ന ദോഷത്തെ മറികടക്കണമെന്നതായിരിക്കും ആ ചിന്തയുടെ പിന്നിൽ. ചെമ്പൻകുഞ്ഞ് ഈ നിയമം തെറ്റിച്ചതായി എല്ലാവർക്കും തോന്നുന്നു. തുറയിലരയൻ അയാളെ വിമർശിക്കുന്നു.

കടപ്പുറത്തിന്റെ നീതിബോധവും മൂല്യവും സദാചാരവുമായി ബന്ധപ്പെട്ട് നിൽക്കുന്നവയാണ്. പരീക്കുട്ടിയോട് കടം വാങ്ങിയാൽ അവളുടെ കുടുംബം പ്രത്യേകിച്ച് കറുത്തമ്മ പരീക്കുട്ടിയോട് കടപ്പെട്ടവളാവുന്നു എന്നും അത് തിരിച്ച് കൊടുക്കാത്തിടത്തോളം തന്റെ മേൽ പരീക്കുട്ടിക്ക് അധികാരം സ്ഥാപിക്കാമെന്നും കറുത്തമ്മയ്ക്ക് തോന്നുന്നു. എന്നാലിത് പുറത്തുനിന്നുള്ള പരീക്കുട്ടിയോട് പറയുമ്പോൾ അയാൾക്ക് തോന്നുന്നില്ല.

ഏറ്റവും വലിയ വിശ്വാസം കടലമ്മയാണ്. കടലമ്മ കനിയണമെങ്കിൽ കടപ്പുറത്തെ മൊറ തെറ്റാതെ നോക്കണം. അത് സ്ത്രീകളുടെ കടമയുമാണ്. ഇത്തരത്തിൽ രൂപപ്പെട്ട വിശ്വാസത്തെ

ആവശ്യാനുസരണം മാറ്റിപ്പണിയുന്നത് നോവലിൽ കാണാം. ചക്കി പരീക്കുട്ടിയുടെ വിഷയത്തിലെടുക്കുന്ന നിസ്സഹായത, ചെമ്പൻകുഞ്ഞിന്റെ അവഗണന എന്നിവ ഇത്തരം നിയമം തെറ്റിക്കലായാണ് കറുത്തമ്മയ്ക്ക് കാണാനാവുന്നത്. ഈ നിയമനങ്ങൾ കടപ്പുറത്തുള്ളവർ പാലിക്കുന്ന പക്ഷം കടലമ്മയും മുറയോടെ പെരുമാറും എന്നവൾ വിശ്വസിക്കുന്നു.

തുറയിൽ എല്ലാവർക്കും വഞ്ചിവാങ്ങാനുള്ള അനുമതിയില്ല.വലക്കാരനാണ് അനുമതി.മറ്റുള്ളവർക്ക് തുറയിലരയൻ അനുമതി കൊടുക്കില്ല. കടപ്പുറത്തിന്റെ ഇത്തരം നിയമങ്ങൾ ലംഘിക്കാൻ പാടില്ല. എന്നാലിവ ചെമ്പൻകുഞ്ഞ് ലംഘിക്കുന്നു. അയാൾക്ക് അതിനുള്ള ധൈര്യം വരുന്നത് കയ്യിലുള്ള പണം കൊണ്ടാണ്. തുറയിലരയന്റെ അധികാരത്തിലുള്ള വ്യതിചലനങ്ങൾ ഈ സാഹചര്യത്തിൽ കാണാം.

അരയൻ 5 ജാതിയാണ്. അരയൻ, മുക്കുവൻ, വലക്കാരൻ, മരക്കാൻ, പഞ്ചമ ജാതി എന്നിവ. ഇതിൽ ചെമ്പൻകുഞ്ഞ് മുക്കുവനാണ്. തുറയിലരയനാണ് അധികാരി. അയാളുടെ അനുമതിയാലാണ് കടപ്പുറത്ത് കാര്യങ്ങൾ നടക്കുന്നത്. വള്ളോം വലയും വാങ്ങാൻ തുറയിലരയന് ഏഴില പുകയിലയും പതിനഞ്ചുരൂപയും കാഴ്ചവെക്കണം എന്ന് നോവലിൽ പറയുന്നുണ്ട്. കല്ല്യാണം നടക്കുമ്പോഴും തുറയിലരയന് പങ്ക് ഉണ്ട്. ഒരു സമാന്തര നിയമ സംവിധാനം അവിടെ നിലനിൽക്കുന്നു.

നാലാംവേദക്കാരനായ പരീക്കുട്ടി കറുത്തമ്മയെ വശീകരിക്കാൻ കൂടോത്രം ചെയ്തെന്ന് ചക്കി വിശ്വസിക്കുന്നു. പ്രേമത്തെ കുറിച്ചും കടപ്പുറത്ത് മുന്നെ നടന്നിട്ടുള്ള ഇത്തരം സംഭവങ്ങളെ കുറിച്ചും അറിവുണ്ടെങ്കിലും അങ്ങനെ വിശ്വസിക്കാനാണ് ചക്കി തയ്യാറാവുന്നത്. തുറയെന്നത് കടപ്പുറംകാരുടെ സമൂഹമാണ്. അവിടെ അവരുടെ എല്ലാ പ്രശ്നങ്ങൾക്കും പരിഹാരവും കൃത്യമായ നിയമ സംവിധാനങ്ങളും വിശ്വാസഘടകങ്ങളും ഉണ്ടെന്ന് കാണാം. തുറയിലെ അധികാരികളെ പിണക്കിയോ നിയമം തെറ്റിച്ചോ അവിടെ നിലനിൽക്കുകയെന്നത് സാധ്യമായ കാര്യമല്ല. പണ്ടാണെങ്കിൽ മറ്റൊരു കടപ്പുറത്തേക്ക് കുടിയേറി പേരും മതവും മാറിയെങ്കിലും ജീവിക്കാമായിരുന്നു എന്ന് ചക്കി ചിന്തിക്കുന്നു. എല്ലാ തുറയിലും തുറയിലരയനും അവരുടേതായ വിശ്വാസങ്ങളും നിലനിൽക്കുന്നതിനാൽ പുറത്തുനിന്നും അവരുടെ സമൂഹത്തിന്റെഭാഗമാവുക എന്നത് അസംഭവ്യമാണെന്ന് ചക്കിയുടെ വാക്കുകളിൽ കാണാം. തുറ എതിരായാൽ മറ്റൊരു വഴിയും ഇല്ല. അതിനാൽ തുറയെ പിണക്കാതിരിക്കുകയാണ് പ്രധാനം.

വള്ളം കടലിലിറക്കുമ്പോൾ സദ്യ നൽകുന്ന ചടങ്ങുണ്ട്. അന്ന് എല്ലാവള്ളങ്ങളും ഒരുമിച്ച് വേണം കടലിലിറക്കാൻ. അതെല്ലാം വിശ്വാസവും നിയമവും കൂടിച്ചേർന്ന് സംസ്കാരത്തിന്റെ മാറ്റിവെക്കാനാവാത്ത ഭാഗമായി മാറിയിരിക്കുന്നു. വള്ളത്തിന്റെ ലക്ഷണവും കോളും കാറ്റും എല്ലാം നോക്കി വള്ളത്തിന്റെ ഭാവി പറയുന്നതും മീൻകൊത്തി പക്ഷികളെ നോക്കി ചാകരയെന്തെന്ന് കണ്ടുപിടിക്കുന്നതും എല്ലാം ആ സംസ്കാരത്തിന്റെ ഭാഗമാണ്. കാലത്തിന്റെ മാറ്റത്തിൽ തുറയിലെ നിയമങ്ങൾ വെല്ലുവിളിക്കപ്പെടുന്നുണ്ട്. അതിൽ പ്രധാനം ചെമ്പൻകുഞ്ഞ് തന്നെയാണ്. കാലംതെറ്റിയ കാലത്ത് കടലിൽ പോയി സ്രാവുമായി വരുന്ന ചെമ്പൻകുഞ്ഞ് പഴമക്കാരുടെ വിശ്വാസത്തെ വെല്ലുവിളിക്കുന്നു. പള്ളിക്കുന്നന്റെ യോഗം വെലക്കുമേടിച്ച് വന്നിരിക്കുകയാണ് ചെമ്പൻ കുഞ്ഞെന്ന് ഇതിന് ഉത്തരമില്ലാത്തവർ വ്യാഖ്യാനിച്ചെടുക്കുന്നുണ്ട്. കടപ്പുറത്ത് വള്ളക്കാർ തമ്മിൽ അടി നടക്കുമ്പോൾ പൊലീസ് ഇടപെടുകയും അവരുടെ കയ്യിൽ നിന്നും വള്ളക്കാരെ തുറയിലരയൻ പുറത്തെത്തിക്കുകയും ചെയ്യുന്നുണ്ട്.

പളനിയുടെ ജാതിയെച്ചൊല്ലി തർക്കം വരുമ്പോൾ ചെമ്പൻകുഞ്ഞ് അവൻ മനുഷ്യനാ, കടലിൽ ജോലിക്കാരനാ, എന്ന പറയുന്നുണ്ട്. അയാളുടെ കാപട്യമോ പളനിയോടും അയാളുടെ ശക്തിയോടും തോന്നിയ ഇഷ്ടമോ ആവാം ഇങ്ങനെ പറയിപ്പിക്കുന്നത്. ബന്ധുക്കളാരും ഇല്ലാത്ത പളനി സ്ത്രീകളെ കൂട്ടാതെ കറുത്തമ്മയെ കൊണ്ടുപോവാൻ വരുന്നത് വലിയ പ്രശ്നമാവുന്നുണ്ട്. അതുപോലെ സ്ത്രീധനം വേണ്ടെന്നു പറഞ്ഞാലും നാട്ടുകാരെ കാണിക്കാനെങ്കിലും അത് കൊടുക്കണമെന്ന് ചക്കി അഭിപ്രായപ്പെടുന്നു. കല്ല്യാണം നടത്താൻ

അപ്പോൾ തുറയിലരയൻ പറയുന്ന കാശ് കെട്ടണമെന്നത് കല്ല്യാണത്തിന്റെ ചടങ്ങായി നിലനിൽക്കുന്നു.

മരക്കാപ്പിലെ തെയ്യങ്ങളിൽ കടപ്പുറത്തെ ഭൂമിക്ക്പാട്ടം വേണമെന്ന ചിന്ത വരുന്നത് ഭൂമി നഷ്ടപ്പെടുമെന്ന ഘട്ടത്തിലാണ്. ടൂറിസ്റ്റുകളായി വരുന്ന വിദേശികളെ സ്വീകരിക്കുന്ന ഉമ്പിച്ചി അവരെ സഹായിക്കുകയാണെന്ന ബോധത്തിലാണത് ചെയ്യുന്നത്. എന്നാലത് അവർക്കുതന്നെ തിരിച്ചടിയാവുന്നു. അത് നാട്ടുകാർക്കും കടൽകോടതിയിലും വിഷയമാവുന്നുണ്ട്. മരക്കാപ്പിലെ കാര്യങ്ങൾ തീരുമാനിക്കുന്നത് പ്രശ്നംവെച്ചും കടൽക്കോടതികൂടിയുമാണ്. പരദേശികൾ ഉടൻ മരക്കാപ്പ് വിട്ടില്ലെങ്കിൽ തെയ്യങ്ങൾ ഉറഞ്ഞാടി കടപ്പുറം മുടിക്കും എന്നാണ് പ്രശ്നത്തിൽ കാണുന്നത്. വിദേശ അധിനിവേശത്തിനോടോ ആഗോളവൽക്കരണത്തിനോടോ വികസനത്തോട് തന്നെയോ ഉള്ള അവരുടെ പ്രതികരണം ഇത്തരത്തിലാണ്. ഈ സാഹചര്യത്തിൽ ഇമ്പിച്ചിക്ക് എങ്ങനെ സ്വസ്ഥത കിട്ടും എന്ന് അങ്കിച്ചിത്തെയ്യം വ്യാകുലപ്പെടുന്നു. ദൈവങ്ങൾ മനുഷ്യരുടെ അവസ്ഥയിൽ വ്യാകുലപ്പെടുന്നതരത്തിലാണ് നോവൽ രചന.

കടലിൽ പോയി തിരിച്ചു വരാത്ത ആളുകളെ കിട്ടാൻ പ്രശ്നം വെക്കുകയും അതിൽ കിട്ടുന്ന ഉത്തരത്തിൽ കാത്തിരിക്കുകയും ചെയ്യുന്ന സമൂഹത്തെ കാണാം. അവരുടെ സ്വത്തായ തെയ്യങ്ങൾ പെരുവഴിയിലേക്കിറങ്ങുമ്പോൾ അതിന് പരിഹാരം കാണണമെന്ന് പറയുന്നതും കടൽക്കോടതിയാണ്. മരക്കാപ്പിലെരണ്ട് ആഘോഷങ്ങളാണ് ചീറുമ്പയുടെ പൂരവും ചാകരയും. ചാകരരണ്ട് കടപ്പുറത്തെയും ആഘോഷമായി കാണാം. പക്ഷെ മരക്കാപ്പിൽ ദേവിയെ പ്രതിഷ്ഠിക്കുന്നതും അതിന് കടലമ്മയെക്കാൾ പ്രാധാന്യം നൽകുന്നതും കാണാം. അമ്പൂട്ടി വൈദ്യരും ജിന്നുമ്മയും മരക്കാപ്പിലെ പ്രധാന ആരോഗ്യ പ്രവർത്തകരാണെന്ന് വിശ്വസിക്കുന്നു. ആദ്യകാലത്ത് അവരുടെ പ്രവൃത്തികൾ വളരെ സമ്പന്നമായിരുന്നു. കാലാന്തരത്തിൽ തേടി വരുന്നവരുടെ എണ്ണം കുറഞ്ഞു.

കുടിയൊഴിക്കലിന്റെയും വൈദേശികാധിപത്യത്തിന്റെയും മുതലാളിത്തത്തിന്റെയും തനതുസംസ്കാരങ്ങളുടെ വാണിജ്യവൽക്കരണത്തിന്റെയും രാഷ്ട്രീയം വ്യക്തമാക്കുന്നുണ്ട് നോവൽ. കുടിയൊഴിഞ്ഞ ശേഷം പുതിയറിസോർട്ടുകൾ വരികയും ആയുർവേദ ചികിത്സാലയം വരികയും ഉമ്പിച്ചി അതിന്റെയെല്ലാം തലപ്പത്ത് പ്രതിഷ്ഠിക്കപ്പെടുകയും തെയ്യങ്ങൾ പറിച്ച് മാറ്റപ്പെടുകയും ചെയ്യുന്നിടത്താണ് മരക്കാപ്പിന്റെ കഥ അവസാനിക്കുന്നത്. രണ്ട് സമൂഹവും വ്യത്യസ്തകാലഘട്ടത്തെയും വ്യത്യസ്ത സംസ്കാരത്തെയും കാണിക്കുന്നു. മരക്കാപ്പിൽ പാരമ്പര്യ മീൻപിടിത്തക്കാർ ബാക്കിയുണ്ടെങ്കിലും അവരുടെ സംസ്കാരം കൂടിക്കലർന്നു കഴിഞ്ഞവയാണ്. വന്നുചേർന്ന തെയ്യങ്ങളെയും ദേവി സങ്കൽപത്തെയും വെച്ചു മരക്കാപ്പുകാർ രൂപപ്പെടുത്തിയ സാംസ്കാരിക പരിസരത്താണ് അവർ നിലനിൽക്കുന്നത്. അതിനെ പൊളിക്കാനുള്ള ശ്രമങ്ങൾ നടക്കുമ്പോഴും അതിനെ ഒരുപരിധിയിൽ കവിഞ്ഞ് എതിർക്കാതെ നാടുവിട്ട് പോകാൻ അവർക്കാവുന്നത് അതിന്റെ സങ്കരസ്വഭാവം കൊണ്ടുതന്നെയാവാം.

### 6.3.5. കുടുംബം - ദാമ്പത്യം - ദായക്രമം

ചെമ്മീനിൽ കടപ്പുറത്തിന്റെ നിയമങ്ങളും കുടുംബത്തിന്റെ നിയമങ്ങളും ഒന്നാണെന്നുതന്നെ പറയാം. കുടുംബമാണ് അടിസ്ഥാന ഘടകം.ശുദ്ധം, നെറി, മുറ എന്നിവയെ അടിസ്ഥാനമാക്കിയാണ് അതിന്റെ സങ്കൽപങ്ങൾ പണിതിരിക്കുന്നത്. പള്ളിക്കുന്നനെയും അയാളുടെ കുടുംബത്തെയും കണ്ടുവന്ന ചെമ്പൻ കുഞ്ഞിന് അയാളെപ്പോലെ സുഖിക്കണം എന്ന് ആശ വരുന്നു. പെൺകുട്ടികളെ കെട്ടിച്ചയച്ച്, ചക്കിയെ ശരീരം വണ്ണംവെപ്പിച്ച്, കട്ടില് വാങ്ങി കിടക്കതുന്നിച്ച്, അങ്ങനെ അവരുടെ സുഖ സ്വപ്നങ്ങൾക്ക് ഒരു പരിധിയുണ്ട്. അത് പള്ളിക്കുന്നന്റെ കുടുംബമാണ്.

കടലിന്റെ നിറംമാറ്റംതൊഴിലിനെ ബാധിക്കുന്നവസ്തുതയാണ്. നീക്കിയിരിപ്പ് കുറവായതിനാൽ എല്ലാവീടുകളിലും പട്ടിണി സാധാരണമാണ്. ചെമ്പൻകുഞ്ഞ് പുറംകടലിൽ ചൂണ്ടയിടാൻ പോകുന്നത് എല്ലാ കുടുംബങ്ങൾക്കും ആശ്വാസമാവുന്നുണ്ട്. കറുത്തമ്മയെ കല്ല്യാണത്തിന് മുമ്പേ ഉപദേശിക്കേണ്ട കർത്തവ്യം അയൽവാസി സ്ത്രീകളുടേതാണ്. അവർ

പളനിയെ പെണ്ണിന്റെ കയ്യിൽ ഏൽപ്പിക്കുകയാണെന്ന് പറഞ്ഞ് അവളുടെ കർത്തവ്യത്തെ ഓർമപ്പെടുത്തുന്നു.

പരീക്കുട്ടിയോട് തന്റെ മകനാണെന്നും കറുത്തമ്മയെ ആങ്ങളയായി കാണണമെന്നും പറയുന്നതിന് പിന്നിൽ തുറയുടെ വലിയൊരു പാരമ്പര്യത്തെ രക്ഷിക്കാനുള്ള ശ്രമമുണ്ട്. ആങ്ങളയായ പരീക്കുട്ടി കറുത്തമ്മയെ മറ്റൊരു രീതിയിൽ ശല്യപ്പെടുത്തില്ലെന്ന് ചക്കി വിശ്വസിക്കുന്നു.ചെമ്പൻകുഞ്ഞ് വീണ്ടും വിവാഹം കഴിക്കുകയും ആ ബന്ധം അയാളുടെ വളർച്ചയ്ക്ക് വിപരീതമായി ബാധിക്കുകയും ചെയ്യുന്നുണ്ട്. കുടുംബം നഷ്ടപ്പെട്ടു പോകുമെന്ന ഘട്ടത്തിൽ ചെമ്പൻകുഞ്ഞ് കറുത്തമ്മയുടെ ഓർമയിൽ പഞ്ചമിയെ തല്ലുന്നുണ്ട്. അയാളുടെ ചഞ്ചലമായ മാനസികാവസ്ഥയെയാണ് അവിടെ കാണിക്കുന്നത്.

മരക്കാപ്പിലെ തെയ്യങ്ങളിൽഉമ്പിച്ചിയുടെ കുടുംബമാണ് പരാമർശിക്കപ്പെടുന്നതിൽ ഒന്ന്.അവിടെ അമ്മ അങ്കിച്ചിയും കല്യാണം കഴിഞ്ഞ് മൂന്ന് നാൾ ഭർത്താവ് അലന്തനും ഉണ്ടായിരുന്നു. അയൽവാസിയായ സ്ത്രീയോട് ഉമ്പിച്ചി എപ്പോഴും വഴക്കാണ്. പക്ഷെ അവസാനത്തിൽ അവൾ പ്രത്യാശയില്ലാതെ വരുന്ന ഘട്ടത്തിൽ താങ്ങാവുന്നത് ഈ സ്ത്രീയാണ്. അങ്കിച്ചി ഉമ്പിച്ചിക്ക് കൈമാറുന്നത് കൂരയും കൂടെ ഒരുപിടി ദൈവങ്ങളെയുമാണ്. തന്റെ പാരമ്പര്യം ഉമ്പിച്ചി തുടരുമെന്നവർ വിശ്വസിച്ചിരുന്നു.

### 6.3.6. ഭക്ഷണം - പാർപ്പിടം - വസ്ത്രം

ചെമ്മീനിൽ അത്താഴത്തിന് കപ്പയും കഞ്ഞിയും കഴിക്കുമ്പോൾ എന്നാണ് കടലമ്മേഒരുപിടി ചോറ് വാരിത്തിന്നുന്നേ എന്ന ചോദ്യം കടപ്പുറത്തെ എല്ലാവരുടെയും മനസ്സിൽ നിറയും. ചാകരയാവട്ടെ എന്നാണതിനുത്തരം. കീറി തയ്ച്ച ഇടുതുണി മാറ്റി നേര്യതും മൽമലും മേടിക്കുക എന്നിവയെല്ലാം ചാകരക്കാലത്തെ പണിയാണ്. പളനിയുടെ വീട്ടിൽ സാധനങ്ങൾ വാങ്ങണമെന്ന്പറയുന്ന അയൽക്കാരികൾ ചാകരവരെ ഇങ്ങനെ പോകട്ടെയെന്നാണ് പറയുന്നത്. കലവും കിണ്ണവും വറുതിക്കാലത്ത് വിറ്റ് തിന്നാനുള്ളത് കൂടിയായി കാണുന്നു. പള്ളിക്കുന്നന്റെ ഭാര്യയുടെ വസ്ത്രം, മേക്കപ്പ് എന്നിവ ചെമ്പൻകുഞ്ഞിനെ ആകർഷിക്കുന്നുണ്ട്. കടപ്പുറത്തിന്റെ തുടക്കത്തിൽ നഗരം രൂപപ്പെട്ടുവരുന്നതിന്റെയും പുതിയ വീടുകളും കടകളും രൂപപ്പെടുന്നതിന്റെയും കാഴ്ച നോവലിൽ പരാമർശിക്കപ്പെടുന്നു.

മരക്കാപ്പിലെ തെയ്യങ്ങളിൽഉമ്പിച്ചി ചെറുപ്പത്തിൽ പാവാടയും ബ്ലൗസും ധരിക്കുന്നത്, വലുതാവുമ്പോൾ സാരി ധരിക്കുന്നത്, എല്ലാം അവളുടെ ശരീര ഭംഗിയെ അടയാളപ്പെടുത്തികൊണ്ട് മാത്രമാണ് വർണിക്കപ്പെടുന്നത്.സമൂഹത്തിന്റെ കാഴ്ചയായോ മാറിവന്ന കാലത്തിന്റെഭംഗിയുള്ളതിനോടുള്ള നോട്ടമായോ അതിനെ കാണാം. കടപ്പുറത്തെ കൂരയെന്നത് താൽക്കാലിക വാസസ്ഥാനമാണ്. സ്ഥിരമായവ കടപ്പുറത്തുനിന്നും മാറി രൂപപ്പെട്ടുവരുന്നത് കാണാം. ഉമ്പിച്ചിക്ക് ആ ഇടത്തോടുള്ള ബന്ധം വിശ്വാസത്തേക്കാളേറെ വൈകാരികമാണ്. വിളക്കുവെക്കലും പ്രാർത്ഥിക്കലും അവളുടെ ജീവിതത്തിന്റെ ഭാഗമായി മാറിയ കാര്യങ്ങളാണ്.

### 6.3.7. തൊഴിൽ

കടലുകരിഞ്ഞാൽ കടപ്പുറം പട്ടിണിയാവും. കടപ്പുറത്തുള്ളവർക്കൊന്നും കരുതിവെക്കുന്ന ശീലമില്ല. അരയന് സമ്പാദിക്കാൻ പറ്റില്ല. ലക്ഷോപലക്ഷം ജീവഹാനി വരുത്തിയാണ് കാശുണ്ടാക്കുന്നത്. അത്തരം പണം സമ്പാദിക്കാനൊക്കില്ല. എന്തിനാ സമ്പാദിക്കുന്നേ.ഈ പരന്നു കിടക്കുന്നത് മരക്കാന്റെ സ്വത്താ. അവിടില്ലാത്തതെന്താ.. കരുതി വക്കാതിരുന്നാല് കടലമ്മ കനിയും. അതാ മൊറ എന്ന് പളനിയടക്കം എല്ലാവരും വിശ്വസിക്കുന്നു.

പട്ടിണിക്കാലത്ത് പണിക്കാർക്ക് പറ്റുകൊടുക്കുന്ന രീതി കടപ്പുറത്തുണ്ട്. എന്നാൽചെമ്പൻകുഞ്ഞ് പണിക്കാരെയും കൊണ്ട് മീൻ പിടിക്കാൻ പോവുന്നു.കടപ്പുറത്തിന്റെ സാമ്പത്തികാവസ്ഥ നോക്കി കടം കൊടുക്കാനും പലിശ വാങ്ങാനും ആളുകൾ അവിടെ കറങ്ങി നടക്കുന്നതായും പരാമർശമുണ്ട്. ശേഖരിച്ച ഉണക്കച്ചെമ്മീൻ വിൽക്കുന്നു. ഉണക്കമീൻ

എടുത്തുവെക്കുന്നത് ക്ഷാമകാലത്തേക്കുള്ള വരുമാനമാണ്. ചക്കിയും കറുത്തമ്മയും പഞ്ചമിയും വരെ ചെമ്പൻകുഞ്ഞിന്റെ വള്ളത്തിൽ നിന്നും മീനെടുത്ത് കച്ചവടം നടത്തുന്നത് സ്വപ്നം കാണുന്നുണ്ട്.

പഞ്ഞകാലം കഴിഞ്ഞാൽ സുഭിക്ഷത വരും. കോരിന് തയ്യാറാവൽ, വള്ളത്തിന്റെയും വലയുടെയും കേടുപാട് തീർക്കൽ എന്നിവയാണ് അക്കാലത്തെ പണി. പരീക്കുട്ടിയെപ്പോലുള്ള പുറത്തുനിന്നുള്ള കച്ചവടക്കാർ കൂടംകെട്ടി കച്ചവടം നടത്തുന്നു. അവിടെ പണിക്കും കടപ്പുറത്തെ പെണ്ണുങ്ങൾ പോകും.

മനുഷ്യന് ചക്രമുണ്ടാവുമ്പോൾ പഴയതെല്ലാം മറക്കും എന്ന പരാമർശം ചെമ്പൻകുഞ്ഞിനെക്കുറിച്ച് നാട്ടുകാർ പറയുന്നു. ചെമ്പൻകുഞ്ഞ് പണം കടം കൊടുക്കുന്നതിന്റെ ഉദ്ദേശ്യം പലതാണ്. പണം വെറുതെ കൊടുക്കുകയെന്നത് അവിടെ ശീലമില്ല.പരീക്കുട്ടിയുടെ പ്രവൃത്തിയിൽ ചക്കിക്ക്ഇത്രമാത്രം സംശയം തോന്നാൻ കാരണവുമതാണ്. ഊപ്പ പെറുക്കി വിൽക്കുന്ന മറ്റുള്ളവർ, കിഴക്കോട്ട് കച്ചവടത്തിന് പോകുന്ന സ്ത്രീകൾ എന്നിങ്ങനെ പലരെയും കാണാം. എല്ലാം കടലുമായിബന്ധപ്പെട്ട തൊഴിലുകൾ തന്നെ. ആകെ പരാമർശിക്കപ്പെടുന്ന ചായക്കടയിൽ ചാകരയുടെ കാര്യം പറഞ്ഞാണ് കടം വാങ്ങിക്കുന്നത്.

മരക്കാപ്പിൽ പല ജോലികൾ ചെയ്യുന്നവർ താമസിക്കുന്നു. കട നടത്തുന്നവരും മീൻപിടിത്തത്തിന് പോകുന്നവരും, കൊട്ടയിൽ മീൻ വിൽക്കാൻ പോകുന്ന സ്ത്രീകളും ഉദ്യോഗസ്ഥന്മാരും രാഷ്ട്രീയക്കാരും വൈദ്യനും മന്ത്രവാദിയും പൂജാരിയും കടൽക്കോടതി അധികാരികളും പ്രശ്നംവെപ്പുകാരനും എല്ലാം അടങ്ങിയതാണ് മരക്കാപ്പ്. ഉമ്പിച്ചിയാണ് ഇതിൽനിന്നും മാറി ഫാൻസി സാധനങ്ങൾ കൊട്ടയിൽ ചുമന്ന് വിൽക്കാൻ കൊണ്ടുപോകുന്നത്. അതിന് അവളുടേതായ കാരണവുമുണ്ട്. കുറച്ചുകാലം കഴിയുമ്പോൾ മരക്കാപ്പിന് സമീപം ഫാൻസി ഷോപ്പുകളും വരുന്നുണ്ട്.

### 6.3.8. കുടിയേറ്റം

ചെമ്മീനിൽവരത്തന്മാരും കിഴക്കുനിന്നുള്ള പെണ്ണുങ്ങളും കടപ്പുറത്തേക്ക് കടന്നു വരുന്നവരാണ്. അവരോട് മയത്തിലല്ല നാട്ടുകാർ പെരുമാറുന്നതെന്ന് കാണാം. അവരുടെ വരവ് തങ്ങളുടെ മൊറ തെറ്റിക്കാനുള്ളതാണെന്ന് അവർ വിശ്വസിക്കുന്നു. വിവാഹം കഴിഞ്ഞ് മറ്റൊരു കടപ്പുറത്തേക്ക് മാറിപ്പോവുന്ന കറുത്തമ്മയോട് അവിടത്തുകാരുടെ ഈ പെരുമാറ്റം കാണാം.

മരക്കാപ്പിലെ തെയ്യങ്ങളിൽ യാത്രക്കാരായി വരുന്ന വിദേശികളെ ഉമ്പിച്ചി സഹായിക്കുന്നുണ്ട്. അത് പക്ഷെ അവളുടെ തന്നെ അടിത്തറ തോണ്ടുന്ന പ്രവൃത്തി യായാണ് കടൽക്കോടതി കാണുന്നത്. തിരിച്ച് വീട്ടിൽ വന്ന് നോക്കുന്ന അവൾക്കത് മനസ്സിലാവുന്നുമുണ്ട്. കുടിയേറി വന്നവർ നാടിനെ നശിപ്പിക്കും എന്ന സങ്കൽപംഅവിടെയും നിലനിൽക്കുന്നത് കാണാം. അങ്ങനെ നോക്കുമ്പോൾ ഉമ്പിച്ചിയും ആ നാട്ടിൽ പുറത്തുനിന്ന് വന്ന ആളാണ്. കുടിയേറി വരുന്ന മറ്റൊരു വിഭാഗം തെയ്യങ്ങളാണ്. അവ കടലിലൊഴുകി തീരത്തണയുന്നത് ഉമ്പിച്ചിയുടെ കയ്യിലാണ്. അവളതിനെ ഭദ്രമായി കാത്തുവെക്കുന്നു. കുടിയേറി വന്ന കഥാപാത്രങ്ങൾക്കൊന്നും പഴയ ഇടത്തിന്റെ ഓർമയോ സ്വഭാവമോ ഉള്ളതായി പറയുന്നില്ല. കാലാന്തരത്തിൽ മാറി വന്നതുമായിരിക്കാം.

### 6.3.9. ലിംഗസമത്വം/ലിംഗഭേദം

ചെമ്മീനിൽ പരസ്പരം സദാചാരപരമായ വിമർശനം നടത്തുന്ന സ്ത്രീകൾ ആണ് കൂടുതൽ. പുരുഷന്മാർ പണത്തിന്റെ പേരിലും പെണ്ണിന്റെ പേരിലും മൊറ തെറ്റിച്ചതിന്റെ പേരിലും വഴക്കുണ്ടാക്കുന്നവരാണ്. കടപ്പുറത്ത് പോകുന്ന കാര്യത്തിൽ അവരുടെ ഭക്തിയും നിയമങ്ങളുമെല്ലാം ഒന്നാണ.് അത് കാര്യമായി നടത്തപ്പെടുകയും ചെയ്യുന്നു. പെണ്ണുങ്ങളെല്ലാം ഒരു കാലത്ത് കടപ്പുറം അശുദ്ധമാക്കാൻ സാധ്യതയുണ്ടായിട്ടുണ്ടാവാം എന്ന പൊതു നിഗമനത്തിലേക്കാണ് കറുത്തമ്മയെത്തുന്നത്.

മരക്കാപ്പിലെ തെയ്യങ്ങളിൽ മരക്കാപ്പിലെ കഥ ആരംഭിക്കുന്നത് ലോറൻസിന്റെ മരണത്തിലും അത് അന്വേഷിക്കുന്ന കൃഷ്ണൻകുട്ടിയിലും ആണെങ്കിലും കഥ നിലനിൽക്കുന്നത് ഉമ്പിച്ചിയിലൂടെയാണ്. മരക്കാപ്പിന്റെ ചരിത്രം തേടിപ്പോകുന്ന കൃഷ്ണൻകുട്ടി ഉമ്പിച്ചിയിലൂടെയാണ് അത് അന്വേഷിക്കുന്നത്. സ്ത്രീകഥാപാത്രങ്ങൾക്കൊപ്പം തന്നെ പുരുഷ കഥാപാത്രങ്ങളും പരാമർശിക്കപ്പെടുന്നു. പുരുഷ കഥാപാത്രങ്ങളുടെ സ്ഥാനം പലപ്പോഴും അധികാരികളുടെ കൂടെയും ചൂഷിതരായുമാണ്. തീരുമാനങ്ങളെടുക്കുന്നതിലും നടപ്പാക്കുന്നതിലും അവരുടെ പങ്കാളിത്തം കൂടുതലാണ്. മാനകമായ ഭാഷയിലാണ് ആണുങ്ങൾ അധികവും സംസാരിക്കുന്നത്. അവർ അധികാരത്തിന്റെ ഓരോ മേഖലയിലും ചുവടുറപ്പിച്ചിരിക്കുന്നത് കാണാം. കടപ്പുറത്തിനോട് വൈകാരിക ബന്ധമുള്ളവരിൽ ഒരാൾ ഉമ്പിച്ചിയും മറ്റൊരാൾ ഭോജൻ വെളിച്ചപ്പാടും മാത്രമാണ്. ഉമ്പിച്ചിയെ പെണ്ണുകാണുന്ന അലന്തൻ ആർക്കും മുണ്ടുവിരിച്ചിട്ടില്ലേയെന്നും അവളെയാരും പിഴപ്പിച്ചിട്ടില്ലേയെന്നുമാണ് തിരക്കുന്നത്.

### 6.3.10. അധികാര ഘടന/രാഷ്ട്രീയ പരിസരം

തുറയിലരയന്റെ അധികാര പരിധിയാണ് കടപ്പുറം.അയാൾ പറഞ്ഞാൽ നാടുവിടേണ്ടിവരും. വഞ്ചിപ്പണിക്ക് ആള് വരില്ല. മറ്റു തുറയിലും കാണും അധികാരി. അവിടെ ചെല്ലാൻ പറ്റില്ല. വള്ളമെടുക്കുമ്പോൾ അനുമതി നേടാത്തതിനും പ്രായമായ പെണ്ണിനെ കെട്ടിച്ചയക്കാത്തതിനും തുറയിലരയൻ ചെമ്പൻകുഞ്ഞിനെ വിമർശിക്കുന്നുണ്ട്. കുടുംബത്തിലെ അധികാരി ചെമ്പൻകുഞ്ഞാണ്. അയാളോട് ചോദിക്കാതെ പരീക്കുട്ടിക്ക് മീൻ കച്ചവടംചെയ്യാമെന്ന് പറഞ്ഞതിൽ കറുത്തമ്മ ദുഖിക്കേണ്ടി വരുന്നു. ഇതറിയുന്ന ചക്കി അയൽപെണ്ണുങ്ങളുടെ ആവശ്യത്തിന് നേരെ മൗനമായിരിക്കുന്നത് കാണാം.

മരക്കാപ്പിലെ തെയ്യങ്ങളിൽകടൽക്കോടതിയുടെ അധികാര പദവിയിലേക്ക് കടപ്പുറത്തിന്റെ നിയമങ്ങളും സംവിധാനങ്ങളും വന്നു. നിയമം അനുശാസിക്കാനും അത് പൊതുവായ അഭിപ്രായത്തെ മാനിച്ച് തിരുത്താനുമുള്ള അവകാശം കടൽക്കോടതിക്കുണ്ട്. പ്രശ്നം വെച്ചും മറ്റുമാണ് പ്രശ്നപരിഹാരം നടത്തുന്നതെന്നത് സമൂഹത്തിന്റെ വിശ്വാസത്തിലുള്ളമാറ്റം കാണിക്കുന്നു. ടൂറിസവുമായി ബന്ധപ്പെട്ട അധികാരികളും ഓഫീസർമാരും മന്ത്രിയും രാഷ്ട്രീയക്കാരും അടങ്ങുന്ന ഒരു പരിസരം മരക്കാപ്പിലുണ്ട്. അവർ ടൂറിസത്തിന്റെ പേരിൽ ഒന്നിച്ചവരാണ്. അവരുടെ ലക്ഷ്യം ഒന്നാണ്. ചെമ്മീനിൽ കടലിന് അദൃശ്യമായ ഒരു നിയമസംഹിതയും അധികാരവും നൽകപ്പെട്ടിരുന്നു. എന്നാൽ മരക്കാപ്പിൽ മറ്റുള്ളവരെപ്പോലെത്തന്നെ ഒരു കഥാപാത്രത്തിന്റെ സ്ഥാനമാണ് കടലിന് ലഭിക്കുന്നത്.

### 6.3.11. പാരിസ്ഥിതിക പ്രശ്നങ്ങൾ

കടലുമായി ബന്ധപ്പെട്ട പരിസ്ഥിതി വിചാരങ്ങൾ പ്രബലമാവുന്നതിന് മുമ്പേ എഴുതപ്പെട്ടതുകൊണ്ട് പാരിസ്ഥിതിക പ്രശ്നങ്ങൾ ആ അർത്ഥത്തിൽ ചെമ്മീനെന്ന നോവൽ ചർച്ച ചെയ്യുന്നില്ല. മരക്കാപ്പിലെ പാരിസ്ഥിതിക പ്രശ്നം വികസനവും ടൂറിസവും രൂപപ്പെടുത്തുന്ന സാമൂഹിക-ഭൗതിക മാറ്റങ്ങളാണ്. അത് മരക്കാപ്പിന്റെ തനിമയെ നശിപ്പിക്കുമെന്ന വാദം നിലനിൽക്കുമ്പോഴും വികസനമെന്നതിനോടുള്ള സമീപനം മരക്കാപ്പിൽ പലതാണ്.

### 6.3.12. മിത്ത്/വിശ്വാസം

'തിരകൾക്കും ഒഴുക്കിനും എതിരായി മല്ലടിച്ച് ഒരു തടിക്കഷ്ണത്തിൽ ചക്രവാളത്തിനപ്പുറത്തേക്ക് പോയആദ്യത്തെ മുക്കുവന്റെ ഭാര്യ വ്രതനിഷ്ഠയോടെ കടപ്പുറത്ത് പടിഞ്ഞാറേക്കു നോക്കി തപസ്സുചെയ്യുകയായിരുന്നു. കടലിൽ കോളിളകി. തിമിംഗലങ്ങൾ വായ്പൊളിച്ചുകൊണ്ടടുത്തു. സ്രാവുകൾ വാലുകൊണ്ട് വള്ളത്തിലടിച്ചു. ഒഴുക്ക് വള്ളത്തെ ഒരു വലിയചുഴിയിലേക്ക് വലിച്ചുകൊണ്ടുപോയി. എല്ലാ അത്ഭുതത്തിൽനിന്നും അയാൾ അത്ഭുതകരമായി രക്ഷപ്പെട്ടു. എന്നല്ല, ഒരു വലിയ മീനുമായി കരക്കുവന്നു. എങ്ങനെ ഇതെല്ലാം സംഭവിച്ചു. ആ പതിവ്രത കടപ്പുറത്ത് തപസ്സു ചെയ്യുകയായിരുന്നു' (പു.19).

ആദ്യത്തെ മുക്കുവനെ അവരുടെ തലമുറസങ്കൽപത്തിന്റെ തുടക്കമായി കാണാം. തങ്ങൾ പിന്മുറക്കാരാണെന്നും ഈ വിശ്വാസമാണ് സമൂഹത്തെ നയിക്കുന്നതെന്നുമുള്ള ബോധം പറഞ്ഞുവെക്കുന്നു. കടലിന്റെ ഭീകരരൂപം അതിന്റെ തീവ്രതയിൽ തന്നെ അവതരിപ്പിച്ച് വരാനിരിക്കുന്ന വിപത്തിന് മുന്നറിയിപ്പ് നൽകുകയാണ് ചെയ്യുന്നത്. മുക്കുവൻ അത്ഭുതകരമായി രക്ഷപ്പെട്ട് കരയിലെത്തുന്നത് വരെ കരയിൽ ഭാര്യ തപസ്സ് ചെയ്യുകയായിരുന്നു എന്നാണ് പ്രയോഗം. ഭാര്യ എന്നതിന് പതിവ്രത എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. വളരെ ചുരുക്കത്തിൽ പല വികാരങ്ങൾ ചേർത്തൊരുക്കിയ മിത്തിക്കൽ ഭാവമുള്ള കഥയാണിത്. അവിടെ നടന്ന അത്ഭുതം പതിവ്രതയുടെ തപസ്സ് കാരണമാണ് എന്ന് പറയുകയും അതൊരു മുന്നറിയിപ്പായി രേഖപ്പെടുത്തുകയും ചെയ്യുന്നു. പളനി കടലിൽ പോകുന്നതിന് മുന്നെ കറുത്തമ്മ അവൾ വഴിപിഴക്കുകയില്ലെന്ന് സത്യം ചെയ്യുന്നുണ്ട്. പുറത്ത് ചക്കിയുടെ മരണം അറിയിക്കാൻ വന്ന പരീക്കുട്ടിയോട് വളരെ പേടിയോടെയാണ് കറുത്തമ്മ പെരുമാറുന്നത്. അവസാനത്തിൽ ഭർത്താവ് കടലിൽ പോയ സമയത്ത് പുറത്തിറങ്ങിയ കറുത്തമ്മയെന്ന ഭാര്യ അപരനായ പുരുഷനെ കെട്ടിപ്പിടിക്കുമ്പോൾ മിത്തിൽ പറഞ്ഞത് പോലെ കടൽ അലയടികളോടെ പളനിയെ ആവേശം കൊള്ളിക്കുന്നുണ്ട്. അതുവരെ ഒരു മുക്കുവനും കിട്ടാത്തത്ര വലിയ മീനാണ് അയാളുടെ ചൂണ്ടയിൽ കുരുങ്ങുന്നത്. തനിക്ക് അപകടം സംഭവിക്കുമെന്ന് ഉറക്കുന്ന നിമിഷത്തിൽ പളനി കറുത്തമ്മയെയാണ് വിളിക്കുന്നത്. അയാൾക്കപ്പോൾ ഈ വിശ്വാസം മാത്രമേ കൂട്ടാവുന്നുള്ളു എന്ന് കാണാം. കറുത്തമ്മയിലെത്തി നിൽക്കുന്ന പുരാവൃത്തസാക്ഷ്യമാണ് ചെമ്മീനിലൂടെ പറഞ്ഞുവെക്കുന്നത്.

കടലമ്മക്ക് ദേഷ്യം വന്നാൽ എല്ലാം മുടിക്കും, അല്ലെങ്കിൽ കനകക്കട്ടികൊണ്ടതരുംഎന്നതും ഇതുമായി ബന്ധിപ്പിക്കാം.കടപ്പുറത്തെ ഇതുവരെ ആരും അശുദ്ധമാക്കിയില്ലേ എന്നും കടപ്പുറത്തെ മിത്ത് കഥ മാത്രമാണോ എന്നും കറുത്തമ്മ ആലോചിക്കുന്നുണ്ട്.ചാകരവന്നാലും വിഷമം വന്നാലും ചക്കി ഭക്തിപാരവശ്യത്തോടെ കടലമ്മയെ വിളിക്കുന്നത് നോവലിലുണ്ട്.

മുക്കുവന് ദിക്കു കാട്ടുന്ന അരുന്ധതി നക്ഷത്രം പളനി വെള്ളത്തിൽ അകപ്പെടുന്ന ദിവസം മങ്ങി കത്തിയെന്ന് നോവലിലുണ്ട്. കടലിന്റെ സത്യം എന്ന പ്രതീകാത്മകതയെ പൂർത്തീകരിക്കാൻ വേണ്ടിയാവാം അത്.

മരക്കാപ്പിലെ തെയ്യങ്ങൾ ഭരണകൂടകടന്നുകയറ്റത്തെ അതിന്റെ മിത്തുകൊണ്ട് പ്രതിരോധിക്കാൻ ശ്രമിക്കുന്നത് കാണാം. തെയ്യങ്ങളെ, അവയുടെവരവിനെ, അതിനെ പ്രതിഷ്ഠിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളെയെല്ലാം വളരെ വിശ്വാസപൂർവ്വം പരിഗണിക്കുന്നു. പരസ്പരം തോറ്റം പാടിയുണർത്തുന്ന തെയ്യങ്ങളും ബ്രഹ്മരക്ഷസും കുട്ടിച്ചാത്തനും എല്ലാം പുതിയ കാലത്തിന്റെ സ്വഭാവങ്ങളെ എടുത്തണിയുകയാണ്. ജാതിവ്യവസ്ഥയിൽ അടിച്ചമർത്തപ്പെട്ട വിഭാഗത്തിന്റെ പ്രതികാരവുമായാണ് കുട്ടിച്ചാത്തൻ നടക്കുന്നത്.

വലയിൽനിന്ന് മൂന്നിഴ ധരിച്ച് നമ്പൂതിരിമാരായവർ കാലത്തിന്റെ അജ്ഞാതമായ വഴിത്തിരിവിൽ വെച്ച് വീണ്ടും മുക്കുവരായി എന്നാണ് നോവലിസ്റ്റ് പറയുന്നത്. കടപ്പുറത്തെ ഭഗവതി ക്ഷേത്രം മാത്രം ശേഷിച്ചു. ശാന്തിക്കാരൻ രയരോൻ മാത്രം ഭഗവതിയെ കൈവിട്ടില്ല. ഇക്കാലത്ത് തെക്കൻ കൂലോത്ത് (തെയ്യാട്ട സ്ഥാനങ്ങളായ ആരാധനാലയങ്ങൾ) നിന്നും വടക്കൻ കൂലോത്തേക്ക് കുറെ തെയ്യങ്ങൾപുതിയ സ്ഥാനങ്ങൾ തേടി പുറപ്പെട്ടു. ആ കൂട്ടത്തിൽ മരക്കാപ്പിൽ വന്നെത്തുന്നതാണ് പുതിയ ഭഗവതിത്തെയ്യം. പക്ഷെ പുതിയ ഉപാസനാ മൂർത്തിയെ അവിടേക്ക് ആനയിക്കാൻ രയരോൻ തയ്യാറായില്ല. പുതിയ ഭഗവതി വായ മുതൽ വയർവരെ പിളർന്ന് രയരോനെ വധിച്ചു. അതാണ് ഇന്നത്തെ ബ്രഹ്മരക്ഷസ്. രക്ഷസിന് മാത്രമാണ് മരക്കാപ്പിൽ നാലടി മണ്ണുള്ളത്. കടപ്പുറം ഭഗവതിയാണ് മരക്കാപ്പിലെ ദേവി. അവർക്കു വേണ്ടിയാണ് ചീകുറുംബ പൂരം നടത്തുന്നത്.

### 16.3.13. ഭാഷ/ഭാഷാഭേദം

നാലാം വേദക്കാരൻ എന്നത് മുസ്ലീം വിഭാഗക്കാരെ പരാമർശിക്കാനുപയോഗിക്കുന്ന വാക്കാണ്. ഭാഷ പലതരത്തിൽ വികാസം പ്രാപിക്കാത്തവയും ഭാഷാഭേദപരമായുള്ളതും കാണാം. ആളുകളുടെ പേരുകളിൽ വൈവിധ്യമുണ്ട്. അയ്യൻകുഞ്ഞ്, നല്ലപെണ്ണ്, ചക്കി, പഞ്ചമി, കറുത്തമ്മ, പരീക്കുട്ടി, രാമൻ മൂപ്പൻ എന്നിങ്ങനെ പോകുന്ന പേരുകൾ. കടപ്പുറത്തെ സംസ്കാരങ്ങളുമായി ബന്ധപ്പെട്ട വാക്കുകൾ മരക്കാത്തി, ശുത്തം, മൊറ, നെറി എന്നിങ്ങനെ പോകുന്നു. അധിക പദങ്ങളും ഇന്നുപയോഗത്തിലുള്ളവ തന്നെയാണ്.പരീക്കുട്ടി പാടുന്ന നാലാംവേദക്കാരന്റെ പാട്ട് കടലിൽ പോകുന്നയാൾ ഏറ്റുപാടുന്നുണ്ട്.

'കൊശവന്റെ വയറ്റിൽ ആശാരിച്ചെറുക്കന്റെ വെളിച്ചപ്പാട്(പു.22).

മൺകുടത്തിൽ തൈര് കടയുന്നതിനെയാണ് ഇങ്ങനെയൊരു ചൊല്ല് വെച്ച് ഉമ്പിച്ചി വിദേശികൾക്ക് മുന്നിലവതരിപ്പിക്കുന്നത്. അത് അവൾ വലിയ അഭിമാനത്തോടെയാണ് പറയുന്നത്; കേൾക്കുന്ന വിദേശികൾക്കത് മനസ്സിലാകുന്നില്ലെങ്കിലും. തമ്പാച്ചി (ദൈവം), തടുപ്പ (മുറം), നൊടിയാൻ (പറയാൻ), ജിഗുറ് (തന്റേടം), മൊകില (ഒഴുക്ക്) എന്നിങ്ങനെ വാക്കുകളെല്ലാം മരക്കാപ്പിന്റെ സംസ്കാരവുമായി ബന്ധപ്പെട്ടവയാണ്.

### 16.3.14. സമരം/പ്രതിരോധം

ചെമ്മീനിലെ പ്രതിരോധം ജീവിതത്തോടും അവിടെ നടക്കുന്ന അനീതികളോടും അവിടെ തുടരാനുള്ള സാഹചര്യത്തോടുമാണ്. വളരെ ദുർബലമെന്ന് തോന്നിക്കുന്ന ചിന്തകളിൽ രൂപപ്പെട്ട സമൂഹം. ഏത് നിമിഷവും പുറത്താക്കപ്പെടുമെന്ന ചിന്തയിൽ കഴിയുന്ന സമൂഹത്തിന്റെ വിട്ടുവീഴ്ചകളാണ് സമരമായി മാറുന്നത്. കടലിൽ കൂട്ടാത്ത വള്ളക്കാരോട് പളനി പ്രതികരിക്കുന്നത് രാത്രി വള്ളമിറക്കിയും പുതിയ വള്ളം വാങ്ങാൻ പ്ലാനിട്ടുമാണ്.

ലോറൻസിനെപ്പോലെ പരിസ്ഥിതി പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന, പ്രവൃത്തിക്കുന്ന ചെറുപ്പക്കാരും ഉമ്പിച്ചിയെപ്പോലെ അർഹമായ പട്ടയത്തിന് വേണ്ടി പൊരുതുന്നവരും മരക്കാപ്പിലുണ്ട്. ഇക്കോ ടൂറിസത്തിന്റെ പേരിൽ പ്രകൃതിയെ നശിപ്പിക്കുന്ന നയങ്ങളെ ലോറൻസ് ചോദ്യംചെയ്യുന്നു. ലോറൻസിന് മുമ്പും ശേഷവും ഉമ്പിച്ചിയിലൂടെയും ആ കർത്തവ്യം നടക്കുന്നു.

### 16.3.15. കഥാപാത്രങ്ങളുടെ സ്വഭാവം

ചെമ്പൻകുഞ്ഞിന് വഞ്ചി വാങ്ങാനുണ്ടാവുന്ന ആഗ്രഹത്തിൽ നിന്നാണ് ചെമ്മീനിലെ സംഘർഷങ്ങൾ ആരംഭിക്കുന്നത്. നോവലിലെ ഓരോ പ്രശ്നങ്ങൾക്കും കേന്ദ്രമാകുന്നത് ഈ ആഗ്രഹമാണ്. ചെമ്പൻകുഞ്ഞെന്ന കഥാപാത്രം ലക്ഷ്യത്തിന് വേണ്ടി എന്തുംചെയ്യാമെന്ന് വിചാരിക്കുന്ന ആളും സാഹസികതക്ക് തയ്യാറായവനും അവസരത്തിന് പ്രവർത്തിച്ചാലേ കാര്യമുള്ളൂ എന്ന് കരുതുന്നയാളുമാണ്. അയാളുടെ എല്ലാ പ്രവൃത്തികളിലും, കറുത്തമ്മയുടെ ചെറുക്കനെ കണ്ടുപിടിക്കുന്നതിൽ വരെ ഈ ഒരു കരുതലുണ്ട്. അവസാനത്തിലേക്ക് ചെമ്പൻകുഞ്ഞിനെ മാനസികമായി ബാധിക്കുന്നതും അയാളുടെ സാമ്പത്തിക നഷ്ടങ്ങളും ചക്കിയുടെ മരണവുമാണ്.

ചക്കി സ്വയംഅധ്വാനിച്ച് പണം കണ്ടെത്തണമെന്ന സമ്പ്രദായം വേണമെന്ന് ആഗ്രഹിക്കുന്ന, മക്കളെ സംരക്ഷിക്കാനാഗ്രഹിക്കുന്ന സ്ത്രീയാണ്. പരീക്കുട്ടിയുടെ കടത്തിന്റെ പേരിൽ ചക്കി കറുത്തമ്മയുടെ മുന്നിൽ ഉത്തരംമുട്ടി പോവുന്നുണ്ട്. പക്ഷെ കറുത്തമ്മയുടെ മനസ്സ് മനസ്സിലാക്കാനും അവർക്കാവുന്നു. ചെമ്പൻകുഞ്ഞിനെ ചില ഘട്ടങ്ങളിൽ ഉപദേശിക്കാനുള്ള സ്വാതന്ത്ര്യം അവർ എടുക്കുന്നുണ്ട്. പത്തുവള്ളമിറങ്ങിയാലും താനിങ്ങനെ ആയിരിക്കും എന്ന് ചക്കി പറയുന്നു. അവരുടെ കടലമ്മയോടുള്ള വിശ്വാസം കടപ്പുറത്തിന്റെ പാരമ്പര്യ സ്വഭാവം കാണിക്കുന്നു.

കറുത്തമ്മ തുറയിലെ സംസാരവിഷയമാവുന്നതോടെ അവിടെനിന്നും രക്ഷപ്പെടുക, അതിന്റെ പേരിൽ കുടുംബത്തിനും തുറക്കും ഉണ്ടാവാനിരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുക എന്നതായിരുന്നു ലക്ഷ്യം. അവിടെ പരീക്കുട്ടിയുമായുള്ള പ്രണയം ത്യാഗം ചെയ്യപ്പെടുന്നു. ഇത് പരീക്കുട്ടിയുടെയും സമ്മതത്തോടെതന്നെയാണ്. പക്ഷെ അടുത്തൊരു ഘട്ടത്തിൽ ഇത്രയും സംയമനത്തോടെ പെരുമാറാൻ അവർക്കാവുന്നില്ല. അതവരുടെ ജീവത്യാഗത്തിലേക്ക് നയിക്കുന്നു. പരീക്കുട്ടിയോടൊപ്പം പോകാൻ നാലാംവേദത്തിൽ കൂടാൻ വരെ കറുത്തമ്മ തയ്യാറാണ്. പളനിയുടെ കാര്യം അറിയുന്നതോടെ കടപ്പുറത്തുനിന്നും പോകാൻ അവസരമുണ്ടാക്കാനാണ് കറുത്തമ്മ ചക്കിയോട് പറയുന്നത്.

പരീക്കുട്ടി നീർക്കുന്നത്ത് കടപ്പുറത്ത് വളർന്നതാണ്. കറുത്തമ്മയുംപരീക്കുട്ടിയും കളിക്കൂട്ടുകാരായിരുന്നു. പണ്ട് ബാപ്പ പരീക്കുട്ടിയെ ചമ്പക്കച്ചോടത്തിന് വിട്ടതാണ്. അവന് വേറൊരു പണിയും അറിയില്ല. കറുത്തമ്മയല്ലാതെ മറ്റൊരു പെണ്ണിനെയും സ്നേഹിച്ചിട്ടുമില്ലെന്ന് പരീക്കുട്ടി പറയുന്നു. പളനി അനാഥനാണ്. അയാൾക്ക് ആകെയുള്ളത് കടലാണ്. കടലിൽ അയാളുടെ എല്ലാമുണ്ടെന്ന് വിചാരിക്കുന്നു. സ്ത്രീധനം വേണ്ടെന്ന് പളനിക്ക് പറയാൻ കഴിയുന്നതും സ്വന്തം തീരുമാനങ്ങൾ എടുക്കാനാവുന്നതും ഒരു പരിധിവരെ കറുത്തമ്മയെ വിശ്വസിക്കാൻ കഴിയുന്നതും അതുകൊണ്ടാണ്.

ചെമ്മീനിലെ കഥാപാത്രങ്ങളിൽ കടലിന്റെ പലതായ സ്വഭാവങ്ങൾ കാണാനാവും. ചെമ്പൻകുഞ്ഞിന് പണത്തോടുള്ള ആർത്തി കടലുപോലെയാണ്. കറുത്തമ്മയുടെ സ്നേഹവും കടലുപോലെ. പളനിയുടെ ധൈര്യമെന്നത് കടലിന്റെ ആർജവം പോലെയും പരീക്കുട്ടിയുടെ ത്യാഗമെന്നത് കടലമ്മയുടെ കനിവ് പോലെയുമാണ്. കടപ്പുറത്തെ വാക്ക് തെറ്റിച്ചാലുണ്ടാവുന്ന പരിണതഫലം കടലിന്റെ തീവ്രതപോലെ ശക്തമാണ്. മരക്കാപ്പിലെ തെയ്യങ്ങളിൽകടൽ തന്റെ ഭാവഭേദങ്ങളിൽ ജീവിതത്തെ പ്രതിഫലിപ്പിക്കുന്നുണ്ട്. ഉമ്പിച്ചിയെന്ന സ്ത്രീ കടപ്പുറത്തിന്റെ മൊത്തം രക്ഷകയാവുകയാണ് ചെയ്യുന്നത്. അവളതിന് തുനിഞ്ഞിറങ്ങുന്നത് വലിയൊരു ഉത്തരവാദിത്തം ഏറ്റെടുത്തുകൊണ്ടാണ്. അങ്കിച്ചിക്ക് അമ്മത്തെയ്യത്തിന്റെ സ്ഥാനമാണ് മരണശേഷം കിട്ടുന്നത്. അവർക്ക് ഉമ്പിച്ചിയുടെ മനസ്സിലും അത്തരമൊരു സ്ഥാനമാണ്. മരണശേഷവും ഉമ്പിച്ചിയെ ആലോചിച്ച് പ്രയാസപ്പെടുന്നത് കാണാം.ലോറൻസ് എന്ന പരിസ്ഥിതി പ്രവർത്തകൻ നിർദാക്ഷിണ്യം കൊല്ലപ്പെടുകയാണ്. അയാളുടെ ഭൂതമോ വർത്തമാനമോ കഥയെ മാറ്റുന്നില്ല. മരക്കാപ്പിന്റെ കഥയിലെ ഒരംശം മാത്രമായി ലോറൻസ് വന്നുപോകുന്നു.

കൃഷ്ണൻകുട്ടി എന്ന കഥാപാത്രം മധ്യസമൂഹത്തിന്റെ പ്രതിനിധിയാണ്. അയാൾ സുരക്ഷിതമായ ഒരിടത്തിരുന്ന് ലോറൻസിനെപ്പറ്റി അന്വേഷിക്കുന്നു. അയാളുടെ ലക്ഷ്യത്തിൽ തന്നെ ഒന്നിലും ചെന്നുപെടാതെ കാര്യങ്ങൾ അറിയണമെന്ന മനോഭാവം ഉണ്ട്. വൈകാരികമായി എടുത്തുചാടി ലോറൻസിനെപ്പോലെ പ്രതികരിച്ച് അപകടത്തിൽ പെടാൻ തയ്യാറല്ലാത്ത ഒരു വിഭാഗത്തിന്റെ പ്രതിനിധിയായി കാണാം. മരക്കാപ്പിലെ ചെറിയ കടപ്പുറത്തേക്ക് ആഗോളവൽക്കരണത്തിന്റെ ചൂണ്ടകൾ നീളുമ്പോൾ അവിടത്തെ ജനങ്ങൾക്ക് ശ്വാസംമുട്ടുന്നു. മരക്കാപ്പിന്റെ ചരിത്രം കഥയുടെ ഗതിയെതന്നെ നിയന്ത്രിക്കുന്നു. എന്നാൽ ചരിത്രത്തെക്കാളും പുരാവൃത്തത്തിന് മുൻതൂക്കം കാണാം. ചെമ്മീനും മരക്കാപ്പും കടപ്പുറത്തിന്റെ കഥ പറയുന്ന നോവലുകളാവുന്നത് പോലെത്തന്നെ കടൽ കഥാപാത്രമായ നോവലുകളുമാവുന്നു. ആദ്യം പുറത്തിറങ്ങിയ കൃതിയെന്ന രീതിയിൽ ചെമ്മീൻ മരക്കാപ്പിലും പരാമർശിക്കപ്പെടുന്നുണ്ട്.

സൂചന


1. ഡാനിയൽ ഡീഫോ. റോബിൻസൺ ക്രൂസോ. 1719.
2. ഏണസ്റ്റ് ഹെമിങ്വേ. ദ ഓൾഡ് മാൻ ആൻഡ് ദ സീ. ചാൾസ് സ്ക്രിബ്നേഴ്സ് സൺസ്. 1952.
3. ഹെർമൻ മെൽവില്ലി.മൊബിഡിക്ക്. ഹാർപ്പർ & ബ്രദേഴ്സ്. 1851.
4. ഉള്ളൂർ. കേരള സാഹിത്യ ചരിത്രം. 1953.
5. ആർ.ഡി ബാനർജി. പ്രീഹിസ്റ്റോറിക് , ആൻഷ്യന്റ്& ഹിന്ദു ഇന്ത്യ. ബ്ലാക്കി& സൺ (ഇന്ത്യ ലിമിറ്റഡ്).1934.
6. പി. ശങ്കുണ്ണി മേനോൻ. കേരളോൽപ്പത്തി. സ്റ്റോൾസ്& റൂഥർ. 1868.
7. സ്കന്ദപുരാണം. പതിനെട്ട് പുരാണങ്ങളിൽ ഏറ്റവും വലുത്. വ്യാസരചിതം.
8. വില്യം ലോഗൻ.മലബാർ മാന്വൽ. ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യ കമ്പനി. 1887.
9. തകഴി. ചെമ്മീൻ. എൻ.ബി.എസ്. 1956.
10. പോഞ്ഞിക്കര റാഫി. ഓരാപ്രോനോബിസ്. ഡിസി ബുക്സ്. 1981.
11. യു. എ.ഖാദർ. അറബിക്കടലോരം. ചിന്ത പബ്ലിക്കേഷൻസ്. 1989.
12. സലാം പള്ളിത്തോട്ടം. ഒരു തീരം മഹാസാഗരം. സൺ ഇന്ത്യ. 1990.
13. ഖാലിദ്. ഒരേ ദേശക്കാരായ ഞങ്ങൾ. ഗ്രീൻ ബുക്സ്. 1991.
14. പി.ജി.തമ്പി. സാഗരം മഹാസാഗരം. 1992.
15. കെ.പി രാമനുണ്ണി. സൂഫി പറഞ്ഞ കഥ.ഡിസി ബുക്സ്. 1998.
16. പെരുമ്പടവം. കടൽക്കരയിലെ വീട.് കറന്റ്ബുക്സ്. 1998.
17. ജോസഫ് പനക്കൽ. കടൽക്കാക്കകൾ. ഡിസി ബുക്സ്. 1998.
18. സി.വി ബാലകൃഷ്ണൻ. കണ്ണാടിക്കടൽ. ഡിസി ബുക്സ്. 1990.
19. തോപ്പിൽ മുഹമ്മദ് മീരാൻ. തുറമുഖം.2002.
20. അംബികാസുതൻ മാങ്ങാട്ട.്മരക്കാപ്പിലെ തെയ്യങ്ങൾ. ഡിസി. ബുക്സ്. 2003.
21. സി.വി ബാലകൃഷ്ണൻ. കടൽ ഗുഹകളിൽ. ഡിസി ബുക്സ്. 2015.
22. കെ.ഇ.എൻ. ചെമ്മീനിലെ സംഘർഷങ്ങൾ. റാസ്ബെറി ബുക്സ്. 2013.
23. അതേ പുസ്തകം.
24. ഡോ.വി.വി. വേലുക്കുട്ടി അരയൻ. തകഴിയുടെ ചെമ്മീൻ- ഒരു നിരൂപണം.

# അധ്യായം 5

# വിശകലനവും നിഗമനങ്ങളും

### 1. വിശകലനം

### 1.1. ഭൂമിശാസ്ത്രവും സംസ്കാരവും

ഭൂമി പല താപനിലയുള്ള/കാലാവസ്ഥയുള്ള ഭൗതിക പ്രകൃതികളായി വേർതിരിഞ്ഞതാണ് മനുഷ്യരാശിയുടെ സാംസ്കാരിക വൈവിധ്യത്തിന് അടിസ്ഥാന കാരണമായതെന്ന് ശാസ്ത്രപഠനങ്ങൾ തെളിയിക്കുന്നു. ഭൂപരിധിയിൽ നിന്നുകൊണ്ട് സംസ്കാരം രൂപപ്പെടുകയും സംസ്കാരം ഭൗതികപരിസരത്തെ മാറ്റിത്തീർക്കുകയും ചെയ്യുന്നുണ്ട്. ഭൂമിശാസ്ത്രവും സംസ്കാരവും മനുഷ്യന്റെ അഥവാ കഥാപാത്രത്തിന്റെ സ്വഭാവ രൂപീകരണത്തെ സ്വാധീനിക്കുന്നുണ്ട്.

ഭൂമിയുടെ ഘടന, ജലസാമീപ്യം എന്നിവയെ അടിസ്ഥാനമാക്കിയാണ് മനുഷ്യന്റെ സംസ്കാരവും സ്ഥിരതാമസവും നിർണയിക്കപ്പെട്ടത്. അതിനാൽതന്നെ ഭൗതികപരിസരത്തിന്റെ മാറ്റം അക്കാലങ്ങളിലെ മനുഷ്യന്റെ സംസ്കാരത്തെ സ്വാധീനിച്ചിരിക്കുമെന്നത് സ്വഭാവികമാണ്. സംസ്കാരം രൂപപ്പെടുന്നതോടൊപ്പം മനുഷ്യന്റെ രൂപവും ചിന്തയും സ്വഭാവവും ശീലങ്ങളും രൂപപ്പെട്ടു വന്നു.

സംസ്കാരത്തിന്റെ ചിഹ്നങ്ങളോട് മനുഷ്യന്റെ ചിന്ത, വിശ്വാസം, വാമൊഴി എന്നിവ കൈമാറ്റങ്ങൾ നടത്തി. സാഹിത്യത്തിലും മിത്തുകളിലും വിശ്വാസത്തിലും പ്രാദേശിക ചിഹ്നങ്ങൾ രൂപപ്പെട്ടു. ഘടനയിലൂന്നിയുള്ള ഇത്തരം അടിത്തറ മനുഷ്യന് പ്രധാനമാണ്.

ഒരു നിഷിന് ഉള്ളിൽ നിൽക്കുന്ന സവിശേഷതകളാണ് പ്രത്യേക സംസ്കാരമായി രൂപപ്പെട്ടുവന്നത്. ഭൗതികപരിസരത്തിലെ ഏത് ജീവിയെയും എന്ന പോലെ മനുഷ്യനെയും അത് രൂപപ്പെടുത്തി. മനുഷ്യൻ തന്റെ സാഹചര്യത്തിനനുസരിച്ച് പരിസരത്തെ കൂടി അനുകൂലമാക്കിയെടുക്കാൻ തുടങ്ങി.

ജനത കൈമാറുന്ന സംസ്കാരവും നാട് കൈമാറുന്ന സംസ്കാരവും ഉണ്ട്. ജനങ്ങൾ മറ്റൊരിടത്തേക്ക് കുടിയേറിപ്പോകുമ്പോൾ ചില സാംസ്കാരികാംശങ്ങളെ കൂടെ കൂട്ടുന്നു. എത്തിച്ചേരുന്ന പ്രദേശത്തിന്റെ ഭൂമിപരമായ പ്രത്യേകതക്കനുസരിച്ച് ആചരിക്കാനും സംരക്ഷിക്കാനും പറ്റുന്നവയെ നിലനിർത്തുകയും മറ്റുള്ളവ പതിയെ സൂചന മാത്രമായി മാറുകയും ചെയ്യുന്നു. അതുപോലത്തന്നെ എത്തിച്ചരുന്ന ഇടം ചില ബോധ്യങ്ങളെ അവരിൽ അറിയാതെത്തന്നെ ഉൾച്ചേർക്കുകയും ചെയ്യുന്നു.

രേഖപ്പെടുത്തപ്പെട്ട ടെക്സ്റ്റ് കാലങ്ങളോളം ആ നാടിന്റെ ചരിത്രമായി അവശേഷിക്കാറുണ്ട്. അതിനാൽ തന്നെ സമൂഹത്തിന്റെ ബോധ തലത്തിൽ അതിന് സ്ഥാനം ലഭിക്കുന്നു. ഒരു കാലഘട്ടത്തിന്റെ ചിന്തയും പ്രവൃത്തിയും കൂടി അവിടെ രേഖപ്പെടുത്തപ്പെടുന്നുണ്ട്. സമൂഹത്തിൽ കളക്ടീവ് മെമ്മറിയായി അത് നിലകൊള്ളുന്നു.

### 1.2. നോവൽ സാഹിത്യം

കൾച്ചറൽ ടെക്സ്റ്റ് എന്നാൽ എഴുത്തോ സിനിമയോ മ്യൂസിക്കോ ചിത്രമോ എന്തുമാവാം.അവയെ ഒരു പ്രത്യേക സാംസ്കാരിക സാഹചര്യത്തിൽ ആളുകൾ എങ്ങനെ സ്വീകരിക്കുന്നു, പ്രതികരിക്കുന്നു, വ്യാഖ്യാനിക്കുന്നു, എന്നതാണ് പ്രധാനം. ചരിത്രവും സാംസ്കാരിക മൂല്യങ്ങളും എല്ലാം ഇതിൽ സ്വാധീനം ചെലുത്തും. ഒരു നാടിനെ പ്രധിനിധീകരിക്കുന്നതിലൂടെ കൾച്ചറൽ ടെക്സ്റ്റ് കാഴ്ചകൾ, ഭൗതിക പ്രകൃതി, പരിസരം, എന്നിവയുടെ ഏകതാനതയെ എടുത്ത് കാണിക്കുന്നു. ചരിത്രപരവും സാംസ്കാരികവുമായ

ഘടകങ്ങളിലൂടെ ഇടം രൂപപ്പെടുത്തുന്നു. ഇത്തരം രചനകളിലൂടെ രൂപപ്പെടുന്ന സ്റ്റീരിയോടൈപ്പുകൾ സമൂഹത്തിൽതെറ്റിദ്ധാരണ ഉണ്ടാക്കുന്നു.അത് മറികടക്കേണ്ടത് സാംസ്കാരിക ടെക്സ്റ്റിലൂടെ തന്നെയാണ്. സ്വത്വനിർമ്മിതിക്കും സംസ്കാരങ്ങൾക്കിടയിലുള്ള മനസ്സിലാക്കലുകൾക്കും സഹായകമാവും ഇത്തരം ഘടകങ്ങൾ.

മെയിൻ ലാന്റ് എന്ന ചിന്ത കൂടുതൽ ആളുകളെ ഉൾക്കൊള്ളുന്ന ഭരണ സിരാകേന്ദ്രവും വ്യവസായവും സാമ്പത്തിക പ്രവർത്തനങ്ങളും രാഷ്ട്രീയ പ്രവർത്തനങ്ങളും നടക്കുന്ന വിദ്യഭ്യാസ സ്ഥാപനങ്ങളുള്ള, കുടുതൽ തൊഴിലവസരങ്ങളുള്ള ഇടമെന്ന പൊതുബോധത്തിൽരൂപപ്പെടുന്നതാണ്.

ആദ്യകാലം മുതൽ ക്രിയാംശത്തിന്റെ കൃത്യവും വ്യക്തവുമായ നിർവ്വഹണത്തിനും വളർച്ചക്കും വേണ്ടി സ്ഥലം എന്ന ഘടകം ഉചിതമായുപയോഗിക്കുന്നുണ്ട്. ഒരു ഘട്ടത്തിൽ ക്രിയയെ നിർണയിക്കുന്ന ഘടകമായി അത് മാറുന്നു.

സാങ്കൽപിക നാടും സാങ്കൽപിക കഥകളും മലയാളത്തിന്റെ ഭാവനയെ വല്ലാതെ ഇളക്കിയില്ല. യാഥാർത്ഥ്യത്തിലൂന്നിയ കഥാഭാവനയെയാണ് എല്ലാക്കാലത്തും മലയാളം സ്വീകരിച്ചത്. ഒരു നാടിനുള്ളിൽ ഒതുങ്ങി നിൽക്കുന്ന നാടിനെ ഒരു ആവാസ വ്യവസ്ഥയായി പരിഗണിച്ചുകൊണ്ട് അവിടെ വളർച്ചയും താഴ്ച്ചയും മരണവും ജനനവും ഉൾക്കൊള്ളുന്ന തരത്തിൽ നോവലുകൾ രൂപപ്പെട്ടു. അവയിൽ പുറംലോകം പലപ്പോഴും അപരമാണ്. നോവലുൾക്കൊള്ളുന്ന നാട് സാംസ്കാരിക സവിശേഷതകളുടെയും പ്രശ്നങ്ങളുടെയും കഥാപാത്രങ്ങളുടെയും സമന്വയത്തിലൂടെ വളരുന്നതായി കാണാം.

അവിടെ ചലനാത്മകത കുറവാണെന്ന ബോധം മാറ്റപ്പെടുന്നത് നാടിനുള്ളിലെ സമാന്തര നാട് വ്യവസ്ഥയിലൂടെയാണ്. എല്ലാറ്റിനെയും പൂരിപ്പിക്കുന്ന സവിശേഷമായ ഘടകങ്ങളാൽ നിർമ്മിതമായിരിക്കും അത്. അവയുടെ കണ്ടെത്തലിലും രേഖപ്പെടുത്തലിലും എഴുത്തുകാർ അത്രയും ശ്രദ്ധാലുക്കളുമായിരുന്നു. അതിനൊപ്പം ചില നിർമ്മിത ചരിത്ര മിത്തിക്കൽ ഘടനകളും ഉൾക്കൊള്ളിക്കുന്നതോടെവായനക്കാരന് പൂർണമായ ഒരു സാംസ്കാരിക പരിസരം ലഭിക്കുന്നു.സൗന്ദര്യാത്മക പശ്ചാത്തലത്തിനപ്പുറം രാഷ്ട്രീയ ധർമ്മങ്ങൾ നിറവേറ്റുന്ന സ്ഥല ചരിത്രങ്ങൾ വരുന്നതോടെ പ്രാദേശികതയുടെ സൂക്ഷ്മാംശങ്ങൾ നോവലുകളിൽ കണ്ടുതുടങ്ങി. നോവൽ എല്ലാത്തിനെയും ഉൾക്കൊണ്ടു നിൽക്കുന്ന സാഹിത്യ രൂപമാണ്. അതിന്റെ വലിപ്പവും രൂപ-ആഖ്യാന ഘടനയും ഇതിന് സഹായകമാണ്. സ്വാഭാവികമല്ലാത്ത അടരുകളും ക്രമഭംഗങ്ങളും നോവലിന്റെ ഭാഗമാണ്.

കാലത്തെപ്പോലെനാടിനെയും എഴുതുന്ന സാഹിത്യരൂപമാണ് നോവൽ. നോവലിലെ കാലം സ്ഥലപ്പരപ്പിലും ആഴത്തിലുമാണ് നിലകൊള്ളുന്നത്. കേവലം പ്രാദേശികാനുഭവത്തിൽ നിന്നും മാറി സാംസ്കാരികവും ചരിത്രപരവുമായി മാറുന്നു. എഴുത്തിലൂടെ സ്ഥലപരതയ്ക്ക് രൂപവും അസ്ഥിത്വവും കൈവരുന്നു. എല്ലാതരം ആഖ്യാനങ്ങളിലും സ്ഥലത്തിന്റെയോ ആവാസ വ്യവസ്ഥയുടെയോ സൂചന കാണും. നോവലിന്റെ സവിശേഷതകളിലൊന്ന് ഭൂപരമായ വളർച്ചയാണ്. ക്രിയാംശം നടക്കാനുള്ള ഇടം എന്നതിലുപരി ആഖ്യാന രീതിയെയും ഭാഷയെയും ഭാഷാഭേദത്തെയും ഇത് സ്വാധീനിക്കുന്നുണ്ട്.ദേശീയതയും സ്വത്വബോധവും ഇതിന്റെ ഭാഗമായി രൂപപ്പെടുത്തുന്നവയാണ്.

സ്ഥലം നോവലിന് ചട്ടക്കൂട് നൽകുന്നതിനോടൊപ്പം അവിടെ നിലനിൽക്കുന്ന വികാര വിചാരങ്ങളുടെ അടിത്തറയാകുന്നു. നോവലുകളിലെ സ്ഥലം മറ്റൊന്നായിരുന്നെങ്കിൽ നോവലിന്റെ സാഹചര്യവും മാറിപ്പോവുമായിരുന്നു.

ഓരോകാലത്ത് എഴുതപ്പെടുന്ന നോവലുകളിൽ ആവർത്തിക്കുന്ന ചരിത്രഘടകങ്ങളെയും സാമ്പത്തിക സാഹചര്യങ്ങളെയും കാണാം. അവ മൂന്ന് നാടുകളെയും ബാധിക്കുന്നത് വേറിട്ട രീതിയിലായിരിക്കും. സാംസ്കാരിക ഘടകങ്ങളുടെ സ്വാധീനം കൃതികളിൽ കൂടിയും കുറഞ്ഞും കാണാനാവും.

### 1.3. സ്ഥലം/ഭൂമിശാസ്ത്രം

മലനാടൻ മലബാറിലെ കൃഷിയിടം, അടിച്ചിത്തൊട്ടി എന്ന മുതുവാ ഗ്രാമം, വള്ളുവനാട്ടിലെ അത്തിക്കോട്, തൃശ്ശൂരിന്റെ പ്രാന്തപ്രദേശമായ കോക്കാഞ്ചേറ, തീരദേശ പ്രദേശമായ നീർക്കുന്നത്ത്, മരക്കാപ്പ് എന്ന കടപ്പുറം എന്നിവയാണ് വിശകലനം ചെയ്യപ്പെടുന്ന ഭൂമികകൾ.

ഉയർന്ന ഭൗതിക പരിസരമാണ് മലനാട്ടിലുള്ളത്. താഴ്വാരങ്ങൾ മലനാട്ടുകാർക്ക് ഇടനാട്ടിലേക്കുള്ള വഴിയാണ്. മലനാടിന്റെ അതിരുകൾ പ്രകൃതിദത്തവും അവ സ്വാഭാവികമായി മറികടക്കാൻ ബുദ്ധിമുട്ടുള്ളവയുമാണ്. ഇത് ഗോത്ര വിഭാഗങ്ങളുടെ സാംസ്കാരികത്തനിമ നിലനിൽക്കുന്നതിന് ഒരു കാരണമാണ്. ഗോത്രവിഭാഗക്കാർ ഇടനാടുമായി ബന്ധപ്പെടുന്നത് അവർക്ക് ഉൽപന്നങ്ങൾ വാങ്ങാനും സർക്കാർ സഹായങ്ങൾ ലഭിക്കാനും മാത്രമാണ്.

ഗോത്രവിഭാഗത്തിനകത്ത് ഇടപെട്ട് പ്രവർത്തിക്കാനായി ഭരണകൂടം അയക്കുന്ന പ്രതിനിധിയാണ് സുധ. സുധയ്ക്ക് പലതരത്തിൽ ബഹുമാനം ലഭിക്കുന്നുണ്ടെങ്കിലും വേറൊരു മുതുവാൻ ഗോത്രത്തിൽപെട്ട വ്യക്തി ആയിട്ടും ബാഹ്യഘടകമായിട്ടാണ് പരിഗണിക്കപ്പെടുന്നത്. സുധ പോസിറ്റീവായി പ്രവർത്തിക്കുകയും ഇടപെടുകയും ചെയ്യുമ്പോഴും അവരുടെ വരവോ പോക്കോ ഊരിനകത്ത് കാര്യമായ മാറ്റങ്ങൾ സൃഷ്ടിക്കുന്നില്ല. ഭരണകൂടത്തിന്റെ ഭാഗത്തുനിന്നുള്ള നിരുത്തരവാദപരമായ പ്രവൃത്തികളെ ചോദ്യംചെയ്യാനുള്ള ബോധം സുധയുടെ വരവോടെ അവരിലുണ്ടാവുന്നുണ്ട്.

മലബാറിലേക്ക് ഇടനാട്ടിൽ നിന്നുമാണ് കുടിയേറ്റം നടക്കുന്നത്. ഇടനാട്ടിലെ സാമൂഹിക-രാഷ്ട്രീയ സാഹചര്യം കുടിയേറ്റങ്ങൾക്ക് കാരണമായി. മലനാട്ടിലേക്ക് കുടിയേറി വരുന്നവരുടെ ചൂഷക സ്വഭാവം രണ്ട് നോവലുകളിലും പ്രകടമാണ്. മലനാടും തീരദേശവും വേറിട്ട പ്രദേശങ്ങളായിത്തന്നെ നിലകൊള്ളുന്നു. മലബാറിൽ ഉണക്കമൽസ്യങ്ങളുടെ സാന്നിധ്യം തീരദേശം എത്ര വിദൂരമാണെന്നതിന്റെ സൂചനയായി കാണാം.

അടിച്ചിത്തൊട്ടിക്കാർ മണ്ണിനെ ആശ്രയിക്കുന്നത് കാലങ്ങളായി ചെയ്തുവരുന്ന വിരിപ്പ് കൃഷിക്ക് വേണ്ടിയാണ്. അവർ മണ്ണിന്റെ ഫലഭൂയിഷ്ഠത കുറയുന്നതിനനുസരിച്ച് താമസസ്ഥലങ്ങൾ മാറ്റി കൃഷി ചെയ്ത് പോന്നിരുന്നു. ഏലത്തോട്ടങ്ങളിലും മറ്റും ജോലിക്കാരായി ഗോത്രവിഭാഗക്കാരായ പുരുഷന്മാരെയും സ്ത്രീകളെയും കുട്ടികളെയും ഉപയോഗിച്ചിരുന്നു. മലബാറിൽ കുടിയേറുന്ന കർഷകർ ഭൂമിക്കനുസൃതമായ കൃഷിരീതികൾ പ്രയോഗിക്കുന്നതായി പറയുന്നുണ്ട്. വീടുകളും തറവാടുകളും കൃഷിയിടങ്ങളും കൂടാതെ ചെറിയ കടകൾ മാത്രമാണ് അവിടെയുള്ളത്. മണ്ണിന് മനുഷ്യഭാവങ്ങൾ നൽകുന്നുണ്ട്. വിരിപ്പുകൃഷി ചെയ്യുന്ന കരിമ്പാലരെ മലബാറിലും കാണാം.

ഇടനാട്ടിൽ 'മണ്ണിന്റെ മാറിൽ' എഴുതപ്പെടുന്ന ഘട്ടത്തിലുള്ള പരിസ്ഥിതിബോധമല്ല ആലാഹയിലുള്ളത്. ആലാഹ പ്രകൃതിനാശത്തിന്റെയും നഗരവൽക്കരണത്തിന്റെയും ഭാവങ്ങൾ വ്യക്തമാക്കുന്നു. കൃഷി പ്രധാനമായിരുന്ന സാമ്പത്തികാവസ്ഥയിൽ നിന്നും കൃഷി അനുയോജ്യമല്ലാതായിത്തീരുന്ന മണ്ണും പരിസ്ഥിതിയുമായി മാറുന്നു. മാലിന്യങ്ങൾ അടിഞ്ഞുകൂടിയ പരിസരം നഗരവൽക്കരണത്തിന്റെ ബാക്കിപത്രമായി നിലനിൽക്കുന്നു.

തീരപ്രദേശത്ത് തീരവും കടലും പ്രധാനമാണ്. കടൽ തൊഴിലിടവും കര അതിന്റെ സാമ്പത്തിക പ്രവൃത്തികൾ നടക്കുന്ന ഇടവുമാണ്. കടലിൽ ആവശ്യമായ വഴക്കം തീരദേശ കഥാപാത്രങ്ങളിൽ സ്വാധീനം ചെലുത്തുന്ന ഘടകമാണ്.

പ്രകൃതി സാന്നിധ്യങ്ങളായ മല, കടൽ, സമതലം എന്നിവയുടെ സ്വഭാവ സവിശേഷതകൾ കഥാപാത്രങ്ങളിൽ പ്രതിഫലിക്കുന്നുണ്ട്.

പരുക്കനായ പെരുമാറ്റങ്ങൾ, കുറഞ്ഞ വിഭവങ്ങൾ ലഭിക്കുന്ന സാഹചര്യത്തിലും സ്വയം പൂർണമാവാനുള്ള ശ്രമം, പ്രകൃതിയുമായുള്ള അടുത്ത ബന്ധം, തോൽക്കാതെ മുന്നേറാനുള്ള ആവേശം എന്നിവ മലനാടിന്റെ സ്വാധീനത്തിൽ രൂപപ്പെടുന്ന കഥാപാത്ര സ്വഭാവങ്ങളാണ്.

മലനാടൻ കഥാപാത്രമായ ശാരങ്കനിൽ ഈ സവിശേഷതകൾ പ്രകടമാണ്. മാധവി മലനാടൻ കഥാപാത്രമായിരിക്കെത്തന്നെ കുടിയേറി വന്ന അന്തോണിക്ക് വേണ്ടി രൂപമാറ്റം നടത്തുന്നവളും മെച്ചപ്പെട്ട കുടുംബാന്തരീക്ഷത്തിൽ ജീവിക്കുന്നവളുമാണ്. തന്റെ ലക്ഷ്യത്തിനായുള്ള പ്രയത്നം അവളിലും കാണാം. പ്രകൃതിയുമായുള്ള ബന്ധത്തിലുപരി പ്രകൃതിയെ അവളായിത്തന്നെ കാണുകയാണ് വിഷകന്യക എന്ന തലക്കെട്ടിലൂടെ നോവലിസ്റ്റ് ചെയ്യുന്നത്.

ആലോചിച്ചുള്ള പെരുമാറ്റം, സമൂഹത്തിലെ പെട്ടെന്നുള്ള മാറ്റത്തോട് കാണിക്കുന്ന സഹകരണ മനോഭാവം, സാമൂഹ്യജീവിയാണെന്ന തോന്നൽ, മറ്റു സംസ്കാരങ്ങളോടുള്ള സഹിഷ്ണുത എന്നിവ ഇടനാടൻ കഥാപാത്രങ്ങളിൽ കാണാവുന്ന സവിശേഷതകളാണ്. കൊണ്ടേരനിൽ ഇത്തരം സ്വഭാവസവിശേഷതകൾ പ്രകടമാണ്. തലമുറ കഴിയുമ്പോൾ പലതിലും മാറ്റം വരുന്നു. ആനിക്ക് ഓർമയിലുള്ള സ്ഥലം കോക്കാഞ്ചറയും അതിന്റെ അന്തരീക്ഷവും തന്നെയാണ്. ഇത്തരം സവിശേഷതകളുടെ വിദൂരവും മാറ്റംവന്നതുമായ രൂപങ്ങൾ അവളിൽ കാണാം.

സാമൂഹിക സാഹചര്യത്തിലെ മാറ്റങ്ങളെ പെട്ടെന്ന് സ്വീകരിക്കാനുള്ള കഴിവ്, കടലുമായി ബന്ധപ്പെടുന്ന പ്രശ്നങ്ങൾക്ക് ബുദ്ധിപരമായ പ്രശ്നപരിഹാരവും ശാരീരിക വഴക്കവും, മറ്റു സംസ്കാരത്തോടുള്ള തുറന്ന സമീപനം, കൂട്ടായുള്ള പ്രവർത്തന രീതി എന്നിവ തീരദേശ കഥാപാത്രങ്ങളുടെ അടിസ്ഥാന സ്വഭാവമാണ്. ചെമ്പൻകുഞ്ഞ് ഇവയുടെ പ്രത്യക്ഷ ഉദാഹരണമാണ്. പക്ഷെ അയാളുടെ ജീവിതം വിപരീതമായി അവസാനിക്കുന്നു. അത് പണത്തോടുള്ള അമിതാവേശത്തിന്റെയും സ്വഭാവത്തിൽ കാണുന്ന പ്രത്യേകതകളുടെയും ഫലമാണ്. മരക്കാപ്പിലെ ഉമ്പിച്ചിയും സ്വഭാവത്തിൽ വളരെയധികം മാറ്റങ്ങളുള്ള കഥാപാത്രമാണ്. മണ്ണൊലിപ്പ് കാരണം ഫലഭൂയിഷ്ഠത കുറയുന്നകട്ടപിടിച്ച മലനാടൻ മണ്ണും പശിമയുള്ള ഇടനാടൻ കളിമണ്ണും തീരദേശത്തെ മണൽമണ്ണും നോവലുകളിൽ പരാമർശിക്കപ്പെടുന്നുണ്ട്.

ജാതിയുമായി ബന്ധപ്പെട്ട് സ്ഥലങ്ങളിൽ വേർതിരിവ് ഉണ്ടായിരുന്നു. ഇന്നത്തെ സ്ഥലങ്ങളുടെ പേരുകളിൽ ഇത് പ്രതിഫലിച്ച് കാണാം. ചില സ്ഥലങ്ങളോടുള്ള പൂർവ്വ ധാരണക്കും ഇത് കാരണമാവുന്നു. മലബാറിലേക്കെത്തുന്ന തിരുവിതാംകൂറുകാർക്ക് ആ നാടിനെ കുറിച്ച് ഒന്നും അറിയാനുള്ള സാമൂഹിക സാഹചര്യം നിലവിലുണ്ടായിരുന്നില്ല. പക്ഷെ അവരുടെ മുൻഗാമികളിൽനിന്നും അറിഞ്ഞതും പൊതുവായി മലബാറിനെ കുറിച്ച് കേട്ടതുമായ കാര്യങ്ങളിൽ നിന്നും രൂപപ്പെടുന്ന ആശങ്ക അവരിൽ നിലനിൽക്കുന്നുണ്ട്. മുതുവാന്മാരുടെ ഊരിലേക്ക് ആദ്യമായി വരുന്ന സുധയുടെ മനസ്സിലും മലനാടിനെക്കുറിച്ചുള്ള ആശങ്കകൾ കാണാം. അത്തിക്കോട് സ്ഥലം പാട്ടത്തിനെടുക്കുമ്പോൾ കൊണ്ടേരനെ മണ്ടനെന്ന് പരിഹസിക്കുന്ന നാട്ടുകാരുടെ ബോധത്തിൽ മുൻകാലത്ത് അവിടെ കൃഷിചെയ്ത് നഷ്ടം വന്നുപോയ കഥകളാണ് നിലനിൽക്കുന്നത്. കോക്കാഞ്ചറയിലേക്ക് കല്ല്യാണം കഴിപ്പിച്ച് അയക്കാനോ സ്ഥലംവാങ്ങി വീട് വെക്കാനോ ഒരു ഘട്ടംവരെ ആരും തയ്യാറാവുന്നില്ല. നഗരവികസനത്തിന്റെ ഭാഗമായും കോക്കാഞ്ചറയിലെ ഭൂതകാലം മാഞ്ഞു തുടങ്ങുന്ന ഘട്ടത്തിലുമാണ് പുതിയ ആളുകൾ അവിടേക്ക് കടന്നുവരുന്നത്. നഗരവൽക്കരണത്തിന്റെ ഫലമായി ഇത്തരത്തിൽ സ്ഥലങ്ങളുടെ ഭൂതകാലങ്ങൾ മായ്ക്കപ്പെടാറുണ്ട്. ചെമ്മീനിൽ നീർക്കുന്നത്ത് കടപ്പുറം മുടിക്കാൻ ശ്രമിച്ചവരെന്ന ആരോപണം പല സ്ത്രീകൾക്കു നേരെയും ഉയരുന്നുണ്ട്. കടപ്പുറത്തിന്റെ ഇന്നത്തെ നിലനിൽപ്പിൽ കറുത്തമ്മയിൽ സംശയമുളവാക്കുന്ന ഘടകമാണിത്. മരക്കാപ്പിൽ വികസനം വന്നാലുള്ള പാരിസ്ഥിതിക പ്രതിസന്ധികളെക്കുറിച്ച് പൂർവ്വധാരണകൾ പങ്കുവെക്കപ്പെടുന്നുണ്ട്. അവയിൽ അതിശയോക്തികലർന്നതും യാഥാർത്ഥ്യവുമുണ്ട്. തീരം ഒഴിഞ്ഞുപോകാൻ മലനാട്ടിൽ അവർക്ക് കിട്ടുന്ന സ്ഥലത്തെ കുറിച്ചും ഇത്തരം മുൻധാരണകൾ കാണാം. നാടുകളെക്കുറിച്ചുള്ള ബോധം സാമൂഹിക നിർമ്മിതിയാവുന്നതിൽ പാരമ്പര്യം, ചരിത്ര പശ്ചാത്തലം, ഓർമകൾ എന്നിവയ്ക്ക് സ്ഥാനമുണ്ട്.

നാടിന്റെ ഭൂപ്രകൃതി, അതിന്റേതായ ഉയർച്ച താഴ്ചകൾ എന്നിവ കഥാപാത്രത്തിന്റെ യാത്രകളെയും കാഴ്ചകളെയും വിചാരങ്ങളെയും ബാധിക്കുന്ന ഘടകമാണ്. തീരദേശത്തുള്ളവർക്ക് കടലിനോടുള്ള ബന്ധവും മലനാട്ടിലെ മനുഷ്യർക്ക് ഉയർന്ന ഭൂപ്രകൃതിയോടുള്ള ബന്ധവും നോവലുകളിൽ രേഖപ്പെടുത്തുന്ന ഘടകമാണ്. കടലിൽ

മീൻപിടിക്കാൻ പോകുന്നവരെയും തന്റേതല്ലാത്ത കാരണത്താൽ കടലിൽ പോകാൻ പറ്റാത്ത പളനിയെയും ശുത്തമില്ലാത്ത പെണ്ണിനൊപ്പം ജീവിക്കുന്നതിനാൽ പളനിയെ കൂട്ടാതെ പോകാൻ നിർബന്ധിതരാവുന്നവരെയും ഊപ്പ പെറുക്കി ജീവിക്കുന്നവരെയും തിരയിലൂടെ വഞ്ചി ചാടിച്ച് ആവേശം കൊള്ളുന്ന ചെമ്പൻകുഞ്ഞിനെയും നീർക്കുന്നത്ത് കാണാം. കടലിൽ പോയവർ തിരിച്ച് വരാൻ കാത്തിരിക്കുന്നവരെയും ബലിയിടാനെത്തുന്നവരെയും തിരയിൽ വന്നടിയുന്ന ശവങ്ങളെയും എല്ലാം കടലിലുപേക്ഷിക്കുന്ന ഉമ്പിച്ചിയെയും തന്റെ അപമാനം മറക്കാൻ കടലിൽ പോയി കാണാതാവുന്ന അലന്തനെയും മരക്കാപ്പിലും കാണാം. അവരുടെയെല്ലാം കടലുമായുള്ള ബന്ധം പലതാണ്. ഉയർന്ന നാട് അപരിചിതയായ സുധക്കും നാട്ടുകാരിയായ പച്ചക്കക്കും കാണിയായ ശാങ്കരനും ഇടനാട്ടിൽ പഠിക്കാനായി പോവുന്ന അഞ്ചലക്കും നൽകുന്ന അനുഭവം പലതാണ്. വിഷകന്യകയിൽ മറിയത്തിന്റെ അധ്വാനത്തിലും മണ്ണിന്റെ മാറിൽ കൊണ്ടേരന്റെ തീരാത്ത അധ്വാനത്തിലും ആലാഹയുടെ പെൺമക്കളിൽ പടർന്ന് പന്തലിക്കുന്ന അമരപ്പന്തലിന്റെ സാന്നിധ്യത്തിലും ആ ബന്ധം വ്യക്തമാണ്.

### 1.4. കാലം/ചരിത്രഘട്ടം

കാട് കേറിക്കിടക്കുന്ന താഴ്വര വെട്ടിത്തെളിച്ച് കൃഷിചെയ്യുന്നതിനും ഇടനാട്ടിൽ അനുഭവിച്ച ദാരിദ്ര്യകാലത്തെ മറക്കാനുമാണ് ഇടനാട്ടിൽനിന്നും മനുഷ്യർ കുടിയേറി മലബാറിലെത്തുന്നത്. മലബാറിലെ സ്ഥലമുടമകളും ഏജന്റുമാരും അവരെ അതിലേക്ക് നിർബന്ധിതമായി എത്തിക്കുകയായിരുന്നു എന്നും നോവലിൽ പരാമർശമുണ്ട്. അക്കാലത്ത് സർക്കാർനിർബന്ധിത കുടിയേറ്റവും നടന്നിരുന്നു. ആവശ്യത്തിനുള്ള ഭക്ഷണം ഉൽപാദിപ്പിക്കുക എന്നത് ആവശ്യമായിത്തീർന്നിരുന്നു. രണ്ട് നോവലിലും കൃഷി പ്രധാനമാവുന്നതും അതുകൊണ്ടുതന്നെ ഋതുമാറ്റങ്ങൾ മനുഷ്യരെ സ്വാധീനിക്കുന്നതും കാണാം. സഞ്ചാരസാഹിത്യകാരന്റെ ഭാവത്തോടെ കുടിയേറ്റക്കാരുടെ യാത്രയെ എസ്.കെ. വർണിക്കുന്നുണ്ട്. കുടിയേറി വരുന്ന രണ്ടുകൂട്ടരും ഇടനാട്ടിലെ പ്രശ്നബാധിത പ്രദേശത്തുനിന്നാണ് മലനാടുകളിലേക്ക് വരുന്നത്. സുധയുടേത് കുടുംബ പ്രശ്നമാണെങ്കിൽ മറ്റുള്ളവരുടേത് സാമൂഹിക പ്രശ്നമായിരുന്നു. ഒരു തരത്തിൽ രക്ഷപ്പെടലായി അവരതിനെ കാണുന്നു. മലനാടിന്റെ വിദൂരത അവരെ പ്രശ്നങ്ങളിൽ നിന്നും സംരക്ഷിക്കുന്നതായി അവർ കരുതുന്നു.

നാട്ടിലെ സ്ഥലവും മറ്റു വിലപിടിപ്പുള്ളവയും വിറ്റുകിട്ടിയ പണംകൊണ്ടാണ് അവർ കുടിയേറി വരുന്നത്. മലബാറിൽ സ്ഥലം കുറഞ്ഞവിലയിൽ ലഭിക്കുമെന്ന മോഹം അവരെ ബാധിക്കുന്നു.

ഇടനാട്ടിലും രണ്ട് കാലങ്ങളിലായി പ്രകൃതിദത്തമായ കാലബോധവും മനുഷ്യനിർമ്മിതമായ വികസനത്തിന്റെ ഭാഗമായ കാലബോധവും നിലനിൽക്കുന്നു. ആനിയുടെ മനസ്സിൽ നാടിന് വരുന്ന മാറ്റത്തിലൂടെയാവണം കാലം മാറുന്നത്. അതേ ആഴത്തിൽ ഭൂതകാലത്തിലേക്കും അതിന് വേരുകളുണ്ട്. ജാതി കേന്ദ്രിതമായ സാഹചര്യമാണ് മണ്ണിന്റെ മാറിൽ തുറന്നുകാണിക്കുന്ന ചരിത്ര സാഹചര്യമെങ്കിൽ ആലാഹയിൽ അത് വികസനവും നഗരവൽക്കരണവുമാണ്.

കാലബോധം കടലുമായി ബന്ധപ്പെട്ട് നിൽക്കുന്നെങ്കിലും മരക്കാപ്പിൽ വികസനം കാലത്തെ സൂചിപ്പിക്കുന്ന മുദ്രയാവുന്നു. പ്രകൃതി സംരക്ഷണവും കടപ്പുറ സംരക്ഷണവും സംസ്കാര സംരക്ഷണവും ചിന്തകളുടെ ഭാഗമാവുന്നുണ്ട്.രണ്ട് കടപ്പുറവും താരതമ്യം ചെയ്യുമ്പോൾ കാലഘട്ടത്തിന്റെ വ്യത്യാസം അവിടെ കാണാം. ഒന്നിൽ മൽസ്യത്തൊഴിലിനെ ആധാരമാക്കി ജീവിക്കുന്ന ആളുകളും ചെറുകിട കച്ചവടക്കാരും മാത്രമാണുള്ളത്. മരക്കാപ്പിൽ പലതരത്തിലുള്ള ആളുകളുടെ കൂട്ടം സംജാതമാണ്. അവിടെ വരാനിരിക്കുന്ന വികസനത്തിന് ഇത് മുന്നോടിയാണ്.

മലനാട് പൂർവ്വികരെ ആരാധിക്കുമെങ്കിലും തൊട്ടടുത്ത് നടന്ന ഭൂതകാലത്തെ ഓർത്ത് വെക്കുന്നില്ല. അതിനോട് അവർക്ക് പെട്ടെന്ന് സന്ധിചെയ്യാൻ സാധിക്കുന്നുണ്ട്. എത്തിച്ചേരുന്ന സ്ഥലത്തിന്റെ ഭൂതകാലം സ്വന്തം ഭൂതകാലമായി വിശ്വസിക്കുന്ന, പാരമ്പര്യത്തെ തുടർന്ന്

പോരാൻ സമരം ചെയ്യുന്ന ഇടനാടൻ കാലബോധം പ്രധാനമാണ്. ഭൂതകാലത്തിലും ഭാവിയിലും ഊന്നിയതാണ് തീരദേശത്തിന്റെ വർത്തമാനകാല ജീവിതം.

വിഷകന്യക, മണ്ണിന്റെ മാറിൽ, ചെമ്മീൻ എന്നീ നോവലുകൾ പരിശോധിച്ചാൽ അവയിൽ നാടും മനുഷ്യനും പ്രകൃതിയോടും പരമ്പരാഗത മൂല്യങ്ങളോടും പ്രത്യേക ബന്ധം പുലർത്തുന്നതായി കാണാം. ചെങ്ങാറും കുട്ടാളും, ആലാഹയുടെ പെൺമക്കൾ, മരക്കാപ്പിലെ തെയ്യങ്ങൾ എന്നീ നോവലുകൾ പരിസ്ഥിതി ചിന്തകളുടെ പുതിയ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുകയും അവയുടെ സാമൂഹിക വീക്ഷണം മാറുകയും ചെയ്യുന്നത് കാണാം. നഗരവൽക്കരണവും വ്യവസായവൽക്കരണവും അതിന്റെ ഭാഗമായുണ്ടാവുന്ന കുടിയൊഴിപ്പിക്കലും പരിസ്ഥിതിത്തകർച്ചയും വിഷയങ്ങളിൽ പ്രതിഫലിച്ചു. ഗ്രാമം, നഗരം എന്ന മാറ്റം ഇക്കാലങ്ങളിൽ കൃത്യമായി പ്രതിഫലിക്കുന്നുണ്ട്. അത് പ്രത്യക്ഷമായ തരത്തിൽ ഇടപെടാതെ നിൽക്കുന്നത് ഗോത്രജീവിതത്തിൽ മാത്രമാണ്.

ആദ്യകാലത്ത് ഭൂമിയുടെ രൂപകങ്ങൾ പലപ്പോഴും സ്ഥിരതയുള്ള ഭൂമിഘടന,നിലനിൽക്കുന്ന പാരമ്പര്യം, പ്രകൃതിയുമായുള്ള അടുത്ത ബന്ധം എന്നിവയിൽ ഊന്നി നിന്നിരുന്നു. ഭൂമിയിൽ വേരൂന്നിയ ഭൂതകാലം കഥാപാത്രങ്ങൾക്ക് ആവശ്യമായിരുന്നു. അത് നാട് സ്വന്തമല്ലെന്നും വിട്ടുപോകേണ്ടതാണെന്നുമുള്ള ബോധത്തിലേക്ക് നയിച്ചിരുന്നു. ചെമ്മീനിൽ ഇത് വ്യക്തമാണ്. തുറ വിട്ട് പോകേണ്ടിവരുമോ എന്നതാണ് അവരിൽ രൂപപ്പെടുന്ന ഭയത്തിന് കാരണം. സ്വന്തം ഭൂമി അല്ലാഞ്ഞിട്ട് കൂടി അത്തിക്കോടിൽ കൊണ്ടേരനും കുടുംബത്തിനും അമ്പത് കൊല്ലത്തോളം ആധിപത്യം ഉറപ്പിക്കാനും തലമുറകളെ അവിടെത്തന്നെ വേരുറപ്പിച്ചെടുക്കാനും കഴിയുന്നു. വിഷകന്യകയിൽ ഭൂതകാലമില്ലായ്മയും വേരുകളോ ശാശ്വതാർത്ഥത്തിലുള്ള ജീവിതസാഹചര്യമോ ഇല്ലാത്തതും പണംകൊടുത്ത് വാങ്ങിയിട്ടും മണ്ണ് വിട്ട് പോകേണ്ടിവരുന്ന സാഹചര്യവും കുടിയേറ്റ ജനതയുടെ വിധിയായി രേഖപ്പെടുത്തുന്നു.

ആധുനികോത്തരഘട്ടത്തോടെ സാഹിത്യത്തിൽ ഭൗതികപരിസരം കൂടുതൽ ചലനാത്മകമായി മാറി.പാരിസ്ഥിതിക ആശങ്കകൾ,സാങ്കേതിക വിദ്യ, മനുഷ്യരും പ്രകൃതിയും തമ്മിലുള്ള മാറിക്കൊണ്ടിരിക്കുന്ന ബന്ധം എന്നിവയെ പ്രതിഫലിപ്പിക്കുകയും അത് വഴി ക്ഷണികത, വിച്ഛേദനം, പ്രകൃതിയുടെ ദുർബലത എന്നിവയുടെ പ്രമേയങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്നു. പരിസ്ഥിതി പ്രശ്നങ്ങളും വിശാലമായ സാമൂഹികാവബോധവും ഇതുവഴി രേഖപ്പെടുത്തപ്പെട്ടു. മൂന്ന് നാടുകളും ഇത്തരം പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നുണ്ട്. കോക്കാഞ്ചറയിലെയും മരക്കാപ്പിലെയും മനുഷ്യരുടെ ജീവിതത്തിലുള്ള ക്ഷണികതയും അവരുടെ ഭൂതകാലത്തിൽ നിന്നുള്ള വിച്ഛേദനവും പരിസരത്തിന്റെ പ്രതിഫലനം തന്നെയാണ്.

### 1.5. നാട്/സൂക്ഷ്മസ്ഥലി/ആദിമനിവാസികൾ

രണ്ട് മലനാടുകളും പരിശോധിക്കുമ്പോൾ മലബാർ അക്കാലഘട്ടത്തിലേ എത്തിച്ചേരാവുന്ന സ്ഥലമായിരുന്നു. ഗോത്രജീവിതങ്ങൾ കാടിന്റെ ഉൾപ്രദേശങ്ങളിൽ വേറിട്ട ജീവിതരീതിയോടെ ജീവിച്ച് വരുന്നു. കുടിയേറ്റജനത എത്തിച്ചേരുന്ന നാട് അവരുടെ കൃഷിയിടത്തിന്റെ മാതൃകയിൽ ഒരുക്കുകയാണ് ചെയ്യുന്നത്. ഇടനാട്ടിൽ ശീലിച്ച കൃഷിശീലങ്ങളെ ഇവിടെ പരീക്ഷിക്കുന്നു.

അടിച്ചിത്തൊട്ടിയിലെ ജനങ്ങളെ ഇടനാടുമായി ബന്ധപ്പെടുത്തുന്നത് അവരുടെ ആവശ്യങ്ങളാണ്. മലബാറിലേക്ക് സാഹചര്യമറിയാതെ വന്നുകൊണ്ടിരിക്കുന്ന ഇടനാട്ടുകാർ ആ ബന്ധം നിലനിർത്തിക്കൊണ്ടിരിക്കുന്നു. രണ്ടുനോവലുകളും മലനാടിന്റെ കൃത്യമായ അന്തരീക്ഷം സൃഷ്ടിക്കാൻ പ്രകൃതിവർണ്ണനകളും സൂക്ഷ്മവിവരങ്ങളും ഉപയോഗിക്കുന്നുണ്ട്.

'ആലാഹയുടെ പെൺമക്കളി'ൽ ഇടനാടിന്റെ മാലിന്യങ്ങൾ തള്ളുന്ന ഒരിടത്ത് ജീവിക്കേണ്ടിവരുന്നവരാണുള്ളത്. ഗൃഹാതുരമായി ഓർക്കാൻ കോക്കാഞ്ചറക്കാരുടെ മനസ്സിൽ മറ്റൊരു മെച്ചപ്പെട്ട സ്ഥലമില്ല.ആനിയുടെ മനസ്സിലെ ആദ്യ സ്ഥലബോധം കോക്കാഞ്ചറയുടേതാണ്. അത് മോശപ്പെട്ടതാണെന്ന ബോധം അവളിലുണ്ടാക്കുന്നത് പൊതുസമൂഹമാണ്.

തീരദേശ നോവലുകളിൽ രണ്ടിലും കടൽ ജൈവസമ്പന്നമാണെങ്കിലും മരക്കാപ്പിൽ അത് നാശഭീഷണിയുടെ വക്കിലാണ്. ചെമ്മീനിൽ നിന്നും വ്യത്യസ്തമായി പലതൊഴിലുകൾ ചെയ്യുന്ന സമൂഹമാണ് അവിടെ നിലനിൽക്കുന്നത്.

വിഷകന്യക, മണ്ണിന്റെ മാറിൽ, ചെമ്മീൻ എന്നീ നോവലുകളിൽ ഗ്രാമവും ചെങ്ങാറും കുട്ടാളും, ആലാഹയുടെ പെൺമക്കൾ, മരക്കാപ്പിലെ തെയ്യങ്ങൾ എന്നിവയിൽ നഗരമായി മാറുന്ന, അല്ലെങ്കിൽ നഗര സാന്നിധ്യമുള്ളിടത്ത് സ്ഥിതിചെയ്യുന്ന നാടുകളുമാണ് പരാമർശിക്കപ്പെടുന്നത്. കാർഷിക സമ്പദ്വ്യവസ്ഥയിൽ കൃഷിഭൂമിതേടി മലനാടുകളിലേക്കാണ് മനുഷ്യർ പോയിരുന്നത്. നഗരവൽക്കരണത്തോടെ അത് കേന്ദ്രമായ ഇടനാട്ടിലേക്കായി മാറി.

ആദ്യകാല മലനാട്ടിലെ നാട് വിജനമായിക്കിടക്കുന്ന കാട്ടുപ്രദേശമാണ്. പക്ഷെ ആർക്കും കയറിവരാവുന്ന തുറന്ന ഭൗതികപരിസരമായിരുന്നു. ഇടനാട്ടിൽ ജാതി കേന്ദ്രിതമായതുകൊണ്ട് അടഞ്ഞ സമൂഹവും, പുറത്തുനിന്നും കടന്നുവരവ് പ്രയാസവുമായിരുന്നു. ചെമ്മീനിലെ തുറ സമൂഹത്തിന് പുറത്തുള്ളവരെ സംശയത്തോടെ വീക്ഷിക്കുകയും അവരിൽനിന്ന് അകലം പാലിക്കുകയും ചെയ്തിരുന്നു.

### 1.6. സാമൂഹിക ഘടന

മൂന്ന് നാടുകളിലും രണ്ട് കാലത്തും അധികാരികളെ തിരഞ്ഞെടുക്കാനുള്ള അവകാശം കഥാപാത്രങ്ങൾക്ക് കിട്ടുന്നില്ല. തീരുമാനങ്ങൾ എടുക്കുന്നത് ഭൂവുടമകളോ സമാന്തര വിശ്വാസ പദ്ധതിയോ ഭരണ സംവിധാനമോ ആണ്. ഇവയുടെ തിരഞ്ഞെടുപ്പിൽ കഥാപാത്രങ്ങൾക്ക് അവകാശമില്ല. സാമൂഹികമായ കാര്യങ്ങളിൽ മാത്രമല്ല കഥാപാത്രങ്ങളുടെ വ്യക്തിപരമായ കാര്യങ്ങളിലും തീരുമാനങ്ങളിലും അവ ഇടപെടുന്നുണ്ട്.

മലനാട്ടിലെ ഫ്രെയിം ചെയ്ത മുരുകന്റെ ഫോട്ടോയിലും ആരാധനാ രീതിയിലും ഇടനാട്ടിന്റെ സ്വാധീനം കാണാനാവും. കാട്, മല, മലനാട് എന്നെല്ലാം കേൾക്കുമ്പോൾ പച്ച മേൽക്കൂരയുള്ളതും കാടിനാൽ ചുറ്റപ്പെട്ടതും വന്യമൃഗങ്ങളുടെ ആക്രമണത്തിന് സാഹചര്യമുള്ളതുമായ ഒരു പ്രദേശം എന്നതാണ് പൊതുബോധം. സംരക്ഷിതമേഖല ആയതിനാൽതന്നെ അവിടെ നടക്കുന്ന ഓരോ വികസന പ്രവർത്തനത്തിനും ഗവർമെന്റ് ഉത്തരവും അനുമതിയും ആവശ്യമായി വരും. സർക്കാറിന്റെ വികസന പ്രവർത്തനങ്ങളൊന്നുംതന്നെ വേണ്ടവിധത്തിൽ അവരിലേക്ക് എത്തുന്നില്ലെന്ന് ചെങ്ങാറും കുട്ടാളും നോവലിൽ പറയുന്നു. മലബാറിലേക്ക് കുടിയേറാൻ പ്രേരിപ്പിക്കുന്ന ഭരണകൂടം അവിടെയെത്തുന്ന ജനങ്ങളുടെ ഭാവിയെ കുറിച്ച് ബോധവാന്മാരല്ല.

വിഷകന്യകയിൽ വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ സൂചനകൾ പോലുമില്ലെങ്കിൽ ചെങ്ങാറും കുട്ടാളുമാകുമ്പോഴേക്കും വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിന്റെ ഭാഗമായി ഊരുകളിലേക്ക് ചെന്ന് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ശ്രമങ്ങൾ കാണാം. സുധയെപ്പോലെ പട്ടികവർഗ വിഭാഗത്തിൽപെട്ടവരെ കണ്ടെത്തി ട്രെയിനിംഗ് കൊടുത്താണ് ഊരിലേക്കയക്കുന്നത്. സുധ അവിടെ നടപ്പിലാക്കണം എന്ന് വിചാരിക്കുന്ന വിദ്യാഭ്യാസ പദ്ധതിയും ഫലപ്രദമാണെന്ന് കാണാം. പക്ഷെ അതിനായി സഹായം ചെയ്യുകയെന്ന മട്ടിൽ അധികാരികൾ പാരവെക്കുന്നു. ആ ശ്രമം തന്നെ ഉപേക്ഷിക്കേണ്ടി വരുന്നതിലാണ് നോവൽ അവസാനിക്കുന്നത്. ഗോത്രജീവിതം എല്ലാകാലത്തും മനുഷ്യന് അവന്റെ ആദിമസ്മൃതി ഉണർത്തുന്ന കാര്യമാണ്. ഒരു മ്യൂസിയം അനുഭാവമാണ് ഗോത്രവർഗക്കാരോട് കൊണ്ടുനടക്കുന്നതെന്ന് പറയാതെവയ്യ. അതിന്റെ പേരിൽ ഗോത്രവിഭാഗങ്ങൾക്കുള്ള വികസന സൗകര്യങ്ങൾ നിഷേധിക്കുന്നത് തെറ്റാണ്.

സ്വന്തമായി ഭൂമി ഇല്ലാതായതോടെ ആദിവാസികളുടെ അസ്തിത്വത്തിലുണ്ടായ വ്യത്യാസം, അവർ സ്ഥിരം മാറിമാറി പോകേണ്ടിവരുന്ന സാമൂഹികാവസ്ഥ, വനനശീകരണം മുതലായവ അവരുടെ പ്രകൃതിദത്തമായ സ്രോതസ്സുകളെ അകറ്റുന്നു. അത് ലഭിക്കാതെ പട്ടിണിയിലേക്ക് പോകുന്നു. വംശത്തെ കൂട്ടിപ്പിടിക്കാൻ ശ്രമിക്കുമ്പോഴും അതിലെ മാറ്റങ്ങളെ

തടയാനാവില്ല എന്ന് മനസ്സിലാക്കുന്നുണ്ട്. നല്ല മാറ്റങ്ങൾ സ്വീകരിക്കുന്നുമുണ്ട്. ഇടനാടിന്റെ സാഹചര്യത്തിലെത്തി പഠിച്ച് മുന്നേറുക അവർക്കും പ്രയാസമാണ്. മൂന്ന് നാടുകളും പരിശോധിക്കുമ്പോൾ ഗോത്രവിഭാഗക്കാർ സാമൂഹിക ചലനാത്മകത കുറഞ്ഞ വിഭാഗമാണ്. അവരുടെ ഗോത്രവിശ്വാസവും ആചാരങ്ങളും ഭൂപ്രകൃതിയും അതിന് കാരണമാവുന്നു. പുറത്തുനിന്നുള്ളവരുടെ കടന്നുകയറ്റത്തെയും അവർ നിയന്ത്രിക്കുന്നുണ്ട്.

കോക്കാഞ്ചറയും അത്തിക്കോടും രണ്ട് കാലഘട്ടങ്ങളിലെ ഇടനാടിനെ കാണിക്കുന്നു. രണ്ടും തമ്മിൽ ഒരു തരത്തിലും സമാനപ്പെടുത്താനുമാവില്ല. കൃഷിപ്രദേശമായിരുന്ന ഫലഭൂയിഷ്ഠതയുള്ള മണ്ണുണ്ടായിരുന്ന ഇടനാട് നഗരവൽക്കരിക്കപ്പെടുന്നതും നഗരമാലിന്യങ്ങൾ കൊണ്ട് പ്രദേശങ്ങൾ നിറയുന്നതും വളരെക്കാലം കഴിഞ്ഞാണ്. രണ്ട് നോവലുകളും സമൂഹത്തോട് കാഴ്ചവെക്കുന്ന നിലപാട് വ്യത്യസ്തമാണ്. രണ്ടിലും സമരമുഖത്തിന്റെയും പുതിയ രാഷ്ട്രീയ ആശയങ്ങൾ ഉടലെടുക്കുന്നതിന്റെയും കാഴ്ചകൾ കാണാം. ഇടനാട്ടിൽ സാമൂഹികഘടനയിൽ വന്ന മാറ്റം വളരെ വലുതാണെന്നും മനസ്സിലാക്കാം. മണ്ണിന്റെ മാറിൽനിന്നും ആലാഹയുടെ പെൺമക്കളിലേക്കെത്തുമ്പോൾ പ്രത്യക്ഷ അധികാരം ജന്മികളിൽനിന്നും ഗവൺമെന്റിലേക്ക് മാറി. പണമുള്ളവരുടെ കൂടെത്തന്നെയാണ് രണ്ടിലും നിയമം നിൽക്കുന്നത്.

സംസ്കാരത്തിലൂന്നിയ പ്രശ്നങ്ങളാണ് ചെമ്മീനിലും മരക്കാപ്പിലും കാണുന്നത്.സംസ്കാര സങ്കലനം, തൊഴിൽ എന്നിവയിൽ രണ്ടുകാലത്തും പ്രശ്നങ്ങളുണ്ട്. തുറ മാറിപ്പോകൽഅവർ പരിഹാരമായി കാണുന്നു. രണ്ട് തീരദേശത്തും കൊടുക്കൽവാങ്ങൽ സംസ്കാരം ഉണ്ട്. കടലമ്മ ചാകര തന്നാൽ തിരിച്ച് മുറതെറ്റിക്കാതെ നോക്കണം എന്ന ബോധം ഉണ്ട്. കടംവാങ്ങിയാൽ അത് മുതലാക്കണം എന്ന സാമ്പത്തിക ബോധവും നിലനിൽക്കുന്നു. അത് കറുത്തമ്മയുടെയും ബോധത്തെ രൂപീകരിക്കുന്നുണ്ട്. പരീക്കുട്ടിയുടെ കടം വീട്ടാത്തത് അവളിലും ചക്കിയിലും ഉണ്ടാക്കുന്ന ആശങ്ക അതിന്റെ പ്രതിഫലത്തെ ആലോചിച്ചുള്ളതാണ്. അപരിചിതമായ മറ്റൊരു തുറയിലെത്തുകയും അവിടെയും ഈ ബോധം പിന്തുടരുകയും ചെയ്യുമ്പോഴാണ് കറുത്തമ്മ പരീക്കുട്ടിയുടെ വിളികേൾക്കാൻ തയ്യാറാവുന്നത്.

വിഷകന്യയിൽ ഭൂവുടമകളും കുടിയേറി വന്ന ക്രിസ്ത്യാനികളുമാണുള്ളത്. കുടിയേറ്റക്കാരിലെ നാടിന്റെ സംസ്കാരത്തിന് യോജിക്കാത്ത സ്വഭാവങ്ങൾ നാട്ടുകാരാൽ വിമർശിക്കപ്പെടുന്നുണ്ട്. തനതായ ആചാര വിശ്വാസങ്ങളൊന്നും മലബാറിൽ പരാമർശിക്കുന്നില്ല. പക്ഷെ കുടിയേറിയവരുടെ പൂർവ്വ സ്വഭാവങ്ങൾ അവർ പിന്തുടർന്നു പോരുന്നു. പരസ്പരം മൽസരത്തോടെയുള്ള പെരുമാറ്റം കുടിയേറിയവരിൽ കാണാം. ചെങ്ങാറും കുട്ടാളും നോവലിൽ ഗോത്രവർഗത്തിനിടയിലും തൊട്ടുകൂടായ്മയും ഉന്നത ഗോത്രബോധവും നിലനിൽക്കുന്നുണ്ട്. അത് ഗോത്രസമൂഹത്തെ കൂടുതൽ അടഞ്ഞതാക്കാൻ കാരണമാവുന്നു. അതിനുള്ളിൽ വിശ്വാസവും തൊഴിലും ആചാരങ്ങളും പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നു. ഗോത്രത്തിനകത്ത് ആചാരവിശ്വാസത്തിലധിഷ്ഠിതമായ പെരുമാറ്റമാണ് പരസ്പരം നടത്തുന്നത്.

മണ്ണിന്റെ മാറിലെ ജാതിബോധം നോവലിൽ ഭൂവുടമസ്ഥതയിലും തൊട്ടുകൂടായ്മയിലും തീണ്ടലിലും കൂടി അവതരിപ്പിക്കുന്നുണ്ട്. സമൂഹത്തിന്റെ വിശ്വാസപരമായ കാര്യങ്ങൾ പരാമർശിക്കപ്പെടുന്നില്ല.കൃഷിയിടവുമായാണ് വൈകാരിക ബന്ധം കൂടുതൽ. ആലാഹയുടെ പെൺമക്കൾ ഇത്തരം വേർതിരിവ് പ്രകടിപ്പിക്കാൻ സാധ്യമല്ലാത്ത വിധത്തിൽ പെട്ടുപോയ സമൂഹത്തെ കാണിക്കുന്നു. വിശ്വാസവും ജീവിതവും കൂടിക്കലർന്ന അവസ്ഥ. ഒരേ സാഹചര്യം പങ്കുവെക്കുന്നതിന്റെ അടുപ്പം ആളുകൾ തമ്മിലുണ്ട്.

ചെമ്മീനിലും പുറത്തുനിന്നു വരുന്നവരോട് വേറിട്ട മനോഭാവമാണുള്ളത്. അവരുടെ തുറയുടെ സംസ്കാരം പ്രത്യേകം സംരക്ഷിച്ചു പോരുന്നുണ്ട്. തൊഴിലിടവും ജീവിതവും ഒന്നിച്ചായതിനാൽ സംഘംചേർന്നുള്ള പ്രവൃത്തികളിലൂടെ പരസ്പരബന്ധം കൂടുതലാണ്.

മരക്കാപ്പിൽ ഈ മനോഭാവം മാറിത്തുടങ്ങുന്നതിന്റെ ലക്ഷണങ്ങൾ കാണുന്നു. സ്വന്തം ഇഷ്ടപ്രകാരം തീരുമാനങ്ങളെടുക്കാൻ തയ്യാറാവുന്നു. ദിവസേന കിട്ടുന്ന വിഭവങ്ങളിലൂടെ ഉപജീവനം നടത്തുന്നവരാണ് തീരദേശവാസികൾ. തീരത്തിനടുത്തുള്ള താമസവും ജീവിതവും നിരന്തരം അസ്ഥിരമായ ജീവിത ഘടനയാണ് അവർക്ക് നൽകുന്നത്.

തലമുറ വ്യത്യാസം ചെങ്ങാറും കുട്ടാളും നോവലിൽ കാണാം. പൊന്നരുവിയുടെ നിലപാടുകളും രീതികളും പുതിയ കാലത്തിന്റേതാണ്. ഗോത്രത്തിലെ കുടുംബവ്യവസ്ഥ ആചാര ബന്ധിതമായിരിക്കെത്തന്നെ അതിൽ നിന്നും മാറി ചിന്തിക്കുന്നവരും ഉണ്ട്. തീരുമാനങ്ങൾ ഗോത്രത്തിന്റേതാണ്. അഞ്ചലയുടെ വ്യക്തിപരമായ ആഗ്രഹം നടപ്പിലാക്കാൻ സുധയുടെ സാന്നിധ്യത്തിന് കഴിയുന്നു. അവിടെ പ്രബലമായി പ്രവർത്തിക്കുന്ന ശക്തിയുടെ അടിസ്ഥാനത്തിലാണ് സമൂഹത്തിന്റെ അടിസ്ഥാന ഘടന രൂപപ്പെടുന്നത്. ഭരണകേന്ദ്രം നിർമ്മിക്കുന്ന സാമൂഹിക ഘടന എല്ലാനാടുകളിലും ഫലപ്രദമാവുന്നില്ലെന്ന് കാണാം.

ഗോത്രവിഭാഗങ്ങളുടെ ഊരുകളിൽ മൂപ്പനും ആരാധനാമൂർത്തിയും നേതൃത്വം കൊടുക്കുന്ന ഒരു സാമൂഹ്യഘടന നിലനിൽക്കുന്നു. അവരെ ഒന്നിച്ച് നിർത്തുന്നത് മിത്തിക്കലായ പരിസരവും ഭൗതികമായി അടഞ്ഞ പരിസരവുമാണ്. ഇതിൽ സർക്കാർ നിയമങ്ങൾക്കോ ഇടപെടലുകൾക്കോ പുറത്തുനിന്നും ഉള്ള സ്വാധീനം മാത്രമേ സാധ്യമാവുകയുള്ളു. ഭരണാധികാരം പ്രവർത്തിക്കുന്നില്ലെങ്കിലും അവരുടെ വ്യവസ്ഥിതി തകരാത്തതും നിലനിന്നു പോകുന്നതും അതിനകത്ത് സമാന്തരമായി നിലകൊള്ളുന്ന വ്യവസ്ഥകൊണ്ടാണ്.

കുടിയേറി വരുന്ന ജനതയുള്ള പ്രദേശത്ത് സമൂഹഘടന രൂപപ്പെട്ടുവരുന്ന സാഹചര്യമാണ് വിഷകന്യകയിൽ കാണുന്നത്. അവർക്കവിടെ വേരുറപ്പിക്കാൻ പറ്റാത്തിടത്തോളം അത് സാധ്യമാകുന്നുമില്ല. നാട്ടുകാരായ ഭൂവുടമകളും ഏജന്റുമാരും അധികാര സ്ഥാനം കയ്യാളുന്നു. ആലാഹയുടെ പെൺമക്കളിൽ സമൂഹഘടന തകർന്ന് കിടക്കുന്ന അന്തരീക്ഷമാണുള്ളത്.

കടൽത്തീരത്ത് കടൽക്കോടതിയോ തുറയിലരയനോ ആയി അധികാര സംവിധാനം നിലനിൽക്കുന്നുണ്ട്. അതിന് പുറത്ത് മാത്രമാണ് ഭരണസംവിധാനത്തിന് ഇടപെടാനാവുന്നത്. പക്ഷെ നിർണായക കാര്യങ്ങളിൽ തീരുമാനമെടുക്കാനാവാതെ പ്രശ്നംവെപ്പിലേക്ക് വരെ കാര്യങ്ങളെത്തുന്ന വിശ്വാസപരമായ പരിസരമാണ് മരക്കാപ്പിലുള്ളത്.

മൂന്ന് നാടിനെയും പരിശോധിക്കുമ്പോൾ മലനാട്ടിൽ സമാന്തര അധികാര സംവിധാനങ്ങൾ നിലനിൽക്കുന്നതായി കാണാം. തീരദേശത്ത് രണ്ടധികാരവും തുല്യമായ പ്രധാന്യത്തോടെ കലർന്നുനിൽക്കുന്നതായും ഇടനാട്ടിൽ സർക്കാർ ഭരണസംവിധാനം നടപ്പിലാവുമ്പോഴും അതിന്റെ ജീർണതയും തകർച്ചയും തുറന്നുകാണിക്കുന്ന ഇടങ്ങളും കാണാം.

സാമൂഹ്യഘടനയിൽ നിൽക്കാനുള്ള മനുഷ്യന്റെഅബോധമനസ്സിന്റെ പ്രേരണയെയാണ് സാമൂഹിക സ്ഥാപനങ്ങളും നിയമനിർമ്മാണവും ഉപയോഗിച്ച് നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഗോത്രവിഭാഗങ്ങളെപ്പോലെ പൊതുസമൂഹത്തിൽ നിന്നും വേറിട്ട് നിൽക്കുന്ന വിഭാഗത്തിന് ഇത്തരം കടിഞ്ഞാണുകൾ പാലിക്കാൻ പറ്റിക്കൊള്ളണമെന്നില്ല. കാർഷികവൃത്തി തുടങ്ങിയത് മുതൽ കൃത്യമായ ഘടനയെ പിന്തുടരാൻ തുടങ്ങിയ മനുഷ്യർ സ്വാഭാവികമായും ആദ്യം അനുകരിച്ചത് പ്രകൃതിയുടെ ചാക്രികതയെ ആയിരിക്കും. പിന്നീടത് നാടുകൾക്കനുസരിച്ച് തിരിയുന്നതോടെ സംസ്കാര ചിഹ്നങ്ങളിലേക്ക് മാറി.

വിധിയും ഭാഗ്യവും നാടുകളുടെ അടിസ്ഥാന ചിന്തകളാണ്. കൊണ്ടേരൻ വിള കിട്ടുന്നതും പാട്ടം കൂട്ടിക്കൊടുത്തായാലും അത്തിക്കോട് തുടരാൻ കഴിയുന്നതും തന്റെ ഭാഗ്യമായി കാണുന്നു. ജനന മരണങ്ങൾക്കോ ബന്ധങ്ങളിലോ വിധിയുടെ സാന്നിധ്യം കാണാനില്ല. കോക്കാഞ്ചറയിലെത്തിയത് തന്നെ തങ്ങളുടെ വിധിയാണെന്ന് അമ്മാമ കരുതുന്നു. അതൊരിക്കലും ലക്ഷ്യമായിരുന്നില്ല, പക്ഷെ സാഹചര്യത്തിന്റെ സമ്മർദ്ദമായിരുന്നു. എപ്പോഴും ജീവിതത്തിലേക്ക് അപ്രതീക്ഷിതമായി കടന്നുവരാവുന്ന ഭാഗ്യത്തെ അവർ പ്രതീക്ഷിക്കുന്നുണ്ട്. കൈക്കോട്ട് മണ്ണിലുടക്കുമ്പോൾ മനസ്സിൽ ആദ്യം വരുന്ന തോന്നലാണ് ഭാഗ്യം. മലനാട്ടിൽ

ഭാഗ്യവും വിധിയും മണ്ണാണ് തീരുമാനിക്കുന്നത്. അതിൽ മനുഷ്യനുള്ള പങ്ക് അവർ കൃത്യമായി ചെയ്യുന്നുണ്ട്. തീരദേശത്ത് ഭാഗ്യ നിർഭാഗ്യങ്ങളുടെ ഒരു നേർരേഖയിലാണ് എല്ലാവരും സഞ്ചരിക്കുന്നത്. കടലിലെയോ തുറയിലെയോ മാറ്റം പരസ്പരം ബാധിക്കുന്നതായി കരുതുന്നു. വിധിയെ മാറ്റിത്തീർക്കാനോ ഭാഗ്യത്തെ വേണ്ടെന്ന് വെക്കാനോ അവർക്ക് അവകാശമില്ല.

ജീവിതത്തിൽ നിരന്തരം പ്രകൃതിയോടിടപഴകി ജീവിക്കുന്നതുകൊണ്ട് പൊതുസമൂഹം വിശേഷിപ്പിക്കുന്ന സുരക്ഷിതത്വബോധമായിരിക്കില്ല മലനാട്ടുകാരുടേത്. പ്രകൃതിയോടും ജീവികളോടും സസ്യലതാദികളോടും അവർ കാത്തുവെക്കുന്ന ബന്ധം വായിച്ചെടുക്കാൻ പാടാണ്. കാലബോധം അവരെ സംബന്ധിച്ചിടത്തോളം വേറിട്ട ഒന്നായിരിക്കും. കാലം പ്രകൃതിയുടെ മാറ്റങ്ങളുമായി ബന്ധപ്പെടുത്തിയായിരിക്കാം അറിയുന്നത്.

നാടിന് അനുസരിച്ച് ഉപയോഗത്തിലും വ്യത്യാസം കാണാം. ചില സംസ്കാരങ്ങൾ മതപരമായ ഇടത്തിന് പ്രാധാന്യം കൊടുക്കുമ്പോൾ മറ്റു ചിലർ സ്വകാര്യ ഇടത്തിന് പ്രാധാന്യം കൊടുക്കുന്നു. സമൂഹങ്ങൾ തമ്മിൽ ഭൗതികവും വൈകാരികവുമായവ്യത്യാസങ്ങൾ കാണാം. സമയവുമായി ബന്ധപ്പെടുന്ന വാക്കുകൾ ഉപയോഗിക്കുന്ന സാഹചര്യത്തിലും അർത്ഥത്തിലും മാറ്റം വരാം. ജീവിതത്തിന്റെ താളവും ഇതുമായി ബന്ധിപ്പിക്കാം.സമയത്തെക്കുറിച്ചുള്ള ചിന്തകളിൽ വഴക്കം കുറഞ്ഞും കൂടിയും ഇരിക്കാം. സമയവും സ്ഥലവും ആചാരവിശ്വാസങ്ങളിൽ പ്രധാനമാണ്.

മലനാട്ടിലെ ബന്ധങ്ങൾ കൃത്യമായ ഘടനക്ക് അകത്തുനിൽക്കുന്നവയാണ്. ഘടനാപരമല്ലാത്തതിനെ വരെ ആചാരവിശ്വാസങ്ങളുടെ സഹായത്തോടെ അതിന്റെ പരിധിക്ക് കൊണ്ടുവരിക എന്നതാണ് അവരുടെ ലക്ഷ്യം. മാധവിയുടെ ആവശ്യം അന്തോണി നിരസിക്കുന്നത് അയാളിലുള്ള ഈ സാമൂഹിക ബോധംകൊണ്ടാണ്. ഇടനാട്ടിലെ ബന്ധങ്ങൾ ഒരുതരത്തിൽ സങ്കീർണവും എന്നാൽ കൃത്യമായ അടിത്തറയുള്ളതുമാണെന്ന് പറയാം. തീരദേശത്ത് സങ്കീർണ ബന്ധങ്ങളുടെ സാധ്യത പലപ്പോഴും കഥാപാത്രങ്ങൾ അവഗണിക്കുകയാണ് ചെയ്യുന്നത്.

### 1.7. കുടുംബം- ദായക്രമം

തീരദേശത്ത് തുറകളായി തിങ്ങിപ്പാർക്കുന്ന കുടുംബങ്ങളെയും മലകളിൽ ഊരുകളായി തിരിഞ്ഞ് വേറിട്ട് ജീവിക്കുന്ന കുടുംബങ്ങളെയും കാണാം. ഇടനാട്ടിൽ തൊഴിലിടത്തിനടുത്തോ കൃഷിയിടത്തിനടുത്തോ ആയിരിക്കും പാർപ്പിടങ്ങൾ രൂപപ്പെടുന്നത്.

മണ്ണിന്റെ മാറിൽ കുടുംബം എന്നത് സാമൂഹ്യ കർത്തവ്യങ്ങൾ നിറവേറ്റുന്ന ഇടമാണ്. എന്നാലും അവർക്കിടയിൽ ബന്ധവും കരുതലും നിലനിൽക്കുന്നു. വീട്ടിൽനിന്നും ഇറങ്ങിപ്പോകുന്ന കഥാപാത്രം മറ്റെവിടെങ്കിലും പോയി ജോലി ചെയ്ത് ജീവിക്കുന്നുണ്ടാവാം. കുടുംബത്തിലെ തീരുമാനങ്ങളിൽസ്ത്രീകളും പുരുഷന്മാരുംഒരുപോലെ പങ്കുചേരുന്നു. കൃഷിയിടത്തിലെ തീരുമാനങ്ങൾ പുരുഷന്മാരെടുക്കുന്നതാണ്. അവരുടെ മേലുള്ള അധികാരം ജന്മിയുടേതാണ്. അത് നിയന്ത്രിക്കുന്നത് ജാതിവ്യവസ്ഥയുമാണ്. നഷ്ടപ്പെട്ടു പോകാവുന്ന മണ്ണ് നിലനിർത്താനുള്ള ശ്രമം കഥാപാത്രത്തിന്റെ ഭാഗത്തുനിന്നും നടക്കുന്നു.

ആലാഹയിൽ കുടുംബം അതിജീവനത്തിന് വേണ്ടി ഒത്തുചേർന്നവരുടെ ഇടമാണ്. അവിടെ കുറ്റപ്പെടുത്തലും തല്ലുപിടിയും ഉണ്ട്. പക്ഷെ ആരും ആരോടും പിണങ്ങിപ്പോകുന്നില്ല. പോകാൻ ഇടമില്ല. കുടുംബത്തിലെ തീരുമാനങ്ങൾ എടുക്കപ്പെടുന്നില്ല, നടത്തപ്പെടുകയാണ്. പ്രശ്നങ്ങളിൽ പരസ്പരം സഹായിച്ച് മുന്നോട്ടു പോകുന്നു. അധികാരികളുടെ ഉത്തരവുകൾ യഥേഷ്ടം നടപ്പാക്കപ്പെടുന്നു. ഉള്ള സ്ഥലം നഷ്ടപ്പെടുന്നതിനെ നിസ്സഹായതയോടെ നോക്കിനിൽക്കുന്ന സമൂഹം.

ഇടനാട്ടിൽ കുടുംബാധിഷ്ഠിത സമൂഹമാണുള്ളത്. തീരദേശത്തത് തുറയിലും മലനാട്ടിൽ ഗോത്രത്തിലും അധിഷ്ഠിതമായി നിലനിൽക്കുന്നു. ചെമ്മീനിൽ കുടുംബമാണ് അടിസ്ഥാനമെന്ന് തോന്നുമെങ്കിലും തുറ അവിടുത്തെ വിഷയം തന്നെയാണ്. കുടുംബത്തിൽ തീരുമാനങ്ങൾ ചെമ്പൻകുഞ്ഞിന്റേതാണ്. സമൂഹത്തിലെ തീരുമാനങ്ങൾ തുറയിലരയന്റേയും

വിശ്വാസത്തിന്റെയും ഭാഗമായാണ്. ഇത് തെറ്റിക്കാൻ തയ്യാറാവുന്ന കഥാപാത്രമാണ് ചെമ്പൻകുഞ്ഞ്. ചെമ്പൻകുഞ്ഞ് തകരുന്ന തന്റെ കുടുംബത്തെ തിരിച്ചുപിടിക്കാൻ ശ്രമിക്കുന്നുണ്ട്.

മരക്കാപ്പിൽ പ്രധാനം ദൈവങ്ങളും മണ്ണും തന്നെയാണ്. അത് കുടുംബ പ്രശ്നത്തേക്കാൾ ഉപരിയായി നാട് നഷ്ടപ്പെടുന്നു എന്ന യാഥാർത്ഥ്യം മുന്നിൽ നിൽക്കുന്നത് കൊണ്ടാവാം. കടൽക്കോടതി കൂടിയും പ്രശ്നംവെച്ചുമാണ് കാര്യങ്ങൾക്ക് തീർപ്പുണ്ടാക്കുന്നത്. വ്യക്തിപരമായ കാര്യങ്ങളിലെ തീരുമാനങ്ങൾ പലവിധ സമ്മർദ്ദത്തിൽ രൂപപ്പെടുന്നതാണ്. നഷ്ടപ്പെടാൻ പോകുന്ന തുറയെ തിരിച്ചുപിടിക്കാനുള്ള ഉമ്പിച്ചിയുടെ ശ്രമങ്ങൾ നോവലിലുണ്ട്.

സാമ്പത്തികാവസ്ഥയിലും സാംസ്കാരികാവസ്ഥയിലും കാണുന്ന അസ്ഥിരത നാടുകളിലും സാഹിത്യത്തിലും കാണുന്നുണ്ട്. മലനാടും തീരദേശവും ഇടനാടും സാമ്പത്തികമായി സുസ്ഥിരമായ കാഴ്ചയല്ല നോവലുകളിലും കാണുന്നത്. സ്ഥിരമായ സ്ഥാനമില്ലാതെ ഉള്ള ഇടംവിട്ട് പോകേണ്ടി വരുന്ന കഥാപാത്രങ്ങളാണ് കൂടുതൽ. അവയുടെ സാമ്പത്തിക സാംസ്കാരിക അടിത്തറ ഇളക്കംതട്ടിയ ഒന്നാണ്.

കൊയ്ത്തുൽസവങ്ങളായ ഓണവും വിഷുവും രേഖപ്പെടുത്തപ്പെടുന്നത് മണ്ണിന്റെ മാറിൽ മാത്രമാണ്. മറ്റു നോവലുകളിൽ പ്രാദേശികമായ മറ്റു ആഘോഷങ്ങൾ സൂചിപ്പിക്കപ്പെടുന്നുണ്ട്. മരക്കാപ്പിലെ ചീകുറുംബയുടെ പൂരവും നീർക്കുന്നത്ത് പളനി കറുത്തമ്മയോടൊപ്പം പോകാനാഗ്രഹിക്കുന്ന മണ്ണാറശാല ആയില്യവും കോക്കാഞ്ചറയിലെ ആനി കൂടാനാഗ്രഹിക്കുന്ന കല്ല്യാണങ്ങളും അടിച്ചിത്തൊട്ടിയിലെ കല്ല്യാണ ചടങ്ങുകളും എല്ലാം സാംസ്കാരിക വ്യത്യാസങ്ങൾ പുലർത്തുന്ന ആഘോഷങ്ങളാണ്. മണ്ണിന്റെ മാറിൽപരാമർശിക്കുന്ന ബഹുഭർതൃത്വം തീയ്യന്മാർക്കിടയിലുണ്ടായിരുന്ന കൂട്ടുകുടുംബ വ്യവസ്ഥയുടെ മറ്റൊരു രൂപമായിരുന്നു.

### 1.8. ഭക്ഷണം-പാർപ്പിടം- വസ്ത്രം

ഗോത്ര സാഹചര്യത്തിലെ വസ്ത്രങ്ങൾ തന്നെയാണ് അടിച്ചിത്തൊട്ടിയിലെ ആളുകൾ ധരിക്കുന്നത്. ചിലരതിൽ മാറ്റങ്ങൾ വരുത്തുന്നത് കാണാം. സുധ അവിടെ പുതിയ വസ്ത്രസംസ്കാരം അവതരിപ്പിക്കുന്നുണ്ട്. പക്ഷെ ആരും അത് അനുകരിക്കുന്നില്ല. വിഷകന്യകയിൽ തിരുവിതാംകൂറിന്റെ വസ്ത്രസംസ്കാരം മലബാറിലും തുടർന്ന് പോരുന്നു.

ഇടനാട്ടിൽ പാർപ്പിടം തൊഴിലിടത്തോട്ചേർന്നതോ തൊഴിലിടത്ത് തന്നെയോ ആണ്. രണ്ട് നോവലിലും ഇത് കാണാം. ആലാഹയിൽ വസ്ത്രത്തെ കുറിച്ച് കൃത്യമായ ധാരണയുള്ള സൗന്ദര്യബോധമുള്ള കഥാപാത്രങ്ങളുണ്ട്. ഭക്ഷണത്തിന് ക്ഷാമമനുഭവിക്കുന്ന ആലാഹയിലെ സമൂഹിക സാഹചര്യവും അതിൽനിന്ന് രക്ഷനേടാനായി കൃഷിതുടങ്ങുന്ന കഥാപാത്രങ്ങളും വ്യത്യസ്ത കാലഘട്ടത്തെ കുറിക്കുന്നു. വസ്ത്രത്തിന്അടിസ്ഥാന ആവശ്യമെന്നതിലുപരിയായി പ്രാധാന്യം കാണുന്നില്ല.

### 1.9. തൊഴിൽ

മലനാട്ടിലെ രണ്ട് നോവലുകളിലും വൈദഗ്ധ്യം ആവശ്യമുള്ള ജോലികൾ കുറവാണ്. കൃഷിപ്പണിയും അവർ ചെയ്യുന്ന തോട്ടപ്പണികളും കുട്ടികൾ വരെ ചെയ്യുന്നതായി പരാമർശമുണ്ട്. മലബാറിൽ കുടിയേറിയവരുടെ കയ്യിൽ തിരുവിതാംകൂറിൽ നിന്നും കൊണ്ടുവന്ന ആയുധങ്ങളും കൃഷി രീതികളും ഉണ്ടായിരുന്നു. അവരത് മലബാറിൽ പരീക്ഷിക്കുകയും വിജയിക്കുകയും ചെയ്യുന്നു. സുധ തന്റെ ജോലിയെ ജീവിത സാഹചര്യങ്ങളിൽ നിന്നും രക്ഷപ്പെടാനുള്ള ഉപാധിയായും ഊരിനോടുള്ള ഉത്തരവാദിത്ത്വമായുംകാണുന്നു. പുനംകൃഷി മുട്ടുകാണിയുടെ നേതൃത്വത്തിൽ ആചാരപൂർവ്വം വർഷാവർഷം നടക്കുന്ന കൃഷിരീതിയാണ്. അതിൽ വിളവെടുത്ത് കാണിക്ക് കാഴ്ചവെക്കുകയെന്നത് മുതുവാന്റെ ധർമ്മമാണ്.

സ്ഥലം കൈമാറ്റവും അടുത്ത സംഘത്തിനായുള്ള കാത്തരിപ്പുമാണ് മലബാറിലെ ഭൂവുടമകളുടെ രീതി. തിരുവിതാംകൂറിൽ നിന്നും പണവുമായെത്തുന്ന സംഘത്തെ അവിടെയെത്തിക്കുന്നതിൽ ഏജന്റുമാരും പ്രവർത്തിക്കുന്നു. അതൊരു ബിസിനസിന്റെ രൂപം കൈവരിക്കുന്നു. ഗോത്രവിഭാഗങ്ങളിൽ സാമ്പത്തിക പ്രവർത്തനങ്ങൾ പരിമിതമാണ്. അവരുടെ മാറി വരുന്ന ആവശ്യങ്ങൾക്ക് പണം ആവശ്യമായി വരുന്നുണ്ട്. തൊഴിലുമായി ബന്ധപ്പെട്ട് ഗോത്രവിഭാഗങ്ങൾ നേരിടുന്ന പ്രശ്നം കള്ളക്കടത്തും കഞ്ചാവ് കൃഷിയും പിടിക്കപ്പെടുന്ന ഘട്ടത്തിൽ മാത്രമാണ്.

മലബാറിൽ പ്രതിസന്ധിയുണ്ടാവുന്നത് മലമ്പനിയുടെ വരവോടെയാണ്. ചികിത്സ ലഭിക്കാതെ ആളുകൾ മരിച്ച് വീഴാൻ തുടങ്ങുന്നതോടെ ആ പ്രദേശത്തെ വിജനത കൃത്യമായി നോവലിൽ അടയാളപ്പെടുത്തപ്പെടുന്നു. കുടിയേറിയവർക്കിടയിൽ മനസ്സിൽ ജയിച്ച് കാണിക്കണമെന്ന വാശിയുണ്ട്. കൃഷിപ്പണിയും കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങളും ഒരുപോലെ നോക്കുന്ന കഥാപാത്രം മറിയം മാത്രമാണ്. മലനാട്ടിലെ രണ്ടിടത്തും സാങ്കേതിക വിദ്യയോ അതിന്റെ സഹായമോ ലഭിക്കുന്നില്ല. കുടിയേറി വരുന്നവർക്ക് പൊതുവായി ഒരു ലക്ഷ്യമുണ്ടായിരുന്നെന്നും അവരത് പൂർത്തിയാക്കാനാവാതെ തിരിച്ച് പോകേണ്ടി വന്നതായും കാണാം.

ജാതിക്കനുസരിച്ച് തൊഴിൽ ചെയ്ത് ജീവിക്കണമെന്നതാണ് ജാതിക്കാലത്തെ നിയമം.മണ്ണിനെ സ്നേഹിച്ച് അതിനെ നിരന്തരം സേവിച്ച് ജീവിക്കുന്ന വള്ളുവനാട്ടിലെ മൂന്ന് തലമുറയുടെ കഥ കർഷകരായി മാറിയ തീയ്യരുടെ കഥയാണ്. കുലത്തൊഴിലിൽ നിന്നും മാറുന്നത് വിപ്ലവാത്മകമായ കാര്യമായി കണക്കാക്കാം.കോക്കാഞ്ചറക്കാർ ചെയ്യുന്ന ജോലികൾക്ക് അവിടുത്തെ ഭൗതികപരിസരവുമായി പ്രത്യക്ഷത്തിൽ ബന്ധമില്ലെങ്കിലും അത് പരോക്ഷ സ്വാധീനം കൊടുക്കുന്നു. കോക്കാഞ്ചറയിൽ നിന്നും ഇത്തരത്തിലുള്ള താൽക്കാലിക ജോലികളിലേ അവർക്ക് ഏർപ്പെടാനാവുന്നുള്ളൂ എന്ന തരത്തിലതിനെ വായിക്കാം.

മലനാട്ടിലെ രണ്ട് നോവലുകളിലും വൈദഗ്ധ്യം ആവശ്യമുള്ള ജോലികൾ കുറവാണ്. പക്ഷെ ശാരീരികാധ്വാനം കൂടുതൽ ആവശ്യമാണ്. കടപ്പുറം നിവാസികൾ പാരമ്പര്യത്തൊഴിലും കുടിയേറിയവർ പുതിയ തൊഴിൽ മാർഗങ്ങളും കണ്ടെത്തുന്നു. മറ്റിടങ്ങളിൽ ജീവനോപാധിയും ഭക്ഷണത്തിനുവേണ്ടിയുമുള്ള കൃഷിയാണ് നടത്തുന്നത്.  ഇടനാട്ടിൽ കൃഷിയെന്നത് സാമ്പത്തിക പ്രവൃത്തിയായി മാറുന്നു.

### 1.10. കുടിയേറ്റം

പുതിയ സംസ്കാര മേഖലയിലേക്ക് കടന്നുവരുന്ന കഥാപാത്രങ്ങൾ രണ്ട് മലനാടൻ നോവലുകളിലുമുണ്ട്. രണ്ടുകൂട്ടരും ഒന്നും നേടാനാവാതെ തിരിച്ച് മലയിറങ്ങേണ്ടിവരുന്ന സാഹചര്യമാണുള്ളത്. ഒന്ന് വിദ്യാഭ്യാസ ശ്രമങ്ങളായിരുന്നെങ്കിൽ മറ്റൊന്ന് ജീവിതം പച്ചപിടിപ്പിക്കാനുള്ള മോഹങ്ങളായിരുന്നു. രണ്ടുകൂട്ടരും ഇടനാട്ടിലെ പ്രശ്നബാധിത പ്രദേശത്തുനിന്നാണ് മലനാടുകളിലേക്ക് വരുന്നത്. സുധയുടേത് കുടുംബ പ്രശ്നമാണെങ്കിൽ മറ്റുള്ളവരുടേത് സാമൂഹിക പ്രശ്നമായിരുന്നു. ഒരു തരത്തിൽ അതൊരു രക്ഷപ്പെടലായി അവർ കാണുന്നു. മലനാടിന്റെ വിദൂരത അവരെ പ്രശ്നങ്ങളിൽ നിന്നും സംരക്ഷിക്കുന്നതായി അവർ കരുതുന്നു.

പുറത്തുനിന്നുള്ള എന്തിനെയും തള്ളിക്കളയുന്ന സാംസ്കാരിക സാമൂഹികാന്തരീക്ഷമാണ് മലനാട്ടിലുള്ളതെന്ന് പറയാം. കുടിയേറ്റം വൈകാരികമായ മാറ്റംകൂടിയാണ്. സ്വന്തം നാടിനോടുള്ള മമത അവിടെ എപ്പോഴും പ്രകടിപ്പിക്കപ്പെടും. എത്തിപ്പെടുന്ന സ്ഥലത്തിന്റെ അപരിചിതത്വവും പുതുമയും അവരെ ആകർഷിക്കും. സാംസ്കാരിക ആഘാതവും അനുകൂലന ശ്രമങ്ങളും കുടിയേറ്റത്തിന്റെ ഭാഗമാണ്. തിരുവിതാംകൂറിൽനിന്നും ശീലിച്ചവ പൂർണമായും മാറ്റാൻ അവർക്കാവുന്നില്ല. അതിന്റെ അത്യാവശ്യവും വരുന്നില്ല. കള്ളുകുടിയും തെറിപറയലും സാമൂഹിക പ്രശ്നമാവുമ്പോഴാണ് നാട്ടുകാർ ഇതിനോട് പ്രതികരിക്കുന്നത്. ഒരു ഇടുങ്ങിയ സാംസ്കാരിക വിഭാഗത്തിന് അകത്തല്ലാത്തതുകൊണ്ട് അത് കാര്യമായി ശ്രദ്ധിക്കപ്പെടുന്നില്ല. പക്ഷെ സുധ എത്തിച്ചേരുന്ന സമൂഹം സാംസ്കാരികമായി

കർശനഭാവമുള്ളതും ഇടുങ്ങിയ പരിസരത്ത് ജീവിക്കുന്നവരുമാണ്. അവർക്കിടയിൽ അവരുടെ സംസ്കാരത്തെ മാനിച്ച് നിലനിൽക്കാൻ സുധ പ്രയാസപ്പെടുന്നുണ്ട്.

കുടിയേറിയ നാട്ടിൽ നിന്നും തിരിച്ചിറങ്ങുന്ന കഥാപാത്രങ്ങൾ രണ്ട് നോവലിലും കാണാം. എവിടേക്ക് പോകുമെന്ന അനിശ്ചിതത്വം രണ്ടുകൂട്ടരുടെയും ജീവിതത്തിൽ ബാക്കിവെച്ചാണ് നോവലുകൾ അവസാനിക്കുന്നത്.ജന്മനാട് ബോധംഎല്ലാവരിലും വൈകാരികമായ അടുപ്പം ഉണ്ടാക്കണമെന്നില്ല. പല കാരണങ്ങൾ കൊണ്ട് സ്ഥലംമാറി പോകുന്നവരും പല ട്രോമകൾ കൊണ്ട് നാടിനെ ഓർക്കാൻ ഇഷ്ടപ്പെടാത്തവരും ഉണ്ടാവും. എന്നാലും ഇവരുടെയെല്ലാം അബോധത്തിൽ സ്ഥലബോധം പിറന്നനാടിന്റേത് തന്നെയായിരിക്കും. ട്രോമകളിൽ പെട്ടവരെ അത് പല സന്ദർഭങ്ങളും ഓർമപ്പെടുത്തും.

കുടിയേറിയ മണ്ണിനോട് പുതിയൊരു സ്ഥലത്തോടുള്ള മനോഭാവമായിരിക്കും. അവിടെ എത്തിപ്പെടാനുണ്ടായ കാരണവും പ്രചോദനവും അവരെ നിരന്തരം അത് ഓർമപ്പെടുത്തും. സാമൂഹിക രാഷ്ട്രീയ പാരിസ്ഥിതിക സാഹചര്യങ്ങളാലുണ്ടാവുന്ന കുടിയേറ്റക്കാർ കൊല്ലങ്ങൾ കഴിഞ്ഞാലും കുടിയേറ്റക്കാരായി തുടരുന്നതും തിരിച്ച് നാട്ടിൽ പോകണമെന്ന ആഗ്രഹം നിലനിർത്തുന്നതും കാണാം. വൈകാരികമായി ആ മാറ്റത്തെ അംഗീകരിക്കാൻ ബുദ്ധിമുട്ടായിരിക്കും. സാംസ്കാരിക ആഘാതവും ഒത്തുതീർപ്പും കൂടുതലായി വേണ്ടിവരും. സാംസ്കാരിക സ്വത്വം നിലനിർത്താൻ അവർ പരമാവധി ശ്രമിക്കുന്നതും കാണാം. തിരിച്ച് പോവുകയെന്നത് അവരുടെ അബോധ സ്വപ്നമായിരിക്കും.

തിരിച്ച് പോകാനിടമില്ലാത്ത സാഹചര്യം കോക്കാഞ്ചറയിലെത്തുന്നവരെ പിടിച്ചു നിർത്തുന്നു. കോക്കാഞ്ചറയിലേക്ക് അവസാനഘട്ടത്തിൽ പുതിയ ആളുകൾ വീടുകൾ വാങ്ങി കടന്നുവരുന്നു. നഗരവൽക്കരണത്തിന്റെ ചിത്രങ്ങൾ അതിൽ വ്യക്തമായി കാണാം. നഗരവൽക്കരണ സമയത്ത് നടക്കുന്നകുടിയേറ്റം മറ്റൊരു തരത്തിലാണ്. തൊഴിലിനും സൗകര്യത്തിനും അടുപ്പിച്ച് താമസ സൗകര്യം നേടുകയെന്നത് അവിടെ പ്രധാനമാവുന്നു. മരക്കാപ്പിൽ കുടിയേറി വരുന്നവരിൽ അങ്കിച്ചിയും ഉമ്പിച്ചിയും മുതൽ തെയ്യങ്ങൾ വരെയുണ്ട്. അവരുടെയും നിലനിൽപ്പ്, ഭൂതകാലം എന്നിവ പ്രശ്നവൽക്കരിക്കപ്പെടുന്ന സാഹചര്യമാണ് മരക്കാപ്പിലുള്ളത്.

### 1.11. ലിംഗഭേദം

ലിംഗഭേദങ്ങളും ഓരോ ലിംഗത്തിനും സമൂഹം കൽപിക്കുന്ന പദവിയും നാടുകൾക്കനുസരിച്ച് മാറുന്നുണ്ട്. ലിംഗ വ്യത്യാസങ്ങൾ സമൂഹത്തിലും കുടുംബത്തിലും വ്യക്തിമനസ്സിലും ആഴത്തിൽ പതിപ്പിക്കുന്നതിൽ സാംസ്കാരിക ബോധങ്ങളുടെ പങ്ക് വളരെ വലുതാണ്. സമൂഹത്തിന്റെ ഇത്തരം ബോധങ്ങളെ മാറ്റിയെടുക്കുകയെന്നത് പ്രയാസകരമാണ്. അതുപോലെത്തന്നെ ഇതിൽനിന്നും വ്യത്യസ്തലിംഗപദവി കൈക്കൊള്ളുന്ന മനുഷ്യന് ആ സമൂഹത്തിന്റെ ഭാഗമാവാനോ സാഹചര്യം തുറന്ന് പറയാനോ സാധിക്കുന്നല്ല. ആൺ-പെൺ ദ്വന്ദ്വങ്ങൾക്കപ്പുറത്ത് ഘഏആഠഝക വിഭാഗങ്ങളുണ്ടെന്ന് മനസ്സിലാക്കാൻ പോലും തയ്യാറാവാത്ത ആളുകൾ സമൂഹത്തിലുണ്ട്. ഇന്നത് വളരെ പതുക്കെ സ്വീകാര്യം ലഭിക്കുന്ന യാഥാർത്ഥ്യമാണ്. ജൻഡർ ന്യൂട്രൽ ആയൊരു സാമൂഹികസാഹചര്യം വേഷത്തിലും റോളുകളിലും പെരുമാറ്റത്തിലും കടന്നു വരുന്നുണ്ട്. അത്തരം സാംസ്കാരിക പരിസരത്തുനിന്നും പുറത്ത് വന്നാലും അബോധത്തിൽ അടിയുറച്ചു പോയ ബോധ്യങ്ങളെ മറികടക്കുന്നതിന് വിമർശനാത്മകമായ സാഹചര്യങ്ങളിലൂടെ കടന്നു പോകേണ്ടതുണ്ട്. ഉത്തരാധുനിക കാലത്തോടെ സാഹിത്യ രൂപങ്ങളിലും ഇത്തരം പ്രമേയങ്ങൾ കടന്നു വരുന്നുണ്ട്.

പരിശോധനക്കായെടുത്ത നോവലുകളിലെല്ലാം വ്യത്യസ്തങ്ങളായ സ്ത്രീ പുരുഷ കഥാപാത്രങ്ങൾ കടന്നു വരുന്നുണ്ട്. ചെങ്ങാറും കുട്ടാളും ഗോത്രസ്വഭാവമുള്ള യാഥാസ്ഥിതികരായ മനുഷ്യരെ കാണിക്കുന്നു. സ്ത്രീ പുരുഷന്മാർ പരസ്പരം അടുത്ത് പെരുമാറുന്നവരും വെച്ചുമാറാനാവാത്ത കുടുംബ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നവരുമാണ്.

സമൂഹത്തിൽ പ്രായമായ പുരുഷന്റെയും സ്ത്രീയുടെയും വാക്കുകൾക്ക് പ്രാധാന്യമുണ്ടെങ്കിലും വിശ്വാസവും പാരമ്പര്യവുമായി ബന്ധപ്പെടുത്തി തീരുമാനങ്ങളെടുക്കുന്നത് പുരുഷനാണ്.

മൂന്ന് നാടുകളിലും കൂടുതൽ ശാരീരികാധ്വാനമാവശ്യമുള്ള പ്രവർത്തികളിൽ ഏർപ്പെടുന്നത് പുരുഷനാണ്. സ്ത്രീകൾ തൊഴിലിന്റെ ഭാഗമാവുന്നെങ്കിലും അവർ ശാരീരികാധ്വാനം കുറഞ്ഞതും കുടുംബവുമായി ബന്ധപ്പെട്ടതുമായ പ്രവൃത്തികളിൽ ഏർപ്പെടുന്നു.

നോവലുകളിൽ സ്ത്രീ പുരുഷ സ്ഥാനത്തെ രേഖപ്പെടുത്തുന്ന വാക്കുകളും സാഹചര്യങ്ങളുമുണ്ട്. ചെമ്മീനിൽ നെറിയും മൊറയും കടപ്പുറത്തെ എല്ലാവരുടെയും വിഷയമാവുമ്പോൾ ശുത്തമെന്നത് സ്ത്രീ കേന്ദ്രീകൃതമായ ചിന്തയാണ്. സ്ത്രീയുടെ ശുത്തവും കടലമ്മയുടെ കനിയലും തമ്മിൽ ബന്ധപ്പെടുത്തുന്നു. കടപ്പുറത്തെ നാശത്തിലേക്ക് നയിക്കാനുള്ള ഏക കാരണം സ്ത്രീകളുടെ 'ശുത്ത' നഷ്ടമാണ്. നെറിയും മൊറിയും തെറ്റിച്ചാൽ കടപ്പുറം വിടേണ്ടിവരികയാണെങ്കിൽ ശുത്തം നഷ്ടപ്പെട്ട സ്ത്രീ കടപ്പുറത്തെ മുഴുവൻ മുടിക്കാൻ പര്യാപ്തയാണ്.

ആലാഹയുടെ പെൺമക്കളിലെ കയ്യൂക്കുള്ള പുരുഷന്മാർ മറ്റു മികച്ച നാട് തേടിപ്പോയപ്പോൾ ബാക്കിയായവരാണ് കോക്കാഞ്ചറയിലെ സ്ത്രീകൾ. കുടുംബവും ബന്ധവും വയസ്സായവരും കുട്ടികളും സ്വന്തം ബാധ്യതയായിക്കണ്ട് ജീവിക്കുന്നവർ.ഗോത്രങ്ങൾ രൂപപ്പെടുന്ന കാലം മുതൽ കുടുംബം സ്ത്രീയുടെ ഉത്തരവാദിത്വമാവുന്നുണ്ട്.

ഗോത്ര കഥ പറയുന്ന ചെങ്ങാറും കുട്ടാളും സ്ത്രീ കേന്ദ്രിതമായ കാഴ്ചയിലൂടെയാണ് കഥ പറയുന്നത്. പക്ഷെ അവിടെ കടപ്പുറത്തെ ശുത്തബോധമല്ല സ്ത്രീകൾക്കുള്ളത്. പക്ഷെ അന്യപുരുഷൻ സ്ത്രീയെ തൊട്ടാൽ അയാളുടെ കൂടെ പോകണം എന്നതാണ് ഊരിലെ നിയമം. അത് ഊരിന്റെ നാശത്തിനോ ഊരിൽ നിന്ന് പുറത്താക്കാനോ കാരണമോ ആവുന്നില്ല.

മലനാടൻ ശരീരങ്ങൾക്ക് പൊതുബോധത്തിന്റേതായ സൗന്ദര്യസങ്കൽപമോ ശാരീരിക ബോധമോ അല്ല ഉള്ളത്. സദാചാര ബോധങ്ങൾ കൂടുതലായി സ്ത്രീപുരുഷ ബന്ധങ്ങളെ കേന്ദ്രീകരിച്ച് നിലനിൽക്കുന്നു. സമൂഹത്തിന്റെ പ്രധാന ശ്രദ്ധയും അതിലാണ് കിട്ടുന്നത്. ഇടനാടൻ മനുഷ്യർ സങ്കീർണ ബന്ധം പുലർത്തുന്നവരായതിനാൽ അതിനെ ന്യായീകരിക്കാൻ കൃത്യമായ ചിന്തകളുടെ പിൻബലം ലഭിച്ചുകൊള്ളണമെന്നില്ല. തീരദേശത്ത് വൈകാരിക കാര്യങ്ങൾക്ക് കൊടുക്കുന്ന പ്രധാന്യം കുറവാണെന്ന് പറയാം. അത് സമൂഹത്തിന്റെ അസ്ഥിരമായ മാനസികാവസ്ഥയെയാണ് കാണിക്കുന്നത്.

പ്രകൃതിയെ എക്കാലത്തും കാൽപനികമായി കാണുന്നത് സാഹിത്യ രംഗത്തെ പ്രവണതയായിരുന്നു. നോവലുകൾ വരുന്നതോടെയാണ് അതിന് യാഥാർത്ഥ്യ ബോധം കടന്നുവരുന്നത്. സ്ത്രീയെ പ്രകൃതിയുമായി ബന്ധിപ്പിക്കുന്നതും അത്തരമൊരു പ്രവണതയാണ്. അത് പലപ്പോഴും വിപരീതാർത്ഥത്തിൽ ഉപയോഗിക്കപ്പെടുന്നുമുണ്ട്. ജീവിതത്തിന്റെ ഉറവിടം, ജനനം, സംരക്ഷണം, ഋതുമാറ്റങ്ങൾ, മനുഷ്യ-പ്രകൃതി ബന്ധം എന്നിവയെ ധ്വനിപ്പിക്കാൻ ഈ ബിംബം ഉപയോഗിക്കാറുണ്ട്.മണ്ണിന്റെയും കടലിന്റെയും ഉർവ്വരതാ സങ്കൽപവും ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു. ചെമ്മീനിൽ കടലിന്റെ ഭാവമാറ്റങ്ങൾ തുറയുടെ ജീവിത സാഹചര്യത്തിൽ വലിയ മാറ്റം സൃഷ്ടിക്കുന്നുണ്ട്.

ഉമ്പിച്ചി കടലിന്റെ മകളാണെന്ന് പറയുന്നിടത്ത് അത്തരമൊരു ബന്ധം കടലും ഉമ്പിച്ചിയും തമ്മിലുണ്ടാവുന്നു. കടപ്പുറത്തിന്റെ ഉത്തരവാദിത്തം അവളിലേക്ക് ഒതുക്കുന്നതിൽ ഇതൊരു കാരണമായിട്ടുണ്ടാവാം. ഉമ്പിച്ചിയുടെ മാനസിക ബോധത്തെയും ഇത് സ്വാധീനിച്ചിരിക്കാം.

വിഷകന്യകയിൽ 'വിഷകന്യക' മണ്ണിന്റെയും സ്ത്രീയുടെയും രൂപഭേദമെന്ന നിലയിൽ പരിഗണിക്കുന്നു. മാധവിയെയും പ്രകൃതിയെയും കൂട്ടിയാണ് നോവലിസ്റ്റ് വിഷകന്യക എന്ന് വിളിക്കുന്നത്. പ്രതികാരം ചെയ്യാൻ മടിക്കാത്ത മാധവിയെ മണ്ണിന്റെ സ്വഭാവത്തോട് ഉപമിക്കുകയാണ് ചെയ്യുന്നത്. ചെമ്മീനിൽ കടലമ്മയെന്ന ബോധം നിലനിൽക്കുന്നു. കടൽ രക്ഷകയും അന്നം നൽകുന്നയാളുമാണ്. നിയമങ്ങൾ തെറ്റിച്ചാൽ തിരിച്ചടിക്കാൻ പ്രാപ്തിയുള്ള

കടലിനെയാണ് അവർ ആരാധിക്കുന്നതും ഭയക്കുന്നതും. ഗോത്രവർഗ നോവലായ ചെങ്ങാറും കുട്ടാളും സ്ത്രീയെയും പ്രകൃതിയെയും ഒരുപോലെ സംരക്ഷിക്കുന്നവരാണ്. അതുപോലെത്തന്നെ ചൂഷണവും അരങ്ങേറുന്നത് കാണാം. ആലാഹയിൽ യാഥാർത്ഥ്യങ്ങൾ കണ്ട് പ്രതികരിക്കാനാവാതെ നിൽക്കുന്ന കൂട്ടത്തിലാണ് പ്രകൃതിയും സ്ത്രീ കഥാപാത്രങ്ങളും.

പാതിവ്രത്യ സങ്കൽപം ചെമ്മീനിലെപ്പോലെ ശക്തമായി മരക്കാപ്പിലെ തെയ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്നില്ല. മലനാടൻ മിത്തുകളിലെ ദേവീസങ്കൽപം അവർക്കിടയിലെ സ്ത്രീകളുടെ മാതൃകയാവുന്നില്ല. പകരം വിശിഷ്ടമായ ഒന്നായി നിലനിൽക്കുന്നു. പക്ഷെ തീരദേശത്ത് മിത്ത് കൃത്യമായ സ്ത്രീ മാതൃക വിവരിക്കുകയും അതിന്റെ സ്വാധീനം അവിടെ കാണുകയും ചെയ്യുന്നുണ്ട്. ചെമ്മീനിലെ ചക്കി ഭർത്താവിന്റെ അധ്വാനഭാരം പങ്കിടുമ്പോഴും അയാളുടെ അത്യാർത്തിയെ തടയാനും നേർവഴി കാണിക്കാനും അയാൾക്ക് വരാനിരിക്കുന്ന പാപങ്ങളെ തന്റെ ഇടപെടൽ കൊണ്ട് നേരെയാക്കാനും ശ്രമിക്കുന്നുണ്ട്.

മറിയത്തിന് കുടുംബം നോക്കിയതിന് ശേഷമേ കൃഷി ചെയ്യാനാവുന്നുള്ളു എങ്കിൽ കൊണ്ടേരന് മുഴുവൻ സമയത്തും കൃഷിയിടത്തിൽ കഴിയാനാവുന്നു. അത് ഭൂപ്രകൃതിയിലെ വ്യത്യാസവും കൃഷി രീതിയിലെ വ്യത്യാസവും കൂടിയാണ്.

### 1.12. രാഷ്ട്രീയ പരിസരം

ഒരു പരിധിയിൽ കവിഞ്ഞ് ഗോത്ര വിഭാഗക്കാരെ തന്റെ അധികാരത്തിൽ സംരക്ഷിച്ച് നിർത്താനാവില്ലെന്ന് സുധയ്ക്ക് മനസ്സിലാവുന്നു. അവർക്ക് അവരുടേതായ പ്രതിരോധ മാർഗങ്ങളും ആക്രമണ ശൈലികളുമുണ്ട്. അതിലേക്ക് തന്നെ തിരിച്ച് പോകും.

മികച്ച ജീവിത സാഹചര്യവും ജോലിയും ആഗ്രഹിക്കുന്നവർ ഇടനാട്ടിലേക്ക്ഇറങ്ങുകയാണ് ചെയ്യുന്നത്. അത് ഗോത്ര സമൂഹത്തെ പഴയതുപോലെത്തന്നെ നിലനിർത്തുന്നു. പുറത്ത് പോയി പഠിക്കുന്ന അഞ്ചല സ്വന്തം സമൂഹത്തിനായി പ്രവർത്തിക്കണം എന്നാണ് ആഗ്രഹം പ്രകടിപ്പിക്കുന്നത്.

രാഷ്ട്രീയ ചിന്തകളും പരിസരവും മലനാടൻ സാഹചര്യത്തിൽ കാണുന്നില്ല. അവർ ഒരു തരത്തിൽ മാറ്റി നിർത്തപ്പെട്ടവരും ഒറ്റപ്പെടുത്തപ്പെട്ടവരും വിദൂരദേശത്തേക്ക് കുടിയേറി വരേണ്ടിവന്നവരുമൊക്കെയാണ്. അവരുടെ സാംസ്കാരിക വൈരുദ്ധ്യം നിലനിൽക്കുന്നതുകൊണ്ട് മറ്റു ചിന്തകൾ അവിടെ നിന്നും പുറത്ത് വരുന്നില്ല. സാംസ്കാരിക വൈരുദ്ധ്യം നിലനിൽക്കുന്ന സമൂഹത്തിൽ മറ്റ് സ്വാധീനങ്ങൾ കുറവായിരിക്കും. രാഷ്ട്രീയമായി തകർന്ന ഒരിടത്തുനിന്നും വരുന്നതിനാൽ അതിനോടുള്ള വൈമുഖ്യവും അവരിലുണ്ടാവാം.

ഗോത്രവിഭാഗങ്ങളുടെഭയം നാടിനോടും നാട്ടുകാരോടുമായി മാറുന്നു. അവർ സമൂഹത്തിൽ അരക്ഷിതരാവുന്നത് ഇങ്ങനെയാണ്. സർക്കാർ ഏർപ്പാടാക്കുന്ന പദ്ധതികളും അവർക്ക് പ്രശ്നമായിത്തീരുന്ന കാഴ്ചയാണുള്ളത്. സർക്കാർ ഉദ്യോഗസ്ഥർ പദ്ധതികൾ നടപ്പിലാക്കാതെ തടഞ്ഞുവെക്കുകയും അതിനായി അഴിമതി നടത്തുകയും ചെയ്യുന്നു. കൂടുതൽ അരോചകമായ സാഹചര്യമാണത് സൃഷ്ടിക്കുന്നത്. ഷെഡ്യൂൾഡ് ട്രൈബ് എന്ന സർക്കാർ ലിസ്റ്റിൽ പെടുന്ന വിഭാഗങ്ങൾക്ക് കൃത്യമായ സംരക്ഷണനിയമങ്ങളും അവകാശങ്ങളും കൽപിച്ചുകൊടുത്തിട്ടുണ്ട്. അവ നടപ്പിലാക്കാൻ ബാധ്യസ്ഥരായ ഉദ്യോഗസ്ഥരുടെ നടപടികൾ നിരാശാവഹമാണ്.

ഒരു പ്രദേശത്തിന്റെ ആഖ്യാനശൈലിയിൽ അവിടുത്തെ രാഷ്ട്രീയത്തിന്റെ സ്വാധീനം ഉണ്ടാവാം. ചെറുകാട് മുന്നോട്ട് വെക്കുന്ന ഇടതുപക്ഷ രാഷ്ട്രീയ പരിസരം അക്കാലത്തെ സമ്മർദ്ദങ്ങളിൽ നിന്നും രൂപപ്പെടുന്നതാണ്. പക്ഷെ ആലാഹയിൽ രാഷ്ട്രീയ ബോധമുള്ള സമൂഹിക സാഹചര്യത്തിലും ആശയങ്ങൾ അരികുവൽക്കരിക്കപ്പെടുന്നതാണ് കാണിക്കുന്നത്. ഇടനാട്ടിലെടുക്കുന്ന തീരുമാനം മറ്റ് രണ്ട് നാടുകളെ കൂടി ബാധിക്കുന്നതാണ്. പഠനങ്ങളുടെ ഫലമായാണ് പദ്ധതികൾ നടപ്പിലാക്കപ്പെടുന്നതെങ്കിലും അവ ഫലവത്താവാറില്ല.

### 1.13. പാരിസ്ഥിതിക പ്രശ്നങ്ങൾ

സുധയുടെ പ്രവർത്തന ഫലമായി പകർച്ചവ്യാധി സമയത്ത് മരുന്നെത്തിക്കാൻ സാധിക്കുന്നുണ്ട്. പക്ഷെ മലബാറിൽ പകർച്ചവ്യാധി വരുന്നത് വളരെ മുമ്പ് ആരോഗ്യ സ്ഥാപനങ്ങളോ കൃത്യമായ മരുന്നോ സംവിധാനങ്ങളോ ഇല്ലാത്തപ്പോഴാണ്. അന്നവിടെ മരിച്ചുപോയവരുടെ കണക്കുപോലും ആരുടെയും കയ്യിലില്ല.

മനുഷ്യ പ്രവൃത്തിയുടെ ഫലമായുണ്ടാവുന്ന പ്രശ്നങ്ങളാണ് ആലാഹയിൽ. അതിന് മറ്റു പരിഹാരങ്ങളൊന്നും ആരും നിർദ്ദേശിക്കുന്നില്ല. കാലന്തരത്തിൽ മണ്ണായിപ്പോവുകയേ വഴിയുള്ളു. അങ്ങനെ മാലിന്യങ്ങൾ അവരുടെ ഭൂതകാലം കൂടിയാവുന്നു. മണ്ണിന്റെ മാറിൽ ഇത്തരത്തിലുള്ള പരിസ്ഥിതി ചിന്തകളോ ആശങ്കകളോ പങ്കുവെക്കുന്നില്ല. ഭൗതികപരിസരത്തിലെ വ്യത്യാസം നാടുകളിലെ അടിസ്ഥാന പ്രശ്നങ്ങളിലും കാണാം. മലനാട്ടുകാർ ദുർബലമായ ആവാസ വ്യവസ്ഥയുടെ സംരക്ഷണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ഭൂപരിപാലനവും, വിഭവ പരിപാലനവുമായി ബന്ധപ്പെട്ട അറിവ്, പരമ്പരാഗത അറിവുകളുടെ സംരക്ഷണം, സുസ്ഥിരമായ വിള ലഭിക്കാതിരിക്കൽ, വിഭവങ്ങലുടെ ശോഷണം, പ്രാധാന്യമുള്ള ആരാധനാ സ്ഥലങ്ങൾവസ്തുക്കൾ, മരങ്ങൾ സംരക്ഷിക്കൽ എന്നിവ അവരുടെ നിത്യ ജീവിതത്തിന്റെ ഭാഗമായ കാര്യങ്ങളാണ്.

ഇടനാട്ടിൽ പ്രാദേശിക സാംസ്കാരിക രീതികളെ നിലനിർത്തുന്ന സുസ്ഥിര കൃഷിയും സാങ്കേതികത, ജലലഭ്യത, വിളകൾ മാറ്റൽ, പുതിയ കൃഷി രീതികൾ അവതരിപ്പിക്കൽ,എന്നിവയും നഗരവൽക്കരണത്തിന്റെ ഭാഗമായുള്ള വേറിട്ട തരത്തിലുള്ള ഭൂവിനിയോഗവും മലിനീകരണവുമെല്ലാം അവരുടെ പരിഗണനാവിഷയമായി വരുന്നു. തീരദേശത്ത് മൽസ്യ ബന്ധനം, ആവാസ വ്യവസ്ഥാസംരക്ഷണം, തീരമിടിയൽ തുടങ്ങിയ പാരിസ്ഥിതിക മാറ്റങ്ങൾ, ആചാര വിശ്വാസങ്ങൾ സംരക്ഷിക്കൽ എന്നിവ പ്രധാനപ്പെട്ട ആലോചനാ വിഷയമാവുന്നുണ്ട്.

തീവ്രമഴക്ക് കാരണമാവുന്നത് കാലാവസ്ഥയിലുണ്ടാവുന്ന വ്യതിയാനങ്ങളാണ്. അത് എല്ലാ നാടിനെയും ഒരുപോലെ ബാധിക്കുകയും ചെയ്യുന്നു. പക്ഷെ ഇടനാടിനെ ബാധിക്കുമ്പോൾ മാത്രമാണ് അത് കേരളത്തെ ബാധിച്ചു എന്ന തരത്തിൽ ചർച്ചചെയ്യപ്പെടുന്നത്. പ്രളയവും തീവ്രമഴയിൽ ഉപജീവനമാർഗമില്ലാത്ത അവസ്ഥയും വാസസ്ഥലത്തിന്റെ നാശവുമെല്ലാം മലനാട്ടുകാരുടെയും തീരദേശക്കാരുടെയും ഭൗതിക സാഹചര്യത്തിൽ എപ്പോഴും സംഭവിക്കാവുന്ന പ്രശ്നമായി അധികാരികൾ കാണുന്നു. പഠനത്തിനെടുത്ത രണ്ട് മലനാടൻ നോവലുകളും തീവ്രമഴ വിഷയമാക്കുന്നുണ്ട്. മറ്റൊന്ന് നഗരപ്രാന്ത പ്രദേശമായ കോക്കാഞ്ചറയിലാണ്. അവിടെയും ജനങ്ങളുടെ അവസ്ഥ വ്യത്യസ്തമല്ല.

ഇത്തരം പ്രകൃതി കേന്ദ്രിതമായ പ്രശ്നങ്ങളെ മുൻകൂട്ടിക്കണ്ട് അപകട സാധ്യതകൾ കുറക്കുകയെന്നതും സ്ഥിരമായി പ്രശ്നബാധിതപ്രദേശങ്ങളിൽ നിന്നും ജനങ്ങളെ മാറ്റിപ്പാർപ്പിക്കുകയെന്നതും പരിഹാരങ്ങളാണ്. മനുഷ്യ കേന്ദ്രീകൃതമായ പ്രശ്നങ്ങൾ പ്രകൃതിയെ നിരന്തരം മാറ്റിത്തീർക്കുന്നത് വഴി രൂപപ്പെടുന്നതാണ്. അമിതമായി പ്രകൃതി വിഭവങ്ങൾ ഉപയോഗിക്കുക വഴി ഇത്തരം അടിതെറ്റലുകൾ ഉണ്ടാവാറുണ്ട്. കോക്കാഞ്ചറയിൽ മാലിന്യം നിറഞ്ഞ സാഹചര്യം രൂപപ്പെടുത്തുന്നത് ഇടനാട്ടിൽ നടക്കുന്ന നഗരവൽക്കരണത്തിന്റെ ഭാഗമായാണ്. സമൂഹത്തിൽ നിന്നും മാറ്റി നിർത്തപ്പെടുന്നവർ മാത്രം പാർക്കുന്ന ഇടമായി കോക്കാഞ്ചറ മാറുന്നത് ഇങ്ങനെയാണ്. കോക്കാഞ്ചറയിലെ മണ്ണും ജലവും വായുവും മലിനമായിരിക്കെ അതിനെതിരെ ഒന്നും ചെയ്യാനാവാതെ ജീവിച്ച് പോകുന്ന മനുഷ്യരെ നോവലിൽ കാണാം. ഊഷ്മളമായ ബന്ധം പുലർത്താൻ പറ്റിയ പ്രകൃതിയല്ല കോക്കാഞ്ചറിയലേത്. അവരുടെ സാമൂഹികാവസ്ഥയെ നിർണയിക്കുന്നതും ഈ ഭൂതകാലമാണ്. പരിഹാരമോ പ്രതീക്ഷകളോ മുന്നിൽ കാണാതെ ജീവിക്കാൻ കോക്കാഞ്ചറക്കാരെ പ്രേരിപ്പിക്കുന്നത് ഈ ഭൗതികാവസ്ഥയാണ്. അത് മറ്റുള്ളവരാൽ നിർമ്മിതവുമാണ്.

മരക്കാപ്പിലെ പ്രശ്നം വികസനമാണ്. വികസനം പ്രശ്നമാവുന്നത് അതിന്റെ ചൂഷക സ്വഭാവംകൊണ്ടുമാത്രമാണ്. ഇക്കോ ടൂറിസത്തിന്റെ മറവിൽ നടക്കുന്ന കാര്യങ്ങളെ ലോറൻസ് ചോദ്യം ചെയ്യുന്നുണ്ട്. അയാളെ ഒഴിവാക്കി കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാനാണ് അധികാരികൾ തീരുമാനിക്കുന്നത്. അധികാരികളുടെ തീരുമാനത്തിന് മുന്നിൽ മരക്കാപ്പിന്റെ പാരമ്പര്യമോ ഉമ്പിച്ചിയുടെ പട്ടയപ്രശ്നമോ തെയ്യങ്ങളുടെ ആരൂഢമോ വിഷയമായി വരുന്നില്ല. വികസനത്തിന്റെ നല്ല വശങ്ങൾ അവരിലേക്കെത്തുന്നില്ല എന്നുതന്നെ പറയാം. കടപ്പുറം ഒഴിഞ്ഞു കൊടുക്കാൻ മൽസ്യത്തൊഴിലാളികളായ ജനങ്ങൾക്ക് നൽകുന്നത് കുന്നിൻപുറത്തെ ഭൂമിയാണെന്നത് അവരുടെ ഭാവിയെ ചിന്തിക്കാത്ത പ്രവൃത്തിയായേ കാണാൻ പറ്റൂ. ചെങ്ങാറും കുട്ടാളും നോവലിൽ അധികാരികൾ പറഞ്ഞാൽ ഊര് മാറ്റി പോകേണ്ടിവരുന്ന സാഹചര്യം കാണി പറയുന്നുണ്ട്. അത് സ്വാഭാവികമായും വിരിപ്പ് കൃഷിയുടെ ഭാഗമായുള്ള പ്രവർത്തിയാണെങ്കിലും നിർബന്ധിത കുടിയേറ്റം അവരെ ആകുലപ്പെടുത്തുന്നുണ്ട്.

സർക്കാർ അധികാരികളുടെ ചൂഷണ സ്വഭാവത്തിലുള്ള പെരുമാറ്റം അവരുടെ ഉന്നങ്ങൾ മറ്റു പലതുമാമെന്ന്പറഞ്ഞുവെക്കുന്നു. ഇടനാടിന്റെ പശ്ചാത്തലത്തിൽ ഉണ്ടാക്കുന്ന നിയമങ്ങളും പദ്ധതികളും മലനാടൻ-തീരദേശ സംസ്കാരങ്ങളെ ഒട്ടും തന്നെ കണക്കിലെടുക്കാതെയാണ് മുന്നോട്ട് പോകുന്നതെന്ന് കാണാം. ഇവ തന്നെ ഫലപ്രദമായി നടപ്പിലാകാതെ വഴിമുട്ടി നിൽക്കുന്ന അവസ്ഥയും നോവലുകളിലുണ്ട്. പരിസ്ഥിതി ദുരന്തങ്ങൾ നോവലുകളിൽ കടന്നുവരുന്നുണ്ടെങ്കിലും അവ കഴിഞ്ഞിട്ടുള്ള നാടിന്റെ അവസ്ഥയോ സാമൂഹിക സ്ഥിതിയോ നോവലുകളിൽ നിന്നും ലഭിക്കുന്നില്ല. തീരമിടിയലും കടലുകയറലും എല്ലാം തീരദേശത്തും നിരന്തരം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. അത് മറ്റുനാടുകൾക്ക് കാഴ്ചയോ വാർത്തയോ മാത്രമാണ്. അപരമായി മാറി നിന്നുള്ള വീക്ഷണം മാത്രമാണ് നാടുകൾക്കിടയിൽ സാധ്യമാകുന്നത്.

2018ലാണ് വെള്ളപ്പൊക്കം അതിന്റെ തീവ്രതയിൽ പൊതു സമൂഹത്തിന് അനുഭവപ്പെട്ടത്. ദുരിതമനുഭവിച്ചവരിൽ ഇടനാട്ടിലെ ഒട്ടുമിക്ക പ്രദേശങ്ങളിലുള്ളവരും പെടുന്നുണ്ട് എന്നാതാണ് കാരണം. പലയിടത്തും ഇടനാട് പൂർണമായി മുങ്ങുകയും എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളും സ്തംഭിക്കുകയും ചെയ്തു. പരിസ്ഥിതി സൗഹാർദ്ദപരമല്ലാത്ത വികസനപ്രവർത്തനങ്ങളും ഇതിന് കാരണമായി.

### 1.14. മിത്ത്, വിശ്വാസം

മിത്തുകളിൽ നിലനിൽക്കുന്ന സമൂഹത്തിന്റെ കൂട്ടായ്മബോധം വേറിട്ടതായിരിക്കും. അത് വിശ്വാസത്തിനപ്പുറം അവരുടെ ഉൽപത്തിയുമായി ബന്ധപ്പെടുത്തിയ ചിന്തയാണ്. അവരുടെ ലോക സങ്കൽപം തന്നെ നിലനിർത്തുന്നത് ആ മിത്തിക്കൽ പരിസരമാണ്. വിദ്യാഭ്യാസത്തിലൂടെ അത്തരം കാര്യങ്ങൾക്ക് മാറ്റങ്ങൾ വരാം. മുതുവാന്മാരുടെ നായകസങ്കൽപങ്ങൾ ഉണ്ട്. ഏഴ് ജോഡി ആനകളെ പിടിച്ചുകൊണ്ടുവന്ന കലങ്ങച്ചേരിപ്പണ്ടാരനാണ് നായകന്മാരിലൊരാൾ. ശക്തി തെളിയിക്കുന്നത് പ്രകൃതിയുമായി ബന്ധപ്പെടുത്തിയാണ്.

അറിവുകൾക്കും ചിന്തകൾക്കും വാമൊഴി പാരമ്പര്യമുണ്ട്. ഇടനാട്ടിൽ ജാതി മിത്തായി മാറുന്നത് അത് അടിയുറച്ച് സ്വാധീനിക്കപ്പെടുമ്പോഴാണ്. ആർക്കിടൈപ്പുകൾ നാടുകളിൽ നിലനിൽക്കുന്ന ആദ്യ ബോധത്തിന്റെ മാതൃകകളാണ്. അത് മിത്തുകളിലൂടെയും കഥകളിലൂടെയും കൈമാറ്റം ചെയ്യപ്പെടും. കഥാപാത്രങ്ങളിൽ ഇത്തരം സ്വഭാവ സവിശേഷതകൾ കാണാനാവും. മിത്തിക്കൽ ഭൂതകാലം രാഷ്ട്രീയ വർത്തമാനത്തോട് കലഹിക്കുന്ന തരത്തിലുള്ള എഴുത്താണ് മരക്കാപ്പിലെ തെയ്യങ്ങൾ എന്ന നോവലിൽ വിഷയമാവുന്നത് തെയ്യങ്ങളും ദൈവങ്ങളും എല്ലാം നിലനിൽപ്പില്ലാതെ മനുഷ്യനേക്കാളേറെ അലഞ്ഞ് നടക്കുന്നവരാകുന്നു. മനുഷ്യർക്ക് മറ്റൊരു ഭൂമികയിലേക്ക് പോകാൻ പറ്റുമ്പോൾ തെയ്യങ്ങൾക്ക് ആരൂഢം നഷ്ടപ്പെടുന്നു. രാഷ്ട്രീയ നിലപാടിലെ അശാസ്ത്രീതയും സംസ്കാരത്തെ പരിഗണിക്കാതെയുള്ള വികസനങ്ങളുമാണ് ഇതിന് കാരണമാവുന്നതെന്ന് നോവൽ സൂചിപ്പിക്കുന്നു.

മിത്ത് ഭയത്തിന്റെ ഉപാധിയായും ധൈര്യത്തിന്റെയും വിശ്വാസത്തിന്റെയും പ്രതിനിധിയായും പ്രവർത്തിക്കുന്നത് ഇത്തരത്തിലാണ്. മിത്തിലുള്ള വിശ്വാസം എന്നത് നാടിന് മൊത്തത്തിലുള്ള വിശ്വാസമായി മാറുന്നു. അത് അനനാട്ടുകാരുടെ പ്രവർത്തനങ്ങളെ സ്വാധീനിക്കുന്ന ഘടകമാവുന്നു. ചെമ്മീനാണ് ഈ ചിന്തയ്ക്ക് കൃത്യമായ ഉദാഹരണം. ഒരു വിശ്വാസത്തിനുമേൽ ജീവിക്കുന്ന ജനതയുടെ ജീവിതത്തിലെ എല്ലാ കാര്യങ്ങളും അതുമായി ബന്ധപ്പെട്ടാണ് നിൽക്കുന്നത്. മരക്കാപ്പിൽ പല വിശ്വാസ പ്രമാണങ്ങൾ ഉണ്ടെങ്കിലും എല്ലാത്തിനെയും സഹിഷ്ണുതയോടെ കാണാൻ ജനങ്ങൾ തയ്യാറാവുന്നു. വിരിപ്പ് കൃഷി കാലാകാലങ്ങളിൽ ചെയ്യുകയെന്നത് തൊഴിലിലുപരിയും ഭക്ഷണ സ്രോതസ്സിലുപരിയും അവർക്ക് നിശ്ചയിച്ചിട്ടുള്ള കടമയാണെന്ന് മുതുവന്മാർ ധരിക്കുന്നു. കൃഷിക്ക് വേണ്ടിയുള്ള സ്ഥലം മാറ്റം ജീവിതത്തിന്റെ സ്വഭാവമായി മാറുന്നു. മലകളിൽ താമസിക്കുകയെന്നതും മുതുവാന്റെ മിത്തിക്കൽ പരിസരത്തിന്റെ സ്വാധീനമാവുന്നു. വിഷകന്യകയിൽ അതുവരെയുള്ള അനുഭവത്തിൽനിന്നും രൂപപ്പെടുത്തിയെടുക്കുന്ന മിത്താണ് വിഷകന്യകയെന്നത്. അതിനുമുന്നിൽ അനുഭവവേദ്യമായ കാര്യങ്ങളാണ് അടിസ്ഥാനമാക്കുന്നത്. അതിന് മുൻകാലത്ത് വന്നവരുടെ ജീവിതവുമായും അവസ്ഥയുമായും താരതമ്യമുണ്ടെങ്കിലും മുൻകാല സൂചനകളൊന്നും ഇല്ല. അത്തിക്കോടിനെ രൂപപ്പെടുത്തുന്നത് ജാതിയാണ്. അതനുസരിച്ച് മാത്രമേ കൊണ്ടേരനും പ്രവർത്തിക്കാനാവുന്നുള്ളു. ആലാഹയിൽ പല വിശ്വാസങ്ങളാണ് ആളുകളെ നയിക്കുന്നത്. അതിൽ ആനിയെയും അമ്മാമ്മയെയും സ്വാധീനിക്കുന്നത് ബിബ്ലിക്കൽ ആശയങ്ങളാണെന്ന് കാണാം. ചെമ്മീൻ പോലുള്ള കൃതികളിൽ ഉപയോഗിക്കുന്ന നിർമ്മിത പുരാവൃത്തങ്ങളും അവയുടെ ആവർത്തിച്ചുള്ള പ്രയോഗത്തിൽ യാഥാർത്ഥ്യത്തിന്റെ ഭാവം നേടുന്നത് കാണാം. കഥയുടെ അവസാനം വരെ മിത്തിനോട് കൂട്ടിക്കെട്ടുക വഴി അതിന് തുടർച്ച നൽകുന്നുണ്ട്.

ജീവിതവുമായി ബന്ധിപ്പിച്ച് ഒരു മിത്തിക്കൽ ചിന്തയെ അവതരിപ്പിക്കുക വഴി അതുവരെയുള്ള ടെക്സ്റ്റിന് അതുമായി അഭേദ്യമായ ബന്ധം വരികയും അത് മിത്തിന്റെ പുനർവ്യാഖ്യാനമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. നോവലുകളിലെ പ്രേതലോകങ്ങളും ദൈവലോകങ്ങളും വളരെ പരിമിതമാണ്. ആലാഹയിൽ മനുഷ്യരുപദ്രവിച്ചാൽ മാത്രം തിരിച്ചുപദ്രവിക്കുന്ന പ്രേതങ്ങളുള്ള മായാ പരിസരം നിലനിൽക്കുന്നുണ്ട്. അവയും കോക്കാഞ്ചറയിലെ മനുഷ്യരെപ്പോലെത്തന്നെ വന്നു പെട്ടവരാണെന്നതാണ് അവർ തമ്മിലുള്ള സമാനത. മരക്കാപ്പിൽ കടലിലൊഴുകിയെത്തുന്ന തെയ്യങ്ങളും അവയെ രണ്ടുകൈയും നീട്ടി സ്വീകരിക്കുന്ന ഉമ്പിച്ചിയും ഉണ്ട്. അവയും മാറി വരുന്ന ലോക സാഹചര്യത്തിൽ ആകുലരാവുക വഴി ഉമ്പിച്ചിയുടെ മാനസികാവസ്ഥ തന്നെയാണ് പങ്കുവെക്കുന്നത്.

മിത്ത് സജീവമായ സാംസ്കാരിക യാഥാർത്ഥ്യമാണ്. മിത്ത് അതാചരിക്കുന്നവർക്ക് വിശുദ്ധവും യഥാർത്ഥ്യവുമാണ്. അത് തൊട്ടടുത്ത ഭൂതകാലമാണെന്ന് വിചാരിക്കുന്നു. മിത്തും ഭാഷയും നാടിന്റെ മുഖമാണ് അവിടെ കലർന്ന ഭാഷയും വ്യക്തമല്ലാത്ത സ്ഥലങ്ങളും ഉണ്ടാവും. ലോകത്തിന്റെ ഉൽഭവം, പ്രകൃതി പ്രതിഭാസങ്ങൾ, മനുഷ്യ നിർമ്മിതങ്ങളായവ, മറ്റ് ആചാര വിശ്വസങ്ങളുമായി ബന്ധപ്പെട്ടവ തുടങ്ങി പല തരത്തിലുള്ള മിത്തുകൾ കാണുന്നുണ്ട്.

മലനാട്ടിലെ മിത്തുകളിൽ മലമ്പ്രദേശങ്ങളും ഉയർന്ന പ്രദേശങ്ങളും കടന്നു വരുന്നു. ഇവയിൽ പലതും പ്രകൃതിപ്രതിഭാസത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ടു രൂപപ്പെട്ടതാവാം. മലകളും താഴ്വരകളും വിശുദ്ധ പ്രദേശങ്ങളായും ദൈവങ്ങളുമായി ബന്ധപ്പെട്ടും അറിയപ്പെടുന്നു. പ്രധാനമായും മിത്തുകൾ ദൈവങ്ങൾ താമസിക്കുന്ന മലകളെ കുറിച്ചോ, സാഹസികവും ഐതിഹാസികവുമായ യാത്രകളെ കുറിച്ചോ ദിവ്യ പ്രവൃത്തിയാൽ രൂപപ്പെടുത്തിയ മലകളെയോ കുന്നുകളെയോ കുറിച്ചോ ആവാറുണ്ട്. ഇവയെ നിഗൂഢവും ഏകാന്തവുമായ സംസ്കാരങ്ങളിലെ മിത്തുകളായി പരിഗണിക്കാം.പ്രകൃതിയുടെ സംരക്ഷണത്തിനായി നിലനിൽക്കുന്ന മിത്തുകളും കണ്ടുവരുന്നു.

ഇടനാട്ടിലെ പ്രധാന തൊഴിൽ കൃഷി ആയതിനാൽ മണ്ണും കൃഷിയുമായി ബന്ധപ്പെട്ടാണ് ഇടനാട്ടിലെ മിത്തുകൾ. ഋതുക്കൾ, ഭൂമിയുടെ ഉർവ്വരത, നല്ല വിളക്കുവേണ്ടിയുള്ളതും പ്രതിബന്ധങ്ങൾ നീക്കാനുള്ളതുമായ കാർഷിക ദൈവങ്ങൾ എന്നിവരുമായി ഇവ

ബന്ധപ്പെട്ടിരിക്കും. മനുഷ്യ ബന്ധങ്ങളെയും സാമൂഹിക മൂല്യങ്ങളെയും മുമ്പ് പ്രാദേശികമായി നടന്ന പ്രശ്നങ്ങളെയും ഒക്കെക്കുറിച്ചാവാം മിത്തുകൾ.

കടലുമായി ബന്ധപ്പെട്ടാണ് തീരദേശവാസികളുടെ ജീവിതം തന്നെ രൂപപ്പെട്ടിരിക്കുന്നത്. മീൻപിടിത്തവും അതുമായി ബന്ധപ്പെട്ട പ്രവൃത്തികളും കടലിലെ രൂപങ്ങളായ മൽസ്യകന്യക, കടലിന്റെ അപകടവും നിഗൂഢതയും വ്യക്തമാക്കുന്ന ഘടകങ്ങൾ, കടലിൽ പോകുന്നതും തൊഴിലുമായി ബന്ധപ്പെട്ടതുമായ ദൈവങ്ങൾ എന്നിവ തീരത്ത് നിലനിൽക്കുന്നു. നാടുകളിലെ സ്വർഗ നരഗ ചിന്തകൾ നാടുകളിൽ നടക്കാവുന്ന പാരിസ്ഥിതികമായ മോശം അവസ്ഥയെയും നല്ല അവസ്ഥയെയും സൂചിപ്പിക്കുന്നവയായിരിക്കും. കോക്കാഞ്ചറയെ ഇഷ്ടമില്ലാതിരുന്ന ആനി അവസാനത്തിലേക്ക് അതിനെ നോഹയുടെ പെട്ടകമായി കാണുന്നിടത്ത് ഏക ആശ്രയമാണെതെന്ന ബോധം കാണാം.

മിത്തും സ്വത്വവും വിപരീതാർത്ഥത്തിൽ ഉപയോഗിക്കപ്പെടുന്ന രാഷ്ട്രീയ സാഹചര്യം ഇന്ന് നിലനിൽക്കുന്നു. സ്വത്വത്തിന്റെ പേരിൽ ഗോത്രവിഭാഗങ്ങളെ തളച്ചിടാനും മിത്തിന്റെ പേരിൽ മതപരമായ ധ്രുവീകരണമുണ്ടാക്കാനും രാഷ്ട്രീയ ശക്തികൾ ശ്രമിക്കുന്നു. ഭയവും ഭക്തിയും ബഹുമാനവും അൽഭുതവും കലർന്ന ഒരു പരിസരത്താണ് മിത്ത് ഉപയോഗിക്കപ്പെടുന്നത്. കഥ പറച്ചിലിന് വേണ്ട ഒരുപാട് ഉപാധികൾ മിത്ത് സംഭാവന ചെയ്യും. ആളുകളെ സാംസ്കാരികാന്തരീക്ഷത്തിൽ നിർത്താനും പരിസരവുമായി ബന്ധമുണ്ടാക്കാനും അതിനെ വേറിട്ട ഒന്നായി കാണാനും കാരണമാവുന്നു.

ഓർമകൾ കൂടുതലായി ഉപയോഗിക്കപ്പെടുന്നത് ആലാഹയുടെ പെൺമക്കളിലാണ്. അമ്മാമ കോക്കാഞ്ചറയുടെ സമാന്തര ചരിത്രം സൃഷ്ടിക്കുന്നത് വാമൊഴി ഓർമകളിലൂടെയാണ്. മണ്ണിന്റെ മാറിൽ എന്ന നോവലിൽ തലമുറ കൈമാറുന്ന മണ്ണിനെ കുറിച്ചുള്ള ഓർമ പ്രധാനമാണ്. തോറ്റുമടങ്ങുന്ന കഥാപാത്രങ്ങളാണ് രണ്ട് മലനാടൻ കഥകളിലും കാണുന്നത്. സാംസ്കാരികത്തനിമയെന്നത് കടന്നു കയറാൻ കഴിയാത്ത ഘടകമായി നിലനിൽക്കുന്നു.

**1.15. ഭാഷാഭേദം**

നാട്ടറിവുകൾ മിത്തുകൾ പോലെ പ്രചരിച്ച മറ്റൊരു വാമൊഴി സൃഷ്ടിയാണ്. പ്രധാനമായും കൃഷി, വൈദ്യം, വാസ്തു എന്നിവയുമായി ബന്ധപ്പെട്ടവ. ഇവ സ്ഥിരമായ അറിവുകൾ എന്നതിലുപരിയായി പുതുക്കപ്പെടുന്നത് കൂടിയാണ്. നാട്ടറിവുകൾ പ്രാദേശികമായിരിക്കെ മിത്തുകളുമായി കൂടിക്കലർന്നും പ്രവർത്തിക്കുന്നത് കാണാം. പഴഞ്ചൊല്ലുകൾ തലമുറകൾ കൈമാറുന്നതും ജീവിതരീതിയെ മുന്നോട്ട് വെക്കുന്നതുമായ വീക്ഷണങ്ങളാണ്.

നാടിന്റെ ഭൂമിശാസ്ത്രം, കാട്, പുഴ, അരുവി തുടങ്ങിയ അത്തരം പ്രകൃതി വൈവിധ്യങ്ങളുമായുള്ള ബന്ധം ഭാഷയ്ക്ക് വളരെയധികം വാക്കുകൾ സംഭാവന ചെയ്യുന്നതാണ്. വ്യക്തവും വിശ്വസനീയവുമായ രീതിയിൽ ഭാഷ പ്രയോഗിക്കാൻ എല്ലാ നോവലുകളിലും എഴുത്തുകാർക്ക് കഴിയുന്നുണ്ട്.

ആദ്യകാല നോവലുകളിൽ പാരമ്പര്യത്തിന്റെയും സാമൂഹിക മൂല്യങ്ങളുടെയും സാംസ്കാരികാചാരങ്ങളുടെയും ബിംബങ്ങൾ കൂടുതലായി രേഖപ്പെടുത്തപ്പെട്ടിരുന്നു. പിന്നീട് ആഗോള വൽക്കരണത്തിന്റെയും സാങ്കേതിക മികവിന്റെയും ഉത്തരാധുനിക ചിന്തയുടെയും സ്വാധീനഫലമായി ബിംബങ്ങളെ കൂടുതൽ വഴക്കമുള്ളതായും പല അർത്ഥ തലത്തിലും വിമർശനാത്മകമായും സമീപിക്കാൻ എഴുത്തുകാർക്ക് കഴിഞ്ഞു.

ഭാഷാഭേദം, ഭാഷാപരിണാമം എന്നിവ കഥാപാത്രങ്ങളുടെ സംസാരത്തിൽനിന്നും കണ്ടെത്താനാവും. തിരഞ്ഞെടുത്ത നോവലുകളിലൊന്നും ഭാഷാപരമായ മറ്റു ബോധ്യങ്ങളോ ഭാഷാചിന്തയെക്കുറിച്ചുള്ള സൂചനകളോ ലഭിക്കുന്നില്ല. കഥാപാത്രങ്ങൾ പറയുന്ന കാര്യങ്ങളെ അർത്ഥവത്തായി വായനക്കാരിലേക്ക് എത്തിക്കുക എന്നതിനാണ് എഴുത്തുകാർ ഭാഷ ഉപയോഗിക്കുന്നത്. മുളപൊട്ടുക, സ്ഥാനമുറപ്പിക്കുക, നടുക, വേരുപിടിക്കുക, വിത്തുപാകുക

തുടങ്ങി പല പ്രയോഗങ്ങളും കാർഷിക സംസ്കാരത്തിൽനിന്നും സാഹിത്യത്തിൽ ഉപയോഗിക്കാറുണ്ട്.

വാക്കുകൾ രൂപപ്പെടുന്നതിൽ ജാതീയമായതും നാടുമായി ബന്ധപ്പെട്ടതുമായ സൂചനകളുണ്ട്. ഒരു ഭാഷ സംസാരിക്കുന്ന സമൂഹത്തിന്റെ ഭൂപരമായ പ്രത്യേകതകൾ,പദങ്ങൾ, ഈണം, മറ്റ് സവിശേഷ പ്രയോഗങ്ങൾ എന്നിവയിലൂടെ വെളിപ്പെടുന്നു. ഭാഷ നാടിന്റെ സ്വത്വനിർമ്മിതിയുടെ ഭാഗമായി മാറുന്നത് അതിന്റെ പ്രാദേശികതയിലൂന്നുമ്പോഴാണ്. പ്രാദേശികത എന്നത് ഭാഷയിലൂടെ വെളിപ്പെട്ടു വരുന്ന ഒന്നുകൂടിയാണ്. ഭാഷ നാടിന്റെ സവിശേഷമായവയെ പ്രത്യേകം എടുത്തു കാണിക്കും. ഭൂമിപരമായ വിവരങ്ങളും ഇത്തരത്തിൽ വെളിപ്പെടുന്നു. കാലം ഭാഷയെ സ്വാധീനിക്കുന്ന ഘടകമാണ്. കാലാന്തരത്തിൽ ഉപയോഗത്തിലൂടെ ഭാഷയ്ക്ക് പരിണാമം വരുന്നത് സ്വഭാവികമാണ്. ഒരു പ്രദേശം മറ്റുള്ളവയിൽ നിന്നും അകന്നു നിൽക്കുമ്പോഴോ ദേശക്കാർ തമ്മിൽ നിരന്തരം സമ്പർക്കം ഉണ്ടാവുമ്പോഴോ ആണ് ഭാഷാ ഭേദങ്ങൾ പ്രകടമാവുന്നത്. ഒരേ പ്രയോഗങ്ങൾ പലനാട്ടിലേക്ക് വ്യാപിക്കുന്നതും അവയ്ക്ക് പല അർത്ഥങ്ങൾ വരുന്നതും എന്ത് കൊണ്ടാണെന്ന തരത്തിലുള്ളസൂചനകളൊന്നും ലഭിക്കുന്നില്ല.

എഴുത്തുകാർ നാടിനെ പ്രതിഫലിപ്പിക്കുകയും പ്രതിനിധാനം ചെയ്യുകയും ചെയ്യുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ പുനർസൃഷ്ടിക്കുക കൂടി ചെയ്യുന്നു.

നോവലുകളിൽ കഥാപാത്രങ്ങളുടെ പേരുകളിൽ സൂചനകൾ കാണാം. 'മണ്ണിന്റെ മാറിൽ' കഥാപാത്രങ്ങൾക്കുള്ളത് ജാതിപരമായ പേരുകളാണ്. ആലാഹയുടെ പെൺമക്കളിൽ പേരുകൾക്ക് വൈവിധ്യം കൂടുതലാണ്. ചെങ്ങാറും കുട്ടാളും തമിഴ് ചുവയുള്ള പേരുകൾ കാഴ്ചവെക്കുമ്പോൾ മലബാറിൽ ജാതിപേരുകളും കുടിയേറ്റക്കാരുടെ മത സൂചനയുള്ള പേരുകളും കാണാം. തീരദേശത്തെ പേരുകൾ കലർന്നതും പല സംസ്കാരങ്ങളുടെ സാന്നിധ്യം വ്യക്തമാക്കുന്നതുമാണ്.

ഭാഷ രാഷ്ട്രീയ മാനങ്ങൾ നിറഞ്ഞ ഒന്നാണ്. അതിലെ പ്രയോഗങ്ങൾ, വാക്കുകൾ, രൂപപ്പെട്ട സാഹചര്യം എന്നിവ ഭൂമികയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഭൂമിക തൊഴിലിനെയും കാലാവസ്ഥയെയും ഭക്ഷണക്രമത്തെയും തുടങ്ങി എല്ലാ വ്യവഹാരങ്ങളെയും സ്വാധീനിക്കുന്നു. അതിനാൽത്തന്നെ ഭൂമിയുടെ കിടപ്പിന് ഭാഷയുമായി വലിയ ബന്ധമുണ്ട്. അടുത്ത് ബന്ധം വരുന്ന ഭാഷകളുടെ സ്വാധീനം, അവിടെനിന്നും അതിർത്തി കടക്കാനുള്ള സാധ്യതകൾ ഒരു ഭാഷ അന്യം നിന്ന് പോകാനുള്ള സാധ്യതകൾ, കലരാനുള്ള സാധ്യതകൾ, എല്ലാം ഭൂമിക നിർണയിക്കുന്നതാണ്.ഭാഷാടിസ്ഥാനത്തിലുള്ള വിഭജനത്തിന് പിന്നിൽ ഭൂമിപരമായ സവിശേഷതകൾ കൂടി പങ്കുവഹിക്കുന്നു എന്നത് ഇത്തരത്തിൽ പ്രധാനമാണ്.

### 1.16. കഥാപാത്രസ്വഭാവം

മലനാട്ടിലും തീരപ്രദേശത്തും ഉള്ള കഥാപാത്രങ്ങളുടെ സ്വഭാവത്തിൽ പരുക്കനായ മെരുങ്ങാൻ പ്രയാസമുള്ള ഘടകങ്ങളെ വേർതിരിച്ചെടുക്കാനാവുന്നുണ്ട്. അവർ പകുതിയിലധികവും ഇടപെടുന്നത് പ്രകൃതിയുമായാണ് അതിനാൽത്തന്നെ സാമൂഹിക വാസനകൾക്കപ്പുറം ജൈവിക വാസനകളായിരിക്കും അവരെ നയിക്കുന്നത്. പ്രകൃതിയിൽ നിന്നും ലഭിക്കുന്ന പലതായ സാഹചര്യങ്ങളെ സാമൂഹിക സ്ഥാപനങ്ങളുടെ സപ്രഷൻ കൊണ്ട് മാറ്റിത്തീർക്കാനാവുന്നില്ല. മറ്റു ഫലവത്തായ സാമൂഹിക സ്ഥാപനങ്ങൾ ഈ നാടുകളിൽ കാണുന്നുമില്ല. സുധയെ ഇടനാട് ഒരു ടൂളായി ഉപയോഗിക്കുകയാണ്. ഗോത്രവിഭാഗത്തിൽ പെട്ടവളായതിനാൽ അവർക്കിടയിൽ ഇടപെടാനുള്ള സാഹചര്യം കൂടുതലാണ്.

കടലിന്റെ ഘടന ആടിയുലയുന്നതാണ്. അത് സ്ഥിരതയില്ലാത്ത അടിത്തറയില്ലാത്ത മനോഘടനയുള്ള ഒരു സമൂഹത്തെ കാണിച്ചുതരുന്നു. സാഹിത്യരൂപങ്ങളിൽ കാണുന്ന കടലോരവാസികളുടെ സ്വഭാവത്തിലും ഇത്തരം സവിശേഷതകൾ കാണാം അവർ വേഗത്തിൽ ദേഷ്യപ്പെടുന്നവരും പ്രശ്നങ്ങളിലേക്ക് എടുത്തു ചാടുന്നവരുമാണ്. എപ്പോഴും കാഴ്ചവസ്തുക്കളായി മാറുന്നു. അവരുടെ കരുത്ത് സത്യസന്ധ്യത എന്നിവയ്ക്ക് മറ്റിടങ്ങളിൽ

നിന്നും മാറിയ മാനം വരുന്നു. മലനാട്ടിൽ പുറത്തുനിന്ന് വരുന്നവർ അക്രമകാരികളാവുന്നതും അവരെ ഭയപ്പെട്ടു കഴിയുന്ന സമൂഹത്തെയും കാണാം.ഇടനാട് സങ്കരസംസ്കാരത്തിന്റെ ഇടമായി നിലനിൽക്കുന്നു.

വികാരങ്ങൾക്കും അവയുടെ പ്രകടനത്തിലും നാടുകൾക്കനുസരിച്ച് മാറ്റങ്ങൾ വരുന്നുണ്ട്. മൂന്ന് നാടുകളിലും പലതരത്തിൽ ഭീതിപ്പെടുത്തുന്ന സാഹചര്യങ്ങൾ കടന്നു വരുന്നുണ്ട്. ഗോത്രവിഭാഗങ്ങൾക്കിടയിൽ വന്യമൃഗങ്ങളുടെ സാന്നിധ്യവും വിട്ടുമാറാത്ത രോഗവും വരുന്നുണ്ട്. മൃഗങ്ങളെ തങ്ങളുടെ ജീവിത പരിചയം കൊണ്ട് തന്ത്രപരമായി ഒഴിവാക്കുകയും രോഗത്തിന് മുന്നിൽ ദേവത്തിൽ വിശ്വാസമർപ്പിച്ച് വിധിയെ കാത്തിരിക്കുകയും ചെയ്യുന്നു. മരണം ജീവിതത്തിന്റെ മറ്റൊരു വശമാണ്. മരണാനന്തര ചടങ്ങുകൾ ആചാരപൂർവ്വം നടത്താൻ ശ്രമിക്കാറുണ്ട്. മലബാറിൽ എത്തുന്ന ജനത ഇടനാടിന്റെ സ്വഭാവമുള്ളവരാണ്. അവർ പ്രതിസന്ധികളിൽ വീണ്ടും പലായനം ചെയ്യാനാണ് ശ്രമിക്കുന്നത്. ചിലർ സാമ്പത്തിക പരാധീനതയിൽ തകർന്ന് ജീവനൊടുക്കുന്നു. മറ്റൊരു നാട്ടിൽ കിടന്ന് മരണത്തിന് കീഴടങ്ങുകയെന്നത് അവരുടെ സാംസ്കാരിക ബോധവുമായി ബന്ധപ്പെട്ടിരിക്കുന്നു. മരണത്തെ പ്രതിരോധിക്കാൻ വഴികൾ തേടുന്നുണ്ട്. മലനാട്ടിൽ ഭരണസംവിധാനത്തെ ഭയത്തോടെയോ ഇടപെടാനുള്ള മടിയോടെയോ കാണുന്ന സാഹചര്യം നിലനിൽക്കുന്നു. ഗോത്രവിഭാഗത്തിലെ വേട്ടയാടിയുള്ള വിവാഹ രീതി സുധടീച്ചറിൽ ഭയം ഉളവാക്കുന്നുണ്ട്. താനങ്ങനെയൊരു സാഹചര്യത്തെ എങ്ങനെ നേരിടുമെന്ന് അഭ്യസ്ഥവിദ്യയായ അവർ ആശങ്കപ്പെടുന്നുണ്ട്.സാംസ്കാരികമായി ദൃഢമായ അന്തരീക്ഷം പുറത്തുനിന്നുള്ള ഒരാളിൽ സൃഷ്ടിക്കുന്ന ഭയമാണിത്. ഇടനാട്ടിന്റെ പ്രതിനിധിയായ അവരെയും ഭരണസംവിധാനം ഭയപ്പെടുത്തി അനുസരിപ്പിക്കാൻ നോക്കുന്നു.

ഇടനാട്ടിൽ കാലങ്ങളായി അധികാരത്തെ അനുസരിച്ച് ജീവിക്കുന്ന ജനതയെ കാണാം. അവരിൽ ഭയത്തിന് മറ്റൊരു അർത്ഥമാണ്. കൊണ്ടേരനത് പാട്ടഭൂമി കൈവിട്ട് പോകുമോ എന്നതാണെങ്കിൽ കോക്കാഞ്ചറയിൽ ഉള്ള ഭൂമിയിലേക്ക് പുറത്തുനിന്നുള്ള ഇടപെടലുകളുണ്ടാവുമോ എന്നതാണ്. അത്തിക്കോട്ടിൽ സമര മനോഭാവത്തിലേക്ക് എത്തുന്ന ഈ സാഹചര്യം കോക്കാഞ്ചറയിൽ വീണ്ടും ജനങ്ങളെ പിന്നോട്ട് വലിക്കുന്നു. മരണത്തോട് കൊണ്ടേരനോ കുട്ടിപ്പാപ്പനോ പ്രത്യേക ഭയം ഉള്ളതായി കാണുന്നില്ല. സാഹചര്യങ്ങളെ ഉൾക്കൊള്ളുകയും അടുത്ത തലമുറയെ പ്രചേദിപ്പിക്കുകയുമാണ് രണ്ടാളും ചെയ്യുന്നത്.

മലനാടൻ നോവലുകളിൽ സ്നേഹത്തിന് പല അർത്ഥങ്ങൾ വരുന്നു. അത് അന്തോണിക്ക് മാധവിയുമായുള്ള അടുപ്പം സാമൂഹികമായി അംഗീകരിക്കാൻ പറ്റാത്തതാവുമ്പോൾ സുധടീച്ചർക്ക് ഗോത്രവിഭാഗക്കാരുടെ സ്നേഹ പ്രകടനം അപരിചിതമായി തോന്നുന്നു. കൊണ്ടേരന് കുടുബത്തോടുള്ള പ്രാഥമിക ഉത്തരവാദിത്വങ്ങളിലൊന്നാണ് സ്നേഹം. ആലാഹയിൽ ഒത്തുചേർന്നുള്ള അതിജീവനത്തിനാണ് ഈ ഭാവം വരുന്നത്. ചെമ്മീനിൽ കറുത്തമ്മയുടെയും പരീക്കുട്ടിയുടെയും പ്രണയം മാനസികവും ശാരീരികവുമായ ആകർഷണമാണ്. അതിനെ പല ഘടകങ്ങളും സ്വാധീനിക്കുന്നുണ്ട്. എന്നാൽ ചെമ്പൻകുഞ്ഞിന് കുടുംബത്തോടുള്ളത് ഉത്തരവാദിത്വത്തിലധിഷ്ടിതമായ ബന്ധമാണ്. പരീക്കുട്ടിയെ മറന്ന് പളനിയെ സ്നേഹിക്കാൻ കറുത്തമ്മ ശ്രമിക്കുമ്പോഴും ഉണ്ടാവുന്നത് സാമൂഹിക മാതൃകകൾ പാലിക്കലാണ്.

മിത്തും ഫോക്കും പുറമെ നിന്നും അകമേ നിന്നും സ്വാധീനം ചെലുത്തി രൂപപ്പെടുത്തുന്ന കഥാപാത്രസ്വഭാവത്തെ വളരെ നൈസർഗികമായ ഒന്നായേ കാണാൻ പറ്റു. അവ എപ്പോൾ കൈമാറ്റം നടത്തുന്നു എന്നത് വളരെ സൂക്ഷമമായ കാര്യമാണ്. ഓരോ നിമിഷവും കണ്ടതിലും കേട്ടതിലും അവ രൂപീകരണ സ്വഭാവത്തോടെ പ്രവർത്തിക്കുന്നത് കാണാം. സ്ഥലത്തിനനുസരിച്ച് ഈ സ്വാധീനം കുറയാമെങ്കിലും പ്രായത്തിനനുസരിച്ച് അളവിൽ വ്യത്യാസം വരാമെങ്കിലും ചെറുപ്പത്തിലോ മാതൃ സ്ഥലത്തുനിന്ന് കിട്ടിയിട്ടുള്ളതോ ആയ ഇത്തരം അറിവുകൾ അടിത്തട്ടിൽ മായാതെ കിടക്കുക തന്നെ ചെയ്യുന്നു. സ്ഥലത്തിനനുസരിച്ച് അവരത് പ്രകടിപ്പിക്കുന്ന രീതിയും അളവും വ്യത്യസ്തമായിരിക്കും.നഗരത്തിലേക്ക് കുടിയേറുന്ന കഥാപാത്രമോ പറിച്ച് നടപ്പെട്ട കഥാപാത്രമോ ആണെങ്കിൽ രൂപപ്പെടുന്നതിൽ അത്തരമൊരു സമ്മർദ്ദത്തിന് കൂടി

സ്വാധീനമുണ്ട്. പുതിയ തരത്തിലുള്ള കഥാപാത്ര രൂപീകരണവും പ്രശ്നങ്ങളും ഇത്തരം പരിസരത്തുനിന്നും രൂപപ്പെടും.

മറ്റുള്ളവരുടെ വികാരങ്ങൾ മനസ്സിലാക്കാനുള്ള കഴിവാണ് എംപതി എന്നതുകൊണ്ടുദ്ദേശിക്കുന്നത്. സംസ്കാരമൂല്യങ്ങളിൽപ്പെടുന്ന ഒന്നാണിത്. മറ്റുള്ള സംസ്കാരങ്ങളെ മനസ്സിലാക്കി പെരുമാറാനുള്ള കഴിവിനെ ഇന്റെർ കൾച്ചറൽ എംപതി എന്ന് പറയാം.സ്വന്തം സംസ്കാരം മഹത്തായതാണെന്നും മറ്റുള്ളവ മോശമാണെന്നുമുള്ള തെറ്റിദ്ധാരണകൾ മാറ്റാനും ഇത് സഹായിക്കും. സാന്ദർഭികമായി മൃദുലമായ സ്വഭാവം കാണിക്കുന്നവയെ തിരിച്ചറിയുകയും അതനുസരിച്ച് പെരുമാറുകയും ചെയ്യുക. അതിനെകൂടി ഉൾക്കൊള്ളാനുള്ള താൽപര്യം കാണിക്കുക, കൂടുതൽ ഒത്തൊരുമയോടെ സംസ്കാരങ്ങൾ തമ്മിൽ പെരുമാറുന്നു.ടൈപ്പ് കഥാപാത്രങ്ങൾ ഓരോ ഭൂമികക്ക് അനുസരിച്ച് മുൻധാരണകളാൽ രൂപപ്പെട്ടിരിക്കുന്നു. വ്യക്തിഗത പ്രത്യേകതകൾ, സാമൂഹിക പെരുമാറ്റത്തിലെ വ്യത്യാസം, ജീവിതസംതൃപ്തി എന്നിവ നാടുകൾക്കനുസരിച്ച് മാറുന്നു. ആരോഗ്യം, മൂല്യങ്ങൾ കേസുകൾ, കുറ്റകൃത്യം, സ്വത്വം, ഭാവന, ക്രമീകരണം, കല എന്നിവ. ചിലരുടെ കൃതികളിൽ വെറും പരിസരമല്ല വ്യക്തി സ്വഭാവമാണ് വ്യക്തമാകുന്നത്. നാടിന്റെ കരുത്തും വിശാലതയും കഥാപാത്രത്തിന്റെ സ്വഭാവത്തെ രൂപപ്പെടുത്തുന്നു.

**കഥാസന്ദർഭങ്ങളും പ്രധാനപ്പെട്ട കഥാപാത്രങ്ങളുടെ പെരുമാറ്റവും**

| സന്ദർഭങ്ങൾ | മാധവി(വിഷകന്യക) | ശാരങ്കൻ (ചെങ്ങാറും കുട്ടാളും) | കൊച്ചുകൊണ്ടേരൻ (മണ്ണിന്റെ മാറിൽ) | അമ്മാമ്മ (ആലാഹയുടെ പെൺമക്കൾ) | ചെമ്പൻകുഞ്ഞ് (ചെമ്മീൻ) | ഉമ്പിച്ചി (മരക്കാപ്പിലെ തെയ്യങ്ങൾ) | അമ്മാമ്മ (ആലാഹയുടെ പെൺമക്കൾ) | ചെമ്പൻകുഞ്ഞ് (ചെമ്മീൻ) | ഉമ്പിച്ചി (മരക്കാപ്പിലെ തെയ്യങ്ങൾ) |
|---|---|---|---|---|---|---|---|---|---|
| നോവലിൽ കഥാപാത്രത്തിന്റെ കേന്ദ്രമായ സ്ഥലം | വടക്കേ മലബാർ | അടിച്ചിത്തൊട്ടി | അത്തിക്കോട് | കോക്കാഞ്ചറ | നീർക്കുന്നത്ത് | മരക്കാപ്പ് | നോവലിൽ കഥാപാത്രത്തിന്റെ കേന്ദ്രമായ സ്ഥലം | വടക്കേ മലബാർ | അടിച്ചിത്തൊട്ടി |
| ഭൂമിയുടെ ആദ്യകാല സ്വഭാവവും മാറ്റവും | തരിശുഭൂമി കൃഷിയിടമായി മാറുന്നു | കാടിനകം തന്നെ കൃഷിയിടമായി ഉപയോഗിക്കുന്നു | കാട് കൃഷിയിടമാകുന്നു | നാട് നഗരപ്രാന്തപ്രദേശമാവുന്നു | കടൽത്തീരം | കടൽത്തീരം നഗരമായി മാറുന്നു. | ഭൂമിയുടെ ആദ്യകാല സ്വഭാവവും മാറ്റവും | തരിശുഭൂമി കൃഷിയിടമായി മാറുന്നു | കാടിനകം തന്നെ കൃഷിയിടമായി ഉപയോഗിക്കുന്നു |
| ഭൂമിക്ക് മേൽ കഥാപാത്ര | കുടുംബഭൂമി | വനഭൂമി | പാട്ടഭൂമി | പട്ടയഭൂമി | പട്ടയഭൂമി | പട്ടയമില്ലാത്ത തീരദേശം | ഭൂമിക്ക് മേൽ കഥാപാത്ര | കുടുംബഭൂമി | വനഭൂമി |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ത്തിനുള്ള അധികാരം | | | | | | | ത്തിനുള്ള അധികാരം | | |
| ശരീരസാന്നിധ്യം | പ്രലോഭിപ്പിക്കാനുള്ള ഘടകം | നേതൃത്വം നൽകാനുള്ള ഘടകം | അധ്യാനിക്കാനും പ്രതികരിക്കാനുമാവുന്ന ഘടകം | പൂർവ്വകാല ഓർമകളിൽ നിലനിൽക്കുന്ന ഘടകം | തീരദേശസംസ്കാരം പുലർത്തുന്ന അതിൽ പരോഗമിക്കാനാഗ്രഹിക്കുന്ന ഘടകം | അവകാശത്തിന് വേണ്ടി നിലനിൽക്കുമ്പോഴും ചൂഷണം ചെയ്യപ്പെടുന്ന ഘടകം | ശരീരസാന്നിധ്യം | പ്രലോഭിപ്പിക്കാനുള്ള ഘടകം | നേതൃത്വം നൽകാനുള്ള ഘടകം |
| ഭയപ്പെടുന്ന സാഹചര്യം | അന്തോണിയെ നഷ്ടപ്പെടുമെന്ന ഭയം | ഊരിന്റെ തനിമ നഷ്ടപ്പെടുമെന്ന ഭയം | കൃഷിയിടം നഷ്ടമാകുമെന്ന ഭയം | കോക്കാഞ്ചറ നഷ്ടപ്പെടുമെന്ന ഭയം | പണം/ കുടുംബം നഷ്ടപ്പെടുമെന്ന ഭയം | മരക്കാപ്പ് കടപ്പുറം നഷ്ടപ്പെടുമെന്ന ഭയം | ഭയപ്പെടുന്ന സാഹചര്യം | അന്തോണിയെ നഷ്ടപ്പെടുമെന്ന ഭയം | ഊരിന്റെ തനിമ നഷ്ടപ്പെടുമെന്ന ഭയം |
| അധികാരത്തിന്റെ ഇടപെടലിനോടുള്ള പ്രതികരണം | അനുകൂല സാഹചര്യം. | സന്ദർഭാനുസൃതമായി അംഗീകരിക്കുന്നു. | എതിർപ്പ് തുറന്ന് രേഖപ്പെടുത്തുന്നു. | എതിർപ്പ് രേഖപ്പെടുത്താനാവാതെ ആശങ്കകൾ പങ്കുവെക്കുന്നു. | എതിർക്കാനും സ്വയം തീരുമാനങ്ങൾ നടപ്പിലാക്കാനും കഴിയുന്നു | എതിർക്കുകയും പരാജപ്പെടുകയും ചെയ്യുന്നു. | അധികാരത്തിന്റെ ഇടപെടലിനോടുള്ള പ്രതികരണം | അനുകൂല സാഹചര്യം. | സന്ദർഭാനുസൃതമായി അംഗീകരിക്കുന്നു. |
| പ്രശ്നത്തെ നേരിടൽ | പ്രതികാര മനോഭാവം | നിഷേധാത്മക മനോഭാവം | സമര മനോഭാവം | സഹന മനോഭാവം | ചഞ്ചലമായ മനോനില | ചഞ്ചലമായ മനോനില | പ്രശ്നത്തെ നേരിടൽ | പ്രതികാര മനോഭാവം | നിഷേധാത്മക മനോഭാവം |

### 1.17. ഉപസംഹാരം

സാഹിത്യത്തിന്റെ വിഷയമണ്ഡലങ്ങളിൽ വരുന്ന വ്യത്യാസത്തെ ഭാവുകത്വപരിണാമമായി കാണാം. നോവൽ രൂപങ്ങൾ പുതിയ ഭാവമണ്ഡലങ്ങളെ സ്വീകരിക്കുന്നതിൽ വളരെയധികം തുറന്ന മനോഭാവമാണ് പുലർത്തി കാണുന്നത്. ഇത്തരത്തിൽ വൈവിധ്യത്തോടെ വിഷയങ്ങൾ രൂപപ്പെടുത്തുന്നതിന് ഇടനാടൻ ജീവിതങ്ങളുടെ സങ്കീർണത എഴുത്തുകാർക്ക് സഹായകമാവുന്നു.

നോവലുകളിലെ ഭൗതിക പരിസരം ഒരിക്കലും പരസ്പരം കലരാത്ത നേർരേഖയായല്ല രേഖപ്പെടുത്തപ്പെടുന്നത്. അവയിൽ സാംസ്കാരികസങ്കലനം സ്വാഭാവികമാണ്. ഉത്തരാധുനിക കാലത്ത് പരിസ്ഥിതി പ്രധാനമായി എഴുതപ്പെടുന്ന നോവലുകളിൽ ഒരു സ്ഥലത്ത് നിന്നുകൊണ്ടും ആഴത്തിൽ വിശകലനം ചെയ്തുകൊണ്ടുമുള്ള എഴുത്തുകൾ ഉണ്ടാവുന്നു.

എഴുത്തുകാർ സ്വന്തം പരിസരത്തെയോ ഭാവനാ പരിസരത്തെയോ അതല്ലെങ്കിൽ മറ്റൊരു സ്ഥലത്ത് കഥകളെ സ്ഥാനപ്പെടുത്തിയോ എഴുതാറുണ്ട്. അത് എഴുത്തുകാരനെ ആകർഷിക്കുന്ന ഘടകങ്ങളോ ചിഹ്നങ്ങളോ മൂലമാകാം. അല്ലെങ്കിൽ പറയുന്ന കഥയുടെ വിഷയത്തെ അടിസ്ഥാനമാക്കിയായിരിക്കും. വിഷയങ്ങൾ ഓരോ നാട്ടിലും ഉൾക്കൊള്ളുന്നവയുടെ വ്യത്യാസങ്ങൾ നോക്കി അതിനെ കൃത്യമായി സ്ഥാനപ്പെടുത്തുകയെന്നതാണ് എഴുത്തുകാരുടെ കഴിവ്. നാടുകൾക്കനുസരിച്ച് വിഷയങ്ങളോടുള്ള സമീപനവും പ്രതികരണവും മാറുന്നുണ്ട്. കഥാകൃത്തിന് ആവശ്യമുള്ളതരത്തിൽ കഥാപാത്രങ്ങളെ രൂപപ്പെടുത്തി നാടുകളിൽ ഉറപ്പിക്കുകയോനാടിനനുസരിച്ച് കഥാപാത്രസ്വഭാവത്തെ മാറ്റുകയോ ചെയ്യാം. ഇനി നാട് എഴുത്തുകാരെ തിരിച്ച് സ്വാധീനിക്കുന്നതും കാണാം.

എഴുത്തിന്റെ ഭാഗമാവുന്ന എന്തിനേയും അനുഭവിപ്പിക്കും വിധം അവതരിപ്പിക്കുകയെന്നതാണ് എഴുത്തുകാരുടെ ലക്ഷ്യം. അവരതിന് ഭാഷയുടെ വിവിധങ്ങളായ തലങ്ങൾ പ്രയോഗിക്കുന്നു. ഭാഷാ ഭേദങ്ങൾ, സങ്കരഭാഷ, അതിർത്തി പ്രദേശങ്ങളിലെ ഭാഷാ സ്വാധീനം, നാടിനനുസരിച്ച ഉള്ള വ്യത്യസ്തങ്ങളായ പ്രയോഗങ്ങളും വാക്കുകളും ഇത്തരത്തിൽ ഭാഷയിലൂടെ സജീവമായി നിൽക്കുന്ന ഒരു ജൈവിക പരിസരത്തെ സൃഷ്ടിക്കാൻ എഴുത്തുകാർക്ക് കഴിയുന്നുണ്ട്.

മണ്ണിന്റെ മാറിൽ ജാതി വ്യവസ്ഥയുടെ തീവ്രതയിലും കുടിയാന്റെ പ്രശ്നങ്ങളിലും രൂപപ്പെടുമ്പോൾ ആലാഹയുടെ പെൺമക്കൾ നഗരവൽക്കരണത്തിന്റെ പ്രശ്നങ്ങളിൽ രൂപപ്പെട്ടുവരുന്നു. ഈ സാമൂഹിക സാചഹര്യങ്ങളുടെ അംശങ്ങൾ രണ്ടു നോവലുകളെയും ഒരു സാമ്യവുമില്ലാത്ത തരത്തിൽ വേറിട്ടതാക്കുന്നുണ്ട്. രണ്ട് കാലഘട്ടത്തിന്റെ സാമൂഹിക ചരിത്രമാണ് ഈ നോവലുകളിൽ നിന്നും കിട്ടുന്നത്

തീരപ്രേദശത്തെ വിഷയമാക്കിയ നോവലുകൾ രണ്ട് കാലഘട്ടത്തെ ചിത്രീകരിക്കുന്നു. ചെമ്മീൻ, മരക്കാപ്പ് എന്നിവ തമ്മിലുള്ള വ്യത്യാസം തീരദേശങ്ങളുമായും രണ്ടു കാലഘട്ടവുമായുമുള്ള വ്യത്യാസമാണ്. ഒന്ന് തീർത്തും മൽസ്യബന്ധനവുമായി ബന്ധപ്പെട്ടതും മറ്റേത് പരിസ്ഥിതി-വികസന വിഷയവുമായി ബന്ധപ്പെട്ടതുമാണ്.

മൂന്ന് നാടിനും അതിന്റേതായ അടിസ്ഥാന ഘടന ഉണ്ട്. അതാണ് സമൂഹത്തെ നിയന്ത്രിക്കുന്ന ഘടകം. മറ്റുള്ളവയെല്ലാം ബാഹ്യ സ്വാധീനങ്ങൾ മാത്രമാണ്. അത് ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് മാറിയാൽ മാറാവുന്നതേയുള്ളു. കുടിയേറ്റം ജനതയെ സാംസ്കാരികമായും മാറ്റുന്നതായി കാണുന്നു. അധിനിവേശശക്തികളായി കടന്നുവരുന്ന ജനത കടന്നുവരുന്ന നാടിനെ പരിവർത്തിപ്പിക്കാൻ ശ്രമിക്കുന്നു.

മനുഷ്യൻ അത്യന്തികമായി സമൂഹജീവിയാണെന്നും മനുഷ്യന് അനാർക്കിയെക്കാളും അബ്സേഡിറ്റിയെക്കാളും യോജിച്ചത് സംസ്കൃതജീവിതമാണെന്നും പറയുന്ന തരത്തിലാണ് എല്ലാ നോവലുകളും പുരോഗമിക്കുന്നത്. അതായത് സംസ്കൃതനായ മനുഷ്യന് സമൂഹത്തിന്റെ ഭാഗമായി നിൽക്കുന്ന മനുഷ്യന് ചിട്ടപ്പെടുത്തിയ ജീവിതത്തോടുള്ള സമീപനം വ്യത്യസ്തമാണ്. അതിലേക്ക് വ്യക്തികളെ എത്തിക്കാനായി അധികാരം പലതരത്തിലുള്ള സ്വാധീനങ്ങൾ നടത്തുന്നുണ്ട്.

ചെങ്ങാറും കുട്ടാളും എന്ന നോവലിൽ അധികാരം സുധയുടെ രൂപത്തിലാണ് ഗോത്രവിഭാഗത്തിനിടയിൽ ഇടപെടുന്നത്. അധികാരസ്ഥാപനങ്ങളിൽ നിന്നുള്ള അനുഭവം വിപരീതമായതിനാലും സ്വയം മറ്റൊരു ഗോത്രത്തിന്റെ ഭാഗമായതിനാലും സുധയ്ക്ക് ഗോത്രവിഭാഗക്കാരുടെ കൂടെ നിലയുറപ്പിക്കാനാണ് കഴിയുന്നത്. എന്നാൽ സുധയെന്ന ടീച്ചർക്ക്

ആ സമൂഹത്തിൽ കാര്യമായ മാറ്റങ്ങളൊന്നും കൊണ്ടുവരാൻ സാധിക്കുന്നില്ല. അവർ വികസനത്തിന്റെ നല്ല വശങ്ങൾ അവതരിപ്പിക്കാൻ ശ്രമിക്കുന്നെങ്കിലും അതിനുള്ള സഹകരണം ഭരണസംവിധാനത്തിന്റെ ഭാഗത്തുനിന്നും ലഭിക്കുന്നില്ല. ഗോത്ര സമൂഹത്തിനുള്ളിൽ ഭരണസംവിധാനം വിചാരിച്ച ഒരു തരത്തിലുള്ള മാറ്റവും സാധ്യമാകാതെയാണ് സുധ സ്ഥലം മാറ്റപ്പെടുന്നത്.

അധികാരം ജനതയെ അറിവിലേക്ക് നയിക്കുകയും അത് വഴി നിയന്ത്രണത്തിന് കീഴിലാക്കുകയും ചെയ്യാനാണ് ശ്രമിക്കുന്നത്. പക്ഷെ അഞ്ചലയെപ്പോലുള്ളവർ പഠിച്ച് തിരിച്ചുവരാനും ഗോത്രത്തിനകത്ത് തന്നെ പ്രവർത്തിക്കാനും ആഗ്രഹിക്കുന്നു. വിരിപ്പുകൃഷിയുടെ ഭാഗമായി ഗോത്രവിഭാഗക്കാൻ സ്വാഭാവികമായി സ്ഥലം മാറി കൃഷി ചെയ്യാറുണ്ട്. എന്നാൽ അത് ഭരണസംവിധാനം അവരെ മറ്റൊരു സ്ഥലത്തേക്ക് മാറ്റാനുള്ള ഉപാധിയാക്കുകയും അതോടെ വനഭൂമി മറ്റുള്ള ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതായി മാറുകയും ചെയ്യുന്നു.

ട്രൈബൽ ഓഫീസറുടെ സുധയ്ക്കെതിരെയുള്ള നിലപാട് അയാളുടെ വ്യക്തിപരമായ സ്വഭാവത്തിൽനിന്നും ഉടലെടുക്കുന്നതാണെങ്കിലും ഗോത്രവിഭാഗത്തോടുള്ള അയാളുടെ പെരുമാറ്റം ഭരണസംവിധാനത്തിന്റെ കൂടി നിലപാടാണെന്ന് കാണാം. അയാളുടെ വിപരീത പ്രവർത്തികൾ ഒരിക്കലും ചോദ്യം ചെയ്യപ്പെടുകയോ വിമർശിക്കപ്പെടുകയോ ചെയ്യുന്നില്ല. അധികാരത്തിന് രണ്ടാംകിട ശ്രദ്ധ മാത്രമേ ഗോത്രസമൂഹത്തോടുള്ളു എന്നത് തിരിച്ചറിയാം. ഗോത്രവിഭാഗങ്ങളെ അവരുടെ സംസ്കാരത്തിലധിഷ്ഠിതമായി നിലനിർത്തുന്നതും ഭരണസംവിധാനത്തിന്റെ ഉപയോഗത്തിന് വേണ്ടിയാണെന്ന് കാണാം. പൊതുസ്വഭാവങ്ങൾ ഉള്ള കൂട്ടത്തെ നിയന്ത്രിക്കുകയെന്നത് കൂടുതൽ എളുപ്പമാണ്. അതിലേക്കുള്ള പരിശ്രമമാണ് സുധയിലൂടെയും വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെയും നടക്കുന്നത്.

വിഷകന്യക എഴുതപ്പെടുന്നത് കേരള രൂപീകരണത്തിന് മുമ്പാണ്. അന്ന് നാട്ടുരാജ്യമായ തിരുവിതാം കൂറിൽനിന്നും മദ്രാസ് റസിഡൻസിയുടെ കീഴിലുള്ള സാമൂതിരി ഭരിക്കുന്ന മലബാറിലേക്കാണ് ആളുകൾ കുടിയേറുന്നത്. രണ്ട് വ്യത്യസ്ത ഭരണ സംവിധാനത്തിന് കീഴിലാണ് അവർ ജീവിക്കുന്നത്. തിരുവിതാംകൂറിൽ രാജഭരണത്തിന്റെ മോശാവസ്ഥയിൽ അവിടെ നിന്നും രക്ഷപ്പെട്ടുവരുന്ന ജനത മലബാറിൽ സ്വാതന്ത്ര്യം അനുഭവിക്കുന്നുണ്ട്. അവർക്ക് രാഷ്ട്രീയ ഇടപെടലില്ലാതെ ജീവതം മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നു.

കുടിയേറി വന്ന ജനത സാമൂഹിക വിരുദ്ധമായ- മലബാറിന്റെ സാംസ്കാരികാന്തരീക്ഷത്തിൽ സാധാരണമല്ലാത്ത- പെരുമാറ്റം കാണിക്കുമ്പോൾ അവർക്കെതിരെ പോലീസിനെ പ്രയോഗിക്കാൻ അധികാരത്തിന് കഴിയുന്നു. അവർ ഒരു സിസ്റ്റത്തിന് അകത്താണ് നിൽക്കുന്നതെന്നും അത് നിയന്ത്രിക്കാൻ ശേഷിയുള്ളതാണെന്നുമുള്ള ഓർമപ്പെടുത്തലാണ് നൽകുന്നത്.

'മണ്ണിന്റെ മാറിൽ' അധികാരം സർവ്വെയറുടെ രൂപത്തിൽ ഇടപെടുന്നു. അവർ സ്ഥലം അടയാളപ്പെടുത്തി അധികാരത്തിന് കീഴിലാക്കുന്നു. അതിനുശേഷം കൃഷിയിടത്തിന് മുൻപാട്ടം ഏർപ്പെടുത്തുന്നു. അത്തരത്തിൽ ഘട്ടം ഘട്ടമായി അധികാരം ഇടപെടുന്നതിന്റെ സൂചനകൾ കാണാം. അത്തിക്കോട് ഒഴിയണമെന്ന ആവശ്യം വരുമ്പോൾ വിള കൊയ്തിട്ട് ഒഴിയാനുള്ള സാവകാശം ഇതുകൊണ്ട് കൊണ്ടേരന്റെ കുടംബത്തിന് ലഭിക്കുന്നുണ്ട്. അത് ആത്യന്തികമായി സ്ഥലത്തിന്റെ ഉടമസ്ഥത ഉറപ്പിക്കുന്ന നടപടികൂടിയായി കാണാം.

ആലാഹയുടെ പെൺമക്കളിൽ കോക്കാഞ്ചറ ഭരണസംവിധാനം ഏർപ്പാടാക്കിയ താൽക്കാലിക ഇടാണ്. അത് ഭാവിയിൽ നഗരമായി മാറാനുള്ളതാണ്. അവിടെ നിലനിൽക്കുന്ന സാമൂഹികാവസ്ഥയെയും മാലിന്യമുള്ള പരിസ്ഥിതിയെയും മാറ്റിയെടുക്കുന്നത് വരെ താൽക്കാലികമായി അരികുവൽക്കരിക്കപ്പെട്ട ജനതയെ താമസിപ്പിക്കാനുള്ള ഇടമാക്കി മാറ്റുകയായിരുന്നു. കാലക്രമേണ സ്ഥലങ്ങൾ പുറത്തുനിന്നുള്ളവർ വാങ്ങുന്ന കാഴ്ച നോവലിൽ

കാണുന്നുണ്ട്. പോലീസ് അരി പിടിക്കാനെത്തിയും വീട് ഒഴിപ്പിക്കാനെത്തിയും അവരുടെ സാന്നിധ്യം ഓർമിപ്പിക്കുന്നു.

ചെമ്മീനിൽ അധികാരം പോലീസായും തുറയിലരയനായും ഇടപെടുന്നെങ്കിലും അതിലുപരിയായി തുറയെന്ന ബോധം ജനങ്ങളെ നിയന്ത്രിക്കാൻ പര്യാപ്തമാണ്. പോലീസിന്റെ പ്രവൃത്തിയെ പരിഹരിക്കൻ തുറയിലരയന് കഴിയുന്നു. അയാളുടെ അധികാര പദവി നഷ്ടപ്പെട്ടിട്ടില്ല എന്നതിന് തെളിവായി ഇതുകാണാം. കറുത്തമ്മയുടെ കല്ല്യാണത്തിന് പണം കെട്ടാൻ പറയുമ്പോഴും ആ അധികാരം ഉപയോഗിക്കപ്പെടുന്നു.

മരക്കാപ്പിൽ കടൽക്കോടതി അധികാര സംവിധാനത്തിന്റെ പ്രാദേശിക രൂപമായി പ്രവർത്തിക്കുന്നു. അവർക്ക് നേതാക്കളും പ്രവർത്തകരും ഭരണസംവിധാനത്തിന്റെ പ്രതിനിധികളും കൂടെയുണ്ടെങ്കിലും അവരുടെ ലക്ഷ്യം ഭരണകൂടത്തിന്റെ ആശയത്തെ വികസന പ്രവർത്തനത്തെ മുന്നോട്ട് കൊണ്ടുപോവുകയെന്നത് തന്നെയാണ്. ജനതയെ അധികാരത്തിന്റെ ഘടന ബോധ്യപ്പെടുത്തി വേറിട്ട തലത്തിൽ അനുഭവിപ്പിച്ച് അധികാരത്തിന് കീഴിൽ കൊണ്ടുവരാനുള്ള രീതിയായി ഇതിനെ കാണാം.

## 2. നിഗമനങ്ങൾ

- നോവലുകളിൽ ആവിഷ്ക്കരിക്കപ്പെടുന്ന മൂന്ന് നാടുകളെയും പരിശോധിക്കുമ്പോൾ അവയെ രൂപപ്പെടുത്തിയിരിക്കുന്ന വ്യത്യസ്ത സാംസ്കാരിക ചിഹ്നങ്ങൾ കണ്ടെടുക്കാവുന്നതാണ്. മലനാട്, ഇലനാട്, തീരദേശം എന്ന വിഭജനം അതിനാൽ തന്നെ നോവലിന്റെ ആഖ്യാന സന്ദർഭത്തിൽ നിന്നും ഒരു പരിധി വരെ വായിക്കാം.

- മലനാടിനെ കേന്ദ്രപ്രമേയമാക്കിയ നോവലുകൾ പരിശോധിക്കുമ്പോൾ അതിലെ വിഷയങ്ങൾക്ക് വൈവിധ്യം കുറവാണെന്ന് കാണാം. ഗോത്ര ജീവിതവും മലനാടിന്റെ അടിസ്ഥാന പ്രശ്നങ്ങളായി അവതരിപ്പിക്കുന്ന കുടിയേറ്റവും ഭരണകൂട ഇടപെടലും ഇത്തരം നോവലുകളിൽ ആവർത്തിച്ചുകാണുന്നു.

- തീരദേശ നോവലുകളിൽ ആദ്യകാലത്ത് തുറയുമായി ബന്ധപ്പെട്ട ജീവിതവും സംസ്കാരവും ആവിഷ്ക്കരിക്കപ്പെട്ടെങ്കിൽ പിന്നീട് വികസനവും പരിസ്ഥിതി സംരക്ഷണവും ആയി ബന്ധപ്പെട്ട വിഷയങ്ങൾ കടന്നുവരുന്നുണ്ട്.

- ആദ്യകാലത്ത് നോവലിന്റെ കേവലമായ ആഖ്യാന പശ്ചാത്തലമായിരുന്ന നാട് പിന്നീട് കഥാപാത്രങ്ങളുടെ ഭൗതിക പരിസരമായി മാറുകയും കഥാപാത്രരൂപീകരണത്തിൽ സ്വാധീനം ചെലുത്തുകയും ചെയ്തു. നാടിന്റെ സൂക്ഷ്മമായ വിവരങ്ങളും സാംസ്കാരിക ഘടങ്ങളും പരാമർശിക്കപ്പെടുകയും രേഖപ്പെടുത്തപ്പെടുകയും ചെയ്യുന്ന വിധത്തിൽ ആഖ്യാനം മാറുന്നു. ഉത്തരാധുനിക കാലത്തെ കോസ്മോപൊളിറ്റൻ രചനകൾക്ക് ഭൗതിക പ്രകൃതിയിലുള്ള ഊന്നൽ കുറവാണ്.

- നോവലുകളിലെ ഭൗതിക പരിസരം ഒരിക്കലും പരസ്പരം കലരാത്ത നേർരേഖയായല്ല രേഖപ്പെടുത്തപ്പെടുന്നത്. അവയിൽ സാംസ്കാരിക സങ്കലനം സ്വാഭാവികമാണ്. നോവലുകളിൽ ഏറ്റവും ശ്രദ്ധയോടെ സാംസ്കാരിക ഘടകങ്ങളെ ഉൾപ്പെടുത്താൻ എഴുത്തുകാർ ശ്രമിക്കുന്നുണ്ട്.നോവലുകളിൽ സാഹചര്യത്തിനനുസരിച്ച് മറ്റു നാടുകളുടെ സാമീപ്യമോ സൂചനകളോ ഉൽപന്നങ്ങളുടെ സാന്നിധ്യമോ കാണുന്നുണ്ട്.

- പ്രമേയപരിധിയിൽ എന്തിനേയും അനുഭവവേദ്യമാക്കുംവിധം അവതരിപ്പിക്കുകയെന്നതാണ് എഴുത്തുകാരുടെ ലക്ഷ്യം. ഭാഷാഭേദങ്ങൾ, സങ്കരഭാഷ, അതിർത്തി പ്രദേശങ്ങളിലെ ഭാഷാസ്വാധീനം, നാടിനനുസരിച്ചുള്ള വ്യത്യസ്തങ്ങളായ പ്രയോഗങ്ങളും വാക്കുകളും ഉപയോഗിക്കൽ എന്നിവയിലൂടെ സജീവമായി നിൽക്കുന്ന ഒരു ജൈവിക പരിസരത്തെ സൃഷ്ടിക്കാൻ എഴുത്തുകാർക്ക് കഴിയുന്നുണ്ട്.

- ഓരോ നാടുകളെയും പരാമർശിക്കുന്ന നോവലുകളിൽ പ്രകൃതിപ്രതിഭാസങ്ങളിലും മിത്തുകളിലും പൂർവ്വകഥകളിലും നിലനിൽക്കുന്ന ആദിപ്രരൂപ സങ്കൽപം കഥാപാത്ര സ്വഭാവങ്ങളിൽ സ്വാധീനം ചെലുത്തുന്നുണ്ട്.

- വിശ്വാസ രൂപങ്ങളും മിത്തിക്കൽ ഭൂതകാലവും വർത്തമാനകാല രാഷ്ട്രീയ പരിസരത്തോടും അശാസ്ത്രീയ വികസന രീതികളോടും പ്രതികരിക്കുന്ന കഥാപാത്രങ്ങളാണ് ചെങ്ങാറും കുട്ടാളും, ആലാഹയുടെ പെൺമക്കൾ, മരക്കാപ്പിലെ തെയ്യങ്ങൾ എന്നീ നോവലുകളിൽ സൂചിപ്പിക്കപ്പെടുന്നത്.

- നാടിനനുസരിച്ച് കഥാപാത്രങ്ങളുടെ രാഷ്ട്രീയബോധങ്ങളും പരിസരവും മാറുന്നുണ്ട്. നാട് കവർന്നെടുക്കാൻ വരുന്നവരോടും സംസ്കാരത്തെ നശിപ്പിക്കാൻ വരുന്നവരോടും നേരിട്ട് എതിരിടുന്ന രീതിയാണ് തീരദേശത്തെ കഥാപാത്രങ്ങ ൾക്ക് പൊതുവിൽ ഉള്ളത്. ഇടനാട്ടുകാർ ഇത്തരം കയ്യേറ്റങ്ങളുടെ സമ്മർദ്ദത്തോടെ അതിനനുസരിച്ച് ഒതുങ്ങുകയോ കൂട്ടായ സമര മാർഗങ്ങളിലേക്ക് പോവുകയോ ചെയ്യുന്നു. മലനാടിന്റെ എതിർപ്പുകൾ പുറത്തെത്താതെ അടിച്ചമർത്തപ്പെടുന്ന സാഹചര്യമാണ് നോവലുകളിൽ കാണുന്നത്.

- വൈകാരിക ഭാവങ്ങൾക്ക് കാലഘട്ടം മാറുമ്പോഴും സാംസ്കാരികാന്തരീക്ഷം മാറുമ്പോഴും മാറ്റം വരുന്നുണ്ട്. എന്നാൽ അടിസ്ഥാന വൈകാരിക ഭാവങ്ങൾ നോവലിൽ മാറുന്നില്ല.

- മലനാട് പൂർവ്വികരെ ആരാധിക്കുമെങ്കിലും തൊട്ടടുത്ത് നടന്ന ഭൂതകാലത്തെ ഓർത്തുവെക്കാത്ത കഥാപാത്രങ്ങളാണ് ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ളത്. അതിനോട് അവർക്ക് പെട്ടെന്ന് സന്ധി ചെയ്യാൻ സാധിക്കുന്നുണ്ട്. എത്തിച്ചേരുന്ന സ്ഥലത്തിന്റെ ഭൂതകാലം സ്വന്തം ഭൂതകാലമായി വിശ്വസിക്കുന്ന, പാരമ്പര്യം തുടർന്ന് പോരാൻ സമരം ചെയ്യുന്നതാണ് ഇടനാടൻ കാലബോധം. ഭൂതകാലത്തിലും ഭാവിയിലും ഊന്നിയതാണ് തീരദേശത്തിന്റെ വർത്തമാനകാല ജീവിതം. കഥാപാത്ര ജീവിതങ്ങളുടെ സൂചനകൾ അവ്വിധമാണ്.

- വിഷകന്യക, മണ്ണിന്റെ മാറിൽ, ചെമ്മീൻ എന്നീ നോവലുകളിൽ പ്രകൃതിയുമായി ബന്ധപ്പെട്ട കാലബോധം നിലനിൽക്കുമ്പോൾ ചെങ്ങാറും കുട്ടാളും, ആലാഹയുടെ പെൺമക്കൾ, മരക്കാപ്പിലെ തെയ്യങ്ങൾ എന്നീ നോവലുകളെ വികസനവുമായി ബന്ധപ്പെട്ട കാലബോധം ബാധിക്കുന്നുണ്ട്.

- മൂന്ന് നാടുകളിലെ നോവലുകളിലും പണം അധികാരത്തിന്റെ കേന്ദ്രമായി പ്രവർത്തിക്കുന്നു. സാമ്പത്തിക ശേഷി ഉള്ളവരുടെ കൂടെയാണ് നിയമ-ഭരണ സംവിധാനങ്ങൾ നിലനിൽക്കുന്നത്.

- കഥാപാത്രങ്ങളുടെ പ്രശ്നങ്ങളെ വ്യക്തിപരമെന്നും സാമൂഹികമെന്നും തിരിക്കാമെങ്കിലും വ്യക്തിപരമായ പ്രശ്നങ്ങളിൽ തീരുമാനങ്ങളെടുക്കുന്നതിലും സാംസ്കാരിക ഘടകങ്ങളുടെ സ്വാധീനം കാണാം. തീരദേശത്തെ രണ്ടു നോവലുകളിലും പ്രശ്നബാധിതാവസരത്തിൽ തീരദേശം വിട്ടുപോവുകയെന്നതാണ് പരിഹാരമായി മാറുന്നത്.

- നോവലുകളിൽ ഇടനാട്ടിൽ കുടുംബം അടിസ്ഥാന സങ്കൽപമാവുമ്പോൾ മലനാട്ടിൽ ഗോത്രവും തീരദേശത്ത് തുറയും പ്രധാനമാവുന്നു.

- പാരമ്പര്യത്തൊഴിലുകൾ മാത്രം ചെയ്യുന്നവരെയുംമറ്റു തൊഴിലുകളിൽ ഏർപ്പെടുന്നവരെയും തീരദേശ നോവലുകളിൽ കാണാം. ഇടനാട്ടിൽ കുലത്തൊഴിലിൽ നിന്നും മോചനം നേടി കൃഷിക്കാരനാവുന്ന കൊണ്ടേരനെയും നിലനിൽപ്പിനായി എന്തുജോലിയും ചെയ്യാൻ തയ്യാറാവുന്ന കോക്കാഞ്ചറക്കാരെയും കാണാം.

- ഇടനാട്ടിലെ പ്രശ്നബാധിത പ്രദേശത്തുനിന്നാണ് നോവലുകളിൽ കുടിയേറ്റ ജനത മലനാടുകളിലേക്ക് വരുന്നത്. സുധയുടേത് കുടുംബ പ്രശ്നമാണെങ്കിൽ വിഷകന്യകയിലേത്

സാമൂഹിക പ്രശ്നമായിരുന്നു. ഒരു തരത്തിലുള്ള രക്ഷപ്പെടലായി അവരതിനെ കാണുന്നു. മലനാടിന്റെ വിദൂരത അവരെ പ്രശ്നങ്ങളിൽ നിന്നും സംരക്ഷിക്കുന്നതായി അവർ കരുതുന്നു. പലതരം കുടിയേറ്റ ശ്രമങ്ങൾ നോവലുകളിൽ പരാമർശിക്കപ്പെടുന്നുണ്ട്. എന്നാലവക്കൊന്നും ഗൃഹാതുരമായി ഓർക്കാൻ വേറിട്ടതോ മെച്ചപ്പെട്ടതോ ആയ ഒരു സാംസ്കാരിക പരിസരം ഉണ്ടായിരുന്നതായി പരാമർശമില്ല.

- മലനാട്ടിലേക്ക് കുടിയേറി വരുന്നവരുടെ ചൂഷക സ്വഭാവം നോവലുകളിൽ പ്രകടമാണ്. കുടിയേറിയ നാട്ടിൽ നിന്നും തിരിച്ചിറങ്ങേണ്ടിവരുന്ന കഥാപാത്രങ്ങൾ രണ്ട് മലനാടൻ നോവലുകളിലും കാണാം. എവിടേക്ക് പോകുമെന്ന അനിശ്ചിതത്വം രണ്ടുകൂട്ടരുടെയും ജീവിതത്തിൽ ബാക്കിവെച്ചാണ് നോവലുകൾ അവസാനിക്കുന്നത്.

- ജനിച്ച മണ്ണിലുള്ള സങ്കീർണ വൈകാരികതയല്ല പുതിയ മണ്ണിലുള്ളത്. കുടിയേറ്റക്കാർക്ക് എത്തിച്ചേരുന്ന മണ്ണിനെ കീഴ്പ്പെടുത്തേണ്ടിവരുന്നു. അപരിചിതമായ ഭൗതികപരിസരത്തെ കയ്യടക്കാനുള്ള ശ്രമമായി വിഷകന്യകയിലെ കഥാപാത്രങ്ങളുടെ പ്രവൃത്തികളെ വായിക്കാം.

- ആലാഹയുടെ പെൺമക്കളിലെ കയ്യൂക്കുള്ള പുരുഷന്മാർ വേറെ മികച്ച നാട് തേടി പോയപ്പോൾ ബാക്കിയായ കോക്കാഞ്ചറയിലെ സ്ത്രീകൾ കുടുംബവും ബന്ധവും വയസ്സായവരും കുട്ടികളും സ്വന്തം ബാധ്യതയായി കണ്ട് ജീവിക്കുന്നവരാണ്. നോവലുകളിൽ സ്ത്രീകഥാപാത്രങ്ങൾ കുടുംബത്തിന് വേണ്ടിയും തുറയ്ക്ക് വേണ്ടിയും ഗോത്രത്തിന് വേണ്ടിയും നിലകൊള്ളുന്നുണ്ട്.

- മണ്ണിന്റെ മാറിൽ മുന്നോട്ട് വെക്കുന്ന ഇടതുപക്ഷ രാഷ്ട്രീയം ഇടനാട്ടിലെ സാമൂഹിക പരിസരത്തിന്റെ സമ്മർദ്ദങ്ങളിൽനിന്നും രൂപപ്പെട്ടതാണ്. ആലാഹയിൽ നിലനിൽക്കുന്ന രാഷ്ട്രീയ ചിന്തകൾ കഥാപാത്രങ്ങളെപ്പോലെത്തന്നെ അരികുവൽക്കരിക്കപ്പെടുന്നു. തീരദേശത്തേക്ക് പുതിയ ആശങ്ങൾ വേഗത്തിലെത്തുകയും വേഗത്തിൽ തന്നെ അതിനോട് പ്രതികരിക്കപ്പെടുകയും ചെയ്യുന്നു. മലനാടൻ നോവലുകളിൽ ഇത്തരത്തിലുള്ള രാഷ്ട്രീയ പരിസരം രൂപപ്പെട്ട് വരുന്നതിന്റെ സൂചനകളില്ല.

- നോവലുകൾക്കുള്ളിലെ ഭൗതിക പരിസരത്തിൽപൂർണമാകുന്ന വേറിട്ട ലോക സങ്കൽപങ്ങൾ രൂപപ്പെടുത്താൻ ആലാഹയുടെ പെൺമക്കൾ, മരക്കാപ്പിലെ തെയ്യങ്ങൾ, ചെങ്ങാറും കുട്ടാളും എന്നീ നോവലുകൾക്ക് കഴിയുന്നുണ്ട്.

- നാട്ടറിവുകൾ, മിത്തുകൾ, കൃഷി, വൈദ്യം, വാസ്തു എന്നിവയുമായി ബന്ധപ്പെട്ട അറിവുകൾ,ചൊല്ലുകൾ, നാടൻ വരികൾ എന്നിവ നോവലുകൾ സാംസ്കാരിക സാഹചര്യത്തിനനുസരിച്ച് ഉൾപ്പെടുത്തുന്നുണ്ട്.

- മൂന്ന് നാടിനെയും പരിശോധിക്കുമ്പോൾ മലനാട്ടിൽ സമാന്തര അധികാര സംവിധാനങ്ങൾ നിലനിൽക്കുന്നതായി കാണാം. തീരദേശത്ത് തുറയിലെ അധികാര വ്യവസ്ഥയും ഭരണസംവിധാനവും തുല്യമായ പ്രധാന്യത്തോടെ കലർന്നുനിൽക്കുന്നു. ഇടനാട്ടിൽ കേന്ദ്രീകൃത ഭരണസംവിധാനം നടപ്പിലാവുമ്പോഴും അതിന്റെ ജീർണതയും തകർച്ചയും തുറന്നുകാണിക്കുന്ന സാഹചര്യങ്ങൾ നോവലുകളിലുണ്ട്.

- കഥാപാത്രങ്ങളിൽ നാടിനെ ഭേദിച്ചുള്ള പെരുമാറ്റം കാണാനാവുന്നില്ല. സങ്കര സംസ്കാര സാഹചര്യങ്ങൾ നിലനിൽക്കുമ്പോഴും അത് പിന്തുടരാതിരിക്കാൻ കഥാപാത്രങ്ങൾ ശ്രമിക്കുന്നുണ്ട്. കഥാപാത്രത്തിന്റെ സ്വഭാവം രൂപപ്പെടുത്തുന്നത് സവിശേഷമായ ക്രിയ നടത്തുന്നതിന് വേണ്ടിയായിരിക്കും. ക്രിയ നാടുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നതുമാണ്.

- പലകാലങ്ങളിൽ മണ്ണിനെ വ്യവസ്ഥപ്പെടുത്തുന്നതിലൂടെ മണ്ണിൽ അധികാരം സ്ഥാപിക്കുന്നതിന്റെ സൂചനകൾ നോവലുകളിൽ കാണാം. വിദൂരതകൊണ്ടോ സാംസ്കാരികപ്രത്യേകതകൾ കൊണ്ടോ അധികാരപരിധിയിൽ പൂർണമായും

നിയന്ത്രിക്കാനാവാത്ത സമൂഹങ്ങളിലേക്ക് കടന്നുകയറാൻ അധികാരം ശ്രമിക്കുന്ന സൂചനകളും പഠനവിഷയമായ നോവലുകളിൽ നിന്ന് കണ്ടെടുക്കാം.

# ഗ്രന്ഥസൂചി


അച്യുതൻ എം. നോവൽ പ്രശ്നങ്ങളും പഠനങ്ങളും, ഡി.സി ബുക്സ്, കോട്ടയം, 2011.

അജയപുരം ജ്യോതിഷ് കുമാർ. കോവിലൻ: എഴുത്ത്, ദേശം, പ്രതിനിധാനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011.

അനിൽ കെ.എം. പാന്ഥരും വഴിയമ്പലങ്ങളും, പ്രോഗ്രസ് ബുക്സ്, കോഴിക്കോട്, 2016.

അപ്പൻ കെ.പി. മാറുന്ന മലയാള നോവൽ, ഡിസി ബുക്സ്, കോട്ടയം, 1997.

അപ്പൻ കെ.പി. മാറുന്ന മലയാള നോവൽ, ഡിസി ബുക്സ്, കോട്ടയം, 2007.

അപ്പു നെടുങ്ങാടി. കുന്ദലത, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2021.

അയ്യപ്പൻ എ. ആയുധപ്പഴമയും നരോൽപ്പത്തിയും, (എഡിറ്റർ ഡോ. ബാബു, സി.ടി. സുനിൽ), മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2018.

അയ്യപ്പപണിക്കർ കെ. ഇന്ത്യൻ സാഹിത്യ സിദ്ധാന്തം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1999.

അംബികാസുതൻ മാങ്ങാട്. മരക്കാപ്പിലെ തെയ്യങ്ങൾ, ഡി.സി ബുക്സ്, കോട്ടയം, 2014.

ആനന്ദ്. ആൾക്കൂട്ടം. ഡി.സി ബുക്സ്, കോട്ടയം, 2023.

ആനന്ദ്. കൽപിത ഭവനങ്ങളും കൽപിത ഭൂപടങ്ങളും, കറന്റ് ബുക്സ്, തൃശൂർ, 2018.

ആനന്ദ്. ജൈവമനുഷ്യൻ, ഡി.സി ബുക്സ്, കോട്ടയം, 2021.

ആർച്ച് ഡീക്കൻ കോശി. പുല്ലേലിക്കുഞ്ചു, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം,2013.

ഇന്ദുമേനോൻ. കപ്പലിനെക്കുറിച്ചൊരു വിചിത്ര പുസ്തകം, ഡി.സി ബുക്സ്, കോട്ടയം, 2014.

ഇബ്നുബത്തൂത്ത. കേരളം അറുന്നൂറ് കൊല്ലം മുമ്പ്, (വിവ: വേലായുധൻ പണിക്കശ്ശേരി), കറന്റ് ബുക്സ്, കോട്ടയം, 2015.

ഉമർ തറമേൽ. വരയും മൊഴിയും, മൾബറി ബുക്സ്, കോഴിക്കോട്, 1997.

ഉമർ തറമേൽ. ആഖ്യാനങ്ങളുടെ വൻകര, ടേൺ ബുക്സ്, കോട്ടയം, 2017.

ഉമർ തറമേൽ. ദേശത്തിന്റെ ഭാവനാ ഭൂപടങ്ങൾ. ഗ്രീൻ ബുക്സ്, കോഴിക്കോട്, 2017.

ഉഷ നമ്പൂതിരിപ്പാട്. സാമൂഹിക ഭാഷാ വിജ്ഞാനം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1994.

ഉഷാകുമാരി. ചിത്തിരപുരത്തെ ജാനകി, ഡി.സി ബുക്സ്, കോട്ടയം, 2016.

ഉറൂബ്. ഉമ്മാച്ചു, ഡി.സി ബുക്സ്, കോട്ടയം, 2023.

എരുമേലി പരമേശ്വരൻ പിള്ള. മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ, കറന്റ് ബുക്സ്, തൃശ്ശൂർ, 2009.

ഏണസ്റ്റ് ആൽഫ്രഡ് കാസിയർ. ദ മിത്ത് ഓഫ് ദ സ്റ്റേറ്റ്, യേൽ യൂണിവേഴ്സിറ്റി പ്രസ്, ന്യൂ ഹവെൻ, 1946.

കരുണാകരൻ സി.കെ. കാണിക്കാർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1989.

കാക്കനാടൻ. ഉഷ്ണമേഖല, ഡി.സി ബുക്സ്, കോട്ടയം, 1921.

കാഞ്ചിയാർ രാജൻ. അതിജീവനത്തിന്റെ ഗോത്രപാഠങ്ങൾ, ഇസഡ് ലൈബ്രറി, തിരുവനന്തപുരം, 2011.

കാട്ടാക്കട ദിവാകരൻ. കേരളസഞ്ചാരം, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2005.

കാവാലം നാരായണപ്പണിക്കർ. കേരളത്തിലെ നാടോടി സംസ്കാരം, നാഷണൽ ബുക്ട്രസ്റ്റ്, ന്യൂഡൽഹി, 1991.

കെ.ഇ.എൻ. ചെമ്മീനിലെ സംഘർഷങ്ങൾ, റാസ്പ്ബറി ബുക്സ്, കോഴിക്കോട്, 2013.

കേശവദേവ് പി. ഓടയിൽനിന്ന്, പൂർണ പബ്ലിക്കേഷൻസ്, കോഴിക്കോട്, 2022.

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്. സുസ്ഥിരവികസനം സുരക്ഷിതകേരളം, 2018.

കുശലകുമാരി പി.കെ. സമൂഹമനസും മലയാള നോവലും, മലയാള പഠന ഗവേഷണ കേന്ദ്രം, തൃശൂർ, 1997.

ഗണേഷ് കെ.എൻ. കേരളത്തിന്റെ ഇന്നലെകൾ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015.

ഗണേഷ് കെ.എൻ. മലയാളിയുടെ ദേശകാലങ്ങൾ, റാസ്പ്ബെറി ബുക്സ്, കോഴിക്കോട്, 2016.

ഗോപാലകൃഷ്ണൻ പി.കെ. കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1974.

ഗോവിന്ദൻ എം. മിത്തും മനുഷ്യനും, പ്രോഗ്രസ് പബ്ലിക്കേഷൻ, കോഴിക്കോട്, 2013.

ഗോവിന്ദപിള്ള പി. മലയാള ഭാഷാചരിത്രം, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 1956.

ചന്തുമേനോൻ ഒ. ഇന്ദുലേഖ, ഡി.സി ബുക്സ്, കോട്ടയം, 2015.

ചന്ദ്രശേഖരൻ എം.ആർ. മലയാള നോവൽ ഇന്നും ഇന്നലെയും, സമയം പബ്ലിക്കേഷൻ സ്, കണ്ണൂർ, 2015.

ചെറുകാട്. മണ്ണിന്റെ മാറിൽ, കറന്റ് ബുക്സ്, തൃശ്ശൂർ, 1992.

ചെറുകാട്. മുത്തശ്ശി, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 1995.

ചെറുകാട്. ശനിദശ, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2010.

ജിസ ജോസ്. പുതുനോവൽ വായനകൾ. സമയം പബ്ലിക്കേഷൻസ്, കണ്ണൂർ, 2015.

ജീവൻ ജോബ് തോമസ്. പ്രപഞ്ചവും മനുഷ്യനും തമ്മിലെന്ത്, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2012.

ജോതിർമയി എ.പി. കാട്ടാളി, സമയം പബ്ലിക്കേഷൻസ്, കണ്ണൂർ, 2010.

ജോൺ ആൻഡേഴ്സൺ. അണ്ടർസ്റ്റാൻഡിംഗ് കൾച്ചറൽ ജ്യോഗ്രഫി -പ്ലേസസ് ആൻഡ് ട്രേസസ്, റൂട്ട്ലെഡ്ജ്, ലണ്ടൻ, 2015.

ജോബിൻ ചാമക്കാല, ജി. ശ്രീജിത്ത്. മലയാള നോവൽ -നഗരഭാവനയുടെ ഒരു നൂറ്റാണ്ട്, പാപ്പിറസ് ബുക്സ്, കോട്ടയം, 2012.

ജോബിൻ ചാമക്കാല. നോവലും പ്രാദേശികതയും, ആത്മ ബുക്സ്, കോഴിക്കോട്, 2020.

ജോയ്. എം.എസ്. സാമൂഹ്യവനവൽക്കരണം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1990.

ജോയ് തിരുമൂലപുരം. ഇടമലക്കുടിയിലെ മുതുവാന്മാർ, സാഹിത്യ പ്രവർത്തക സഹകരണസംഘം, കോട്ടയം, 1981.

ജോർജ് ഇരുമ്പയം. ആദ്യകാല മലയാള നോവൽ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 2010.

ജോർജ് കെ.എം. വളരുന്ന കൈരളി, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1954.

ജോർജ് കെ.എം. ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, ഡി.സി ബുക്സ്, കോട്ടയം, 2011.

ജോസ് പാഴൂക്കാരൻ. അരിവാൾ ജീവിതം. ഗ്രീൻ ബുക്സ്, കോഴിക്കോട്, 2014.

ജോസ് മുട്ടം. കമ്പളത്തുടി, നാഷണൽ ബുക്സ്റ്റാൾ, തൃശ്ശൂർ, 2003.

തകഴി ശിവശങ്കരപ്പിള്ള. ചെമ്മീൻ, ഡി.സി ബുക്സ്, കോട്ടയം, 2020.

തകഴി ശിവശങ്കരപ്പിള്ള. രണ്ടിടങ്ങഴി, ഡി.സി ബുക്സ്, കോട്ടയം, 2023.

തകഴി ശിവശങ്കരപ്പിള്ള. തോട്ടിയുടെ മകൻ, ഡി.സി ബുക്സ്, കോട്ടയം, 2023.

തനൂജ ഭട്ടതിരി. ഗ്രാന്റ് ഫിനാലെ, മാതൃഭൂമി ബുക്സ്, 2014.

തരകൻ കെ.എം. ആധുനിക നോവൽദർശനം, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 1992.

ദിവ്യ വി. നോവലും ദേശവും: തിരഞ്ഞെടുത്ത ഇന്ത്യൻ പാഠങ്ങളുടെ ആഖ്യാനപരമായ വിശകലനം, കാലിക്കറ്റ് സർവകലാശാല, 2019.

നാരായൻ. ചെങ്ങാറും കുട്ടാളും, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 2012.

നീലമേഘൻ എ, ജി.ജെ. നാരായണ, കൺസെപ്റ്റ് ആൻഡ് എക്സ്പ്രഷൻ ഓഫ് ടൈം, എസ്സെസ്സ് പബ്ലിക്കേഷൻസ്, ഡൽഹി, 2013.

നുജൂം എ. കവിതയിലെ നാടും നഗരവും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2008.

പണിക്കർ കെ.ജി.കെ. സാമൂഹ്യ മനശാസ്ത്ര പ്രവേശിക, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1984.

പവിത്രൻ ടി. ഉറവും കനവും- ആദിവാസി ഭാഷ, സംസ്കാരം, സാഹിത്യം, വിദ്യാർത്ഥി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2016.

പവിത്രൻ എ.വി. എം മുകുന്ദൻ- കഥയും ജീവിതവും, മാതൃഭൂമി ബുക്സ്, 2015.

പള്ളത്ത് ജെ.ജെ. നാട്ടറിവ്, ഒലിവ് ബുക്സ്, കോഴിക്കോട്, 2017.

പാറപ്പുറത്ത്, അരനാഴിക നേരം. സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 1967.

പുനത്തിൽ കുഞ്ഞബ്ദുള്ള. സ്മാരകശിലകൾ, ഡി.സി ബുക്സ്, കോട്ടയം, 1977.

പൊറ്റെക്കാട്ട് എസ്.കെ. ഒരു തെരുവിന്റെ കഥ, ഡി.സി ബുക്സ്, കോട്ടയം, 2023.

പൊറ്റെക്കാട്ട് എസ്.കെ. ഒരു ദേശത്തിന്റെ കഥ. ഡി.സി ബുക്സ്, കോട്ടയം, 2023.

പൊറ്റെക്കാട്ട് എസ്.കെ. വിഷകന്യക, ഡി.സി ബുക്സ്, കോട്ടയം, 2019.

ഫ്രെഡറിക് ഏംഗൽസ്. കുടുംബം സ്വകാര്യ സ്വത്ത് ഭരണകൂടം എന്നിവയുടെ ഉത്ഭവം, 1884. (മലയാള പരിഭാഷ: പി.എൻ. ദാമോദരൻപിള്ള, ചിന്ത പബ്ലിക്കേഷൻസ്, 2022).

ബാനർജി ഇ. മിത്തും മലയാള നോവലും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2010.

ബാലകൃഷ്ണൻ പി.കെ. ജാതിവ്യവസ്ഥയും കേരളചരിത്രവും, ഡി.സി ബുക്സ്, കോട്ടയം, 2015.

ബിജുമോൻ വർഗീസ്, ജോസ് പി. മാത്യു. ട്രൈബ്സ് ഓഫ് ഇടുക്കി, കേരള, എസ്.ഐ.എൽ ഇന്റർനാഷണൽ, ഡല്ലാസ്, 2015.

മധുസൂധനൻ ജി. ഹരിതനിരൂപണം മലയാളത്തിൽ, കറന്റ് ബുക്സ്, കോട്ടയം, 2002.

മനോജ് മാതിരിപ്പള്ളി. കേരളത്തിലെ ആദിവാസികൾ- കലയും സംസ്കാരവും, ഡി.സി.ബുക്സ്, കോട്ടയം, 2013.

മലയിൻകീഴ് ഗോപാലകൃഷ്ണൻ. കേരളം ലോകചരിത്രത്തിലൂടെ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2003.

മായ ഡി. വാക്കിന്റെ വാൾമുന, പരിധി പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2008.

മുകുന്ദൻ എം. നൃത്തം, ഡി.സി ബുക്സ്, കോട്ടയം, 2017.

മുകുന്ദൻ എം. മയ്യഴിപ്പുഴയുടെ തീരങ്ങളിൽ, ഡി.സി.ബുക്സ്, കോട്ടയം, 2023.

രവിവർമ കെ.ടി. പണ്ടത്തെ മലയാളക്കര, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2008.

രാഘവൻ പയ്യനാട്. ഫോക് ലോർ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1986.

രാജഗോപാലൻ ഇ.പി. ഇന്ദുലേഖ: വായനയുടെ ദിശകൾ, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2001.

രാജഗോപാലൻ സി.ആർ. കൃഷിയുടെ നാട്ടറിവുകൾ, ഡി.സി ബുക്സ്, കോട്ടയം, 2004.

രാജഗോപാലൻ സി.ആർ. മണ്ണിന്റെ ലാവണ്യം പ്രതിരോധം, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2017.

രാജഗോപാലൻ സി.ആർ. നാട്ടുനാവ് മൊഴിമലയാളത്തിന്റെ കാതോരം, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2017.

രാജശേഖരൻ പി.കെ. ഏകാന്ത നഗരങ്ങൾ, ഡി.സി ബുക്സ്, കോട്ടയം, 2015.

രാജൻ ഗുരുക്കൾ, രാഘവവാര്യർ. കേരളചരിത്രം, വള്ളത്തോൾ വിദ്യാപീഠം, എടപ്പാൾ, 1991.

രാധാകൃഷ്ണൻ ഇളയിടത്ത്. പൂതപ്രബന്ധം, ഇൻസൈറ്റ് പബ്ലിക്ക, കോഴിക്കോട്, 2015.

രാമചന്ദ്രൻ ടി.കെ. കാഴ്ചയുടെ കോയ്മ, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2006.

രാമൻകുട്ടി മേനോൻ കിഴക്കേപ്പാട്ട്. പറങ്ങോടീ പരിണയം, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം, 2013.

രാമൻ പിള്ള സി.വി. മാർത്താണ്ഡവർമ്മ, ഡി.സി ബുക്സ്, കോട്ടയം, 2022.

ലളിതാംബിക അന്തർജനം. അഗ്നിസാക്ഷി, ഡി.സി ബുക്സ്, കോട്ടയം, 2021.

ലീലാകുമാരി എം. സ്ത്രീ സങ്കൽപ്പം മലയാള നോവലിൽ, ഡി.സി ബുക്സ്, കോട്ടയം, 2000.

ലീലാവതി എം. സാഹിത്യനിരൂപണത്തിലെ ദിശാബോധം, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 2000.

ലീലാവതി എം. അസുരവിത്ത്- ഒരു പഠനം, ലിപി പബ്ലിക്കേഷൻസ്, കോഴിക്കോട്, 2003.

ലോഗൻ വില്യം. മലബാർ മാന്വൽ, (വിവർത്തനം: പി.വി. ഉണ്ണികൃഷ്ണൻ), മാതൃഭൂമി പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് കമ്പനി, കോഴിക്കോട്, 1985.

വൽസല പി. കൂമൻകൊല്ലി, നാഷണൽ ബുക് സ്റ്റാൾ, തൃശ്ശൂർ, 1981.

വൽസല പി. നെല്ല്, നാഷണൽ ബുക് സ്റ്റാൾ, തൃശ്ശൂർ, 1972.

വൽസല പി. ആഗ്നേയം, എച്ച് ആൻഡ് സി ബുക്സ്, തൃശ്ശൂർ, 2006.

വാസുദേവൻ നായർ എം.ടി. നാലുകെട്ട്, കറന്റ് ബുക്സ്, കോഴിക്കോട്, 1958.

വിജയൻ ഒ.വി. ഖസാക്കിന്റെ ഇതിഹാസം, ഡി.സി ബുക്സ്, കോട്ടയം, 1997.

വിജയൻ ഒ.വി. മധുരം ഗായതി, ഡി.സി. ബുക്സ്, കോട്ടയം, 1990

വേണുഗോപൻ നായർ എസ്.വി. മലയാള ഭാഷാചരിത്രം, മാളു ബെൻ പബ്ലിക്കേഷൻസ്,

തിരുവനന്തപുരം, 2014.

വേലപ്പൻ കെ. ആദിവാസികളും ആദിവാസി ഭാഷകളും, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്,

തിരുവനന്തപുരം, 1994.

വേലായുധൻ പണിക്കശ്ശേരി. കേരളചരിത്രപഠനങ്ങൾ, കറന്റ് ബുക്സ്, കോട്ടയം, 1980.

ശശിധരൻ എൻ. വാക്കിൽ പരുവപ്പെടുത്തിയ ചരിത്രം, സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ, തിരുവനന്തപുരം, 2001.

ശിവദാസ് കെ.കെ. മലയാള നോവൽ രണ്ടായിരത്തിന് ശേഷം, പാപ്പിറസ് ബുക്സ്, കോട്ടയം, 2014.

ശിവദാസ് കെ.കെ. സ്ത്രീ നോവൽ പഠനങ്ങൾ, പരിധി പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2017.

ശിവദാസൻ പിള്ള ആർ. ഭാഷ മനസ്സിന്റെ താക്കോൽ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2020.

ശ്രീധരമേനോൻ എ. കേരളചരിത്രം, ഡി.സി ബുക്സ്, കോട്ടയം, 2008.

ഷാജി ജേക്കബ്. മലയാള നോവൽ ഭാവനയുടെ രാഷ്ട്രീയം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013.

ഷാജി ജേക്കബ്. ആധുനികാനന്തര മലയാള നോവൽ വിപണി, കല, പ്രത്യയശാസ്ത്രം,കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2018.

ഷാജി ജോസഫ്. ഇക്കോ സോഷ്യലിസം, ചിന്ത പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2014.

സരോജ് കുമാർ പാണ്ഡെ. ഫോക് ഗെയിംസ് ഓഫ് ട്രൈബൽ വുമൺ ആൻഡ് ദെയർ സോഷ്യൽ ഇംപ്ലിക്കേഷൻ, കുനാൽ ബുക്സ്, ന്യൂഡൽഹി, 2017.

സന്തോഷ് വള്ളിക്കാട്. പുരാവൃത്തവും കവിതയും, ഇൻസൈറ്റ് പബ്ലിക്ക, കണ്ണൂർ, 2016.

സന്ധ്യ ബി. നീലക്കൊടുവേലിയുടെ കാവൽക്കാരി, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2006.

സാറാ ജോസഫ്. ആലാഹയുടെ പെൺമക്കൾ, കറന്റ് ബുക്സ്, തൃശ്ശൂർ, 2015.

സാറാ ജോസഫ്. മാറ്റാത്തി, കറന്റ് ബുക്സ്, തൃശ്ശൂർ, 2003.

സാറാ ജോസഫ്. ഒതപ്പ്, കറന്റ് ബുക്സ്, തൃശ്ശൂർ, 2005.

സീലിയ തോമസ് പെരുമ്പനാനി. കേരളത്തിലെ ആദിവാസികളുടെ ജീവിതവും സംസ്കാരവും, കറന്റ് ബുക്സ്, കോട്ടയം, 2005.

സുകുമാരൻ ടി.പി. പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന് ഒരു മുഖവുര. ബോധി പബ്ലിഷിംഗ് ഹൗസ്, കോഴിക്കോട്, 1992.

സുധാവാര്യർ. ആഖ്യായികയിലെ ആഖ്യാന ഭേദങ്ങൾ. സെഡ് ലൈബ്രറി, തിരുവനന്തപുരം, 2007.

സുധീഷ് പി. കടൽ- ചിഹ്നം, ആഖ്യാനം, അനുഭവം, സംസ്കാരപഠനം, കാലിക്കറ്റ് യൂണിവേഴ്സിറ്റി, 2018.

സുധീഷ് വി.ആർ. നോവൽ വെളിച്ചങ്ങൾ, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 2012.

സുരേഷ് പി. ഭാവിയുടെ പുസ്തകം, കറന്റ് ബുക്സ്, കോട്ടയം, 2014.

സേതു. പാണ്ഡവപുരം, ഡി.സി ബുക്സ്, കോട്ടയം, 1995

സോന പി.ആർ. നോവലും സ്ഥലവും: എം. മുകുന്ദൻ, സാറാജോസഫ്, എൻ.എസ്. മാധവൻ എന്നിവരുടെ നോവലുകൾ ആധാരമാക്കിയുള്ള പഠനം, എം.ജി. യൂണിവേഴ്സിറ്റി, 2013.

സോമനാഥൻ പി. കഥ: ആഖ്യാനം, ആഖ്യാനശാസ്ത്രം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2016.

റീജ വി. പ്രത്യയശാസ്ത്ര പരികൽപ്പനകൾ, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 2019.

**ഇംഗ്ലീഷ് പുസ്തകങ്ങളും ലിങ്കുകളും**


Alfred Wegener. The Origin of Continents & Oceans. 1915. https://www.goodreads.com

Carl Gustav Jung, The collected works of CG Jung, Printston University Press, 1961.

Cheryll Glotfelty and Harold Fromm, The Ecocriticism Reader, University of Georgia Press, 1996.

David G. Mandelbaum. Society in India. 1972. https://books.google.je

Ernst Alfred Cassirer, The Myth of The State, Yale University Press, 1946.

Ian Watt, The Rise of The Novel, Chatto and Windus Ltd., 1957.

Margaret Mead. Continuities in Cultural Evolution. 1964. https://books.google.je

Marie-Laure Ryan, Kenneth Foote, Maoz Azaryah, Traces an Arc From Narratology to Geography and Back. 2016. https://www.researchgate.net

Michel Foucault. Discipline &Punishment. 1977. https://monoskop.org.

Mikhail Bakhtin. Forms of Time and of the Chronotope in the Novel. 1982. http://people.kzoo.edu